


# അമേരിക്കൻ പര്യടനഡയറി

മേക്കൊല്ല പരമേശ്വരൻപിള്ള

1252

# അമേരിക്കൻ പര്യടന ഡയറി

(Malayalam)

Amerikkan Pariatana Diary

Travelogue

By MEKKOLLA N. PARAMESWARAN PILLAI
M. A., L. T., M. Litt.

First Published July 1975

PRINTED AT INDIA PRESS, KOTTAYAM

Price Rs. 9·50

Copyright
Mekkolla Parameswaran Pillai

KOTTAYAM PUBLIC LIBRARY
KOTTAYAM
M910
PAR-A
142260

Publishers:

Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State, India

Sales Department:

NATIONAL BOOK STALL

KOTTAYAM - TRIVANDRUM - ERNAKULAM - CANNANORE
TRICHUR - PALGHAT - QUILON - KOZHIKODE - ALLEPPEY

# അമേരിക്കൻ പര്യടന ഡയറി

(യാത്രാവിവരണം)

If Found Please Return to
V. K. BHASKARAN NAIR
Kairali, Kanjikuzhi,
KOTTAYAM-4

KOTTAYAM PUBLIC LIBRARY
KOTTAYAM
142260

മേക്കൊല്ല പരമേശ്വരൻപിള്ള

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 9·50

## മേക്കൊല്ല പരമേശ്വരൻപിള്ളയുടെ കൃതികൾ

| | |
|---|---|
| ഇരവിമാർത്താണ്ഡൻ | (നോവൽ) |
| പ്രേമദീപം | ,, |
| ശാന്തകുമാരി | ,, |
| സഹധർമ്മിണി | ,, |
| രാഗതരംഗം | ,, |
| വാളും മനുഷ്യനും | ,, |
| അപരാധവും അനുരാഗവും | ,, |
| പൊൻകിനാവുകൾ | ,, |
| വിജയം | (നാടകം) |
| ആശാപാശം | ,, |
| വീരനിധനം | ,, |
| കനകപ്രഭ | ,, |
| അടഞ്ഞ വാതിൽ | ,, |
| യുവയോഗം | ,, |
| ഗീതാനന്ദ് | ,, |
| ഇലക്ഷൻ പ്രണയം | (കഥാസമാഹാരം) |
| പഞ്ചാമൃതം | |
| തീർത്ഥയാത്ര | |
| മായാമയം | (ബാലസാഹിത്യം) |
| വീരഹൃദയം | |
| കഥാമൃതം | |
| ബാലഭാരതം | |
| ആദർശദീപിക | (ഉപന്യാസസമാഹാരം) |
| സൂലേഖാവലി | ,, |
| നെപ്പോളിയൻ ബോണപ്പാർട്ട് | (ജീവചരിത്രം) |
| ശിശുഹൃദയം | (മനശ്ശാസ്ത്രം) |
| നവീനനാടകാദർശം | (സാഹിത്യനിരൂപണം) |
| ഹാസ്യദർശനം | ,, |
| മലയാളഹാസ്യസാഹിത്യചരിത്രം | (സാഹിത്യചരിത്രം) |
| പാശ്ചാത്യ ഹാസ്യസാഹിത്യചരിത്രം | ,, |
| ലഘുനിഘണ്ടു | (നിഘണ്ടു) |
| അമേരിക്കൻ പര്യടന ഡയറി | (യാത്രാവിവരണം) |

S3111 B2024 7/75–76 1–1500 BP 107



ഗ്രന്ഥകാരൻ അമേരിക്കയിൽ

# ആമുഖം

കഴിഞ്ഞ സമ്മർകാലത്തു് യു. എസ്. എ.യി ലെ ന്യൂ ജെർസി സ്റ്റേററിൽ പരാമസ് ടൗണിലുള്ള എൻെറ മകറം രാധാ ബി. പിള്ളയുടെ വസതിയിൽ നാലുമാസക്കാലം താമസിക്കാനും ചുററിനുമുള്ള പ്രദേശങ്ങളിൽ പര്യടനം നടത്തുവാനും എനിക്കു് അവസരം ലഭിച്ചു. അവിടെ അമേരിക്കക്കാരായ ചില ഉത്തമസുഹൃത്തുക്കളെ സമ്പാദിക്കാനും അവരുടെ ഗൃഹങ്ങളിൽ അതിഥിയായി കുറച്ചുദിവസം കഴിച്ചുകൂട്ടാനും ഭാഗ്യമുണ്ടായി. കിട്ടിയ അവസരം പാഴാക്കാതെ അവരുടെ ഗാർഹികവും സാമൂഹികവും സാംസ്കാരികവുമായ നേട്ടങ്ങളും കോട്ടങ്ങളും സൂക്ഷിച്ചു പഠിക്കാൻ ഞാൻ ശ്രമിച്ചു. എൻെറ ജീവിതവീക്ഷണത്തെ ഗാഢമായി സ്പർശിക്കാൻ പര്യാപ്തമായ പുതുമയേറിയ അനുഭവങ്ങളാണു് എനിക്കുണ്ടായതു്. അന്നത്തെ ഡയറിക്കുറിപ്പുകറം പരിശോധിച്ചപ്പോറം അവയൊക്കെ എൻെറ നാട്ടുകാക്കും രസകരവും പ്രയോജനപ്രദവുമായിരിക്കുമെന്നു് എനിക്കു തോന്നി. അതുകൊണ്ടാണു് ഈ പ്രസിദ്ധീകരണത്തിന്നു ഞാൻ ഒരുങ്ങുന്നതു്.

പകർത്തിയെഴുതിക്കഴിഞ്ഞിട്ടു് ഒരു സാധാരണ വായനക്കാരൻെറ തോതുവെച്ചു് ആകെ വായിച്ചു നോക്കിയപ്പോറം സ്വകാര്യപ്രവണമായ ഒരു ആത്മാവിഷ്കരണശ്രമം അങ്ങിങ്ങു വന്നുപോയിട്ടുണ്ടെന്നു തോന്നി. പരിഹാസ്യമായേക്കാവുന്ന

അതൊക്കെ ഒരു ആത്മകഥക്കുടിയായ യാത്രാവിവരണത്തിൽ ക്ഷന്തവ്യമായി സഹൃദയന്മാർ ഗണിക്കുമെന്നു വിശ്വസിക്കുന്നു.

നാലു മാസക്കാലത്തെ അമേരിക്കൻ ജീവിതം എനിക്കു് ആനന്ദപ്രദമാക്കിയ രാധയോടും ഭർത്താവായ എ. കെ. ബി.യോടും എനിക്കുള്ള അകൈതവമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം
4-4-1974

മേക്കൊല്ല പരമേശ്വരൻപിള്ള

## 1973 ജൂലായ് 3, ചൊവ്വാഴ്ച

യാത്രാരംഭം: ''നാലു മാസത്തേക്കു പിരിയാൻപോകയാണ്. മുപ്പതു കൊല്ലത്തിനുള്ളിൽ ഇത്ര ദീർഘകാലം നാം വേർപെട്ടു കഴിഞ്ഞിട്ടില്ല. ഓരോ ദിവസത്തേയും എല്ലാ പരിപാടികളും എന്നെ വിശദമായി അറിയിക്കണം.'' നീരണിഞ്ഞ വദനപ്പൂവോടെ മൊഴിയുന്ന മധുരച്ചൊല്ല്.

''തീർച്ചയായും കത്തുകൾ മുറയ്ക്കയയ്ക്കാം. ബാക്കി വിശേഷങ്ങൾ തെററാതെ മറക്കാതെ സകലതും ഡയറിയിൽ കുറിച്ചിടുകയും ചെയ്യാം.'' തിടുക്കത്തിലുള്ള വാഗ്ദാനം.

നാലേമുക്കാൽമണി. ഇരമ്പലോടെ വിമാനം തയ്യാറെടുക്കുകയാണ്, ആകാശപഥത്തിലേക്കുയരാൻ. പ്രസന്നമായ അന്തരീക്ഷം. കാലാവസ്ഥ വളരെ അനുകൂലം. രണ്ടരമണിക്കൂർ മതി ബോംബെയിലെത്താൻ. നാളെ സന്ധ്യക്കുമുമ്പ് ന്യൂയോർക്കിലിറങ്ങാം. സുവർണ്ണ പ്രതീക്ഷകൾ. മനസ്സു കുതിച്ചു. എല്ലാപേരോടും യാത്ര പറഞ്ഞു.

കസ്റ്റംസിലും സെക്യൂരിററിയിലും ചെക്കപ്പിനു താമസമുണ്ടായില്ല.

അഞ്ചേകാലിന് ടേക്കാഫ് ചെയ്തു. സീററ്ബൽററ് മുറുക്കിക്കൊണ്ട് ജനാലയിൽക്കൂടി പ്രിയപ്പെട്ട നാട്ടിനെയും ബന്ധുമിത്രാദികളെയും ഒരു നോക്കു നോക്കി. കൈ പൊക്കി വിടവാങ്ങി. ആശീസ്സരുളുന്ന വേണ്ടപ്പെട്ടവരെല്ലാം. ഒരുനിമിഷം കണ്ണടച്ച് പ്രാർത്ഥനയിൽ മുഴുകി, യാത്ര മംഗളമാകാൻ.

മദിരാശിവരെ: സഹജമെന്നു തോന്നിക്കുന്ന പുഞ്ചിരിയും ലാസഞ്ജകളും കൂൾഡ്രിങ്കും യുവസുന്ദരിമാരായ വാനാതിഥേയികൾ* വിതരണം ചെയ്യുന്നു. ആടയും അണിയലും കൗതുകകരം. മിണ്ടാപ്പൂച്ചകൾ. ചൊടിയോടെ പണിയെടുക്കുന്നു. മതിപ്പുതോന്നി.

തുടന്ന് കേക്കു്, പലഹാരങ്ങൾ, കാപ്പി (ചായ) എല്ലാം മുമ്പിൽ വന്നു നിരന്നു. തളരാത്ത ഔദാര്യം. സദാ സേവനസന്നദ്ധത. പണം വാരിക്കോരി കൊടുത്താലെന്ത്?

---

* Air–Hostess

കാപ്പി കടിച്ചുകഴിയുമ്പോഴേക്കും മദ്രാസ് അടുത്തിരിക്കുന്നു എന്നു മൈക്ക് പ്രഖ്യാപിക്കുന്നു. ബൽററ് ഉറപ്പിച്ചുകൊണ്ട് പുറത്തേക്കു നോക്കി. താണിറങ്ങുകയാണ്. തെരുവുവിളക്കുകൾ താരങ്ങൾപോലെ തിളങ്ങുന്ന 'ചെന്നപട്ടണം' താഴെ കാണാം. 6.15-ന് എയർപോർട്ടിലിറങ്ങി.

തടസ്സങ്ങൾ: ഏഴിനാണ് യാത്ര തുടരേണ്ടതു്. പക്ഷേ, എയർലയിൻസ് വക ബോംബെ പ്ലെയിൻ ലേററാണെന്നു മൈക്കിൽ അറിയിക്കുന്നു. പണിമുടക്കാലോചനകൊണ്ട് ഗതാഗതങ്ങൾ മന്ദീഭവിച്ചിരിക്കുകയാണ് എന്നറിഞ്ഞു. എൻക്വയറിയിൽ അന്വേഷിച്ചു ഇന്നത്തെ യാത്രതന്നെ സംശയം. റസ്റ്റാറന്റിലേക്കു് ഒരു സപ്പർ പാസ്സും തന്നു. വിഷമമായി. അത്താഴം കഴിഞ്ഞപ്പോൾ അറിഞ്ഞതു് മദ്രാസിൽനിന്നു് 11-നു ഒരു എയർ-ഇന്ത്യാ പ്ലെയിൻ ബോംബേക്കു തിരിക്കുന്നുണ്ടെന്നും ശ്രമിച്ചാൽ അതിലൊരു പ്ലേസ് കിട്ടിയേക്കുമെന്നുമായിരുന്നു എയർഇന്ത്യാ ഓഫീസിലേക്കു് ഓടി. ബോംബേവരെ എയർലയിൻസ് ടിക്കററാണ് എനിക്കുള്ളതു്. അതു മാററിക്കണം. എങ്കിൽ എയർ ഇന്ത്യയിൽ കൊണ്ടുപൊയ്ക്കൊള്ളാം. ലജ്ജാവഹമായ തൊഴുത്തിൽക്കുത്താണ് അവർ തമ്മിൽ. ടിക്കററു മാററാൻ പററുകില്ല; നിസ്സ്നേഹമായ തീരുമാനം. 'സുശമ്പള'രായ അവിവേകികളിൽ പരക്ലേശവിചാരമെവിടെ? ഇതിനിടയ്ക്കു് അനവധി യാത്രക്കാരുടെ പ്രേരണകൊണ്ട് എയർ ഇന്ത്യാ മാനേജർ അവിടെ വന്നു. വാഗ്വാദങ്ങൾ, വാശികൾ, ഫോൺവിളികൾ. ഒടുവിൽ വിദേശയാത്രക്കാരെ എയർ ഇന്ത്യയിൽ കൊണ്ടുപൊയ്ക്കൊള്ളാൻ അനുവാദം.

11-ന് തിരിക്കുന്നു. 12.30-ന് ബോംബെ. ന്യൂയോർക്കിലേക്കു തീർച്ചയായും കണക്‌ഷൻ കിട്ടും. സമാധാനത്തോടെ വെയിറ്റിങ്ങ് റൂമിലിരുന്നു.

സഹയാത്രാസുഹൃത്തു്: തൊട്ടടുത്തു് ഒരു മുപ്പതുകാരൻ. ഗൗരവഭാവം. സംസാരിച്ചുനോക്കി. കോട്ടയത്തുള്ള ഒരു ഡോക്ടരാണ്. രാമചന്ദ്രൻനായർ. എം. ഡി. 'എക്സ്ചേഞ്ച് വിസിററർ വിസാ' പ്രകാരം മൂന്നു കൊല്ലത്തേക്കു് ഉപരിപഠനത്തിനും സേവനത്തിനുമായി യു. എസ്. എ.യിലേക്കു പോകുന്നു. ന്യൂജേർസിയിൽ പരാമസ് പട്ടണത്തിലെ ബെർഗൻ പൈൻസ് ഹോസ്പിററലാണ് ജോലിസ്ഥലം. ഞാനും ന്യൂജേർസിയിൽ പരാമസ്സിലേക്കാണ്. മകളുടെ വീട്ടിൽ മൂന്നുനാലു മാസം താമസിക്കാൻ പോകുന്നു. കൂടുതൽ സംസാരിച്ചപ്പോൾ വലിയ അടുപ്പമായി. ഡോക്ടരുടെ ഭാര്യവീടു് കുട്ടനാട്ടിൽ ചതുർത്ഥ്യാകരിയിലാണ്. ഞാനവിടെ പോയിട്ടുണ്ട്, മലയാളം ലക്സിക്കണുവേണ്ടി പ്രാദേശികപദങ്ങൾ ശേഖരിക്കാൻ. അവരുടെ വീട്ടിൽത്തന്നെ ഒരു ദിവസം അതിഥിയായിരുന്നു. ചതുർത്ഥ്യാകരി വായനശാലക്കാർ എന്റെ 'കൃപാവൃഷ്ടി' എന്ന പദ്യകൃതിയുടെ രണ്ടാംപതിപ്പ് 1950-ൽ അച്ചടിച്ചതു പ്രമാണിച്ചും അവി

ടെ പോയിട്ടുണ്ട്. ആകെക്കൂടി വലിയ സ്നേഹിതന്മാരായി. നല്ലൊരു സംയാത്രികനെ കിട്ടിയതിൽ സന്തോഷിച്ചു.

കസ്റ്റംസിൽ വീണ്ടും ചെക്കിങ്ങ്. സെക്യൂരിറ്റി പരിശോധന.

എക്സ്ചേഞ്ചിൽ എട്ടു ഡോളർ മാററിക്കിട്ടി.

11–ന് ടേക്കാഫ് ചെയ്തു. 12.30–ന് ബോംബെയിൽ എത്തി.

## 1973 ജൂലായ് 4, ബുധനാഴ്ച

വീണ്ടും തടസ്സങ്ങൾ: ന്യൂയോക്ക് പ്ലെയിൻ രാവിലെ എട്ടു മണിക്കേ തിരിക്കുന്നുള്ളു എന്ന് അനൗൺസ് ചെയ്യുന്നു. യാത്രക്കാക്കു താമസിക്കാൻ ഹോട്ടലുകൾ ഏർപ്പാടുചെയ്യുന്നുണ്ട്. ലഗ്ഗേജ് വേണ്ടവിധം സൂക്ഷിച്ചുകൊള്ളും. വിമാനം റൺവേയിൽനിന്നു തെന്നി മാറി നില്ക്കുയാണെന്നും അതു ശരിപ്പെടുത്തിയാലേ യാത്ര തുടരുകയുള്ളു എന്നും അന്വേഷണത്തിൽ അറിഞ്ഞു.

ഫ്ളൈററ് ഇത്രയധികം ലേററാകുന്ന വിവരം ഒരു കേബിൾ മുഖേന ന്യൂജേർസിയിൽ കാത്തിരിക്കുന്ന എന്റെ മകളെ അറിയിക്കണമെന്ന് അധികൃതരോട് ആവശ്യപ്പെട്ടു. ഉടനെ അങ്ങനെ ചെയ്യാമെന്ന് അവർ ഏററു. അഡ്രസ്സും മെസ്സേജും കുറിച്ചെടുക്കുന്ന രീതി കണ്ടപ്പോൾ ഉടൻതന്നെ അതയയ്ക്കുമെന്നു തോന്നി.*

പത്തുമൈൽ അകലെ 'ജൂഹൂ'വിലുള്ള 'കിങ്ങ്സ്' എന്ന വൻകിട ഹോട്ടലിൽ ഞങ്ങളെ കൊണ്ടുവിട്ടു. എനിക്കും ഡോ. നായക്കും കൂടി ഒരു നല്ല മുറി കിട്ടി. സുഖമായുറങ്ങി.

രാവിലെ ദിനകൃത്യങ്ങൾ കഴിഞ്ഞപ്പോൾ എയർ ഇന്ത്യയുടെ ബസ്സു വന്നു. എയർപോർട്ടിലെത്തിയപ്പോൾ ഒമ്പതിനേ യാത്ര തിരിക്കുന്നുള്ളു എന്നറിഞ്ഞു. വിവരങ്ങളെല്ലാം വീട്ടിലേക്കെഴുതി.

ബോംബെയിൽനിന്നു ന്യൂയോക്കുവരെ: മുന്നൂററുപത്തു യാത്രക്കാരുള്ള ഗംഭീരാകൃതിയായ ബോയിങ്ങ് 707 ജമ്പോ വിമാനം. സുഖയാത്രയ്ക്കുവേണ്ട എല്ലാവിധ സൗകര്യങ്ങളും. സീററുകൾ പിന്നിലേക്കു ചായ്ച്ചു ചാരിയിരുന്നുറങ്ങാം. മുൻസീററിൽ ഘടിപ്പിച്ചിട്ടുള്ള ചെറിയ മേശ താഴ്ത്തിവച്ച് എഴുതാം, ഭക്ഷണം കഴിക്കാം. പ്രധാനപ്പെട്ട പത്രികകൾ, വാരികകൾ, മാസികകൾ എല്ലാം എടുത്തു വായിക്കാം. സൗകര്യമുള്ള കുളിമുറികൾ, കക്കൂസുകൾ. കൂടിയതരം സിഗരററ്, വിസ്കി, വൈൻ, ബ്രാണ്ടി എല്ലാം ലാഭവിലയ്ക്കു കിട്ടും. ഫസ്റ്റ്ക്ലാസ് യാത്രക്കാർക്ക് ലിക്വർ സൗജന്യം. അവർക്ക് മുൻഭാഗത്ത് പ്രത്യേക സ്ഥലസൗകര്യങ്ങളുമുണ്ട്. ഞങ്ങൾ 'എക്കാ

---

* ഈ സന്ദേശം അയയ്ക്കുകയുണ്ടായില്ല. താണതരം കബളിപ്പിക്കൽ.

ണമി' ക്ലാസിൽ പെട്ടവർ—ഇന്ത്യയിൽനിന്നു് അമേരിക്കയ്ക്കു 4,865 രൂപയ്ക്കു 'ടു ആൻഡ്‌ ഫ്രോ' യാത്രചെയ്യുന്നവർ മദ്ധ്യഭാഗത്തും പിൻഭാഗത്തുമാണു്. എനിക്കു ജനാലയ്ക്കടുത്തു് ഇരിപ്പിടം കിട്ടി. തൊട്ടടുത്തു് ഡോ. നായർ. പിന്നിൽ ഫാദർ കളരിക്കൽ എന്ന ഉത്സാഹസമ്പന്നനായ മലയാളിവൈദികൻ, മറ്റൊരു മലയാളി യുവാവു്—രസകരമായ സംഭാഷണം.

ഉച്ചഭാഷിണിയിൽ കർണ്ണാനന്ദകരമായ സംഗീതം.

ഒരു സ്റ്റീവാർഡ്‌ മുന്നാലിടത്തു വന്നു നിന്നു് ഒരു ഡമാൺസ്ട്രേഷൻ നടത്തി. പാട്ടു നിറുത്തിയിട്ടു് ഓരോ പ്രകടനവും എന്തിലേക്കാണെന്നു് ഉച്ചഭാഷിണി വിശദീകരിച്ചു. വേണ്ടിവന്നാൽ ഓക്സിജൻ ബാഗ്‌ എടുത്തുപയോഗിക്കേണ്ട വിധം; സമുദ്രത്തിൽ വീഴാനിടയായാൽ ലൈഫ്‌ ബെൽററ്‌ അണിയേണ്ടതെങ്ങനെ; ക്രാഷ്‌ ലാൻഡിങ്ങ്‌ സംഭവിക്കയാണെങ്കിൽ ചാടി രക്ഷപ്പെടേണ്ട രീതി ഇവയൊക്കെ വിവരിക്കുന്ന ലഘുലേഖകളും വിതരണം ചെയ്യപ്പെട്ടു.

ഏതു നിമിഷവും ആപത്തു വരാം. സൂക്ഷിച്ചിരുന്നാൽ കുറച്ചൊക്കെ പ്രയോജനമുണ്ടാകാം. എവിടെയിരുന്നാലും ജീവിതം എപ്പോഴും അരക്ഷിതമാണല്ലോ.

വിഭവസമൃദ്ധമായ ബ്രേക്ഫാസ്റ്റ്‌. സുന്ദരികളായ അരഡസൺ എയർഹോസ്റ്റസ്സുകൾ വിളമ്പുന്നു, മദ്യം വില്ക്കുന്നു, ഉപചരിക്കുന്നു, എല്ലാം മന്ദഹാസമധുരിമയോടൊത്തു്.

കുടിക്കുന്നവരാണു് കൂടുതൽ യാത്രക്കാരും. അല്പം കഴിഞ്ഞപ്പോൾ വലിയൊരു ബാർ അററാച്ച്ഡ്‌ കഫേയുടെ പ്രതീതിയുണ്ടായി. ആണും പെണ്ണും കുടിക്കുന്നു. വൃദ്ധരും യുവാക്കളും കുടിക്കുന്നു. പുകവലിയുടെ ബഹളം. കുടിക്കുക; രമിക്കുക; മരണം എപ്പോളെന്നു് ആക്കറിയാം! നല്ലൊരു തത്ത്വചിന്തയല്ലേ?

''എൻെറ ബാഗിൽ ഒരു കുപ്പി അരിഷ്ടമുണ്ടു്. എന്തു പറയുന്നു?'' ഡോക്ടരോടു ചോദിച്ചു.

ഫാദർ കളരിക്കൽ ചിരിച്ചു: ''വിറ്റുവമാണോ?''

''ദശമൂലപിപ്പലി, ദഹനത്തിനു നന്നു്. അധികമായാൽ തലയ്ക്കു പിടിക്കുമായിരിക്കാം.''

''എടുക്കൂ. നമുക്കും തുടങ്ങാം.''

നല്ലൊരു വെജിറേററിയൻ ശാപ്പാടു് ഉച്ചയ്ക്കു കിട്ടി. രുചിയുള്ള വിഭവങ്ങൾ ചൂടുള്ള ചോറും കറികളും. പപ്പടവും പായസവുമുണ്ടു്. അംബരസാമ്രാജ്യത്തെ തിരുവോണസദ്യ.

പതിനായിരം അടി താഴെ, വെള്ളിമേഘങ്ങളിലെ ഗന്ധർവ്വനഗരവാസികൾ കൊതി നോക്കി നില്ക്കുന്നുണ്ടാകണം.

''ഈ സസ്യഭുക്കു് അമേരിക്കയിൽ വിഷമിക്കുമല്ലോ.'' പൊരിച്ച കോഴിക്കാലു കടിച്ചുകൊണ്ടു് ഫാദർ പറഞ്ഞു.

''നോക്കട്ടെ. ഒരു പരീക്ഷണം.'' എൻെറ മറുപടി.

''ഈ അരിഷ്ടം അവിടെ കൊണ്ടിറങ്ങാൻ പററത്തില്ല,'' ഫാദർ പറഞ്ഞു.

"നമുക്കതു തീർക്കാം.'' ഡാക്ടരുടെ നിർദ്ദേശം.

ഞങ്ങളും സോത്സാഹം പാനോത്സവത്തിൽ പങ്കുകൊണ്ടു.

ബൈറൂത്തു്: ഇന്ത്യൻ സ്റ്റാൻഡേഡ് ടയിം ഒന്നരയായ പ്പോഴം—അതായതു് നാലരമണിക്കൂർകൊണ്ടു്—4500 മൈൽ പറന്നുകഴിഞ്ഞു്, മദ്ധ്യധരണ്യാഴിയുടെ ഏതാണ്ടു് മദ്ധ്യത്തുള്ള ലെബണൻ (Lebanon) നാടിൻെറ തലസ്ഥാനമായ ബൈറൂത്തിൽ (Beiruth or Beyrouth) എത്തി. സൂര്യൻെറ പിന്നാലെ പാഞ്ഞിരുന്നതിനാൽ ലോക്കൽ ടയിം 11.25 ആയിരുന്നതേയുള്ള. അവിടെ അമ്പതു മിനിട്ട താമസമുണ്ടെന്നറിഞ്ഞു.

ഡാക്ടരും ഫാദറുമൊത്തു് മൂന്നുനിലയുള്ള എയർപോർട്ട് മന്ദിരത്തിൻെറ മുകളിൽ കയറി. മുൻവശത്തു ലെബണൻ മലകളുടെ അടിവാരത്തിൽ സ്ഥിതിചെയ്യുന്ന സമ്പന്നമായ നഗരം. ഒരു ഇൻറർനാഷണൽ എയർപോർട്ട്. വിചിത്രവേഷധാരികളായ സ്ത്രീപുരുഷന്മാർ കൂടിയിരിക്കുന്നു. പല ഭാഷകളും സംസാരിക്കുന്നു. അവിടത്തെ അമേരിക്കൻ കോ എജ്യൂക്കേഷണൽ യൂണിവേഴ്സിററിയിൽ പഠിക്കുന്ന ഒരു യുവാവുമായി പത്തുമിനിററു സംസാരിച്ചു. ബി സി. 1500 മുതൽ പ്രസിദ്ധമായിരുന്ന ബൈറൂത്തിൻെറ മഹത്വം അയാറം പറഞ്ഞു. എ. ഡി 635-ൽ അറബികറം പിടിച്ചെടുത്തു പകന്ന അറബിസംസ്കാരം ഇന്നും കാണാം. ഒന്നാം ലോകയുദ്ധത്തിൽ ഫ്രാൻസും ഇംഗ്ലണ്ടുംകൂടി മുസ്ലിങ്ങളുടെ പക്കൽനിന്നു പിടിച്ചെടുത്തു. രണ്ടാം ലോകയുദ്ധത്തിനുശേഷം സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടു. ഇത്രയും അയാറം വാചാലതയോടെ പറഞ്ഞു.

ബൈറൂത്ത് ടയിം 12.20-നു യാത്ര തുടന്നു.

ഫ്രാങ്ക്ഫർട്ട്: അടുത്ത താവളം പടിഞ്ഞാറൻ ജർമ്മനിയിലെ സുപ്രധാന നഗരമായ ഫ്രാങ്ക്ഫർട്ട് (Frank Furt). അല്പമൊന്നു മയങ്ങിപ്പോയിരുന്നു. പൈലററ് ക്യാപ്ററൻെ നിശിതനിർദ്ദേശം മൈക്കിൽ കേട്ടുണന്നു. ഉഗ്രമായ ഒരു കൊടുങ്കാററ് നഗരത്തിനു മുകളിൽ വീശിക്കൊണ്ടിരിക്കയാണു്. അരമണിക്കൂറെങ്കിലും കഴിഞ്ഞേ ലാൻഡ്ചെയ്യാൻ പററൂ. സീററുബെൽററ് മുറുക്കിക്കൊണ്ടു ജാഗ്രതയായിരുന്നുകൊള്ളണം. പുകവലിക്കരുതു്. പൊങ്ങിമറിയുന്ന—മദംപൊട്ടിയ കാട്ടാനപ്പററംപോലെ കുതിച്ചിളകുന്ന—കൂററൻ മേഘശിഖരങ്ങറംക്കിടയിൽക്കൂടി ഉച്ചത്തിൽ സൈറൺ നിലവിളി മുഴക്കിക്കൊണ്ടു് പല പ്രാവശ്യം കീഴ്പോട്ടിറങ്ങാൻ ശ്രമങ്ങറം നടന്നു. വിമാനവും യാത്രക്കാരുടെ ഹൃദയങ്ങളും വല്ലാണ്ടു കുലുങ്ങി വിറച്ചിരുന്നു. എങ്ങും അമർത്തിനിർത്തിയ പ്രക്ഷുബ്ധത. മുപ്പത്തഞ്ചു മിനിററു പൊങ്ങിയും താണും ചുററിക്കറങ്ങിയശേഷം ലോക്കൽ ടയിം 3 35-നു് (I. S. T 7.30 P.M.) നിലത്തിറങ്ങി. എല്ലാവരിലും ആശ്വാസനിശ്വാസങ്ങറം.

40 മിനിട്ട താമസം: വിശാലമായ എയർപോർട്ടിനകം ചുററിക്കറങ്ങിക്കണ്ട. മൂന്നാലുപേരോട്ട് സംസാരിച്ചുനോക്കി. അവക്ക് ഇംഗ്ലീഷ് അറിയില്ല. ഒരു മദ്ധ്യവയസ്സൻ സഹായത്തിനെത്തി. വ്യാവസായികമായി വളരെ പ്രാധാന്യമുള്ള നഗരമാണ്. സാംസ്കാരികമായ മേന്മയും കുറവല്ല. രണ്ടാം ലോകയുദ്ധകാലത്തു ബോംബുചെയ്തു നശിപ്പിച്ച ചരിത്രപ്രധാനമായ പല സ്ഥാപനങ്ങളും പിൽക്കാലത്തു് ഉദ്ധരിച്ചിട്ടുണ്ട്. കൂട്ടത്തിൽ 'ഫോസ്റ്റ്' തുടങ്ങിയ മഹാഗ്രന്ഥങ്ങളുടെ കർത്താവായ ഗോയ്ഥേ എന്ന വിശ്വമഹാകവിയുടെ ജന്മഗൃഹം പ്രത്യേകം പ്രസ്താവ്യമാണ്. ആ പ്രദേശം അയാൾ ചൂണ്ടിക്കാട്ടി. ഭൂസ്വർഗ്ഗമഹിമകൾ ഏകകാലത്തു് ആസ്വദിപ്പിക്കാൻ കെല്പുള്ള വിശ്വസമ്മോഹകമായ ഗ്രന്ഥതല്ലജമാണ് കാളിദാസൻെറ 'ശാകുന്തള'മെന്നു മുക്തകണ്ഠം പ്രശംസിച്ച ആ നിർമ്മത്സരവിമർശകൻെറ ദിക്കിനുനേക്ക് നോക്കിയപ്പോൾ ആനന്ദപുളകമുണ്ടായി.

ലോക്കൽ ടയിം 4.15 P.M.–ന് ഫ്രാങ്ക്ഫർട്ട് വിട്ടു.

പാരീസ്: അടുത്ത താവളം പാരീസ്. ലോക്കൽ ടയിം 5.15 P.M.–ന് (I. S. T. 10.30 P.M.) എത്തി. നല്ല വെയിലുള്ള പ്രസന്നമായ സായാഹ്നം. താണുപറന്നതുകൊണ്ട് ജനാലയിൽക്കൂടി ഒരു വിഹഗവീക്ഷണം കിട്ടി. സൂര്യപ്രകാശമേററ്, പച്ചപ്പട്ടിലെ വെള്ളിക്കസവുപോലെ തിളങ്ങിക്കണ്ട, ഒന്നുരണ്ട വൻനദികൾ. വിക്ടർ ഹ്യൂഗോയുടെയും ഫ്ളാബറുടെയും മോപ്പസാങ്ങിൻെറയും മററും കൃതികൾമുഖേന സങ്കല്പപഥത്തിൽ ചിത്രീകൃതമായിട്ടുള്ള തെരുവുകളും സൗധങ്ങളും മററുമാണ കാണുന്നതെന്നു കരുതിയിരുന്നു.

ഒന്നരമണിക്കൂർ താമസമുണ്ട്. യാത്ര തുടരേണ്ടവർ എയർപോർട്ടിനു പുറത്തു പോകരുതെന്നു നിർദ്ദേശമുണ്ടായിരുന്നു. അതിവിപുലമായ പോർട്ടിനകത്തു ചുററിനടന്ന് അവിടത്തെ ഷോപ്പുകളും റസ്റ്റാറൻറുകളും മററു സജ്ജീകരണങ്ങളും കണ്ടു.

ലണ്ടൻ: പാരീസിൽനിന്നു ലണ്ടനിലേക്ക് 275 മൈലാണ്. പാരീസ് സമയം 6.45–ന് തിരിച്ചു. ലണ്ടൻ ടയിം 7.30–ന് (I. S. T. 12 P.M.) എത്തി.

വളരെ താണ് കടലോരത്തുകൂടി പറന്നിരുന്നതുകൊണ്ട് ഇംഗ്ലണ്ടിലെ കൃഷിഭൂമികളും നഗരങ്ങളും നദികളും മററും പലടത്തും നല്ലപോലെ കാണാൻ കഴിഞ്ഞിരുന്നു. സമ്മർകാലം. 7.30 ആയിട്ടും നല്ല വെയിലും പ്രകാശവും. 8.30 കഴിയും അസ്തമിക്കാൻ. ലണ്ടൻ നഗരത്തിനു മുകളിലും വളരെ താണാണ് അധികനേരവും പറന്നിരുന്നതു്. തേംസ് നദിയാണു താഴെ തിളങ്ങിക്കാണുന്നതെന്നു് അടുത്തിരുന്ന ഇംഗ്ലീഷ്മാന്യൻ പറഞ്ഞുതന്നു.

ആകെ 8000–ത്തിൽപരം മൈൽ പടിഞ്ഞാട്ട പറന്നുകഴിഞ്ഞിരിക്കുന്നു. ന്യൂയോക്കിലെത്താൻ ഇനി 3600 മൈലുണ്ട് അറ്റ്ലാൻറിക് മഹാസമുദ്രം കടക്കണം. 6 മണിക്കൂർ വേണം അക്കര പററാൻ. ന്യൂയോക്ക് ടയിം 7.5 P.M നു തിരിക്കുന്നു. (ലണ്ടൻ ടയിം 8.27; I.S.T 5-ാംതീയതി 1.55 A.M.) ന്യൂയോക്കിൽ അദ്ധരാത്രിക്കുശേഷം അതായത്തു് 5-ാംതീയതി 1.30 A.M. നു് എത്തും ഇത്രയും മൈക്കിൽ പ്രഖ്യാപിക്കുന്നതു കേട്ടിട്ടു് എയർപോർട്ടും പരിസരങ്ങളും ചുററിനോക്കാനിറങ്ങി.

ഏററവും വലിയ ഇൻറർ നാഷനൽ എയർപോർട്ട്. ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും പറക്കുന്ന വിമാനങ്ങൾ തുടർച്ചയായി വന്നുംപോയുമിരിക്കുന്നതിൻെറ ബഹളം. യാത്രക്കാരെക്കൊണ്ടു് നിബിഡരായ സുവിസ്തൃതമന്ദിരം. പലയിനം ടാക്സ് ഫ്രീ ഷോപ്പുകൾ — ഓരോ നാട്ടുകാരുടേയും കൗണ്ടറുകൾ, റെസ്റ്റാറണ്ടുകൾ—പല നിറത്തിലും രൂപത്തിലും വേഷത്തിലുമുള്ള യാത്രക്കാർ—വിവിധ ഭാഷകളിലുള്ള സംഭാഷണങ്ങൾ—എല്ലാററിൻെറയും ഇടയിൽ ഒരു മണിക്കൂർനേരം ഓടിനടന്നു. പുറത്തിറങ്ങി ലണ്ടൻനഗരം ഒന്നു് ഓടിക്കറങ്ങി കാണാനെങ്കിലും സൗകര്യം കിട്ടിയിരുന്നെങ്കിൽ എന്നാശിച്ചു.

മേഘശൂന്യമായ മനോഹരസായാഹ്നം. സുഖശീതളമായ അന്തരീക്ഷം. ലണ്ടനിൽ കാലുകുത്താൻ കഴിഞ്ഞല്ലോ എന്നു് ശൂന്യമായ ചാരിതാർത്ഥ്യം.

അററ്ലാൻറിക്കിനു മുകളിൽ: ആകെ പത്തുമണിക്കൂറിൽ കൂടുതൽ ലേററായിരിക്കയാണു്. ഒരു ഫോൺസന്ദേശം ന്യൂജേർസിയിലേക്കു് അയയ്ക്കാമോ? ചെലവു് ഞാൻ വഹിച്ചുകൊള്ളാം. എൻെറ ചെലവു കൂടാതെതന്നെ അയച്ചുകൊള്ളാമെന്നു് അധികൃതർ ഏററു.* സന്തോഷമായി. അവരുടെ നന്മയെ പ്രശംസിച്ചു.

അററ്ലാൻറിക് മഹാസമുദ്രത്തിൻെറ മുകളിൽക്കൂടി വിമാനം ഇരമ്പിപ്പായുന്നു

അത്യന്തസുന്ദരമായ സൂര്യാസ്തമനം. ചക്രവാളസീമയിൽ കംക്കുനില്ക്കുന്ന സന്ധ്യാസീമന്തിനിയുടെ നെറുകയിൽ കതിരവൻ കുനിഞ്ഞാഞ്ഞു പുണന്നു് ചുംബിക്കുകയാണു്. പടിഞ്ഞാറുനിന്നു പഠിച്ച പിടിവിടാത്ത സുദീർഘചുംബനം! അസ്തഗിരി ചെമ്പട്ടു വാരി വിതറി. കണ്ടുനിന്ന ഉദയഗിരീശ്വരിയുടെ കവിൾത്തടത്തിലും ചെന്തുടിപ്പു് പരന്നിരുന്നു.

ജ്വലിച്ചു തിളങ്ങുന്ന കനകക്കട്ട താണുപോകുംമുമ്പു് പിടിച്ചെടുക്കാൻ വെമ്പലോടെ വാനവാഹിനി കുതിച്ചുപാഞ്ഞു. അഴകിൻെറ അനന്തതയിൽ മതിമറന്നിരുന്നുപോയി, രണ്ടുമണിക്കൂർ നീണ്ടിയതറിയാതെ. ''വേഗം പോരാ കൂട്ടരെ,'' എന്നു ബൊദ്ധ്യപ്പെടുത്തി

---

* ഈ സന്ദേശവും അയയ്ക്കുകയുണ്ടായില്ല.

ലജ്ജിപ്പിച്ചിട്ട വല്ലപ്പൊലിമയോടുകൂടിത്തന്നെ പകലവൻ പൊൻ കടലിൽ നീരാടാനിറങ്ങി.

അഞ്ചുനാഴിക തുടർച്ചയായി അംശുമാൻെറ ആറാട്ട ദശിക്കുക! അസുലഭമായ ആനന്ദാനുഭവം.

തങ്കമലകറ ഇടിഞ്ഞുകൊഴിയുന്നു. തിളങ്ങിയിരുന്ന ചക്രവാളത്തുടിപ്പ് തളന്നു കഴയുന്നു. അതൊന്നുമറിയാത്ത അംബരരാജമന്ദിരത്തിനകത്തു ദീപാവലിയുടെ കോലാഹലം. പുറത്തെ പരിവത്തനബഹളങ്ങറ അറിയാൻ മെനക്കെടാത്ത പ്രഭുക്കുടുംബാന്തഃപുരത്തിലെന്നപോലെ. വിഭവപൂണ്ണമായ തേയില. സുഖകരമായ അത്താഴസ്സദ്യ മദിരാക്ഷികളുടെ മോഹിനിയാട്ടം. മദിരാക്ഷീകളായ മദ്യവില്പനക്കാരുടെ ചുറുചുറുക്കും പളപളപ്പും. പാട്ടുകച്ചേരി. ഫിലിം പ്രദശനം. ഒക്കെക്കൂടി യാത്ര കഴിവതും സുഖകരമാക്കാൻ ആത്മാത്ഥ ശ്രമങ്ങറ.

ഒരേ ഇരുപ്പിലിരുന്നു മുഷിഞ്ഞിരുന്നു. സീററ് പിന്നിലേക്ക് ചായ്ച്ചു കിടന്നു മയങ്ങാൻ ശ്രമിച്ചു. ലണ്ടനിൽവെച്ച് ഒഴിഞ്ഞ സീററുകറ പലതുമുണ്ടായിരുന്നു. കാലു നീട്ടിക്കിടന്ന് സുഖമായുറങ്ങാൻ ശ്രമിക്കുന്ന സ്ത്രീപുരുഷന്മാർ ധാരാളം. വിരിപ്പുകളും നല്ല കംബളങ്ങളും വേണ്ടവക്കൊക്കെ വിതരണം ചെയ്യപ്പെട്ടുന്നു. മദ്യച്ചൂടിൻെറ മണിക്കപ്പായമണിഞ്ഞു മയങ്ങിയിരിക്കുന്നവരും കുറവല്ല.

ആകെക്കൂടി സുഖം സുഖം!

## 1973 ജൂലായ് 5 വ്യാഴാഴ്ച

ന്യൂയോക്ക് താഴെ: അമേരിക്കൻസമയം 1.30 അടുക്കുന്നു. മുകളിൽ മിന്നിമിന്നി നില്ക്കുന്ന, മുന്നൂറുകോടി താരനികരങ്ങറ. താഴെ മേഘമാലകളിൽക്കൂടി തിളങ്ങിക്കാണാം നൂറുനൂറായിരം നീലനക്ഷത്രങ്ങറ! ന്യൂയോക്ക്നഗരം വൈദ്യുതനേത്രങ്ങറ തുറിച്ചുനോക്കി നില്ക്കുകയാണ്. ബൽററ് മുറുക്കിക്കൊള്ളാനുള്ള നിദ്ദേശം. എല്ലാപേരും ഉത്സാഹഭരിതരായി. നിശ്ചിതസമയത്തുതന്നെ ലാൻഡുചെയ്തു.

ഏകദേശം 34 മണിക്കൂർ ഉറക്കൊഴിച്ചുള്ള തിരക്കേറിയ ഒരു ദിവസം കഴിഞ്ഞിരിക്കുന്നു. ഇന്ത്യൻ സമയം ജൂലായ് 5–ാംതീയതി 10.30 A.M. ആയിരിക്കയാണ്. അമേരിക്കൻസമയം 1.30 ഒപ്പിച്ച് വാച്ച് കറക്ട് ചെയ്തു.

നിരാമയം യാത്രികരെ കുബേരനഗരത്തിൽ കൊണ്ടിറക്കി ചരിതാത്ഥയായ പുഷ്പകം ഗവ്വിഷ്ഠയായി തലപൊക്കിനില്ക്കുന്നു.

വാതില്ക്കൽ കൈക്കൂപ്പി നില്ക്കുന്ന വിനീതരായ ഉദ്യോഗസ്ഥരോട്ട് നന്ദിപൂവ്വം വിടപറഞ്ഞു.

കസ്റ്റംസ്: യന്ത്രക്കോവണിവഴി താഴത്തെ നിലയിലിറങ്ങി. നീണ്ട ഇടനാഴിയിൽക്കൂടി കുറച്ചു നടന്നപ്പോൾ പ്ലെയിനിൽനിന്നിറക്കിയ പെട്ടികൾ കൊണ്ടിട്ടിരിക്കുന്നിടത്തെത്തി. കസ്റ്റംസിൽ വിഷമമുണ്ടാകാമെന്നു ഭയന്നിരുന്നു. ഇന്ത്യൻ തുണിത്തരങ്ങളും ദാരുശില്പങ്ങളും കശുഅണ്ടി, ശക്കരയുപ്പേരി തുടങ്ങിയ ഭക്ഷ്യങ്ങളും എണ്ണ, കുഴമ്പ്, നെയ്യ് തുടങ്ങിയ ആയുർവ്വേദമരുന്നുകളും തടഞ്ഞേക്കാമെന്നു് ശങ്കിച്ചിരുന്നു. ഒരു വെളുത്തുമെലിഞ്ഞ പയ്യൻ. നീണ്ട മാങ്ങയണ്ടിമുഖം. ഉറക്കച്ചടവു്. പാസ്പോർട്ട് ഒന്നു മറിച്ചുനോക്കി. മാങ്ങയോ മറേറതെങ്കിലും ഇന്ത്യൻ പഴങ്ങളോ പെട്ടിക്കകത്തുണ്ടോ എന്നു മാത്രമേ ആരാഞ്ഞുള്ളു. യാതൊന്നുമില്ല എന്നു പറഞ്ഞപ്പോൾ ഒന്നു കിളച്ചുനോക്കിയിട്ടു് കൊണ്ടുപൊയ്ക്കൊള്ളാൻ ഒരു കോട്ടുവാകൊണ്ടു് അനുവാദം നല്കി. ആകെ അരമണിക്കൂറിൽ കൂടുതൽ താമസമുണ്ടായില്ല.

രാധയും സുഹൃത്തും: ഗേററിനു പുറത്തു് ആൾക്കൂട്ടത്തിനിടയിൽ രാധ കാത്തുനില്ക്കുന്നു. സാരിധരിച്ചവർ മററാരുമില്ലാത്തതുകൊണ്ടു് എളുപ്പത്തിൽ കണ്ടുപിടിച്ചു. സുഹൃത്തായ അമേരിക്കൻയുവതി പാം (Pam) കൂടെയുണ്ടു്. 18, 20 തോന്നിക്കുന്ന മിനിസ്കർട്ട് അണിഞ്ഞ സ്വർണ്ണവർണ്ണയായ സുഭഗ. സഹാദ്ധ്യാപികയായിരുന്നു. നിശാഭീകരമായ ന്യൂയോക്കനഗരത്തിൽ സ്നേഹിത തനിയേ പോരുന്നതറിഞ്ഞു് സഹായാർത്ഥം എത്തിയതാണു് എന്നു് കൂട്ടുകാരിയെ രാധ പരിചയപ്പെടുത്തി.

“ആദ്യമായി കണ്ടെത്തിയ അമേരിക്കൻ ലേഡി!” എന്നു ഞാൻ പറഞ്ഞപ്പോൾ ചെഞ്ചുണ്ടുകളിൽ വെൺമുത്തുകൾ നിരത്തിക്കൊണ്ടു് ഹാർദ്ദമായി കൈ പിടിച്ചു കുലുക്കി

എയർ ഇന്ത്യയുടെ സന്ദേശം ഒന്നും കിട്ടിയിരുന്നില്ല. മൂന്നാലു പ്രാവശ്യം ഫോണിൽ സമയം തിരക്കിയറിഞ്ഞാണു വന്നിരിക്കുന്നതു്.

ഡോക്ടർ നായരെ പരിചയപ്പെടുത്തി. രാധ അദ്ദേഹത്തെ വീട്ടിലേക്കു ക്ഷണിച്ചു. അറുപതിൽപ്പരം മൈൽ അകലെയാണു് പരാമസ്. ടാക്സിക്കൂലി ജാസ്തിയാണു്. രാത്രി തനിയേ യാത്ര ഭദ്രവുമല്ല. ഡോക്ടർ ക്ഷണം സ്വീകരിച്ചു.

‘‘ഗീതയും പ്രീതയുമെവിടെ?’’

‘‘രാത്രി കുഞ്ഞുങ്ങളെ കൊണ്ടുവരുന്നതു് ബുദ്ധിമുട്ടായതുകൊണ്ടു് ഒരു കൂട്ടുകാരിയുടെ വീട്ടിൽ വിട്ടിട്ടു പോന്നു.’’

രാധയും പാമുംകൂടി പാക്കിംഗ്ഗ്രൗണ്ടിൽ കിടന്ന കാർ എടുത്തുകൊണ്ടു വന്നു.

പരാമസ്സിലേക്കു്: എട്ടുവരി — വലതുവശത്തു് നാലുവരി മുന്നോട്ടും ഇടതുവശത്തു നാലുവരി എതിരെയും—ഇടവിടാതെ മോട്ടോർവാഹനങ്ങൾ ഗർജ്ജിച്ചുകൊണ്ടു പായുന്ന സുവിശാലവും വിദ്യു

ദ്വീപനിരകളാൽ പ്രശോഭിതവുമായ രാജവീഥിയിൽ ഞങ്ങളുടെ കാറിറങ്ങി.

''ഇവയൊക്കെ എങ്ങോട്ട്? വല്ല ഉത്സവവുമുണ്ടോ?'' ഞാൻ ആരാഞ്ഞു.

''ഇവിടത്തെ ട്രാഫിക് രാപ്പകൽ ഇങ്ങനെതന്നെ. ചില പ്പോൾ മുമ്പോട്ടനങ്ങാൻപോലും പററുകയില്ല.''

ആ വാഹനപ്രവാഹത്തിനിടയിൽക്കൂടി ഞങ്ങളുടെ കാർ മുന്നേറി. നല്ല സാമർത്ഥ്യത്തോടെ രാധ ഡ്രൈവ് ചെയ്യുന്നു. നാട്ടുവെളിച്ചത്തിൽ മങ്ങിക്കണ്ട അത്യുന്നതസൗധങ്ങൾ, നീല ദീപമാലകളണിഞ്ഞു നില്ക്കുന്ന ഉഗ്രൻ പാലങ്ങൾ, രാപ്പകൽ പ്രവർത്തിക്കുന്ന തൊഴിൽശാലകൾ, എല്ലാം പിന്നിലാക്കിക്കൊണ്ടു പാഞ്ഞു. മുക്കാൽ മണിക്കൂർ കഴിഞ്ഞപ്പോൾ അല്പം ശാന്തമായ ഒരു തെരുവിലേക്കു തിരിഞ്ഞു.

''പരാമസ്സിൽ നമ്മുടെ തെരുവാണിതു്.'' ഒരു ചെറിയ കുന്നിൻചരുവിലുള്ള സുന്ദരമായ ഭവനത്തിൻെറ മുമ്പിൽ കാർ നിന്നു.

മുകൾനിലയിൽ എല്ലാ സുഖസൗകര്യങ്ങളുമുള്ള ഓരോ മുറി എനിക്കും ഡോക്ടർക്കും ഒരുക്കിത്തന്നു. അസമയമായതുകൊണ്ടു് പാം രാത്രി മടങ്ങിപ്പോകുന്നില്ല. ലഘുഭക്ഷണത്തിനുശേഷം ഞങ്ങൾ സുഖമായുറങ്ങി.

സൂര്യോദയം: ജനാലകളിലെ കണ്ണാടികൾ തുരന്നുകൊണ്ടു് പൊൻകിരണങ്ങൾ മുറിക്കുള്ളിൽ പരക്കുന്നു. ''എണീക്കാൻ വൈകിപ്പോയോ?'' ഞാൻ ബദ്ധപ്പെട്ടെണീററു വാച്ചുനോക്കി. അഞ്ചായിട്ടില്ല. ഡോക്ടർ സുഖമായുറങ്ങുന്നു. താഴെ ഇറങ്ങിച്ചെന്നു നോക്കി—രാധയും കൂട്ടുകാരിയും എണീററിട്ടില്ല. 'സമ്മർകാലം ഹ്രസ്വരാത്രികളാണ്. നാലര അടുപ്പിച്ചു് ഉദയമാകും,' രാധ പറഞ്ഞതു് ഓർത്തു് വീടും പരിസരങ്ങളും കൗതുകത്തോടെ പരിശോധിച്ചു.

രാധയുടെ വീട്: വൃക്ഷനിബിഡമായ ഒരു ചെറുകുന്നിൻെറ അടിവാരത്തിൽ എല്ലാ സുഖസൗകര്യങ്ങളുമുള്ള സാമാന്യം വലിയ ഒരു മൂന്നുനിലക്കെട്ടിടം. ഏകദേശം 35 സെൻറുള്ള കാമ്പൗണ്ടിൻെറ മദ്ധ്യത്തു് കിഴക്കുപടിഞ്ഞാറായി നില. പടിഞ്ഞാറുവശം റോഡ്. കാമ്പൗണ്ട് മതിൽക്കെട്ട് ഒരിടത്തുമില്ല. അതിരു കാണിക്കാൻ പത്തുപന്ത്രണ്ടടി അകലത്തിൽ മരത്തൂണുകൾ നാട്ടി, അവയിൽ രണ്ടു മരക്കഴുക്കോലുകൾ സമാന്തരമായി ചേർത്തുറപ്പിച്ചിരിക്കുന്നു.

വീടിൻെറ കീഴ്നില ഭൂനിരപ്പിനടിയിലാണ്. അവിടെ ഒരു വലിയ ഹാളും മൂന്നു മുറിയും. ഹാളിൽ ടേബിൾടെന്നീസ്, ഷട്ടിൽ കോക്ക് തുടങ്ങിയ കളികൾക്കുള്ള സജ്ജീകരണങ്ങൾ. ഒരു മുറിയിൽ ഹീററിങ്, വാഷിങ്, എയർക്കണ്ടീഷനിങ് തുടങ്ങിയ യന്ത്രോപകരണങ്ങൾ. മറെറാന്നിൽ പെയിൻറുകൾ, ടൂളുകൾ, വീട്ടാ

വശ്യത്തിനുള്ള സാധനങ്ങൾ, ഒരു വലിയ ഫ്രിഡ്ജ് ഇവ സൂക്ഷിച്ചിരിക്കുന്നു. കുട്ടികളുടെ കളിക്കോപ്പുകളാണ് മറെറാന്നിൽ. ഭിത്തികളെല്ലാം വർണ്ണശബളമായ വാൾപേപ്പർകൊണ്ടു് അലംകൃതം. തറ കാർപ്പററുകൾ നിരത്തി മോടിപിടിപ്പിച്ചിരിക്കുന്നു.

നടുനിലയിൽ ലിവ്വിങ്ങ് റൂം, ഡയിനിങ്ങ് റൂം, കിച്ചൻ, ഒരു വലിയ ബെഡ് റൂം, ടി. വി. റൂം, ബാത്ത് റൂം, ഫോൺ റൂം. മുകൾനിലയിൽ രണ്ടു ബെഡ് റൂം, ഒരു ലൈബ്രറി ആൻഡ് സ്റ്റഡി റൂം, ഒരു ബാത്ത് റൂം, ഒരു ഫോൺ റൂം. എല്ലാ മുറികളിലും ക്ലോസററുകൾ. വിലകൂടിയ കാർപ്പററുകളും വാൾപേപ്പറുകളും പെയിൻറിംഗുകളും ശരറാന്തലുകളും അലങ്കാരദീപങ്ങളും എല്ലായിടത്തുമുണ്ടു്. പുറത്തുനിന്നു നോക്കിയാൽ ഇത്രയേറെ സുഖസൗകര്യങ്ങൾ ഈ വീട്ടിനകത്തുണ്ടെന്നു തോന്നുകയില്ല. ഒരിഞ്ചു് സ്ഥലംപോലും വൃഥാവിലാക്കാതെയാണു് ഭവനസംവിധാനം.

ഞാൻ അത്ഭുതപ്പെട്ടുപോയി, വീട്ടിനകത്തു സജ്ജീകരിച്ചിട്ടുള്ള സാധനസാമഗ്രികൾ കണ്ടപ്പോൾ. വിലപിടിച്ച കുഷൻസെററികൾ, ഡയിനിങ്ങ്റൂം സെററ്, സ്റ്റീൽ അലമാരകൾ, സ്പ്രിങ്ങ് ബെഡ്ഡുകൾ, രണ്ടു വലിയ ഫ്രിഡ്ജുകൾ, കിച്ചൻ ഉപകരണങ്ങൾ, പുസ്തകഷെൽഫുകൾ, നല്ലൊരു ലൈബ്രറി—ആകപ്പാടെ വലിയ ആർഭാടം കാട്ടുന്ന സംവിധാനങ്ങൾ. ഏഴെട്ടു കൊല്ലമേ ആകുന്നുള്ള, രാധയും ഭർത്താവും അമേരിക്കയിലേക്കു പോന്നിട്ടു്. ഈ ചെറിയ കാലയളവിൽ ഇവർ ഇത്രയുമൊക്കെ എങ്ങനെ സമ്പാദിച്ചു? വടക്കേ ജനാലയിൽക്കൂടി പുറത്തേക്കു നോക്കിയപ്പോൾ ഒരു വലിയ ഗറാഷ്*. അതിന്റെ മുൻവശത്തുള്ള ഡ്രൈവ്‌വേയിൽ രണ്ടു തടിയൻ പൊണ്ടിയാക് കാറുകൾ കിടക്കുന്നു—ഭാര്യക്കും ഭർത്താവിനും പ്രത്യേകമായുള്ളതു്.

ധനാർത്ഥികളായ ഇന്ത്യാക്കാർ അമേരിക്കൻ അഭയാർത്ഥികളാകുന്നതു് വെറുതെയല്ല. പണം കോരിവാരി എടുക്കാനും സുഖം അനുഭവിക്കാനും ഇതുപോലെ ക്ഷിപ്രസാദ്ധ്യമായ പ്രദേശം മറെറവിടെയുണ്ടു്? ഭാരതത്തിൽനിന്നു് ഒളിച്ചോടിയ മഹാലക്ഷ്മി ഇവിടെത്തന്നെയുണ്ടു്. തെരഞ്ഞാൽ തീർച്ചയായും കാണാം.

പറമ്പു്: പിൻവാതിൽ തുറന്നു പുറത്തേക്കിറങ്ങി. അമേരിക്കൻ മണ്ണിന്റെ നിറം കണ്ടുപിടിക്കാൻ പ്രയാസം. നിലമെമ്പാടും തുഞ്ചം വെട്ടിമിനുസപ്പെടുത്തിയ പച്ചപ്പുൽത്തകിടികൾ. പറമ്പിന്റെ കിഴക്കേ ഇറമ്പിലായി 'കയ്യാലെത്തിക്കലിതകുതുകം കുട്ടികൾക്കും പറിക്കാൻ' പറ്റുന്ന വിധം പടന്നു പന്തലിച്ചു് കലകലയായി കായ്കൾ തൂങ്ങുന്ന ഒരു ആപ്പിൾമരം. തൊട്ടടുത്തു് ഫലഭരനമ്രമായ ഒരു പീയർമരം. തെക്കുകിഴക്കേ മൂലയ്ക്കു് സൂച്യഗ്രസ്തംഭാകൃതിയായ ഒരു പൈൻമരം. കുന്നുവെട്ടി നിരപ്പാക്കിയതുകൊണ്ടു

* Garage—കാർഷെഡ്

കിഴക്കവശം മൂന്നടിപ്പൊക്കവും അഞ്ചടി വീതിയുമുള്ള ഒരു തിട്ടയാണ്. അവിടെ പച്ചമുളകും സ്ട്രാബറിയും വരിവരിയായി കൃഷി ചെയ്തിരിക്കുന്നു. അതിൻെറ പിന്നിൽ പൂത്തുചൊരിഞ്ഞുനില്ക്കുന്ന ഒരിനം ചെമ്പരത്തികൊണ്ട് ഞെരുങ്ങിയ വേലി. ആ പൂവേലിക്കപ്പുറം അയൽക്കാരുടെ ഉന്നതസൗധങ്ങൾ.

ഗറാഷിൻെറ പിൻഭാഗത്ത് ഒരു വരി റോസ് ചെടികൾ പടർന്നു കൊഴുത്ത് പലനിറത്തിലുള്ള പൂക്കൾ പേറി നില്ക്കുന്നു. നാല്പതും അമ്പതും പൂക്കൾ ഓരോന്നിലുമുണ്ട്. വൃക്ഷങ്ങളും ചെടികളും ഫലപുഷ്ടിസമൎത്ഥമായ മണ്ണിൻെറ—വളത്തിൻെറയും—മഹത്ത്വം പ്രഖ്യാപിക്കുന്നു. ആകെക്കൂടി ഒരു അറബിക്കഥയുടെ പ്രതീതി.

റോഡിറമ്പിൽ: ഗറാഷും കാറുകളും അവയ്ക്കു തണലേകുന്ന പഴമണിഞ്ഞ ചെറിമരവും ചുററി വീടിൻെറ മുൻവശത്തു വന്നു. സ്ലോപ്പായ ഭൂമി. റോഡിറമ്പിൽനിന്ന് അല്പം ഉള്ളിലേക്കു മാറി രണ്ടു തടിയൻ 'ഓക്ക്'വൃക്ഷത്തലവന്മാർ, ഉയരുന്ന ദിനനാഥനിൽനിന്നു നേടിയെടുത്ത തിളങ്ങുന്ന തങ്കത്തലപ്പാവണിഞ്ഞു് ഞെളിഞ്ഞു നില്ക്കുന്നു. അവക്ക് നിഴൽപരത്താൻ പച്ചപ്പരവതാനി നിലത്തു വിരിച്ചിട്ടുണ്ട്. അരുണഭഗവാൻ വിതറുന്ന കനകപ്പൊടി കാൽക്കീഴിൽ കഴിയുന്ന തങ്ങൾക്കും ഇവിടെ സുലഭമാണെന്ന അഹംഭാവനത്തമാകണം മന്ദമാരുതനേററുലയുന്ന ഈ പുൽക്കൊടികളിൽ. ചെങ്കുപ്പായമണിഞ്ഞ നിർഭയന്മാരായ രണ്ടുമൂന്നു 'റോബിൻ'* സംഗീതജ്ഞന്മാർ കൊഴുത്തു പന്തലിച്ച ശിഖരങ്ങളിലുണ്ട്. കാക്കയോ കുയിലോ ചടകാരമോ കുരുവികളോ തത്തകളോ ചുററിനുമുള്ള പൂങ്കാവനത്തിനു് അലങ്കാരമായി കാണുന്നില്ലല്ലോ! പൂങ്കോഴിയുടെ കാളംവിളി പ്രഭാതത്തെ പ്രകീൎത്തിക്കുന്നതു് എങ്ങും കേൾക്കുന്നില്ലല്ലോ! പതുക്കെ റോഡിറമ്പിലേക്കു നീങ്ങി.

ഇരുവശവും ഉയൎന്ന ചോലമരങ്ങൾ അണിനിരന്നു നില്ക്കുന്ന വീതിയുള്ള ടാർറോഡ്. കണ്ണെത്തുന്നിടത്തോളം ദൂരം പുൽത്തകിടികളും പൂച്ചെടികളും ചൂഴ്ന്ന വെൺമാടങ്ങളുടെ നിര. ഒക്കെ അടച്ചിട്ടിരിക്കുന്നു. ഹൃദയാകൎഷകമായ സൂര്യോദയഭംഗി ആസ്വദിക്കാൻ സഹൃദയത്വമില്ലാത്ത മനുഷ്യരാണോ അവയ്ക്കുള്ളിൽ?

ആധുനികവേഷനായ ഒരു ധവള ഒരു കുററൻ ജടപ്പട്ടിയെ ചെയിനിട്ടു ബന്ധിച്ചുകൊണ്ടു നടന്നുവരുന്നു. നായ് നിലത്തു മണത്തു മണത്തു നടക്കുകയാണ്. ധവള എൻെറ നേക്കു തുറിച്ചുനോക്കുന്നു, ഒരു അസാധാരണസാധനത്തെ കണ്ടിട്ടെന്നപോലെ. പെട്ടെന്നു് രാധയുടെ ശബ്ദം വീട്ടിൽനിന്നു സംഭ്രമപൂൎവ്വം:

''അച്ഛാ അച്ഛാ, വേഗം ഇങ്ങകത്തു കടന്നുവരൂ.''

ഞാനോടിച്ചെന്നു.

---

* Red-breast Robin

''ഈ മുണ്ടും ദോത്തിയും ആയി ചെരുപ്പുമിടാതെ ഇവിടെ പുറത്തിറങ്ങാൻ പാടില്ല. ആ മനുഷ്യൻ അച്ഛനെ നോക്കിയ നോട്ടം കണ്ടോ? ഡ്രസ്സ മാററിയിട്ടേ വാതിലിനു പുറത്തു പോകാവൂ. ഇല്ലെങ്കിൽ കുററകരംകൂടിയാണു്!''

ഗീത പ്രീതമാർ: ''അപ്പൂപ്പാ! അപ്പൂപ്പാ!'' ഗീതയും പ്രീതയും ഓടി എത്തിയിരിക്കയാണു്. പുഷ്കലമായ നിഷ്കളങ്കസന്തോഷം. ആനന്ദപ്രദമായ ചുംബനങ്ങൾ.

രണ്ടുപേരും നന്നായി വളർന്നിട്ടുണ്ടു്. ഗീതയുടെ ചുരുണ്ടമുടി പൃഷ്ഠത്തിനു താഴെവരെ നീണ്ടു കിടക്കുന്നു. പ്രീതയുടേതു് മുതുകത്തെത്തീട്ടേ ഉള്ളൂ. വൃത്തികെട്ട മങ്കിക്രാപ്പും പോണിട്ടെയിലും ഒന്നുമില്ലാത്തതിൽ ഞാൻ സന്തോഷിച്ചു. മലയാളം കഷ്ടിയായിട്ടാണു സംസാരം. പ്രീത ഒന്നാംതരമായി ഇംഗ്ലീഷ് കൈകാര്യംചെയ്യുന്നു. അഞ്ചാം ഗ്രേഡിലും മൂന്നാം ഗ്രേഡിലും എത്തിയിരിക്കയാണു്.

ഇന്ത്യൻ കഥാപുസ്തകങ്ങളും മലയാളപാഠാവലികളും കേരളത്തിലെ പാവകളും അവരെ വളരെ ആഹ്ലാദിപ്പിച്ചു.

''മലയാളഭാഷ എഴുതാനും വായിക്കാനും പഠിപ്പിക്കാൻ കൊണ്ടുവന്ന കേരളത്തിലെ പാഠപുസ്തകങ്ങളാണു്.'' കേരളപാഠാവലികളെ പരിചയപ്പെടുത്തി.

''എന്തു പീത്തക്കടലാസും പടങ്ങളും!'' പെട്ടെന്നു് ഗീതയുടെ അഭിപ്രായം ഞാൻ അത്ഭുതപ്പെട്ടു. അവരുടെ സ്കൂളിൽനിന്നു വിദ്യാർത്ഥികൾക്കെല്ലാം ഫ്രീയായി നല്കുന്ന പാഠ്യപുസ്തകങ്ങളും നോട്ടുബുക്കുകളും അവളെന്നെ കാണിച്ചു. ചന്തം തുളുമ്പുന്നു. നല്ല മാർബിൾ പേപ്പർ. കട്ടി ബയൻഡിങ്ങ്. അകത്തും പുറത്തും ആകർഷകമായ കളർചിത്രങ്ങൾ. കുട്ടിയുടെ അഭിപ്രായം എത്രയും ശരിയാണെന്നു പൂർണ്ണബോദ്ധ്യമായി.

പാം: ബ്രേക്ഫാസ്റ്റിനു് മേശയ്ക്കു ചുററും ഞങ്ങളിരുന്നു. പാം കാപ്പികൂട്ടാനും വിളമ്പാനും സഹായിച്ചു രാത്രി കണ്ടതിൽനിന്നു് അവൾ വളരെ മാറിയിരിക്കുന്നു. ആകർഷകത വർദ്ധിച്ചിരിക്കുന്നു. അരുണോദയത്തിൽ വികസിച്ചിരിക്കുന്ന വെള്ളത്താമര. സ്വന്തം നിറത്തിനിണങ്ങുന്ന ഒരു റോസ് മിനിസ്കർട്ട് അണിഞ്ഞിരിക്കുന്നു. മുഴക്കെ കാണാം. കൊഴുത്തുരുണ്ട തങ്കത്തുടുത്ത തുടകളും മിന്നുന്ന ഭുജവല്ലികളും കരിങ്കണ്ണുകൾ പ്രകൃത്യാ വശ്യങ്ങളാണു്. സ്വതേ ചെമ്പിച്ച കേശഭാരം ശ്യാമളമാക്കാൻ ശ്രമിച്ചിരിക്കുന്നു. പൗഡറും ലിപ്സ്റ്റിക്കും പ്രയോഗിച്ചു് ലാവണ്യം വർദ്ധിപ്പിച്ചിരിക്കുന്നു.

പാമിന്റെ മുഴുവൻ പേരു്?

പമേല സി വെൽസ്. മധുരസ്വരത്തിൽ മറുപടി. രാധ കൂടുതൽ വിവരങ്ങൾ നല്കി.

ഇരുനൂറു മൈൽ അകലെ 'മസാച്ചുസെററ്സി'ൽ വീട്. ഇംഗ്ലീഷ ലിററേച്ചർ എം. എ. ന്യൂയോർക്കിലെ ബെഡ്ഫോഡ് സെക്കൻഡറി സ്കൂളിലാണു് സഹാദ്ധ്യാപികയായിരുന്നതു്.

ഇപ്പോൾ ന്യൂജേർസിയിൽ റിഡ്ജ്‌വുഡ് ഹൈസ്കൂളിൽ ഇംഗ്ലീഷ് അദ്ധ്യാപിക. 10 മൈൽ അകലെ 'ഹോഹോകസ്'' പട്ടണത്തിൽ താമസം.

വിവാഹിതയാണോ?

ഉത്തരം കിട്ടിയില്ല.

ഇവിടെ വളരെ ചെറുപ്പത്തിൽത്തന്നെ വിവാഹം നടക്കുമെന്നാണല്ലോ കേട്ടിട്ടുള്ളത്—ഡാക്ടരുടെ ജിജ്ഞാസയോടുകൂടിയ ചോദ്യം,

അതൊരു പൊതുനിയമമല്ല—പാമിൻെറ അഭിപ്രായം. സുധീരസ്വരം

രാധ ആ വിഷയം തുടർന്നില്ല. എന്തോ രഹസ്യം അതിലുള്ള പോലെ തോന്നി.

ഒരു ആത്മാർത്ഥസുഹൃത്തെന്നനിലയിൽ എല്ലാക്കാര്യത്തിലും രാധയെ സഹായിക്കാൻ ആ മനസ്വിനി സദാ സന്നദ്ധയാണ്. ഇപ്പോൾ സമ്മർ വെക്കേഷൻ സെപ്റ്റംബർ ആറുവരെയുണ്ട്. നാട്ടിലും ഇവിടെയുമായി കഴിയുന്നു. സാഹിത്യത്തോടും സാഹിത്യകാരന്മാരോടും വലിയ താൽപര്യമാണ്. അച്ഛൻ ഒരു സാഹിത്യകാരനാണെന്നറിഞ്ഞതിൽ അടുത്തു പരിചയപ്പെടാൻ ആഗ്രഹിക്കുന്നു.

വളരെ സന്തോഷം

അച്ഛൻെറ 'വാളും മനുഷ്യനും' എന്ന കഥയുടെ ഇംഗ്ലീഷ് വിവർത്തനം വായിച്ചുനോക്കി. വളരെ നന്നായിട്ടുണ്ടെന്നാണ് അഭിപ്രായം. ന്യൂയോർക്കിലുള്ള ഒരു മാഗസിൻ എഡിററായ സുഹൃത്തിനെക്കൊണ്ട് അതു പ്രസിദ്ധീകരിപ്പിക്കാൻ ശ്രമിക്കാമെന്നു പറഞ്ഞിരിക്കയാണ്.

അപ്പോൾ എന്നെപ്പററി സംസാരിച്ചിരിക്കുന്നു, ചിന്തിച്ചിരിക്കുന്നു. ആകർഷകമായ പുഞ്ചിരി പരന്ന ആ സുന്ദരമുഖത്ത് ഞാൻ താൽപര്യത്തോടെ നോക്കി.

ഒന്നു് എഡിററ് ചെയ്തിട്ടായിരുന്നെങ്കിൽ കൂടുതൽ നന്നായേനേ—പാമിൻെറ അഭിപ്രായം

എൻെറ അഭിപ്രായവും അങ്ങനെതന്നെ നമുക്ക് ആലോചിച്ചു വേണ്ടതു ചെയ്യാം. പാമിൻെറ സഹായം പ്രതീക്ഷിക്കാമല്ലോ?

തീർച്ചയായും. വളരെ സന്തോഷത്തോടെ, അതു് താനിങ്ങോട്ടുതന്നെ ഓഫർചെയ്യണമെന്നു് വിചാരിക്കയായിരുന്നു.

ആരാധകഭാവം. വശ്യമായ നോട്ടവും ഹൃദ്യമായ പുഞ്ചിരിയും. ഒരുകപ്പു കാപ്പികൂടി പകർന്നുതന്നു, ആവശ്യപ്പെടാതെതന്നെ. ഒരു പീസ് കേക്കും.

സാഹിത്യപ്രേമിയായ ഒരു വിലാസവതിയെ ആത്മാർത്ഥസ്നേഹിതയായി കിട്ടിയിരിക്കുന്നു! അപ്രതീക്ഷിതമായ നേട്ടം!

''ഭോഗത്തിനായ്ക്കൊണ്ടു കാംക്ഷിക്കയും വേണ്ട
ഭോഗം കരഗതമുപേക്ഷിക്കയും വേണ്ട.''

എന്ന ആപ്തവാക്യം ഓർത്തു. അതോടൊത്തു് ഉള്ളിലെ കെടാവിള ക്കു് ഒന്നു തെളിയുംപോലെ തോന്നി. കവിത എങ്ങാനിന്നു് തരി ച്ചുപൊങ്ങി. തളർന്ന അന്തിവെളിച്ചത്തെ ചന്ദ്രോദയത്തിൻെറ വെ ള്ളിമേഘങ്ങൾ പ്രകാശോജ്ജ്വലമാക്കുന്നു!

മനസ്സു് കാടുകയറുകയാണോ?

'എടോ മനുഷ്യാ!' ഉന്നതതലത്തിൽനിന്നു് ഒരു പരിഹാസ വിളി.

ബട്ടൻപയിൻസ് കൗണ്ടി ഹോസ്പിററൽ: ഡോക്ടർക്കു് ആസ്പ ത്രിവളപ്പിൽത്തന്നെ ക്വാർട്ടേഴ്സ് തയ്യാററായിട്ടുണ്ടെന്നു് ഫോ ണിൽ വിളിച്ചുചോദിച്ചു മനസ്സിലാക്കി. ഞാനും രാധയുംകൂടി അദ്ദേഹത്തെ ബട്ടൻപയിൻസ് കൗണ്ടി ഹോസ്പിററലിൽ കൊണ്ടു വിട്ടു.

ധാരാളം ചോലവൃക്ഷങ്ങളും പാക്കിംഗ്ഗ്രൗണ്ടുകളും ചൂഴ്ന്ന ഒരു ഗംഭീരസൗധം. വളരെ മെച്ചമായ ഹാസ്പിററൽസൗകര്യങ്ങ ളുള്ള ഒന്നാംതരം സ്ഥാപനം.

സെക്രട്ടറിയെയും പ്രധാന ഡോക്ടറെയും കണ്ടു. ഹൃദ്യമായ പെരുമാററം. കള്ളറിൻെറ കവപ്പൊന്നും കണ്ടില്ല. സാമാന്യം നല്ല ക്വാർട്ടേഴ്സാണു രാമചന്ദ്രൻനായർക്കു് അനുവദിച്ചിട്ടുള്ളതു്. ഫാമി ലിയുമൊത്തു് താമസിക്കാം, ഹോസ്പിററൽ കാമ്പൗണ്ടിൽത്തന്നെ.

ഡോക്ടർക്കു് വലിയ സന്തോഷമായി. താമസിയാതെ ഭാര്യ യെയും വരുത്തുന്നുണ്ടെന്നു പറഞ്ഞു. ഫോണിൽ വിശേഷങ്ങൾ അറിയിക്കാമെന്നേററു.

പാമിനെക്കുറിച്ചു് കൂടുതൽ വിവരങ്ങൾ: മടങ്ങിവരുമ്പോൾ പാമിനെക്കുറിച്ചു് കൂടുതൽ വിവരങ്ങൾ മനസ്സിലാക്കി.

മനുഷ്യരെക്കുറിച്ചറിയാനുള്ള സാഹിത്യകാരൻെറ അദമ്യമായ താൽപര്യം. അല്ലാതൊന്നുമല്ല.

ജൂതനായ സി. വെൽസ് എന്നൊരു എഞ്ചിനീയറുടെ മകളാ ണു്. അദ്ദേഹം പത്തുകൊല്ലം മുമ്പു് മരിച്ചുപോയി.

പ്രോട്ടസ്റ്റന്റ്: ക്രിസ്ത്യാനിയായ അമ്മ കന്നക്ടിക്കട്ട് എന്ന ടൗണിൽ ടീച്ചേഴ്സ് ബാങ്കിൽ ഉദ്യോഗസ്ഥ. അവർക്കു് മൂന്നു പെൺമക്കൾ — ജോ, പാം, റെററി. ജോ സോഷ്യൽവർക്കർ, അവിവാഹിത; രണ്ടാ മത്തെ മകളാണു് പാം; അനുജത്തി റെററി, ടീച്ചറാണു്; കഴിഞ്ഞ കൊല്ലം വിവാഹിതയായി.

സുന്ദരിയും ആരോഗ്യവതിയും വിദ്യാസമ്പന്നയുമായ പാം എന്തുകൊണ്ടു് വിവാഹിതയായില്ല? രാധ വിശദീകരിച്ചു.

വിവാഹസമ്പ്രദായങ്ങൾ: വളരെ വിചിത്രമാണു് ഇവിടത്തെ വിവാഹസമ്പ്രദായങ്ങൾ.

അച്ഛനമ്മമാർ മക്കൾക്കു് വിവാഹം ഏർപ്പെടുത്തിക്കൊടുക്കുന്ന സമ്പ്രദായമേ ഇവിടില്ല. ഒരു കൂട്ടുകാരനെയോ കൂട്ടുകാരിയെയോ തെരഞ്ഞുപിടിക്കേണ്ടതു് ചെറുപ്പക്കാരുടെ ചുമതലയാണു്. ഒഴിച്ചു

കൂടാൻ പാടില്ലാത്ത, പരസഹായമില്ലാത്ത ചുമതല. ആ ചുമതലാബോധം അവക്ക് പലവിധം സ്വാതന്ത്ര്യങ്ങളും സൗകര്യങ്ങളും നല്കുന്നു.

പന്ത്രണ്ടും പതിമൂന്നും വയസ്സാകുമ്പോഠം ആൺ-പെൺപിള്ളേർ ശാരീരികമായ നല്ല വളർച്ചപ്രാപിക്കുന്നു. പതിനെട്ടോ ഇരുപതോ ആയെന്നേ നമുക്കു തോന്നൂ. അതിന്നുമുമ്പുതന്നെ ലൗവ്സംരംഭങ്ങഠം ആരംഭിക്കുന്നു. അക്കാര്യത്തിൽ അവർ സർവ്വതന്ത്രസ്വതന്ത്രരാണ്. പ്രേമച്ചൂടോടുകൂടി പല കോലാഹലങ്ങളും എടപാടുകളും നടക്കുന്നു. പരസ്യമായി കൈകോത്തു നടക്കുക, വഴിനീളെ ചുംബിക്കുക, പ്രത്യേക മുറി എടുത്തു താമസിക്കുക, പിക്നിക്യാത്രകഠം പോകുക, ഡേററുചെയ്യുക*—ഇങ്ങനെ വളരെ സ്വാതന്ത്ര്യത്തോടുകൂടി പരസ്പരം പെരുമാറാനുള്ള പലമാതിരി അവസരങ്ങഠം എതിർപ്പുകൂടാതെതന്നെ ലഭിക്കുന്നു. ഒരേ സമയത്തുതന്നെ ഒന്നിൽക്കൂടുതൽ—ചിലപ്പോഠം നമ്പർ വളരെ കൂടാറുണ്ട്—ലവ് ഏർപ്പാടുകഠം നടത്തുന്നവർ വിരളമല്ല. പതിന്നാലു് പതിനഞ്ചു് ഒക്കെയാകുന്നതിനുമുമ്പു് പല പല എടപാടുകഠം നടക്കുകയും അതിലൊന്നു് വിവാഹത്തിൽ കലാശിക്കുകയും ചെയ്യുന്നതു് സാധാരണമാണ്. എങ്ങനെയെങ്കിലും ഒരു ജീവിതസഖാവിനെ സ്വായത്തമാക്കാൻ സാധിക്കാതിരിക്കുന്നതു് ഒരു പെണ്ണിൻെറ കഴിവുകേട് എന്നു മാത്രമേ മാതാപിതാക്കന്മാരും മററുള്ളവരും വ്യാഖ്യാനിക്കുന്നുള്ളു. ചിലപ്പോഠം പെൺകുട്ടികഠം ഗർഭവതികളായശേഷമായിരിക്കും വിവാഹം. മനസ്സാക്ഷിക്കുത്തൊന്നും കൂടാതെ അലസിപ്പിക്കൽ നടത്തുന്ന കേസുകഠം ധാരാളമുണ്ട്. വേണമെങ്കിൽ അച്ഛനമ്മമാർതന്നെ ഇക്കാര്യത്തിൽ വേണ്ടത്ര സഹായങ്ങഠം ചെയ്തുകൊടുക്കും. അനുകൂലനിയമങ്ങഠം ഗവൺമെൻറും നിർമ്മിച്ചിട്ടുണ്ട്. ഏററവും അഭികാമ്യവ്യക്തിയെ തെരഞ്ഞെടുക്കുന്നതു് സാധാരണഗതിയിൽ വഴക്കം വയ്യാവേലിയും ബാഹ്യമായി ജനിപ്പിക്കുന്നില്ല. ബോയ്ഫ്രണ്ട്സ്, ഗേഠംഫ്രണ്ട്സ് പിൽക്കാലത്തു കണ്ടുമുട്ടിയാൽ പരസ്പരം അറിയുന്നതായിട്ടപ്പോലും ഭാവിക്കാറില്ല.

വളരെ വിചിത്രംതന്നെ! പ്രേമത്തിനു വലിയ വിലയൊന്നും കല്പിക്കുന്നില്ലെന്നാണോ?

പ്രേമനൈരാശ്യങ്ങഠം മാനസികാഘാതങ്ങഠം ഉണ്ടാക്കിയേക്കാം. മാനസികരോഗികഠം—വിശിഷ്യ രോഗിണികഠം—ലക്ഷക്കണക്കിനു് ഇവിടെ കാണുന്നതിനുള്ള പ്രധാന കാരണം, കൗമാരത്തിലെ ഇമ്മാതിരി മനഃക്ഷോഭങ്ങളാണെന്നു് വിദഗ്ദ്ധന്മാർ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശരിയായിരിക്കണം.

---

* സന്ദർശനത്തിനുള്ള രഹസ്യസങ്കേതങ്ങഠം നിർണ്ണയിക്കുക.

ഒരു ലൗവറെ മാത്രം ഉറുതിയായി കരുതുന്ന പെൺപിള്ളാക്ക് പലപ്പോഴും നൈരാശ്യമായിരിക്കും അനുഭവപ്പെടാറ്. അക്കൂട്ടത്തിൽപ്പെട്ടന്ന ഒരു പാവമാണ് പാം.

കഷ്ടമാണല്ലോ! വിഷാദാത്മകത ആ കോമളവദനത്തിലുണ്ട്. അനുകമ്പയുടെ മുത്തുമാല, എന്റെ മൃദുലഹൃദയം അവളുടെ മാറിടത്തിൽ മടികൂടാതെ അണിയിച്ചു.

പാം കൂടുതൽ അടുക്കുന്നു: രാധ ഫോൺമുഖേന അവധിക്കപേക്ഷിച്ചിട്ട് അച്ഛനു സ്വാഗതസദ്യ ഒരുക്കുകയാണ്. പാം സഹായിക്കുന്നു, സാമ്പാറും അവിയലും പുളിശ്ശേരിയും പായസവും തയ്യാറാക്കാൻ. ഞാൻ മുകൾനിലയിൽ കുഞ്ഞുങ്ങളുമൊത്ത് സംസാരിച്ചിരുന്നു. പാം ഓടിവന്ന് എന്റെ തൊട്ടടുത്ത് കട്ടിലിൽ ഇരിപ്പായി. എന്നെക്കുറിച്ച് പല കാര്യങ്ങളും അറിയണം. എന്റെ 'ഫേസ്റ്റ് നെയിം' എന്താണ്? 'പരമേസ്വരൺ', ഉച്ചരിക്കാൻ പ്രയാസം. 'മെക്കൊള', അത്ര സുഖമില്ല. കുട്ടികൾ വിളിക്കുന്ന 'അപ്പൂപ്പാ' യുടെ അർത്ഥമെന്ത്? അതും വിളിക്കാൻ പ്രയാസം—ഗ്രാൻഡ് ഫാദർ എന്നു വിളിച്ചുകൊള്ളട്ടേ? എന്തുകൊണ്ടോ എനിക്കല്പം മനഃപ്രയാസം. എങ്കിലും 'വിരോധമില്ല' എന്നറിയിച്ചു. വിളിക്കാൻ സൗകര്യമാണ് ഉദ്ദേശമെങ്കിൽ grand father–ന്റെ ആദ്യക്ഷരങ്ങളായ g. f. എന്നായിക്കൂടെ? 'ജി' മാത്രമായാലും മതിയാകുമല്ലോ? മഹാകവി 'ജി'യുടെ കാര്യം ഓർത്തു. മൂന്നാലുമാസത്തേക്ക് ഒരാളിന്റെയെങ്കിലും 'ജി' ആയി കഴിയാം! ചെറിയൊരു കൗതുകം തോന്നി.

''മൂഢാത്മാവേ!'' മുകളിൽനിന്നൊരു ചിരി.

എന്റെ ഭാര്യയേയും മക്കളേയുംകുറിച്ചു കുശലാന്വേഷണം നടത്തി. ഒരു വെറും പയ്യനായിരുന്നപ്പോൾ കാരണവർ ഏർപ്പാടുചെയ്തതിൻപ്രകാരം നടത്തിയ വിവാഹത്തെക്കുറിച്ചു പറഞ്ഞു.

ആശ്ചര്യകരമായ ആചാരം! കരുണയാണു നിങ്ങളോടു തോന്നുന്നതു്. അപ്പോൾ ലൗവ് ചെയ്യുകയുണ്ടായില്ലേ?

അങ്ങനെ ഒരിടപാട് നമ്മുടെ രാജ്യത്തില്ല.

അതെന്തൊരു ജീവിതം! എല്ലാപേരും ഇങ്ങനെതന്നെയോ? പ്രേമിക്കാൻ നിങ്ങൾക്കറിഞ്ഞുകൂടെന്നോ!

90 ശതമാനവും. ഒക്കെ അറേഞ്ച്ഡ് മാര്യേജ് ആണ്. ഇവിടത്തെപ്പോലെ പ്രേമകോലാഹലങ്ങൾക്കൊന്നും പററുകില്ല.

സ്വരിതരീതിയും ഉച്ചാരണവും എനിക്കു ഗ്രഹിക്കാൻ പ്രയാസമാണെന്നു മനസ്സിലാക്കിയതുകൊണ്ട് നിറുത്തി നിറുത്തി വളരെ തെളിച്ചു സംസാരിച്ചിരുന്നു. കുഞ്ഞുങ്ങൾക്ക് ആ ഉച്ചാരണരീതി നല്ലപോലെ മനസ്സിലാക്കാൻ കഴിയും. ഞാൻ സംശയിക്കുന്നതു കണ്ടാൽ ഗീത വ്യാഖ്യാനിക്കും. എന്റെ ഭാഷണം ഗ്രഹിക്കാൻ അവർക്കു പ്രയാസമില്ല. എന്നോടു ഹാർദ്ദമായ ഒരപേക്ഷയുണ്ട്.

നാട്ടിൻപുറത്തേക്കൊരു ക്ഷണം: ഒരാഴ്ചയെങ്കിലും മസാച്ചുസെററ്സിലെ മനോഹരമായ നാട്ടിൻപുറത്തുള്ള സമ്മർകോട്ടേജിൽ

ഞാൻ അതിഥിയായി ചെന്നു താമസിക്കണം. അമേരിക്കൻ ഗ്രാമജീവിതം അവിടെ പുഷ്ടിച്ചു വികസിച്ചു നില്ക്കുന്നതു കാണാം. ആത്മാർത്ഥമായ അപേക്ഷയാണ്.

രാധയുമായി ആലോചിച്ചു ചെയ്യാം.

രാധയുടെ സമ്മതം താൻതന്നെ മേടിച്ചുകൊള്ളാം. രാധ അതൊരിക്കലും നിരസിക്കയില്ല. ഉടൻതന്നെ നാട്ടിലേക്കു പോകുകയാണ്. അതിഥിസൽക്കാരത്തിന് എല്ലാം ഏർപ്പാടാക്കിയിട്ടേ മടങ്ങൂ. ഒരു സാഹിത്യകാരനായ അതിഥിയെ കൈയിൽ കിട്ടുക ഭാഗ്യമാണ്. അമ്മയ്ക്കും സഹോദരങ്ങൾക്കും വലിയ സന്തോഷമായിരിക്കും. അവിടെ പലതും കാണേണ്ടതും അനുഭവിക്കേണ്ടതുമുണ്ട്. ഹാത്തോൺ* എന്ന പ്രഖ്യാതസാഹിത്യകാരന്റെ വീട് വളരെ അടുത്താണ്. നമുക്ക് അവിടെയും പോകാം. അവിടത്തെ താമസം പാഴായിപ്പോയി എന്ന് ഒരിക്കലും ഖേദിക്കാനിടയാകയില്ല. ലേക്കുകളും ബാത്തുകളും വൃക്ഷങ്ങളും കോട്ടേജുകളും നിറഞ്ഞ തണുപ്പേറിയ മനോഹരപ്രദേശമാണ്. എല്ലാ ചെലവുകളും താനേററിരിക്കുന്നു.

ഹൃദയം തുടിച്ചു. മധുരസ്വപ്നങ്ങൾ അണിനിരന്നു. ഉള്ളറയിലെ തേനീച്ചകൾ ഉണർന്നു. ഭാവന ചിറകുവീശി. തൂമലർമണം തൂകുന്ന കാനനോദ്യാനങ്ങൾ—വെണ്ണിലാവു പുല്കുന്ന താമരത്തടാകങ്ങൾ—കുളിർതെന്നൽ വീശുന്ന സായാഹ്നങ്ങൾ—പാടിയാടുന്ന, മാടിവിളിക്കുന്ന ഗന്ധർവ്വകന്യകമാർ—ഒക്കെ സങ്കല്പയവനികയിലെ 'ചാരുചിത്രപട'ങ്ങളായി.

ഉത്സാഹഭരിതയായ പാം രാധയുടെ അടുത്തേക്കോടി.

മേശനിയമങ്ങൾ: കേമൻ കേരളീയലഞ്ചായിരുന്നു. അടപ്രഥമനും, പടററിപ്പഴവും പപ്പടവുംകൂടി വിരകി വാരിക്കഴിച്ചാൽ കൊള്ളാമെന്ന് ആഗ്രഹിച്ചു. പക്ഷേ, സ്പൂണും ഫോർക്കും കത്തിയും കൊണ്ടല്ലാതെ പാമിന്റെ മുമ്പിൽവെച്ചു യാതൊന്നും എടുത്തു ഭക്ഷിച്ചുകളയരുതെന്ന് രാധ നേരത്തെ വിലക്കിയിരുന്നു. 'ഏമ്പക്കം' വിടുന്നതു മര്യാദവിരുദ്ധമാണെന്നു താക്കീതുണ്ടായിരുന്നിട്ടും ഞാൻ ഓക്കാപ്പുറത്ത് ഒരു വലിയ 'പള്ളിത്തേട്ടൽ' തേട്ടിപ്പോയി.

പാമിന്റെ മുഖത്തു വിഷമം.

എന്തിനാണീ ശബ്ദം? അസുഖം വല്ലതുമാണോ? വല്ലായ്മയോടൊരു നോട്ടവും.

നമ്മുടെ നാട്ടിൽ വയർ വീർക്കുന്നതിന്റെയും സംതൃപ്തിയുടെയും സർവ്വസാധാരണമായ പ്രകടനമാണതെന്നു രാധ വിശദീകരിച്ചു.

കൈപൊക്കി എതിർവശത്തുനിന്നു പ്ലേററുകളും സാധനങ്ങളും എടുക്കാതിരിക്കുക, കുടിക്കുകയോ ചവയ്ക്കുകയോ ചെയ്യുമ്പോൾ ഉറഞ്ചി ശബ്ദമുണ്ടാക്കാതിരിക്കുക, മുൻകൂട്ടി ഭക്ഷണം മതിയാക്കി എ

* Hawthorne, Nathaniel 1804—'64.

KOTTAYAM PUBLIC LIBRARY KOTTAYAM
142260

ണീററു പോകാതിരിക്കുക തുടങ്ങിയ മേശനിയമങ്ങളും ഞാൻ ചിട്ടയായി പാലിക്കാൻ ശ്രമിച്ചു.

യാത്രപറച്ചിൽ: ഹാർട്ടുമായി കൈ പിടിച്ചു കുലുക്കി പാം യാത്ര പറഞ്ഞു.

ചന്തമേറിയ ഒരു ചുവന്ന മിനിഫോർഡ് കാറാണ് അവളുടേതു്. പരസ്പരം വിട വീശി, അവൾ അപ്രത്യക്ഷയായി. പൊൻവിളക്കു പൊലിഞ്ഞപോലെ, വെണ്മതി പെട്ടെന്നു മറഞ്ഞപോലെ തോന്നി.

മയക്കം: കണ്ണടഞ്ഞടഞ്ഞുപോകുന്ന വിഭവസമൃദ്ധമായ ഊണിന്റെ ലഹരിയോ? അങ്ങനെ ഒന്നു പതിവില്ലല്ലോ. മെത്തയിൽ ചെന്നു വീണതുതന്നെ ഓർമ്മയുണ്ടു്.

ചായ വേണ്ടേ? മണി ആറാകാൻ പോകുന്നു. രാധ വിളിക്കുകയാണു്. രണ്ടുമൂന്നു പ്രാവശ്യം വന്നു നോക്കി. ഇൻഡ്യയിലിപ്പോൾ പാതിരാക്കോഴി കൂവുകയായിരിക്കും. എല്ലാരും സുഖമായുറങ്ങുന്ന നേരമാണു്. ഇവിടത്തെ സമയവുമായി പൊരുത്തപ്പെട്ടുവരാൻ കുറച്ചു ദിവസം പിടിച്ചേക്കും. ടൗൺ ഒന്നു ചുററിക്കറങ്ങിക്കാണണ്ടേ? കുറച്ചു ഷോപ്പിങ്ങും നടത്താനുണ്ടു്.

ചായ കഴിഞ്ഞു പട്ടണം കാണാനിറങ്ങി.

പരാമസ് പട്ടണം: യു. എസ്. എ.–യിലെ പ്രധാന സ്റ്റേററുകൾക്കെല്ലാം ഓരോ ഓമനപ്പേരുണ്ടു്—ന്യൂയോക്ക് 'എമ്പയർ സ്റ്റേററ്'; വാഷിംഗ്ടൺ 'എവർ ഗ്രീൻ സ്റ്റേററ്'; ന്യൂജെർസി 'ഗാർഡൻ സ്റ്റേററ്'; ഇത്യാദി. ഈ ഓമനപ്പേരുകൾ മിക്കവാറും അന്വർത്ഥങ്ങളാണു്. ന്യൂജെർസി എവിടെ നോക്കിയാലും വൃക്ഷനിബിഡമായ കുന്നുകളും താഴ്വരകളും പുഴകളും പൂച്ചെടികളുംകൊണ്ടു് സാമ്യമകന്ന ഒരു ഉദ്യാനംതന്നെ. ന്യൂജെർസിയിലെ ആഭിരാമ്യം തികഞ്ഞ, ആഭിജാത്യം ഏറിയ, ഒരു പട്ടണമാണു് പരാമസ്.

പരാമസ്: ഇരുവശവും ചോലവൃക്ഷങ്ങൾ വരിയായി വെച്ചുപിടിപ്പിച്ചിട്ടുള്ള നടപ്പാതകളോടുകൂടിയ വീതിയേറിയ ടാർറോഡുകൾ പട്ടണത്തെ ഒട്ടനവധി ആകർഷകമായ വിഭാഗങ്ങളാക്കിയിട്ടുണ്ടു്. അവന്യൂ, ഡ്രൈവ്, ബൂളിവാർ* എന്നൊക്കെ വൃക്ഷങ്ങളുടെ പേരുമായി ചേർത്താണു് തെരുവുകൾ അറിയപ്പെടുന്നതു്. ബട്ടൻവുഡ്, ബീച്ച്‌വുഡ്, വില്ലോവുഡ്, ഓക്ക്‌വുഡ്, ബർച്ച്‌വുഡ്—ഇങ്ങനെ പോകുന്നു തെരുവുനാമങ്ങൾ. ഇരുപതോ ഇരുപത്തഞ്ചോ മുപ്പതോ സെൻറുള്ള പ്ലോട്ടുകളുടെ മദ്ധ്യത്തു് രണ്ടും മൂന്നും നിലയുള്ള വെൺമാളികകൾ വരിവരിയായി നില്ക്കുന്നു. മതിലുകളോ വലിയ മറകളോ ചുററിനുമില്ല. ചെത്തി മിനുസമാക്കിയ പുൽത്തകിടികളും ഭംഗിയുള്ള പൂച്ചെടികളും ഭിത്തിപോലെ വെട്ടിവിടുന്ന പച്ചിലച്ചെടികളും എങ്ങും കാണാം. ആസ്ബെസ്റ്റാസ് പീസുക

* avenue, drive, boulevard.

ളും മരപ്പലകകളും ഒന്നിനുമേൽ ഒന്നു വരിയായ് നിരത്തി വീടുകളുടെ ഭിത്തികൾ നിർമ്മിച്ചിരിക്കുന്നു. കല്പണി കുറച്ചു മാത്രമേയുള്ളു. ആകെക്കൂടി കൗതുകകരമായിരിക്കുന്നു.

മേച്ചിൽ ഓടിനു പകരം ഒരിനം ചുവന്ന പ്ലാസ്റ്റിക് സ്ലാബുകൾ. സമ്മറിലെ കടുത്ത വെയിലും വിന്ററിലെ കനത്ത മഞ്ഞുകട്ടകളും അവ താങ്ങും. 20 കൊല്ലം കാലാവധി. അങ്ങനെയാണു നിർമ്മിതി.

ഡ്രൈവ്‌വേയും ഗറാഷും ഇല്ലാത്ത വീടുകൾ ഇല്ലെന്നുതന്നെ പറയാം. രണ്ടോ മൂന്നോ കാറുകൾ മിക്ക വീടുകളിലും ഉണ്ട്. ഡ്രൈവ്‌വേയിലും റോഡെറമ്പിലും കാറുകൾ നിരനിരയായി പാർക്കു ചെയ്തു കിടക്കുന്നതു സാധാരണ കാഴ്ചയാണ്.

ഏഴെട്ടടി പൊക്കമുള്ള പോസ്റ്റുകളിൽ വീട്ടിനു മുൻവശം ഒരു ലൈററു ഘടിപ്പിക്കുന്നതു് ഫാഷനാണ്. രാധയുടെ വീട്ടിനു മുൻവശവും അങ്ങനെ ഒന്നുണ്ട്.

ട്രാഫിക് ശല്യം കുറഞ്ഞ ശാന്തമായ ഒരു തെരുവിലാണ് രാധയുടെ വീട്—ബട്ടൺവുഡ് ഡ്രൈവിലെ 300-ാം നമ്പർ വീട്.

പുറത്തു് ഉഷ്ണാധിക്യം കാരണം എയർകണ്ടീഷനിങ് പ്രവർത്തിപ്പിച്ച കാറിൽ എന്നെയും കുഞ്ഞുങ്ങളെയുംകൊണ്ട് രാധ തെരുവുകൾ ചുററിക്കറങ്ങിക്കാണിച്ചു.

ശുചീകരണം: എവിടെ നോക്കിയാലും എന്തൊരു വൃത്തിയും ഭംഗിയുമാണ്. റോഡെറമ്പിലെങ്ങും ഓടകളോ ചാലുകളോ ഇല്ല. ഒരുതുണ്ടു കടലാസുപോലും വഴികളിൽ ആരും വലിച്ചെറിയുന്നില്ല. ആളുകൾ കൂടുന്ന ബസ്‌സ്റ്റാൻഡുകൾ, പാർക്കുകൾ, ഷോപ്പിങ് സെന്ററുകൾ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ചവറുപെട്ടികൾ—മൂന്നാലടി പൊക്കമുള്ള തുറന്നടയ്ക്കാവുന്ന ലോഹസ്തംഭങ്ങൾ—സ്ഥാപിച്ചിട്ടുണ്ട്. അവിടവിടെ ബോർഡുകൾ കാണാം—'ചവറിടുന്നവർക്ക് നൂറു ഡോളർ പിഴ. തടവുശിക്ഷയ്ക്കും കാരണമാണ്.'* വെറും ഭീഷണിയല്ല. പോലീസ് എങ്ങും പറന്നുനടക്കുന്നു. കുററക്കാരെ നിഷ്പ്രയാസം പിടിച്ചെടുത്തു് ശിക്ഷിക്കയും ചെയ്യുന്നു.

തിരുവനന്തപുരം നഗരത്തിലെ മലമലീമസമായ തെരുവുകൾ പെട്ടെന്നോർത്തു. മുറുക്കാൻകടകൾക്കു മുമ്പിലും വീട്ടുമുററങ്ങളിലും അഭ്യസ്തവിദ്യരായ മാന്യന്മാർപോലും ലക്കില്ലാതെ മുറുക്കിത്തുപ്പുന്നു. ബീഡിക്കുററികളും പഴത്തൊലികളും വലിച്ചെറിഞ്ഞിട്ടില്ലാത്ത ഒരു പീടികയെങ്കിലുമുണ്ടോ? ഓടകളിലും റോഡരുകുകളിലും യാത്രക്കാർ നിസ്സങ്കോചം മലമൂത്രവിസർജ്ജനം പകൽപോലും നടത്തുന്നു. ഇന്ത്യയിലെ എല്ലാ പട്ടണങ്ങളിലും ഇതു കാണാം. ശൗചത്തെക്കുറിച്ച് ഗീതാപാഠങ്ങൾ പ്രവചിക്കുന്ന ഭാരതീയർക്ക് ശുചി

* Don't litter. $ 100 fine. Dumping punishable by imprisonment and fine.

ത്വത്തിന്റെ ബാലപാഠം പാശ്ചാത്യരിൽനിന്നു് പഠിക്കേണ്ടതായി ത്തന്നെയിരിക്കുന്നു എന്നു തോന്നി.

നഗരശുചീകരണത്തിനു് പല ഏർപ്പാടുകളും ഗവണ്മെന്റ് ചെയ്തുവരുന്നുണ്ടു്. രാവിലെ ശബ്ദായമാനമായ കനത്ത യന്ത്രം ഘടിപ്പിച്ച ഒരു വലിയ ട്രക്കു് വീടിന്റെ മുൻവശത്തു് റോഡെറമ്പിൽ വന്നു നില്ക്കുന്നു. വീട്ടിനകത്തും പരിസരങ്ങളിലുമുള്ള ചപ്പുചവറുകളെല്ലാം വലിയ പ്ലാസ്റ്റിക് ചാക്കുകളിൽ കെട്ടി, പിൻവശത്തു വെച്ചിട്ടുള്ള വീപ്പകളിൽ വീട്ടുകാർ നിക്ഷേപിച്ചിരിക്കും. ട്രക്കിൽ വരുന്ന ജോലിക്കാർ അവയൊക്കെ എടുത്തുകൊണ്ടുപോയി യന്ത്രത്തിന്റെ പിൻഭാഗത്തുള്ള വലിയ വാസ്റ്റുകത്തു തട്ടുന്നു. മത്സ്യമാംസാദികളുടെ അവശിഷ്ടങ്ങൾ, കുപ്പികൾ, തകരപ്പെട്ടികൾ, പഴയ കടലാസുകെട്ടുകൾ, ചെടികളുടെ ചില്ലകൾ തുടങ്ങിയ സകല നിരുപയോഗസാധനങ്ങളും വിക്ഷേപിച്ചുകഴിയുമ്പോൾ യന്ത്രം വായടയ്ക്കുകയും ഒരു അലർച്ചയോടെ എല്ലാം പൊടിച്ചരച്ചു് അകത്തൊതുക്കുകയും ചെയ്യുന്നു. വീണ്ടും വായ് തുറന്നുകൊണ്ടു് ആ ബകരാക്ഷസൻ അടുത്ത വീട്ടിലേക്കു നീങ്ങും. ശുചീകരണശ്രമങ്ങളിൽ ഒന്നുമാത്രമാണിതു്.

പുൽത്തകിടികൾ ട്രിം ചെയ്തു വൃത്തിയാക്കുന്നതിനും തോപ്പുകളിലെ താണുകിടക്കുന്ന മരച്ചില്ലകൾ വെട്ടിമാററുന്നതിനും റോഡെറമ്പുകളിൽ വീഴുന്ന ഇലകളും മററും തുത്തുവാരിക്കൊണ്ടുപോകുന്നതിനും യന്ത്രസഹായത്തോടുകൂടി അപ്പോളപ്പോൾ ഉദ്യോഗസ്ഥന്മാർ വന്നു പ്രവത്തിച്ചുകൊണ്ടിരിക്കുന്നു.

ചുററിക്കറങ്ങിയ തെരുവുകളിലെല്ലാം വൃത്തിയും ഭംഗിയും അനുസ്യൂതമായിത്തന്നെ കണ്ടു.

അപ്പർ മിഡിൽക്ലാസ് കേന്ദ്രം—വർണ്ണക്കുറുമ്പു്: പരാമസ് ഒരു അപ്പർ മിഡിൽക്ലാസ് കേന്ദ്രമാണു്. നീഗ്രോവീടുകൾ ഒന്നുപോലുമില്ലെന്നുള്ളതാണു് പ്രത്യേകത. യു. എസ്. എ-ൽ നീഗ്രോകളോടു് തീണ്ടൽതൊടീലൊന്നും ഇപ്പോളില്ലെന്നാണു വയ്പു്. പക്ഷേ, നീഗ്രോവീടുകൾ ഇല്ലാത്ത പട്ടണങ്ങളിൽ സ്ഥലവില കൂടുതലായിരിക്കുന്നു. പരാമസ്സിൽ രാധയുടെ വീടിനു് അമ്പത്തയ്യായിരം ഡോളറാണു വില. ഇതിനെക്കാൾ ഭംഗിയും സൗകര്യവുമുള്ള നല്ലൊരു സൈററിൽ, പറേറർസൺ എന്ന സ്ഥലത്തു്, കൂടുതൽ വലിപ്പവും സംവിധാനമേന്മയുമുള്ള നല്ലൊരു വീടിനു് നാല്പതിനായിരം ഡോളർ കൊടുത്തു് അവളുടെ ഒരു കൂട്ടുകാരി മേടിച്ചിട്ടുണ്ടു്. കാരണം, ആ പ്രദേശത്തു് നീഗ്രോഭവനങ്ങൾ ധാരാളമുണ്ടെന്നുള്ളതാണു്. കറുമ്പന്മാർ (Coloured people) ആണെന്നുവരികിലും ഇന്ത്യാക്കാരെ ഇങ്ങനെ ബഹിഷ്കരിച്ചിട്ടില്ല. പരാമസ്സിൽ നാലഞ്ചു് ഇന്ത്യൻകുടുംബങ്ങളുണ്ടു്. പരാമസ് സ്കൂളിൽ ഒരു നീഗ്രോക്കുട്ടിപോലുമില്ല. നാലഞ്ചു് ഇന്ത്യൻ കുട്ടികളുണ്ടു്. നീഗ്രോകളുമായി നേരിട്ടു സംസാരിച്ചു് ഈ നിറക്കുറുമ്പിന്റെ ഉള്ളുകള്ളികൾ സൂക്ഷ്മമായി ഗ്രഹിക്കണെ

മെന്നു് ഞാനാഗ്രഹിച്ചു. കാറിലിരുന്നു് രാധയോടു് ഇക്കാര്യം സംസാരിക്കവേ കേരളീയരുടെ ജാതിക്കുറുമ്പും കാവുതീണ്ടലും നിറഭ്രമവും മററും ചിന്തിച്ചിരുന്നു. ഇവിടെ ഒരുവിധം, അവിടെ മറെറാരുവിധം; അത്രേ വ്യത്യാസമുള്ളൂ.

ഭൂരിഭാഗവും ഉദ്യോഗസ്ഥർ: ഇവിടത്തെ വെള്ളക്കാരിൽത്തന്നെ ഇററാലിയൻ, ജർമ്മൻ, സ്പാനിഷ്, ഐറിഷ്, സ്വീഡിഷ് തുടങ്ങിയ പല രാജ്യക്കാരുണ്ടു്. വിദൂരസ്ഥലങ്ങളിൽ പോയി പലവിധം ജോലി നോക്കുന്നവരാണു് ഭൂരിഭാഗം പേരും. ആണും പെണ്ണും, പ്രായമെത്തിയാൽ കുട്ടികൾപോലും ജോലിയെടുക്കുന്നു. പ്രാതൽ കഴിഞ്ഞു് ഓരോരുത്തരും കാറിൽ കയറി, വിദൂരവനങ്ങളിൽ ലക്ഷ്യങ്ങൾക്കുവേണ്ടി പരുന്തുപററങ്ങളെപ്പോലെ പറന്നുനീങ്ങുന്നു. നാലു പ്രത്യേകസ്ഥലങ്ങളിൽ ജോലിനോക്കുന്നവർ ഒരു വീട്ടിലുണ്ടെങ്കിൽ നാലു കാറില്ലാതെ അവർക്കു് രാവിലെ പോകാൻ കഴിയുകയില്ല. എല്ലാ വീടുകളിലും ഗറാഷും കാറുകളുമുള്ളതു് ഇക്കാരണത്താലാണു്.

അടച്ചിട്ട വീടുകൾ: വാതിലും വാതായനങ്ങളും തുറന്നിട്ട വീടുകൾ ഒരിടത്തും കാണുന്നില്ല. പ്രധാനമായും എയർക്കണ്ടീഷനിങ്ങിനു തകരാറു പററാതിരിക്കാൻവേണ്ടിയാണിതു്. തണുപ്പോ ചൂടോ ഇഷ്ടംപോലെ ക്രമീകരിക്കാനുള്ള മീററർ ഭിത്തിയിലുണ്ടു്. ജനാലയോ മറേറാ തുറന്നുകിടന്നാൽ വലിയ നഷ്ടമുണ്ടായേക്കും. പിന്നെ വീട്ടുവാതിൽ തുറന്നിടുന്നതും അയൽക്കാരും മററും ആവശ്യമില്ലാതെ കടന്നുചെല്ലുന്നതും ആരും ഇഷ്ടപ്പെടുന്നില്ല. 'അന്യന്റെ ഗൃഹത്തിങ്കൽ ചൊല്ലാതെ ചെല്ലുക' പ്രാചീനഭാരതത്തിലെന്നപോലെതന്നെ ഇവിടെയും വലിയ മര്യാദകേടായി കരുതപ്പെടുന്നു. എല്ലാ വീടുകളിലും ഫോണുണ്ടു്. തൊട്ടടുത്ത അയലത്തുപോലും മുൻകൂട്ടി അറിയിച്ചു് സമയം നിശ്ചയിച്ചിട്ടേ ചെല്ലാവൂ. സാമുദായികമായ അലിഖിതനിയമമാണിതു്. എല്ലാ ഭവനങ്ങളുടെയും മുൻവശത്തു് ഒരു കോളിങ്ങ്ബെൽ ഉണ്ടായിരിക്കും. മുട്ടുക, തുറക്കപ്പെടും. 'സർപ്രൈസ്‌വിസിററ്' നടത്തി, അടുക്കളയിലും കിടപ്പറയിലും ലജ്ജിപ്പിക്കത്തക്കവിധം കടന്നുചെല്ലാൻ മടിക്കാത്ത മര്യാദകെട്ട നമ്മുടെ നാട്ടുകാർക്കു് എത്രയും അനുകരണീയം.

പെരുവഴികൾ: ഒരു പെരുവഴിയിൽ ഞങ്ങളുടെ കാറിറങ്ങി. മൂന്നാലു മിനിട്ടു കാത്തുനിന്നപ്പോഴേ തിരിഞ്ഞിറങ്ങാൻ ഇടം കിട്ടിയുള്ളൂ. വാഹനങ്ങളുടെ തിരപ്രവാഹമാണു്. എന്തൊരിരമ്പൽ. നിരവധി മെഷീനുകൾ പ്രവർത്തിക്കുന്ന വലിയൊരു യന്ത്രശാലയ്ക്കുള്ളിൽ കടന്നപോലെ.

പെരുവഴികളെല്ലാം—എല്ലാ പ്രധാന റോഡുകളുംതന്നെ—നടുക്കുവെച്ചു പകുത്തു് അടയാളപ്പെടുത്തിയിരിക്കുന്നു; പലടത്തും നടുക്കു് ഉയർന്ന തിട്ടുതന്നെ കെട്ടിയിരിക്കുന്നു. ഓരോ വശത്തും മൂന്നോ

നാലോ റൺവേകൾ വെള്ളപ്പോ മഞ്ഞയോ ചായംകൊണ്ടു് വേർതിരിച്ചിട്ടുണ്ടു്. മൂന്നോ നാലോ വരി തടിമുട്ടൻ വാഹനങ്ങൾ—കാർ, ജീപ്പ്, വാൻ, ലോറി, യൂഹാൾ (Uhaul)* തുടങ്ങിയവ—ഇടവിടാതെ അങ്ങോട്ടുമിങ്ങോട്ടും അതിവേഗത്തിൽ ഓടിക്കൊണ്ടിരുന്നു. വലത്തുവശത്തുകൂടിയാണു മുമ്പോട്ടു പോകേണ്ടതു്—ഇന്ത്യയിലേതിനു നേരെ വിപരീതം. സ്പീഡ് അനുസരിച്ചു് റൺവേകൾ മാറണം. അറുപതിനും നൂറിനും ഇടയ്ക്കു് ഓടുന്നവയാണു് ഇടത്തേയറ്റത്തെ റൺവേയിൽ. സ്പീഡ് കുറയ്ക്കേണ്ടിവന്നാൽ വലത്തേ റൺവേകളിലേക്കു മാറിക്കൊള്ളണം. തിരക്കുള്ള റോഡുകളിലും അപകടസാദ്ധ്യതയുള്ളിടത്തുമെല്ലാം സ്പീഡ് ലിമിററ് കാണിക്കുന്ന ബോർഡുകൾ സ്ഥാപിച്ചിരിക്കും. ക്രോസ് റോഡുകളിലെല്ലാം സിഗ്നൽ ലൈററുണ്ടു്. ചുവപ്പുകണ്ടാൽ ഉടൻ നിറുത്തിക്കൊള്ളണം. ഒരടി മുന്നോട്ടു കടന്നാൽ ഇടിയേററു തകർന്നതുതന്നെ. ഒട്ടനവധി ക്രോസ് റോഡുകൾ എല്ലാ പ്രധാന പട്ടണങ്ങളിലും ഉള്ളതുകൊണ്ടു് സിഗ്നൽ കാത്തുനിന്നു പാഴാക്കേണ്ട സമയം യാത്രാവസരങ്ങളിൽ വളരെ കൂടിയിരിക്കും.

ഇടതുവശത്തെ തെരുവുകളിലേക്കു തിരിയേണ്ടിവരുമ്പോൾ വലത്തോട്ടു് നിർമ്മിച്ചിട്ടുള്ള U ട്ടേൺ (U പോലെ അർദ്ധവൃത്താകൃതിയിലുള്ള തിരിവു്) വഴി കറങ്ങി റോഡ് മദ്ധ്യത്തിലുള്ള ഓവർബ്രിഡ്ജിൽ കയറി മറുവശത്തിറങ്ങണം. ഒട്ടനവധി ഓവർബ്രിഡ്ജുകൾ എല്ലാ പ്രധാന നിരത്തുകളിലും കാണാം.

സ്ഥലനാമങ്ങളും തെരുവുകളും തിരിവുകളും ഓയിൽ ഡിപ്പോകളും ഹോട്ടലുകളും സ്ക്കൂളുകളും സിഗ്നൽപോസ്റ്റുകളും സ്പീഡ് ലിമിററുകളും കുറിക്കുന്ന ബോർഡുകൾ ഉടനീളം കാണാം. നൂറു് യാഡ് അകലെവച്ചുതന്നെ ഇവയുടെയൊക്കെ മുന്നറിയിപ്പുകൾ നല്കുന്ന ബോർഡുകളും യാത്രക്കാർക്കു് സഹായകരങ്ങളാണു്.

ട്രാഫിക് നിയമങ്ങൾ: ലക്ഷക്കണക്കിനു് കാറുകളും ലോറികളും ഇടവിടാതെ ഓടിക്കൊണ്ടിരിക്കുന്ന തെരുവുകളിൽ ഹോൺ അടിക്കുന്ന ശബ്ദമേ കേൾക്കുന്നില്ല. അപരിഹാര്യമായ അവസരങ്ങളിലല്ലാതെ ഹോൺ ഉപയോഗിച്ചുകൂടാ.

നിശ്ചിതവേഗത്തിൽ കവിഞ്ഞു് ഓടിച്ചുകൂട. സ്പീഡ്ലിമിററ് ബോർഡ് കണ്ടാലുടൻ സ്പീഡു കുറച്ചുകൊള്ളണം.

എല്ലാ പ്രധാനഹൈവേകളിലും മിക്ക തെരുവുകളിലും പാക്കിങ് നിരോധിച്ചിരിക്കുന്നു. വലിയ റഷ് ഉള്ള നിരത്തുകളിൽ എമർജൻസി പാക്കിങ്ങിനു വേണ്ടി പ്രത്യേക സ്ഥലങ്ങൾ തിരിച്ചിട്ടിട്ടുണ്ടു്. പെട്ടെന്നു് വണ്ടിക്കു കേടുപററുകയോ ആപത്തുകൾ സംഭവിക്കുകയോ ചെയ്താൽ ആവക സ്ഥലങ്ങളിലേക്കു തള്ളി

* U ആകൃതിയിലുള്ള കൈവലി ഘടിപ്പിച്ചിട്ടുള്ള ട്രാൻസ്പോർട്ട് വാഹനം.

നീക്കിക്കൊണ്ടു പോകുകയേ നിവ്വാഹമുള്ളു. സാധാരണഗതിയിൽ വഴിക്കിടയ്ക്കുവച്ച് കാറു നിറുത്തി ഇറങ്ങാൻ സാധിക്കുകയില്ല. ആപത്തുണ്ടാകാമെന്നതിനു പുറമേ അതു ശിക്ഷാഹ്വവുമാണു്.

വാഹനങ്ങളിൽനിന്നു യാതൊന്നും റോഡിലേക്കോ റോഡ് സൈഡുകളിലേക്കോ വലിച്ചെറിയാൻ പാടില്ല. യാത്രക്കാർ വണ്ടിക്കകത്തിരുന്നു് ഭക്ഷണം കഴിക്കുകയാണെങ്കിൽ ഒഴിയുന്ന ടിന്നുകളും കുട്ടകളും മററും വണ്ടി നിറുത്തുമ്പോൾ കാണുന്ന ചവററുപെട്ടികളിലേ നിക്ഷേപിക്കാവൂ.

ചുവന്ന ലൈററ് ഉച്ചിയിൽ ഘടിപ്പിച്ചിട്ടുള്ള കാറുകളിലും വാനുകളിലും പോലീസ് എങ്ങും എല്ലാ സമയത്തും റോന്തുചുററുന്നു. പിടികൂടിയാൽ ഉടൻതന്നെ ചാജ്ജ്ഷീററ് എഴുതി കൈയിൽ കൊടുക്കും. കനത്ത ഫയിനാണു് ചുമത്താറു്. നിശ്ചിതദിവസത്തിനകം ഫയിൻ അടച്ചില്ലെങ്കിൽ കേസ് അടുത്ത പടിയിലേക്കു നീങ്ങും. പോലീസിൻെറ ശുഷ്ക്കാന്തി എല്ലാപേക്കും അറിയാം.

ഒരു മണിക്കൂറോളം ചുററിക്കറങ്ങിയിട്ടു്, ഒരു വമ്പിച്ച സൗധത്തിനുചുററും നാലായിരം കാറുകൾ പാക്കുചെയ്തു കിടക്കുന്ന ഒരു വലിയ മൈതാനത്തിൽ ഞങ്ങളെത്തി.

ബഗ്ഗ്ൻമാൻ: ബഗ്ഗ്ൻമാൻ എന്ന വമ്പിച്ച സൂപ്പർമാക്കററാണു്.

20 ഏക്കറോളം വരുന്ന സുവിസ്തൃതമായ പാക്കിങ്ങ് ഗ്രൗണ്ടിൻെറ മദ്ധ്യത്തു സമുന്നതമായ ഒരു വിപണിമന്ദിരം. എല്ലാ വിലപ്പെട്ട സാധനങ്ങളുടെയു ംവില്പനപ്രദശ്നശാല. പരിഷ്കൃതജനാവലിയുടെ വിനോദസമ്മേളനസ്ഥലം.

പാക്കിങ്ങ് ഗ്രൗണ്ട്: കാർ പാക്കു് ചെയ്യാൻ വളരെ വിഷമിക്കേണ്ടിവന്നു.

നല്ലപോലെ ടാർചെയ്തു്, റൺവേകളും പാക്കിംഗ് സ്പേസുകളും അടയാളപ്പെടുത്തിയിട്ടുള്ള, പാക്കിങ്ങ് ഗ്രൗണ്ട് നിറയെ കാറുകൾ. രാജകൊട്ടാരത്തിനു ചുററും ഒരു വാഹനസൈന്യവ്യൂഹംപോലെ തിങ്ങിക്കിടക്കുന്നു. 30 അടി പൊക്കം വരുന്ന ദീപസ്തംഭങ്ങൾ 400 അടി വിട്ടുവിട്ടു ചുററിനും നിറുത്തിയിരിക്കുന്നു. കറുത്തമഷികൊണ്ടു് നമ്പരിട്ട കണ്ണാടിപ്പെട്ടികൾ ദീപങ്ങളെ ആവരണം ചെയ്തിരിക്കുന്നു, ദൂരെനിന്നുതന്നെ നമ്പർ കാണാൻവേണ്ടി. ഓരോ ദീപസ്തംഭത്തിനു ചുററും അഞ്ഞൂറോളം കാറുകൾക്കു് പാക്ക് ചെയ്യാം. പാക്ക് ചെയ്യുമ്പോൾ സ്തംഭത്തിൻെറ നമ്പർ നോട്ടുചെയ്തില്ലെങ്കിൽ തിരിച്ചുവരുമ്പോൾ തിക്കിനിടയിൽനിന്നു നമ്മുടെ കാർ കണ്ടുപിടിക്കാൻ കുറക്കത്തിലാകും. ഇങ്ങനെ മുപ്പതു നാല്പതു സ്തംഭങ്ങൾ നാട്ടിയിട്ടുണ്ടു്. ഞങ്ങൾ ഓരോ റൺവേയിലും ചുററിക്കറങ്ങി, ഒരു ഒഴിവുസ്ഥലം കണ്ടുപിടിക്കാൻ. വിഫലശ്രമം. പിന്നെ ഭൂനിരപ്പിനടിയിൽ ഒരു പാക്കിങ്ങ് ഗ്രൗണ്ട് ഉള്ളതിലേക്കു തിരിച്ചു. 500-ൽ പരം കാറുകൾ അവിടെയും തിങ്ങിക്കിടക്കുന്നു. അപ്പോൾ, ഭാഗ്യം തന്നെ, ഷോപ്പിങ്ങ് കഴിഞ്ഞു പൊതിക്കെട്ടുമായി ഒരു മദാമ്മ

വരുന്നു. അവർ മാറുന്നതുവരെ കാത്തു. അങ്ങനെ കാറിടാൻ ഒരു സ്പേസ് കിട്ടി.

യന്ത്രക്കോവണിവഴി ഒരു വാതിലിന്റെ മുമ്പിലെത്തി. ഇന്ദ്രജാലംകൊണ്ടെന്നപോലെ വാതിൽ പെട്ടെന്നു തനിയേ തുറന്നുതന്നു, നിശ്ശബ്ദമായി. ആളടുത്തുചെന്നാലുടൻ തുറക്കത്തക്കവിധത്തിലാണ് അതിന്റെ ഘടന. സുഖശീതളത സ്വാഗതമരുളുന്ന മാളിനകത്തു കടന്നു.

മാളിലെ പൂന്തോട്ടം: ഉല്ലാസവിഹാരികളായ നിരവധി നിർജ്ജരപുരുഷനാരിമാരെക്കൊണ്ട് നിബിഡമായ നന്ദനോദ്യാനത്തിൽ പ്രവേശിച്ച പ്രതീതി.

നാലുതമ്പതടി വീതിയും അതുപോലെ പൊക്കവും അര ഫർലോങ്ങോളം നീളവുമുള്ള ഒരു അങ്കണപ്പൂങ്കാവനം. എയർക്കണ്ടീഷനിങ്ങുകൊണ്ട് സുഖകരം.

മുകളിൽ കട്ടിക്കണ്ണാടികൊണ്ടുള്ള വിതാനമച്ചിൽനിന്നു തൂങ്ങിനില്ക്കുന്നു, ശരറാന്തലുകൾ.

താഴെ, മൊസയിക്ക് തറ; അങ്ങിങ്ങ് കാർപ്പറ്റുകൾ പടുത്തു്.

മദ്ധ്യത്തു് സിമൻറുകൊണ്ട് ചതുരാകാരത്തിലുള്ള പൂച്ചെടിത്തടങ്ങൾ. അവയിൽ വർണ്ണപ്പൊലിമയുള്ള പലവിധം പൂച്ചെടികൾ.

തടങ്ങൾക്കു ചുററും സെററികൾ, ബഞ്ചുകൾ, കസേരകൾ.

ദാരിദ്ര്യമോ മറെറന്തെങ്കിലും ജീവിതക്ലേശമോ കണികണ്ടിട്ടില്ലെന്നു തോന്നിക്കുന്ന പലവിധം ആബാലവൃദ്ധം സ്ത്രീപുരുഷന്മാർ ഉല്ലാസപൂർവ്വം ഇരിക്കുന്നു, നില്ക്കുന്നു, നടക്കുന്നു—കുട്ടികൾ തുള്ളിച്ചാടിക്കളിക്കുന്നു—യുവതീയുവാക്കന്മാർ പ്രേമചാപല്യങ്ങൾ പ്രകടിപ്പിക്കുന്നു—ചിലർ ഐസ്ക്രീം, ചോക്കലെററ് തുടങ്ങിയ മധുരഭക്ഷ്യങ്ങൾ തിന്നുന്നു—ചിലർ രണ്ടുവശവുമുള്ള ഷോപ്പുകളിലെ കണ്ണാടിഭിത്തികൾക്കകത്തു പ്രദർശിപ്പിച്ചിട്ടുള്ള വിശിഷ്ടസാധനങ്ങൾ കാണുന്നു—കാര്യമാത്രപ്രസക്തരായ ചിലർ സഗൗരവം നടക്കുന്നു—ആകെക്കൂടി ഒരു അപരിചിതൻ ആശ്ചര്യപൂർവ്വം അമ്പരപ്പോടെ നോക്കിനിന്നുപോകുന്ന രംഗം.

ഉദ്യാനമദ്ധ്യത്തുള്ള ചതുരമായ തടത്തിൽ ഒരു ധാരായന്ത്രം പല നിറത്തിലുള്ള ദീപപ്രകാശത്തിൽ ജലശീകരങ്ങൾ പ്രസ്രവിപ്പിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തടത്തിൽ പതിക്കുന്ന വെള്ളം അല്പനേരം തങ്ങിയിട്ട് എങ്ങോ അപ്രത്യക്ഷമാകുന്നു. തടം നിറയെ, സ്വച്ഛജലത്തിൽ മുങ്ങിക്കുളിച്ചു കിടക്കുന്ന, നൂററുക്കണക്കിന് ചില്ലറ നാണയങ്ങൾ.

''ഇതെന്തിലേക്കാ?''

''വെള്ളം കെട്ടിക്കിടക്കുന്നതു കണ്ടാൽ ഒരു ചെറിയ ചെമ്പുനാണയമെങ്കിലും അവിടെ വിക്ഷേപിക്കുന്നതു് ഭാഗ്യസംവർദ്ധക

മെന്നാണ് ഇവിടത്തെ വിശ്വാസം! വിചാരിക്കുന്ന കാര്യം സാധിക്കാനും അതു കാരണമാകുമത്രേ.''

അന്ധവിശ്വാസം, സമുന്നതമായ സയൻസിൻെറ നാട്ടിലും! വെള്ളത്തിൽ കൈ ലാഞ്ചിക്കളിക്കുന്ന കുസൃതിക്കുട്ടികൾപോലും ആ തുട്ടുകൾ പെറുക്കിയെടുക്കാൻ എത്തുമെങ്കിലും തൊടാൻ ധൈര്യപ്പെടുന്നില്ല.

സ്ത്രീവേഷം: അംഗനമാരുടെ അംഗാലങ്കാരവിധാനമാണ് ഏററവും ആകർഷകം.

തരുണികൾ തുടങ്ങി, പ്രൗഢകൾ വൃദ്ധകളുൾപ്പെടെ, വെണ്ണയും സ്വർണ്ണവും വെല്ലുന്ന കൊഴുത്തുരുണ്ട ഊരുകാണ്ഡങ്ങളും കോമളഭുജവല്ലികളും മുഴക്കെ പ്രദർശിപ്പിക്കുന്ന മിനിസ്കർട്ടുകളാണ് അണിഞ്ഞിട്ടുള്ളതു്.

ഇതാണ് സമ്മർ ഡ്രസ്സ്. ഗ്രീഷ്മത്തിൻെറ ഊഷ്മാവ് കുറയ്ക്കാൻ.

തുണിച്ചെലവ് വളരെ കുറച്ചുമാത്രം. ഗോപനീയാംഗങ്ങളുടെ ഭംഗിതരംഗങ്ങൾ കാമുകനയനവഞ്ചികളുടെ സഞ്ചാരപഥങ്ങൾ.

സ്വർണ്ണാഭരണഭ്രമം ആരിലും കാണുന്നില്ല. അമേരിക്കൻ ഭർത്താക്കന്മാരുടെ ഭാഗ്യം! തങ്കപ്പവൻ മാലകളും പൊൻകാപ്പുവളകമ്മലുകളും കൊലുസ്സ് ഒഢ്യാണാദികളും അണിഞ്ഞു ഞെളിയുന്ന കേരളീയവനിതകളുമായി ഒന്നു താരതമ്യപ്പെടുത്തിപ്പോയി. ഇമിറേഷൻ മുത്തുമാലകളും കുത്താത്ത കാതുകളിൽ പററിക്കാവുന്ന പലയിനം പെൻഡൻറുകളും യുവതികൾ—പ്രായമായവരും—അണിഞ്ഞിട്ടുണ്ട്. വളകൾ ആരും ഇടുന്നില്ല.

ഹെയർ ഡ്രസ്സിങ്ങിലാണ് എല്ലാവക്കും വലിയ ഭ്രമം. പലവിധം ചികുരഭാരങ്ങളും നിറപ്പകിട്ടുള്ള കോമളകുന്തളാവലികളും കണ്ടപ്പോൾ കൃത്രിമകേശങ്ങളായിരിക്കുമോ എന്നു സംശയിച്ചുപോയി. അതു പൂർണ്ണമായും തെററല്ലെന്ന് അല്പം കഴിഞ്ഞപ്പോൾ തെളിഞ്ഞു.

ഭംഗിയേറിയ പാപ്പാസുകൾ, കൈയിലോ ഭുജത്തിലോ തൂക്കിയ വാനിററി ബാഗ്, ചീകിച്ചുരുട്ടിയ ചികുരം, മുക്കാൽ നഗ്നവേഷം, ആരെയും കൂസാത്ത ഭാവം—അങ്ങനെ ലലനകൾ വിലസുന്നു. രാഗദേവാലയത്തിലെ നവരത്നവിഗ്രഹങ്ങൾ, ദർശകക്ക് നേത്രമോക്ഷദർ, ആരാധകക്ക് അനുഗ്രഹദായകർ.

പുരുഷവേഷം: ആരോഗ്യച്ഛവി തുളുമ്പുന്ന പുരുഷന്മാർ, കുടതലും ദീർഘകായന്മാർ, പൊക്കത്തിനൊത്ത വണ്ണമുള്ളവർ. സുവേഷന്മാർ. നിറപ്പകിട്ടുള്ള ഷർട്ടുകളിലാണ് ഭ്രമം. ഇന്ദ്രനീലം, ചുവപ്പ്, കടുത്ത റോസ് തുടങ്ങിയ നിറം പ്രിയതരം. മിക്കപേരും ലൂസ് ട്രൗസറുകൾ; ചിലർ നിക്കർ മാത്രം ധരിക്കുന്നു. ഉഷ്ണകാലമായതുകൊണ്ട് കോട്ടും കട്ടിയുള്ള ട്രൗസറും ഹാററും മററും ധരിക്കുന്നില്ല, അപൂർവ്വം ചിലരൊഴികെ.

മുടി നീട്ടി വളർത്തുന്ന പ്രവണത യുവാക്കന്മാരിൽ കാണുന്നു. ചില ചെറുപ്പക്കാരെ പിന്നിൽനിന്നു നോക്കിയാൽ ആണോ പെണ്ണോ എന്നു തിരിച്ചറിയാൻ പ്രയാസപ്പെടും. തവിട്ടുനിറമോ സ്വർണ്ണവർണ്ണമോ അല്പം ഇരുണ്ടതോ ആയ തലമുടി പിന്നിലേക്കു നീട്ടി ച്ചീകി മുതുകിൽ പറത്തിയിടുന്നതു് പലരിലും കണ്ടു.

പലവിധം മീശകരം, താടികരം, കൃതാവുകരം—ഹിപ്പിസത്തിന്റെ പ്രേരണ—വിശേഷിച്ചും യുവാക്കന്മാരിൽ.

കാമുകർ: കാമുകമിഥുനങ്ങരം—മുക്കിലോ മൂലയിലോ, ഒളുങ്ങിയോ പതുങ്ങിയോ, ലജ്ജിച്ചോ പേടിച്ചോ, ഒന്നുമല്ല—പരസ്യമായി, സ്വതന്ത്രമായി, ധീരമായി അധരചുംബനങ്ങരം, ആലിംഗനങ്ങരം, അപരിചിതരെ അമ്പരപ്പിക്കുന്ന അവിരാമമായ രാഗലോലുപചാപല്യങ്ങരം. ഒരു ചുമരിൽ ചേർന്നുനിന്നുകൊണ്ടു് പരമസുന്ദരിയായ ഒരു ശോണാധരിയുടെ അധരപാനം ഒരു യുവസുഭഗൻ പരസ്യമായി അനുസ്യൂതമായി ചെയ്തുകൊണ്ടിരിക്കുന്നതു് ഞാൻ ആശ്ചര്യത്തോടെ നോക്കി.

''നേരത്തേ പറഞ്ഞില്ലേ, ഇങ്ങനെയാണു് ലവിങ്ങ് കപ്പിറംസ്,'' രാധ പറഞ്ഞു. ''അച്ഛൻ അങ്ങനെ നോക്കരുതു്.''

കൂച്ചുമാ കൂസലോ കൂടാതെ പക്ഷിമൃഗാദികളെ ശരിക്കും അനുകരിക്കുന്നു! അസൽ പ്രകൃത്യാരാധകർ! അവരെ നോക്കുന്നതു് തെററോ?

സുന്ദരവിസ്റ്റിവേഷം കെട്ടിയ ഒരു തൈക്കിഴവൻ അനുകൂലയായ ഒരു യുവകാമുകിയുമായി ശൃംഗരിക്കുന്നു. ഞാൻ ശ്രദ്ധിക്കുന്നതു കണ്ടു രാധ പുഞ്ചിരിച്ചു. ''വയസ്സോ പ്രായവ്യത്യാസമോ ഇവിടെ വലിയ പ്രശ്നമല്ല.''

ഈ അഭിപ്രായത്തിന്റെ ഉദ്ദേശ്യം? അതു് എന്നെ ചിന്താവിഷ്ടനാക്കി. പ്രേമമത്തേൻ തുളുമ്പുന്ന പുഷ്പതല്പജമല്ലേ പ്രപഞ്ചം? അതിൽ ചുററിപ്പാററിക്കൂടുന്നു. അതിൽ ലഹരികൊള്ളുന്നു. മനുഷ്യാത്മാക്കളാകുന്ന ചിത്രശലഭങ്ങരം തേൻ ഉണ്ടുണ്ടു് തൃപ്തിയാളട്ടേ ഉടലു വീഴവോളവും, ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ.

ആയസകേശമോതിരമാലകരംകൊണ്ടു് കിരീടംചൂടിയ സുമുഖനായ ഒരു കറുകറുമ്പൻ നീഗ്രോയുവാവു് ചെഞ്ചുണ്ടുകളും നീലക്കണ്ണുകളുമുള്ള ഒരു വെള്ളക്കാരിപ്പെണ്ണിന്റെ കൈകോർത്തു നടക്കുന്നു. അവരും ഒരു ലൗവിങ്ങ്കപ്പിളാണു്.

ഞാൻ രാധയുടെ മുഖത്തു നോക്കി.

''അപൂർവ്വമാണു്; എങ്കിലും ഇല്ലാതില്ല.''

''സാമുദായികമായി—?''

''പട്ടണങ്ങളിൽ വലിയ കുഴപ്പമില്ല; എങ്കിലും ഏറെക്കുറെ അകല്ച്ചയുണ്ടു്. രണ്ടുപേരും ഉദ്യോഗസ്ഥരായിരിക്കും. അപ്പോരം മററാരെയും കൂസേണ്ടതില്ലല്ലോ. പണമല്ലേ എല്ലാ താരതമ്യങ്ങരംക്കും വ്യത്യാസങ്ങരംക്കും പ്രധാന കാരണം?''

എല്ലാം വലിയ വിശാലതയോടുകൂടിയാണ് രാധയുടെ വീക്ഷണം.

കുഞ്ഞുങ്ങൾ ഫൌണ്ടനടുത്തു ചെന്നുനിന്നു കളിക്കുകയാണ്. അവരുടെ തൊട്ടുപിന്നിൽ അധരപാനംചെയ്യുന്ന ഒരു കപ്പിൾ. ഞാനങ്ങോട്ടു നോക്കുന്നതു രാധ കണ്ടു.

"ഒക്കെ ട്ടീൻ ഏജേർസ്[1] ആണ്. ഇതൊക്കെക്കണ്ടു വളരുന്ന കുഞ്ഞുങ്ങളുടെ കാര്യത്തിൽ എനിക്കു വലിയ ഉൽക്കണ്ഠയുണ്ടു്. നമ്മുടെ നാട്ടാചാരങ്ങൾക്കും സംസ്കാരത്തിനും ഇതൊന്നും ഇണങ്ങുന്നതല്ല."

"വളരെ ശ്രദ്ധിക്കേണ്ടതുണ്ടു്."

വിഷമത്തിൽപ്പെട്ട ഒരു ഇന്ത്യൻസുഹൃത്തിന്റെ മകളുടെ കഥ രാധ കേൾപ്പിച്ചു. ഞാനും ഉൽക്കണ്ഠാകുലനായി.

സംഗീതം—തിയേററിൽനിന്നു്:

കണ്ണിണയ്ക്കാനന്ദം നല്കിയ കാഴ്ചകൾ ചെവിക്കിമ്പംനല്കുന്ന മൃദുലസംഗീതവീചികളെ അല്പനേരത്തേക്കു മറച്ചിരുന്നു. മാളിന്നുള്ളിൽ ഒരു നല്ല എയർക്കണ്ടീഷൻഡ് തിയേറററുണ്ടു്. ഫിലിംഷോ നടന്നുകൊണ്ടിരിക്കുന്നു. ബോർഡ് വച്ചിട്ടുണ്ടു്—'LAST DINGO IN PARIS (R)'. (R) എന്നാൽ Restricted—നിയന്ത്രിതം: കുട്ടികൾക്കു്, 18 കഴിയാത്തവക്കു് (രക്ഷാകർത്താക്കളുടെ സമ്മതംകൂടാതെ) പ്രവേശമില്ല; അശ്ലീലം. (x) എന്നു് അടയാളമിട്ട വേറൊരിനമുണ്ടു്. രതിവൈകൃതികൾ പ്രദർശിപ്പിക്കുന്നു. വെറും തെറി മാത്രമായിരിക്കും. ന്യൂയോർക്കിൽ അവയ്ക്കു പ്രത്യേകം തീയേറററുകൾ ഉണ്ടു്. പ്രായപൂർത്തിയായവക്കു മാത്രമേ പ്രവേശമുള്ളു. മൂന്നു ഡോളർ ടിക്കറെറടുത്താൽ എപ്പോ വേണമെങ്കിലും പ്രവേശിക്കാം. തൃപ്തി തോന്നുന്നതുവരെ, ഒന്നോ രണ്ടോ മൂന്നോ റൗണ്ടു് കാണാം. സാധാരണ കപ്പിളു[2]കളാണു് അങ്ങനെ ആദ്യവസാനക്കാരായിരിക്കുന്നതു്.

"നീ ഇതൊക്കെ കണ്ടിട്ടുണ്ടോ?"

"സാമ്പിൾ കാണാൻ ഒരിക്കൽ പോയി. പിന്നെ കൊന്നാലും പോകുകയില്ലെന്നു വച്ചു."

"അത്രയ്ക്കു കഷ്ടമോ?"

"അച്ഛൻ ഒരിക്കൽ പോയി നോക്കണം. എന്നാലേ മനസ്സിലാകുകയുള്ളു. നമ്മുടെ മാനസികനിലവാരത്തിനു തീരെ പററിയതല്ലെന്നു് എനിക്കു തോന്നി."

രാധ പറയുന്നതൊക്കെ കേട്ടുകൊണ്ടു്, പരസ്പരം കൈകോർത്തു പിടിച്ചും തോളിൽ കൈയിട്ടു പൂട്ടി രസിച്ചും തിയേറററിനുള്ളിൽ പ്രവേശിക്കുന്നവരും നിഷ്ക്രമിക്കുന്നവരുമായ ഇണകളെ കുറച്ചു നേരം നോക്കിനിന്നു.

---

1 13 മുതൽ 19 വരെ പ്രായമുള്ളവർ.

2 മിഥുനങ്ങൾ—സാധാരണ യുവമിഥുനങ്ങൾ.

അവിടെനിന്നു പുറപ്പെടുന്ന സംഗീതമാണ് മാളിനുള്ളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നത്.

റസ്റ്റാറൻറുകൾ: ഇടനാഴിയുടെ ഇരുവശവും റസ്റ്റാറൻറുകളുണ്ട്. വറമണം, പൊരിമണം, മസാലമണം. ഞങ്ങൾ ഒരു റസ്റ്റാറൻറിൽ കയറി, ഓരോ ഐസ്ക്രീം കഴിക്കാൻ. ഇരുന്നുകഴിക്കാൻ സ്ഥലമില്ല. ഹൗസ്ഫുൾ. ഓരോ കോൺക്രീം മേടിച്ചുകൊണ്ട് പുറത്തിറങ്ങി ഒരു പൂച്ചെടിത്തടത്തിലിരുന്നു കഴിച്ചു. അവശിഷ്ടങ്ങളോ ചപ്പുചവറുകളോ കട്ടികൾപോലും നിലത്തിടുന്നില്ല. അവിടവിടെ നാട്ടിയിട്ടുള്ള ട്രാഷ്ബിൻ[1] തുറന്ന് വിക്ഷേപിക്കുന്നതേയുള്ളു. എന്തൊരു വൃത്തിബോധം!

അറപ്പിക്കുന്ന ഒരു രംഗം—എച്ച്. എസ്. എസ്: അറപ്പിക്കുന്ന—ബീഭത്സമായ—ഒരു രംഗം കണ്ടു ഒരു മരത്തടത്തിൽ ഹിപ്പിവേഷക്കാരായ രണ്ടു യുവാക്കന്മാർ കൈകളിൽ ഓരോ ക്രീം കോണുമായി തോളോടുതോളുരുമ്മിയിരിക്കുന്നു. സ്വയം ഉറുഞ്ചുന്നതിന്നുപകരം അവർ പരസ്പരം ഉറുഞ്ചുന്നതിന്നു കോൺക്രീം നീട്ടിപ്പിടിച്ചുകൊടുക്കുന്നു. രസംപിടിച്ച് ഇടയ്ക്കിടെ സ്വയം ഉറുഞ്ചുകയും ചെയ്യുന്നുണ്ട്. അറപ്പോടെ ഞാൻ രാധയെ നോക്കി.

''എച്ച്. എസ്. എസ്. കാർ,'' രാധ പറഞ്ഞു.

''എന്നുവെച്ചാൽ?''

''ഹോമോ സെക്ഷ്വൽ സൊസൈററി.[2] വലിയ ഒരു ഓർഗനൈസേഷനായിത്തീർന്നിട്ടുണ്ട്. പത്രങ്ങളിൽ കാണാം. ആൺ പെൺവിഭാഗങ്ങൾ പ്രത്യേകമായുണ്ട്. വേണ്ടത്ര അംഗീകാരം ലഭിക്കാൻ അവർ ഉററു ശ്രമിക്കുന്നു.''

''ഇത്ര പരസ്യമായി ഈ ഗോഷ്ടിയെന്തിനു്? ഛേ ഛേ!''

''ഇതൊക്കെ ഒരു വെല്ലുവിളിയാണ്. റോഡുനീളെ പരസ്പരം ചുംബിക്കാനും മററും ഇവക്ക് ഒട്ടും കൂസലില്ല!''

ജൂവനലിൻെറ രണ്ടാം സററയർ ഞാനോർത്തു.

മനുഷ്യവർഗ്ഗത്തിനു കളങ്കം കലർത്തുന്ന പ്രകൃതിവിരുദ്ധമായ ഈ വികൃതകാമാസക്തി എവിടെനിന്നു വന്നുകൂടി?—ജൂവനലിനോടു ചേർന്നു ഞാനാലോചിച്ചു; മനസ്താപിച്ചു.

പോലീസ് മേൽനോട്ടം: രണ്ടു പോലീസ് ഓഫീസർമാർ ജാഗ്രതയോടെ ഇടനാഴിയിൽ റോന്തുചുററുന്നുണ്ട്. പോലീസിൻെറ നേക്കു ഭയമോ സങ്കോചമോ ആർക്കുമില്ല. ഉപകർത്താക്കളായേ ഗണിക്കുന്നുള്ളു. അവരുടെ ഭാവവും അങ്ങനെതന്നെ.

അങ്കണപ്പൂങ്കാവിന്നു ചുററുമാണ് ഷോപ്പുകൾ. പുൾഡോർ വലിച്ച് ഒരു പ്രധാന ഷോപ്പിനകത്തു ഞങ്ങൾ കയറി.

---

1 ചവററുപെട്ടി

2 സ്വവർഗ്ഗസംഭോഗസംഘടന

ഷോപ്പിനകം: ഒരു മുന്തിയ അന്താരാഷ്ട്രീയ പ്രദർശനഹാളിനകത്തു കയറിയ മട്ട്, കുറഞ്ഞതു് മുന്നൂറുനാനൂറു പേരെങ്കിലും അവിടെ കൂടീട്ടുണ്ട്.

എട്ടുപത്തു വലിയ ബ്ലോക്കുകളും അമ്പതറുപതു് ഉപബ്ലോക്കുകളുമായി ഹാറം വിഭജിച്ചിരിക്കുന്നു, ഒന്നിൽനിന്നു മറ്റൊന്നിൽ കടക്കാൻ വലിയ തടവൊന്നുമില്ലാത്തവിധം കുട്ടികളുടെ വിഭാഗം, സ്ത്രീകളുടെ വിഭാഗം, പുരുഷന്മാരുടെ വിഭാഗം, അടുക്കളസാധനങ്ങൾ, കൃഷിസാധനങ്ങൾ ഇത്യാദി വലിയ വിഭാഗങ്ങൾ; കുട്ടിക്കുപ്പായങ്ങൾ, കളിപ്പാട്ടങ്ങൾ, ചെരുപ്പുകൾ, കൃത്രിമകേശങ്ങൾ, ബാഗുകൾ, സുഗന്ധദ്രവ്യങ്ങൾ, വാച്ചുകൾ, കണ്ണാടികൾ, പുസ്തകങ്ങൾ, സോപ്പുകൾ, ഉടുപ്പുകൾ, ഇരുമ്പുസാധനങ്ങൾ—സാമാന്യസുഖജീവിതത്തിനാവശ്യമായ സകല സാധനങ്ങളും ചിട്ടയായി അടുക്കി ഓരോ ഉപബ്ലോക്കിലും നിരനിരയായി വെച്ചിരിക്കുന്നു. ഓരോന്നിന്റെയും വില ടൈപ്പുചെയ്ത തുണ്ടുകൾ അവയിലൊട്ടിച്ചിട്ടുണ്ട്. ചുററിനടന്നു് ആവശ്യമുള്ളതെടുക്കണം. വേണ്ടിവന്നാൽ സഹായിക്കാൻ അങ്ങിങ്ങു് ജോലിക്കാർ ജാഗ്രതയോടെ നില്ക്കുന്നു. ഓരോ ബ്ലോക്കിലും ഒന്നോ രണ്ടോ കാഷ്യർ ഉണ്ട്. നല്ല ചൊടിയുള്ള യുവതികൾ. സാധനവുമായി അവരെ സമീപിക്കാൻ വലിയ കൃൂകൾ. അടയാളപ്പെടുത്തിയിട്ടുള്ള വില മുറമുറയായി കൗണ്ടിങ്ങ് മെഷീനിൽ ടൈപ്പുചെയ്യുമ്പോൾ പെട്ടെന്നു് യന്ത്രംതന്നെ കൂട്ടിയ തുക അറിയിക്കുന്നു. കാശു മേടിച്ചിട്ടു്—ചെക്കായാലും മതി—ഒരു ബാഗിൽ സാധനങ്ങളും ബില്ലുംകൂടി അവർ ഉടമസ്ഥരെ ഏല്പിക്കുന്നു.

എന്റെ തിരുവനന്തപുരം ഷർട്ടുകളും പാൻറുകളും ഇവിടത്തെ ഫാഷനു പററുന്നവയല്ല. പുതിയവ മേടിക്കാനാണു് ആദ്യമായൊരുങ്ങിയതു്. ഒക്കെ ഭയങ്കര വില. നല്ല പാൻറിനു് 25, 30, 40 ഡോളർ; നല്ല ഷർട്ടിനു് 15, 20, 25. മൂന്നാലുമാസത്തെ മാത്രം അവശ്യത്തിനുവേണ്ടി ഇത്ര വിലകൂടിയവ മേടിക്കരുതെന്നു ഞാൻ ശഠിച്ചു സീസൺ മാറുമ്പോൾ സാധനങ്ങൾ—വിശിഷ്യ ഡ്രസ്സുകൾ—വിലകുറച്ചു വില്ക്കുന്ന സെയിൽസ് (sales) വിഭാഗങ്ങളുണ്ട്. അങ്ങോട്ടേക്കു് ഞങ്ങൾ മാറി.

സെയിൽസ് വിഭാഗം—സൗജന്യവില്പന: എല്ലാ സാധനങ്ങളും നിശ്ചിതവിലയുടെ ഒരു നല്ല ശതമാനം കുറച്ചു് കാലാകാലങ്ങളിൽ വില്ക്കുന്ന ഏർപ്പാട് എല്ലാ പ്രധാന ഷോപ്പുകളിലുമുണ്ട്. പത്രങ്ങളിൽ വലിയ പരസ്യം കൊടുത്തിരിക്കും. പെയിൻറുകൾ, ബ്രഷുകൾ, ടൈപ്പ്റയിററർ, സൈക്കിൾ തുടങ്ങിയ ഒട്ടനവധി സാധനങ്ങളും സെയിൽസിനു് ഇടാറുണ്ട്. താൽക്കാലികമായ ആവശ്യത്തിനു ഞാൻ രണ്ടു പാൻറും രണ്ടു ഷർട്ടും തെരഞ്ഞെടുത്തു. പാൻറ് ഒന്നിനു് 14 99 ഡോളർ; ഷർട്ടിനു് 9 95 ഡോളർ. മുൻവില 24.99, 15.95. ഇതും കുറിച്ചിട്ടുണ്ട്. ഭയങ്കര തിരക്കാണു് ആ

വിഭാഗത്തിൽ. കാഷ്യരുടെ അടുത്തൊത്താൻ മൂന്നു വലിയ ക്യൂ ഉണ്ട്. രാധ ക്യൂവിൽ നില്ക്കവെ ഞാൻ കുഞ്ഞുങ്ങളുമൊത്ത് ആ ഹാളിനകം ആകെ ഒന്നു ചുററിക്കറങ്ങി.

വമ്പിച്ച വില്പന: വല്ലാത്ത തിരക്കാണ് എല്ലായിടത്തും. പരിശോധന; പുനഃപരിശോധന; തെരഞ്ഞെടുപ്പ്; എങ്ങും ചുറുചുറുക്ക്. ചില സ്റ്റാളുകളിലെ വില്പന കണ്ടുനില്ക്കുന്നതുതന്നെ ബഹുരസം. വിഗ്ഗുകൾ വില്ക്കുന്നിടത്ത് അഞ്ചുമിനിട്ട നിന്നുപോയി. തരുണിമാരുടെ തിരുതകൃതിയാണവിടെ. പ്രൗഢകളും വൃദ്ധകളും ഉണ്ട്. ടോപ്പും വിഗ്ഗും തിരിപ്പനും തെരഞ്ഞെടുക്കുന്ന ധിറുതി. ബ്രൂണററു (ശ്യാമകേശിനി)കൾ നിമിഷത്തിനുള്ളിൽ ബ്ലോണ്ടു(സ്വർണ്ണകേശിനി)കളായി മാറുന്നു. അല്പകേശിനികൾ പുഷ്ഖലകേശിനികളാകുന്നു. കഷണ്ടിക്കാരായ യുവതികളും വൃദ്ധകളും ചേതോഹരമായ കുന്തളഭാരങ്ങളണിഞ്ഞു് നിലക്കണ്ണാടിയിൽ നോക്കി രസിച്ചിട്ട് കൗണ്ടറിൽ വില കൊടുത്തിട്ട പോകുന്നു. ബലംപ്രയോഗിച്ച മാററിയാലേ ഇളകുകയുള്ളു. അങ്ങനെയാണ് വിഗ്ഗുകളുടെ നിർമ്മിതി. പുരുഷന്മാരുടെ ഒരു കറുത്ത വിഗ്ഗെടുത്തു ഞാനൊന്നണിഞ്ഞു കണ്ണാടിയിൽ നോക്കി. 20 വയസ്സെങ്കിലും ചെറുപ്പമായി തോന്നി. നല്ല കൗതുകമുണ്ട്. ഒന്നു മേടിച്ചുകളയാം. 9.99 ഡോളർ മാത്രമേ വിലയുള്ളു. പുനരാലോചനയിൽ വേണ്ടെന്നു വച്ചു.

പുതിയ പുരികങ്ങളും പക്ഷ്മങ്ങളും വില്ക്കുന്നിടത്തും നല്ല തിരക്ക്. നിബിരീസമായ പുരികങ്ങളും പക്ഷ്മങ്ങളും—കറുപ്പും നീലവും പച്ചയും ഇളംവെള്ളയുമുണ്ട്. ഇവ ദിവസംപ്രതി മാറിമാറി അണിയുന്ന ടീച്ചർമാരുണ്ടെന്ന് ഗീത പറഞ്ഞു.

സ്തനാവരണങ്ങൾ, കൃത്രിമസ്തനങ്ങൾ, ബ്രാകൾ, കൃത്രിമ നിതംബങ്ങൾ തുടങ്ങിയ വേഷോപകരണങ്ങൾ വില്ക്കുന്നിടത്തും പെണ്ണുങ്ങളുടെ നല്ല കൂട്ടമുണ്ട്.

കോസ്മെററിക്സ് വിഭാഗത്തിലും സ്ത്രീകളാണ് കൂടുതൽ. പലയിനം സെൻറുകളും അംഗരാഗങ്ങളും പൗഡറുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. സ്പ്രേചെയ്തോ തുറന്നുനോക്കിയോ ഗന്ധപരിശോധന ചെയ്യാം. മിക്കതും മൂന്നാംതരങ്ങൾ. വില ജാസ്തിയും. 14.99, 21.99, 29.95 എന്നൊക്കെ വില കണ്ടു. സ്പിരിട്ട് കൊളോൺ, കാശ്മീർ ബൊക്കേ, മുംതാസ് റോസ് തുടങ്ങിയ ആകർഷകമായ പേരുകൾ നല്കിയിട്ടുണ്ട്.

ചില സാധനങ്ങൾക്ക് അമ്പരപ്പിക്കുന്ന വിലയാണ്. കുഷൻ കസേരകൾക്ക് 349.99; ലിവിങ്ങ് റൂം സെററിന് 1449.95; കോച്ചുകൾക്ക് 999.99. തിരുവനന്തപുരത്തു 25, 30 രൂപയ്ക്കു കിട്ടുന്ന ലതർബാഗുകൾക്ക് 40, 45 ഡോളറാണ്. മററു ലതർസാധനങ്ങൾക്കും വലിയ വിലക്കൂടുതൽ. പക്ഷേ, ഇവയെല്ലാം മേടിക്കുന്ന ധനികന്മാർ ധാരാളമുണ്ട്. വലിയ സാധനങ്ങൾക്കു വില കൊടുത്തേ

ച്ചാൽ മതി; വീട്ടിലെത്തിക്കാനുള്ള ട്രാൻസ്പോർട്ടേഷൻ ഷോപ്പു കാർതന്നെ ചെയ്തുകൊടുക്കും, നിസ്സാരമായ കൂലിക്ക്.

മുകളിലും താഴെയും: ഹാളിൻെറ മദ്ധ്യത്ത് നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എസ്കലേറ്റർ (escalator) എന്ന എലക്ട്രിക് കോണിപ്പടികളുണ്ട്, മുകൾനിലയിലേക്കും കീഴ്നിലയിലേക്കും പോകാൻ. ഇവയിൽ വരിവരിയായി ആളുകൾ ഞെരുങ്ങിനില്ക്കുന്നു. ആദ്യം മുകളിലും പിന്നെ താഴെയും ഞങ്ങൾ ചെന്നു നോക്കി. വലിയ കച്ചവടം രണ്ടിടത്തും നടക്കുന്നു. മുകളിൽ തയ്യൽയന്ത്രങ്ങൾ, സ്റ്റീൽപാത്രങ്ങൾ, കാർപററുകൾ, കട്ടിലുകൾ, സൈക്കിളുകൾ തുടങ്ങിയവയാണ്. ഒരററത്ത് ഒരു ബാർ അററാച്ച്ഡ് കഫേ. വേറൊരിടത്ത് ടോയിലററ്; പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം. അകത്തു കയറി നോക്കി. നല്ല വൃത്തിയും സ്വച്ഛതയും. താഴെ ഇരുമ്പുസാധനങ്ങൾക്കാണ് പ്രാധാന്യം—കത്തികൾ, ചുററികകൾ, വാളുകൾ, ആണികൾ ഇത്യാദി. എല്ലാം പാക്കററുകളിൽ അടുക്കി വിലയിട്ടു വെച്ചിരിക്കുന്നു. വളർത്തുജന്തുക്കളായ കിളികൾ, മത്സ്യങ്ങൾ, മുയലുകൾ തുടങ്ങിയവ—താൽപര്യത്തോടെ നോക്കുന്നവരും മേടിക്കുന്നവരും ഒട്ടനവധിയുണ്ട്. ചെടികളും വിത്തുകളും മേടിക്കുന്നവരും കുറവല്ല.

ഹെയർ ഡ്രസ്സിങ്ങ്: ഒരു മൂലയിൽ ഹെയർ ഡ്രസ്സിങ്ങ് നടക്കുന്നു. ഒളിവോ മറവോ ഇല്ല. നിലക്കണ്ണാടികളുടെ മുമ്പിൽ സ്ത്രീകളും പുരുഷന്മാരും കറങ്ങുംകസേരകളിൽ ഇരുന്നുകൊടുക്കുന്നു. ഒരു സ്ത്രീ ഒരു പുരുഷൻെറ മുടിയും ഒരു പുരുഷൻ ഒരു സ്ത്രീയുടെ മുടിയും ഡ്രസ്സ് ചെയ്യുന്നു. അഞ്ചു മുതൽ ഇരുപത്തഞ്ചുവരെ ഡോളറാണു ചാർജ്. സുവേഷരായ സ്ത്രീപുരുഷന്മാരാണു ബാർബർപ്പണിയെടുക്കുന്നത്. നിശ്ശബ്ദർ, സശ്രദ്ധർ. ഇടവിടാതെ സംസാരിച്ചു പീഡിപ്പിച്ചുകൊണ്ടു മുടിവെട്ടുന്ന ബാർബർ സുകുമാരനെ ഓർത്തുപോയി. ഡ്രസ്സ് ചെയ്യപ്പെടുന്നവർ മാസികയും പുസ്തകവും മററും വായിച്ചുകൊണ്ടു ഗൗരവത്തോടെ ഇരിക്കുന്നു.

മററു ഷോപ്പുകളും മററും—ഒരോട്ടപ്രദക്ഷിണം: മണി എട്ടാകുന്നു. ഗ്രോസറിയിൽക്കൂടി ഒന്നു പോകണം, രാധ പറയുന്നു. ആ ഷോപ്പിൽനിന്നു വെളിയിലിറങ്ങി. ഇടനാഴിയിൽനിന്നു പ്രവേശിക്കാവുന്നവയായി പത്തുനൂറു ഷോപ്പുകൾ അവിടെ വേറെയുമുണ്ട്. ചിലവ മാത്രം പുറത്തുനിന്നൊന്നു നോക്കി. താഴത്തെ നിലയിൽ രാത്രി ഒമ്പതുവരെ പ്രവർത്തിക്കുന്ന ഒരു ബാങ്ക്, പോസ്റ്റാഫീസ്, പ്രസംഗവേദിയോടുകൂടിയ ഒരു വലിയ ഹാൾ, ബൗളിങ്ങ്, ഷട്ടിൽകോക്ക്, ടേബിൾ ടെന്നീസ് തുടങ്ങിയ ഗെയിംസ് നടന്നുകൊണ്ടിരിക്കുന്ന ഹാളുകൾ, പ്രധാനപ്പെട്ട ചില ഓഫീസുകൾ—ഇങ്ങനെ പല സ്ഥാപനങ്ങളും ചുറുചുറുക്കോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു കണ്ടപ്പോൾ ആയിരക്കണക്കിനു പുറത്തു കിടക്കുന്ന കാറു

കളുടെ ആവശ്യം മനസ്സിലാക്കാൻ കഴിഞ്ഞു. എല്ലാം ഒന്നോടിച്ചു നോക്കിയിട്ടു കാർ കിടക്കുന്നിടത്തേക്കിറങ്ങി.

സായാഹ്നം: എട്ടരമണിയായിരുന്നു. പ്രകാശധോരണി ആകാശമെങ്ങും. കാഴ്ചകണ്ടു മതിയാകാത്ത ഭഗവാൻ കർമ്മസാക്ഷി ചക്രവാളത്തട്ടിൽ തിളങ്ങുന്ന പൊന്നാട മൂടി പതുങ്ങി നില്ക്കുയാണ്. കാറിൽ ലൈററ് തെളിക്കേണ്ടിവന്നില്ല. മൂന്നു മൈൽ അകലെയുള്ള സ്റ്റോപ്പ് ആൻഡ് ഷോപ്പ് (Stop & Shop) എന്ന ഗ്രോസറി ഷോപ്പിൽ ഞങ്ങൾ എത്തി.

ഗ്രോസറി ഷോപ്പ്: രണ്ടുമൂവായിരം കാറുകൾ ചുററിനും പാർക്ക ചെയ്തിട്ടുള്ള വലിയൊരു സ്ഥാപനമാണ് സ്റ്റോപ്പ് ആൻഡ് ഷോപ്പ്. തൊട്ടടുത്തു കൊറിവെററ് (Korevette) എന്ന ഒരു സൂപ്പർ മാർക്കററുകൂടിയുള്ളതുകൊണ്ടാണ് ഇത്രവലിയ തിരക്ക്.

കട്ടിക്കണ്ണാടികൊണ്ടു മുൻഭിത്തികൾ നിർമ്മിച്ചിരിക്കുന്നു. അകം നല്ലപോലെ കാണാം. മുൻവശത്തു തുറസ്സായ ഒരു വലിയ വരാന്ത. അവിടെ നാലടി പൊക്കംവരുന്ന സ്റ്റീൽ ചട്ടക്കൂടുള്ള പത്തുമുന്നൂറു ചെറിയ ഉന്തുവണ്ടികൾ അടുക്കിയിട്ടിരിക്കുന്നു. അവയിൽ നിന്നു് ഒന്നു നീക്കിത്തള്ളിക്കൊണ്ടു ഞങ്ങൾ അകത്തു പ്രവേശിക്കേണ്ട വാതിലിലെത്തി. ആളെത്തിയാലുടൻ അതു തനിയേ തുറന്നുതരും. വണ്ടി ഉന്തിക്കൊണ്ടു് അകത്തുകടന്നു. അവിടെ പത്തിരുന്നൂറ് ഉന്തുവണ്ടികളുമായി ആണുങ്ങളും പെണ്ണുങ്ങളും ഗ്രോസറി സാധനങ്ങൾ തെരഞ്ഞെടുത്തു വണ്ടികളിൽ നിറയ്ക്കുന്നു.

പല അണികളായിട്ടാണു സാധനങ്ങൾ നിരത്തിയിട്ടുള്ളതു്. നീണ്ട ഫ്രിഡ്ജുകളിൽ മാംസമത്സ്യാദികളും പഴങ്ങളും പച്ചക്കറികളും പാൽ, തൈരു് തുടങ്ങിയ ഗവ്യങ്ങളും, ഷെൽഫുകളിൽ പഞ്ചസാര, ബ്രഡ്, കേക്ക്, സോപ്പ്, ഉപ്പ്, കപ്പലണ്ടി, കശുവണ്ടി, സുഗന്ധദ്രവ്യങ്ങൾ, ടോയിലററ് പേപ്പറുകൾ—എന്നുവേണ്ട, അടുക്കളയ്ക്കും കുളിമുറിക്കും ആവശ്യമായ സകല സാധനങ്ങളും. പച്ചക്കറികൾ, മുരിങ്ങക്കയും പടവലങ്ങയും ചക്കയും ഒഴികെ എല്ലാമുണ്ട്. വാഴപ്പഴങ്ങൾ—പാളയംതോടനൊഴികെ—എല്ലാം കിട്ടും. വണ്ടി ഉന്തി, ആവശ്യമുള്ള സാധനങ്ങൾ പെറുക്കി നിറച്ചുകൊണ്ടു ഞങ്ങൾ ഓരോ അണിയിലായി മുമ്പോട്ടുനീങ്ങി.

എല്ലാ സാധനങ്ങളിലും വിലക്കുറിപ്പുകൾ ഒട്ടിച്ചിട്ടുണ്ട്. ഇറച്ചികളുടെ കൂട്ടത്തിൽ മാട്ടിറച്ചിക്കാണു പ്രാധാന്യം. മൂന്നു മാസത്തിനുമുമ്പ് കിലോയ്ക്കു് മൂന്നു ഡോളറായിരുന്നതു് ഇപ്പോൾ അഞ്ചായി വർദ്ധിച്ചിട്ടുണ്ട്. ആട്ടിറച്ചിക്ക് രണ്ടാം സ്ഥാനവും കോഴിക്കും താറാവിനും മൂന്നാം സ്ഥാനവുമാണ്. കൊഞ്ച്, അയില, നെത്തോലി തുടങ്ങിയ മത്സ്യങ്ങൾ പൊതികളാക്കിയും അല്ലാതെയും ഫ്രിഡ്ജിൽ വെച്ചിരിക്കുന്നു. ഒക്കെ ഭയങ്കര വില. പച്ചക്കറികൾക്കും വില ജാസ്തിയാണ്. ആപ്പിൾ, ഓറഞ്ച്, ചെറി തുടങ്ങിയ പഴങ്ങൾ ധാരാളം കിട്ടും. പാല് പേസ്റ്റ്ബോർഡ് പെട്ടികളിലാക്കി വച്ചി

രിക്കുന്നു. വളരെ വിലക്കുറവാണ്. യോഗർട്ട് എന്നാണ് തൈര് അറിയപ്പെടുന്നത്. പേപ്പർക്കൂടകളിൽ സൂക്ഷിച്ചിരിക്കുന്നു. കോഴിമുട്ടയ്ക്കു നാലുംകുനാലും വില കൂടിവരുകയാണ്. പണപ്പെരുപ്പത്തിന്റെ കെടുതികൾ കുബേരസാമ്രാജ്യത്തെയും പീഡാകരമായി ബാധിച്ചിരിക്കുന്നു.

അരമണിക്കൂർകൊണ്ട് ഞങ്ങളുടെ ഉന്തുവണ്ടി നിറഞ്ഞു. എല്ലാ കൗണ്ടറിലും വലിയ ക്യൂ ഉണ്ട്. അരമണിക്കൂർ വേണ്ടിവന്നു രാധയുടെ മുറ എത്താൻ. ആവശ്യാനുസരണം മുമ്പോട്ടു കറങ്ങുന്ന ഒരു റോളറിന്റെ തട്ടിൽ സാധനങ്ങൾ പെറുക്കിനിരത്തിയാൽ കാഷ്യറുടെ സമീപത്തേക്ക് അവ നീങ്ങിച്ചെല്ലുന്നു. വില കൗണ്ടിങ്ങ്മെഷീൻ കൂട്ടിക്കഴിയുന്നതും കാഷ് കൊടുക്കുന്നതും വലിയ ബ്രൗൺപേപ്പർ കൂടുകളിൽ സാധനങ്ങൾ പാക്ക്ചെയ്ത് ഞങ്ങളുടെ ഉന്തുവണ്ടിയിൽ വെച്ചുകഴിയുന്നതും എല്ലാം അഞ്ചുമിനിട്ടിനുള്ളിൽ കഴിയുന്നു. വണ്ടി തള്ളിക്കൊണ്ട് 'എക്സിററ്' വാതിലിൽ എത്തിയപ്പോൾ അതു ബഹുമാനപൂർവ്വം തനിയേ തുറന്നുതന്നു. വണ്ടി ഉന്തിക്കൊണ്ടുപോയി എല്ലാം കാറിനുള്ളിൽ പെറുക്കിവെച്ചിട്ട് ഉന്തുവണ്ടി അവിടെത്തന്നെ ഒതുക്കിയിട്ടു. ഒരു ജോലിക്കാരൻ ഉടൻതന്നെ അതെടുത്തുകൊണ്ടുപോയി.

തിരക്കേറിയ പെരുവഴിയിൽക്കൂടി വീട്ടിലേക്കു വിട്ടു.

റിമോട്ട് കൺട്രോൾ സ്വിച്ച്: തെരുവിൽനിന്നു വീട്ടിലെ ഡ്രൈവ്വേയിലേക്കു കയറുന്നതിനു മുമ്പുതന്നെ കാറിനകത്തുണ്ടായിരുന്ന ഒരു ചെറിയ ഡെപ്പിയിലെ സ്വിച്ച് പതുക്കെ ഒന്നമർത്തി. പെട്ടെന്ന് നൂറുവാര അകലെയുള്ള ഗറാഷിന്റെ വാതിൽ ഒച്ചയോടുകൂടി മുകളിലേക്കു പൊങ്ങിക്കയറുന്നതു കണ്ടു. റിമോട്ട് കൺട്രോൾ സ്വിച്ചിന്റെ അത്ഭുതകരമായ പ്രവർത്തനം. വീണ്ടും സ്വിച്ചമർത്തിയാൽ വാതിൽ താനേ അടഞ്ഞുകൊള്ളും. ഡ്യൂപ്ലിക്കേററ് സ്വിച്ച് വേറൊന്ന് വീട്ടിനകത്തും സൂക്ഷിച്ചിട്ടുണ്ട്. വീട്ടിനകത്തുനിന്നുതന്നെ ഗറാഷ് തുറക്കാനും അടയ്ക്കാനും അതുകൊണ്ടു കഴിയും. ചാന്ദ്രവാഹനങ്ങളെയും സ്പേസ്ഷിപ്പുകളെയും ഭൂതലത്തിൽനിന്നു നിയന്ത്രിക്കുന്ന ഭൗതികവിജ്ഞാനവിജയസാമ്രാജ്യത്തിൽ ഇതൊരു വെറും നിസ്സാര വിദ്യമാത്രം.

ടി. വി.: അത്താഴം കഴിഞ്ഞ് 11 വരെ ടി. വി. ശ്രദ്ധിച്ചു. വാർത്തകൾ കേൾക്കുന്നതിനൊത്തു കാണുകയും ചെയ്യാനുള്ള ഭാഗ്യം ഇന്ത്യൻ നഗരങ്ങളിൽ ഏതു പഞ്ചവത്സരപദ്ധതിയിലാണാവോ കൈവരാൻപോകുന്നത്?

യു. എസ്. എ.യിലെ വാർത്തകൾക്കാണു പ്രാധാന്യം. ഒരു വാർത്ത കഴിയുമ്പോൾ ഒരു സചിത്രപരസ്യം. ഇതു് അനുസ്യൂതമായി കണ്ടു. കൂടുതലും കച്ചവടസാധനങ്ങളുടെ പരസ്യമാണ്.

ഉറക്കം വരുന്നില്ല. ഇന്ത്യയിലിപ്പോൾ രാവിലെ എട്ടുമണിയാണ്. അമേരിക്കൻ സമയവുമായി പൊരുത്തപ്പെടാൻ മസ്സിഷ്ക

ത്തിനു വളരെ ദിവസം വേണ്ടിവരുമായിരിക്കാം. കുട്ടികളും രാധയും ഉറങ്ങിക്കഴിഞ്ഞു.

ദിനപ്പത്രങ്ങൾ ലിവ്വിങ്ങ് റൂമിൽ മേശപ്പുറത്തു കിടക്കുന്നു. അവ എടുത്തു നോക്കാം. ഒരു വലിയ കെട്ടുണ്ട്. ക്ഷീണം തോന്നി. രാവിലെയാകാം.

ഡയറിക്കുറിപ്പുകൾ എഴുതി.

പഞ്ചമിച്ചന്ദ്രക്കല ജനാലയിൽക്കൂടി എത്തിനോക്കുന്നു. തലകുത്തനെയാണ് നില. എണീററു നോക്കി. തെററില്ല. കാണുന്നതും കേൾക്കുന്നതും എല്ലാം അത്ഭുതംതന്നല്ലോ!

## 1973 ജൂലായ് 6, വെള്ളിയാഴ്ച

പത്രങ്ങൾ ഒററനോട്ടത്തിൽ: രാവിലെ പത്ര'ക്കെട്ടുകൾ'ക്കു മുമ്പിൽ ചെന്നിരുന്നു. 'കെട്ടുകൾ'—അതിശയോക്തിയല്ല. ന്യൂയോർക്ക് ടൈംസ് 160 ഷീററ്. ബഗ്ഗ്ൻ കൗണ്ടി റിക്കാഡ് 88 ഷീററ്. ന്യൂ ജേർസി ന്യൂസ് 24 ഷീററ്.*

ആഴ്ചയിൽ ആറു ദിവസമേ പത്രങ്ങളുള്ളൂ. ശനി ഒഴിവ്.

ഓരോ പത്രവും പല വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. റിക്കാർഡിൽ പ്രധാന എഡിറേറാറിയൽ വിഭാഗത്തിനു പുറമേ, 'ലൈഫ് സ്റ്റൈൽ', 'കൗണ്ടി ലൈഫ്', സ്പോർട്ട്സ്' എന്നു മൂന്നു വിഭാഗംകൂടിയുണ്ട്.

നേർപകുതിയോളം പരസ്യങ്ങളാണ്. കച്ചവടത്തിൽ പരസ്യത്തിനുള്ള പ്രാധാന്യം ഓരോ പേജിലും കാണാം. സൗജന്യവില്പന നിശ്ചയിച്ചിട്ടുള്ള സാധനങ്ങളുടെ പേര്, ക്വാളിററി, ചിത്രങ്ങൾ, മുൻവില, കുറച്ച വില, ക്രേതാവിനുണ്ടാകുന്ന ലാഭം—ഇങ്ങനെ പലതും ആകർഷകമായി കുറിച്ചിരിക്കുന്നു. 'കൊററിവെററ്' എന്ന സൂപ്പർ മാക്കററിൻെറ 25-ാം വാർഷികം പ്രമാണിച്ചുള്ള സൗജന്യവില്പനയുടെ പരസ്യം എട്ടുപത്തു പേജുണ്ട്. 55 99 വിലയായിരുന്ന ക്യാമറ 39 99 ആയി വില്ക്കുന്നു; അഞ്ചുദിവസത്തേക്കു മാത്രം. ലാഭം 16 ഡോളർ. ഈ ക്രമത്തിൽ പലതും.

'ക്ലാസിഫൈഡ് ആഡ്' മുപ്പതും നാല്പതും പേജുകളിൽ. ഉദ്യോഗാത്ഥികളെ ക്ഷണിക്കുന്നവ, അല്പം പഴക്കംചെന്ന വീട്ടുസാധനങ്ങളുടെ വില്പന, ലേലപ്പരസ്യങ്ങൾ, സിനിമകളുടെ വിവരണങ്ങൾ—ഈ ക്രമത്തിൽ ഒട്ടനവധി പേജുകൾ.

വിവാഹത്തിനു വധൂവരന്മാരെ ആവശ്യപ്പെട്ടുകൊണ്ടുള്ള പരസ്യങ്ങൾ മാത്രം കാണുന്നില്ല. പരസഹായം കൂടാതെ ജീവിതസഖാക്കളെ തെരഞ്ഞുപിടിക്കുന്ന നാട്ടിൽ ഇതാവശ്യമില്ലല്ലൊ.

---

* ഞായറാഴ്ച 300, 200 ഷീററുകളാണ്.

പരസ്യങ്ങളിൽനിന്നു കിട്ടുന്ന വമ്പിച്ച ആദായംകൊണ്ടാണ് ഇത്രയേറെ പേജുള്ള പത്രങ്ങൾ നിസ്സാരവിലയ്ക്കു വില്ക്കാൻ കഴിയുന്നതു്. ന്യൂയോർക്ക് ടൈംസിനു് മാസം 4 ഡോളറേ ഉള്ളൂ. റിക്കാർഡിനു് 3 ഡോളറും. 'ന്യൂസ്' എന്ന വാരിക സൗജന്യമായിട്ടാണു് വിതരണം ചെയ്യപ്പെടുന്നതു്. അതിൽ മുക്കാൽ ഭാഗവും പരസ്യങ്ങളാണു്.

പ്രധാനവാർത്തകൾ സചിത്രങ്ങളാണു്. പ്രസിഡൻറ് നിക്സൻെറ വാട്ടർഗേററ് കേസിൻെറ വികാസപരിണാമങ്ങൾ, വൈസ് പ്രസിഡൻറ് ആഗ്ന്യൂവിനെപ്പററിയുള്ള അപവാദങ്ങൾ, യുദ്ധവാർത്തകൾ, പ്രധാനപ്പെട്ട പ്രാദേശികസംഭവങ്ങൾ, എല്ലാം മൂന്നും നാലും ഫോട്ടോകൾ, കാർട്ടൂണുകൾ, മാപ്പുകൾ ഇവകൊണ്ടു് വ്യക്തവും ഹൃദ്യവുമാക്കിയിരിക്കുന്നു.

ധീരവും സ്വാതന്ത്ര്യവുമായ അഭിപ്രായപ്രകടനത്തിനു യാതൊരു മടിയും കാണുന്നില്ല. പ്രസിഡണ്ടിനെയും വൈസ് പ്രസിഡണ്ടിനെയും രണ്ടു പത്രത്തിലും കർശനമായി വിമർശിച്ചിട്ടുണ്ടു്, ലീഡർ കോളങ്ങളിൽ.

ഇന്ത്യൻവാർത്തകൾ വല്ലതുമുണ്ടോ? ഇല്ലാതില്ല. തടങ്കൽപ്പാളയങ്ങളിൽ പാകിസ്ഥാൻതടവുകാരോടു് നീചമായ പെരുമാററം തുടരുന്നതായി മൂന്നുനാലു പ്രമുഖവ്യക്തികളുമായുള്ള അഭിമുഖസംഭാഷണം രണ്ടു കോളമുണ്ടു്.

പാകിസ്ഥാനിൽ അടുത്തുണ്ടായ വെള്ളപ്പൊക്കത്തിനു വലിയ പ്രാധാന്യം കല്പിച്ചിരിക്കുന്നു. സഹായാഭ്യർത്ഥനയുമായി പ്രസിഡണ്ട് ഭൂട്ടോ വരുന്ന വാർത്തയുമുണ്ടു്.

ഇന്ത്യയോടു പാരുഷ്യവും പാകിസ്ഥാനോടു് മൃദുലതയും സുവ്യക്തം.

വിവാഹം, വിവാഹമോചനം, പുനർവിവാഹം—ഒട്ടനവധി പേജുകൾ. ഒക്കെ സചിത്രങ്ങൾ മിസ്സിസ് മക്കൻസിയായിരുന്ന ഫ്ളേവിയ മിസ്സിസ് വിൽക്കൺസണായി—ഈ ക്രമത്തിലാണു് പ്രഖ്യാപനങ്ങൾ.

മരണവാർത്തകൾ, റോഡപകടങ്ങൾ, കൊള്ളകൾ, കൊലപാതകങ്ങൾ, തീപിടുത്തങ്ങൾ മുതലായ അത്യാഹിതങ്ങളുടെ സചിത്ര വിവരണങ്ങൾക്കും അനവധി പേജുകൾ ഉപയോഗിച്ചിരിക്കുന്നു.

ആകപ്പാടെ ഒന്നു മറിച്ചു നോക്കി. അതിനേ പററൂ.

ലക്ഷക്കണക്കിനു കോപ്പികൾ വിററഴിയുന്ന ഈ പത്രങ്ങൾക്കു വേണ്ടി എന്തുമാത്രം ന്യൂസ്പ്രിൻറാണു് ആവശ്യം 48 സ്റ്റേററുകളിലും ഇതുപോലെ പ്രധാനങ്ങളും അപ്രധാനങ്ങളുമായ അനവധി പത്രങ്ങളും വാരികകളുമുണ്ടു്. എങ്കിലും പേപ്പർക്ഷാമം പിടിപെടാതെ അമേരിക്ക അനുദിനം പത്രപ്രവർത്തനവിഷയത്തിൽ മുന്നേറുന്നു. പേപ്പർ മില്ലുകളും പേപ്പർ വ്യവസായവും പുരോഗമിപ്പിക്കുവാനുള്ള

ഗവണ്മെന്റിന്റെ നിഷ്കർഷ അതുല്യമാണ്. എത്ര ചൂഷണം ചെയ്താലും തീരാത്ത വനവിഭവങ്ങളാണ് ഇവിടെയുള്ളതും.

സുപ്രഭാതം: 6.30 ആയപ്പോൾ കുഞ്ഞുങ്ങൾ ഗുഡ്മോണിങ് പറഞ്ഞുകൊണ്ട് ഓടിയെത്തി.

കിഴക്കേ മുററത്ത് പൊൻപുലരി പുഞ്ചിരിതൂകുകയാണ്. പീയർ, ആപ്പിൾ, ചെറിസുന്ദരിമാർ കോരിത്തരിച്ചുനിൽക്കുന്നു, ദിവാകരകരസ്പർശം പ്രതീക്ഷിച്ച്. നീലച്ചിറകും തത്തച്ചുണ്ടും നീണ്ട വാലുമുള്ള രണ്ടിണപ്രാവുകൾ ഇളംകൊമ്പുകളിൽ തത്തിച്ചാടികളിക്കുന്നു.

''ബ്ളൂ ജേ,'' ഗീത പരിചയപ്പെടുത്തി. തികച്ചും പാശ്ചാത്യർ.

''ഇവിടെ കോഴികളില്ലേ മോളേ?''

"താഴെ ബേസ്മെൻറിലുണ്ട്.'' പ്രീത പറഞ്ഞു.

ഞാൻ താഴേക്കിറങ്ങി, അവററ കൂവാത്തതെന്താണെന്നറിയാൻ ജിജ്ഞാസയോടെ.

''കോഴിയെവിടെ?''

പ്രീത ഫ്രീഡ്ജ് തുറന്നു കാണിച്ചു.

''ചിക്കനൊ ക്കൂട്ടതൽ. ഇന്നലെ അമ്മ മേടിച്ച വലിയ കോഴീമുണ്ട്. ഞങ്ങൾക്ക ചിക്കനൊ ക്കൂട്ടതലിഷ്ടം.''

''ജീവനുള്ള കോഴികളുടെ കാര്യമാ ഞാൻ ചോദിച്ചത്.''

''ഇവിടെയെങ്ങൂല്ല. സൂയിൽ പലേയിനോമുണ്ട്. അവിടെ ഒരു വല്യ കാക്കേമുണ്ട്.''

രാധ ബ്രേക്ഫാസ്റ്റ് തയ്യാറാക്കിക്കഴിഞ്ഞിരുന്നു. നാലു ഗ്യാസ് അടുപ്പും ഒരു ഒവനുമുണ്ട്. 15 മിനിട്ടു ധാരാളം മതി പ്രാതലും മുത്താഴവും തയ്യാറാക്കാൻ. ഓഫീസിലേക്ക് 7.30-നു തിരിക്കും മുമ്പ് എല്ലാം പാകപ്പെടുത്തിവച്ചിട്ടുപോകാൻ ഒരു പ്രയാസവുമില്ല.

''എവിടെയാ ഓഫീസ്? ഇത്ര നേരത്തേ പോകുന്നതെന്തിനാ?''

ഫിഷ് ആൻഡ് നീവ് (Fish & Neave) ലാ ഫേം: ന്യൂയോർക്കിലെ ഫിഷ് ആൻഡ് നീവ് എന്ന സുപ്രസിദ്ധ ലാ ഫേമിലാണ് രാധയുടെ ഉദ്യോഗം. പ്രശസ്തരും പ്രഗല്ഭരുമായ ഒട്ടനവധി ലായർമാർ ചേർന്നു നടത്തുന്നു. അമ്പത്തിമൂന്നു നിലയുള്ള ഒരു സമുന്നത സൗധത്തിലാണ് ഓഫീസ്. ലക്ഷക്കണക്കിനു ഡോളർ ഉൾപ്പെടുന്ന കോൺട്രാക്ററുകൾ, പേററൻറുകൾ, കോപ്പിറൈററുകൾ തുടങ്ങിയവ അന്തർഭവിക്കുന്ന വൻവ്യവഹാരങ്ങൾ ഏറെറടുത്തു നടത്തുന്നു. ഒട്ടനവധി ലായർമാരും, സെക്രട്ടറിമാരും, സ്റ്റെനോഗ്രാഫർമാരും അവിടെ പണിയെടുക്കുന്നു. ഒക്കെ ഉയന്ന ശമ്പളക്കാർ.

''രസതന്ത്രസംബന്ധമായ വിഷയങ്ങളിൽ സഹായങ്ങളും ഉപദേശങ്ങളും നൽകുകയാണ് എന്റെ പ്രധാന ജോലി.'' രാധ പറ

ഞ്ഞു. ''ഹൈസ്ക്കൂളിൽ കെമിസ്ട്രി ടീച്ചറായിരിക്കവേയാണ് രാജി കൊടുത്തിട്ട് ഈ ജോലി സ്വീകരിക്കയുണ്ടായത്.''

''ശമ്പളക്കൂടുതലുണ്ടായിരിക്കാം.''

''ഇല്ല, വളരെ കുറവുമാണ്.''

''പിന്നെ—?''

''പ്രതിമാസം ആയിരത്തി ഇരുനൂറു ഡോളർ ശമ്പളമാണ് സ്ക്കൂളിൽ കിട്ടിക്കൊണ്ടിരുന്നതു്. ഇപ്പോഴാം ടാക്സ് തട്ടിക്കഴിച്ചാൽ ആയിരംപോലുമില്ല. പക്ഷേ, അദ്ധ്യാപകജോലി വലിച്ചെറിയേണ്ടതായിവന്നു.''

''കാരണം?''

അദ്ധ്യാപകജോലി: ''ഞാൻ എത്രയും ഇഷ്ടപ്പെടുന്ന പണിയാണ് അദ്ധ്യാപകവൃത്തി. അഞ്ചാറുകൊല്ലം ഞാൻ അദ്ധ്യാപികയായി ജീവിച്ചതും അതുകൊണ്ടുമാത്രമാണ്. പക്ഷേ, അതിൻെറ അതിക്ലേശം എന്നെ തളർത്തിക്കളഞ്ഞു.''

''എന്തുമാതിരി ക്ലേശം?''—ഒരു ദീർഘകാല അദ്ധ്യാപകൻെറ ജിജ്ഞാസ.

''ഒന്നാമതു് ഡിസിപ്ലിൻതന്നെ. അച്ചടക്കത്തിനു വഴിപ്പെടുത്താൻ വളരെ പ്രയാസമുള്ള ഒരു ഏജ്ഗ്രൂപ്പാണ് ഹൈസ്ക്കൂൾ ക്ലാസുകളിൽ. ആൺപെൺകുട്ടികൾ ഇടകലർന്നിരിക്കുന്നു. അവരുടെ പ്രധാന ഉന്നം പഠിത്തത്തേക്കാൾ ഒരിണയെ തെരഞ്ഞെടുക്കാനാണ്. അവരെ നിയന്ത്രിക്കാനും പഠിത്തത്തിലേക്കു ശ്രദ്ധ തിരിക്കാനും എന്തുമാത്രം പാടുപെടേണ്ടിവരുമെന്നു് ആലോചിച്ചുനോക്കണം. എൻെറ സയൻസ് എക്സ്പെരിമെൻറുകളെക്കാൾ മററു പല എക്സ്പെരിമെൻറുകളിലുമാണ് അവർ ശ്രദ്ധിക്കയും പ്രവത്തിക്കയും ചെയ്തിരുന്നതു്. സംസ്കാരരഹിതമായി സംസാരിക്കാനും പ്രവത്തിക്കാനും അവക്കു് ഒരു കൂസലുമില്ല—''

''വർണ്ണവിവേചനമാണോ?''

''ഒരിക്കലുമല്ല. എൻ്റെ ഒരു സ്നേഹിതയായ വെള്ളക്കാരിയുടെ മുഖത്തുനോക്കി ക്ലാസ്സിൽവെച്ചു് പതിന്നാലുകാരനായ ഒരു പയ്യൻ പറഞ്ഞു: 'You are a liar and a scoundrel' (നീ ഒരു കള്ളിയും പോക്കിരിയുമാണ്). അവരം പരാതിപ്പെട്ടു. കേസ് സ്ക്കൂൾബോഡിൻ്റെ മുമ്പിൽ വന്നു. കുട്ടിയെ ശിക്ഷിക്കാൻ രക്ഷാകർത്താക്കൾ സമ്മതിച്ചില്ല. അവനു് അഭിപ്രായസ്വാതന്ത്ര്യമുണ്ടു്. ടീച്ചർ പറഞ്ഞതു് കള്ളമാണെന്നു് അവനു തോന്നി. കള്ളം പറയുന്നവരം കള്ളിയല്ലേ? കള്ളികൾ നിന്ദാർഹരായ പോക്കിരികളായിരിക്കണമെന്നാണ് അവൻെറ നിഗമനം. അതവൻ തുറന്നുപറഞ്ഞു. താൻ പറഞ്ഞതു് കള്ളമല്ലെന്നു സ്ഥാപിക്കാനേ ടീച്ചക്കു് അവകാശമുള്ളു. പാവം ടീച്ചർ മററൊരുദ്യോഗം കണ്ടുപിടിക്കുന്നതുവരെ വല്ലവിധേനയും അവിടെ തുടർന്നു—''

''വലിയ പ്രയാസമാണല്ലോ!''

''ഈ അച്ചടക്കരാഹിത്യത്തിനു പ്രധാന പ്രേരകമായിരിക്കുന്നതു് സെക്സ് എന്നാണു് എനിക്കു തോന്നിയിട്ടുള്ളതു്.''

''നമ്മുടെ നാട്ടിലും ഈ പ്രശ്നം മിക്സഡ് ക്ലാസ്സുകളിൽ ഇല്ലാതില്ല.''

''പക്ഷേ, ഇത്ര രൂക്ഷമായി അവിടെ കാണുകയില്ല. ആവശ്യത്തിന്റെ പ്രേരണ ഇവിടെ അതിനെ ശക്തതരമാക്കുന്നു. പിന്നെ, സെക്സോളംതന്നെ—സെക്സിനെക്കാളെന്നുപോലും പറയാം—മറ്റൊരു രാക്ഷസശക്തിയും അച്ചടക്കക്കുറവിനു പ്രേരകമായുണ്ടു്.''

''അതെന്താ?''

''പത്തുപന്ത്രണ്ടു വയസ്സു തുടങ്ങി കുട്ടികൾ ലഹരിസാധനങ്ങൾ ഉപയോഗിക്കുന്നു. പലവിധം ചാരായങ്ങൾക്കുപുറമേ കഞ്ചാവുസിഗർ, മറിജ്ജുവാന, എൽ.എസ്.ഡി. ഇവയൊക്കെ വായിൽക്കൂടെയോ ഇൻജക്ഷൻ മുഖേനയോ കുട്ടികൾ ഉള്ളിലാക്കുന്നു. ഇന്നലത്തെ പേപ്പറിലുണ്ടു്, ലിററിൽ ഫെറി (Little Ferry) എന്ന സ്ഥലത്തുള്ള പാർക്കിൽ രാത്രിമുഴുക്കെ വിദ്യാർത്ഥീവിദ്യാർത്ഥിനികൾ ചേർന്നു് കുടിയും സെക്സും നടത്തിവരുന്നതിന്റെ പേരിൽ പോലീസിനു് കർഫ്യൂ ഏർപ്പെടുത്തേണ്ടിവന്നിട്ടുണ്ടെന്നു്.''

''ക്ലാസ്സിനകത്തു് ഇതു വല്ലതും നടക്കുമോ?''

''സെക്കൻഡറി സ്ക്കൂളുകളിൽ ക്ലാസ്സിനകത്തു പുകവലി അനുവദിച്ചിട്ടില്ല. എങ്കിലും ആൺപെൺ പിള്ളേർ വലിക്കാറുണ്ടു്. കോളേജുകളിൽ ക്ലാസ്സിനകത്തിരുന്നുതന്നെ വലിക്കാം. കുടിക്കുകയും ചെയ്യാം. ഇതെല്ലാം ചോദ്യംചെയ്യാൻ പാടില്ലാത്ത മൗലികാവകാശങ്ങൾപോലെയാണു് അവർ ഭാവിക്കുന്നതു്. ഇതിനൊക്കെ അനുകൂലമായി പ്രവർത്തിച്ചു് അവരുടെ അനുഭാവം സമ്പാദിക്കുന്ന അദ്ധ്യാപകരുമുണ്ടെന്നു വരുമ്പോൾ മററുള്ളവരുടെ വിഷമം എത്രത്തോളമായിരിക്കുമെന്നു് ആലോചിച്ചുനോക്കണം.''

''അദ്ധ്യാപകർ അനുകൂലിക്കുന്നതെങ്ങനെ?''

''കഴിഞ്ഞ ഞായറാഴ്ചയിലെ റിക്കാർഡ് പത്രത്തിൽ ലൈഫ് സ്റ്റൈൽ എന്ന ഭാഗം അച്ചൻ എടുത്തൊന്നു നോക്കണം. ഇതേ നോക്കൂ—'' ആ പേപ്പർ കൂട്ടത്തിൽനിന്നു തപ്പിയെടുത്തു് എന്റെ മുമ്പിൽ കൊണ്ടുവെച്ചു. ഞാൻ അതിലൊന്നു കണ്ണോടിച്ചു—

'പരാമസ് ഹൈസ്ക്കൂളിലെ 41 വയസ്സായ ചാൾസ് എം. ലോങ്ങ് എന്ന സയൻസ് അദ്ധ്യാപകനെ ഇന്നലെ അറസ്ററു ചെയ്തിരിക്കുന്നു, 25 ഗ്രാം മറിജ്ജുവാനയും 5 ഗ്രാം ഹാഷിഷും കൈവശം വയ്ക്കുകയും വിദ്യാർത്ഥികൾക്കു വില്ക്കുകയും ചെയ്തു എന്ന കാരണത്താൽ. എഡ്യുക്കേഷൻ ബോർഡിന്റെ സഹായത്തോടുകൂടി പോലീസ് ക്യാപ്ററൻ ജോർജ്ജ് എസ്. എലിയോട്ട് ആണു് അയാളെ തൊണ്ടിസഹിതം പിടിച്ചതു്. E 50 ലിൻവുഡ് (Linwood) അവന്യൂവിൽ താമസിക്കുന്ന ലോങ്ങിനെ 1969-ൽ ഇതേ കാരണത്താൽ അറസ്ററുചെയ്തിരുന്നു. ഒരു വിദ്യാർത്ഥിയിൽനിന്നു് മൂന്നു കൊല്ല

ത്തിനുമുമ്പ പിടിച്ചെട്ടത്ത മരിജ്ജുവാനയാണ് അയാൾ സ്കൂൾ ഡസ്കിൽ സൂക്ഷിച്ചിരുന്നതെന്ന വാദം ഒരു കൗണ്ടി കോർട്ട് ജൂറി സ്വീകരിച്ചതുകൊണ്ട് അന്ന് സ്കൂൾബോർഡ് അയാളെ വീണ്ടും നിയമിക്കുകയുണ്ടായി. പതിനഞ്ചു കൊല്ലമായി ലോങ്ങ് പരാമസ് ഹൈസ്കൂളിലെ അദ്ധ്യാപകനാണ്.'

വേലിതന്നെ വിളവു തിന്നുന്നു! ഞാൻ അമ്പരന്നിരുന്നു. ഭയങ്കരമായ വിദ്യാലയാന്തരീക്ഷം ഭാവനയിൽ കണ്ടു. പാവം രാധ! വളരെ ക്ലേശിച്ചിരിക്കണം ആ ചൂളസ്കൂളിൽ!

''കഴിഞ്ഞ ഞായറാഴ്ചയിലെ ന്യൂയോക്ക് ടൈംസ് അച്ഛനെടുത്തു നോക്കണം. പതിനാറുകാരിയായ വിദ്യാത്ഥിനിയെ മുപ്പതുകാരനായ അദ്ധ്യാപകൻ ഒരു കൊല്ലമായി ഡേററുചെയ്തുവരുന്നതും ഗർഭിണിയായ പെണ്ണിനെ അയാൾ വിവാഹംചെയ്യാനൊരുങ്ങിയപ്പോൾ ആദർശമാനികളായ അച്ഛനമ്മമാർ എതിർത്തതും സംബന്ധിച്ചുള്ള ഒരു കേസിൻെറ രസകരമായ വിവരണങ്ങൾ കാണാം.''

''അതിൻെറ തീരുമാനം എന്തായി?''

''കോടതി തീരുമാനമെടുത്തിട്ടില്ല. യുവതികളായ അദ്ധ്യാപികമാരെ ഡേററു ചെയ്യാൻ ശ്രമിക്കുന്ന വിദ്യാത്ഥികളുടെ കഥയും ചിലപ്പോഴൊക്കെ പേപ്പറിൽ കാണാം. നമുക്ക് ഇതൊക്കെ സങ്കല്പിക്കാൻതന്നെ പ്രയാസമാണ്. ഇപ്പോൾ ശമ്പളം കുറവാണെങ്കിലും എനിക്കു മനസ്സമാധാനവും കൂടുതൽ ആരോഗ്യവുമുണ്ട്,'' രാധ ചിരിച്ചുകൊണ്ടു പറഞ്ഞു.

ഹൈസ്കൂളിലും കോളേജിലുമായി ഇരുപത്തഞ്ചുകൊല്ലത്തിൽ കൂടുതൽ അദ്ധ്യാപകനായിരുന്ന എനിക്ക് അമേരിക്കയിലെ അദ്ധ്യാപകവിദ്യാത്ഥിബന്ധത്തെക്കുറിച്ച് കൂടുതൽ അറിയണമെന്നുള്ള ആഗ്രഹം സ്വാഭാവികമായുണ്ടായി. വിദ്യാലയങ്ങൾ തുറക്കുമ്പോൾ സ്കൂളുകളും കോളേജുകളും നേരിട്ടു സന്ദർശിച്ച് ഇക്കാര്യത്തിൽ സൂക്ഷ്മമായ ഗവേഷണം നടത്തുന്നതിന് ഞാൻ മനസാ തീരുമാനിച്ചു.

രാധയുടെ ഓഫീസ് യാത്ര: രാധയ്ക്ക് 7.30–നുതന്നെ ഓഫീസിലേക്കു തിരിക്കണം. ആകെ അറുപതു മൈൽ ദൂരമേയുള്ളു. കാറിലാണെങ്കിൽ മുക്കാൽ മണിക്കൂർ മതി. പക്ഷേ, ന്യൂയോക്കിൽ പാക്കുചെയ്യാൻ ഒരിടംകിട്ടാൻ പ്രയാസം. അതുകൊണ്ടു വഴിയിൽ ഒരു വലിയ സൂപ്പർമാക്കററിന്റെ പാക്കിങ്ങ്ഗ്രൗണ്ടിൽ കാർ ഇട്ടിട്ട് അടുത്തുവരുന്ന ഓമ്നിബസ്സിൽ കേറും. വാഷിംഗ്ടൺ പാലത്തിനക്കരെ ഇറങ്ങിയിട്ട് ഭൂഗർഭറെയിൽവേവഴി ന്യൂയോക്ക് മദ്ധ്യത്തിലെത്തും. അവിടെനിന്ന് അരഫർലോങ്ങ് നടപ്പേ ഉള്ളു ഓഫീസിലേക്ക്.

''വളരെ പ്രയാസമാണ് രാവിലെയും വൈകുന്നേരവും ഭൂഗർഭറെയിൽവേയാത്ര. തൂങ്ങിനില്ക്കാൻകൂടി ഇടംകിട്ടുകില്ല. അതിസ്പീഡു

കൊണ്ടു് ഉലച്ചു കൊന്നുകളയും. ഒരു ദിവസം അച്ഛൻകൂടി വരണം അരമണിക്കൂർ യാത്ര എത്ര ക്ലേശകരമെന്നറിയാൻ.''

കേട്ടപ്പോഠം കഷ്ടംതോന്നി. ഭംഗിയേറിയ പോണിയാക്കിൽ കേറി സ്റ്റൈലിൽ ഓടിച്ചുപോകുന്നതു കണ്ടപ്പോഠം സന്തോഷവും.

അല്പം പഠിപ്പിക്കൽ: പ്രാതൽ കഴിഞ്ഞു് കേരളപാഠാവലികളും ഇന്ത്യൻ കഥാപുസ്തകങ്ങളുമായി കുഞ്ഞുങ്ങഠം സമീപിച്ചു.

'റ ന വ പ ത'—സുഗമരീതിയിൽ മലയാളാക്ഷരങ്ങഠം എഴുതി പരിശീലിക്കാൻ അവക്കു പ്രയാസം തോന്നിയില്ല. സ്വരവ്യഞ്ജനവിഭജനത്തെക്കുറിച്ചു പഠിപ്പിച്ചതും മനസ്സിലായി.

മാതൃഭാഷയോടുള്ള മമതയും പഠിക്കാനുള്ള ആവേശവും കുട്ടികളിൽ തെളിഞ്ഞുകണ്ടു.

ഇംഗ്ലീഷ് കഥാപുസ്തകങ്ങളിൽനിന്നു് Nala & Damayanti അവർ തെരഞ്ഞെടുത്തു. 'നാലാ ആൻഡ് ഡാമയാൻടി' എന്നു് പ്രീത വായിച്ചു. പുരാണകഥകഠം പലതും രാധ പറഞ്ഞുകൊടുത്തിട്ടുണ്ടു്. നളചരിതം കേട്ടിട്ടില്ല. അവർ താല്പര്യത്തോടെ വായിച്ചു. ഞാൻ വ്യാഖ്യാനിച്ചു.

നളനെന്നൊരു നൃപനുളവായ് വന്നു
ലളിതകളേബരനതിസുകുമാരൻ.

ഇത്യാദി ചില വരികഠം തുള്ളൽകഥയിൽനിന്നും, ഏതാനും ഭാഗങ്ങഠം ആട്ടക്കഥയിൽനിന്നും ചൊല്ലിക്കേഠപ്പിച്ചതു വളരെ രസിച്ചു.

9.30–നു് ടി. വി.യിൽ കുട്ടികഠംക്കുവേണ്ടിയുള്ള പ്രോഗ്രാമുണ്ടു്. Flying Nun എന്നൊരു തുടർചിത്രീകരണം. അതു കണ്ടുകൊണ്ടിരിക്കെ ഞാൻ മയങ്ങി.

പാമിൻെറ ഫോൺകാഠം: 12 30–നു് ഗീത വിളിച്ചുണർത്തി. മസാച്ചുസെററ്സിൽനിന്നു പാമിൻെറ ഫോൺകാളുണ്ടു്.

ജീയാണല്ലോ?—അതേ—ഗുഡ്മോണിങ്. ഞാൻ തിങ്കളാഴ്ച അങ്ങെത്തും. സുഖമാണല്ലോ?—അതേ—ഇവിടെ ഞാൻ തനിയെ ഉള്ളു. വലിയ ഏകാന്തത. രാധയ്ക്കും കുഞ്ഞുങ്ങഠംക്കും സുഖമാണല്ലോ?—അതെ—ഇവിടെ നല്ല സുഖശീതളമായ സീസൺ. സമ്മർ വെക്കേഷനു പലേടത്തുനിന്നും സുഖവാസത്തിനെത്തുന്ന ആളുകഠം ഒരുപിടിയുണ്ടു്, ചുറ്റിനും. ഞാൻ അങ്ങു വന്നാലുടൻതന്നെ ഇങ്ങോട്ടു പോരാനുള്ള പ്രോഗ്രാം തീരുമാനിക്കാം—അങ്ങനെയാകട്ടെ—അവിടെ സന്തോഷകരമായ താമസം ആശംസിക്കുന്നു—ഞാനും അങ്ങനെ ആശംസിക്കുന്നു—ശബ്ദമെന്തു് വല്ലാണ്ടു്, അസുഖം വല്ലതുമാണോ? — ഒന്നുമില്ല, നല്ല സുഖംതന്നെ — ബൈ ബൈ—ബൈ ബൈ!

രാധയോടു് യാത്രയെക്കുറിച്ചു് എന്തൊക്കെയായിരിക്കും പറഞ്ഞിട്ടുള്ളതു്? രാധ ഒന്നും സംസാരിക്കയുണ്ടായില്ലല്ലോ. ഏതായാലും താമസിയാതെ യാത്രയുണ്ടാകും. തീർച്ച. പുതിയ ട്രൗസറുകളും ഷർട്ടുകളും എടുത്തണിഞ്ഞു് നിലക്കണ്ണാടിയിൽ നോക്കി. നല്ലപോ

ലെ ചേരുന്നുണ്ടു്. പ്രായം വളരെ കുറഞ്ഞതായി തോന്നുന്നു. തന്നെത്താൻ ചിരിച്ചുപോയി. ഏതോ ചിത്രത്തിൽ കണ്ടിട്ടുള്ള ഒരു പ്രദേശത്തെ സങ്കല്പിച്ചുകൊണ്ടു് ജനാലയ്ക്കു പുറത്തു് വിദൂരതയിലേക്കു നോക്കി. ഉഗ്രൻ വെയിലിൽ നീണ്ടു നെടുവീർപ്പിടുന്ന ശീതക്കാററു് മരച്ചില്ലകളെ ആട്ടിയുലയ്ക്കുന്നു.

തിരുവനന്തപുരത്തേക്കു കത്തുകൾ എഴുതി. പാമിന്റെ വിവരങ്ങൾ എഴുതണമെന്നു വിചാരിച്ചു. വിട്ടുപോയി.

ലഞ്ചുകഴിഞ്ഞു വിശ്രമിച്ചു.

ഗീത ചായയിട്ടു കൊണ്ടുവന്നു വിളിച്ചു. മണി നാലായിരുന്നു.

ഒരു സായാഹ്നസവാരിക്കു കുട്ടികളെ ക്ഷണിച്ചു. രണ്ടുപേക്കും നല്ല ബൈസക്കിളുണ്ടു്. സൈക്കിൾസവാരിക്കു പററിയ ഉൾവഴികളിൽക്കൂടി പോകാം. രാധയുടെ ബൈക്കു് എനിക്കുപയോഗിക്കാം. ബൈക്കിങ്ങാണു് അവക്കിഷ്ടം. പക്ഷേ, എനിക്കു നാടു കാണണം. നടക്കുന്നതാണു നന്നു് എന്നു തീരുമാനിച്ചു.

വീടു പൂട്ടി ഭദ്രമാക്കി. ഉത്സാഹപൂർവ്വം നടന്നു.

സായാഹ്നസവാരി: കാറിലിരുന്നു കണ്ട പട്ടണത്തിന്റെ ഒരു സമീപവീക്ഷണം. തെരുവുകളുടെയും വീടുകളുടെയും സംവിധാനം എത്ര ചേതോഹരം! റോഡിനു് ഇരുവശവും ചോലവൃക്ഷങ്ങൾ. പുൽത്തകിടികൾ, പൂച്ചെടികൾ, ആകൃതിഭംഗിയോടെ ട്രിംചെയ്ത ഗുല്മങ്ങൾ—എല്ലാം മനോഹരങ്ങൾ!

ആളനക്കമില്ല, വീടുകളിലെങ്ങും. അങ്ങിങ്ങു മൂന്നാലു കുട്ടികളെ മാത്രം കണ്ടു. അഞ്ചാറുമണിയാകണം, ഓഫീസുകളിലും മററും നിന്നു് വീട്ടുകാർ മടങ്ങിയെത്താൻ.

മിക്ക വീടുകളുടെയും വശങ്ങളിൽ ഹോസുകളുടെ അററത്തു ഘടിപ്പിച്ചിട്ടുള്ള ചുററിക്കറങ്ങുന്ന ജലയന്ത്രങ്ങൾ പുൽത്തകിടി മുഴുവനും നനച്ചുകൊണ്ടു് പ്രവത്തിക്കുന്നു. മറിഞ്ഞു പൊങ്ങിവരുന്ന ജലശീകരവഷം വീട്ടിനു ചുററും തണുത്ത അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകമായിരിക്കുന്നു.

കാറുകളുടെ ബഹളവും ആൾസഞ്ചാരവും കുറഞ്ഞ ഒരു റോഡിന്റെ വശത്തുള്ള ഫുട്പാത്തിൽക്കൂടെ ഞങ്ങൾ നടക്കുകയായിരുന്നു. പെട്ടെന്നു് പിന്നിൽനിന്നു് ഒരു വെളുത്തുതടിച്ച യുവതി, ''ഹൈ ഹൈ! ഹൂ ഇസ് ദിസ്?'' എന്നു ചോദിച്ചുകൊണ്ടു് ഞങ്ങളുടെ അടുത്തോടിയെത്തി.

''ഈ വീട്ടിലെ എമ്മ (Emma). ഭയങ്കര പിരിലൂസാണു്. നമുക്കു പോകാം,'' ഗീത ധിറുതിപ്പെട്ടു പറഞ്ഞു.

ഒരു പിരിലൂസ് പെണ്ണു്: നല്ല ശരീരപുഷ്ടിയും ആരോഗ്യവുമുള്ള പെണ്ണു്. 18-ൽ കൂടുകില്ല. വൃത്തമുഖം. ശ്യാമകേശം. ദീപം പോലെ തിളങ്ങുന്ന കരിംകണ്ണുകൾ. സമ്മർ സ്കർട്ടു്. ആകെക്കൂടി

നല്ല ചന്തം. കുഞ്ഞുങ്ങൾ മിണ്ടാത്തതു കണ്ട് എൻെറ മുമ്പിൽ കടന്ന് നല്ല പല്ലുകാട്ടി ചിരിച്ചുകൊണ്ട് ''എവിടന്നാണ്, സുഖമാണോ?'' എന്നു ചോദ്യമായി.

''ഇന്ത്യയിൽനിന്നു് എൻെറ മക്കളെ കാണാൻ എത്തിയതാണ്,'' എന്നു ഞാൻ പറഞ്ഞു.

''കണ്ടാലറിയാം, ഇന്ത്യാക്കാരനാണെന്നു് ഞാൻ ഇന്ത്യാക്കാരെ വളരെ ഇഷ്ടപ്പെടുന്നു.'' എൻെറ ഭുജങ്ങളിൽ അവൾ താല്പര്യത്തോടെ തട്ടിത്തടവി. ''നിങ്ങൾ ഒരു നല്ല ഇൻഡ്യൻ ജൻറിൽമാനാണ്. കണ്ടാലറിയാം. ഞാൻ ഇൻഡ്യൻ പുസ്തകങ്ങൾ ധാരാളം വായിച്ചിട്ടുണ്ട്.''

''ഏതു പുസ്തകമാണ് വായിച്ചിട്ടുള്ളത്?''

''ഒരു രാജാവിൻെറ കഥ. അയാൾക്ക് അനവധി ഭാര്യമാരുണ്ടായിരുന്നു. ഇന്ത്യയിൽ ഒരാൾക്ക് എത്ര ഭാര്യമാർ വേണമെങ്കിലും ആകാം; അല്ലേ?''

ആകാമെന്നു ഞാൻ സമ്മതിച്ചുകൊടുത്തു.

''അയാൾ ഒരുദിവസം നായാടാൻ കാട്ടിൽ പോയപ്പോൾ ഒരു സുന്ദരിയായ കാടത്തിയെ കണ്ടു. അവൾ ഒരു സന്യാസിയുടെ മകളായിരുന്നു. സന്യാസി അറിയാതെ അയാൾ അവളെ പ്രേമിച്ചു. ഒരു കുഞ്ഞുമുണ്ടായി അപ്പോൾ അയാൾ അവളെയും കുഞ്ഞിനെയും ഉപേക്ഷിച്ചിട്ടു പൊയ്ക്കളഞ്ഞു. ഞാൻ കണ്ണീർപൊഴിച്ചുപോയി. (അവളുടെ കണ്ണുകൾ നിറഞ്ഞുകഴിഞ്ഞിരുന്നു) ഇന്ത്യൻ കഥകൾ നല്ല കഥകളാണ്. ഞാൻ അവ വളരെ ഇഷ്ടപ്പെടുന്നു. ഇന്ത്യാക്കാരെയും ഇഷ്ടപ്പെടുന്നു. (അവൾ കണ്ണുനീർ തുടച്ചു.) നിങ്ങൾ അക്കാണുന്ന എൻെറ വീട്ടിലേക്ക് ഇപ്പോൾ കൂടെ വരണം. അച്ഛനും അമ്മയും അവിടെയില്ല. രാത്രിയേ വരുകയുള്ളു. നമുക്കു കുറെ സംസാരിക്കാം ഞാൻ നിങ്ങൾക്കു കൂൾഡ്രിങ്ക് തരാം...വന്നേ തീരൂ.''

അവൾ എൻെറ കൈ മുറുകെ പിടിച്ചുകഴിഞ്ഞിരുന്നു. മാംസളവും പൂമൃദുലവുമായ ഇളംകൈ.

''അപ്പപ്പാ, പോകാൻ പാടില്ല. ഇവൾ ഉപദ്രവിച്ചുവിടും,'' ഗീത മലയാളത്തിൽ പറഞ്ഞു. പ്രീത മററെ കൈയിൽ പിടിച്ചു തൂങ്ങി വലിച്ചു.

അവൾ ഗീതയുടെനേക്കു തിരിഞ്ഞു: ''നീ എന്താ പറയുന്നത്? വന്നുകൂടെന്നാണോ? ഞാൻ ഇന്ത്യാക്കാരെ വളരെ ഇഷ്ടപ്പെടുന്നു. നിങ്ങളെല്ലാവരും വരണം; വന്നേ തീരൂ.''

അടുത്ത തെരുവിലുള്ള ഒരു ഇന്ത്യൻവീട്ടിൽ ഞങ്ങൾ വിസിററിനു പോകയാണെന്നും ലേററാകാൻ പാടില്ലെന്നും ഗീത നല്ല സാമർത്ഥ്യത്തോടെ പറഞ്ഞൊഴിയാൻ ശ്രമിച്ചു.

അവൾക്കു ദേഷ്യമായി. ''അഞ്ചുമിനിട്ടേ വേണ്ടു. അതു കഴിഞ്ഞു പോയാൽ മതി. അമേരിക്കക്കാരുടെ ഔദാര്യം നിങ്ങൾ നേ

രിട്ടു കാണണം. ഈ കുട്ടികളെയും അവരുടെ അമ്മ മിസ്സിസ് പില്ല യേയും എനിക്കറിയാം. ഞാനവരുടെ വീട്ടിൽ പോയിട്ടുണ്ട്. വരൂ. അവരം എന്നെ പിടിച്ചുവലിച്ചുകൊണ്ടു്, ''നിങ്ങരം എൻെറ ക്ഷണം സ്വീകരിക്കാതിരിക്കുന്നതു് അപമാനിക്കലാണു്'' എന്നു പരുഷമായി പറഞ്ഞു.

കൈയ്ക്കു നല്ല ശക്തി.

വെളുത്ത മുഖം രക്തപ്രസരംകൊണ്ടു് ചുവന്നിരിക്കുന്നു.

''ഒന്നു കേറിനോക്കീട്ടു പോകാം മോളെ.''

''അരുതപ്പൂപ്പ്പാ! ഇവരം കടിച്ചുപറിച്ചുകളയും. ഭ്രാന്തിയാണു്. നമുക്കു പോകാം.'' ഗീത സംഭ്രമത്തോടെ പറഞ്ഞു.

മാനസികരോഗിണികളുടെ ബഹുലതയെക്കുറിച്ചു രാധ പറഞ്ഞതു് ഞാനോത്തു.

ബലത്ത കൈപ്പിടി മുറുകീയിരിക്കയാണു്. എനിക്കും ഭയം തോന്നി. ഞങ്ങരം വിസിററിനു തിരിച്ചുകഴിഞ്ഞു എന്നു ഫോണിൽ പറഞ്ഞിട്ടാണു പോന്നതു്. താമസിക്കുന്നതു് മര്യാദകേടാണു്. ഇന്ത്യാക്കാർ വളരെ സമയനിഷ്ഠയുള്ള കൂട്ടരാണു്. മടങ്ങിവരുമ്പോരം ഞങ്ങരം തീച്ചയായും വന്നു് നിങ്ങളുടെ ആതിഥ്യം സ്വീകരിച്ചുകൊള്ളാം, എന്നൊക്കെപ്പറഞ്ഞു് ഒരുവിധം അവളുടെ പിടി വിട്ടുവിച്ചു. ക്ഷണത്തിനു നന്ദിപറഞ്ഞിട്ടു് ഞാൻ നടക്കാൻ ഭാവിച്ചു.

''ഞാൻ കാത്തിരിക്കും. തീച്ചയായും വരണം. ഈ ചെടിവേലിക്കപ്പുറം കയറി വാതിലിലെ കാളിങ്ബെൽ അമത്തിയാൽ മതി. വിട്ടുപോകരുതു്.'' അവരം തുറിച്ചുനോക്കി നില്ക്കുകയാണു്.

''തീച്ചയായും വരാം,'' എന്നു വാഗ്ദാനംചെയ്തിട്ടു് ഞങ്ങരം നടന്നു.

കുഞ്ഞുങ്ങളുടെ ഭയം മാറി.

പരാമസ് ഹൈസ്കൂളിലെ ഒരു ടീച്ചറിൻെറ കവിരം ഇവരം കടിച്ചുമുറിച്ചതുകൊണ്ടു് ഡിസ്മിസ് ചെയ്തതാണെന്നും ഭയങ്കര കിറുക്കിയായതുകൊണ്ടു് വീട്ടിനുള്ളിൽ പൂട്ടിയിട്ടിട്ടാണു് അച്ഛനും അമ്മയും ജോലിക്കു പോകുന്നതെന്നും ഇപ്പോരം എങ്ങനെയോ വാതിൽ തുറന്നു രക്ഷപ്പെട്ടുപോന്നിട്ടുള്ളതാണെന്നും അവളുടെ കഥ വിസ്തരിച്ചു പറഞ്ഞുകൊണ്ടു് കുഞ്ഞുങ്ങരം നടന്നു.

ഫേബിയൻ പാക്ക്: 'കുഞ്ഞുങ്ങരം കളിക്കുന്നു. സ്പീഡ് ലിമിററ് അഞ്ചുമൈൽ '[1] എന്ന ബോർഡ് പാക്കിലേക്കു തിരിയുന്ന എല്ലാ റോഡുകളിലും 100 വാര അകലെ മുന്നറിയിപ്പായി വെച്ചിട്ടുണ്ടു്. പല ചെറിയ തെരുവുകരം ചെന്നവസാനിക്കുന്ന ഒരു ഡെഡ് എൻഡി[2]ലാണു് പാക്കിൻെറ സ്ഥാനം. ഊഞ്ഞാലുകരം,

---

1 Children at play—Speed limit 5 miles.

2 Dead end—വഴിയുടെ അവസാനം. ഗതാഗതം അവിടെ അവസാനിക്കുന്നു.

KOTTAYAM PUBLIC LIBRARY

ബാറുകൾ, ഇരുമ്പുകുതിരകൾ തുടങ്ങി കുഞ്ഞുങ്ങൾക്കു രസപ്രദമായ കളിക്കോപ്പുകൾ മിക്കതും അവിടെ ഉണ്ടു്. പൂച്ചെടികളോ ലതാഗൃഞ്ജങ്ങളോ വലുതായിട്ടൊന്നുമില്ല. പല പ്രായത്തിലുള്ള സുകുമാരശരീരരും സുവേഷരുമായ കുട്ടികൾ അവിടെ കൂടിയിട്ടുണ്ടു്. മിക്കപേരും പല സൈസിലുള്ള സൈക്കിളിലാണു് എത്തിയിട്ടുള്ളതു്. ആരോഗ്യം തുളുമ്പുന്ന ആൺ–പെൺകുട്ടികൾ ചന്തമേറിയ കുപ്പായങ്ങളും പാപ്പാസുകളും അണിഞ്ഞു് തുള്ളിച്ചാടിക്കളിക്കുന്ന കാഴ്ച കണ്ടു് അരമണിക്കൂറോളം ഒരു സിമൻറ് കസാലയിൽ ഞാനിരുന്നു.

ഗീതയുടെ സ്കൂൾമേററുകൾ നാലഞ്ചു വെള്ളപ്പെൺപിള്ളേർ വന്നുചേർന്നു. ഗീത എന്നെ പരിചയപ്പെടുത്തി. എല്ലാപേരും എനിക്കു് ഗുഡ് ഈവനിങ്ങ് പറഞ്ഞു. അല്പം മുതിർന്ന ഒരു പെണ്ണു് പൂപോലുള്ള ഇളംകൈ എൻെറ കൈയിൽവച്ചു് ഷേക്ക്ഹാൻഡ് ചെയ്തുകൊണ്ടു്, ''സുഖമാണോ? എൻെറ പേർ ഗ്രേസി. നിങ്ങൾ അമേരിക്ക ഇഷ്ടപ്പെടുന്നോ?''[1] എന്നു ചോദിച്ചു. എന്തൊരു തൻേറടം!

''നന്ദി, സുഖംതന്നെ. നിങ്ങൾക്കു സുഖമാണല്ലോ? ഞാൻ അമേരിക്കയെ പ്രേമിക്കാൻ തുടങ്ങിയിരിക്കുന്നു. ഞാൻ കണ്ടുമുട്ടുന്നവരെല്ലാം വളരെ നല്ല ആളുകൾ.''

142260

എൻെറ ഉച്ചാരണരീതി അവർ അത്ഭുതത്തോടെ ശ്രദ്ധിക്കുകയാണെന്നു തോന്നി. എല്ലാരും ചിരിച്ചുകൊണ്ടു് വീണ്ടും കാണാം എന്നു പറഞ്ഞിട്ടു് ഊഞ്ഞാലാടാൻ ഓടി.

ഒരു കൊച്ചുപെൺകുട്ടി ഒരു പശുക്കിടാവിനോളം വലിപ്പമുള്ള ഒരു പട്ടിയെ ചെയിനിട്ടു പിടിച്ചുകൊണ്ടു് എൻെറനേർക്കു വന്നു. പട്ടി പെൺകുട്ടിയേയും വലിച്ചുകൊണ്ടു് എന്നെ സമീപിക്കുകയാണു്. ഞാൻ പേടിച്ചൊഴിഞ്ഞു മാറി. ''അവൻ നന്നേ ഇണങ്ങിയവൻ. കടിക്കത്തില്ല. ആറുമാസമേ പ്രായമുള്ളു.''[2] എന്നു കുട്ടി വിളിച്ചുപറഞ്ഞു. ഗീത അതു കേട്ടുകൊണ്ടു ചെന്നു് അതിനെ താലോലിച്ചു. അതു വലിയ വാലാട്ടിക്കൊണ്ടു് അവളെ നക്കി.

കുഞ്ഞുങ്ങളുടെ നിർബ്ബന്ധപ്രകാരം—കിറുക്കി എമ്മയെ ഒഴിഞ്ഞുമാറാൻവേണ്ടി—ഞങ്ങൾ വേറൊരു തെരുവുവഴി വീട്ടിലേക്കു മടങ്ങി. പിറേറദിവസം എന്തായാലും ആ ഭ്രാന്തിയുടെ വീട്ടിൽ തനിയേ ഒന്നു പോകണമെന്നും അവളുമായി സംസാരിച്ചു് അവളുടെ യഥാ

---

1 How do you do? I am Gracy. Do you like America?

Thank you. I'm fine. How do you do? I've begun to love America etc. ആരെയെങ്കിലും കണ്ടാൽ ഔപചാരികമായി സംഭാഷണം തുടങ്ങുന്നതിങ്ങനെയാണു്.

2 ''He is very tame. Won't bite. Only six months old.''

ത്ത മാനസികാവസ്ഥ മനസ്സിലാക്കണമെന്നും തീരുമാനിച്ചു. അതൊരു നല്ല ഗവേഷണപഠനമായിരിക്കുമെന്നും കരുതി.

രാധ വന്നു കാത്തിരിക്കുന്നു.

''അല്പം നേരത്തേ പോന്നതാണ്. അച്ഛനെ ഒരു ഫിലിം കാട്ടാൻ. ഹ്യാക്കൻസ്യാക്ക്[1] എന്ന സ്ഥലത്ത് കുട്ടികൾക്കുംകൂടി കാണത്തക്ക ഒരു ഡ്രൈവ് ഇൻ മൂവി[2] ഉണ്ടെന്ന് പേപ്പറിൽ കണ്ടു. എട്ടു മണി കഴിയും തുടങ്ങാൻ. അത്താഴം കഴിഞ്ഞിട്ടു പോകാമെന്ന് തീരുമാനിച്ചു.''

പത്തു മൈലോളമുണ്ട് തിയേററിലെത്താൻ. ഒരു ടേൺ തെററിപ്പോയതുകൊണ്ട് അഞ്ചു മൈൽ കൂടുതൽ കറങ്ങേണ്ടിവന്നു. എട്ടിന് എത്തിച്ചേർന്നു.

ഡ്രൈവ് ഇൻ മൂവി: ഒരു വിശാലമൈതാനത്തിന്റെ അങ്ങേ അററത്ത് മദ്ധ്യത്തിലായി ഇരുപതടി ഉയരത്തിൽ ഒരു യവനിക നാട്ടിയിട്ടുണ്ട്. യവനികയ്ക്കു മുമ്പിൽ ആയിരത്തിൽപ്പരം കാറുകൾ വരിവരിയായി പാർക്കുചെയ്യുന്നതിനുള്ള സ്പേസ് മാർക്ക് ചെയ്തിട്ടുണ്ട്. ഓരോ കാറിന്റെയും ഇടതുവശത്തു നാലടി പൊക്കത്തിൽ ഓരോ കുററി നാട്ടിയിരിക്കുന്നു. അതിൽ ബലത്ത ചെയിൻകൊണ്ടു ഘടിപ്പിച്ചിട്ടുള്ള ഓരോ മൈക്രോഫോൺ ഉണ്ട്. അതു വിഘടിപ്പിച്ച് കാറിനകത്തു വെയ്ക്കാം. മൂവിയിലെ ശബ്ദതരംഗങ്ങൾ പിടിച്ചെടുത്ത് ആവശ്യംപോലെ പൊക്കുകയോ താഴ്ത്തുകയോ ചെയ്യാവുന്നതാണ്.

ഗേററിൽ അഞ്ചു ഡോളർ കൊടുത്ത് ഞങ്ങൾ മൈതാനത്തിനുള്ളിലേക്കു കാർ വിട്ടു. അഞ്ഞൂറോളം കാറുകൾ പാർക്കുചെയ്തുകഴിഞ്ഞിട്ടുണ്ട്. വരിവരിയായി വന്നുകൊണ്ടിരിക്കയും ചെയ്യുന്നു.

സാധാരണ R, X എന്നീ വകുപ്പിൽപ്പെട്ട ഫിലിമുകളാണ് ഇവിടെ പ്രദർശിപ്പിക്കുക. കൂടുതലും കപ്പിളുകളാണ് കാണികളായി എത്താറുള്ളതും. നല്ല സൗകര്യമുള്ള ഏർപ്പാട്. ചവയ്ക്കാനും കുടിക്കാനും കിടക്കാനും മററും വേണ്ടതൊക്കെ കാറിൽ കൊണ്ടുപോരാം. ബീയർ, വിസ്കി, സിഗരററ്, ചാക്കൊലെററ്, ഐസ്ക്രീം തുടങ്ങിയ സാധനങ്ങൾ ആവശ്യംപോലെ അവിടെത്തന്നെ വിതരണം ചെയ്യാനുള്ള ഏർപ്പാടുമുണ്ട്. നിർബ്ബാധമായി കാറിനകത്തിരുന്ന് എന്തുവേണമെങ്കിലുമാകാം. അഞ്ചു ഡോളറിന് നല്ലൊരു വിഹാരസങ്കേതം ലഭിക്കുക!

8.30 കഴിഞ്ഞു, സൂര്യപ്രകാശം മങ്ങി, ഫിലിം തുടങ്ങാൻ. രണ്ടു കഥ. 1. ചാർളിയും ദേവദൂതനും (Charlie and the Angel), 2. സിൻഡ്രലാ (Cindrella). രണ്ടും കുട്ടികൾക്ക് വളരെ രസിച്ചു.

---

1 Hackensack.

2 Drive-in-movie. കാറുകളിൽ ഇരുന്നുകൊണ്ടുതന്നെ കാണാവുന്ന സിനിമ.

അവതരണം പ്രശംസാവഹം. വിഭാര്യനായ ചാർളിക്കു് രണ്ടു് ആൺമക്കളും ഒരു മകളും. അയാളുടെ മരണദിവസം അടുത്തിരിക്കയാണെന്നു് ഒരു ദേവദൂതൻ പ്രവചിക്കുന്നു. അതുകൊണ്ടു് ആൺമക്കളോടു് കഠിനമായി പ്രയത്നിച്ചു് ജീവിച്ചുകൊള്ളാൻ ചാർളി ആജ്ഞാപിക്കുന്നു. കുട്ടികൾ തങ്ങളറിയാതെതന്നെ രണ്ടു കൊള്ളക്കാരുടെ ജോലിക്കാരായി, പോലീസുകാരുടെ പിടിയിൽ പെട്ടു. കൊള്ളക്കാർ ചാർളിയുടെ വീട്ടിലുള്ള ഒരു മുറിയിൽ കടന്നു് അഭയം പ്രാപിച്ചു. ചാർളിയുടെ മകളും അവളുടെ കാമുകനുംകൂടി കൊള്ളക്കാരെ പിടിക്കാൻ സഹായിച്ചു. ദേവദൂതൻ വീണ്ടും പ്രത്യക്ഷപ്പെട്ടു. ചാർളിയെ മരണത്തിൽനിന്നും രക്ഷിക്കുകമാത്രമല്ല കുട്ടികളെ ആപത്തിൽനിന്നു വിമുക്തരാക്കുകയും ചെയ്തു. സിൻഡ്രെലാ ഒരു കാർട്ടൂൺ ഫിലിമാണു്. ചിത്രങ്ങളുടെ അഭിനയം മുഖേന ഒരു കഥ എത്രയും ഹൃദ്യമായി അവതരിപ്പിച്ചിരിക്കുന്നു. തള്ളയില്ലാത്ത പെൺകുട്ടിയോടു് കഠിനമായി പെരുമാറുന്ന ചിററമ്മയും പാററുന്ന വിഷമങ്ങളും അമളികളും ശിശുഹൃദയങ്ങളിൽ ചലനങ്ങൾ ഉളവാകത്തക്കവിധം ആവിഷ്കരിച്ചിട്ടുണ്ടു്. കുട്ടികളെ ആഹ്ലാദിപ്പിക്കുകയും അതോടൊത്തു് ഹൃദയസംസ്കാരം നേടിക്കൊടുക്കുകയും ചെയ്യുന്ന ഇമ്മാതിരി ഒരു ഫിലിമെങ്കിലും നമുക്കില്ലല്ലോ എന്നു ഞാൻ ഖേദിച്ചു.

11.30–നു് മടങ്ങി. കുഞ്ഞുങ്ങൾ കാറിലിരുന്നുതന്നെ ഉറങ്ങാനാരംഭിച്ചിരുന്നു.

എമ്മായുടെ കഥ: 'എമ്മാ'യുമായുണ്ടായ കൂടിക്കാഴ്ചയെക്കുറിച്ചു് ഞാൻ രാധയോടു പറഞ്ഞു.

''അയ്യോ വെറും സാധുപ്പെണ്ണു്! അച്ഛനമമ്മയും ബാങ്കുജോലിക്കാർ. എന്നെ അന്വേഷിച്ചു് അവൾ ഒരു ദിവസം വന്നിരുന്നു. അവളുടെ അടുക്കളത്തോട്ടത്തിൽനിന്നു് കുറെ ടൊമാറേറാ കൊണ്ടുതന്നു. അച്ഛൻ അവിടെയൊന്നു കേറീട്ടുപോകാഞ്ഞതെന്താണു്?''

''കടിച്ചുകളയും, ഭ്രാന്തി, എന്നൊക്കെ ഗീത ഭയപ്പെടുത്തിക്കളഞ്ഞു.''

''ഹൈസ്കൂളിൽവെച്ചു് ഒരു ലവ്വറുമായി അവൾ ഡേററുചെയ്തു. ആ ശപ്പൻ ഒരു കൂട്ടുകാരനുമൊത്തു പെണ്ണു് അവളെ റേപ്പുചെയ്യാൻ ശ്രമിച്ചു. അവൾ അവൻെറ കവിൾ കടിച്ചുപറിച്ചെടുത്തുകളഞ്ഞു. അവൻെറ പണക്കാരനായ അച്ഛൻ കേസുകൊടുത്തു. കുററക്കാരിയല്ലെന്നു കോടതി വിധിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ അഹങ്കാരിയായ ഒരു ടീച്ചർ ഓപ്പൺക്ലാസിൽവെച്ചു് അവളെ Cheek eater (കവിൾ തിന്നി) എന്നു പരിഹസിച്ചു. ഒട്ടും മടിക്കാതെ അവൾ ഓടിച്ചെന്നു് ആ ടീച്ചറിൻെറ കവിളും കടിച്ചുപറിച്ചെടുത്തു. പിന്നീടവൾ സ്കൂളിൽ പോയില്ല. ഈ കഥയൊക്കെ അവൾതന്നെ എന്നോടു പറഞ്ഞു. എനിക്കു വലിയ അനുകമ്പ തോന്നി.''

''ഞാനവിടെപ്പോയി അവളുമായി സംസാരിക്കുന്നതിൽ തെററില്ലല്ലോ?''

''തെറെറാന്നുമില്ല. വേണമോ എന്നു് അച്ഛൻതന്നെ ആലോചിച്ചിട്ടു ചെയ്യണം.''

ഗവേഷണപരമായ ഒരന്വേഷണം നടത്താമെന്നുതന്നെ ഞാൻ തീരുമാനിച്ചു.

## 1973 ജൂലായ് 7, ശനിയാഴ്ച

രാധയ്ക്കു് ഒഴിവുദിവസം. ശനിയും ഞായറും ഓഫീസുകളൊന്നുമില്ല.

ലാൺ കെയർ: മുററത്തൊരു കോലാഹലം. മൂന്നു ചെറുപ്പക്കാർ. നീലനിക്കറും വെള്ളബ്ബനിയനും. Lawn Care എന്ന കറുത്ത ബാഡ്ജ് ബനിയനിൽ കുത്തിയിട്ടുണ്ടു്. ഒരിനം ചെറിയ മെഷീൻകലപ്പ കൊണ്ടു് പുൽത്തകിടി ആകെയൊന്നിളക്കുകയാണു് ഒരാൾ. മറെറാരാൾ അതിന്റെ പിന്നിൽ വളപ്പൊടി വിതറുന്ന ഒരു പേടകം തള്ളിനീക്കുന്നു. മൂന്നാമൻ ധാരായന്ത്രംകൊണ്ടു് അവിടം നനച്ചു വൃത്തിയാക്കുന്നു. ഞാനതു നോക്കിനില്ക്കവേ രാധ വന്നു.

''എല്ലാം കോളേജിലോ ഹൈസ്കൂളിലോ പഠിക്കുന്ന കുട്ടികളാണു്. ജോലി ചെയ്യാൻ ഒരുക്കമുള്ളവർ വിവരം പ്രിൻസിപ്പാളന്മാരെ അറിയിക്കുന്നു. പേരു്; വയസ്സു്; മേൽവിലാസം; ഫോൺ നമ്പർ; ഏതെല്ലാം ദിവസങ്ങളിൽ, ഏതേതു സമയത്തു്, ഏതേതു സ്ഥലങ്ങളിൽ സേവനം ലഭ്യമാകും; എന്തെല്ലാം ജോലികൾ അറിയാം; ഹോബികൾ; കലാവാസനകൾ—തുടങ്ങിയ എല്ലാ വിവരങ്ങളും പട്ടികയായിച്ചേർത്തു് കുറെ സ്റ്റെൻസിൽ കോപ്പികളെടുത്തു് പ്രിൻസിപ്പാളന്മാർ കോർപ്പറേഷനുകളിലേക്കും ജോലിക്കാരെ ആവശ്യമുള്ള സ്ഥാപനങ്ങളിലേക്കും അയയ്ക്കുന്നു. നമുക്കു ജോലിക്കാരെ ആവശ്യമുണ്ടെങ്കിൽ ഫോണിൽ അറിയിച്ചാൽമതി, ലിസ്റ്റുകൾ ഉടൻ അയച്ചുതരും. കുറച്ചു ലിസ്റ്റുകൾ ഇതാ ഇവിടെ കിടപ്പുണ്ടു്.''

ഒരു ലിസ്റ്റിൽനിന്നു രണ്ടുവരി ഡയറിയിൽ സാമ്പിളായി കുറിച്ചെടുത്തു: ആകെ 120 പേർ ഈ ലിസ്റ്റിലുണ്ടു്:

| Vital statistics | Availability | Comments |
|---|---|---|
| LAURA, LINDEN LANE<br>Mt. Kizco. 666—6914<br>Age 16 | All week ends;<br>After School,<br>until midnight. | Willing tobe mothers helper. Sews, types, cleans house. Experience baby-sitter. Speaks Spanish. Interested in Music. |

''ഇവക്ക് ശമ്പളമെങ്ങനെ?''

''ലാൺ കെയർ അസോസിയേഷനിൽനിന്നു നാളെ ബില്ല വരും. 30, 35 ഡോളർ കാണും. അസോസിയേഷൻ ഇവക്ക് ശമ്പളം കൊടുത്തുകൊള്ളും.''

ജോലി ചെയ്യുന്നതിൽ അഭിമാനം: സാമാന്യം സമ്പന്നരായ അച്ഛനമ്മമാരുള്ള കുട്ടികളാണ് സ്വന്തസമ്പാദ്യത്തിനായി ഇങ്ങനെ ഉദ്യമിക്കുന്നതു്. നമ്മുടെ നാട്ടിൽ ഇമ്മാതിരിയൊന്നു സ്വപ്നംകാണാൻ സാധിക്കുമോ? പട്ടിണിവീട്ടിലെ പിള്ളാരുടെ പത്രാസും വീമ്പും പൊണ്ണത്തവും ഹൊ ഹൊ ഹോ!

''സമ്മർവെക്കേഷനു മൂന്നു മാസവും ഇടവിടാതെ ജോലിചെയ്തു കിട്ടുന്ന പണംകൊണ്ടാണ് കോളേജ്‌വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഫീസും ഹോസ്റ്റൽ ചെലവും വഹിക്കുന്നതു്. ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ല.'' രാധ പറഞ്ഞു.

''അച്ഛനമ്മമാരോ?''

''ഒരു പ്രായപരിധികഴിഞ്ഞാൽ കാൽപൈസപോലും മക്കൾക്ക് അച്ഛനമ്മമാർ കൊടുക്കുന്നില്ല. അതായിരിക്കണം സ്വാശ്രയബോധവും സ്വയംപര്യാപ്തതാചിന്തയും കുട്ടികളിൽ ഉണർത്തുന്നതു്. ഏതായാലും തൊഴിൽ ചെയ്യുന്നതും അങ്ങനെ പണം സമ്പാദിക്കുന്നതും അഭിമാനമായി കരുതുവാൻ അവശ്യം പ്രേരണ നല്കുന്നതു് ഒഴിച്ചുകൂടാൻപാടില്ലാത്ത ആവശ്യം കാരണമാണെന്നാണ് എനിക്കു തോന്നുന്നതു്.''

ബാൻബർഗേർസ് (Banberghers): ബ്രേക്‌ഫാസ്റ്റ് കഴിഞ്ഞു് ബാൻബർഗേർസ് അഥവാ ഗാർഡൻ സ്റ്റേററ് പ്ലാസാ (Garden State Plaza) എന്ന മികച്ച സൂപ്പർ മാക്കററിലേക്കു പോയി. പീപ്പിൾസ് ട്രസ്റ്റ് എന്ന പ്രമുഖ ബാങ്കിന്റെ അവിടെയുള്ള ബ്രാഞ്ചിൽ രാധയുടെ സാലറിച്ചെക്ക് മാറാനും കുറച്ചു സാധനങ്ങൾ മേടിക്കാനും.

ഏററവും മുന്തിയ സൂപ്പർമാക്കററ്—വിപുലതകൊണ്ടും സാധനസാമഗ്രികളുടെ ധാരാളതകൊണ്ടും. ബക്കിൻമാളിനോളം പൊങ്ങിയുള്ള ഒററ മാളികയല്ല. അവിടത്തെക്കാൾ വൈപുല്യമേറിയ പല വിപണികൾ കലർന്നിരിക്കുന്നു. മുപ്പതേക്കറോളംവരുന്ന ഒരു പാർക്കിങ് ഗ്രൗണ്ടിന്റെ മദ്ധ്യത്തു് അല്പം ഉയർന്ന സൈററിലാണ് നില. അനദ്ധ്യായദിവസമായതുകൊണ്ടു് വലിയ തിക്കു്. ഒരു പാർക്കിങ് സ്പേസ് കണ്ടുപിടിക്കാൻ വളരെ ബുദ്ധിമുട്ടി.

പ്രത്യേകം പ്രത്യേകമായ നാല്പതമ്പതു സ്ഥാപനങ്ങളുടെ സമാഹാരം. ഇടയ്ക്കിടയ്ക്കു് പാർക്കുകൾ, പോസ്റ്റാഫീസ്, ബാങ്ക്, സ്റ്റോർ, സിനിമാതിയേററർ, ബസ്‌സ്റ്റാൻഡ്, റസ്റ്റാറന്റുകൾ—ഇങ്ങനെ പലതും വിപണികൾക്കിടയിൽ. ഒരു ക്ഷണികദർശനത്തിനുപോലും രണ്ടുമൂന്നു മണിക്കൂറെങ്കിലും വേണം.

ചെടികളും വളർത്തുജന്തുക്കളും: വളരെ ആകർഷിച്ചതു് സസ്യ നേർസറിയാണു്. ഒരു ബൊട്ടാണിക് ഗാർഡനിൽ ഇത്ര അടുക്കായും വെടിപ്പായും ചെടികൾ സൂക്ഷിക്കാറില്ല. ആകൃതിഭംഗിയുള്ള വാപ്പൂചട്ടികളിൽ അണിനിരത്തിയിട്ടുള്ള ചില ചെടികൾക്കു് 120 ഡോളർവരെ വിലയിട്ടിട്ടുണ്ടു്. നോക്കി തെരഞ്ഞെടുക്കാൻ വലിയ ജനക്കൂട്ടമുണ്ടു്. പുതുതായി വന്നുചേർന്ന പച്ചമുളകുചെടികൾ പ്ലാസ്റ്റിക് ചട്ടികളിൽ നിരത്തിയിരിക്കുന്നു. 1.99 വില. പച്ച ഇലകൾ, വെള്ളപ്പൂക്കൾ, ഇളംപച്ചക്കായ്കൾ, മൂററിയ മഞ്ഞക്കായ്കൾ, പഴുത്ത ചുവന്ന കായ്കൾ,—വർണ്ണവിചിത്രമായ അവയിൽ ഒരെണ്ണം രാധ മേടിച്ചു.

പലയിനം പട്ടിക്കുട്ടികൾ, പൂച്ചക്കുട്ടികൾ, പക്ഷിക്കുഞ്ഞുങ്ങൾ, മുയലുകൾ, മത്സ്യങ്ങൾ, —ഇവയെല്ലാം യോജിച്ച കൂടുകൾക്കകത്തു വെച്ചിരിക്കുന്നു. ഇത്രയേറെ ജനുസ്സുകളിലുള്ള നായ്ക്കുട്ടികളെയും പൂച്ചക്കുട്ടികളെയും എങ്ങനെ ശേഖരിച്ചോ? അത്ഭുതകരമായ വിലകൾ കൊടുത്തു് ഇവയൊക്കെ മേടിച്ചു് താലോലിച്ചു രസിക്കുന്ന പല പ്രായത്തിലുള്ള സ്ത്രീപുരുഷന്മാരെ കണ്ടു.

നെട്ടന്നു മുണ്ടി: ആളുകളുടെ തിക്കിനിടയിൽ പലേടത്തും കാമുകമിഥുനങ്ങളെ കണ്ടു. വളരെ ആകർഷിച്ച ഒരു രംഗം: ആറരയടി പൊക്കമുള്ള സുവേഷനായ ഒരു യുവകോമളൻ. മീശയും കൃതാവും പ്രൗഢവേഷവും. കൈയിൽ തൂങ്ങിയിരിക്കുന്നതു് നാലടിയിൽ താഴെ മാത്രം പൊക്കമുള്ള ഒരു യുവസുന്ദരി. 'നെട്ടന്നു മുണ്ടി' എന്ന പുനത്തിൻെറ പരിഹാസം ഓർത്തുപോയി. അവളുടെ കൈവലിക്കു വഴിപ്പെട്ടു് അവർ നടക്കുന്നതിനിടയിൽ കൂടെക്കൂടെ ചെടിത്തടങ്ങളിലും സിമൻറ് ഡസ്കുകളിലും ഇരുന്നുകൊടുക്കുന്നു, നിന്നുകൊണ്ടു് അവർക്കു ചുംബിക്കാനായി. ഞാൻ ചിരിച്ചുപോയി. രാധ തിരിഞ്ഞു നോക്കി താക്കീതുചെയ്തു. പക്ഷേ, വെള്ളക്കാർതന്നെ പലരും ഇതുകണ്ടു ചിരിക്കുന്നതു ഞാൻ കാണിച്ചുകൊടുത്തു.

ഐസ്ക്രീം സെൻററിൽനിന്നു 4 ക്രീം കോണുകൾ മേടിച്ചു് കുഞ്ഞുങ്ങളുമൊത്തു് അവ ഉറുഞ്ചിക്കൊണ്ടു് ചുററിനടന്നു. ചേര തിന്നും നാട്ടിൽച്ചെന്നാൽ നടുക്കണ്ടം എന്നുണ്ടല്ലോ.

ബാങ്കിൽനിന്നു ചെക്ക് മാറാൻ രണ്ടു നിമിഷമേ വേണ്ടിവന്നുള്ളു. രാത്രി 9 വരെ 12 മണിക്കൂർ പ്രവർത്തിക്കുന്ന സ്ഥാപനമാണു്. ഡ്രൈവ്‌വേയിലെ ക്യൂവിൽ കയറി കാറിലിരുന്നുകൊണ്ടു് ചെക്ക് നീട്ടിക്കൊടുത്താലുടൻ കാശു കിട്ടും. ഒരുമണിയായി പാർക്കിങ് ഗ്രൗണ്ടിൽ മടങ്ങിയെത്തിയപ്പോൾ. 1 30–നു വീട്ടിലെത്തി.

ഡോ. പി. കെ. യുടെ മകൾ: ഡോ. പി. കെ. നാരായണപിള്ളയുടെ മകൾ ജയശ്രീ ജേർസി സിററിയിൽ താമസമാണു്. ഭർത്താവു് രവീന്ദ്രൻനായർ ന്യൂയോർക്കിൽ ഒരു എൻജിനീയറാണു്. എനിക്കു രണ്ടുപേരെയും നേരത്തേ അറിയാം. ഇവിടെ രാധയുടെ

സുഹൃത്തുക്കളാണ്. ഞാൻ വന്നതറിഞ്ഞപ്പോൾ അങ്ങോട്ടു ചെല്ലാൻ ക്ഷണിച്ചിരുന്നു. 3 മണിക്ക് അങ്ങോട്ടു തിരിച്ചു.

ജേർസി സിററി: ന്യൂജേർസിയിൽ വടക്കുകിഴക്കററമുള്ള വമ്പിച്ച നഗരമാണ് ജേർസി സിററി. ന്യൂയോക്ക് തുറമുഖത്തിന്റെ ഒരു പ്രധാന ഭാഗമെന്ന നിലയിൽ പ്രഖ്യാതം. ന്യൂയോക്ക് നഗരം സ്ഥിതിചെയ്യുന്ന 'മൻഹട്ടൻ' ദ്വീപിന്റെ കിഴക്കേത്തെ അഭിമുഖീകരിക്കുന്ന ഒരു ഉപദ്വീപിൽ നിലകൊള്ളുന്നതിനാൽ കപ്പലുകൾക്ക സമീപിക്കാൻ വളരെ സൗകര്യമുണ്ട്. വലിയ വ്യാവസായികകേന്ദ്രമായി വളരാനിടയായതും ഈ സൗകര്യംകൊണ്ടാണ്. രാധയുടെ വീട്ടിൽനിന്ന് 50 മൈലേ ഉള്ളു. സാധാരണഗതിയിൽ അര മുക്കാൽ മണിക്കൂർ മതിയാകും എത്തിച്ചേരാൻ. ഒരു U ടേൺ തെററിപ്പോയതുകൊണ്ട് 15 മൈൽ ചുററിക്കറങ്ങേണ്ടിവന്നു.

ഇരുപതും മുപ്പതും നിലകളുള്ള നിരവധി അപ്പാർട്ടുമെൻറ് മന്ദിരങ്ങൾ അണിയണിയായി നിലകൊള്ളുന്ന തെരുവുകൾ. ഇരുവശവും ഇടവിടാതെ കാർ പാക്കുകൾ. പല ദിക്കുകളിൽനിന്നു് തുറമുഖത്തും മററും പണിയെടുക്കാൻ വരുന്നവരുടെ വാഹനങ്ങളാണ്. ഒരു പാക്കിങ് സ്പേസ് കണ്ടുപിടിക്കാൻ വളരെ വിഷമിച്ചു. ഒരു മാക്കററിന്റെ മുമ്പിൽ കാറിട്ടിട്ട് അവരുടെ വാസസ്ഥാനത്തേക്കു നടന്നു.

അപ്പാർട്ട്മെൻറ് ജീവിതം: ഒരു വലിയ മന്ദിരത്തിന്റെ മൂന്നാം നിലയിലാണ് ജയശ്രീയുടെ താമസം. കുടുസ്സായ ഒരു ബെഡ്റൂം, ഒരു ഡൈനിങ്റൂം, ഒരു ബാത്ത്റൂം, ഒരു കിച്ചൻ, അല്പമാത്രം ബ്യാക്ക് സ്പേസ്—ഇത്രയേ സൗകര്യമുള്ളു. പ്രകാശവും കാററും കമ്മി. രണ്ടു മുറിയിൽ മാത്രമേ എയർ കണ്ടിഷനിങ് ഉള്ളു. വാടക ഇരുനൂററമ്പതു ഡോളർ. ഇമ്മാതിരി ഇരുനൂറും മുന്നൂറും അപ്പാർട്ട്മെൻറുകളാണ് ഓരോ വലിയ വാടകക്കെട്ടിടങ്ങളിലുമുള്ളതു്.

രവീന്ദ്രൻനായർ സ്റ്റേററ്സിൽ വന്നിട്ട് രണ്ടുകൊല്ലമേ ആകുന്നുള്ളു. നല്ലൊരു ഫേമിലാണ് ഉദ്യോഗം. കാറ്, ഫ്രിഡ്ജ്, ടി.വി. സെററ്, ധാരാളം ഗൃഹോപകരണങ്ങൾ ഒക്കെ മേടിച്ചുകഴിഞ്ഞു. എട്ടുമാസം ഗർഭിണിയാണ് ജയശ്രീ പ്രസവം കഴിഞ്ഞാലുടൻ വീടു മേടിക്കാനാണു നിശ്ചയിച്ചിരിക്കുന്നതു്. ആറുവയസ്സായ മകൾ ലക്ഷ്മി മലയാളം മറന്നുവരുകയാണ്. ഗീതപ്രീതമാരുമായി ഇംഗ്ലീഷിലാണു വർത്തമാനം.

ലോറികളുടെയും കാറുകളുടെയും ആളുകളുടെയും ബഹുലതകൊണ്ട് അടുക്കാൻ പ്രയാസമുള്ള തുറമുഖത്തിനടുത്തുകൂടി ഒന്നു ചുററിക്കറങ്ങാനേ പററിയുള്ളു. ഒട്ടനവധി കപ്പലുകളും പത്തേമാരികളും നിരന്നുകിടക്കുന്നതും സാധനങ്ങൾ ഇറക്കുകയും കയററുകയും ചെയ്യുന്നതിന്റെ ബഹളവും ഒററ നോട്ടത്തിൽ കണ്ടു.

എട്ടുമണിക്ക് അത്താഴംകഴിഞ്ഞു മടങ്ങി. വഴി തെളിച്ചുവിടാൻ രവിയും ജയശ്രീയുംകൂടി അവരുടെ കാറിൽ കുറച്ചുദൂരം ഞങ്ങളോടൊത്തു വന്നിരുന്നു.

## 1973 ജൂലായ് 8, ഞായറാഴ്ച

മനസ്സുഖം: നാലിനു് ഉണർന്നു. അരുണോദയം പ്രപഞ്ചമെങ്ങും—മനസ്സിലും—പ്രകാശം പരത്തി. വെളുപ്പിനു കുളി പരമസുഖം. വെള്ളം നിറച്ചു മുങ്ങിക്കുളിക്കാവുന്ന ഓരോ മാർബിൾ ടബ്ബ് മുകളിലും താഴെയുമുണ്ടു്. യഥേഷ്ടം ചൂടുവെള്ളമോ തണുപ്പുവെള്ളമോ കലർത്താം. പതിവുപോലെ പ്രാണായാമവും ധ്യാനവും കഴിഞ്ഞു് 'Life and Teachings of Aravindo' കുറെ വായിച്ചു. അപാരഗഹനത! ജീവാത്മാവാകുന്ന സ്ഫുലിംഗം വളർന്നുയർന്നു് പരമാത്മാവാകുന്ന മഹാഗ്നികുണ്ഡത്തിനു നേർക്കുയരുന്ന പ്രതീതി ഉണർന്നു. ഉത്തേജിതമായ ഉൽകൃഷ്ടചിന്തകളിൽ മുഴുകി വളരെനേരം മാനസികസുഖം നേടി. വഷളായ അന്തരീക്ഷം സൃഷ്ടിച്ചിരുന്ന മലിനചിന്തകളിൽനിന്നു മനസ്സുകന്നുയർന്നു.

എ.കെ.ബി.യുടെ ലൈബ്രറി: അടുത്ത മുറിയിലാണു് എ.കെ.ബി.യുടെ ലൈബ്രറി. നാലു ഷെൽഫ് നിറയെ തെരഞ്ഞെടുത്ത ഒന്നാന്തരം ഗ്രന്ഥങ്ങൾ. ആന്ത്രോപ്പോളജി, സോഷ്യാളജി, എക്കണോമിക്സ്, റിലിജൻ, സെക്സ്, ഫിക്ഷൻ—ഇങ്ങനെ തരംതിരിച്ചിരിക്കുന്നു. കുറെ നല്ല മലയാളഗ്രന്ഥങ്ങളുമുണ്ടു്.

അങ്ങിങ്ങുനിന്നു് ചിലതൊക്കെ എടുത്തു നോക്കി. മിക്കതിലും മാർജിനൽ നോട്ടുകൾ, അവിടവിടെ സരസനിരൂപണങ്ങൾ, വിമർശനക്കുറിപ്പുകൾ, സൂക്ഷ്മപരിശോധനയുടെ ലക്ഷ്യങ്ങൾ. ആന്ത്രോപ്പോളജി വിഭാഗത്തിൽ എ.കെ.ബി.തന്നെ എഴുതി പ്രസിദ്ധീകരിച്ച സിന്ധുതലചീനാസംസ്കാരങ്ങളുടെ പഠനപ്രബന്ധങ്ങൾ മറിച്ചുനോക്കി. അഭിനന്ദനാർഹമായ പരിശ്രമം. ഉയർന്ന ധിഷണാവൈഭവം. മറുനാട്ടുകാർക്കും പൗരേതരന്മാർക്കും ക്ഷിപ്രലഭ്യമല്ലാത്ത 'അസോഷ്യേററ് പ്രൊഫസർ' സ്ഥാനം വിഭാഗം നല്കിയിട്ടുള്ളതു് വെറുതെയല്ലെന്നു മനസ്സിലായി. അഭിമാനം തോന്നി.

ബെസ്റ്റ് സെല്ലർ: ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഈ വർഷത്തെ 'ബെസ്റ്റ് സെല്ലർ'—ഏററവും കൂടുതൽ പ്രതികൾ വിററ ഗ്രന്ഥം—എന്ന പരസ്യം പുറംബയണ്ടിൽ വലിയ അക്ഷരങ്ങളിൽ കണ്ട രണ്ടെണ്ണം മാററിയെടുത്തു, ഒന്നു പരിശോധിക്കാനായി. സാഹിത്യസംബന്ധമായോ ശാസ്ത്രപരമായോ വലിയ മേന്മ എന്തോ കാണണം. പേരുകൾ പ്രതീക്ഷ ജനിപ്പിച്ചു: 'My Secret Life', 'The Happy Hooker'. (എൻെറ രഹസ്യജീവിതം, സന്തുഷ്ടയായ ചുണ്ടക്കാരി.) My Secret Life ഡമ്മി സൈസിൽ 800-ൽ പരം പേജ്;

ഒന്നാന്തരം ആർട്ട് പേപ്പർ; ഫസ്റ്റ്ക്ലാസ് ബയണ്ടിങ്; ചേതോഹരമായ പ്രിൻററിംഗ്. വില ഇരുപതു ഡോളർ. വിഷയം: ഒരു പുരുഷൻെറ ബാല്യകാലം തുടങ്ങിയുള്ള ലൈംഗികകഥ. കുഞ്ഞായിരിക്കുമ്പോൾ തുടങ്ങി കണ്ടതും കേട്ടതും അനുഭവിച്ചതുമായ നൂറുനൂറ് സ്ത്രീപുരുഷന്മാരുടെ സ്വവർഗ്ഗാന്യവർഗ്ഗാദി ലൈംഗികചേഷ്ടകൾ ഒളിവോ മറവോ ലജ്ജയോ സങ്കോചമോ കൂടാതെ സാധാരണക്കാരൻെറ താണവാക്കുകളും അളിഞ്ഞ ശൈലികളും പ്രയോഗിച്ച് തന്മയത്വത്തോടെ വിവരിച്ചിരിക്കുന്നു. അമേരിക്കൻ സാന്മാർഗ്ഗിക ജീവിതത്തിൽ ഉളവായിട്ടുള്ള ബീഭത്സമായ അധഃപതനം, അതിൻെറ സർവ്വവിധ വൈകൃതികളോടുംകൂടി ചിത്രീകൃതമായിരിക്കയാണ്. ഞാൻ സ്തംഭിച്ചിരുന്ന് ഏതാനും ഭാഗങ്ങൾ വായിച്ചു. ഹീനമായ രതിവൈകൃതികളിൽ രസിക്കുന്ന സ്ത്രീപുരുഷന്മാരുടെ ചിത്രീകരണപരമ്പര അറപ്പും വെറുപ്പും ജനിപ്പിക്കുന്നതായി മാത്രമേ അനുഭവപ്പെട്ടുള്ളു. 'ഹ്യാപ്പി ഹുക്കർ' ന്യൂയോർക്ക്നഗരമദ്ധ്യത്തിൽ സോല്ലാസം പുലരുന്ന ഹോളണ്ടുകാരിയായ ഒരു അമേരിക്കൻവേശ്യയുടെ ആത്മകഥയാണു്. അവളുടെ മിനുക്കമേററിയ മേനിപ്പൊൻചൂണ്ടയിൽ കോർക്കപ്പെട്ട നൂറുകണക്കിനു സ്ത്രീപുരുഷന്മാരുമായുള്ള സംഭോഗകഥകളുടെ—നീചവികൃതരതിപ്രക്രിയകളുടെ—മറവുകൂടാത്ത അനുഭവകഥനങ്ങളാണു വിഷയം. ഖ്യാതികേട്ടു തേടിവരുന്ന കുമാരവൃദ്ധപുരുഷന്മാരെപ്പോലെതന്നെ ആവേശത്തോടുകൂടി അണയുന്ന പല പ്രായത്തിലുള്ള സ്ത്രീകളെയും അവൾ സ്വീകരിച്ച് സംതൃപ്തി നല്കി വിടുന്നു. സ്വന്തവിജയത്തിൽ, അനന്യസുലഭമായ സാമർത്ഥ്യത്തിൽ, ഓരോ അവയവത്തിൻെറയും പ്രയോഗചാതുര്യത്തിൽ അവൾ ആഹ്ലാദിക്കുന്നു. ലജ്ജായവനികയോ വാങ്മയമൂടുപടങ്ങളോ അവൾക്കില്ല. പുതിയ വാക്കുകൾ, പുതിയ അനുഭവങ്ങൾ, പുതിയ ചിന്തകൾ—യുവതീയുവാക്കന്മാരെ മാത്രമല്ല, ഇതൊക്കെ വായിക്കാനിടയാകുന്ന ആബാലവൃദ്ധം സ്ത്രീപുരുഷന്മാരെ ഒന്നുപോലെ ഗണികാഗൃഹങ്ങളിലെ ആനന്ദാനുഭൂതിയിലേക്കു് ആകർഷിച്ചാനയിക്കുന്ന ഒരു പരസ്യവിജ്ഞാപനംമാത്രമാണു് ഈ പുസ്തകമെന്നു തോന്നി. മുററിമുരടിച്ച എൻെറ കാമനയെപ്പോലും ഞൊണ്ടിയുണർത്തി ഇക്കിളിപ്പെടുത്തുവാൻ ഇതിലെ പല ഭാഗങ്ങൾക്കും സാധിച്ചുവെന്നുള്ള സത്യം മറയ്ക്കുന്നില്ല. യുവതീയുവാക്കന്മാർ 'കുല വെട്ടിയ കുററിവാഴപോലി'ത്തന്നേ ഇവ വായിക്കയുള്ളു എന്ന കാര്യത്തിൽ സംശയിക്കാനില്ല.

സെൻസറിങ്ങിനു വിധേയമാകാതെ വിജയിക്കുന്ന ഇവ ബെസ്റ്റ് സെല്ലേഴ്സ് ആണെന്നുള്ള വിജ്ഞാപനം എന്നെ വിസ്മയചകിതനാക്കി, ദുഃഖിതനുമാക്കി. പാതാളതലത്തിലേക്കു് എത്രമാത്രം ആഴ്ന്നിറങ്ങിയാൽത്തന്നെ അസ്മാദൃശന്മാർക്കു് ഈ ഗ്രന്ഥകാരപ്രസാധകത്രിവിക്രമന്മാരുടെ ചവിട്ടേററു കഴിയുന്ന പാവനചരിതനായ സാഹിത്യമഹാബലിചക്രവർത്തിയെ ഒന്നു ദർശിക്കാനെങ്കിലും

സാധിക്കും? അരവിന്ദസാഹിത്യാമൃതം ഹൃദയചഷകത്തിൽ നിറച്ചിരുന്ന ആനന്ദത്തുമരന്ദം ഈ ബെസ്റ്റ്സെല്ലർ കഷായംകലർന്ന് കലുഷിതമായി.

വാഷിങ്ങ്: എട്ടുമണി. റോഡിൽ ഒരു മണികിലുക്കം, ഒരു വലിയ ജീപ്പിൽനിന്ന്. നീണ്ട ഒരു പൊതിക്കെട്ടുമായി ഒരു തടിയൻ ധപ്പ ഇറങ്ങിവരുന്നു. അലക്കിത്തേച്ച ട്രൗസറും ടൈയും മിന്നുന്ന ഷൂസുമായി അണയുന്ന ഇയാരും ആരായിരിക്കും?

''പറേറർസൺ ടൗണിലുള്ള ഹിൽസൈഡ്ലാണ്ഡ്രിയിലെ അലക്കകാരനാ,'' രാധ പറഞ്ഞു. ''സൂട്ടുകരം വീട്ടിലലക്കിയാൽ ശരിയാകില്ല. തേച്ചെടുക്കാൻ വലിയ പ്രയാസം.''

പൊതിയും ബില്ലുംകൂടി മേശപ്പുറത്തു വെച്ചു. ആറെണ്ണത്തിനു കൂലി 13.50 ഡോളർ. ഭയങ്കര ചാർജ്ജ്! ഒരാഴ്ച അവധിക്കുള്ള കുറഞ്ഞ ചാർജ്ജാണിതു്. മൂന്നു ദിവസം, ഒരു ദിവസം, മൂന്നു മണിക്കൂർ എന്നൊക്കെ അവധിക്കു് അലക്കും. ഏകദേശം വിലയോടടുക്കുന്ന വമ്പിച്ച കൂലിയായിരിക്കുമെന്നേയുള്ളു.

ബേസ്മെൻറ് മുറിയിൽ ഒരു നല്ല വാഷിങ്ങ്മെഷീനുണ്ടു്. തിളച്ചവെള്ളത്തിലോ തണുത്ത വെള്ളത്തിലോ അലക്കിയുണക്കിത്തരും. അതിന്നു പുറമേയാണു് ലാണ്ഡ്റിയെ അപേക്ഷിക്കേണ്ടിവരുന്നതു്.

ചീരക്കൃഷി: തിരുവനന്തപുരത്തുനിന്നു കൊണ്ടുവന്നിരുന്ന ചീര, മല്ലി, മത്തൻ, പാവൽ വിത്തുകരം അമേരിക്കൻ മണ്ണിൽ കൃഷിയിറക്കുവാൻ കുഞ്ഞുങ്ങളുമൊത്തു് കിഴക്കേ പറമ്പിലിറങ്ങി. പററിയ സീസൺ. ഷവൽ, മൺവെട്ടി, മുപ്പല്ലി തുടങ്ങിയ കൃഷിക്കോപ്പുകരം ബേസ്മെൻറിൽനിന്നു ഗീത എടുത്തുകൊണ്ടുവന്നു. പുൽത്തകിടി ഇളക്കിമാററി, തടം കോരി, വിത്തു പാകണം. പ്രയാസമുള്ള പണിയാണു്. ഒരു മണിക്കൂർ ബുദ്ധിമുട്ടേണ്ടിവന്നു.

നല്ല പശിമരാശിമണ്ണു്. വളം ധാരാളമിട്ടിട്ടുണ്ടു്. കിഴക്കേ ഇറമ്പിൽ മൂന്നു തടമുണ്ടാക്കി. വിത്തുകരം പാകി, ഹോസിൽ ഷവർ ഘടിപ്പിച്ചു നനച്ചു.

മേലേത്തിട്ടിൽ രാധ കൃഷിചെയ്തിട്ടുള്ള പച്ചമുളകു നിറയെ കായ്ച്ചുകിടക്കുന്നു. നാലിഞ്ചു നീളവും മൂന്നിഞ്ചു വ്യാസവുമുള്ള, എരിവു തീരെയില്ലാത്തയിനം. മെഴുക്കുപുരട്ടാൻ നല്ലതാണത്രേ. മൂററിയ കുറേ കായ്കരം കുട്ടികരം പറിച്ചെടുത്തു.

അയലത്തെ കുട്ടികരം: വെട്ടും കിളയും കേട്ടു് വടക്കേ അയലത്തെ മൂന്നു പെൺകുട്ടികരം ഓടിവന്നു. വെളുത്തുരുണ്ട വെന്താമരപ്പൂമൊട്ടുകരം. നീലക്കണ്ണികരം. ധൂമ്രകേശിനികരം. സുവേഷഭൂഷിതർ.

''ഗീതാ, പ്രീതാ, വാട്ട് ഡൂയിങ്ങ്? ഹൂയിസ് ദിസ്?''

ഗീത പരിചയപ്പെടുത്തി.

ലൈല, റീന, ഡീന. 9, 7, 5 വയസ്സ്. (13, 11, 9 തോന്നും.) മൂന്നുപേർക്കും ബൈക്കുണ്ടു്. കൂടെക്കൂടെ കളിക്കാൻ ഓടി

യെത്തും. വഴക്കാളികളും നുണയരുമാണ്. മനസ്സിൽ വിചാരിക്കാത്ത കാര്യംപോലും നാം പറഞ്ഞെന്നോ ചെയ്തെന്നോ ഉണ്ടാക്കിപ്പറയും. വലിയ ശല്യങ്ങൾ ചെയ്യും. എങ്കിലും അടുത്ത അയൽക്കാരായതുകൊണ്ട് പിണക്കിക്കൂടെന്നു് അമ്മ പറഞ്ഞിരിക്കയാണ്.

ഞാൻ ഗ്രാൻഡ് ഫാദറാണെന്നറിഞ്ഞപ്പോൾ കുട്ടികൾ എന്നെ കൗതുകത്തോടെ നോക്കി.

ഗീതയുടെ അമ്മയുടെ അച്ഛനോ?—എന്നോട് ലൈലയുടെ ചോദ്യമാണ്. എന്തൊരു തൻേറടം! എന്തൊരു സൗമനസ്യം!

അതേ.

എത്ര വയസ്സായി?

അറുപതെഴുപതു്.

കള്ളം കള്ളം! മുപ്പത്തഞ്ചു നാല്പതു വരും. നിങ്ങൾ നല്ലപോലെ കിളയ്ക്കുന്നുണ്ടല്ലോ. നല്ല ആരോഗ്യവും.

നിങ്ങൾ പറഞ്ഞതു ശരി. ഗീതയുടെ അമ്മയ്ക്കു് മുപ്പത്തഞ്ചായി. എനിക്കു നാല്പതും. എനിക്കഞ്ചുവയസ്സായിരുന്നപ്പോൾ നാലു വയസ്സായ എൻെറ ഭാര്യ പ്രസവിച്ച കുട്ടിയാണ് രാധ! രാധയ്ക്കു് അഞ്ചു വയസ്സു മൂത്ത ഒരു ജ്യേഷ്ഠനുമുണ്ട്. ഭൂമിയുടെ മറുപുറമായ ഇന്ത്യയിൽ അങ്ങനെയാ!

കൂട്ടച്ചിരിയും കൈകൊട്ടിത്തുള്ളലും!

കള്ളം കള്ളം കള്ളം! മുററിയ കള്ളം! ഹൊഹ്ഹൊഹ്ഹൊ! എൻെറ ഫലിതം അവർ രസിച്ചു ഗീതയും പ്രീതയും കൂടിച്ചേർന്നു ചിരിച്ചു. ''ഗ്രാൻഡ് ഫാദർ വെരി ഫണ്ണി മാൻ!'' അവർ സർട്ടിഫിക്കററു തന്നു.

ബഹളം കേട്ട് രാധ ഇറങ്ങിവന്നു. അയൽക്കാരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നല്കി.

അയൽക്കാർ: വടക്കേവീട്ടിൽ ഒരു ഇററാലിയൻ കാഥ്ലിക് കുടുംബമാണ്. വലിയ പ്യൂരിട്ടൺസ്. കുട്ടികളെ കാഥ്ലിക് സ്കൂളിലാണയയ്ക്കുന്നതു്. അവരുടെ അച്ഛൻ ഒരു മോട്ടോർ വില്പന ഏജൻറാണ്.

അതാണ് പലതരം കാറുകൾ മുററത്തു മാറിമാറി കാണുന്നതു്!

അമ്മയാണ് സദാ സിഗ്രററ് പുകച്ചു നടക്കുന്ന ആ സുന്ദരി.

ജോലിയുണ്ടോ?

ഗൃഹഭരണം. ഭയങ്കരഗർവ്വിഷ്ഠ. മൂന്നു കൊല്ലത്തിനുള്ളിൽ മൂന്നാലുപ്രാവശ്യമേ എന്നോട് അല്പമെന്തോ സംസാരിച്ചിട്ടുള്ളൂ. വലിയ വഴക്കാളികളായതുകൊണ്ട് ഞാനും അടുക്കാറില്ല.

എന്തുമാതിരി വഴക്കാണ്?

ഏജൻറിൻെറ അമ്മ ഒരു വയസ്സിയുണ്ട്.

തലമുടി ചുവന്ന ആ തടിച്ചിയല്ലേ?

ചുവന്നതല്ല. ചുവപ്പിച്ചതാണ്! ഗീത സ്കൂളിൽ പോകുന്ന വഴി അവർ വിളിച്ചുനിർത്തി ഒരുപടി ശകാരിച്ചുവിട്ടു, ഭയങ്കര ചീത്തവാക്കുകൾ!

കാരണം?

ഗീത അവരെ ക്രാബ് (ഞണ്ട്) എന്നു വിളിച്ചു എന്ന് ലൈല നുണപറഞ്ഞുകൊടുത്തു. ഇവൾ സ്വപ്നംപോലും കണ്ടിട്ടില്ലാത്ത കാര്യം. എതിർത്തു പറഞ്ഞതൊന്നും അവർ ശ്രദ്ധിച്ചുപോലുമില്ല. ഗീത കരഞ്ഞുകൊണ്ട് എന്നോടു വന്നു പറഞ്ഞു. ഞാൻ സമാധാനപ്പെടുത്തി. അവരോട് സംസാരിക്കാനേ പോയില്ല.

തെക്കേതിലും പടിഞ്ഞാറേതിലുമുള്ളവരോ?

അവരെയൊക്കെ ഞാൻ നാലഞ്ചുപ്രാവശ്യം കാണുകമാത്രമേ ചെയ്തിട്ടുള്ളൂ. സംസാരിക്കാൻ അവസരം കിട്ടിയിട്ടില്ല.

നിറക്കുറുമ്പാണോ?

ഞാനങ്ങനെയാണ് ആദ്യം വിചാരിച്ചത്. പക്ഷേ, വെള്ളക്കാർ തമ്മിലുള്ള അയൽപക്കപ്പെരുമാററത്തിലും വലിയ വ്യത്യാസം കാണുന്നില്ല. അയൽക്കാർ ആരായാലും ശരി വലിയ ശബ്ദങ്ങൾ തുടർച്ചയായി ഉണ്ടാക്കുകയോ, പരിസരങ്ങൾ വൃത്തികേടാക്കുകയോ, പറമ്പിൽ തീയിട്ടു പുകപരത്തുകയോ ഇൻഡീസൻറായി വസ്ത്രധാരണം ചെയ്യുകയോ മററാ ചെയ്താൽ ഉടനേ കാപ്പ്രേഷനിൽ പരാതികൊടുക്കും. നോട്ടീസ് വരുമ്പോഴേ നാം അറിയുകയുള്ളൂ. അങ്ങനെ ഒന്നു രണ്ടു കേസുകൾ നടക്കുന്നത് എനിക്കറിയാം. ഞങ്ങൾ വളരെ സൂക്ഷിച്ചു ജീവിക്കുകയാണ്.

അയലത്തു സ്നേഹിതരായി ആരുമില്ലേ?

അങ്ങനെ സ്നേഹബന്ധം വെച്ചുപുലർത്താൻ ഇവിടെ ആർക്കും സമയമില്ല. നേരം വെളുത്തുകഴിഞ്ഞാൽ അവരവരുടെ പാടുനോക്കി പോകാനുള്ള ശ്രമങ്ങളായി. രാത്രിയാകും മിക്കവാറും മടങ്ങിയെത്താൻ. ഒഴിവുദിവസങ്ങളിൽ വല്ല വിനോദകേന്ദ്രങ്ങളും തിരക്കിപ്പോവുകയായിരിക്കും. വെക്കേഷൻ സമയവും അങ്ങനെതന്നെ.

സഹായികളായി കൂട്ടുകാർ ആരുമില്ലേ?

പാമിനെപ്പോലുള്ള നല്ല കൂട്ടുകാർ പലരുമുണ്ട്. വളരെ നല്ല മനുഷ്യർ. അച്ഛൻ വന്നതറിഞ്ഞു ചിലരൊക്കെ ക്ഷണിച്ചിട്ടുണ്ട്. നമുക്കു പോയി കാണാം. ചിലരൊക്കെ ഇങ്ങോട്ടു വരാമെന്നും അറിയിച്ചിട്ടുണ്ട്.

ലഞ്ചുകഴിഞ്ഞു പേപ്പർ വായിക്കാനെടുത്തപ്പോൾ ഞാൻ മയങ്ങിപ്പോയി. 4 മണിക്കേ എണീററുള്ളൂ.

പരാമസ് ടൗൺ സൂ: അഞ്ചുമൈൽ അകലെയുള്ള ഒരു മൃഗശാലയിലേക്ക് രാധ ഞങ്ങളെ കൊണ്ടുപോയി. ഒട്ടനവധി കാറുകൾ പാർക്കുചെയ്തിരിക്കുന്നതു കണ്ടപ്പോൾ വിശേഷപ്പെട്ട ഒരു മൃഗശാലയായിരിക്കുമെന്നു ഞാൻ വിചാരിച്ചു. രാധ പറഞ്ഞു:

''ഇവിടെനിന്നു് 150 മൈൽ അകലെ മിൽഫോർഡ്‌ എന്ന സ്ഥലത്തു് Jungle Habitat എന്നൊരു മുന്തിയ വന്യമൃഗശാലയുണ്ടു്. കാണേണ്ട സ്ഥലമാണു്. അടുത്തുതന്നെ അവിടെ പോകാം. ഇവിടെ വലുതായൊന്നുമില്ല.''

എട്ടുപത്തേക്കർ വിസ്തൃതമായ ഒരു താഴ്വര. വൃക്ഷനിബിഡം. ഒരു കൊച്ചരുവി മന്ദഗതിയിൽ ഒഴുകുന്നു. അതിൽ പലനിറത്തിലുള്ള പാത്തകൾ, മാൻ, മ്ലാവു്, മുയൽ തുടങ്ങിയ സസ്യഭുക്കുകളായ കുറെ ജീവികളും കുറെ പറവകളും—കൂട്ടത്തിൽ ഒരു ബലികാക്കയും—ഇത്രതന്നെ പ്രദർശിതജീവികൾ. കാമക്കോമരങ്ങളായ ഒട്ടനവധി യുവമിഥുനങ്ങൾ ശൃംഗാടകശൃംഗാരകേളികളിൽ നിർല്ലജ്ജം മുഴുകിയിരിക്കുന്നതുതന്നെ ഒരു പ്രധാന മൃഗശാലക്കാഴ്ചയായി എനിക്കു തോന്നി. ഇത്രയേറെ കാറുകൾ അവിടെ വന്നുകൂടിയിരിക്കുന്നതിന്റെ ഉദ്ദേശ്യവും മറ്റൊന്നുമല്ലെന്നു മനസ്സിലായി.

എമ്മായുടെ വീട്: മടങ്ങിവന്നതു് എമ്മായുടെ വീട്ടുനടയിൽക്കൂടിയായിരുന്നു. മുററത്തേക്കു താല്പര്യത്തോടെ നോക്കി. മൂന്നാലു ഗാർഡൻ ചെയറുകൾ—മദ്ധ്യത്തു് ഒരു വട്ടമേശ—മേശപ്പുറത്തു പ്ലേററുകളും കപ്പികളും—കസേരകളിൽ രണ്ടു പുരുഷന്മാരും രണ്ടു സ്ത്രീകളും—ഒരു കൂററൻ ജടപ്പട്ടി റോഡിലേക്കു നോക്കി കാവൽകിടക്കുന്നു. അനദ്ധ്യായദിവസമായതുകൊണ്ടു് ഗാർഡൻപാർട്ടിയായിരിക്കാം. എമ്മാ അവിടെയില്ല. എന്താണാവോ?

നാളെ തീർച്ചയായും അവളെ നേരിട്ടു കണ്ടു സംസാരിക്കണം. അതൊരു നല്ല മാനുഷികപഠനമായിരിക്കും. തീർച്ചയായും മടങ്ങിച്ചെല്ലാമെന്നുള്ള വാഗ്ദാനം പാലിക്കാത്തതുകൊണ്ടു് അവൾ ക്രുദ്ധയായിരിക്കുമോ? ഉപദ്രവങ്ങൾ വല്ലതും ചെയ്യുമോ? പേപ്പറുകൾ വായിച്ചപ്പോഴും ഈ ചിന്ത മുന്തിനിന്നിരുന്നു.

## 1973 ജൂലായ് 9, തിങ്കളാഴ്ച

തെററിയ സ്വിച്ച്: വെളുപ്പാൻകാലത്തു് വലിയൊരു മഴ. താഴെ ചെന്നപ്പോൾ രാധ സുഖമായുറങ്ങുന്നു. ഉപദ്രവിക്കേണ്ടെന്നു കരുതി ലൈററിട്ടില്ല. ചായക്കെററിലെടുത്തു് അടുപ്പത്തു വെച്ചിട്ടു് തീ കത്തിക്കാൻ ഒരു സ്വിച്ചമർത്തി. പെട്ടെന്നു് വലിയൊരിരമ്പൽ. ഉള്ളിലെങ്ങാണ്ടു് അണപൊട്ടി വെള്ളം പാഞ്ഞൊഴുകുന്ന ഗംഭീരമുഴക്കം. ഞെട്ടിപ്പോയി. രാധ ഓടിവന്നു് സ്വിച്ച് ഓഫ് ചെയ്തു. വാഷ്ബേസിനിലെ സ്വിച്ച് ഞാൻ തെററായി ഓൺ ചെയ്തുപോയിരുന്നു. പ്ലേററുകളും ഡിഷ്പ്ലേകളുംമററും ബേസിനകത്തു് അടുക്കി നിരത്തിയിട്ടു് ഈ സ്വിച്ച് ഓൺചെയ്താൽ തിളയ്ക്കുന്ന വെള്ളം ഇരമ്പലോടെ പാഞ്ഞുവന്നു് എല്ലാം തേച്ചുകഴുകിത്തുടച്ച

ആവിയിൽ ഉണക്കിത്തരും, പതിനഞ്ചു മിനിട്ടിനകം. ഈ സ്വി ച്ചിൽനിന്നു് രണ്ടടി അകലമേ ഉള്ളൂ അടുപ്പിലെ സ്വിച്ചിന്നു്.

ഒരു സ്വിച്ച് തെററിയാൽ ഇരമ്പലായി, കുഴപ്പമായി. എന്തൊരു ജീവിതം!

പാം വരുന്ന ദിവസമാണു്. അവളെക്കുറിച്ചോ മസാച്ചുസെററ്സ് യാത്രയെക്കുറിച്ചോ രാധ ഒന്നും പറയുന്നില്ല. അങ്ങോട്ടു ചോദിക്കാൻ മനസ്സിൻെറ മൂലയിൽ സങ്കോചം. അവരും മറന്നിരിക്കുമോ?

മെയിൽ—സുപ്രധാന കത്തുകൾ: മെയിൽ കാത്തിരുന്നു. പത്തു മണിയാകണം. ഒരു ഡെലിവറിയേ ഉള്ളൂ. നല്ലൊരു ചെറിയ ജീപ്പിൽ കയറിയാണു് മെയിൽമാൻെറ വരവു്. തെരുവിൻെറ ഒരുവശം മുഴക്കെ തീർത്തിട്ടു് മറുവശം വരും. എല്ലാ വീടുകളുടെയും മുൻവശത്തെ ഭിത്തിയിൽ ഒരു പോസ്റ്റ്ബോക്സ് ഘടിപ്പിച്ചിട്ടുണ്ടാകും. കത്തുകളും മററും അതിലിട്ടിട്ടു പോകും. തീവെയിലത്തും കൊള്ളമഴയത്തും നടന്നോ സൈക്കിൾ ചവിട്ടിയോ വിയത്തുനാറി വന്നു് രണ്ടോ മൂന്നോ പ്രാവശ്യം കത്തുകളുംമററും ഏല്പിക്കുന്ന അല്പശമ്പളക്കാരനായ ഇന്ത്യൻ പോസ്റ്റ്മാനെ ഓർത്തുപോകുന്നു, ഇവിടത്തെ മെയിൽമാൻെറ ഗമ കാണുമ്പോൾ.

രാധയ്ക്കു് നാലു കവറുണ്ടു്. എനിക്കു് ഒന്നും.

എൻേറതു പാമിൻേറതു്. അതാദ്യം തുറന്നു. ഉൽക്കണ്ഠയോടെ വായിച്ചു. മനോഹരമായ കൈപ്പട. കമ്പിസന്ദേശവാക്യങ്ങൾ. ബുധനാഴ്ചയേ വന്നുചേരാനൊക്കൂ. യൂറോപ്പിലേക്കു പോകുന്ന സഹോദരീഭർത്താവിനെ യാത്രയയയ്ക്കാൻ രണ്ടുദിവസംകൂടി താമസിക്കേണ്ടിയിരിക്കുന്നു. ഖേദമുണ്ടു്. സ്നേഹാശംസകൾ! ചൂടോടെ (with warmth) നിങ്ങളുടെ പാം.

ഞാനും ഖേദിച്ചു. ആശംസകളിൽ ആനന്ദിച്ചു. ചൂടിൽ സുഖിച്ചു.

രാധയുടെ കത്തുകൾ പൊട്ടിച്ചുനോക്കി അത്യാവശ്യമുണ്ടെങ്കിൽ ഫോൺമുഖേന ഓഫീസിൽ അറിയിക്കാൻ എന്നെ ചുമതലപ്പെടുത്തിയിട്ടുണ്ടു്. രണ്ടു കവറുകൾ ഇൻഷ്വറൻസ് ഓഫീസുകളിൽ നിന്നാണു്. പ്രതിമാസപ്രീമിയമായ 425-ം 120-ം ഡോളർ പത്താം തീയതിക്കകം അടയ്ക്കാനുള്ള നോട്ടീസുകൾ. മററു രണ്ടും തിരുവനന്തപുരത്തുനിന്നു്. ഒന്നു്, അവളുടെ അമ്മയുടെ: വീട്ടുകാര്യങ്ങൾ സാധാരണഗതിയിൽ നടക്കുന്നു. മറേറതു്, എ. കെ. ബി.-യുടെ: കേരളത്തിലെ ആന്ത്രോപ്പോളജിഗവേഷണങ്ങൾ ദ്രുതഗതിയിൽ നടത്തിക്കൊണ്ടിരിക്കയാണു്; ഓഗസ്റ്റ് അവസാനം മടങ്ങാനൊക്കും.

എല്ലാം ഉടൻതന്നെ രാധയെ അറിയിച്ചു.

വലിയ വീട്ടുചെലവുകൾ കഴിഞ്ഞു് അഞ്ഞൂററമ്പതോളം ഡോളർ പ്രതിമാസം പ്രീമിയമടയ്ക്കാൻ രാധയ്ക്കു സാധിക്കുന്നതിൽ അതിശയിച്ചു. കൗബേരപദവിയോടടുക്കുടിയായിരിക്കും ഇവർ നാട്ടി

ലേക്കു മടങ്ങുന്നതു്. കുടുംബത്തിൻെറ ഭാഗ്യംതന്നെ. വലിയ സന്തോഷം തോന്നി.

ലഞ്ചുകഴിഞ്ഞു് കിടന്നു മയങ്ങി.

വൈകുന്നേരം അയലത്തെ കുട്ടികൾ പിങ്ങ്പോങ്ങ് കളിക്കാനെത്തി. അവൎക്ക് എന്നോടു വലിയ ഇഷ്ടം തോന്നിയിരുന്നു. ഒരു പാക്കററ് ചെറിപ്പഴവുംകൊണ്ടാണു വന്നിരിക്കുന്നതു്.

''ഇതെവിടെനിന്നാ?'' നന്ദിപൂൎവ്വം ചോദിച്ചു.

അവരുടെ ഗ്രാൻഡ്ഫാദറിനു് ഒരു ഗ്രോസറിയിലാണു ജോലി. എന്നും ധാരാളം പഴങ്ങൾ കൊണ്ടുവരും. ഒരപേക്ഷയുമായിട്ടാ വന്നിരിക്കുന്നതു്: ഞാൻകൂടി കളിക്കാൻ കൂടണം എന്നു്.

പക്ഷേ, എനിക്കു കുറച്ചു നടക്കണം. അവർ വഴക്കിടാതെ കളിക്കണമെന്നു് ഉപദേശിച്ചിട്ടു് ഞാൻ നടക്കാനിറങ്ങി, എമ്മായുടെ വീട്ടിനുനേൎക്കു്.

എമ്മാ ഗവേഷണം: ഭയാശങ്കകളോടെയാണു് ആ വീടു സമീപിച്ചതു്. തനിയേ പോന്നതു് ശരിയാണോ? കുഞ്ഞുങ്ങൾക്ക് അങ്ങോട്ടു പോരാൻ ഭയമാണു്. ഭയം മാററിയിട്ടു് കൂടെ കൊണ്ടുപോരേണ്ടിയിരുന്നു. നാട്ടാചാരമൎയ്യാദകളൊന്നും എനിക്കു ശരിക്കറിഞ്ഞുകൂടാ. സംഭാഷണംതന്നെയും ശരിക്കു മനസ്സിലാക്കാൻ പ്രയാസമുണ്ടു്. ഒരു പരിചയവുമില്ലാത്തിടത്തു്—ഒരു പെണ്ണു മാത്രമേ അവിടെയുള്ളൂ എന്നറിഞ്ഞുകൊണ്ടു്—കടന്നുചെല്ലുന്നതു് മൎയ്യാദകേടായിട്ടല്ലേ വ്യാഖ്യാനിക്കാനിടയുള്ളൂ, എന്തെങ്കിലും കുഴപ്പമുണ്ടായാൽ. ഏതായാലും പുറപ്പെട്ടുകഴിഞ്ഞു. ധൈൎയ്യമായി ഗവേഷണം പൂൎത്തിയാക്കുകതന്നെ.

മുററത്തിനു ചുററും നാലടിപ്പൊക്കത്തിൽ വെട്ടിവിട്ട കനത്ത പച്ചിലവേലിയുണ്ടു്. ഗറാഷിലേക്കു നയിക്കുന്ന ഡ്രൈവേയിൽക്കൂടി ഞാൻ ചുവടുവെച്ചുവെച്ചു മുമ്പോട്ടു നടന്നു. മുററത്തു കയറാൻ അവിടെ ഒരിടുക്കുവഴിയുണ്ടു്. അതിലേ കടന്നുചെന്നു് വാതിലിലെ കാളിങ്ങ്ബെല്ലടിക്കാം. പതുങ്ങനെ പാതിവഴി നടന്നുകഴിഞ്ഞു. വേലിക്കപ്പുറത്തു് ഒരനക്കം! എന്തായിരിക്കും? തുറിച്ചു നോക്കി. പെട്ടെന്നു ഞെട്ടിക്കുന്ന ഒരു ഭീകരസിംഹഗൎജ്ജനം! വേലിയുടെ മുകളിലേക്കു സിംഹമുഖമുള്ള ഒരു കൂററൻ ജടപ്പട്ടി പെടിപ്പുറത്തെ ഞെരിച്ചുകൊണ്ടു് എടുത്തൊരു ചാട്ടം. ഞാൻ പ്രാണഭീതിയോടെ പത്തടി പിന്നോട്ടു കുതിച്ചിട്ടു് അതിവേഗത്തിൽ തിരിഞ്ഞൊരോട്ടം. റോഡിലെത്തിയതും ഏറെദൂരം കുതിച്ചുപാഞ്ഞതും സ്വബോധത്തോടെയല്ലായിരുന്നു. തിരിഞ്ഞുനിന്നതു് പട്ടിയുടെ കര വളരെ ദൂരെനിന്നു വരുന്നതറിഞ്ഞപ്പോളായിരുന്നു. അതിനെ അവിടെ കെട്ടിയിട്ടുണ്ടാകണം. ഇല്ലെങ്കിൽ ഇതിന്നു മുമ്പുതന്നെ എന്നെ കശാപ്പുചെയ്തുകഴിഞ്ഞിരുന്നേനേ.

റോഡിൻെറ കിഴക്കുവശം പൊക്കത്തിലാണു്. ഒരു മരച്ചുവട്ടിൽ കേറിനിന്നുകൊണ്ടു് എമ്മായുടെ വീടിൻെറ നേൎക്കു നോക്കി.

കരകേട്ട് അവരം പുറത്തിറങ്ങിവന്നിരിക്കുമോ? വീട്ടുവാതിൽ ഭദ്രം. ആരെങ്കിലും എന്റെ ഉദ്യമം കണ്ടിരിക്കുമോ? വലിയ ജാള്യത തോന്നി. ഗവേഷണചിന്ത മങ്ങിപ്പോയിരുന്നു. വീട്ടിലേക്കു മടങ്ങുന്നതുതന്നെ ഉചിതമെന്നു കരുതി.

കുഞ്ഞുങ്ങരം രസംപിടിച്ച പിങ്ങ്പോങ്ങ് കളിക്കുന്നു. അല്ലലുകരം ഏശാത്ത, ആനന്ദം നിറഞ്ഞ ബാല്യം. ഗവേഷണാദികൗശലങ്ങരംകൊണ്ടു പതറാത്ത ചിത്തം. കണ്ണുകരംക്കു പിന്നിൽ മറുകണ്ണുകളില്ലാത്ത നോട്ടം. കുറേനേരം അവരുടെ ഉല്ലാസകേളിയിൽ പങ്കുകൊണ്ടാനന്ദിച്ചു.

പരിക്ഷീണിതയായിട്ടാണു രാധ മടങ്ങിയെത്താറ്.

''അച്ഛൻ വിളിച്ചറിയിച്ചതു് നന്നായി. ഉടൻതന്നെ ഞാൻ ഇൻഷ്വറൻസ് കമ്പനികരംക്കു ചെക്കയച്ചു. ഒരു ദിവസം താമസിച്ചുപോയാൽ കുഴപ്പമാണ്," കാപ്പികുടിക്കവേ അവരം പറഞ്ഞു.

''വലിയ തുകകരംക്കാണല്ലോ നീ ഇൻഷ്വർ ചെയ്തിട്ടുള്ളതു്. വമ്പിച്ച സംഖ്യകരം ഒന്നിച്ചു മേടിക്കാമല്ലോ!''

''ഒന്നും തിരിച്ചു കിട്ടുന്നതല്ലച്ഛാ!''

''പിന്നെ?''

''ഒക്കെ കടംവീടലുകളും മടക്കിക്കിട്ടാത്ത ഭീമവരികളുമാണ്."

"എന്നുവെച്ചാൽ?"

ഇൻഷ്വറൻസ്, വീടിനുവേണ്ടി: "ഞങ്ങരം അമ്പതയ്യായിരം ഡോളർ രൊക്കം കൊടുത്തു് ഈ വീടും പറമ്പും മേടിച്ചു എന്നാണോ അച്ഛൻ വിചാരിക്കുന്നതു്?"

''പിന്നെ?''

''വെറും 20 ശതമാനം മാത്രമേ ആദ്യഗഡുവായി അടച്ചിട്ടുള്ളു. ബാക്കി മുഴുക്കെ കടം. ബാങ്കിന്റെ പേരിലാണു പ്ലോട്ടും കെട്ടിടവും. 30 കൊല്ലംകൊണ്ടു ബാക്കി അടച്ചു തീർത്താൽ മതിയാകും. ഇക്കാണുന്ന കെട്ടിടങ്ങളിൽ 95 ശതമാനവും ഇമ്മാതിരി വൻകിട ബാങ്കുകരംക്കു പണയപ്പെട്ടിട്ടുള്ളവയാണ്. ഒരു തവണ—ഒരു ഡേററു പോലും—തെററിയാൽ മതി വീടും പറമ്പും നഷ്ടപ്പെടാനുള്ള അസ്ഥിവാരം ഇടുകയായും.''

''ആക്കു വേണമെങ്കിലും ഇങ്ങനെ കടം കിട്ടുമോ?''

''വീടാൻ കഴിവുണ്ടെന്നു തക്ക തെളിവുകരം കൊടുക്കാൻ കഴിയുന്ന ഏവക്കും കിട്ടും. ഒരാണ്ടത്തെ ആകെ സ്ഥിരവരുമാനം, മേടിക്കുന്ന വസ്തുവിന്റെ വിലയിൽ കുറയാൻ പാടില്ല. ഭാര്യയുടെയും ഭർത്താവിന്റെയുംകൂടി നോക്കും. ഭാര്യ മുപ്പത്തഞ്ചു കഴിഞ്ഞിരിക്കണം—''

''അതെന്തിനാ?''

''മുപ്പത്തഞ്ചു കഴിഞ്ഞാൽ ഇവിടെ പ്രസവശല്യത്തിൽനിന്നു വിമുക്തരാകുമെന്നാണു വയ്പ്. ഡോക്ടർ സർട്ടിഫിക്കററ്, വരുമാന

സർട്ടിഫിക്കററ്, ഇൻഷ്വറൻസ് സർട്ടിഫിക്കററ് തുടങ്ങിയ പല റിക്കാഡ്കളും ആവശ്യമുണ്ട്. ഞങ്ങൾ ഇടപാടുചെയ്തപ്പോൾ മുൻകൂർ 20 ശതമാനം അടച്ചാൽ മതിയായിരുന്നു. ഇപ്പോളതു് 50 ആക്കിയിട്ടുണ്ട്.''

''"പലിശ?''

''7.5 ആയിരുന്നു. ഇപ്പോൾ 9.5 ആക്കിയിട്ടുണ്ട്. നാണയപ്പെരുപ്പം കാരണം ഇനിയും കൂടിയേക്കാനിടയുണ്ട്.''

''പൗരേതരന്മാക്കും ഈ കടം കിട്ടുമോ?''

''ഞങ്ങളെപ്പോലുള്ള പെർമനൻറ് റെസിഡൻറ്സ്* ആയിരുന്നാലും മതി.''

''ഇടപാട് ഗവണ്മെൻറുമുഖേനയാണോ?''

''വമ്പിച്ച ബേങ്കുകളും ഇൻഷ്വറൻസ് കമ്പനികളുമുണ്ട്. ബേങ്കുമുഖേന അപേക്ഷിക്കണം. മുമ്പുള്ള എല്ലാ പണമിടപാടുകളെക്കുറിച്ചും സൂക്ഷ്മമായ അന്വേഷണം നടത്തും. എവിടെയെങ്കിലും കണിശക്കേട് ഉണ്ടായിട്ടുണ്ടെന്നു കണ്ടാൽ അപേക്ഷ നിർദ്ദാക്ഷിണ്യം തള്ളിക്കളയും. ഇതിലേക്കൊക്കെ വേണ്ടിവരുന്ന അധികച്ചെലവ്—ഏകദേശം 2000 ഡോളർ—അപേക്ഷകരാണു വഹിക്കേണ്ടതു്.''

''ആകപ്പാടെ നഷ്ടക്കച്ചവടമാണല്ലോ!''

''ഒരിക്കലുമല്ല. ഞാനിപ്പോൾ പ്രതിമാസം അടയ്ക്കുന്ന 425 ഡോളറിൽ മുപ്പതോ മുപ്പത്തഞ്ചോ മാത്രമേ മുതലിൽ ചേരുകയുള്ളു. ബാക്കി മുഴുക്കേ പലിശയിൽ പോകും. എങ്കിലും നഷ്ടമില്ല. ഇത്ര സുഖസൗകര്യങ്ങളുള്ള ഒരു വീട് വാടകയ്ക്കെടുക്കാൻ കുറഞ്ഞതു് 600 ഡോളറെങ്കിലും പ്രതിമാസം കൊടുക്കണം. വാടകവീട്ടിൽ ഇത്ര സ്വാതന്ത്ര്യമോ സൗകര്യങ്ങളോ കിട്ടുകയില്ല. പിന്നെ പലിശപ്പണത്തിനു ടാക്സ് കൊടുക്കേണ്ട. വില്ക്കേണ്ടിവരുമ്പോൾ തീർച്ചയായും മുടക്കുമുതലിൽ വലിയൊരു ശതമാനം കൂടുതൽ കിട്ടുമെന്നുള്ളതിൽ സംശയമില്ല.''

''ഈ വീട് ആരുടെ വകയായിരുന്നു?''

''ധനികനായ ഒരു ജൂതൻേറതായിരുന്നു. പത്തുകൊല്ലംമുമ്പ് പണിതതാണ്. എല്ലാം ഒന്നാംതരം സാധനങ്ങൾ. ഇതുപോലുള്ള ശരറാന്തലുകളും നിലക്കണ്ണാടികളും ഗൃഹോപകരണങ്ങളും ഇന്നു മേടിക്കണമെങ്കിൽ കുറഞ്ഞതു് ഇരുപതിനായിരം ഡോളർ വേണ്ടിവരും. പോകാനുള്ള ബദ്ധപ്പാടും കൊണ്ടുപോകാനുള്ള ബുദ്ധിമുട്ടും പ്രമാണിച്ച് അവർ വിലപിടിപ്പുള്ള ഒട്ടനവധി സാധനങ്ങൾ ഉപേക്ഷിച്ചിട്ടു പോയി—''

''എങ്ങോട്ടേക്കാ പോയതു്?''

---

* സ്ഥിരമായി സ്റ്റേററ്സിൽ താമസിക്കാൻ, പൗരത്വമില്ലെങ്കിലും Permanent resident's visa ഉള്ളവക്കു സാധിക്കും.

''അയാംക്ക കാലിഫോർണിയായിൽ വലിയൊരുദ്യോഗം കിട്ടി പോകുകയായിരുന്നു.''

''ഇതൊക്കെ കാണാൻതന്നെ എന്തു ഭംഗി! വലിയ ഭാഗ്യം തന്നെ ഈ സ്ഥലവും വീടും കിട്ടിയതു്. അപ്പോം, 120 ഡോളറിന്റെ ഇൻഷ്വറൻസ് എന്തിലേക്കാണു്?''

''അതു കാറുകളുടെതാണു്.''

''അതിന്റെ സമ്പ്രദായം എങ്ങനെ?''

കാർ ഇൻഷ്വറൻസ്: ''നിയമപ്രകാരം ഓരോ കാറുടമയും ഒരു അംഗീകൃത ഇൻഷ്വറൻസ് കമ്പനിയിൽനിന്നു് ഒരു 'പത്തു്—ഇരുപതു്—ആയിര'ത്തിന്റെ ഇൻഷ്വറൻസ് എടുക്കാൻ നിർബന്ധരാണു്; പതിനായിരം, ശാരീരിക ക്ഷതങ്ങൾക്കു്; ഇരുപതിനായിരം, വസ്തുവകകളുടെ—സ്ഥാവരജംഗമങ്ങളുടെ—ക്ഷതങ്ങൾക്കു്. പ്രീമിയം മുടങ്ങാതെ അടയ്ക്കണം. തുക തിരിച്ചു കിട്ടുകയില്ല, ഏതെങ്കിലും അപകടം പററുമ്പോളല്ലാതെ. അപകടരീതി പരിശോധിച്ചിട്ടു് തക്ക തുകകൾ കമ്പനികൾ നല്കുന്നു. അപകടങ്ങൾ ഉണ്ടാകുന്നതനുസരിച്ചു് ഇൻഷ്വറൻസ് തുകയും പ്രീമിയവും കൂടിക്കൂടിവരും.''

''നിങ്ങൾക്കു് അപകടം വല്ലതുമുണ്ടായിട്ടുണ്ടോ?''

''നിസ്സാരമായ ഒരപകടമുണ്ടായി. പക്ഷേ, വളരെ ദുഷ്ടനും ദുരാഗ്രഹിയുമായ ഒരമേരിക്കൻ ഡോക്ടറുടെ കാറിലാണു് എന്റെ വണ്ടി ചെന്നിടിച്ചതു്. അതുകൊണ്ടു് വലിയ തുക കൊടുക്കേണ്ടിവന്നു.''

''അതെങ്ങനെ പററി?''

ദുഷ്ടനും ദുരാഗ്രഹിയുമായ ഡോക്ടർ: ''ശീതജ്ജ്വരസുഖമില്ലാത്തതുകൊണ്ടു് ഞാൻ മരുന്നു മേടിക്കാൻ പോയിട്ടു മടങ്ങുകയായിരുന്നു. രാത്രി 9.30 കഴിഞ്ഞിരുന്നു. തിരിവുകളിൽ പകൽപോലും കാർ പാക്കു് ചെയ്യാൻ പാടില്ലെന്നാണു് നിയമം. അത്യാവശ്യം പ്രമാണിച്ചു് പാക്കു ചെയ്യേണ്ടിവന്നാൽ പിന്നിലുള്ള ചുവന്ന ലൈററുകൾ അപകടസൂചകമായി കത്തിച്ചിരുന്നേ തീരൂ. ഒരു ടേണിങ്ങിലുള്ള ഇരുട്ടുമൂലയിൽ ലൈററില്ലാതെ കിടന്നിരുന്ന കാറിൽ എന്റെ കാർ ചെന്നിടിച്ചു. ഉടമസ്ഥനായ വയസ്സൻ ഡോക്ടർ അടുത്തൊരു വീട്ടിൽ കയറിയിരിക്കയായിരുന്നു. എന്റെ വാദങ്ങളൊന്നും പ്രയോജനപ്പെട്ടില്ല. അയാളും ഭാര്യയും ചേർന്നു് കേസുകൊടുത്തു.

''കാർ പെട്ടെന്നു് ബ്രേക്ക്ഡൗൺ ആയിപ്പോയതുകൊണ്ടു് ലൈററില്ലാതായിപ്പോയതാണെന്നു് അയാൾ വാദിച്ചു. നിയമപ്രകാരം പിന്നിലിടിക്കുന്നവരാണു് കുററക്കാർ. അയാൾ ഒരു ഹൃദ്രോഗിയാണെന്നും കാർ ചെന്നിടിച്ചതുകൊണ്ടുണ്ടായ ക്ഷോഭത്താൽ അടുത്ത 12 മണിക്കൂറിനുള്ളിൽ ഹാർട്ടു് അററാക്കു് ഉണ്ടായി എന്നും സർട്ടിഫിക്കററു് പ്രൊഡ്യൂസ് ചെയ്തു. നൂറായിരം ഡോളർ അയാൾക്കു നഷ്ടപരിഹാരം കിട്ടണം. ഭർത്താവിനു ഹൃദ്രോഗബാധയുണ്ടായതുകൊണ്ടു് കുടുംബസ്വാസ്ഥ്യത്തിനു വിഘാതകാരണമുണ്ടാക്കിയ

തിനാൽ (for depriving her family comforts) ഇരുപത്തയ്യായിരം ഡോളർ നഷ്ടപരിഹാരം കിട്ടണമെന്നാണ് ഭാര്യ വ്യവഹാരപ്പെട്ടതു്.

''യഥാർത്ഥത്തിൽ കാറിടിച്ചപ്പോൾ അയാൾ കാറിനകത്തില്ലായിരുന്നു. കാറിന്നു് ആകെ 50 ഡോളറിന്റെ ഡാമേജ പററിയിരുന്നുള്ളു. പക്ഷേ, ആ മനുഷ്യൻ ഒരു ഇൻഷ്വറൻസ് കമ്പനിയുടെ അംഗീകൃതഡോക്ടറും വളരെ സ്വാധീനതയുള്ളവനുമാണ്. അയാൾ ആവശ്യപ്പെട്ട വമ്പിച്ച തുക മുഴുക്കെയല്ലെങ്കിലും മുക്കാലെങ്കിലും ഞാൻ കൊടുക്കേണ്ടിവന്നേനേ. ദൈവാധീനത്താൽ അന്നെനിക്ക് 'പത്തു്' ഇരുപതു്—ആയിരത്തിന്റെ ഇൻഷ്വറൻസേ ഉണ്ടായിരുന്നുള്ളു. അതു തുടങ്ങീട്ട വളരെക്കാലവുമായിരുന്നില്ല. വലിയ തുകയൊന്നും എന്നിൽനിന്നു് ഈടാക്കാൻ സാദ്ധ്യമല്ലെന്നു് അയാൾക്കു ബോദ്ധ്യമായി. ഒടുവിൽ എന്റെ ഇൻഷ്വറൻസ് കമ്പനി ഇടപെട്ടു് ഔട്ട് ഓഫ് കോർട്ട് ആയിട്ടു് (കോടതിയുടെ ഇടപെടൽ കൂടാതെ) ഒരു അനുരഞ്ജനതീരുമാനത്തിൽ എത്തി. എന്റെ ഇൻഷ്വറൻസിൽനിന്നു് അയാൾക്കും ഭാര്യയ്ക്കുംകൂടി 7500 ഡോളർ കൊടുത്തു. അതോടെ എന്റെ പ്രീമിയം വളരെ വർദ്ധിക്കുന്നതിനും ഇടയായി.

ദുഷ്ടനും നീചനുമായ ആ മനുഷ്യന്റെ നേർക്കു ധാർമ്മികരോഷവും അമർഷവും എന്നിലുദിച്ചു. സാമാന്യം ധനികനായ ഒരു ഡോക്ടറാണ് ഹീനമായ ഈ കൊള്ളയ്ക്കൊരുങ്ങിയതു്. അധർമ്മഭീരുക്കളല്ലാത്ത—സ്വന്തലാഭത്തിനുവേണ്ടി എത്ര നീചമായ കൊള്ളകൊലപാതകങ്ങളും നിസ്സങ്കോചം നടത്തുന്നതിൽ മനസ്സാക്ഷിക്കുത്തില്ലാത്ത—അമേരിക്കൻ ഭൗതികമേന്മയുടെ അടിമകളായ—ഹീനമനുഷ്യരെ അറപ്പോടും വെറുപ്പോടുംകൂടി ഞാൻ സമീക്ഷിച്ചുപോയി.

പാമിന്റെ കത്തിനെപ്പററി സംസാരിച്ചു.

''അവൾ എന്നെയും ക്ഷണിച്ചിരിക്കയാണ്,'' രാധ പറഞ്ഞു. ''എനിക്ക് അവധി കിട്ടുമോ എന്നു സംശയം. അവിടമൊക്കെ ഒന്നു പോയി കണ്ടാൽ കൊള്ളാമെന്നു് ഞാനും ആശിച്ചുകഴിയുകയാണ്."

ഓഹോ! അങ്ങനെയാണോ?

ഡയറിക്കുറിപ്പുകൾ എഴുതിയിട്ടു കിടന്നു.

'ചിന്താക്രാന്തി വെളിപ്പെടുത്തി വിലസും
തന്വീമുഖാബ്ജത്തെ ഞാൻ
ഹന്താനന്ദമൊടൊന്നു കാണുവതിനെൻ
നിദ്രേ പ്രസാദിക്ക നീ'

എന്നു് ഉച്ചത്തിൽ ചൊല്ലിയപ്പോൾ തിരുവനന്തപുരം എയർപോർട്ടിലെ യാത്രയയപ്പുരംഗം എന്റെ സ്മൃതിപഥത്തിലുയന്നു.

## 1973 ജൂലായ് 10, ചൊവ്വാഴ്ച

പ്രധാന പത്രവാർത്തകൾ: രാവിലെ പത്രങ്ങൾ ഓടിച്ചുവായിച്ചു. അമേരിക്കൻ ജീവിതരീതികളും ചിന്താഗതികളും പ്രവർത്തനപദ്ധതികളും സമഗ്രമായി പഠിക്കണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹമുണ്ടായിരുന്നതുകൊണ്ട് രസകരമായും വിജ്ഞാനപ്രദമായും ചിന്തോദ്ദീപകമായും കണ്ട സകലതും ഡയറിയിൽ കുറിച്ചെടുത്തു. ഏററവും ആകർഷിച്ച രണ്ടുമൂന്നു വാർത്തകൾ:

എച്ച്. എസ്. എസ്. വിജയിക്കുന്നു: ബഗ്ഗിൻമാളിൽ കണ്ട എച്ച്. എസ്. എസ്.കാരുടെ കോൺക്രീം 'നക്കൽ പ്രകടനം' എന്റെ മാനസികശാലീനതയെ, ആത്മാഭിമാനത്തെ യഥാർത്ഥത്തിൽ വിക്ഷോഭിപ്പിച്ചിരുന്നു. നിർമ്മാജ്ജനം ചെയ്യാനോ മാന്യദൃഷ്ടിയിൽ നിന്നു മറച്ചുവയ്ക്കാനോ കഴിയാത്തവിധം ആ പ്രസ്ഥാനം വേരുറച്ചുവരുകയാണെന്ന് 'റിക്കാഡി'ലെ രണ്ടു ലേഖനങ്ങൾ വ്യക്തമാക്കുന്നു.

ഒന്ന്: ന്യൂയോർക്കിലെ വുഡ്സ്റ്റാക് കോളജിലെ ക്രിസ്തീയ ധർമ്മശാസ്ത്രപ്രൊഫസറും ഒരു ജെസ്യൂയിററ് പുരോഹിതനുമായ റവ: ജോൺ മാക്നീയിൽ* ചെയ്ത പ്രസ്താവന. നേവാർക്കിലെ ട്രിനിറ്റി കത്തിഡ്രലിൽ (Trinity Cathedral in Newark) ഇരുന്നൂറോളം പുരോഹിതന്മാരും പണ്ഡിതന്മാരും കലർന്ന സദസ്സിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. സ്വവർഗ്ഗകാമുകർക്ക് അനുഷ്ഠാനപരവും വ്യവഹാരാനുകൂലവുമായ വിവാഹച്ചടങ്ങുകൾ നടത്താൻ അനുവാദം നല്കേണ്ടതാണെന്ന് അദ്ദേഹം യുക്തിയുക്തം വാദിച്ചു സമർത്ഥിച്ചു. പഴയനിയമത്തിൽ (Old Testament) മുഖസുരതം നിഷിദ്ധമായി കല്പിച്ചിട്ടുള്ളത് അടിമകളാക്കപ്പെട്ട ജൂതന്മാരെ നിർബ്ബന്ധിച്ച് അതു ചെയ്യിപ്പിച്ചുപോന്നതുകൊണ്ടാണ്. സന്താനോൽപാദനം കൂടാതെ സ്ത്രീപുരുഷ(ഭിന്നവർഗ്ഗ)സംഭോഗം ചെയ്തുകൊള്ളാൻ അനുവദിക്കുന്ന ക്രിസ്തീയ ധർമ്മശാസ്ത്രജ്ഞന്മാർക്ക് എന്തുകൊണ്ടു സ്വവർഗ്ഗസംഭോഗപ്രേമവും അനുവദിച്ചുകൂടാ? സാംസ്കാരികമായി വളരെ പുരോഗമിച്ചിട്ടുള്ള ഇംഗ്ലണ്ട് തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളിൽ സ്ത്രീകൾതമ്മിലും പുരുഷന്മാർ തമ്മിലുമുള്ള രജിസ്റ്റർ വിവാഹത്തിനു നിയമസാധുത നല്കപ്പെട്ടിട്ടുണ്ട്. എസ്സക്സിലെ സൗത്ത് എൻഡിൽ ഇരുപത്താറുകാരിയായ റൈററിയും ഇരുപത്തഞ്ചുകാരിയായ കരോൾ ഫ്ളോയിഡും തമ്മിൽ 1970 ഓഗസ്റ്റിൽ രജിസ്റ്റർവിവാഹംചെയ്ത വിവരം പത്രങ്ങളിലെല്ലാം വന്നുകഴിഞ്ഞിട്ടുള്ളതാണ്. പിന്നെന്തുകൊണ്ട് മതപരചടങ്ങുകൾകൂടി അനുഷ്ഠിക്കാൻ സ്വവർഗ്ഗപ്രേമബദ്ധരെ അനുവദിച്ചുകൂടാ? സ്വവർഗ്ഗസംഭോഗപ്രസ്ഥാനത്തിനു മതസാധുത്വം നല്കേ

* Prof. Rev. John Mc Neil, Professor of Christian Ethics in Woodstock College, N. Y.

ണ്ടതു് മനുഷ്യസ്നേഹികളായ മതപുരോഹിതന്മാരുടെ കടമയാണു്. ഈ ക്രമത്തിലാണു് റവ. ജോണിൻെറ വാദഗതി.

രണ്ടു്: ന്യൂയോക്ക് സിററിയിലെ ഹെൽത്ത് ഓഫീസറായ ഡോ. ഹൗവേഡ് ജെ. ബ്രൗൺ (Dr. Howard J. Brown) ചെയ്ത പ്രസ്താവന. 600 ഡോക്ടർമാർ പങ്കുകൊണ്ട ഒരു സിംപോസിയത്തിലാണു് ഈ നാല്പത്തൊമ്പതുകാരൻ ധീരമായി പ്രഖ്യാപിച്ചതു്, 30 കൊല്ലമായി താനൊരു ഹോമോസെക്ഷ്വലായി കഴിയുകയാണെന്നു്. സ്വവർഗ്ഗസംഭോഗക്കാരിൽ കുററം ചുമത്തുന്ന ഡോക്ടർമാരുടെ പ്രവണതയെ അദ്ദേഹം അപലപിച്ചു. മാനസികരോഗചികിത്സാസമ്പ്രദായം (Psychotherapy) കൊണ്ടു ഭേദമാക്കാനുള്ള ഒരു രോഗമല്ല സ്വവർഗ്ഗസംഭോഗം. അതിനെ ഒളിപ്പിച്ചുവയ്ക്കാനുള്ള ശ്രമമാണു മനോരോഗങ്ങൾക്കു കാരണമാകുന്നതു്.

ഉത്തരവാദിത്വമുള്ള ഒരുന്നതസ്ഥാനത്തിരിക്കുന്ന ഡോക്ടറുടെ ഈ തുറന്ന പ്രസ്താവന സദസ്യരിൽ പലരും മുക്തകണ്ഠം പ്രകീർത്തിച്ചിരിക്കുന്നു.

അമേരിക്കൻ സ്വവർഗ്ഗസംഭോഗപ്രസ്ഥാനം അങ്ങനെ വിജയവൈജയന്തി പറത്തി പരിലസിക്കുന്നു! ലേഖനങ്ങൾ വെട്ടിയെടുത്തു, ഫയലിൽ സൂക്ഷിക്കാനായി.

മൂന്നു്: മഹിളാ പോപ്പ്: മറെറാരു അസാധാരണവാർത്തയും വളരെ ആകർഷിച്ചു. അമേരിക്കൻ ഹൃദയസ്പന്ദമാപിനിയായി തോന്നി. ഒരു മഹിളാ പോപ്പിനെ തെരഞ്ഞെടുക്കാനുള്ള അമേരിക്കൻ വനിതകളുടെ സമുദ്യമം.

ഗർഭാധാനത്തിൻെറ ആദ്യത്തെ ആറുമാസത്തിനകം ആവശ്യപ്പെടുകയാണെങ്കിൽ, ഛിദ്രണം ആവശ്യമാണെന്നു കണ്ടാൽ, അനുവദിക്കാവുന്നതാണെന്നു് അമേരിക്കൻ സുപ്രീംകോടതിയുടെ റൂളിംഗ് ഉണ്ടു്. പക്ഷേ, കത്തോലിക്കാസഭ അതനുകൂലിക്കുന്നില്ല. സഭയുടെ ഈ മർക്കടമുഷ്ടിയെ എതിർത്തുകൊണ്ടു് അറുനൂറോളം കത്തോലിക്കാവനിതകൾ ന്യൂയോക്കിലെ പാട്രിക്സ് കത്തീഡ്രലിൻെറ കൽപ്പടവുകളിൽ സമ്മേളിച്ചു. അവരുടെ ലീഡറായി മിസ്സിസ് പാററ്ഫുഗർട്ടി മക് ക്വിലൈൻ എന്ന മഹിളയെ തെരഞ്ഞെടുത്തു. 2000 കൊല്ലമായി നിലനില്ക്കുന്ന മതാധിഷ്ഠിതമായ ഒരു പ്രമാദത്തെ തിരുത്താൻ ബ്രഹ്മചാരികളുടെ ഒരു സംഘടനയായ കത്തോലിക്കാസഭ സങ്കുചിതത്വം കാട്ടുന്നതിൽ അത്ഭുതപ്പെടാനില്ല. ചുററിനും വളരുന്ന ലോകത്തിൻെറ ആവശ്യങ്ങൾ അറിയാനുള്ള വിശാലവീക്ഷണം കൂടാതെ സ്ത്രീത്വത്തിനെതിരായി സഭ മർദ്ദനപീഡനം നടത്തിക്കൊണ്ടിരിക്കയാണു്. അതുകൊണ്ടു് 'Catholics for a Free Choice' എന്ന സംഘടന താൻ സ്ഥാപിക്കാനാണു ശ്രമിക്കുന്നതെന്നു് മിസ്സിസ് മാക്ക്വിലൈൻ (Macquillain) പ്രഖ്യാപിച്ചു. മാതാവിൻെറയും പുത്രിയുടെയും പരിശുദ്ധ മാതാമഹിയുടെയും പുണ്യനാമത്തിൽ ഗർഭച്ഛിദ്രാനുകൂലികളായ പ്രകടനക്കാരെ അവർ

ആശീർവ്വദിച്ചു. അവരെല്ലാവരും ചേർന്ന് അവരുടെ പുതിയ മഹിളാ പോപ്പായി മിസ്സിസ് മാൿകപിന്ലെനിനെ അവരോധിച്ചു.

ആവശ്യം സൃഷ്ടിയുടെ പിതാവാണ്. ആവശ്യത്തിനനുസരിച്ചു മാറാത്ത ആദർശങ്ങളെയും അവയെ വെച്ചുപുലർത്തുന്ന നിയമങ്ങളെയും ആവശ്യക്കാരനായ മനുഷ്യൻ എതിർക്കുന്നു. പല്ലും നഖവും കൊണ്ടെതിർക്കുന്നു. അതുകൂടാതെ ജീവിതം സാദ്ധ്യമല്ലെന്നുവരുമ്പോൾ.

ഡബ്ല്യു. ഇ. എം.: ഈ നോട്ടു കുറിച്ചുകൊണ്ടിരിക്കവേ ഒരു വലിയ കാർ ഡ്രൈവ്‌വേയിൽ വന്നു നിന്നു. ഒരു പ്രൗഢവനിത അതിൽനിന്നിറങ്ങിവന്നു. ആറടിപ്പൊക്കം. ഒത്ത വണ്ണം. ഗൗരവം തിങ്ങിനില്ക്കുന്ന വലിയ മുഖം. ക്രോപ്പുചെയ്തു കറുപ്പിച്ച കേശം. കോട്ടും ട്രൗസറും അണിഞ്ഞിരിക്കുന്നു. പോലീസ് ഉദ്യോഗസ്ഥയോ?

''മിസ്സിസ് മിൽനേ,'' രാധ പരിചയപ്പെടുത്തി. "ഡബ്ല്യു. ഇ. എം.-ന്റെ ഊർജ്ജസ്വലയായ പ്രവർത്തക.''

ഡബ്ല്യു. ഇ. എം. എന്താണെന്നും അതിന്റെ പ്രവർത്തനങ്ങളെന്തൊക്കെയാണെന്നും അറിയാൻ ഞാൻ താൽപര്യപ്പെട്ടു.

യു. എസ്. എ.യിൽ ഉയർന്ന ഉദ്യോഗങ്ങളും സ്ഥാനമാനങ്ങളും ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കു നൽകപ്പെടുന്നില്ല. എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥയായ ഒററ സ്ത്രീപോലുമില്ല. ഭരണഘടനയിൽത്തന്നെ അതിനു ഭേദഗതി വരുത്തിയേ പററൂ. മിനിമം ശമ്പളനിരക്കിന്റെ കാര്യത്തിലും ജോലിസമയത്തിന്റെ കാര്യത്തിലും സ്ത്രീകളോടു പക്ഷപാതമാണു കാട്ടിക്കൊണ്ടിരിക്കുന്നത്. ആകെ 48 സ്റ്റേററുകളിൽ 37 സ്റ്റേററുകൾ—നാലിൽമൂന്നിൽ കൂടുതൽ—അനുകൂലിക്കുകയാണെങ്കിൽ ഭരണഘടനയിൽത്തന്നെ ഭേദഗതി വരുത്താനൊക്കും. നിസ്സാരമായ ഒരു ഭേദഗതിയേ ആവശ്യമുള്ളു 'ലിംഗവ്യത്യാസം (Sex) കാരണം യു. എസ്. നിയമത്തിലോ ഏതെങ്കിലും ഒരു പ്രത്യേക സ്റ്റേററ് നിയമത്തിലോ അവകാശസമത്വം നിഷേധിക്കുകയോ ചുരുക്കുകയോ ചെയ്യാവുന്നതല്ല, എന്നു മാത്രം മാററിയാൽ മതിയാകും.*

പക്ഷേ, തൊഴുത്തിൽക്കുത്തു നടത്തുന്ന—ചില പ്രമുഖ പുരുഷന്മാരുടെ ചരടിൽ തുള്ളുന്ന—ഏതാനും സ്ത്രീകൾതന്നെയുണ്ട്. കൂട്ടത്തിൽ ഒരു മികച്ച വർഗ്ഗദ്രോഹിയാണ് ഇല്ലിനോയിസ് സ്റ്റേററിലെ ഫില്ലിസ് ഷാഫിലി (Phyllis Schafly) ഭരണഘടനാഭേദഗതികൊണ്ട് വിദ്യാഭ്യാസരംഗത്തോ ഉദ്യോഗമേഖലയിലോ കൂടുതലൊന്നും ലഭിക്കാൻപോകുന്നില്ലെന്നു മാത്രമല്ല, പുരുഷന്മാർക്കോ

---

* Equality of rights under the law shall not be denied or abridged by the United States or by any State on account of Sex.

പ്പം നിബ്ബന്ധിത സൈന്യസേവനം തുടങ്ങിയ ഗ്ലലുമാലുകളിൽ സ്ത്രീകഠം കുടുങ്ങാനേ അതിടയാക്കുകയുള്ളു എന്നും മററും അവർ ദുഷ്പ്ര ചരണം നടത്തുന്നു. ഇല്ലിനോയിസ് സ്റ്റേററിൽ ഭരണഘടനാഭേ ഗതി വരുത്താൻ സാധിക്കാത്തതു് ഷാഫിലിയുടെ കുപ്രചരണം കൊണ്ടു മാത്രമാണ്.

സ്ത്രീകളുടെ അസമത്വം പരിഹരിച്ചുകിട്ടാനുള്ള പരിശ്രമങ്ങഠം സഫലമാകുന്നതുവരെ തീവ്രയത്നത്തിനു സന്നദ്ധമായ സംഘടന യാണു് ഡബ്ല്യു. ഇ. എം. (Women's Emancipation Movement). അതിനുവേണ്ടി ഫണ്ടു പിരിക്കാനാണു് മിസ്സിസ് മിൽനേ ഇറ ങ്ങിയിരിക്കുന്നതു്.

ഇന്ത്യയിൽ, കേരളത്തിൽ വിശേഷിച്ചും, സകല ഔദ്യോഗിക മണ്ഡലങ്ങളിലും സ്ത്രീകഠംക്കു ലഭിച്ചിട്ടുള്ള സമത്വപരിഗണനയെ പ്പററി ഞാൻ അഭിമാനപൂവ്വം വാചാലതയോടെ സംസാരിച്ചു. സ്വാതന്ത്ര്യം ലഭിച്ചിട്ടു കാൽശതാബ്ദമേ ആയിട്ടുള്ളു. എങ്കിലും ഇരു നൂറുകൊല്ലമായി ഒരു പ്രമുഖ ഫെഡറൽ യൂണിയനായി വിലസുന്ന യു. എസ്. എ.യെക്കാഠം അഭിമാനിക്കാവുന്ന ഒരു സമുന്നതസ്ഥാന മാണു് ഇന്ത്യൻമഹിളകഠംക്കു ലഭിച്ചിട്ടുള്ളതെന്നും ഞാനവരെ ബോ ദ്ധ്യപ്പെടുത്തി.

'ഒരു മഹിളാരത്നം തലപ്പത്തിരിക്കുന്ന ജനായത്തഭരണകൂട ത്തിൽ—ആ ഭാഗ്യം ഒരിക്കലും യു. എസ്. എ ക്കു് ഉണ്ടാകാനിടവ രാത്തവിധമാണു് ഇന്നുള്ള യു. എസ്. എ ഭരണഘടന എന്നു ഖേദ ത്തോടെ പറഞ്ഞുകൊള്ളട്ടെ—ഇന്ത്യക്കു മറിച്ചു വരാനിടയില്ലേ'ന്നു് അവർ അഭിനന്ദനപൂർവ്വം പ്രസ്താവിച്ചു.

രാധയുടെ ബാങ്ക്ബാലൻസിൽ നല്ലൊരിളവുവരുത്താൻ ആ സമർത്ഥയായ സ്ത്രീക്കു സാധിച്ചു.

വെങ്കളിപൂശൽ: രാധ പോകാനിറങ്ങിയപ്പോഠം ഞാൻകൂടി ഗരാഷിൻെറ മുമ്പിലേക്കു നടന്നു. വടക്കേതിലും കിഴക്കേതിലുമുള്ള ഗൃഹഭിത്തികഠം പെയിൻറുചെയ്യുന്ന കോലാഹലമാണു്. ഏണിക ളും ബ്രഷുകളും പെയിന്റുകളുമായി ചെറുപ്പക്കാർ സോത്സാഹം പണി യെടുക്കുന്നു.

''ഒക്കെ ഹൈസ്കൂളും കോളേജും പിള്ളേരാ." രാധ പറഞ്ഞു.

''നമ്മുടെ വീടു് പെയിൻറു ചെയ്യാറായില്ലേ?''

''ഇതുവരെയും സൗകര്യം കിട്ടിയില്ല. കുറഞ്ഞതു് 500 ഡോള റാകും. അടുത്ത മാസത്തെ ബജററിലേക്കു പോസ്റ്റ്പോൺ ചെയ്തി രിക്കയാ''

''ഞാൻ പെയിൻറുചെയ്തുതരുന്നതിൽ വിരോധമുണ്ടോ? ഒന്നോ രണ്ടോ മണിക്കൂർ ദിവസവും ബുദ്ധിമുട്ടുകയാണെങ്കിൽ നി ഷ്പ്രയാസം തീക്കാവുന്നതേയുള്ളു.''

''അച്ഛനെക്കൊണ്ടു് ഒക്കുകില്ല.''

''ആക്ഷേപകരമാണോ?''

"ജോലിചെയ്യുന്നതു്—അതെന്തുതന്നെയായാലും — അഭിമാനമായേ ഇവിടെ കരുതുന്നുള്ളു. വലിയ കുബേരന്മാർപോലും വീട്ടുജോലികൾ കഴിവതും സ്വന്തമായിട്ടാ ചെയ്യാറു്. ഈ dignity of labour (തൊഴിലഭിമാനം)തന്നെയാണു് ഇവരുടെ ഭൗതികാഭിവൃദ്ധിക്കു് ഒരു പ്രധാന കാരണം."

"എന്നാൽ വൈകുന്നേരം വരുമ്പോൾ കുറെ പെയിന്റും ബ്രഷും മേടിച്ചുകൊണ്ടു വരൂ. തീർച്ചയായും എനിക്കിതു സാധിക്കും. തൊഴിലഭിമാനം ഞാനും പരിശീലിക്കട്ടെ."

ഞാൻ ഭിത്തികളൊക്കെ ഒന്നു പരിശോധിച്ചു. ഒക്കെ പൊടിയടിഞ്ഞിരിക്കയാണു്. ഒരു ഹെർക്കുലിയൻ യുക്തിതോന്നി. 50 വാര അകലെ വരെ ജലം ശക്തിയായി ഫ്ളഷ് ചെയ്യാവുന്ന ഒരു ഹോസ് അവിടെയുണ്ടു്. അതുപയോഗിച്ചു് ആകെയൊന്നു കഴുകിയിടാം: കുഞ്ഞുങ്ങളുടെ സഹായം തേടി. അത്ഭുതകരം. ആസ്ബെസ്റ്റോസ് ഷീററുകളുടെയും പലകകളുടെയും ഇടയിൽനിന്നു കറുകറുത്ത ലേഹ്യംപോലെ അഴുക്കിളകി നിലത്തേക്കൊഴുകി. വീട്ടിനാകെ ഒരു തിളക്കംവന്നു എണ്ണി ചാരി, സ്പഞ്ചുകൊണ്ടു തുടച്ചുകളുടിച്ചെയ്തപ്പോൾ ഒരു പുതിയ വീടാണെന്നു തോന്നി.

രാധ വന്നു കണ്ടപ്പോൾ, "ഇനി ഈയാണ്ടിലും പെയിൻറിടേണ്ട ആവശ്യമില്ല," എന്നാണു പറഞ്ഞതു്. കുറെ പെയിൻറ് ടിന്നുകളും ബ്രഷുകളും അവൾ മേടിച്ചിട്ടുണ്ടായിരുന്നു. "ഒരു കോട്ടു് നാളെ തുടങ്ങാം," എന്നു ഞാൻ പറഞ്ഞു.

സ്വിമ്മിങ്ങിനു് ഒരു ക്ഷണം: കാപ്പി കുടിക്കവേ രാധ പറഞ്ഞു: "പാമിന്റെ ഒരു ഫോൺകാൾ ഓഫീസിൽ വന്നിരുന്നു. നാളെ രാവിലെ പത്തുമണിക്കു് ഇവിടെ വരും. അച്ഛനെയും കുഞ്ഞുങ്ങളെയും റാക് ലാൻഡ് ലേക്കിൽ (Rock Land Lake) സ്വിമ്മിങ്ങിനു കൊണ്ടുപോകാൻ എന്റെ അനുവാദം ചോദിച്ചിരിക്കയാണു്. അച്ഛനു വിസമ്മതം വല്ലതുമുണ്ടോ?"

"എവിടെയാണു് ഈ ലേക്ക്?"

"എഴുപതെമ്പതു മൈൽ ദൂരം വരും."

"നീ പോയിട്ടില്ലേ?"

"പററീട്ടില്ല. അതിമനോഹരമായ ഒരു സുഖാന്വേഷകകേന്ദ്രമാണെന്നു കേട്ടിട്ടുണ്ടു്. അച്ഛനു് അസൗകര്യമോ വിസമ്മതമോ ഉണ്ടെങ്കിൽ മസാച്ചുസെററ്സിലേക്കു വിളിച്ചറിയിക്കണമെന്നു പറഞ്ഞിരിക്കയാണു്."

എനിക്കു വിസമ്മതമോ! എന്തൊക്കെയായിരിക്കും അവിടത്തെ പരിപാടികൾ? സ്വിമ്മിങ്ങിനു കൊണ്ടുപോകുന്നതിന്റെ ഉദ്ദേശ്യമെന്തായിരിക്കും? ഞാനൊന്നും പറയാതിരിക്കുന്നതു കണ്ടു രാധ പറഞ്ഞു:

''അച്ഛനു് ഒരു സ്വിമ്മിങ്ങ്ഡ്രസ്സ് മേടിക്കണം. അലക്സാണ്ടേർസ് എന്നൊരു മുന്തിയ സൂപ്പർ മാർക്കററുണ്ടു്. അവിടെ പോകാം.''

അലക്സാണ്ടേർസ്: ബഗ്ഗ്ൻമാളും ബാംബര്ഗ്ഗർസുംപോലെ ഒരു മുന്തിയ കച്ചവടകേന്ദ്രം. തുണിത്തരങ്ങൾക്കു പ്രമുഖസ്ഥാനം. രണ്ടുമൂവായിരം കാറുകളെങ്കിലും നാലുവശത്തുമുള്ള പാക്കിങ്ങ്ഗ്രൗണ്ടിലുണ്ടു്. എയർകണ്ടിഷനിങ്ങ്കൊണ്ടു് തണുപ്പേറിയ മാർക്കററിനകം ചുററിക്കറങ്ങിക്കാണുന്നതുതന്നെ ആനന്ദകരം. എവിടെയും തിരക്കു്. എന്തെന്തു സാധനങ്ങൾ ഓരോരുത്തരും മേടിച്ചുകൂട്ടുന്നു. മനുഷ്യർക്കു് ഈ പണമൊക്കെ എവിടുന്നു്?

നല്ലൊരു സ്വിമ്മിങ്ങ്ഡ്രാസും ഹ്സ്കും മേടിച്ചു. ഒരു വലിയ ടൗവലും

9.30-നു് പൂട്ടാൻപോകുന്ന വിവരം അറിയിക്കുന്നതുവരെ ഷോപ്പിനകം ചുററിക്കറങ്ങിക്കണ്ടു.

ചിന്തയ്ക്കു നല്ല വക: എന്തൊക്കെയാണാവോ നാളത്തെ പരിപാടികൾ? ഉദ്വേഗപൂർവ്വമായ ചിന്തകൾ; ഉല്ലാസപ്രദമായ മനോരഥങ്ങൾ. ആശയും ആശങ്കയും ജനിപ്പിക്കുന്ന ഹൃദയമിടിപ്പുകൾ. ഏകാഗ്രത ആകെ നശിച്ചു. ചിന്തകൾ ചിന്തകളെ വിമർശിച്ചു. മനസ്സും സിരകളും പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു.

## 1973 ജൂലായ് 11, ബുധനാഴ്ച

കരുതലുകൾ: സ്വിമ്മിങ്ങ് മൂന്നാലുമണിക്കൂർ തുടർന്നേക്കും. ചിലപ്പോൾ കൂടുതലും. ഇടയ്ക്കിടെ വിശ്രമവേളകൾ—ഭക്ഷ്യപേയങ്ങൾ കഴിക്കാനുള്ള അവസരങ്ങൾ—തിന്നാനും കുടിക്കാനും കരുതേണ്ടതാണു്. എല്ലാം രാധ രണ്ടു ബാഗുകളിൽ പാക്കുചെയ്തുതന്നിട്ടാണു് ഓഫീസിലേക്കു പോയതു്.

പ്രതീക്ഷ: പാം പത്തിനെത്തും. വലിയ സമയനിഷ്ഠയാണു്.

ഗീതാപ്രീതമാർക്കു പ്രിയംകരിയായ പ്രാണസുഹൃത്താണു്. രണ്ടുപേരെയും സൈക്ലിങ്ങ് പഠിപ്പിച്ചു. അടുത്തൊരു സ്വിമ്മിങ്ങ് പൂളിൽ അവരെ കൊണ്ടുപോയി കുറച്ചു നീന്തൽ പഠിപ്പിച്ചിട്ടുണ്ടു്. പാം നല്ലപോലെ നീന്തും. ഡൈവ്* ചെയ്യും. അവരെ നല്ലപോലെ നീന്തൽ പഠിപ്പിക്കാമെന്നേററിരിക്കയാണു്.

''എങ്ങനെയാണു പഠിപ്പിക്കുന്നതു്?''

''രണ്ടുകൈയും വെള്ളത്തിനു മുകളിൽ കുറച്ചു താഴ്ത്തി നീട്ടിത്തരും. അതിൽ ഞങ്ങളെ ഓരോരുത്തരെയായി കമഴ്ത്തിക്കിടത്തിക്കൊണ്ടു് പതുക്കെ നടക്കും. ഞങ്ങൾ കൈകാലടിച്ചു നീന്തൽ

* മുങ്ങാംകുഴിയിടുക

പഠിക്കും. അങ്ങനെ കുറച്ചു പഠിച്ചുകഴിഞ്ഞു. അപ്പൂപ്പനു നീന്തലറിഞ്ഞുകൂടെ?''

''അറിഞ്ഞുകൂടല്ലോ!''

''സത്യമോ?''

''പരമസത്യം.''

''പാമിനോടു പറഞ്ഞാൽ അപ്പൂപ്പനേം പഠിപ്പിച്ചുതരും. സ്വിമ്മിങ്ങ് പഠിപ്പിക്കാൻ നല്ല മിടുക്കിയാ.''

ഹൃദയം ഒന്നു കിടുങ്ങി.

നീന്തൽ അറിഞ്ഞുകൂടെന്നു പറയുന്നതു മോശമല്ലേ? അരസികശിരോമണിയായി കരുതുകയില്ലേ? അറിഞ്ഞുകൂടെന്നു പറഞ്ഞാൽ പഠിപ്പിക്കാൻ തയ്യാറാകുമോ? കാഴ്ചക്കാർ ചിരിക്കുകില്ലേ? നല്ലൊരവസരം കിട്ടിയാലുപേക്ഷിക്കുന്നതു വിഡ്ഢിത്തമല്ലേ? മനസ്സു പതറി. ഹൃദയം കുതിച്ചു

ഉത്സാഹസമ്പന്ന: മണി പത്ത്. കാറിന്റെ ഹോൺ. അഭ്രശുഭ്രയായ അപ്സരസ്സ് പ്രത്യക്ഷപ്പെട്ടു. ഉത്സാഹവും പ്രസരിപ്പും സന്തുഷ്ടിയും മൂർത്തിമത്തായ കനകവിഗ്രഹം. വിരാൽപോലുള്ള പുളപുളപ്പും പളപളപ്പും. കുഞ്ഞുങ്ങൾക്ക് ഉമ്മകൾ. ഹാർദ്ദമായ കൈകുലുക്കം. കുശലപ്രശ്നങ്ങൾ. ലൈറ്റുകളുടെയും അടുപ്പുകളുടെയും ഹീറ്ററുടെയും സ്വിച്ചുകൾ ഓഫ് ആക്കിയിട്ടുണ്ടോ എന്നു പരിശോധന. വാതിലുകൾ പൂട്ടുന്നു. ബാഗുകൾ എടുത്തു വണ്ടിയിൽ വയ്ക്കുന്നു. എന്നെ അടുത്തു പിടിച്ചിരുത്തുന്നു. കാർ സ്റ്റാർട്ടുചെയ്തുകഴിഞ്ഞു. ഒക്കെ രണ്ടു മിനിട്ടിനുള്ളിൽ.

റോക്ക് ലാൻഡ് ബീച്ചും ലേക്കും: ഹൈവേയിൽക്കൂടി 90 മൈൽ സ്പീഡിൽ ഒരു മണിക്കൂർ യാത്ര. നഗരപരിസരങ്ങൾ കഴിഞ്ഞപ്പോൾ മേടും തടവും കലർന്ന, വൃക്ഷനിബിഡമായ ഒരു അടവിയുടെ മദ്ധ്യത്തുകൂടി സഞ്ചരിക്കുകയാണെന്നു തോന്നി. പുഴകളും അരുവികളും കടന്നിരുന്നു. ഓരോ പ്രദേശത്തിന്റെയും പേരുകളും പ്രാധാന്യവും വിവരിച്ചുതന്നിരുന്നു. ആഭിരാമ്യം വാരിക്കോരിയണിഞ്ഞിരിക്കയാണ് പ്രകൃതിദേവി. കേൾക്കുന്നതിനെക്കാൾ കാണുന്നതിൽ മനസ്സു മുഴുകിയിരുന്നു.

'രാമപ്പോ' താഴ്‌വരയുടെ പേരുമാത്രം ഓർക്കുന്നു. എ. കെ. ബി.യുടെ രാമപ്പോ കോളജ് സ്ഥിതിചെയ്യുന്ന സുന്ദരമായ ദിക്ക്. തരുനിരകൾ തിങ്ങിനില്ക്കുന്ന കുന്നിൻപുറങ്ങളുടെ മദ്ധ്യത്ത് കണ്ണും കരളും കവരുന്ന പ്രദേശം.

ഒരു വിശാലമായ പാർക്കിങ്ങ്ഗ്രൗണ്ടിൽ എത്തി. പത്തഞ്ഞൂറു കാറുകൾ നിരന്നുകിടക്കുന്നു. തൊട്ടപ്പുറത്ത് പാർക്കും ബീച്ചും. അതിനപ്പുറം ഉൾക്കടൽപോലെ പരന്നുകിടക്കുന്ന നീലജലാശയം.

ബീച്ചിന്റെ ഒരററത്ത് റെസ്റ്റ്ഹൗസ്; ഡ്രസ്സ് മാററാൻ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും അവിടെ പ്രത്യേകസൗകര്യമുണ്ട്. അഞ്ചു മിനിട്ടിനകം പാമും കുഞ്ഞുങ്ങളും ബ്രേസിയറും ഡ്രാസും ഹഡും

മാത്രം അണിഞ്ഞുകൊണ്ടു പുറത്തുവന്നു. പൂർണ്ണനഗ്നത ഇല്ലാതാക്കാൻ ഏതാനും തുണിക്കഷണങ്ങൾ അങ്ങിങ്ങ് ഒട്ടിച്ചിട്ടുണ്ട്. വെയിലേററു തിളങ്ങുന്ന ബീച്ചിൽ ഇതേ വേഷത്തിൽ നൂററുക്കണക്കിനു സ്ത്രീകളും കുമാരികളും കുട്ടികളുമുണ്ട്. ഡ്രായസുമാത്രം അണിഞ്ഞ പുരുഷന്മാരും.

ബീച്ചിൽ നിറയെ ടവ്വലുകൾ വിരിച്ച് ഓരോ പാർട്ടിയും സ്ഥലംപിടിച്ചിട്ടുണ്ട് കുറച്ചുനേരം വെള്ളത്തിൽ കഴിഞ്ഞിട്ടു ടവ്വലുകളിൽ മലർന്നും കമഴ്ന്നും കിടന്നു ദേഹം കായാനും വല്ലതും കഴിക്കാനുമാണിത്. പാം ഒരു വലിയ കംബളംപോലുള്ള ടവ്വൽ ഒഴിഞ്ഞുകിടന്ന ഒരു സ്ഥലത്തു വിരിച്ചു. ഞങ്ങളുടെ ബാഗുകൾ അതിൻെറ പുറത്തുവെച്ചു. പിന്നെ കായലിലേക്കു നീങ്ങി.

അനവധി സ്ക്വയർമൈൽ വിസ്തൃതമായ ഒരു ശുദ്ധജലതടാകത്തിൻെറ വൃത്താകാരമായ ഒരു മുഖമാണു ബേത്തിങ്ങ്പൂളായി തിരിച്ചിട്ടുള്ളതു്. ജലനില ബീച്ചിനടുത്തു വളരെ ആഴം കുറഞ്ഞും ക്രമേണ കൂടിയും സ്ലോപ്പായിക്കിടക്കുന്നു. 3, 5, 7, 10 എന്നിങ്ങനെ അടികൾ അടയാളപ്പെടുത്തിയിട്ടുള്ള തൂണുകൾ വെള്ളത്തിൽ അവിടവിടെ നാട്ടിയിട്ടുണ്ട്. പത്തടിക്കപ്പുറം കയമാണു്. ലോഹനിർമ്മിതമായ പ്ലവഗഗോളങ്ങൾ (ബോയികൾ) ഒരു ചെയിനിൽ ബന്ധിച്ചവ അവിടെ വരിയായി നിരത്തിയിട്ടുണ്ട്, അപകടമേഖല കാട്ടാൻ. ഏകദേശം ഒരു സ്ക്വയർമൈൽ ദൂരം ഇങ്ങനെ ബേത്തിങ്ങ്പൂളായി തിരിച്ചിരിക്കുന്നു.

ബീച്ചിൽ ജലപ്പരപ്പിനടുത്തായി മൂന്നിടത്തു് പത്തടി ഉയരത്തിൽ തിട്ടകൾ കെട്ടി വലിയ കുടകൾ അവയിൽ നാട്ടിയിരിക്കുന്നു. വാച്ചർമാരുടെ സ്ഥാനം. അപകടം പററുകയാണെങ്കിൽ സഹായം നല്ലമത്രേ. 'ഞാനൊന്നും കാണുന്നില്ലേ' എന്ന മട്ടിലാണു് ഓരോ നിക്കർധാരികൾ അവിടെ ഇരിക്കുന്നതു്. അത്രയേ അവിടെ പററൂ.

ജലക്രീഡ: ജലതലത്തിലെ കോലാഹലം ഒരുനിമിഷം കരയ്ക്കുനിന്നു നോക്കി. പല തരത്തിലും പല നിറത്തിലും പല പ്രായത്തിലും പല വർഗ്ഗത്തിലുമുള്ള ആണും പെണ്ണും ഒററയായും ജോടിയായും കൂട്ടമായും തുള്ളിച്ചാടിക്കളിക്കുന്നു, തല മാത്രം പുറമേ കാട്ടിക്കൊണ്ടു ദേഹം കുളക്കാനിട്ടിരിക്കുന്നു, നീന്തുകയും മുങ്ങാങ്കുഴിയിടുകയും ചെയ്യുന്നു, നീന്തൽ പഠിക്കുന്നു—പഠിപ്പിക്കുന്നു, കെട്ടിപ്പിണഞ്ഞുകൊണ്ടു വെള്ളത്തിൽ താഴുന്നു, ചില അഭ്യാസങ്ങൾ പ്രകടിപ്പിക്കുന്നു—ഇങ്ങനെ പല പല ക്രീഡകളിൽ നിരതരായി ആനന്ദനിമഗ്നരായിക്കഴിയുന്നു കറുത്ത നീഗ്രോകളും വെളുത്ത നീഗ്രോകളുമുണ്ട്. ഇരുണ്ട ഇന്ത്യാക്കാരും മഞ്ഞച്ചീനാക്കാരുമുണ്ട്. നീലക്കണ്ണും കരിംകണ്ണും പൂച്ച(മഞ്ഞ)ക്കണ്ണുമുള്ളവരുണ്ട്. മഞ്ഞത്തൊലിപ്പുറത്തു ചെറിയ കറുത്ത പുള്ളികളുള്ള ചില സ്ത്രീപുരുഷന്മാരെ കണ്ടു. വല്ല

ത്വഗ്രോഗവുമാണോ എന്നു സംശയിച്ചു. തെക്കുള്ള ഒരു പ്രത്യേക വർഗ്ഗക്കാരാണെന്നു പാം പറഞ്ഞുതന്നു.

എല്ലാക്കൂട്ടരെയും ഒന്നിപ്പിക്കുന്ന വിശാല ജലതലം—ഐതിഹാസിക പ്രളയജലധിയുടെ കുഞ്ഞോമന—അതാണു മുന്നിൽ!

ഗീതപ്രീതമാർ പാമിനെ വളഞ്ഞുകൂടി, നീന്തൽപഠനം തുടങ്ങാൻ. ഞാൻ കഴുത്തോളം വെള്ളത്തിൽ താണു നോക്കിനിന്നു.

''എന്താ നീന്തൽ തുടങ്ങാത്തതു്?'' പാമിൻെറ അന്വേഷണം.

"അപ്പപ്പനു നീന്തലറിഞ്ഞുകൂടാ!''

ഞാൻ പച്ചച്ചിരി ചിരിച്ചു നിന്നു

''പാം പഠിപ്പിക്കുന്നതിൽ വിരോധമുണ്ടോ? ഒരു മണിക്കൂർ മെനക്കെട്ടാൽമതി നീന്താനൊക്കും. ആദ്യം കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ സഹായിക്കൂ.''

''എങ്ങനെ?''

"എൻെറ കൈയുമായി കൈകോർത്തു പിടിക്കൂ. അവർ പൊങ്ങുപലകയിലെന്നപോലെ കിടന്നുകൊണ്ടു് കൈകാലടിച്ചു നീന്തിക്കൊള്ളും!''

നല്ലൊരു വിദ്യതന്നെ. പരസ്പരം ഭുജങ്ങളിൽ പിടിച്ചുനിന്ന ഞങ്ങളുടെ കൈത്താങ്ങിനെ അവലംബിച്ചു് അര മണിക്കൂറിനുള്ളിൽ കുഞ്ഞുങ്ങൾ തന്നത്താൻ നീന്തുന്നതു കാണാൻകഴിഞ്ഞു.

തൊട്ടടുത്തു മുമ്പിലും പിമ്പിലും വശങ്ങളിലും നടക്കുന്ന കോപ്രായങ്ങളും കോലാഹലങ്ങളും നോക്കാതിരിക്കാൻ കഴിഞ്ഞില്ല.

പാം എന്നെ വിലക്കി. ''ദയവായി സ്വന്തകാര്യംമാത്രം നോക്കൂ. അപ്പുറവുമിപ്പുറവും നോക്കുന്നതു് മാനേഴ്സല്ല.''

ആ മനസ്വിനി അടുത്തതായി എനിക്കു പ്ലവനശിക്ഷണം നൽകാൻ ഉദ്യുക്തയായി.

ഗുരുദക്ഷിണകൂടാതെ ഇന്ത്യാക്കാർ ഒരു വിദ്യയും അഭ്യസിക്കാറില്ല. ഞാനെന്താണു തരേണ്ടതു്?

ഇവിടെ വിദ്യാഭ്യാസം ഫ്രീയാണു്. പഠിത്തം സമർത്ഥമാകണമെന്നേ ആഗ്രഹമുള്ളു.

ആദിത്യഭഗവാൻ എങ്ങനെ 'കർമ്മസാക്ഷി'യാകും, ജലാശയാന്തരംഗത്തിലെ രഹസ്യസംരംഭങ്ങൾക്കു്?

വരുണഭഗവാൻ മൂകസാക്ഷിയായിരുന്നില്ല. ഓളങ്ങളുടെ ഒതുങ്ങിയ ചിരി തലപൊങ്ങുമ്പോൾ കേൾക്കാമായിരുന്നു.

വായുഭഗവാൻ ചുററിനുമുള്ള ആരാമഭൂരുഹങ്ങളോടു് എന്തോ സ്വകാര്യം പറഞ്ഞിരിക്കണം. ചില്ലത്തലയാട്ടി അവ ഉല്ലസിച്ചു രസിക്കുന്നുണ്ടായിരുന്നു.

അമേരിക്കൻ അയല്ക്കാർ എത്ര മര്യാദക്കാർ. തൊട്ടപ്പുറത്തേയും ഇപ്പുറത്തേയും രഹസ്യങ്ങളിൽ അവർ ഒരൊളിക്കണ്ണുപോലും അയക്കുന്നില്ല.

ഒരു മണിക്കൂർനേരത്തെ അഭ്യസനം സിരാചക്രത്തെ തളർത്തിയിരിക്കുന്നു. അല്പം വിശ്രമിച്ചിട്ട് തുടരാമെന്നു പറഞ്ഞിട്ട് കരയ്ക്കു കയറി. പാമിന്റെ കംബളത്തിൽ ഈറനോടെതന്നെ കമഴ്ന്നു കിടന്നു. അപ്പുറവും ഇപ്പുറവും ഞെക്കിക്കൊണ്ട് പാമും കുട്ടികളും വന്നു കിടന്നതു മയക്കത്തിനിടയിൽ അറിഞ്ഞിരുന്നു. പിന്നെ ലഞ്ചിന്റെ ബഹളംകേട്ടാണുണർന്നതു്.

നല്ലൊരു വനഭോജനമായിരുന്നു, തീവെയിലത്തീരുന്നുകൊണ്ടാണെങ്കിലും. പലഹാരങ്ങളും പഴങ്ങളും ഡ്രിങ്കുകളും ഞങ്ങൾക്കു വേണ്ടിയും പാം കൊണ്ടുവന്നിരുന്നു. ഞങ്ങൾ കൊണ്ടുവന്നിരുന്നവയും കുറെയൊക്കെ തീർത്തു.

റസ്റ്റ്ഹൗസിൽ പോയി കൈകാൽമുഖമൊക്കെ കഴുകി. ഉന്മേഷം തിരിച്ചുവന്നു. എല്ലാപേരും വീണ്ടും ജലക്രീഡയ്ക്കൊരുങ്ങി.

അവിടത്തെ ജനസംഖ്യ അനുനിമിഷം കൂടിക്കൊണ്ടിരുന്നു. 300, 400, 500 കണക്കിനു പെരുകി. അടിത്തട്ടിൽ നല്ല ആറുമണലായതുകൊണ്ട് വെള്ളത്തിനു കലക്കം ഒട്ടും തട്ടിയിരുന്നില്ല.

''ജീക്കു നല്ല മസ്കലർ ബോഡിയാണല്ലോ! എത്ര എളുപ്പത്തിൽ നീന്തൽ പഠിച്ചുകളഞ്ഞു!'' പാം അഭിനന്ദിച്ചു.

''പാം ഇത്ര ശക്തയും ദൃഢഗാത്രയുമാണെന്നു് ഞാനും ധരിച്ചിരുന്നില്ല. അഭ്യസനസാമർത്ഥ്യം അസാധാരണം!'' ഞാൻ പ്രത്യഭിനന്ദനം പ്രകടിപ്പിച്ചു.

ഒരു അബദ്ധം: ഒരബദ്ധം പിണഞ്ഞു. പണ്ടേങ്ങാണ്ട് അഭ്യസിച്ചിരുന്ന മാറുവീശിനീന്തൽ ഓക്കാപ്പുറത്തു് ഒന്നു പ്രകടിപ്പിച്ചുപോയി, പാമിനെ അനുകരിച്ചു്. വെളുത്ത മുഖം ഇരുണ്ടോ? നീണ്ട മുഖം കുറച്ചുകൂടി നീണ്ടോ? കണ്ണുകൾ തുറിച്ചോ? കവിളുകളിൽ രക്തപ്രസരമുണ്ടായോ? പിന്നെ എന്നോടെന്തെങ്കിലും സംസാരിക്കുകയോ മുഖത്തു നോക്കുകയോ ചെയ്യുന്നില്ല.

പ്രകൃതി മാറുന്നു: ''വൈകുന്നേരം മഴയുണ്ടാകുമെന്നു് രാവിലെ ഫോർകാസ്റ്റ് ഉണ്ടായിരുന്നു. ഇനി താമസിക്കണ്ട, നമുക്കു പോകാം ഗീതേ.'' ഗീതയെയാണു് അഭിസംബോധനചെയ്യുന്നതു്.

ചക്രവാളമുഖം കരുവാളിച്ചിരിക്കുന്നു. കരിമ്പടംമൂടി തേർത്തടം മറയ്ക്കുന്നു ദിനേശ്വരദേവൻ. ചൂടു മങ്ങിയതോടെ തടാകതലം ശീതളതരമാകുന്നു. സുഖാന്വേഷകരുടെ ചൂട്—ഞങ്ങളുടെ പാർട്ടിയുടേതൊഴികെ—കൂടിവന്നതേ ഉള്ളൂ

കാറിൽ കയറിയപ്പോൾ പാം പിന്നിലിരുന്ന കുഞ്ഞുങ്ങളോടു വിളിച്ചുപറഞ്ഞു: ''ഗീതയെയും പ്രീതയെയും ഇരുപതുമൈൽ അകലെയുള്ള പാലിസേഡ്സ് ഇന്റർസ്റ്റേറ്റ് പാർക്കു*കൂടി ഞാൻ കൊണ്ടുചെന്നു കാണിക്കാം. ഇനിയൊരു ദിവസം അത്രടം കൊണ്ടു

---

* Palisades Interstate Park.

കാണിക്കാൻ പററുകില്ല. അവിടെ കാണേണ്ട ഒരു സുന്ദരമായ വുഡ്‌ലാൻഡും ഉണ്ട്.''

അതിവേഗത്തിൽ കാർ വിട്ടുന്നു. ഭയജനകമായ സ്പീഡ്. എന്റെ നേക്കു നോക്കുകയോ എന്നോടു മിണ്ടുകയോ ചെയ്യുന്നില്ല. എന്തിനാണാവോ ഈ മിന്നൽ പരിഭവം? അറിയാതെ വല്ല അപരാധവും ഞാൻ ആവേഗത്തിടുക്കത്തിൽ ചെയ്തുപോയിരിക്കുമോ?

അസുലഭസൗന്ദര്യം:

സൗന്ദര്യോത്തരതോപിസുന്ദരതരം

തദ്രൂപമാശ്ചര്യതോപ്യാശ്ചര്യം! എന്ന കവിവാക്കുകൾ അനുസ്മരിച്ചുപോയി, ഇരുവശവുമുള്ള പ്രകൃതിദൃശ്യങ്ങളുടെ സൗന്ദര്യപാരമ്യം കണ്ടപ്പോൾ. തടാകങ്ങളുടെ നാടാണവിടം. ഇടതുഭാഗത്ത് ഇടതൂർന്നുനില്ക്കുന്ന തരുലതാനിബിഡമായ കാനനഭംഗി. വലതുഭാഗത്ത് തടാകതടങ്ങളുടെ പ്രാകൃതികകോമളിമ. അങ്ങിങ്ങ് സുഖാന്വേഷികളായണഞ്ഞിട്ടുള്ള നരനാരീവൃന്ദങ്ങൾ നീരാടിക്കളിക്കുന്ന ബേത്തിങ് പൂളുകളും ബീച്ചുകളും. രണ്ടുമൂന്നിടത്ത് കളിബോട്ടുകളും വഞ്ചികളും നിരന്ന ബോട്ട്ബേസിനുകളും കണ്ടു. കാടും മേടും താഴ്‌വരകളും തടാകതീരങ്ങളും പിളർന്നുകൊണ്ടു നീണ്ടുനിവർന്നു കിടക്കുന്ന രാജപാത. ഓരോ ബീച്ചിന്റെയും പാക്കിന്റെയും പേര് പാംകുഞ്ഞുങ്ങളോടു വിളിച്ചുപറയുന്നുണ്ടായിരുന്നു: ഹാരിമാൻ സ്റ്റേററ് പക്ക്, ടാംമാൻ മൗണ്ട് പാക്ക്—ഇത്യാദി. മിന്നൽവേഗത്തിൽ കാർ വിട്ടിരുന്നതിനാൽ ഒരു വിഹഗവീക്ഷണത്തിനേ സാധിച്ചിരുന്നുള്ളു എങ്കിലും അത്യന്തസുന്ദരമായ ആ പ്രകൃതിദൃശ്യം അനുപമമായ ആനന്ദാനുഭൂതി നല്കി.

പാലിസേഡ്സ്(Palisades) ഇൻറർസ്റ്റേററ് പാക്ക്: ന്യൂയോക്ക് പ്രവിശ്യയിലെ മുന്തിയ ഒരു ബ്യൂട്ടിസൈററ് ആണ് പാലിസേഡ്സ് പാക്ക്. ഉയന്ന ഒരു കുന്നിൻചരിവിൽ നിരപ്പുവരുത്തിയ ഭൂമിയിൽ നിരനിരയായി വലിയ വെൺകൊററക്കുടകൾ നാട്ടിയിരിക്കുന്ന കാഴ്ചയാണ് ദൂരെനിന്നു നോക്കിയാൽ. കടുത്ത വെയിലിലും മഴയിലുംനിന്ന് അഭയംനൽകുന്നവയാണിവ. നിരന്നുകിടക്കുന്ന മേശ, കസേര, ബെഞ്ച് തുടങ്ങിയവ സ്വിമ്മിങ്ഡ്രസ്സുകാരും അല്ലാത്തവരുമായ ആളുകളെക്കൊണ്ട് നിബിഡമാണ്. തിന്നാനും കുടിക്കാനും വേണ്ടതൊക്കെ അവിടെ കിട്ടും. രണ്ടു ഡോളർ കൊടുത്തു കാർ പാക്കുചെയ്തിട്ട് അവിടത്തെ കോലാഹലങ്ങൾ ചുററിക്കറങ്ങിക്കണ്ടു.

ബോട്ട് ബേസിനിൽ യന്ത്രബോട്ടുകളും പങ്കായം ഘടിപ്പിച്ച തുഴവഞ്ചികളും വാടകയ്ക്കിട്ടിട്ടുണ്ട്. അവയിൽ കയറാൻ ക്യൂകളിൽ നില്ക്കണം. കായലിനു ചുററുമുള്ള പ്രകൃതിദൃശ്യങ്ങൾ അതിമനോഹരമാണ്. പാമിനു ഒരു ബോട്ടുയാത്ര നടത്തിയാൽ കൊള്ളാമെന്നുണ്ട്, തുഴവഞ്ചിയിൽ കയറി. കുഞ്ഞുങ്ങളെ അതിലേക്കു പ്രേരിപ്പി

ച്ചു, എന്നോടു മിണ്ടാതെ. അവരുടെ ശിപാർശി ഞാൻ നിർദ്ദയം നിരസിച്ചു, മനസാ കൊതിച്ചിരുന്നു എങ്കിലും.

'നിങ്ങൾ പോയി കറങ്ങിയിട്ടു വരിൻ. ഞാനീ കസേരയിലിരിക്കാം'. ഞാൻ ഇരുന്നുകഴിഞ്ഞു.

കാട്ടുകയറുന്നു: പാമിനു ദേഷ്യം. വരിൻ നമുക്കു പോകാം. കാട്ടുകയറാം. മാനും മുയലും സ്ലാവും ഓടിനടക്കുന്ന കാട്ട്. പ്രീത കൈയിൽ തൂങ്ങി. ഞാൻ നിശ്ശബ്ദമായി അനുഗമിച്ചു.

പാർക്കിൽനിന്നു സ്ലോപ്പായി കയറിപ്പോകുന്നു റോഡ്, സൂര്യപ്രകാശം കണ്ടിട്ടില്ലാത്ത കാടിന്റെ മദ്ധ്യത്തുകൂടി. കാർമേഘങ്ങൾ കണ്ണീർകണങ്ങൾ ചാററാൻ തുടങ്ങിയിരുന്നു. സന്ധ്യയായെന്നു തോന്നി, മണി നാലരയായതേ ഉള്ളു എങ്കിലും. മനുഷ്യസഞ്ചാരമില്ല. കാന്താരഗഹനതയുടെ ഗംഭീരസൗന്ദര്യം ആസ്വദിച്ചുകൊണ്ട് ഒരു മൈലോളം നടന്നു. കുഞ്ഞുങ്ങൾ മുന്നേറിയോടുന്നു. മൗനിയായ പാം അനുഗമിക്കുന്നു. പിന്നാലെ ഞാനും. ഒരു വശത്ത് ഒരു വലിയ പാറക്കെട്ട്. ''ഒരു കലമാൻ! ഒരു കലമാൻ!'' ഗീത വിളിച്ചുകൊണ്ടു പാറക്കെട്ടിനുനേക്ക് പാഞ്ഞു. പാം പുറകേ. പ്രീതക്കു പേടി. അവൾ എന്റെ കൈയിൽ തൂങ്ങി. എനിക്കും പേടിതോന്നി, വനാന്തരംഗത്തിലേക്കുള്ള ഗീതയുടെ പാച്ചിൽ വിചാരിച്ച്. ഗീത സാഹസികയാണ്. കാട്ടിനകത്ത് എന്തൊക്കെയുണ്ടോ? വഴിതെററി വല്ലിടത്തും പോയേക്കുമോ? ഞാനും പ്രീതയും റോഡിറമ്പിൽ സ്തംഭിച്ചു നിന്നു 5, 8, 10 മിനിട്ടുകൾ നീങ്ങുന്നു. പ്രീത ഉച്ചത്തിൽ കരയാൻ തുടങ്ങി. ഞാൻ തൊണ്ടതുറന്ന് 'ഗീതേ ഗീതേ' എന്നുച്ചത്തിൽ കൂവി. ഒരനക്കവുമില്ല. ഉൽക്കണ്ഠയും ഉദ്വേഗവും നിറഞ്ഞ നിമിഷങ്ങൾ! അപ്പോൾ കുന്നിന്റെ മുകളിൽനിന്ന് ഗീതയെ തോളിലേററിക്കൊണ്ട് പാം വരുന്നു. വലിയ ആശ്വാസമായി.

മഴയത്തൊരു യാത്ര: മഴ ശക്തിയായി ചാററിത്തുടങ്ങിയിരുന്നു. കാറിൽ കയറിയപ്പോൾ ഇടിമിന്നലോടുകൂടിയ പേമാരി ആരംഭിച്ചു. പെട്ടെന്നാണ് പ്രകൃതി മാറുക. അവിടത്തെ മനുഷ്യരെപ്പോലെതന്നെ. അരുവികൾപോലെ റോഡിൽക്കൂടി ജലപ്രവാഹം, അങ്ങോട്ടുമിങ്ങോട്ടും പോകുന്ന കാർനിരകളിൽ ലൈററുകൾ പ്രകാശിപ്പിച്ചിട്ടുണ്ട്. മുൻവശത്തെ കണ്ണാടിച്ചട്ടത്തെ മാർജ്ജനികൾ തുത്തുമിനുക്കുന്നു. പക്ഷേ, ഒന്നും കാണാൻ കഴിയുന്നില്ല. കണ്ണഞ്ചിപ്പിക്കുന്ന മിന്നലൊളികൾ. അതൊന്നും വകവയ്ക്കാതെയാണ് ഡ്രൈവിങ്. പിരിയിളകിപ്പോയിരിക്കയാണോ എന്നു സംശയിച്ചു. മുക്കാൽ മണിക്കൂർ മഴ തോരാതെ നിന്നു. നൂറു മൈൽ പോന്നിരുന്നു. തിരക്കുള്ള രാജപാത വിട്ടു് ശാന്തതരമായ തെരുവിലേക്കിറങ്ങി. മണി അഞ്ചര കഴിഞ്ഞിരുന്നു വീട്ടിലെത്തിയപ്പോൾ.

അനുരഞ്ജനം: കുഞ്ഞുങ്ങൾ ഡ്രസ്സുമാറാൻ ഓടി. പാം കോപിനി, നിശ്ശബ്ദ, പേപ്പർവായനയിൽ നിരത, ലിവ്വിങ്റൂമിലെ സെററിയിൽ. ഞാൻ പറഞ്ഞു:

''പ്രിയപ്പെട്ട പാം, എനിക്കു നിങ്ങളുടെ ആചാരമര്യാദകളൊന്നും അറിഞ്ഞുകൂടാ. തെററു വല്ലതും പററിയിട്ടുണ്ടെങ്കിൽ ക്ഷമിക്കു. ഞാൻ യഥാർത്ഥത്തിൽ മനഃസ്താപിക്കുന്നു. ഇന്നത്തെപ്പോലെ ഒരു ആനന്ദാനുഭൂതി എനിക്കു ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഞാൻ അതീവകൃതജ്ഞനാണ്.''

''ആത്മാർത്ഥതയുള്ള ഒരു സുഹൃത്തിനെ കിട്ടിയെന്നാണ് ഞാൻ കരുതിയതു്. എന്നെ കബളിപ്പിച്ചതു് എനിക്കു പൊറുക്കാൻ കഴിയുകയില്ല.''—ഗംഭീരഭാവം.

''എന്തിലാണു കബളിപ്പിച്ചതു്?''

''നീന്തലറിഞ്ഞുകൂടെന്ന പൊളി എന്തിനു പറഞ്ഞു? തുറന്നു പറയുന്നതു് (frankness) ഞാൻ ഇഷ്ടപ്പെടുന്നു. കാപടികന്മാർ ആരായിരുന്നാലും ഞാൻ വെറുക്കുന്നു.''

''എന്താണ്? എന്താണു കാര്യം?'' രാധ ഒരു പലഹാരപ്പൊതിയുമായി എത്തിയിരിക്കയാണ്. മുഖം ഉൽക്കണ്ഠാഭരിതം.

പാം വിശദീകരിച്ചു.

രാധ പൊട്ടിച്ചിരിച്ചു. ഭയങ്കര കള്ളച്ചിരി! ഞാൻ അത്ഭുതത്തോടെ നോക്കുകയാണ്.

'' എന്താ? എന്താ?'' പാം ആരാഞ്ഞു.

''അത്യത്ഭുതം! അത്യത്ഭുതം! അച്ഛൻ നീന്തിയോ? കേട്ടുകേൾവിപോലുമില്ല അരസ്സുതാഴെ വെള്ളത്തിലിറങ്ങാൻ അച്ഛനു ഭയമാണ്. എന്നിട്ട് അച്ഛൻ നീന്തിയെന്നോ?''

പാം ഒരുമണിക്കൂർ മെനക്കെട്ടതിൻെറ ഫലമായി മാത്രം നീന്തൽ പഠിക്കാൻ കഴിഞ്ഞതാണെന്ന് ഞാൻ ആവർത്തിച്ചു പറഞ്ഞു. ഗുരുനാഥ കൈവീശി നീന്തിയതു് ഞാൻ അനുകരിച്ചപ്പോൾ അതു് എങ്ങനെയോ ശരിയായി. അല്ലാതെ യാതൊരു കബളിപ്പിക്കലും ഉണ്ടായിട്ടില്ല പാം തെററിദ്ധരിച്ചതിൽ അതിയായ ഖേദമുണ്ട്, എന്നൊക്കെ ഞാൻ പറഞ്ഞു രാധ അതിസാമർത്ഥ്യത്തോടെ അനുകൂലിച്ചു സംസാരിച്ചു. പൊള്ളയായ ആചാരവാക്കുകളും കള്ളസൂത്രങ്ങളും അവൾ വശമാക്കിയിരിക്കുന്നു!

ഒടുവിൽ ഒരു അനുരഞ്ജനത്തിൽ എത്തിച്ചേർന്നു.

രാധ കൊണ്ടുവന്ന പലഹാരങ്ങൾ അവൾ തിന്നു.

അടുത്തദിവസം ഞങ്ങളെല്ലാം അവളുടെ ലോഡ്ജിൽ അത്താഴത്തിനു ചെല്ലണമെന്നു ക്ഷണിച്ചിട്ടു പോയി. ഹൃദ്യമായ ഒരു വിടവാങ്ങലല്ല ലഭിച്ചതെന്ന് എനിക്കു തോന്നി.

പിണക്കക്കാരി: ''നിസ്സാരകാരണം മതി ഇവൾ പിണങ്ങാൻ,'' രാധ പറഞ്ഞു. ''മൂന്നുകൊല്ലം പ്രേമിച്ച ഒരു ബോയ് ഫ്രണ്ടുമായി അല്പകാരണത്താലാണ് ഇവൾ പിണങ്ങിപ്പിരിഞ്ഞതു്. അപ്പോൾ മററുള്ളവരുടെ കാര്യം പറയാനുണ്ടോ?''

അക്കഥ അറിയാൻ ഞാൻ താല്പര്യപ്പെട്ടു.

''ഒരു യാത്രകഴിഞ്ഞു വന്നപ്പോഠം നൂറു ഡോളറിൻെറ ഒരു കാഷ്ചെക്ക് ഒരു ഹോട്ടലിൽവെച്ച് കളഞ്ഞുകിട്ടിയ വിവരം അയാഠം വെളിപ്പെടുത്തി. ഉടമസ്ഥൻ ഒരു വിദേശ്സഞ്ചാരി, സ്ഥലംവിട്ടിരുന്നു. തെരക്കിപ്പിടിക്കാനോ, ചെക്ക് പോലീസിനെ ഏല്പിക്കാനോ അയാഠം മെനക്കെട്ടില്ല. അതു മാറി ഇവഠംക്ക് ഒരു പ്രസൻറം മേടിച്ചുകൊണ്ടു വന്നു. അയാളുടെ പ്രവൃത്തി സത്യസന്ധമല്ലാത്തതാണ്. ഒരു ജീവിതസഖാവായി സ്വീകരിക്കാൻ കൊള്ളാത്തവനാണെന്നു് തെളിയിച്ചിരിക്കുന്നു. നമ്മഠംതമ്മിൽ ഇനി ഒരിടപാടുമില്ല. പ്രസൻറ് വലിച്ചെറിഞ്ഞു എന്നെന്നേക്കുമായി ഗുഡ്ബൈ പറഞ്ഞു. ഇതാണു ടൈപ്പ്. ഞാൻ തക്കസമയത്തിനു വന്നില്ലെങ്കിൽ വലിയ പുക്കാറുണ്ടാക്കിപ്പിരിഞ്ഞേനെ.''

അസാധാരണ പ്രകൃതംതന്നെ! വളരെനേരം അന്നത്തെ സംഭവങ്ങഠം ആലോചിച്ചിരുന്നു.

## 1973 ജൂലായ് 12, വ്യാഴാഴ്ച

പിണക്കം മാറുന്നു: വൈകുന്നേരം പാമിൻെറ ലോഡ്ജിൽ പോകാൻ തയ്യാറായിരിക്കണമെന്നു നിർദ്ദേശിച്ചിട്ടു് രാധ പോയി.

പത്തുമണിക്കു് ഫോൺവിളി, പാമിൻെറ.

നല്ല കൊഞ്ചു് (Prawns) കുറെ കിട്ടിയിട്ടുണ്ടു്. അതു തിന്നുന്നതിനു് എനിക്കു വിരോധമുണ്ടോ എന്നറിയിക്കണം.

''ഞാൻ പ്യൂവർ വെജിറേററിയനാണെന്നറിഞ്ഞുകൂടെ?''

''കരയിൽ മധുരക്കിഴങ്ങുപോലെ കടലിലെ ഒരു വെജിറേബിഠംതന്നെയാണു് പ്രാൺസ്. വളരെ രുചികരം. ഒരിക്കൽ തിന്നാൽ പിന്നെയും തിന്നും.''

നമ്പ്യാരുടെ കടൽവാഴസ്സ്ലാക്കറിയെക്കുറിച്ചു ഞാനോർത്തു ചിരിച്ചു.

''തല്ക്കാലം വേണ്ട. ഞാൻ സാധാരണയായി അത്താഴംതന്നെ ഒന്നും കഴിക്കാറില്ല.''

''വരാതിരിക്കരുതു്. വന്നില്ലെങ്കിൽ ഞാൻ പിന്നെ മിണ്ടുകയേ ഇല്ല. ഇന്നലത്തെ തെററിദ്ധാരണയിൽ ഖേദിക്കുന്നു. മാപ്പും പറയുന്നു തീർച്ചയായും വരണം.''

''ശ്രമിക്കാം.''

മനസ്സിൻെറ മൂടൽ മാറി.

ഭിത്തികഠം പെയിൻറുചെയ്യുമ്പോഴും കുട്ടികളുമൊത്തു് വായിച്ചപ്പോഴും കളിച്ചപ്പോഴുമെല്ലാം വൈകുന്നേരത്തെ യാത്രയെക്കുറിച്ചുതന്നെ ചിന്തിച്ചിരുന്നു.

നാലുമണിക്കു പാഠം വീണ്ടും ഫോണിൽ വിളിച്ചു. കഴിവതും നേരത്തേ ചെല്ലണം എന്നറിയിക്കാൻ. രാധ അഞ്ചുമണിക്കു വന്നപ്പോഠം ഞാനക്കാര്യം പറഞ്ഞു.

''പാവം, ഏകാന്തതസ്സു് ഒരു മാററം കിട്ടാനാണു് ഈ പാട്ടു പെടുന്നതു്. ഒരു ലോഡ്ജിൽ തനിയേ താമസിക്കുമ്പോഴേ വിഷമം മനസ്സിലാകൂ,'' രാധ കാരുണ്യപൂർവ്വം പറഞ്ഞു. അവരം മൂന്നുകൊല്ലത്തോളം മധുരയിലെ ഗാന്ധിഗ്രാമിൽ തനിയെ കഴച്ചുകൂട്ടിയ കാലം ഞാനോർത്തു.

പാമിൻെറ ലോഡ്ജിൽ: തിരക്കുകുറഞ്ഞ ഒരു പട്ടണമാണു് ഹോഹോകസ്. പൂർവ്വവാസികളായ റെഡ് ഇൻഡ്യന്മാരുടെ ഓർമ്മ നിലനിർത്തുന്ന പേരു്. പ്രശാന്തമായ ഒരു തെരുവിൽ ഒരു ചെറിയ രണ്ടുനിലക്കെട്ടിടത്തിൻെറ മുകളിൽ രണ്ടു മുറിയും ഒരു ചെറിയ അടുക്കളയും ഒരു ബാത്ത്റൂമു മാത്രം. 200 ഡോളർ വാടക. സ്കൂളിനടുത്തായതുകൊണ്ടാണു് പാം അവിടെ താമസിക്കുന്നതു്.

കാത്തിരിക്കുന്നു. അത്താഴമെല്ലാം ഒരുക്കിയിട്ടു്. സ്പെഷ്യൽ ചൈനാ അരി മേടിച്ചു് പാകത്തിനു വേകിച്ചുവെച്ചിരിക്കുന്നു. വെജിററബിരം കറികരം. ബീൻസ് മെഴുക്കുപുരട്ടി, ഉപ്പിലിട്ടതു്, മുട്ടക്കുഴമ്പു്, ചാക്കൊലെററ് പുഡ്ഡിങ് —എല്ലാം എന്നെക്കരുതി. ഡ്രായിങ് കം ഡയിനിങ്റൂം അലങ്കരിച്ചു് ഭംഗിപിടിപ്പിച്ചിരിക്കുന്നു. ആപ്പിരം എയിൽ, ജിഞ്ജർ എയിൽ, ഷെറി ഇത്രയുമാണു് ഡ്രിങ്ക്സ്, ഓറഞ്ചു്, ചെറി തുടങ്ങിയ പഴങ്ങളും ധാരാളം കരുതിയിട്ടുണ്ടു്.

ലൈബ്രറി എന്നെ കാണിച്ചു. കൂടുതലും സാഹിത്യം. നോവലുകരം, നാടകങ്ങരം, പ്രബന്ധസമാഹാരങ്ങരം—പല പുതിയ ഇനങ്ങളുമുണ്ടു്. ടാഗോറിനെക്കുറിച്ചു് ഞാൻ ചോദിച്ചു. കേട്ടിട്ടുണ്ടു്, വായിച്ചിട്ടില്ല. ഗീതാഞ്ജലിയെ ഞാൻ പ്രശംസിച്ചു. ഏതാനും വരികരം പറഞ്ഞു. ഒന്നും ഏശിയില്ല. ഓനീൽ, സ്റ്റീൻബെക്ക്, ഹെമിങ്വേ തുടങ്ങിയവരുടെ കൃതികരം ഞാൻ പഠിച്ചിട്ടുണ്ടെന്നു പറഞ്ഞപ്പോരം സന്തോഷമായി.

ബെഡ്റൂം എന്നെ കാണിച്ചു. വലിയ ഡബിരംകാട്ടു്, നിറഞ്ഞുനില്ക്കുന്ന ക്വീൻ ബെഡ്, വിരിപ്പും തലയണകളും—ഒക്കെ ഭംഗിയാക്കിയിട്ടിരിക്കയാണു്. ഏകയായ ഇവരക്കു് ഇതിൻെറയൊക്കെ ആവശ്യമെന്തു്?—ഞാൻ ആലോചിച്ചു. എല്ലാപേരെയും അതിൽ പിടിച്ചിരുത്തി. വാതോരാതെ സംസാരിച്ചു. പിന്നെ പാടി; മധുരശബ്ദം, നല്ല ഈണം. കുഞ്ഞുങ്ങളെ പാടിച്ചു. കുറെ ട്യൂണുകരം പഠിപ്പിച്ചു.

സുഖകരമായ അത്താഴം. ആതിഥേയിയുടെ സൗജന്യവും സന്മനസ്സുമാണു് ഹൃദ്യതരം. പ്രാൺസ് കറി ബഹുവിശേഷമെന്നു് രാധയും കുഞ്ഞുങ്ങളും പ്രശംസിച്ചു.

രാധയുടെ അച്ഛൻ ബ്രാഹ്മണനാണോ? കൃത്രിമചോദ്യമല്ല. മത്സ്യമാംസങ്ങരം കഴിക്കാത്തതു് ബ്രാഹ്മണരെന്നാണു് മനസ്സിലാക്കിയിട്ടുള്ളതു്.

നായർജാതിയിൽപ്പെട്ടവനാണ്. മത്സ്യമാംസങ്ങൾ നായന്മാർ കഴിക്കും അച്ഛനു വേണ്ടെന്നു തോന്നി ഉപേക്ഷിച്ചെന്നേയുള്ളു.

അവ തിന്നുന്നവരോട് ദേഷ്യമോ വെറുപ്പോ ഉണ്ടോ?'

ഒരിക്കലുമില്ല, രാധ പറഞ്ഞു.

ഘോരസർപ്പങ്ങളെപ്പിടിച്ച് പച്ചയ്ക്കു കടിച്ചുതിന്നുന്നവരാണെങ്കിലും നല്ല ഹൃദയമുള്ളവരാണെങ്കിൽ ഞാൻ സ്നേഹിക്കുന്നു. മറിച്ചും—ഞാൻ വിശദീകരിച്ചു.

മസാച്ചുസെററ്സ് യാത്രയെക്കുറിച്ച് രാധയുടെ തീരുമാനമറിയണം.

ഇരുപതാംതീയതിമുതൽ നാലു ദിവസം രാധയ്ക്കു് ഒഴിവാണ്. അപ്പോഴാണെങ്കിൽ അവൾക്കും കുഞ്ഞുങ്ങൾക്കുംകൂടി വരാനൊക്കും. അങ്ങനെയാകട്ടെ എന്നു തീരുമാനിച്ചു.

നിയന്ത്രിതഫിലിമുകൾ ഒന്നുരണ്ടെണ്ണം, അവയുടെ സ്വഭാവമറിയാൻ, എനിക്കു കാണണമെന്നുണ്ട്. കുഞ്ഞുങ്ങളെ കൊണ്ടുപോകാൻ കഴിയാത്തതുകൊണ്ട് രാധയ്ക്കു വരാൻ പററുന്നില്ല. ഒരു പോംവഴി നിർദ്ദേശിക്കണം—അക്കാര്യം താനേററു. നല്ല ഫിലിമുകളുള്ള, സൗകര്യമുള്ള ദിവസം ഫോണിൽ അറിയിച്ചുകൊള്ളാം—നന്ദി, വളരെ നന്ദി.

പത്തുമണിവരെ പലതും സംസാരിച്ചിരുന്നു. ബൈ ബൈ കിസ്സുകളോടെ യാത്ര പറഞ്ഞു

## 1973 ജൂലായ് 13, വെള്ളിയാഴ്ച

രാവിലെ ഡോക്ടർ രാമചന്ദ്രൻനായർ ഫോണിൽ വിളിച്ചു. സുഖമായി കഴിയുന്നു. സെൽഫ് കുക്കിങ്. പ്രയാസം തോന്നുന്നില്ല. തിരുവനന്തപുരത്തുനിന്നു ഡോക്ടർ കൃഷ്ണൻനായർ* ഇന്നലെ രാത്രി വന്നിട്ടുണ്ട്. കൃഷ്ണൻനായരുമായും സംസാരിച്ചു.

ഹാപ്പി ന്യൂസ്, ഗീത ഓടിവന്നു പറഞ്ഞു. അപ്പൂപ്പന്റെ വിത്തുകളെല്ലാം കിളുത്തിരിക്കയാണ്. ഓടിച്ചെന്നു നോക്കി. തടങ്ങൾ നിറഞ്ഞുനില്ക്കുന്നു.

കുഞ്ഞുങ്ങളുമൊത്ത് വീടു കുറെ പെയിൻറുചെയ്തു. കുറെ വായിച്ചു. ചെടികളും പുൽത്തകിടികളും നനച്ചു.

രാധ വന്നപ്പോൾ ഡോക്ടർമാർ വിളിച്ച കാര്യം പറഞ്ഞു. അവരെ അവൾ നാളെ ലഞ്ചിനു ക്ഷണിച്ചു.

---

* എന്റെ ഒരു കസിൻ. തിരുവനന്തപുരം ജനറൽ ഹോസ്പിററലിൽനിന്ന് രാമചന്ദ്രൻനായരെപ്പോലെ ബഫ്ളൻപയിൻസ് ഹോസ്പിററലിൽ ജോയിൻ ചെയ്യാൻ എത്തിയിരിക്കയാണ്.

## 1973 ജൂലായ് 14: ശനിയാഴ്ച

രാവിലെ രാധയെ സഹായിച്ചു, ഡോക്ടർമാക്ക് ലഞ്ച് ഒരുക്കുന്നതിനു്. 11 30–നു് എല്ലാം റെഡി. 12–നു് അവരെ വിളിച്ചു കൊണ്ടുവരാൻ ഹോസ്പിററലിലേക്കു പോയി.

രണ്ടുപേക്കുംകൂടി തൽക്കാലം ഫാമിലി ക്വാർട്ടേർസ് ഒന്നേ കിട്ടിയിട്ടുള്ളു. താമസിയാതെതന്നെ ഒന്നുകൂടി കിട്ടും. രണ്ടുപേരും ഭാര്യമാരെ കൊണ്ടുവരാൻ ഏർപ്പാടുകരം ചെയ്തിരിക്കയാണു്.

ഇന്ത്യയിൽനിന്നു വന്നുചേന്നിട്ടുള്ള ഡോക്ടർമാരുടെ നില എങ്ങനെ? രാമചന്ദ്രൻനായർ വിശദീകരിച്ചു.

അമേരിക്കയിലെ ഇന്ത്യൻ ഡോക്ടർമാർ: എക്സ്ചേഞ്ച് വിസിററർ വിസാ (Exehange visitor visa) പ്രകാരമാണു് ഇന്ത്യൻ ഡോക്ടർമാർ ഇവിടെ എത്താറുള്ളതു്. അതിലേക്കു പ്രത്യേക പരീക്ഷായോഗ്യത നേടിയിരിക്കണം. സ്റ്റേററ്സിൽ ഒഴിവും സൗകര്യവുമുള്ള ഏതെങ്കിലും ഹോസ്പിററലിൽ അഞ്ചു കൊല്ലത്തേക്കു സ്റ്റൈപ്പൻഡോടുകൂടി അവർ നിയമിതരാകുന്നു.

സ്റ്റൈപ്പെൻഡ് നല്ല തുകയുണ്ടോ?

ഫ്രീ ക്വാർട്ടേർസിനു പുറമേ 400 ഡോളറാണു്. എത്ര ധൂർത്തായി ചെലവാക്കിയാലും 200 ഡോളർ മിച്ചം വയ്ക്കാൻ സാധിക്കും. ഇന്ത്യയിൽ യുവഡോക്ടർമാക്ക് കിട്ടുന്ന തുച്ഛമായ ശമ്പളത്തോടു താരതമ്യപ്പെടുത്തുമ്പോരം ഇതൊരു നല്ല സേവിങ്സ് ആണു്.

പ്രൈവററ് പ്രാക്ടീസ് ആകാമോ?

FLEX എന്ന പരീക്ഷ പാസ്സായാൽ ആകാം.

കൈമടക്കേപ്പാടുണ്ടോ?

ധനികരായ രോഗികരം നല്കുന്ന പാരിതോഷികങ്ങരം സ്വീകരിക്കാറുണ്ടു്. കൈമടക്കു കിട്ടിയാലേ രോഗിയെ വേണ്ടവിധം പരിശോധിക്കൂ എന്ന മനഃസ്ഥിതി കാണുന്നില്ല. അങ്ങനെ ഒരു നോട്ടം ഡോക്ടക്കുണ്ടെന്ന ചിന്ത രോഗികളിൽ അങ്കുരിപ്പിക്കാനേ ഇടയാക്കുന്നില്ല. അതവക്കു വലിയ ആത്മവിശ്വാസം നല്കുന്നു.

പ്രൈവററ് ഡോക്ടർമാരുടെ നില എങ്ങനെ?

ഗവണ്മെൻറുദ്യോഗമില്ലാത്ത ഡോക്ടർമാർ ധാരാളമുണ്ടു്. നാട്ടുകാരും അല്ലാത്തവരും. അവരുടെ സംഘടനകളുമുണ്ടു്. ഓരോ കുടുംബത്തിനും പ്രത്യേക പ്രൈവററ് ഡോക്ടർ ഉണ്ടായിരിക്കും. ഗവണ്മെൻറ് ഹോസ്പിററലുകളിൽ പ്രവേശിപ്പിക്കേണ്ട രോഗികളാണെന്നു കണ്ടാൽ അവർ ഒരു ശിപാശിക്കത്തു കൊടുത്തു് ഇങ്ങോട്ടയയ്ക്കും.

ഇങ്ങനെ ശിപാശിക്കത്തില്ലെങ്കിൽ ഇവിടെ പ്രവേശിപ്പിക്കാറില്ലേ?

ശിപാശിക്കത്തില്ലാതെയും പ്രവേശിപ്പിക്കാറുണ്ടു്. സാധാരണ ചെറുതരം രോഗങ്ങളെല്ലാം പ്രൈവററ് ഡോക്ടർമാർതന്നെ ചികിത്സിച്ചു ഭേദമാക്കുന്നു.

**ഹോസ്പിററൽസൗകര്യങ്ങൾ: ഹോസ്പിററൽസൗകര്യങ്ങൾ ഇന്ത്യയിലുള്ളതിനെക്കാൾ കേമമാണോ?**

രോഗങ്ങളുടെ പരിശോധനാക്രമങ്ങൾ വളരെ മെച്ചപ്പെട്ടവയാണ്. General work up എത്രയും അഭിനന്ദനീയം. വിലയേറിയ അത്യാധുനിക യന്ത്രോപകരണങ്ങളുണ്ട്. അവയെ സൂക്ഷ്മതയോടെ ഉപയോഗിച്ച് രോഗം കണ്ടുപിടിച്ച് ചികിത്സിക്കുക ഇവിടത്തെ ഹോസ്പിററലുകളിലെ വലിയ മേന്മയാണ്. അലസമായും കണ്ടമാനമായും രോഗികളെ—അവർ എത്ര സാധുക്കളായിരുന്നാലും ശരി—പരിശോധിച്ച് എന്തെങ്കിലും ഡയഗ്നൈസ് (രോഗനിർണ്ണയം) ചെയ്ത് ചികിത്സയ്ക്കു വിധേയരാക്കുന്ന നീചസമ്പ്രദായം ഇവിടില്ല.

രണ്ടുകൊല്ലത്തിനുമുമ്പ് പ്രശസ്തനായ ഒരു മെഡിക്കൽകോളേജ് ഡോക്ടർ, കൈമടക്കു മേടിച്ചശേഷവും, വേണ്ടവിധം പരിശോധിക്കാതെ അമീബിക് ഡിസന്റ്റിയാണെന്നു പറഞ്ഞ് എട്ടുപത്ത് എമിററൻ ഇൻജക്ഷനും പത്തുനൂറു ഗുളികകളും അടിച്ചുകേററി എന്നെ കൊല്ലാക്കൊല ചെയ്തതും എന്നിട്ടും രോഗമൂർച്ഛ മാറാത്തതു കണ്ട് പുനഃപരിശോധനയ്ക്കുശേഷം ടൈഫോയിഡ് ആണെന്നു കല്പിച്ച് ചികിത്സിച്ച് ആരോഗ്യം നിശ്ശേഷം നശിപ്പിച്ചതുമായ കഥ ഞാൻ വിവരിച്ചു.

അങ്ങനെയുള്ള മനുഷ്യദ്രോഹങ്ങൾ ഇവിടെയില്ല എന്നുതന്നെ പറയാം. എല്ലാ ഡോക്ടർമാരും ദേവദൂതന്മാരെന്നല്ല വിവക്ഷ. ഭൂരിപക്ഷവും ഹൃദയാലുക്കളായ നല്ല മനുഷ്യരാണ്. രോഗികൾക്കു മാനസികതൃപ്തി (Mental satisfaction) നല്കാൻ അവർ സദാ സന്നദ്ധരാണ്.

വാർഡുകളെല്ലാം ഒന്നു ചുററിനോക്കി. എല്ലായിടത്തും നല്ല വൃത്തിയും സ്വച്ഛതയും. ഭക്ഷണാദിസൗകര്യങ്ങളെല്ലാമുണ്ട്.

**ചെലവുകൾ: ഇതിന്റെ ചെലവുകളൊക്കെ ആരാ വഹിക്കുന്നത്?**

എല്ലാം ഓരോ വലിയ ഇൻഷ്വറൻസ് കമ്പനികളാണു നല്കുന്നത്. മെഡിക്കൽ ഇൻഷ്വറൻസ് എടുക്കാത്തവർ വളരെ ചുരുക്കമാണ്. മെഡിക്കെയിഡ് (Medicaid), ബ്ലൂ ക്രോസ് (Blue cross). ബ്ലൂ ഷീൽഡ് (Blue shield) തുടങ്ങിയ ഇൻഷ്വറൻസ് സംഘടനകളിൽ 90 ശതമാനം പേരും ചേർന്നിട്ടുണ്ടായിരിക്കും. മദ്യാസക്തരും തൊഴിലൊന്നുമില്ലാതെ അലയുന്നവരുമായ ചെറിയൊരു വിഭാഗം മാത്രമേ ഇവയിലൊന്നും ചേരാത്തവരായി കാണുകയുള്ളു.

**ഈ സഹായത്തിന്റെ സ്വഭാവം?**

ഉദാഹരണമായി, ബ്ലൂ ക്രോസ് 21 മുതൽ 120 ദിവസംവരെ ഫീസ് ബെനിഫിറേറാടുകൂടിയ താമസസൗകര്യങ്ങൾക്കും പിന്നെയും

30 മുതൽ 180 ദിവസംവരെ പാതി ബെനീഫിറേറാടുകൂടിയ സൗകര്യങ്ങൾക്കുംവേണ്ടി ചെലവു വഹിക്കുന്നുണ്ട്. ഇതുപോലെതന്നെയാണ് മററു സംഘടനകളും.

നിറക്കുറുമ്പ്: ഇംഗ്ലണ്ടിൽനിന്ന് ഇതുപോലെ പരിശീലനം കഴിഞ്ഞു മടങ്ങിയ ഡോക്ടർമാർ പറയുന്നതു് അവിടെ എപ്പാട്ഹെയ്ററ് (Apartheid) സമ്പ്രദായം നിലവിലുണ്ടെന്നും വെള്ളക്കാരല്ലാത്ത ഡോക്ടർമാരോട് അകൽച്ചയാണു കാട്ടാറുള്ളതെന്നുമാണ്. ഡ്യൂട്ടിയിലിരുന്ന ഒരു 'കളർഡോക്ടറെ'ക്കൊണ്ട് ഓപ്പറേററു ചെയ്യിക്കാൻ വിസമ്മതിക്കുകയും ഓപ്പറേഷൻ തിയേറ്ററിൽ അയാൾ കൂടുന്നതു് ഇഷ്ടമല്ലെന്നു ശഠിക്കുകയും ചെയ്ത സംഭവം ഒരു സുഹൃത്ത് എന്നോടു പറയുകയുണ്ടായി എന്നു ഞാൻ പറഞ്ഞു. കറുത്ത നേർസുകളെയും അവിടെ ഇഷ്ടപ്പെടുന്നില്ല.

അമേരിക്കയിൽ ഒരിക്കലും ഇതു സംഭവ്യമല്ല. ഇവിടെ മൊത്തം കഴിവാണു മാനിക്കപ്പെടുന്നതു്. ഡോക്ടർമാരെ സംബന്ധിച്ചിടത്തോളം ഇക്കാര്യം നിസ്സംശയമായി എനിക്കു പറയാൻ സാധിക്കും. ന്യൂയോർക്കിലെ ഒന്നുരണ്ടു കേരളീയരായ യുവഡോക്ടർമാർ കുബേരപദവിയിലെത്തിയിട്ടുള്ളതു് അമേരിക്കക്കാരുടെ ഈ സ്വഭാവവിശേഷംകൊണ്ടു മാത്രമാണ്. ബ്രിട്ടീഷുകാർ അവരുടെ പഴയ യജമാനത്വം മറക്കാൻ കഴിയാതെയാണ് നിറക്കുറുമ്പും എപ്പാട്ഹെയ്ററും പുലർത്തിവരുന്നതു്. ഇവിടെ ഇന്ത്യാക്കാരായും നീഗ്രോകളായും ധാരാളം മിടുക്കരായ ഡോക്ടർമാരും നേർസുകളും ഉണ്ട്. അവർക്കു യാതൊരു സൗകര്യക്കുറവുമില്ല. അവർ സന്തുഷ്ടരുമാണ്.

ഉപരിഡിഗ്രികൾ: ഇവിടെ അഞ്ചുകൊല്ലത്തെ സേവനത്തിനുള്ളിൽ കൂടുതൽ ഡിഗ്രികൾ വല്ലതും കിട്ടുമോ?

ഒരു 'ബോർഡ് എക്സാമിനേഷൻ'ണ്ട്. അതു പാസ്സായാൽ F. A. C. P. തുടങ്ങിയ ഡിഗ്രികൾ കിട്ടും. കിട്ടിയില്ലെങ്കിൽത്തന്നെയും ഇവിടത്തെ എക്സ്പീരിയൻസ് എങ്ങും മാനിക്കപ്പെടുന്നുണ്ട്.

അഞ്ചുകൊല്ലം കഴിയുമ്പോൾ—?

ജോബ് സെക്യൂരിററി (Job security) കൂടാതെ എന്നാൽ ജോബ് എൻഡെയ്ഞ്ജർ (Job endanger) ചെയ്യാതെ അഞ്ചുകൊല്ലം കൂടി കഴിയാം. ഒക്കെ ചുററുപാടുകൾ അനുസരിച്ചിരിക്കുന്നു.

കുറച്ചധികം സംസാരിച്ചിരുന്നുപോയി. ഒരു മണിക്കു വീട്ടിലേക്കു മടങ്ങി. ലഞ്ചുകഴിഞ്ഞ് ഡോക്ടർമാക്കുവേണ്ടി രണ്ടു സൂപ്പർമാർക്കററുകളിൽക്കൂടെ പോയി. കാർ കൂടാതെ മാർക്കററുകളിൽ പോകാനോ സാധനങ്ങൾ മേടിച്ചുകൊണ്ടുപോരാനോ പററുകയില്ല. അവർക്കു സെൽഫ് കുക്കിങ്ങിനു വേണ്ട സാധനങ്ങളെല്ലാം മേടിച്ചു. അവരെ ഹോസ്പിററലിൽ കൊണ്ടുവിട്ടിട്ടു മടങ്ങി.

വൈകുന്നേരം മഴയുണ്ടാകുമെന്നു് ഫോർകാസ്ററുണ്ടായിരുന്നു. പെട്ടെന്നു് അന്തരീക്ഷം മൂടിക്കെട്ടി. അത്യുഗ്രമായ ഇടിമിന്നൽമഴ

ആരംഭിച്ചു. നാളെ രാവിലെ ന്യൂയോക്ക്നഗരം കാണാൻ പ്ലാനി ട്ടിരിക്കയാണ്. മഴ തുടരുന്നേക്കുമോ എന്തോ!

പാമിനെക്കൂടി കൊണ്ടുപോയാൽക്കൊള്ളാമെന്നാഗ്രഹിച്ചു. രണ്ടുമൂന്നു പ്രാവശ്യം ഫോണിൽ വിളിച്ചു. മണിയടിക്കുന്നുണ്ട്. എടുക്കുന്നില്ല. എന്തു പററിയോ?

മുഷിഞ്ഞ ഉടുപുടവയണിഞ്ഞ സന്ധ്യാദേവിയുടെ മ്ലാനമായ മുഖം മ്ലാനത പകന്നിരുന്നു.

## 1973 ജൂലായ് 15, ഞായറാഴ്ച

ന്യൂയോക്ക് യാത്ര: രാവിലെ പ്രസന്നമായ അന്തരീക്ഷം. നാലരയ്ക്കു മുമ്പുതന്നെ ചെന്താമരവിരിഞ്ഞ നീലാകാശപ്പൊയ്ക.

7-നു ബ്രേക് ഫാസ്റ്റ്.

ലഞ്ചിനുവേണ്ട സാധനങ്ങളെല്ലാം രണ്ടു ബാഗിലാക്കി.

നാലോ അഞ്ചോ ദിവസം മെനക്കെട്ടാലേ ന്യൂയോക്ക് സിറ്റിയെക്കുറിച്ച് ഒരു ഏകദേശബോധമെങ്കിലും കിട്ടാൻ കഴിയൂ. ഇന്ന് റോക്ക്ഫെല്ലർ സെൻറർ—ഒരു പ്രധാന കാഴ്ചസ്ഥലം—ചെന്നു കാണാം. അങ്ങററം കാറിൽ പോകാമെന്നുവെച്ചാൽ പാക്കുചെയ്യാൻ ഒരിടം കിട്ടുക പ്രയാസമാണ്. രാധ പതിവായി പോകുന്ന വഴിയേ പോകാമെന്നു ഞാൻ നിർദ്ദേശിച്ചു. അതിൻപ്രകാരം 7.30-ന് അവളുടെ കാറിൽ തിരിച്ചു. ബാംബർഗ്ഗേർസ് പാക്കിങ്ഗ്രൗണ്ടിൻെറ ഒരററത്തു കാർ പൂട്ടിയിട്ടു. 8.5-നു ബസ്സുവന്നു, ന്യൂയോക്കിലേക്കു പോകുന്നതു്.

ബസ്സുയാത്ര: എത്രയും സുഖകരമാണ് ബസ്സ്യാത്ര. വൃത്തിയുള്ള കുഷൻസീററുകൾ. എയർ കണ്ടീഷൻഡ് ആകയാൽ പുറത്തെ ശീതോഷ്ണങ്ങളോ നിരനിരയായി ചീറിപ്പായുന്ന ലോറികളുടെയും കാറുകളുടെയും കണ്ണ്താരുന്തുദശബ്ദങ്ങളോ ബാധിക്കുന്നില്ല. ഡ്രൈവർ തന്നെയാണ് കണ്ടക്ടറും. കൃൂവായി ഉള്ളിലേക്കു കയറി ചാർജ്ജ് അയാളെ ഏല്പിക്കണം. ഉടനേ ടിക്കററടിച്ചു തരും. ഒഴിവുദിവസമാകയാൽ നില്ക്കേണ്ടിവന്നില്ല. തൂങ്ങി നില്ക്കാൻ രണ്ടു വരി റിങ്ങുകൾ മുകളിൽ ഘടിപ്പിച്ചിട്ടുണ്ട്. നിറക്കുറുമ്പു കണ്ടില്ല. നീഗ്രോകൾ വെള്ളക്കാരെ ഉരുമ്മി ഇരിക്കുന്നുണ്ട്.

രണ്ടോ മൂന്നോ സ്റ്റോപ്പുകളിൽ നിന്നു. 25 മിനിട്ടിനുള്ളിൽ വാഷിങ്ടൺ ബ്രിഡ്ജിൽ—ഹഡ്സൺ നദിയിലെ ഒരു മൈലോളം നീളവും രണ്ടു നിലയുമുള്ള വിസ്താരമേറിയ തൂക്കുപാലത്തിൽ—എത്തി.

ഹഡ്സൺ നദിയും വാഷിങ്ടൺ ബ്രിഡ്ജും: താഴെ നീണ്ടു നിവന്ന്, നീലിച്ച വിരിമാറിടം തിളക്കിക്കിടക്കുന്ന ഹഡ്ഡൺ. ലോകത്തെ വ്യവസായ വാണിജ്യധമനികളിൽ സുപ്രധാനമായ

ഗംഭീരവാഹിനി. നുരയും പതയും തിരമാലകളും നിരനിരയായി നിർമ്മിച്ചുകൊണ്ടു് നിരന്തരമായി അങ്ങോട്ടുമിങ്ങോട്ടും പായുന്ന കപ്പലുകളും പത്തേമാരികളും ഇരുവശങ്ങളിലും കാണാം. അക്കരെയും ഇക്കരെയും ആകാശഭേദികളായ ഉത്തുംഗസൗധനിരകൾ. അടുത്തുള്ള എയർപോർട്ടിൽനിന്നു വരുന്നവയും അങ്ങോട്ടു പോകുന്നവയുമായ വിമാനങ്ങൾ ഇടവിടാതെ ചുററിക്കറങ്ങുന്നുണ്ടു് ആകാശമണ്ഡലത്തിൽ. ഒരു അത്ഭുതലോകത്തേക്കു പ്രവേശിക്കുകയാണെന്നു കാണിക്കുന്ന എല്ലാ ലക്ഷണങ്ങളുമുണ്ടു്.

പാലത്തിൻെറ മുകൾനിലയിൽക്കൂടി ബസ്സ് സഞ്ചരിച്ചിരുന്നതിനാൽ രണ്ടു വശത്തുമുള്ള കാഴ്ച വളരെദൂരം കാണാൻ കഴിഞ്ഞിരുന്നു. ഉറച്ച പാറക്കെട്ടുകളുള്ള ഒരു മലവാരത്തിൻെറ മദ്ധ്യത്തുകൂടിയാണു് ഹഡ്സൺൻെറ ഗതി. ഭൂതലത്തിൻെറ ദാർഢ്യംകൊണ്ടാണു് നൂറും നൂററിരുപതും നിലകളുള്ള ആകാശചുംബികൾ ഇരുവശവും നിർഭയം കെട്ടിപ്പൊക്കാൻ കഴിഞ്ഞിട്ടുള്ളതു്. ആശ്ചര്യകരമായ പ്രകൃതിയുടെ സൗഭാഗ്യവും അക്ഷീണമായ മനുഷ്യോദ്യമത്തിൻെറ ഔൽകൃഷ്ട്യവും കലന്നു വിജയിക്കുന്ന ആ പ്രദേശത്തിൻെറ ദർശനം മനസ്സിനു വലിയൊരുയർച്ച പെട്ടെന്നു നല്കുന്നു.

'ഹഡ്സൺ' എന്ന നാമധേയം! നദീപുരുഷൻ! സ്ത്രീകളായ ഭാരതീയനദികളിൽനിന്നു വിഭിന്നൻ! അതലാന്തികൻ എന്ന ഗംഭീര മഹാസമുദ്രപുരുഷനുമൊത്തു് ഇയാൾ നടത്തുന്ന വേഴ്ചയെ ഭാരതീയ കവിഭാവന എങ്ങനെ ഉൽപ്രേക്ഷിക്കുമോ!

വൻകിട കപ്പലുകൾക്കും അന്തർവാഹിനികൾക്കും സ്വച്ഛന്ദം സഞ്ചരിക്കത്തക്ക അത്യഗാധമാണു നദീമുഖത്തുള്ള 200 മൈൽ ദൂരം. അതിൽ 17 മൈലാണു് ന്യൂയോർക്കിൻെറയും ന്യൂജേർസിയുടെയും അതിർത്തിരേഖ. ഹഡ്സൺൻെറ മുകളിലും കീഴിലുമായി പാലങ്ങളും ടണലുകളും ഭൂഗർഭ റയിൽവേകളും കടത്തുകളും പലതുണ്ടു് ഈ രണ്ടു സ്റ്റേറുകളെയും യോജിപ്പിക്കുന്നവ. അവയിൽ അതിപ്രധാനമാണു് ഈ ഇരുനിലപ്പാലം—വാഷിങ്ടൺ ബ്രിഡ്ജ്.

നിരന്നു മൂന്നു ടോൾഗേററുകളുണ്ടു്, മൂന്നു വരിയായി അങ്ങോട്ടു ചെല്ലുന്ന വാഹനങ്ങളിൽനിന്നു കരം പിരിക്കാൻ ഗുപ്പകൾ കൈനീട്ടിക്കൊണ്ടു് ടോൾകളക്ടർമാർ കാത്തുനില്ക്കുന്നവ കാറുകൾക്കു് ഒരു ഡോളർ, ബസ്സിനും ലോറിക്കും രണ്ടു്. വാഹനങ്ങൾ മന്ദഗതിയിൽ നീങ്ങാവതന്നെ ഡോളർ നീട്ടിക്കൊടുക്കുന്നു; ഒരു മണി കേൾക്കുന്നു; നില്ക്കാതെ നീങ്ങുന്നു. ഞെരുങ്ങിപ്പായുന്ന വണ്ടികൾ ഇങ്ങനെ ടോൾ നല്കിയിട്ടു നീങ്ങുന്നതു കാണാൻതന്നെ കൗതുകമുണ്ടു്.

പാലത്തിൻെറ അങ്ങേ അററമുള്ള ബസ്സ്സ്റ്റോപ്പിൽ ഞങ്ങളിറങ്ങി. ബാഗുകൾ പേറിക്കൊണ്ടു നടന്നു

ഭൂഗർഭറെയിൽവേ: അവിടെനിന്നു് അമ്പതറുപതു പടികളിറങ്ങണം ഭൂഗർഭറെയിൽവേസ്റ്റേഷനിലെത്താൻ.

വിദ്യുദ്ദീപപ്രകാശത്തിൽ തിളങ്ങുന്ന സുവിസ്തൃതവും തിരക്കേറിയതുമായ ഒരു പ്ലാററ്ഫോമിൽ എത്തുന്നു. അവിടം വലിയൊരു കച്ചവടകേന്ദ്രംകൂടിയാണ്. നല്ലൊരു ബുക്ക്സ്റ്റാൾ. പത്രങ്ങളും വാരികകളും പുതിയ ഗ്രന്ഥങ്ങളും കിട്ടും. സ്റ്റേഷനറിസാധനങ്ങൾ, തീററിപ്പണ്ടങ്ങൾ, കൂൾഡ്രിങ്കുകൾ, കളിപ്പാട്ടങ്ങൾ എല്ലാം ആകർഷകമായി പ്രദർശിപ്പിക്കുന്ന ഷോപ്പുകൾ. വൃത്തിയുള്ള ഡസ്കുകളും ബെഞ്ചുകളും നിരത്തിയിട്ടുള്ളവയിൽ പത്രങ്ങൾ വായിച്ചും തിന്നും കുടിച്ചും ഇരിക്കുന്നവർ ധാരാളം. എട്ടുപത്തിടത്തു ചവററുപെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുകൊണ്ടു് എങ്ങും വൃത്തിയും സ്വച്ഛതയും.

കൗണ്ടറിൽ അവധിദിവസമായതുകൊണ്ടു വലിയ തിരക്കില്ല. 35 സെൻറ് കൊടുത്താൽ സബ്വേ ട്രെയിനിൽ സഞ്ചരിക്കാനുള്ള ഒരു ചെമ്പുടോക്കൺ—എട്ടുകാശിൻെറ വലിപ്പമുള്ളതു്—കിട്ടും. സബ്വേയിൽ പ്രവേശിക്കുന്ന ഗേററിലുള്ള സ്തംഭത്തിൽ ഇതിട്ടാലുടൻ ഗേററ് തള്ളിത്തുറക്കാം, ഒരാൾക്ക മാത്രം. കുട്ടികൾക്ക ടോക്കൺ ആവശ്യമില്ല. ഗേററിനടിയിലൂള്ള വിടവിൽക്കൂടി കുനിഞ്ഞു കേറിക്കൊള്ളാം. ഒരിക്കൽ അകത്തു കേറിക്കഴിഞ്ഞാൽ മറെറാരു ഗേററിൽക്കൂടി പുറത്തിറങ്ങുന്നതുവരെ 250 മൈൽ ദൂരമുള്ള ന്യൂയോക്കിലെ സബ്റെയിൽവേയിൽ അങ്ങോട്ടുമിങ്ങോട്ടും എവിടെ വേണമെങ്കിലും സഞ്ചരിക്കാം. രണ്ടു നിലയാണു് റെയിൽവേ ട്രാക്ക്.

മിക്കവാറും എല്ലാ സമയവും ശബ്ദായമാനമായി ഇലക്ട്രിക് ട്രെയിനുകൾ ഓടിക്കൊണ്ടിരിക്കുന്നതുകൊണ്ടു് ചെവി പിളക്കുന്ന ഇരമ്പലാണു് എപ്പോഴും. താഴത്തെ സ്റ്റേഷനിൽ കാത്തുനില്ക്കുമ്പോൾ തലയ്ക്കു മുകളിൽക്കൂടി മർമ്മഭേദിയായ ഇടിമുഴക്കത്തോടെ ട്രെയിൻ ഓടുന്നതു കേൾക്കാം. മുകൾനിലയിൽ നില്ക്കുമ്പോൾ ഭൂകമ്പത്തിൻെറ പ്രതീതിയുണ്ടാകും കാലിൻകീഴിൽ.

ടോക്കൺ സ്തംഭത്തിലിട്ടു് അകത്തു കടന്നുകഴിഞ്ഞപ്പോൾ വലിയൊരു ബോർഡു് കണ്ടു, ഏതേതു തെരുവുകളിലേക്കു് ഏതേതു് ട്രെയിൻ കേറേണ്ടിവരുമെന്നു്. 48-ാം തെരുവിലാണു് ഞങ്ങൾക്ക പോകേണ്ടതു്. സദാ കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു വൈദ്യുതകോവണിയിൽ കയറിനിന്നു. നൂറോളം പടികൾ കീഴോട്ടിറങ്ങിയപ്പോൾ മറെറാരു പ്ലാററ്ഫോമിലെത്തി. ഒട്ടനവധിപേർ ട്രെയിൻ കാത്തു നില്പുണ്ടു്. ബ്ലാക്കുകളും വൈററുകളും യെല്ലോകളുമുണ്ടു്. ഒരു തൂണിൽ ചേർത്തു കൊത്തിവെച്ച വെൺപ്രതിമപോലെ ഒരു യുവമിഥുനം ഒരു ദേഹമെന്നു തോന്നത്തക്കവിധം കെട്ടിപ്പിണഞ്ഞു് അധരങ്ങൾ കോർത്തുകൊണ്ടു നില്ക്കുന്നു. ഇത്ര പബ്ലിക്കായ ഒരു പ്ലാററ്ഫോമേ ഇതിലേക്കു് ഇവർ കണ്ടതുള്ളോ? My Secret Life എന്ന പുസ്തകത്തിൽ Bundling എന്നൊരു സമ്പ്രദായം അവിടെ നടപ്പുള്ളതായി വായിച്ചിരുന്നു. വസ്ത്രങ്ങൾ അണിഞ്ഞുകൊണ്ടുതന്നെ സ്ത്രീപുരുഷന്മാർ ആലിംഗനാദി ദന്ദ്വവിദ്യകൾ ആചരിച്ചു ജീവിക്കുന്ന

ഏർപ്പാടാണത്. അതായിരിക്കണം ഇത്! അതിന്റെ പരസ്യമായ പ്രകടനം!

ഇരമ്പിക്കൊണ്ട് ഒരു ട്രെയിൻ വന്നുനിന്നു. ഇതു നമ്മുടേതല്ല. 'ടപ്പേ'ന്നു വാതിലുകൾ തുറക്കുന്നു, ആളുകൾ കയറുന്നു, ഇറങ്ങുന്നു. വാതിലുകൾ അടയുന്നു. വണ്ടി നീങ്ങുന്നു. യുവമിഥുനം തിരിയുക യോ പിരിയുകയോ ചെയ്യാതെ നിശ്ചലനിർവൃതിയിൽ ലയിച്ച മന്നു നില്ക്കുന്നു. ആളുകൾ ആ കാഴ്ച നോക്കുന്നുണ്ട്. പക്ഷേ, നിസ്സാരഭാവത്തിൽ നടന്നു നീങ്ങുകയാണ്. അവരും ചെയ്യാറുള്ളതുതന്നെയായിരിക്കണം ഇതൊക്കെ. അടുത്ത ട്രെയിൻ ഇരമ്പിപ്പാഞ്ഞു വരുന്നു. നമ്മുടെ നമ്പർതന്നെ—56 എ വാതിൽ തുറക്കുന്നു, ഞങ്ങൾ കയറുന്നു, ഇറങ്ങുന്നവരുടെ ഇടയിൽക്കൂടി. വാതിലടയുന്നു. വണ്ടി നീങ്ങുന്നു. ജനാലയിൽക്കൂടി കൗതുകത്തോടെ നോക്കിയപ്പോൾ പുറത്ത് ആ നിശ്ചലപ്രതിമ അങ്ങനെതന്നെ ലയിച്ചു നില്ക്കുന്നു.

ഹോളി ഡേ ആയതുകൊണ്ട് ഇരിപ്പിടം കിട്ടി. സ്പീഡിന്റെ കൂടുതൽകൊണ്ട് ആട്ടം അതിഭയങ്കരം.

''അച്ഛൻ ഒരു റിങ്ങിൽ തൂങ്ങിനിന്നു നോക്കണം.''

അങ്ങോട്ടുമിങ്ങോട്ടും എടുത്തെറിയുമ്പോലെ തോന്നി. ഞാൻ വേഗം ഇരുന്നുകളഞ്ഞു.

''ഓഫീസ് ദിവസങ്ങളിൽ പത്തും പന്ത്രണ്ടും പേരായിരിക്കും സ്ത്രീപുരുഷവ്യത്യാസംകൂടാതെ ഓരോ റിങ്ങിലും തൂങ്ങുക. പരസ്പരം ഇടിച്ചു തെറിപ്പിച്ചുകൊണ്ടുള്ള പത്തുമിനിട്ടുനേരത്തെ യാത്ര കൊല്ലാക്കൊല ചെയ്യുകളയും!''

ഓരോ സ്റ്റേഷനിലും സ്ഥലവും തെരുവുനമ്പരും കാണിക്കുന്ന ബോർഡുകളുണ്ട്. നാലു സ്റ്റേഷൻ കഴിഞ്ഞപ്പോൾ ഞങ്ങളിറങ്ങി. വൈദ്യുതകോണിവഴി മുകളിലേക്കു കയറി. അവിടത്തെ പ്ലാററ്ഫോമിൽ കാത്തുനിന്നു മറെറാരു ട്രെയിനിൽ കയറി. 48-ാംനമ്പർ തെരുവിലേക്കു നയിക്കുന്ന സ്റ്റേഷനിലിറങ്ങി. വിദ്യുദ്ദീപശോഭിതമായ ഒരു നീണ്ട അണ്ടർഗ്രൗണ്ട് പാതയിൽക്കൂടി അര ഫർലോങ്ങോളം നടന്നു രണ്ടുവശവും കച്ചവടസാധനങ്ങളുടെ പ്രദർശനങ്ങളാണ്. അവസാനം ഒരു വലിയ മുറിയിൽ എത്തി: റോക്ക്ഫെല്ലർ സെന്ററിന്റെ ഓഫീസ്.

കസേരകളിലും സെററികളിലും അനവധിപേർ കാത്തിരിക്കുന്നു. റോക്ക്ഫെല്ലർ സെൻറർ കാണാൻ എത്തിയിട്ടുള്ളവർ. 12 മണിവരെയുള്ള ടിക്കററുകൾ ബുക്ക്ചെയ്യു കഴിഞ്ഞു. അടുത്തത് 12.30-ന്. ഞങ്ങൾ ടിക്കറെറടുത്തു. പ്രായമായവർക്ക് 2.05 ഡോളർ. കുട്ടികൾക്കു 1.50. മണി പത്തായിട്ടില്ല. രണ്ടു മണിക്കൂർ പുറത്തൊന്നു ചുററിക്കറങ്ങാം. ബാഗുകൾ പേറിക്കൊണ്ട് അവിടത്തെ വലിയ ഗേററുവഴി പുറത്തിറങ്ങി, ന്യൂയോർക്ക് നഗരത്തിന്റെ നടുമദ്ധ്യത്ത്.

ന്യൂയോക്ക് നഗരം: ബസ്സിലിരുന്നപ്പോൾ ഒരു വിഹഗവീക്ഷണം ലഭിച്ചിരുന്ന ആ വിശ്വോത്തരനഗരത്തിൻെറ സുപ്രധാനവീഥികളിലൊന്നിലാണ് ഞങ്ങളിറങ്ങിയിരിക്കുന്നതു്. 'റേഡിയോ സിററി' എന്നറിയപ്പെടുന്ന—48 മുതൽ 52 വരെ തെരുവുകൾ ഉൾക്കൊള്ളുന്ന—റോക്ക്ഫെല്ലർ നഗരവിഭാഗമാണ് മുമ്പിൽ കാണുന്നതു്. 70 നിലയുള്ള ഒരു കൂററൻ ആകാശചുംബിയും മററു 14 ഗംഭീര സൗധങ്ങളുമാണ് ഈ തെരുവുകളിൽ. തലപൊക്കി കണ്ണുതള്ളി നില്ക്കണം കെട്ടിടങ്ങളുടെ മുകൾനിലകൾ കാണണമെങ്കിൽ. രണ്ടായി ഭാഗിച്ചിട്ടുള്ള വിസ്തൃതമായ റോഡുകളിൽ തുരുതുരെ വാഹനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുകൊണ്ടിരിക്കയാണ്. രണ്ടു സൈഡിലും ഫുട്പാത്തുണ്ടു്. അവയിൽക്കൂടി ഉത്സവദർശനത്തിനെന്നപോലെ ഞെരുങ്ങിപ്പായുന്ന മനുഷ്യക്കൂട്ടം. ഇരുനൂറോ മുന്നൂറോ വാര നടക്കുമ്പോൾ ക്രോസ് റോഡുകളായി. നാല്ക്കവലകളിൽ എങ്ങും ആൾക്കൂട്ടം. രണ്ടും മൂന്നും വരി വാഹനങ്ങൾ റോഡിലും. Dont Walk എന്ന ചുവന്ന ബോർഡ് മാറി Walk എന്ന പച്ച ബോർഡ് കാത്തു നില്ക്കുകയാണ്. തെററി ഒരു ചുവടുവെച്ചാൽ പിന്നെ ജീവിച്ചിരിപ്പില്ല. ഫുട്പാത്തിൻെറ വശങ്ങളിൽ പ്രദർശന സാധനങ്ങൾ അണിനിരത്തിയ പീടികകൾ. അവിടെനിന്നു സാധനങ്ങൾ മേടിക്കാൻ ശ്രമിക്കുന്നവരും ഒട്ടേറെയുണ്ടു്.

''ഇവിടുന്നു് ഒരു മൈൽ അകലെ ഒരു വലിയ സൂപ്പർ മാർക്കററുണ്ടു്. പലവിധം സാരികൾ അവിടെ കിട്ടും. നമുക്കങ്ങോട്ടു നടക്കാം."

പത്തുമണി കഴിഞ്ഞിട്ടും വെയിലിൻെറ ശല്യം തെരുവുകളിൽ എത്തീട്ടില്ല. വിയന്മണിയുടെ സഞ്ചാരപഥം തടഞ്ഞുനില്ക്കുകയാണ് വിയന്മണ്ഡലമേദികളായ സൗധശൃംഗപരമ്പരകൾ.

സാരി സെൻറർ: സാരിവില്പനകേന്ദ്രമാണെന്നു റോഡിൽനിന്നുതന്നെ മനസ്സിലാക്കാൻ കഴിഞ്ഞു സാരിധാരിണികളായ മൂന്നുനാലു് ഇന്ത്യൻ വനിതകൾ പടികയറി ഒരു മാളികയിലേക്കു കടക്കുന്നതു കണ്ടപ്പോൾ. മുമ്പിൽ നടന്നിരുന്ന രാധ അവരെ കണ്ടില്ല. കൂട്ടത്തിൽ ലിപ്സ്റ്റിക്ക് തേച്ചു് ചുണ്ടു ചുവപ്പിച്ച ഒരു വെളുത്ത സുന്ദരിയെ ഞാൻ എവിടെയോവെച്ചു കണ്ടിട്ടുണ്ടു്. ഞാൻ തിരിഞ്ഞു നോക്കുന്നതു കണ്ടു്, ''എന്താ പരിചയോണ്ടോ?'' എന്നു മലയാളത്തിൽ ചോദിച്ചു.

''ഓർമ്മവരുന്നില്ല ''

''പത്മിനിയാണ്.''

രാധയെ ഞാൻ വിളിച്ചുനിറുത്തി, ''അറിഞ്ഞുകൂടേ?'' എന്നു ചോദിച്ചു.

''കേരളാ ക്ലബ്ബിൽവെച്ചു പരിചയപ്പെട്ടിട്ടുണ്ടു്. ററീനെക്കിലല്ലേ താമസം?" രാധ എൻെറ സന്ദർശനത്തെപ്പററി സംസാരിച്ചു.

''കുറച്ചുകൂടി മെലിഞ്ഞ രൂപമാണു ഞാനോക്കുക,'' ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

''വണ്ണം കൂടിപ്പോകാതിരിക്കാൻ ശ്രമിക്കുന്നുണ്ടു്. അടുത്തുതന്നെ എൻെറ ഒരു പരിപാടിയുണ്ടു്. ക്ലബ്ബിൽനിന്നു കത്തു വരും. രണ്ടുപേരും കുഞ്ഞുങ്ങളും വരണം. താമസിയാതെ യേശുദാസിൻെറ പാട്ടുകച്ചേരിയുമുണ്ടാകും.''

ഭർത്താവായ ഡോക്ടറുമൊത്തു് കേരളത്തിലെ പ്രശസ്തസിനിമാതാരം സുഖജീവിതം നയിക്കുകയാണ് ന്യൂയോക്കിലെ ററീനെക് ടൗണിൽ.

മൂന്നാം നിലയിലാണു സാരികൾ. ഇന്ത്യാക്കാർ ധാരാളം എത്തീട്ടുണ്ടു്.

അഞ്ചു ജപ്പാൻസാരികൾ തെരഞ്ഞെടുത്തു. വലിയ റോളുകളിൽനിന്നു് ഇഷ്ടംപോലെ മുറിച്ചുതരും. ഇന്ത്യൻസാരികളുടെ വെട്ടത്തു വരുകയില്ല. എങ്കിലും എന്തൊരു ഭ്രമമാണു് ഇവയുടെനേക്കു നമ്മുടെ നാട്ടുകാക്കു്. വില 39 ഡോളർ! ഷോപ്പുടമ കുട്ടികൾക്കു് ഓരോ നല്ല ഡോട്ട്പെൻസിൽ—അവരുടെ പരസ്യം കൊത്തിയിട്ടുള്ളതു്—സമ്മാനിച്ചു.

റോക്ക്ഫെല്ലർ സെൻറർ: ഗൈഡഡ് വിസിററ് 12.30-നു തുടങ്ങി. പലദിക്കുകളിൽനിന്നു വന്നുചേന്നിട്ടുള്ള അറുപതുപേരാണു് ഒരു ട്രിപ്പിൽ. സമത്ഥയായ ഒരു യുവതി മാഗ്ഗദശിക. സെൻററിൻെറ മഹത്ത്വം ഒരു ലഘുപ്രസംഗംകൊണ്ടു് അവൾ വ്യക്തമാക്കി.

ജോൺ, വില്യം എന്നീ റോക്ക്ഫെല്ലർ സഹോദരന്മാർ ഏകദേശം 100 കൊല്ലത്തിനുമുമ്പു് അല്പിഷ്ടമായ തോതിൽ ആരംഭിച്ച പ്രസ്ഥാനം. 1865-ൽ സ്റ്റാൻഡേഡ് ഓയിൽ കമ്പനി എന്ന പേരിൽ സ്ഥാപിച്ച എണ്ണശുദ്ധീകരണസ്ഥാപനം 1911-ൽ സുപ്രീം കോടതിയുടെ തീരുമാനപ്രകാരം വിലയിപ്പിച്ചതിനുള്ളിൽ അവക്കു വിശേഷാത്തരകോടീശ്വരന്മാരായിത്തീരാനും തത്തുല്യമായ ഒരു വ്യാപാരക്കൂട്ടുകെട്ടു ലോകത്തില്ലെന്നു വരുത്താനും സാധിച്ചു. അവരുടെ ലോകസേവനസംരംഭങ്ങൾ വിശ്വവിഖ്യാതമാണു്. വിശ്വവ്യാപകമായി വിദ്യാഭ്യാസത്തിനുവേണ്ടി 50 കോടി ഡോളറും മനുഷ്യസ്നേഹപരമായ സദുദ്യമങ്ങൾക്കുവേണ്ടി 15 കോടി ഡോളറുമാണു് ഇവർ സമ്മാനങ്ങളായും സംഭാവനകളായും നല്കിയിട്ടുള്ളതു്. ഇവിടത്തെ ഈ സെൻററിൽ 14 വിപുലമായ സൗധങ്ങളും 70 നിലയുള്ള അംബരചുംബിയുമാണുള്ളതു്. വാണിജ്യവ്യാപാരവ്യവസായങ്ങൾക്കു പുറമേ, റേഡിയോ, ററി വി., സംഗീതനാടകാദിവിനോദങ്ങൾ എന്നിവക്കു പ്രസിദ്ധമാണു് ഈ കേന്ദ്രം.

ഇൻസ്റ്റിട്യൂട്ടിൻെറ നാനാഭാഗങ്ങളിലും ഞങ്ങളെ കൊണ്ടുനടന്നു കാണിച്ചുതന്നു. നഗരമദ്ധ്യത്തിൽ 100 ഏക്കർ സ്ഥലമാണു് അവക്കുള്ളതു്. എലിവേറററിൽ കയറി ഒരു വമ്പിച്ച എടുപ്പിൻെറ

പത്താം നിലയിലേക്ക ഞങ്ങളെ കൊണ്ടുപോയി. ചേതസ്സമാകഷ്കമായ ഒരു ഉദ്യാനമാണവിടെ. പൂത്തും തളിൎത്തും നില്ക്കുന്ന പലതരം ചെടികളും ലതകളും, പല രൂപത്തിലുള്ള നികുഞ്ജങ്ങളും, സദാ പ്രവൎത്തിക്കുന്ന ധാരായന്ത്രങ്ങളും, ഇരിക്കാനും കിടക്കാനും പററുന്ന മാർബിറം സെററികളും,—ആകപ്പാടെ മാളികപ്പുറത്തെ ആ മനോഹരോദ്യാനം അസദൃശമായ ഒരു കാഴ്ചയാണ്.

6200 പേൎക്ക സസുഖം ഇരുന്നു സംഗീതനാടകപരിപാടികറം ദശിക്കാവുന്ന ഒരു തിയേററിലേക്ക കൊണ്ടുപോയി, സംവിധാന സമ്പ്രദായങ്ങറം വിവരിച്ചുതന്നു.

പഴയതും പുതിയതുമായ ഒട്ടനവധി പെയിൻറിങ്ങുകറം സൂക്ഷിച്ചിട്ടുള്ള ഒരു മന്ദിരത്തിലേക്ക കൊണ്ടുപോയി, എല്ലാം വിവരിച്ചു തന്നു. അമേരിക്കൻ ചരിത്രസംബന്ധമായവയാണു മിക്കതും. പലവിധം റസ്റ്റാറൻറുകറം, സ്വിമ്മിങ് പൂളുകറം, ടെന്നിസ്, ബാഡ്മിൻറൻ തുടങ്ങിയ ഗെയിംസ് ഗ്രൗണ്ടുകറം, വിനോദകേന്ദ്രങ്ങറം മുതലായവ കാട്ടിയശേഷം 70 നിലയുള്ള സ്കൈ സ്ക്രേപ്പറിൻെറ മുകളിലേക്ക നയിച്ചു. ലിഫ്ററിൽ രണ്ടു മിനിട്ടേ വേണ്ടിവന്നുള്ളു, മുകറംനിലയിലെത്താൻ.

മദ്ധ്യത്തുള്ള ടൗവറിൻെറ നാലുവശവും കസേരകളും ബെഞ്ചുകളും നിരത്തിയിട്ടുള്ള ഒരു വലിയ പ്ലാററ്ഫാം. നഗരത്തിൻെറ നാനാവശങ്ങളും അവിടെ നിന്നു കാണാം. അങ്ങിങ്ങായി എട്ടു ദൂരദശിനികറം സ്ഥാപിച്ചിട്ടുണ്ട് പത്തു സെൻറ് നാണയം ഒരു ദ്വാരത്തിലിട്ടാൽ കണ്ണറകറം തുറക്കും. വിദൂരസ്ഥമായ ഉന്നതസൗധങ്ങളും, വാഹനങ്ങറം പായുന്ന റോഡുകളും, ജനനിബിഡമായ നടപ്പാതകളും, ബോട്ടുകളും കപ്പലുകളും നിറഞ്ഞ നൗകാശയവും, നീണ്ടുനിവൻകിടക്കുന്ന ഹഡ്സൺനദിയും, വിശാലമായ പാക്കുകളും ഉദ്യാനങ്ങളും—എല്ലാം തൊട്ടടുത്തെന്നപോലെ അവിടെ നിന്നു കാണാം. നാലു വശത്തും മാറിമാറി നിന്നു നോക്കി. രണ്ടുകോടി ജനങ്ങറം അധിവസിക്കുന്ന ആ ഗംഭീരനഗരത്തിൻെറ വൈപുല്യവും ഔന്നത്യവും പ്രൗഢിയും ധനപൗഷ്കല്യവും ആശ്ചൎയ്യഭരിതനായി ഞാൻ സമീക്ഷിച്ചു നിന്നു. റോക്ക്ഫെല്ലർ സെൻററിലുള്ള പതിനാലു സ്കൈ സ്ക്രേപ്പറുകളും (ആകാശചുംബികളും) തൊട്ടുനോക്കുന്നപോലെ അവിടെ നിന്നു കാണാൻ കഴിഞ്ഞു.

''താമസിയാതെതന്നെ നമുക്ക കുറച്ചുകൂടി അടുത്തുചെന്നു വിശേഷപ്പെട്ട മന്ദിരങ്ങളെല്ലാം കാണാം,'' രാധ പറഞ്ഞു.

ലഞ്ചിനുവേണ്ടി കരുതിയിരുന്ന പലഹാരങ്ങളും മററും അവിടെയിരുന്നു കഴിച്ചു, ഹഡ്സണിൽ മുഴകിവരുന്ന സുഖശീതളമായ മന്ദമാരുതവീജനം ഏററുകൊണ്ടു്.

ഗൈഡ് ഞങ്ങളെ വിട്ടുകഴിഞ്ഞിരുന്നു. മുക്കാൽ മണിക്കൂർ നേരം മാത്രം കൊണ്ടുനടന്നു കാട്ടിയതിനു് സന്ദർശകരിൽനിന്നു

2.75 വീതം പിരിച്ചെടുത്തതു് അന്യായമാണെന്നു രാധയോടു ഞാൻ പറഞ്ഞു.

''സൗജന്യം എന്നൊരു സംഗതി ഇന്നാട്ടിൽ പ്രതീക്ഷിക്കേണ്ട. അന്യന്റെ പണം തട്ടിയെടുക്കാനുള്ള ഒരു മാർഗ്ഗവും ഇവിടെ അടച്ചിട്ടാറില്ല.''

''റോക്ക്ഫെല്ലറുടെ നാമമേന്മയ്ക്കുതന്നെ ഈ എച്ചിത്തനം കളങ്കം ചേർക്കും.''

പോയവഴിയേ മടങ്ങി, 4-നു വീട്ടിലെത്തി.

ഡോ. പി. കെ.യുടെ മകൾ ജയശ്രീയും ഭർത്താവും മകളും സന്ദർശനാർത്ഥം എത്തി. വരുമെന്നു് ഇന്നലയേ അറിയിച്ചിരുന്നു. സപ്പർ കഴിഞ്ഞു മടങ്ങിപ്പോയി.

പൂർണ്ണചന്ദ്രപ്രഭ ഗ്ലാസ്ജനാലകളിൽക്കൂടി മുറികളിൽ പരക്കുന്നു. ചാടാൻപോകുന്നമട്ടിൽ ചരിഞ്ഞിരിക്കുന്ന മൃഗാങ്കന്റെ മടിയിലെ ശശപോതം. പുതിയ ലോകത്തെ പുതിയ അനുഭവങ്ങൾ ചിന്തിച്ചു കിടന്നു.

## 1973 ജൂലൈ 16, തിങ്കളാഴ്ച

ബാർബാര: രാവിലെ രാധയ്ക്കു് ഒരു ഫോൺകാൾ, സഹാദ്ധ്യാപികയായിരുന്ന മിസ്സിസ് ബാർബാരയിൽനിന്നു്. 60മൈൽ അകലെ മൗണ്ട് കിസ്കോയിൽ താമസം. ഒരുത്തമസുഹൃത്തു്. അന്നു വൈകുന്നേരം ബ്രൂക്‌ലെൻ (Brooklyn) എന്ന സ്ഥലത്തുള്ള നേർസിങ്ഹോമിൽ താമസിക്കുന്ന അച്ഛനെ കാണാൻ പോകുന്ന വഴി ഇവിടെയും വരുന്നുണ്ടു്. നാലുമണിക്കു വരട്ടേ?

രാധ എന്നെക്കുറിച്ചു പറഞ്ഞു. നിങ്ങളെ പരിചയപ്പെടുന്നതു് അച്ഛനു വലിയ സന്തോഷമായിരിക്കും. പററുമെങ്കിൽ ഞങ്ങൾകൂടി വരാം. അച്ഛനെ അവിടമൊക്കെ കാണിക്കാമല്ലോ. നേരത്തെ ഓഫീസിൽനിന്നു വന്നു കാത്തിരിക്കാം.

പത്തുമണിക്കു പാം വിളിച്ചു.

ഇന്നലെ ന്യൂയോക്കിൽ പോകാൻ അന്വേഷിച്ച വിവരം ഞാൻ പറഞ്ഞു. ജീയുടെ പുസ്തകത്തിന്റെ മാനുസ്ക്രിപ്ററുമായി എഡിററർ സുഹൃത്തിനെ കാണാൻ പോയിരിക്കയായിരുന്നു. അവൾ ഒരു യൂറോപ്യൻ പര്യടനത്തിനു പോയിരിക്കയാണു്. രണ്ടാഴ്ച കഴിഞ്ഞേ മടങ്ങിവരുകയുള്ളു. കൃതജ്ഞത പറഞ്ഞു.

ഇന്നു വൈകുന്നേരം ബാർബാര വരുന്ന വിവരം അറിയിച്ചു.

ഓഹോ! നല്ല പുള്ളിയാണല്ലോ ജീക്കു കൂട്ടിനു കിട്ടുന്നതു്!

അതെന്താ അങ്ങനെ?

വെറുതെ പറഞ്ഞു എന്നേ ഉള്ളു. ബാര ആക്കും നല്ല കൂട്ടുകാരിയാ. എന്നെ പരിചയമുള്ള വിവരം അവളോടു പറയണമെന്നില്ല.

അതെന്താ?

വെറുതെ പറഞ്ഞു. ഞങ്ങടം നല്ല സ്നേഹിതരാ. രാധ അവളെ ക്കറിച്ചൊന്നും പറഞ്ഞില്ലേ?

ഇല്ല. എന്താ?

ഒന്നുമില്ല. ഞാൻ ഗ്രഡ്ലക്ക് നേരുന്നു!

എന്തിലേക്കാ?

ഇന്നത്തെ യാത്ര മംഗളമാകാൻ! ഞാനിപ്പോഠം ജീയെ വിളിച്ചതു് ഇന്നു വൈകുന്നേരം നമുക്കൊരു നല്ല ഫിലിമിനു പോകാമെന്നറിയിക്കാൻ വേണ്ടിയായിരുന്നു.

നല്ല ഫിലിം ഉണ്ടോ? എവിടെയാ?

അതു പോസ്റ്റ്പോൺ ചെയ്യാവുന്നതേ ഉള്ളൂ. ബ്രൂക്‌ലൈൻ യാത്രതന്നെ നടക്കട്ടെ. ഐ വിഷ് യൂ ഗ്രഡ് ലക്ക്.

താങ്ക്യൂ. പക്ഷേ, നല്ല ഫിലിമുണ്ടെങ്കിൽ പാമിൻെറ കൂട്ടുകെട്ടിൽ അതു കൂടുതൽ ആനന്ദകരമായിരിക്കും. യാത്ര പോസ്റ്റ്പോൺ ചെയ്യേക്കാം.

അരുതരുതു്. അവിടം കാണേണ്ട ഒരു സ്ഥലംതന്നെയാണു്. ഇതൊന്നും ബാരയോടു പറയേണ്ട. പറയരുതെ.

പറയുകയില്ല.

താങ്ക്യൂ. ഫോൺ വച്ചുകളഞ്ഞു.

അസൂയയോ? ആലോചനയ്ക്കു വകകിട്ടി.

നാലിനു മുമ്പുതന്നെ ബാർബാര (ബാര എന്നോമനപ്പേരു്) വന്നു. മെലിഞ്ഞു പൊങ്ങിയ വെണ്മയേറിയ സുന്ദരി. ധൂമ്രകേശം. നീലനയനം ചെഞ്ചുണ്ടും വെളുത്ത കൊച്ചു നല്ല പല്ലുകളും ആകർഷകങ്ങൾ. സമ്മർസ്കർട്ട് സംപൃഷ്ടങ്ങളായ വെളുവെളുത്ത കൈകാലുകൾ സ്പഷ്ടമാക്കുന്നു. പല്ലുകൾ മുഴുക്കെ കാട്ടി ചിരിച്ചുകൊണ്ടു ഷേക്ഹാൻഡ് ചെയ്തു. ഗീതപ്രീതമാക്കു നല്ലപോലറിയാം. ഗ്രഡീവനിങ് പറഞ്ഞിരുത്തി കൂംഡ്രിങ്ക് കൊടുത്തു.

അമേരിക്കയെ ഇഷ്ടപ്പെട്ടോ? ഇവിടത്തെ മനുഷ്യർ എങ്ങനെ? ശീതോഷ്ണാവസ്ഥ പററുമോ? കൂട്ടുകാരെ ആരെയെങ്കിലും കിട്ടിയോ?—കുശലപ്രശ്നം ആരംഭിച്ചപ്പോഴേക്കും രാധ വന്നു. കെട്ടിപ്പിടിച്ചു ചുംബിച്ചുകൊണ്ടു സംസാരിച്ചു. ഒട്ടും താമസിയാതെതന്നെ ഞങ്ങൾ ബ്രൂക്‌ലൈനിലേക്കു തിരിച്ചു.

ബ്രൂക്‌ലൈൻ: ന്യൂയോർക്ക് സിററിയിൽ സ്വയംഭരണാധികാരമുള്ള ഒരു ബറ' (borough) ആണു ബ്രൂക്‌ലൈൻ. അത്യന്തമനോഹരമായ ഒരു തൂക്കുപാലം ഈ നഗരവിഭാഗത്തെ ന്യൂയോർക്കിൻെറ നട്ടെല്ലായ 'മൻഹട്ട'നുമായി യോജിപ്പിക്കുന്നു. നേർസിങ് ഹോമുകളിൽ വൃദ്ധജനങ്ങളെ പാർപ്പിച്ചു സംരക്ഷിക്കുന്ന പ്രസ്ഥാനത്തിനു വലിയ പ്രാധാന്യം നല്കിയിട്ടുള്ള പ്രദേശമാകയാൽ ആയിരക്കണക്കിനു വയസ്സന്മാരും വയസ്സികളും ഇവിടം ഒരു നല്ല അഭയകേന്ദ്രമായി

കരുതുന്ന വൃദ്ധരുടെ സ്വർഗ്ഗമാണിവിടമെന്നും നേരേമറിച്ച് അവരുടെ നരകമാണിതെന്നും കിംവദന്തികഠം കേട്ടിരുന്നു.

ഒരു ക്ലാററൻ മന്ദിരത്തിലാണ് ബാരായുടെ എഴപതുകാരനായ പിതാവിനെ താമസിപ്പിച്ചിരിക്കുന്നത്. തൊട്ടടുത്തുതന്നെ സ്ത്രീകഠംക്കുവേണ്ടിയുള്ള മറെറാരു മന്ദിരത്തിൽ അറുപത്തെട്ടുകാരിയായ അമ്മയേയും താമസിപ്പിച്ചിട്ടുണ്ട്. ഓഫീസ്മുറിയിൽ അല്പമിരുന്നു പ്രൊപ്രൈററർ മിസ്റ്റർ ആൽഫ്രഡ്സ്റ്റേണുമായി സംസാരിച്ചു. ഇരുപത്തേഴായിരം നേർസിങ് ബെഡ്ഡുകളാണു തല്ക്കാലമുള്ളതു്. മെഡിക്കെയർ, മെഡിക്കെയിഡ് തുടങ്ങിയ ഇൻഷ്വറൻസ് പ്രസ്ഥാനങ്ങളുടെ ധനസഹായം കിട്ടുന്നവരും സന്താനങ്ങളുടെ സഹായം അവലംബിക്കുന്നവരും ബാങ്കുകളിലും മററുമുള്ള സ്വന്തസമ്പത്തുകൊണ്ടു പുലരുന്നവരും—ഇങ്ങനെ പല വിധത്തിലും വരുമാനമുള്ളവരുണ്ടു്. പള്ളികളും ചില ധർമ്മസ്ഥാപനങ്ങളും നല്കുന്ന സംഭാവനകളുടെ സഹായവും ഉപയോഗിച്ചുവരുന്നു. ഞാൻ വിവരങ്ങഠം കുറിച്ചെടുക്കുന്നതു കണ്ടപ്പോഠം സ്ഥിതിവിവരക്കണക്കുകളുടെ ഒരു സ്റ്റെൻസിൽകോപ്പി എനിക്കു തന്നു.

നേർസിങ്ഹോം: 1926-ൽ ലൈബ്രറി ഹോം എന്ന പേരിൽ സ്ഥാപിതമായി. 1940 മുതൽ നേർസിങ്ഹോമായി പ്രവർത്തിച്ചുകൊള്ളാൻ അനുവാദം കിട്ടി. ഇന്നു് 26,928 ബെഡ്ഡുകളുണ്ടു്. ഒക്കെ 'ഫുള്ളി ഓക്കുപ്പൈഡ്'. വെയിററിങ്ലിസ്റ്റിൽ 1500 അപേക്ഷകരുണ്ടു്. ന്യൂയോർക്കിലെ ഹെൽത്ത് ആൻഡ് ഹോസ്പിററൽ പ്ലാനിങ് കൗൺസിൽ പരിശോധനയ്ക്കുശേഷം 35,358 ബെഡ്ഡുകഠംവരെ ഉഠംക്കൊള്ളിച്ചുകൊള്ളാൻ അനുവാദം നല്കിക്കഴിഞ്ഞിരിക്കയാണു്.

അന്തേവാസികഠം എല്ലാപേരും 62 കഴിഞ്ഞവരാണു്. പ്രായാധിക്യംകൊണ്ടു് ആർത്തരും അവശരുമായവൎക്കു വേണ്ട ശുശ്രൂഷകഠം നല്കാൻ സന്താനങ്ങഠംക്കു സാധിക്കാത്ത ഒരു പരിതോവസ്ഥയാണു് സ്റ്റേററ്സിൽ എങ്ങും—വിശിഷ്യാ തൊഴിൽകേന്ദ്രങ്ങളായ സിററികളിൽ—നിലവിലുള്ളതു്. പ്രായമായവരെല്ലാം ജോലിസ്ഥലങ്ങളിലേക്കു പോകും. കുട്ടികഠം സ്കൂളുകളിലേക്കും. നേഴ്സുകളേയോ അററൻഡർമാരേയോ നിയമിക്കാൻ സാദ്ധ്യമല്ലാത്ത നിലയാണു് 90 ശതമാനം കുടുംബങ്ങളിലും. പിന്നെ ശരണം ഇമ്മാതിരി നേർസിങ് സെന്ററുകളാണു്. ചെയ്യാവുന്നതിൽ പരമാവധി സുഖസൗകര്യങ്ങഠം ചെയ്തുകൊടുക്കാൻ തൽപ്രവർത്തകർ സന്നദ്ധരായിരിക്കുന്നു.

നീണ്ട കോറിഡോറുകളിൽക്കൂടി ഞങ്ങഠം രണ്ടു വശവും നോക്കി നടന്നു.

വ്യഥാസങ്കുലമായ ഒരു കാഴ്ചയായിരുന്നു. നമ്മുടെ ആശുപത്രി വാർഡുകളോളം മ്ലേച്ഛമല്ല. എങ്കിലും വരാന്തകളിലും മുറികഠംക്കകത്തും കണ്ട കിഴവക്കോലങ്ങഠം മനസ്സിനെ ഇടിച്ചുതാഴ്ത്തുന്നപോലെ തോന്നി. ചെറിയ മുറികളിൽ ആറും ഏഴും ബെഡ്ഡുകഠം നിര

ത്തിയിട്ടുണ്ട്. കാററും വെളിച്ചവും കുറവാണ്. എയർകണ്ടീഷ നിങ്ങ് അപഴ്യാപ്തം. ശുദ്ധവായു കിട്ടാൻവേണ്ടിയാണെന്നു തോ ന്നുന്നു, വടിയും കുത്തി വരാന്തകളിലുള്ള ബെഞ്ചുകളെ ചിലർ അഭ യംപ്രാപിച്ചിരിക്കുന്നതു്. നീർകൊണ്ട പഴങ്ങൾപോലെ കൊഴ ത്തുരുണ്ട വട്ടമുഖക്കാരും കാററൊഴിയുന്ന ബ്ലാഡറുകൾപോലെ മുഖ വും ദേഹവും വലിഞ്ഞുതൂങ്ങുന്ന ചില പടുകിഴവന്മാരും കൂട്ടത്തിലു ണ്ടു്. പരസ്പരം ഉരിയാട്ടമോ ചിരിയോ കാണ്മാനുണ്ടായിരുന്നില്ല. എല്ലാം മ്ലാനവദനരാണു്. ചെവിപൊട്ടന്മാരും അദ്ധാന്ധന്മാരുമാ യിരിക്കണം അവരൊക്കെയെന്നു ഭാവവൈരൂപ്യം കണ്ടു് ഞാനൂ ഹിച്ചു.

''ശരിയായ ഭക്ഷണവും ചികിത്സയുമൊക്കെ ഇവൎക്കു ശ്രദ്ധാ പൂൎവ്വം നല്കാൻ എന്തൊക്കെയാണു് ഏൎപ്പാടു്?''

''സ്റേററ് അടിസ്ഥാനത്തിൽത്തന്നെ ചെക്കിങ്ങ് നടത്താറു ണ്ടു്. ഒരുവിധം ന്യായമായി ഒക്കെ നടക്കുന്നുണ്ടെന്നാണ് റിപ്പോർ ട്ടുകളിൽ കാണുന്നതു്. പിന്നെ, ഇത്ര വൻതോതിൽ നടത്തുന്ന പ്ര സ്ഥാനങ്ങളിൽ കുറെയൊക്കെ വിട്ടുവീഴ്ചകൾ അനുവദിച്ചേ തീരൂ.'' ബാര അഭിപ്രായപ്പെട്ടു.

''അച്ഛനും അമ്മയും നിങ്ങളുമൊത്തു് വീട്ടിൽത്തന്നെ താമസി ക്കുകയായിരുന്നില്ലേ ഭേദം? പരസ്പരം സഹായങ്ങളും ശുശ്രൂഷകളും ചെയ്തു് കൂടുതൽ സന്തോഷത്തോടെ അവർ ജീവിക്കുമായിരു ന്നില്ലേ?''

''അമ്മയ്ക്കു കാഴ്ച നഷ്ടപ്പെട്ടുപോയി. അച്ഛനു വാതത്തിൻെറ അസുഖവും. അവൎക്കു പരസ്പരം സഹായിക്കാൻ നിവൃത്തിയില്ലാതാ യി. എനിക്കും എൻെറ ഭർത്താവിനും 40—50 മൈൽ അകലെയുള്ള ഉദ്യോഗസ്ഥലങ്ങളിലേക്കു രാവിലെ പോകണം. അതാണു് അവ രെ ഇങ്ങോട്ടേക്കു കൊണ്ടുപോരാൻ പ്രേരകമായതു്.''

''നിങ്ങൾ ധനസഹായം വല്ലതും ചെയ്തുകൊടുക്കുന്നുണ്ടോ? ഗവണ്മെൻേറാ മറേറതെങ്കിലും സ്ഥാപനങ്ങളോ ഇവരെ സഹായി ക്കുമോ?''

''അച്ഛൻ ന്യൂയോർക്കിൽ ഒരു പ്രസ്സ്മാനേജരായിരുന്നു. അമ്മ ഒരു ബേങ്കിലെ കാഷ്യറും. എല്ലാ ജോലിക്കാൎക്കും മെഡിക്കൽ ഇൻ ഷ്വറൻസിൽ ചേരേണ്ടതുണ്ടു് മുതലാളിയും തൊഴിലാളിയും സമം സമമായി അടച്ചുതീൎക്കേണ്ടതാണതു്. ചികിത്സയ്ക്കും ബോർഡി ങ്ങിനും മററും അതുകൊണ്ടു തികയാതെവരുന്നതും സ്പെഷ്യൽ കൺ സിഡറേഷനുവേണ്ടിയുള്ളതും ഞങ്ങൾ കൊടുക്കുന്നു.''

''ഇൻഷ്വറൻസും മററു വരവുകളും ഇല്ലാത്ത വൃദ്ധരുടെ കാൎയ്യമാ യിരിക്കും വലിയ കഷ്ടം!''

''അങ്ങനെയുള്ള ചുരുക്കംപേരെ ഗവണ്മെൻറ് സഹായിക്കുന്നു. അവൎക്കു് അമ്പതിനും അറുപതിനും ഇടയ്ക്കു ഡോളർ പ്രതിമാസം

സഹായധനം സ്റ്റേറ്റുകളിൽനിന്നു കിട്ടുന്നു. ഫെഡറൽ ഗവണ്മെന്റിൽനിന്നു സ്റ്റേറ്റുകൾക്കു നല്കുന്ന സബ്സിഡികളിൽ ഇമ്മാതിരി അവശരെ സഹായിക്കുന്നതിലേക്കുള്ള ധനവും ഉൾപ്പെടുന്നുണ്ട്. അനേകകോടി ഡോളർ പ്രതിവർഷം ഇമ്മാതിരി വൃദ്ധകേന്ദ്രങ്ങൾക്കു വേണ്ടി ഗവണ്മെന്റിനു ചെലവാക്കേണ്ടിവരുന്നുണ്ട്!''

ബാരായുടെ അച്ഛൻ മിസ്റ്റർ ജോൺസ് പിൻഭാഗം പൊക്കിവച്ച ബെഡ്ഡിൽ ഒരുവശത്തേക്കു കുഴഞ്ഞുമറിഞ്ഞിരിക്കുന്നു. താഴെ വീണു പോകാതിരിക്കാൻ ഒരു സ്റ്റാൻഡ് അവലംബമായി വെച്ചിട്ടുണ്ട്. വാതരോഗികളായ ഇമ്മാതിരി എട്ടു വൃദ്ധരുടെയിടയിലാണ്. തല യൊന്നു തിരിച്ചു മകളെ നോക്കി ഒന്നു പുഞ്ചിരിച്ചു. പിന്നെ കണ്ണീരൊഴുക്കി. നാക്കു കുഴഞ്ഞിരിക്കുകയാണ്. സംസാരിക്കാൻ മേല. ആ മുറിയിലേക്ക് ഒരു പ്രത്യേക അററൻഡർ ഉണ്ട്. രണ്ടോ മൂന്നോ പ്രാവശ്യം ഡോക്ടർ വന്നു നോക്കും. ഞങ്ങളവിടെ നില്ക്കുമ്പോൾ തന്നെ ഡോക്ടർ വന്ന് ഇൻജക്ഷൻ കൊടുത്തു. ഇങ്ങനെ കുറേ ക്കാലം ജീവിച്ചിരിക്കും. താമസിയാതെ കൂടുതൽ സുഖം കിട്ടും എന്നൊക്കെ അയാൾ—അയാളും ഒരു പടുവൃദ്ധനായ അന്തേവാസിയാണ്—അഭിപ്രായപ്പെട്ടു.

വീല്പ്പുമുട്ടിക്കുന്നേ ആ മുറിക്കകത്തുനിന്ന് പുറത്തിറങ്ങി സ്ത്രീകളുടെ വിങ്ങിലേക്കു നീങ്ങി.

മുററത്ത് നിരന്നുനില്ക്കുന്ന വൃക്ഷങ്ങളുടെ ചുവട്ടിൽ ധാരാളം ചാരുബെഞ്ചുകളിട്ടിട്ടുള്ളവയിൽ വൈകുന്നേരത്തെ ഉലാത്തലിന്ന് ഇറങ്ങിയ അനവധി വൃദ്ധന്മാരും വൃദ്ധകളും—ഇവർ നന്നേ പഴുത്തവരല്ല—വന്നിരുന്നു സൊള്ളുന്ന കാഴ്ച കൗതുകത്തോടെ ഞാൻ നോക്കി. പൂർവ്വകാലപരാക്രമങ്ങൾ അയവിറക്കുകയായിരിക്കുമോ? പുതിയ കൊയ്ത്തിനു വിത്തുപാകാനുള്ള ആലോചനയാണോ? ശബ്ദകോലാഹലങ്ങളൊന്നുമില്ല. അടക്കംപറയുന്നപോലാണ് വർത്തമാനം. പരസ്പരം കണ്ടു പെരുമാറുന്നതിന് അങ്ങനെ ഒരവസരം ലഭിക്കുക ഭാഗ്യംതന്നെ. കൂരിരുട്ടിലെ മിന്നാമിനുങ്ങുകൾ.

അന്ധകളുടെ വിഭാഗത്തിലാണ് മിസ്സിസ് ജോൺസ്. ശരീരപുഷ്ടിയും ആരോഗ്യവുമുള്ള സ്ത്രീ. കണ്ണു നിശ്ശേഷം കണ്ടുകൂടെന്നുള്ള ന്യൂനതയേയുള്ളൂ ശബ്ദംകേട്ട മാത്രയിൽ മകളെ മനസ്സിലാക്കി. രാധയെയും അറിയാം. പലരുടെയും കാര്യങ്ങൾ അന്വേഷിച്ചിട്ടും ഭർത്താവിന്റെ കാര്യം മാത്രം ഒന്നും ചോദിച്ചില്ല. വായിച്ചെറിഞ്ഞു കഴിഞ്ഞ പഴഞ്ചൻ ന്യൂസ്പേപ്പറിനെക്കുറിച്ച് ആരന്വേഷിക്കാൻ? ഒടുവിൽ ബാരായാണ് അച്ഛന്റെ അവശനിലയെക്കുറിച്ചു പറഞ്ഞത്. ''സെമിത്തേരിയിൽ ഞങ്ങൾ രണ്ടുപേരും ബുക്കുചെയ്തിട്ടുണ്ട്. എന്റെ നില കണ്ടിട്ട് ഈയിടെയെങ്ങും അങ്ങോട്ടു പോകേണ്ടി വരുമെന്നു തോന്നുന്നില്ല.'' എന്നായിരുന്നു അവരുടെ പ്രതികരണം.

KOTTAYAM PUBLIC LIBRARY

ജീവിതസായാഹ്നം, ശരീരാസ്വാസ്ഥ്യം, രോഗം, വിരഹം, മരണം—കുബേരരാജധാനിയിലും ഇതൊക്കെ അപരിഹാര്യമാണ്. നേരിടുന്ന രീതിയിൽ അന്തരങ്ങൾ കാണുന്നു, അത്രേയുള്ളൂ.

തെരുവുകളിൽ പകലെങ്ങും ഭിക്ഷതെണ്ടി നടക്കാനും രാത്രി കടത്തിണ്ണകളിലും റോഡിറമ്പിലും മഞ്ഞും മഴയുമേററു കിടക്കാനും വിട്ടിട്ടുള്ള ഇന്ത്യൻനഗരങ്ങളിലെ വൃദ്ധരേക്കാൾ എത്രയോ ഭേദം ഇവരുടെ നില—ഞാൻ വിചാരിച്ചു.

ബാരായുടെ ക്ഷണം: ബാർബാര കാകവന്ധ്യയാണ്. എട്ടു വയസ്സായ ഒരു മകൻ മാത്രം. ഭർത്താവ് ഒരു ഗ്രോസറി ഉടമ. സാമാന്യം ധനികൻ. അവരുടെ വസതിയിൽ ഒരാഴ്ച ഞാൻ അതിഥിയായി ചെന്നു താമസിക്കണമെന്നു ക്ഷണിച്ചു. രാധയുടെ കുഞ്ഞുങ്ങൾ തന്നിയേ ഉള്ളൂ. അവരെ നോക്കാനുംകൂടിയാണ് ഞാൻ വന്നിട്ടുള്ളത്. അതുകൊണ്ട് തൽക്കാലം ക്ഷണം സ്വീകരിക്കാൻ പററുകയില്ല. എ. കെ. ബി. മടങ്ങിവന്നിട്ട് സന്തോഷത്തോടെ വരാം എന്നു ഞാൻ പറഞ്ഞു.

അത്താഴത്തിനു നില്ക്കാൻ രാധ ക്ഷണിച്ചത് അവർ സ്വീകരിച്ചു.

അവളുടെ കൃത്രിമനോട്ടവും കൂടക്കൂടെയുള്ള കുഴഞ്ഞാട്ടവും ഞാൻ ശ്രദ്ധിച്ചു. പാമിൻെറ വാക്കുകൾ ഓർത്തു. പാമിനെക്കുറിച്ച് രാധ അവളോട് ഒന്നും പറയുകയുണ്ടായില്ല. അവളൊന്നും ചോദിച്ചുമില്ല എന്തോ രഹസ്യമുണ്ട്. പിന്നെ മനസ്സിലാക്കാം.

8 30-ന് ഹാർട്ട്മായി കവിളുകളിൽ ഉമ്മവെച്ചു യാത്രപറഞ്ഞു.

142260

## 1973 ജൂലായ് 17, ചൊവ്വാഴ്ച

ബില്ലി: ന്യൂയോക്ക് ടയിംസ് ഞാൻ വായിച്ചുകൊണ്ടിരിക്കവേ അടുത്തിരുന്ന് 'റിക്കാർഡ്' മറിച്ചുനോക്കിയിരുന്ന ഗീത വിളിച്ചുപറഞ്ഞു: ''ഇതു നോക്കൂ അപ്പൂപ്പാ. ഈ പടം നോക്കൂ. ബില്ലി നാലാം ഗ്രേഡിൽ ഞങ്ങളുടെകൂടെയായിരുന്നു. ഒമ്പതു വയസ്സേ ആയിട്ടുള്ളൂ. (12 തോന്നും) പാവം, നല്ല പയ്യനാ. ആരേം ഉപദ്രവിക്കില്ല.''

''സ്റ്റുഡൻസ് പരസ്പരം ഉപദ്രവിക്കാറുണ്ടോ?''

''ചീത്ത പറകേം തള്ളിയിടുകേം കല്ലെറികേം ഒക്കെ ചെയ്യുന്ന ആൺപിള്ളാരുണ്ട്. ഞങ്ങൾ പേടിച്ച് ടീച്ചറോട് പറയത്തില്ല''

''പേടിയെന്തിനാ?''

''പരാതിപ്പെട്ടാൽ കൂടുതൽ ഉപദ്രവിക്കും. ഈ ബില്ലി ആരേം ഒന്നും ഉപദ്രവിക്കില്ല.''

''അവനെന്തുപററി?''

''ഇതേ അപ്പൂപ്പൻ നോക്കു, അവൻെറ അമ്മ ഒരു മഹാ ചീത്ത സ്ത്രീയാ. ഇതേ നോക്കു.''

അമ്മയും മകനും: 'ഒമ്പതുകാരനായ മകനെ അമ്മ ആവി വരുന്ന ടബ്ബിൽ മുക്കുന്നു. കുട്ടി കോടതിയിൽ നല്കിയ മൊഴി.'—എന്നാണു് ശീർഷകം (Pushed into a Steaming Tub—Boy testifies).

മിസ്സിസ് ജോയിസ് ട്രോയിയാനിയാണ് തള്ള. അവരും കാമുകനായ ഡോക്ടർ ടാൻഗ്രേഡിയുമായി സഹശയനം ചെയ്യുന്നതു് ബില്ലി പലപ്രാവശ്യം കണ്ടിട്ടുണ്ടു്. അമ്മയും ഡോക്ടറും അവൻെറ ചെകിട്ടത്തു് ശക്തിയായി പലപ്രാവശ്യവും അടിച്ചിട്ടുണ്ടു്. ടി. വി. സെററിൽ അവൻ തൊട്ടു എന്ന കാരണത്താൽ ഡോക്ടർ ബെൽററ് ഊരി അതുകൊണ്ടു് അവൻെറ മുതുകത്തു് അടിച്ചു. നഖത്തിനിടയിൽ സൂചി കുത്തി. അമ്മ തിളയ്ക്കുന്ന വെള്ളമുള്ള ടബ്ബിൽ അവനെ പിടിച്ചു മുക്കി. അവൻ ഉച്ചത്തിൽ നിലവിളിച്ചിട്ടും വകവെച്ചില്ല. അവനു ശരിയായി ഭക്ഷണം കൊടുത്തിരുന്നില്ല. വിശപ്പു സഹിക്കാതെ സ്കൂളിലുള്ള മററു കുട്ടികളുടെ പാത്രങ്ങളിൽനിന്നും അവൻ കട്ടുതിന്നിരുന്നു. പിന്നീടാണു് അമ്മ സ്വന്തം ഭർത്താവിനെ—അവൻെറ അച്ഛനെ—ഉപേക്ഷിച്ചിട്ട് ഡോക്ടർ ടാൻഗ്രേഡിയെ ഭർത്താവാക്കിയതു്.

ആരോപണങ്ങളെല്ലാം ജോയിസ് കോടതിയിൽ നിഷേധിച്ചു. മുറിവുകളും പൊള്ളലുകളും അത്യാഹിതങ്ങൾമൂലം കുട്ടിക്കു സംഭവിച്ചവയാണെന്നു് സത്യംചെയ്തു. കൂടുതൽ തെളിവുകൾക്കുവേണ്ടി കേസ് അവധി മാററിവെച്ചിരിക്കുന്നു.

''ബില്ലിയെ കണ്ടാൽ സങ്കടം തോന്നും അപ്പൂപ്പാ.'' ഗീത പറഞ്ഞു. ''കീറിയ ഉടുപ്പും പിളന്ന ഷൂസുമാ ഇടാറു്.''

''ആ അമ്മ എങ്ങനെയുള്ള സ്ത്രീയാ?''

''മൂന്നാലു പ്രാവശ്യം സ്കൂളിൽ വന്നിട്ടുണ്ടു്. നല്ല സുന്ദരി. ചെറുപ്പക്കാരിയാ. ഇന്നലെ വന്ന ബാർബാരായെപ്പോലിരിക്കും.''

''എന്തിനാ സ്കൂളിൽ വരുന്നതു്?''

''ബില്ലിയെ നല്ലപോലെ സൂക്ഷിച്ചുകൊള്ളാൻ ടീച്ചറോടു പറയാനാ. കുററം വല്ലതും കണ്ടാൽ ബോർഡിങ് സ്കൂളിലേക്കു മാററുമെന്നു പറഞ്ഞിരുന്നു. ബില്ലിയുടെ അമ്മയെ കോടതി ജയിലിൽ അയയ്ക്കുമോ അപ്പൂപ്പാ?''

''എന്തോ അറിഞ്ഞുകൂട.''

''കഷ്ടംതന്നെ!''

കുട്ടിയുടെ സങ്കടം എന്നെയും സ്പർശിച്ചു.

വൈകുന്നേരം രാധ വന്നപ്പോൾ ഈ കാര്യം സംഭാഷണവിഷയമായി.

പിതൃപുത്രബന്ധം—ബാലതൊഴിലാളികരം: ''സന്താനങ്ങളു മായുള്ള സ്നേഹബന്ധം ഇവിടെ ഇത്രയൊക്കെയേ ഉള്ളു,'' രാധ പറഞ്ഞു. ''സ്കൂളിൽ ഇരുന്നപ്പോരം എനിക്കു നല്ലപോലെ അനുഭവപ്പെട്ട കാര്യമാണ്. അതികഠിനമായി കുട്ടികളോട് പെരുമാറുന്നവരാണ് ഭൂരിഭാഗം അച്ഛനമ്മമാരും.''

''പ്രധാന കാരണമെന്തായിരിക്കും?''

''ഒക്കെ സുഖലോലുപരായ തോന്നിയവാസികളാണ്. ഒന്നാമതു് കുഞ്ഞുങ്ങളെ വേണ്ടവിധം സംരക്ഷിക്കാനുള്ള അവസരസൗകര്യങ്ങരം അവക്കില്ല. പിന്നെ മനസ്സുമില്ല. അതിക്രൂരമായവിധത്തിൽ കുട്ടികളോടു പെരുമാറുന്നതിൻെറ സ്ഥിതിവിവരക്കണക്കുകരം ഇപ്പോരം നടന്നുവരുന്ന ഒരു wage-hour സംബന്ധിച്ച കേസിൽനിന്നു് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.''

അതറിയാൻ ഞാൻ താൽപര്യപ്പെട്ടു.

''വെറും 5 വയസ്സായ കുട്ടികളെക്കൊണ്ടു ദിവസം 16 മണിക്കൂർ ജോലിചെയ്യിക്കുന്ന ഏർപ്പാട് ഇവിടത്തെ ഇംഗ്ലീഷ് ടെക്സ്റ്റൈൽ വ്യവസായികളുടെയിടയിലുണ്ടായിരുന്നു. വളരെ പ്രയാസങ്ങരക്കുശേഷമാണ് ഈ ജോലിസമയം 12 മണിക്കൂറായി ചുരുക്കാൻ കഴിഞ്ഞതു്. മസാച്ചുസെറ്റ്സിലുള്ള 8 വയസ്സായ കുട്ടികളെക്കൊണ്ടു് മില്ലുകളിൽ 14 മണിക്കൂർ പണിയെടുപ്പിച്ചിരുന്നു. ഇതു് അങ്ങിങ്ങ് ഒററയും തെററയുമായുള്ള കണക്കല്ല. ആറുലക്ഷത്തിഅറുപത്തേഴായിരം കുട്ടികരം ഇങ്ങനെ സ്റ്റേററ്സിൽ ജോലിചെയ്തുവരുന്നതായി കണക്കുണ്ടു്. Child-abuse law, Wage-hour law തുടങ്ങിയ നിയമങ്ങളുണ്ടെങ്കിലും മാതാപിതാക്കന്മാരുടെ സമ്മതത്തോടുകൂടിയും പ്രേരണയിലും ഇന്നു് ആയിരക്കണക്കിനു കുട്ടികരം ഇതുപോലെ ജോലിചെയ്തുവരുന്നുണ്ടു്.''

''അപ്പോരം പ്രധാനമായും കുഞ്ഞുങ്ങളെ ഒരു ധനാഗമമാർഗ്ഗമായിട്ടാണ് കണക്കാക്കുന്നതെന്നാണല്ലോ വരുന്നതു്?''

''ഭൂരിഭാഗംപേരും അങ്ങനെതന്നെ. അതിബാല്യത്തിൽത്തന്നെ പണമുണ്ടാക്കാനുള്ള ആസക്തി കുട്ടികളിൽ വളർത്താനുള്ള ശ്രമമാണിതെന്നുംമററും വാദിക്കുന്നുണ്ടെങ്കിലും സ്നേഹരാഹിത്യമേ എനിക്കതിന്റെ പിന്നിൽ കാണാൻ കഴിയുന്നുള്ളു. കുഞ്ഞുങ്ങളെ അകററിയിട്ട് തോന്ന്യവാസത്തിനു് അവസരം സൃഷ്ടിക്കുന്നവരും ഒട്ടും കുറവല്ല. ഈ ജോയിസ് ബില്ലി കേസിൻെറ അടിസ്ഥാനം ആ സ്ത്രീയും ഡോക്ടറും തമ്മിലുള്ള അവിഹിതബന്ധമാണെന്നുള്ളതിൽ എനിക്കു സംശയമില്ല.''

''എനിക്കും അങ്ങനെതന്നെ തോന്നുന്നു.''

''ഇതിൻെറ തിരിച്ചടിയാണ് സ്വന്തകാര്യം സ്വമേധയാ നോക്കാറാകുമ്പോരം ചെറുപ്പക്കാർ അച്ഛനമ്മമാരെ വെറുക്കുകയും പകവീട്ടാൻ തുടങ്ങുകയും ചെയ്യുന്നതു്. വൃദ്ധരെ സന്താനങ്ങരം നിർ

യം ഉപേക്ഷിക്കാനിടയാകുന്നതിനും അടിസ്ഥാനം ഇതുതന്നെയാണെന്നാണ് എനിക്കു തോന്നുന്നതു്.''

''ശരിയായിരിക്കണം.''

പാം പിന്മാറുന്നു: ഞാനന്നു മൂന്നുപ്രാവശ്യം പാമിനെ വിളിച്ചിരുന്നു. ഫോൺ എടുത്തിരുന്നില്ല. 'ആർ' ഫിലിം കാണാൻ അവളുമൊത്തു പോകാൻ ഞാൻ ആഗ്രഹിച്ചിരുന്നു. അവളെക്കുറിച്ചു രാധയോടു ഞാൻ സംസാരിച്ചു.

''ഞാനതു പറയാൻ വിട്ടുപോയി,'' രാധ പറഞ്ഞു: ''നാം ഇന്നലെ ബ്രൂക്ക്‌ലെനിൽ പോയ സമയം അവർ ഇവിടെ വിളിച്ചിരുന്നു. പിന്നെ എൻെറ ഓഫീസിൽ വിളിച്ച് എനിക്കു തരാൻ ഒരു മെസേജ് അവിടെ ഏല്പിച്ചു. അവൾ ഇന്നലെ വൈകുന്നേരം വീട്ടിലേക്കു പോകയാണ്, എന്തോ അത്യാവശ്യം പ്രമാണിച്ച്. വെള്ളിയാഴ്ച ഉച്ചയ്ക്ക് ഇവിടെ എത്തും, നമ്മെ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോകാൻ. കൂടുതൽ വിവരങ്ങൾ വഴിയേ അറിയിച്ചുകൊള്ളുന്നതാണ്.''

''പാമും ബാരായും സ്നേഹിതരാണോ?'' ഒരു വെറും ജിജ്ഞാസുവിൻെറ ചോദ്യം.

ഭയങ്കരസൂത്രശാലിനി. അമേരിക്കൻതഞ്ചങ്ങൾ വശപ്പെടുത്തിയതാകണം. ഒരുനിമിഷം ആലോചിക്കുന്നതു കണ്ടു. ''എനിക്കവരുടെ കാര്യമൊന്നും സൂക്ഷ്മമായറിഞ്ഞുകൂട. ഒരു പ്രത്യേക കൂട്ടരം!'' എന്നായിരുന്നു മറുപടി.

എന്തോ രഹസ്യം ഒളിക്കുന്ന മണം. ഞാനക്കാര്യം പിന്നൊന്നും ചോദിച്ചില്ല.

## 1973 ജൂലായ് 18, ബുധനാഴ്ച

''മൂന്നുനാലുദിവസം മസാച്ചൂസെറ്റ്സിൽ താമസിക്കാനുള്ളതാണ്. പുതിയ ഡ്രെസ്സെല്ലാം മേടിക്കണം.'' രാവിലെ രാധ പറഞ്ഞു. ''നൈററ് ഗൗൺ ഇവിടെയൊന്നുണ്ട്. അതു പററുമോ എന്ന് ഇട്ടുനോക്കണം. മററാക്കെ വൈകുന്നേരം മേടിക്കാം.''

സ്തംഭിപ്പിക്കുന്ന ഒരു വാത്ത: പത്രങ്ങളിൽ സ്തംഭിപ്പിക്കുന്ന—ഞങ്ങളുടെ യാത്രാപരിപാടികളെ തകക്കുന്ന—ഒരു വാത്ത വന്നിരിക്കുന്നു. ന്യൂജേർസിയിൽ പലെടത്തും—പരാമസ്സിൽ ആറു സ്ഥലത്തു്—അടച്ചിട്ടിരുന്ന വീടുകളിൽ കത്തിക്കവെച്ച് നടന്നിരിക്കയാണ്. വമ്പിച്ച ധനനഷ്ടം സംഭവിച്ചിരിക്കുന്നു. സമ്മർ വെക്കേഷനു വീടുകൾ അടച്ചുപൂട്ടി, വിവരം പോലീസിനെ അറിയിച്ചിട്ട് വിദൂരദിക്കുകളിലേക്കു പോയവരുടെ ഗൃഹങ്ങളിലാണ് ഈ കത്തിക്കവർച്ചകൾ നടന്നിട്ടുള്ളതു്. പോലീസ് എത്ര ശ്രമിച്ചിട്ടും ഒരു

തുമ്പും കിട്ടിയില്ല. വിവരം വീട്ടുടമകളെ കേബിൾമുഖേന അറിയിച്ചിരിക്കയാണ്.

ഇതേ വാർത്ത ഉൽക്കണ്ഠയോടെ പറഞ്ഞുകൊണ്ടാണ് വൈകുന്നേരം രാധ വന്നതു്.

പോലീസിനെ അറിയിച്ചിട്ടും കവർച്ച നടന്നിരിക്കുന്നു. വീട്ടിനകത്തുള്ള സകല സാധനങ്ങളും എടുത്തുകൊണ്ടു പൊയ്ക്കളഞ്ഞു എന്നാണു കേട്ടതു്. മൂന്നുനാലു ദിവസത്തേക്കു വീടു പൂട്ടിയിട്ടിട്ടു് നാമെങ്ങനെ പോകും?''

''പോലീസിനെ അറിയിച്ചാൽ എന്തു ചെയ്യും?''

''രാത്രി മൂന്നുനാലുതവണ വന്നു നോക്കും. ചുററിനും ടോർച്ചടിച്ചു പരിശോധിക്കും. പകലും വന്നു നോക്കിക്കൊള്ളും. പക്ഷേ, പോലീസുതന്നെ ഭയപ്പെടുന്ന ഒരു ഭീകരപ്രസ്ഥാനം—കയത്തിനുള്ളിൽ തുറിച്ചിരിക്കുന്ന കിനാവള്ളി—ഇവിടെയുണ്ടു്. അതിൻെറ ആൾക്കാർതന്നെയായിരിക്കണം ഈ തുടർക്കവർച്ചകളുടെ പിന്നിൽ.''

''അതെന്തു പ്രസ്ഥാനമാണ്?''

''അമേരിക്കൻ മഫിയാ(Mafia)യെയെക്കുറിച്ചു് അപ്പൻ കേട്ടിട്ടില്ലേ?''

''ഇല്ല. എന്താണതു്?''

''ഇന്നു് അമേരിക്കയിൽ നടക്കുന്ന ഭൂരിഭാഗം മുന്തിയ ക്രിമിനൽകുററങ്ങളുടെയും പിന്നിലുള്ള ഭീകരപ്രസ്ഥാനമാണ് മഫിയാ. ഇതൊരു ആഗോളപ്രസ്ഥാനമന്നാണ് അറിയപ്പെടുന്നതെങ്കിലും യൂറോപ്യൻരാജ്യങ്ങളിലും അതിലും കൂടുതൽ അമേരിക്കയിലുമാണ് അതിൻെറ ശക്തികേന്ദ്രങ്ങളുള്ളതു്. ഉഗ്രൻ കൊള്ളകളും കൊലപാതകങ്ങളും കടത്തലുകളും തട്ടിക്കൊണ്ടുപോകലുകളും ഇവരുടെ അറിവോടും സമ്മതത്തോടും പലപ്പോഴും ആജ്ഞപ്രകാരവുമാണ് നടക്കുന്നതു്. രാഷ്ട്രമേധാവികൾ, തലപ്പററത്തുള്ള ഉദ്യോഗസ്ഥന്മാർ, കോടീശ്വരന്മാരായ ബിസിനസ്സുകാർ, മുതിന്ന ബാങ്കുകാർ, കുപ്രസിദ്ധരായ കള്ളനോട്ടടിക്കാർ, കുതിരപ്പന്തയക്കാർ, ചൂതാളികൾ, കൊലപാതകികൾ—എല്ലാം ഇവരുടെ കൈയാളുകളാണ്. പോലീസും പട്ടാളവുംപോലും ഇവരുടെ ചൊല്പടിക്കു നില്ക്കുന്നവരെന്നാണറിയുന്നതു്.''

"നിനക്കിതൊക്കെ കാണാപ്പാഠംപോലാണല്ലോ പറയുന്നതു്?''

''മൗണ്ടു് കിസ്കോയിലെ അപ്പാർട്ട്മെൻറിൽ ഞങ്ങൾ താമസിച്ചിരുന്നപ്പോൾ ഇവരുടെ പ്രവർത്തനം പ്രത്യക്ഷത്തിൽ കാണാനിടയായി. മുന്നൂറു കോടി ഡോളർ സ്വത്തുള്ള ന്യൂയോർക്കിലെ റിച്ചാഡ്സൺ എന്ന രത്നവ്യാപാരിക്കു് ഒരു ഭീഷണിക്കത്തു കിട്ടി, നൂററമ്പതു കോടി ഡോളർ വിലയുള്ള രത്നങ്ങൾ ഒരാഴ്ചയ്ക്കകം മഫി

യാസ്സു വിട്ടുകൊടുക്കണമെന്നു്. പെട്ടെന്നു് അയാളെ കാണാനില്ലാതായി. രത്നങ്ങളുമൊത്തു് അയാൾ അപ്രത്യക്ഷനായിരുന്നു. ഭാര്യയ്ക്കും മക്കൾക്കും അയാളുടെ താവളം അറിഞ്ഞുകൂടായിരുന്നു. അവർ പോലീസിൽ പരാതിപ്പെട്ടു—ശുഷ്കാന്തിയോടെ അന്വേഷണങ്ങൾ നടന്നു. പത്രങ്ങളിൽ ഫോട്ടോ സഹിതം പരസ്യങ്ങൾ വന്നു. എട്ടാംദിവസം കാലത്തു് ഹൃദയത്തിൽ വെടികൊണ്ടു ചത്ത അയാളുടെ ശവശരീരം മൗണ്ട്കിസ്കോയിൽ ഞങ്ങൾ താമസിച്ചിരുന്നതിനടുത്തുള്ള ഒരു അപ്പാർട്ട്മെൻറിൻെറ മുൻവശത്തെ ഇടനാഴിയിൽ കിടക്കുന്നതു കാണപ്പെട്ടു. രത്നശേഖരം ആകെ കുത്തിക്കവെന്നെടുത്ത അയാളുടെ സേഫ് മാത്രം മുറിക്കകത്തുണ്ടായിരുന്നു. മഫിയോസിയുടെ ഒരു ഊമക്കത്തു് അയാളുടെ പോക്കററിൽനിന്നു കണ്ടെടുത്തു. ഇന്നോളം കൊലപാതകികളെ പിടികിട്ടിയിട്ടില്ല.''

''ഭയങ്കരമാണല്ലോ! ഇവരെ അമർച്ചചെയ്യാൻ ഒരു പോംവഴിയുമില്ലെന്നോ?''

''ഇററലിയിൽ ഇവരെ മുസ്സോളിനി അമച്ചവരുത്തി. അതിശക്തനായ, നമ്മുടെ വേലുത്തമ്പിയെപ്പോലുള്ള, ഒരു ഏകാധിപതിക്കേ ഇവരെ ഇല്ലാതാക്കാൻ സാധിക്കൂ. പക്ഷേ, രണ്ടാം ലോകയുദ്ധത്തിനുശേഷം ഇവർ വീണ്ടും യൂറോപ്പിൽ തലപൊക്കി. ഇന്നു് അവിടെ പ്രമുഖകേന്ദ്രങ്ങളിലെല്ലാം അവരുടെ ആൾക്കാരുണ്ടു്. ഇവിടെ ന്യൂ ഒർലിയൻസിലാണു് പ്രധാന താവളം. അമച്ചവരുത്തേണ്ടവരെന്നു പുറമേ അറിയപ്പെടുന്നവർതന്നെ പലടത്തും ഇതിലെ അംഗങ്ങളാണു്. ഏതെങ്കിലും വഴിയിൽ ആക്കെങ്കിലും ഒരു തുക കിട്ടിയിട്ടുണ്ടെന്നറിഞ്ഞാലുടൻ ആൾക്കാർ രഹസ്യമായി വന്നുകൂടും. ആവശ്യപ്പെടുന്ന സംഭാവന കൊടുക്കാത്തപക്ഷം കൊലയും കവച്ചയും നടക്കുമെന്നുള്ളതു് മൂന്നുതരമാണു്. ഇവിടത്തെ ഈ തുടർകവച്ചകളിൽ അവരുടെ കൈയുണ്ടെന്നു ന്യായമായി ശങ്കിക്കേണ്ടതാണു്.''

''അപ്പോൾ പിന്നെ തൽക്കാലം ഉല്ലാസയാത്ര നമുക്കു വേണ്ടെന്നുവയ്ക്കാം, അല്ലേ?''

എല്ലാം കേട്ടുകൊണ്ടിരുന്ന ഗീതമോൾ പറഞ്ഞു: ''താഴെയും മുകളിലും ലൈററുകൾ കത്തിച്ചിട്ടു നമുക്കു പോകാം. അകത്താളുണ്ടെന്നു കരുതി കൊള്ളക്കാർ വരുകയില്ല.''

''മൂന്നുനാലു ദിവസത്തേക്കു ലൈററ് ഓഫ് ചെയ്യാതെ പോകുന്നതു് ആപൽക്കരമാണു്. അതു് ഒരിക്കലും പാടില്ല.'' രാധ പറഞ്ഞു.

''നമുക്കങ്ങനെ കൊള്ളയിടത്തക്ക മുതലുകളൊന്നും ഇവിടെയില്ലല്ലോ!''—എൻെറ അഭിപ്രായം.

''ഇവിടത്തെ വിലകൂടിയ ലൈററുകളും കണ്ണാടികളും ഫർണിച്ചറും മററും പറിച്ചെടുത്തു കൊടുത്താൽത്തന്നെ പതിനായിരം ഡോളറോളം കിട്ടും. ഏതായാലും യാത്രക്കായ്യം സാവകാശമായി ആലോ

ചിച്ചിട്ട നമുക്കൊരു തീരുമാനമെടുത്താൽ മതിയാകും. നാം ഇവിടെയില്ലാതെ ഒരു കവച്ച്സ്സിടനല്ലി എന്നു വരുന്നതു വലിയ തെററായിരിക്കും.''

മുൻകരുതലുകൾ: എല്ലാ വീടുകളിലും മുൻവശവും പിൻവശവുമുള്ള ലൈററുകൾ രാത്രി മുഴക്കെ കത്തിച്ചിടണമെന്ന നിർദ്ദേശം പോലീസിൽനിന്നു കിട്ടി. പരാമസ്സിലെ പൗരന്മാർ പത്തുപേർ ചേർന്ന ഓരോ ബാച്ച് മാറിമാറി രാത്രി മുഴവനും തെരുവുകളിൽ റോന്തുചുററുവാനും തീരുമാനിക്കപ്പെട്ടു. ആകപ്പാടെ ഒരു ഭീകരമായ അന്തരീക്ഷം നാട്ടിലെങ്ങും സൃഷ്ടിക്കപ്പെടുന്നതിനിടയായി.

ഏതു നിമിഷത്തിലും തലയിൽ അററുവീഴാവുന്ന ഒരു ഖഡ്ഗം തൂങ്ങി നില്ക്കുന്നതുകണ്ട് രാജപദവി ഡാമോക്ലിസ് ഉപേക്ഷിച്ചു എന്നാണ് പുരാണകഥ. മഫിയാഖഡ്ഗം അമേരിക്കൻ ധനാധിനാഥന്മാരെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നില്ലെന്ന് എങ്ങനെ വിചാരിക്കാം?

പ്രതീക്ഷിതമായ ഉല്ലാസയാത്രയ്ക്കുണ്ടാകാവുന്ന വിഘ്നങ്ങൾ വിചാരിച്ച് മനസ്സ് വല്ലാണ്ട് അലോസരപ്പെട്ടിരുന്നു.

## 1973 ജൂലായ് 19, വ്യാഴാഴ്ച

പത്രവാർത്ത: രാവിലെ പത്രത്തിൽ വന്ന ന്യൂസുമായി രാധയുടെ അടുത്തേക്കു ഞാൻ ഓടിച്ചെന്നു.

വലിയ ടൈററിൽ: 'പരാമസ്സിലെ ഒരു പോലീസ് സാർജൻറ് പൂട്ടിയിട്ടിരുന്ന ആറു വീടുകളിൽ കത്തിക്കവർച്ച നടത്തിയതായി തെളിഞ്ഞിരിക്കുന്നു'.

അയാളെ അറസ്റ്റ്ചെയ്തു ലോക്കപ്പിലിട്ടു കൂടുതൽ അന്വേഷണങ്ങൾ നടത്തിവരുകയാണ്. വീടു പൂട്ടിയിട്ട് നാട്ടിൽ പോകുന്ന വിവരം ഉടമകൾ പോലീസ് സ്റ്റേഷനിൽ അറിയിച്ചിരുന്നു. ആ അറിവിനെ മുതലെടുത്ത്, സൂക്ഷിപ്പിനു നിയമിതനായിരുന്ന പോലീസുകാരൻതന്നെ വീടുകൾ കുത്തിത്തുറന്ന് കവർച്ചകൾ നടത്തുകയാണുണ്ടായതു്. പരാമസ്സിലെ ആറു കവർച്ചകളും ഇയാൾതന്നെയാണു നടത്തിയതെന്ന് സമ്മതിച്ചിരിക്കുന്നു.

വലിയ ആശ്വാസമായി.

മഫിയായുടെ കൈ പിന്നിലുണ്ടെങ്കിലും ഇല്ലെങ്കിലും കവർച്ചക്കാരനെ പിടികിട്ടിയതു് താൽക്കാലിക ഭയമോചനം നല്കി.

നാളത്തെ പ്രോഗ്രാം: വൈകുന്നേരം പാം രാധയെ ഫോണിൽ വിളിച്ചു. നാളെ രാവിലെ കാറുകൾ രണ്ടും ഗറാഷിലിട്ടു പൂട്ടിയിട്ട് രാധ ടാക്സിയിൽ ഓഫീസിലേക്കു പൊയ്ക്കൊള്ളണം. വൈകുന്നേരം മൂന്നിനും നാലിനുമിടയ്ക്ക് പാം ഇവിടെയെത്തും. എന്നിട്ട് ഞങ്ങളമൊത്ത് ന്യൂയോക്കിൽ രാധയുടെ ഓഫീസിനടുത്തുള്ള ഇ. വൈ.

റെയിൽവേ സ്റ്റേഷനിൽ നാലിനും നാലുമുപ്പതിനുമിടയ്ക്കു് എത്തി ക്കൊള്ളാം. രാധ അവിടെ വന്നുനില്ക്കണം. പിന്നെ ട്രെയിനിൽ മസാച്ചുസെററ്സിലേക്ക പോയിക്കൊള്ളാം.

ഡ്രസ്സുകഠം മേടിക്കാൻ ഞങ്ങഠം അലക്സാണ്ടേഴ്സിലേക്ക പോയി. പാമിൻെറ അമ്മയ്ക്കു പ്രസൻറുകളും മേടിച്ചു.

രാത്രി പന്ത്രണ്ടുമണിവരെ കൊണ്ടുപോകേണ്ട ഡ്രസ്സുകളും മററും പെട്ടികളിൽ അടുക്കിവച്ചു. രാത്രി തണുപ്പുകൂടിയ പ്രദേശമാണെന്നു പാം പറഞ്ഞിരുന്നതിനാൽ കമ്പിളിക്കുപ്പായങ്ങളും കരുതി.

## 1973 ജൂലായ് 20, വെള്ളിയാഴ്ച

എല്ലാം ഒരുക്കിയിട്ടു് രാധ ടാക്സിയിൽ ഓഫീസിലേക്ക പോയി.

കുളിയും ലഞ്ചും കഴിഞ്ഞു് ഞാനും കുഞ്ഞുങ്ങളും വീടുപൂട്ടി ഭദ്രമാക്കിയിട്ടു് ഗറാഷിൻെറ മുൻവശത്തു് ബാഗുകളുമായി പാമിനെ കാത്തിരുന്നു.

''ബ്രൂക്‌ലെൻ യാത്ര എങ്ങനെയിരുന്നു?'' എന്നു ചോദിച്ചു കൊണ്ടാണു് കാറിൽനിന്നിറങ്ങിയതു്.

''അമേരിക്കയുടെ ദുഃഖവശങ്ങളിൽ ഒന്നിൻെറ ദൃക്‌സാക്ഷിയാകാൻ എനിക്ക കഴിഞ്ഞു.''

കാറിൽ കയറിക്കഴിഞ്ഞപ്പോഠം ആദ്യത്തെ ചോദ്യം, ''ബാരയെ ഇഷ്ടപ്പെട്ടോ?''

''ഒരാഴ്ച അവളുടെ വീട്ടിൽ അതിഥിയായി ചെന്നു താമസിക്കാൻ എന്നെ ക്ഷണിച്ചിട്ടുണ്ടു്. നല്ല പ്രകൃതക്കാരിയാണെന്നു് അല്പ പരിചയത്തിൽ എനിക്ക തോന്നി.''

''രാധ എന്തു പറഞ്ഞു?''

''രാധയോടു ഞാൻ പറഞ്ഞില്ല.''

''രാധ അറിയാതെയോ ക്ഷണം?''

''രാധയും കുഞ്ഞുങ്ങളും അത്താഴത്തിനു വിളമ്പുകയായിരുന്നു. ഞങ്ങഠം ലിവിങ്റൂമിൽ സംസാരിച്ചുകൊണ്ടിരുന്നപ്പോളാണു് ക്ഷണിച്ചതു്.''

''ക്ഷണം സ്വീകരിച്ചോ?''

''ആലോചിച്ചു പറയാം എന്നു പറഞ്ഞിരിക്കയാണു്.''

വളരെ നേരത്തേക്ക മൗനം. കോപമോ? ദ്വേഷമോ? അസൂയയോ? വാഷിങ്ടൺ പാലം കഴിഞ്ഞു ന്യൂയോക്കിൻെറ മദ്ധ്യത്തുകൂടി ഞങ്ങഠം പായുകയാണു്.

''പാം വീട്ടിലേക്ക് എന്തിനാ പോയിരുന്നതു്?'' എന്തെങ്കിലും സംസാരിക്കാമെന്നു വിചാരിച്ചുള്ള ചോദ്യം.

''വീട്ടിൽ പോയിരുന്നില്ല. എനിക്കൊരു ആത്മാർത്ഥസ്നേഹിതയുണ്ട്, മിസ്സിസ് ഷേർലി—ബെഡ്ഫോഡിൽ. രണ്ടുദിവസം അവളുടെകൂടെ കഴിഞ്ഞു.''

പിന്നെയും മൗനം.

രാധ കാത്തുനില്ക്കുന്നുണ്ടായിരുന്നു. ഞാൻ എണീററു ബാക്ക് സീററിലേക്കു മാറിയിരുന്നു, കുഞ്ഞുങ്ങളുടെ അടുത്തു്. അടുത്തിരുന്ന രാധയോട് വാതോരാതെ സംസാരിച്ചുകൊണ്ടു് പാം കാറോടിച്ചു.

അതിമനോഹരമായ ഒരു പ്രദേശത്തുകൂടിയാണ് സഞ്ചരിച്ചിരുന്നതു്. കുന്നുകളും താഴ്‌വരകളും തടാകങ്ങളും കലർന്ന നാട്. കോടാനുകോടി വൃക്ഷങ്ങൾ മേടുകളെയും റോഡിൻെറ ഇരുവശങ്ങളേയും അലങ്കരിക്കുന്നു. താഴ്‌വരകളിൽ ഗോതമ്പ്, ചോളം, ബാർലി തുടങ്ങിയ ധാന്യങ്ങളുടെ പാടശേഖരങ്ങൾ പച്ചപ്പരവതാനി വിരിച്ചപോലെ കിടക്കുന്നു. എത്ര ഫലപുഷ്ടിയുള്ള നാട്. ഒന്നുരണ്ടു കുന്നിൻപുറങ്ങളിൽ കാർ നിറുത്തി. സമ്മർസൗഭാഗ്യം തികഞ്ഞു തിളങ്ങുന്ന താഴ്‌വരകളിലെ പ്രകൃതിസൗന്ദര്യം സായാഹ്നസൂര്യകിരണങ്ങളേററു പ്രശോഭിക്കുന്നതു കണ്ടാനന്ദിക്കാനെത്തിയിട്ടുള്ള ടൂറിസ്ററുകളുടെ ഇടയിൽ ഞങ്ങളും കൂടി. റോഡിൻെറ മേൽഭാഗത്തു് ഇടതൂർന്നു നില്ക്കുന്ന പൂച്ചെടികൾ കണ്ടപ്പോൾ കുഞ്ഞുങ്ങൾ ആഹ്ലാദഭരിതരായി അങ്ങോട്ടു ചാടി പൂങ്കുലകൾ ശേഖരിച്ചു. ഉത്സാഹപൂർവ്വം ഞങ്ങളും അതിൽ പങ്കുകൊണ്ടു

വഴിയിൽ രണ്ടുമൂന്നിടത്തു് 'Diners' ബോർഡ് കണ്ടു. ഹോട്ടലുകൾ. റോഡിൽ തുരുതുരെ ഓടിക്കൊണ്ടിരിക്കുന്ന കാറുകളിൽ ചിലവ അങ്ങോട്ടുള്ള റൺവേയിലേക്കു കയററി പാർക്ക്ചെയ്തിട്ട്, യാത്രക്കാർ അകത്തു കയറി ഭക്ഷ്യപാനീയങ്ങൾ കഴിക്കുന്നു. സാധനങ്ങളുടെ ലിസ്റ്റ് കൊണ്ടുക്കാട്ടാനും വിളമ്പാനും വൃത്തിയും ഭംഗിയുമുള്ള പെൺകുട്ടികൾ തയ്യാറായുണ്ടു്. സന്ധ്യയാകാറായിരുന്നതുകൊണ്ടു് നിറയെ വല്ലതും കഴിച്ചിട്ടു പോകാമെന്നു ഞങ്ങൾ തീരുമാനിച്ചു. ഒരു കുന്നിൻപുറത്തുള്ള നല്ലൊരു Diner-ൽ ആണ് ഞങ്ങൾ കയറിയതു്. ബാഹ്യമായ വൃത്തി എത്ര പ്രശംസിച്ചാലും മതിയാകയില്ല. അഞ്ചുപേർക്കുംകൂടി 13 ഡോളറേ ആയുള്ളൂ. രാധ അതു കൊടുത്തു.

സന്ധ്യയ്ക്കുമുമ്പുതന്നെ കണക്ടിക്കട്ട് എന്ന സുന്ദരമായ ടൗണിലെത്തി. മനോഹരമായ തോട്ടങ്ങളുടെ മദ്ധ്യത്തു് ചെറുഗൃഹങ്ങളും ഹോട്ടലുകളും ഷോപ്പുകളും അണിനിരന്നു കണ്ട ആ പ്രദേശം കഴിഞ്ഞപ്പോൾ സന്ധ്യാദീപ്തിയിൽ പ്രകാശിച്ചു കണ്ട ഒരു കായൽക്കരയിലെത്തി. മസാച്ചുസെററ്സിൽ എത്തിക്കഴിഞ്ഞു. 'കായൽനാട്''—The Bay State—എന്ന ഓമനപ്പേരു് സർവ്വഥാ അർഹിക്കുന്ന സുന്ദരഭൂമി. ''സുന്ദരജനതയുടെ എന്നപോലെതന്നെ വിപ്ലവജനയിതാക്കളുടെ ജന്മഭൂമി." പാം സോത്സാഹം പറയുന്നു.

''1775—ൽ അമേരിക്കൻവിപ്ലവം പൊട്ടിപ്പുറപ്പെട്ടതിവിടെയാണ്''—പാം ഉച്ചത്തിൽ പ്രഖ്യാപിക്കുന്നു.

വാഹനാവലികളാൽ നിബിഡമായ നഗരപ്രാന്തത്തിൽക്കൂടി ദ്രുതഗതിയിൽ കാർ പാഞ്ഞിരുന്നു. ഉന്നതസൗധങ്ങളും വിശാലവീഥികളുമുള്ള നഗരമദ്ധ്യത്തിൽ അചിരേണ എത്തി. എല്ലാം നാളെ വന്നു കണ്ടുകൊള്ളാം എന്നു പറഞ്ഞുകൊണ്ടു പാഞ്ഞ് വാഹനത്തിരക്കു കുറഞ്ഞ ഒരു രാജപാതയിലിറങ്ങി. മേൽഭാഗത്ത് മാളികകൾ, താഴെ ബീച്ചുകളും കായലുകളും—അങ്ങനെയാണ് റോഡിന്റെ കിടപ്പ്.

ഒന്നുരണ്ടു മൈൽ നീങ്ങി, ഒരു ഇടപ്പാതയിലേക്കു തിരിഞ്ഞു. വൃക്ഷനിബിഡമായ ഒരു വനമദ്ധ്യത്തുകൂടിയാണെന്നു തോന്നി സഞ്ചരിക്കുന്നത്. ഒരു വലിയ ഇലയിലെ ഞരമ്പുകൾകണക്ക് ആ പാതയിൽനിന്നു പിരിഞ്ഞുപിരിഞ്ഞു പോകുന്ന—കാറോടിക്കത്തക്ക വീതിയോടുകൂടിയ—സബ് പാത്തുകൾ കാണപ്പെടുന്നു. ഒരു സബ്പാത്തിലേക്കു തിരിഞ്ഞ് ഒരു മൈലോളം നീങ്ങി. രണ്ടു വശവും വൃക്ഷങ്ങൾ ചൂഴ്ന്ന കൊച്ചു കൊച്ചു കോട്ടേജുകൾ ഇടവിട്ടിടവിട്ടുണ്ട്. എല്ലാററിന്റെയും മുമ്പിൽ ഒന്നോ രണ്ടോ കാറുണ്ട്. വീട്ടുപേരു കാണിക്കുന്ന ബോർഡും. ഒരു കുന്നിൻചരിവിലേക്കു തിരിഞ്ഞു. 'പാം ജോട്ടെരി' എന്നൊരു ബോർഡ് കാണുന്നു. പിന്നിൽ ചേതോഹരമായ ഒരു കോട്ടേജ്—പാമിന്റെ ഭവനം.

വെളുവെളുത്ത പലകനിരകൾകൊണ്ടു നിർമ്മിച്ച രണ്ടുനില വീട്. ഭൂനിരപ്പിനടിയിലാണ് ഒരു നില. സിമന്റുകൊണ്ടു കെട്ടപ്പെട്ടത്. അഞ്ചാറു പടി കയറി മുൻവശത്തെ കാളിങ്ബെല്ലടിച്ചു. ആരുമില്ല അകത്ത്. കൈവശമുള്ള താക്കോൽകൊണ്ട് പാം വാതിൽ തുറന്ന് അകത്തെ ലൈററിട്ടു. മേശപ്പുറത്ത് അമ്മയുടെ കുറിപ്പുണ്ട്. ഒരു പാർട്ടിക്കു പോയിരിക്കയാണ്. മടങ്ങാൻ വളരെ താമസിക്കും. വീടെല്ലാം സൗകര്യപ്പെടുത്തിയിട്ടുണ്ട്, രാധസ്സും പാർട്ടിക്കും. അത്താഴത്തിനു തന്നെ കാത്തിരിക്കണ്ട. ഗുഡ് വിഷസ്. മിസ്സിസ് വെതസ്!

നല്ല സൗകര്യമുള്ള അഞ്ചു മുറികളും കിച്ചണും ബാത്ത് റൂമും മുകൾനിലയിൽ. ഒരു ഇടനാഴിയിൽക്കൂടി നടന്നാൽ അങ്ങേയററത്തെ മുറിയാണ് എനിക്ക്. നല്ല കട്ടിലും മെത്തയും വിരിപ്പുകളും തലയണകളും സജ്ജമാക്കിയിട്ടുണ്ട്. പാമിന്റെ ഷെൽഫും മേശയും ക്ലോസററും എല്ലാം അവിടെയാണ്. തൊട്ടടുത്തുള്ള വലിയ മുറി രാധസ്സും കുഞ്ഞുങ്ങൾക്കും. അതിന്നടുത്തതു പാമിന്. പിന്നെ അമ്മയ്ക്ക്. അതിന്നപ്പുറം ലിവിങ് റൂം കം ഡയിനിങ് റൂം. എല്ലാ മുറിയിലും ഫാനുണ്ട്. ഹീററിങ് മെഷീൻ ഒന്നേ ഉള്ളൂ; ആവശ്യംപോലെ ഓരോ മുറിയിലും മാററി മാററി വയ്ക്കാം. ആകപ്പാടെ ആനന്ദപ്രദമായി തോന്നി.

എട്ടുമണിയായപ്പോഠം വലിയ മഴയും കാററും ആരംഭിച്ചു. വീട്ടിനു ചുററും ചൂഴ്ന്നുനില്ക്കുന്ന മരങ്ങളുടെ ഇരമ്പൽ കേഠംക്കാം. കട്ടിക്കണ്ണാടിയും തടി ഷട്ടേർസും കൊണ്ടു് ജനാലകഠം ഇറുക്കിയടച്ചിരുന്നിട്ടും വലിയ മുഴക്കം അകത്തു കേറിയിരുന്നു.

പാമും രാധയുംകൂടി അത്താഴത്തിനൊരുക്കുകയാണു്. എനിക്കൊന്നും വേണ്ടെന്നു ഞാൻ തീർത്തുപറഞ്ഞു. പ്രസിദ്ധ അമേരിക്കൻ ഹാസ്യസാഹിത്യകാരനായ മെൻകൻ (Mencken) രചിച്ചിട്ടുള്ള ലേഖനങ്ങളുടെ ഒരു സമാഹാരം മേശപ്പുറത്തുണ്ടായിരുന്നു. അതു വായിച്ചുകൊണ്ടു് ഞാൻ ഈസിച്ചെയറിലിരുന്നു. പക്ഷെ, മനസ്സിനു് ഏകാഗ്രത കിട്ടിയിരുന്നില്ല.

ഒമ്പതുമണി. വാതിലിൽ പതുക്കെ മുട്ടുന്ന ശബ്ദം.

അകത്തുവരാം.

പാം വന്നു. വലിയ തണുപ്പാണല്ലോ.

സാരമില്ല.

കുറച്ചു കഴിയുമ്പോഠം തണുപ്പു് അസഹ്യമാകും. ഞാൻ ഹീററർ കൊണ്ടുവരട്ടേ?

വേണ്ട. എനിക്കു ശാരീരികമായ നല്ല സഹനശക്തിയുണ്ടു്.

അത്താഴം? ഒരു കപ്പു പാൽ?

ആകാം.

ഇപ്പോ കൊണ്ടുവരാം.

അഞ്ചുമിനിട്ടിനകം ചൂടുപാൽ കൊണ്ടുവന്നു മേശപ്പുറത്തു വച്ചു.

നാളെയാണു നമ്മുടെ പ്രോഗ്രാമെല്ലാം. മനസ്സിലാകുന്നോ? ഇന്നു സ്വസ്ഥമായി കിടന്നുറങ്ങു. കുഞ്ഞുങ്ങഠം ഉറങ്ങിക്കളയും മുമ്പു് അവക്കു വല്ലതും കൊടുക്കണം. ദേഷ്യത്തിലാണോ?

അല്ല.

വല്ലതും ആവശ്യമുണ്ടെങ്കിൽ ഞാൻ അടുത്ത മുറിയിലുണ്ടാവും, രാധയുടെ അടുത്തു്. ബൈ ബൈ!

നീട്ടിയ കൈ അമർത്തി ഒരു ചുംബനം നല്കിയിട്ടു് അവഠം അപ്രത്യക്ഷയായി.

## 1973 ജൂലായ് 21, ശനിയാഴ്ച

ഇരുണ്ട പ്രഭാതം: ആറുമണിക്കേ എണീററുള്ളു. മുറിക്കകം നല്ല ചൂടു്. എങ്കിലും ആകെ ഇരുണ്ടടച്ചിരിക്കുന്നു.

ഒരു ജനാലയുടെ ഷട്ടർ തുറന്നു. കണ്ണാടിപ്പാളിയിൽക്കൂടി പുറത്തെ ഒരു ദൃശ്യം കിട്ടി. വൃക്ഷങ്ങഠം ചൂഴ്ന്നുനില്ക്കുന്നു. ആകെ ഒരു പച്ചിലപ്പൊന്ത. മൂടിക്കെട്ടിയ ആകാശം. വനഗഹനതയെ വെല്ലാൻ തൻെറ കിരണവ്യൂഹത്തിനു കഴികയില്ലെന്നു കരുതി മ്ലാനവദനനായിരിക്കയാണോ അരുണ'കുമാരൻ'? രാത്രിമുഴക്കേ പേമാരി

നല്ലിയ പ്രഹരത്തിൻെറ കണ്ണീർക്കണങ്ങൾ മരത്തലകളിൽനിന്നിററിററു വീഴുന്നുണ്ടായിരുന്നു.

മററൊരു ജനാല തുറന്നു. ഒരു കുന്നിൻചരിവിലാണു് വീട്. നൂറുനൂററമ്പതു വാര താഴെ മരച്ചുവടുകൾക്കിടയിൽ ഒരു തിളക്കം. സൂക്ഷിച്ചുനോക്കി. ഒരു ജലാശയമാണോ? തെററിയില്ല; മൂന്നു മീനിട്ടു നോക്കിയില്ല; മുഴക്കത്തോടെ ഒരു മോട്ടാർബോട്ട് അതിവേഗത്തിൽ പായുന്നതു കണ്ടു.

വാതിലിൽ മുട്ടുന്നു, പാം. ബെഡ്കോഫിയുമായി വന്നിരിക്കയാണു്.

എങ്ങനെയിരുന്നു ഉറക്കം?

തരക്കേടില്ല.

അമ്മ വന്നപ്പോൾ ഒരുമണിയായി.

അതുവരെ നിങ്ങളുടെ പാട്ടും കൂത്താട്ടവും അടുത്ത മുറിയിൽ കേൾക്കാമായിരുന്നു.

രണ്ടുമണിക്കു ഞാൻ വന്നു നോക്കി. ജീ ഭയങ്കര ഉറക്കമായിരുന്നു. തണുപ്പ് അസഹ്യമായിരുന്നതുകൊണ്ടു ഞാൻ ഹീററർ ഇവിടെ കൊണ്ടു വെച്ചിട്ടു പോയി. ഇല്ലെങ്കിൽ ഇപ്പോളിവിടെ മരവിച്ചു കിടന്നേനേ.

ഹീററർ മൂലയിലിരിക്കുന്നതു് ഞാനപ്പോഴേ കണ്ടുള്ളു.

അമ്മ എണീക്കാൻ പത്തുമണിയാകും. അപ്പോഴേക്കു് അന്തരീക്ഷവും തെളിയും. പിന്നെ വേണം പുറത്തു പോകാൻ. ഒക്കെ റെഡിയായിക്കൊള്ളൂ.

എങ്ങോട്ടാണു പോകുക?

ഒന്നും മുൻകൂട്ടി ചോദിക്കരുതു്. ഞാനിവിടത്തെ രാജ്ഞിയാണു്. ആജ്ഞാപിക്കുന്നതൊക്കെ അനുസരിച്ചുകൊള്ളണം.

വലിയ ഗൗരവഭാവം.

അങ്ങനെതന്നെ തമ്പുരാട്ടി. അടിയനിൽ കൃപ തോന്നേണമേ.

അനുസരണയുള്ള പ്രജയെ രാജ്ഞി സ്നേഹിക്കുന്നു.

ശക്തിപൂർവ്വം എന്നെ പിടിച്ചൊന്നു കുലുക്കി സ്നേഹം പ്രകടിപ്പിച്ചിട്ട് രാജ്ഞി പോകാനായി തിരിഞ്ഞു.

വെളുപ്പാൻകാലത്തെ ഷവർബാത്ത് കഴിഞ്ഞു് ഈറൻ മാറിയിട്ടില്ലാത്ത പുലരിപ്പെണ്ണിനെ സകൗതുകം സമീക്ഷിച്ചുകൊണ്ടു ഞാൻ ചോദിച്ചു:

താഴെ കാണുന്നതു നദിയാണോ?

ഒരു കായലാണു്. ഞങ്ങളുടെ കായൽ. ഞങ്ങൾക്കൊരു ലോഞ്ചുണ്ടു്. അതിൽ കയറി യഥേഷ്ടം സഞ്ചരിക്കാം. ഞാനെല്ലാം ഏററു. റെഡിയായിരുന്നുകൊള്ളൂ. ഒന്നും മനസ്സിലാകുന്നില്ലെന്നു വരുമോ?

ആകെ ഇളകിയ മട്ടു്. വാതിൽ തുറന്നു് അപ്രത്യക്ഷയായി.

അല്പം കഴിഞ്ഞപ്പോഠം കുഞ്ഞുങ്ങഠം വന്നു ബ്രേക്ക്ഫാസ്റ്റിനു വിളിച്ചു. കോറിഡോറും ലിവിങ്റൂമും വലിയ തണുപ്പ്. അടുപ്പിന്നടുത്തിരുന്നാണ് പ്രാതൽ കഴിച്ചതു്. നല്ല വെണ്ണയും തേനും പഴങ്ങളും ധാരാളം. പാൽ നല്ലപോലെ ചേർത്ത ഓവൽടിൻ.

പാമിൻെറ അമ്മ അച്ഛനെ അന്വേഷിച്ചു.

എണനീക്കട്ടെ. കണ്ടുകൊള്ളാം.

ഹിന്ദുമതതത്ത്വങ്ങഠം പലതുമറിയാം.

അതെങ്ങനെ?

പാമിൻെറ അച്ഛൻെറ സ്നേഹിതൻ ഒരു ഇന്ത്യൻ ഹിന്ദു എഞ്ചിനീയറുണ്ടായിരുന്നു. ചില വിഷയങ്ങഠം അച്ഛനോടു ഡിസ്കസ് ചെയ്യാനുണ്ടത്രേ.

കൊള്ളാം.

മൂടൽ മാറുന്നു: 9 മണി. പുറത്തെ മൂടൽ മാറി. പച്ചിലവിതാനത്തെ പിളൻറുകൊണ്ടു് പ്രഭാപ്രസരം വ്യാപിച്ചു. അത്യന്താഭിരാമമായ ഒരു പൂങ്കാവനമദ്ധ്യത്താണ് ഭവനം. മരക്കൊമ്പുകളിൽനിന്നു നിലത്തെങ്ങും പൂക്കഠം പൊഴിക്കുന്നു, ബാലാരുണകിരണങ്ങഠം. ആനന്ദഭാരത്തോടെ മുററത്തേക്കു നോക്കി. മരങ്ങളിൽ പടൻറുതുങ്ങുന്ന ലതകളും, പൂത്തും തളിർത്തും നില്ക്കുന്ന പലവിധം ഭൂരുഹങ്ങളും, ആർത്തുനടക്കുന്ന വണ്ടിൻചാർത്തും, റോബിൻ തുടങ്ങിയ ചെറുകിളികുലവും, സുഖശീതളമായ അന്തരീക്ഷവും, എല്ലാം 'വാഴ്ത്തുന്നു മദനൻെറ കീർത്തിയെ മറെറാന്നില്ല,' എന്ന കവിവചനം അനുസ്മരിപ്പിച്ചു.

രണ്ടു കാറ് പാർക്കുചെയ്യാനുള്ള മുററമേ ഉള്ളു. പിന്നൊക്കെ പൊന്തയാണ്. ഒരു ഒററയടിപ്പാത കീഴോട്ടു കിടക്കുന്നു. മരങ്ങളിൽനിന്നു വീഴുന്ന വെള്ളത്തുള്ളികളും വിറപ്പിക്കുന്ന തണുപ്പും വകവയ്ക്കാതെ ഗീത ഒററയടിപ്പാതയിൽക്കൂടി അപ്രത്യക്ഷയായിരുന്നു, താഴെയുള്ള കായലിനെ ലക്ഷ്യമാക്കി. കാടും മേടും കണ്ടാൽ ഇളകുന്ന പ്രകൃതമാണവഠംക്കു്. ''അവളുടെ അച്ഛൻെറ സ്വഭാവം; പാരമ്പര്യം,'' രാധ പറഞ്ഞു. ''ഹിമാലയത്തിൻെറ താഴ്വരകളിലും കാശ്മീരിലും തനിയേ നടന്നു പര്യടനംനത്തിയ മനുഷ്യൻെറ മകഠം!'' അതു കേട്ടായിരിക്കാം അല്പം കഴിഞ്ഞു പ്രീതയും ഇറങ്ങിപ്പോയി.

''അഗാധമായ തടാകമാണ്,'' പാം പറഞ്ഞു. ''വഴികളു മുഠം ച്ചെടികഠം നിറയെ ഉണ്ടു്. ചിലവ വിഷമുള്ളവയും കടിക്കുന്നവയുമാണ്.''

''കടിക്കുന്ന പാമ്പുമുണ്ടോ?'' ഞാൻ തിരക്കി.

വിഷമുള്ളവ ചുരുക്കം.

കമ്പിളിക്കുപ്പായങ്ങളുമിട്ടുകൊണ്ടു് ഞാൻ കുഞ്ഞുങ്ങളുടെ പിറകേ പോയി.

ചുററിനുമുള്ള പച്ചിലക്കാടുകളും വെണ്മയേറിയ വീടുകളും പ്രതിഫലിക്കുന്ന ഭംഗിയേറിയ തടാകം. അങ്ങിങ്ങു വീതി കുറഞ്ഞും കൂടിയും ഒഴുക്കില്ലാത്ത നീണ്ട വളഞ്ഞ നദിയെന്നു തോന്നും. രണ്ടുവശത്തും ഭംഗിയുള്ള കൊച്ചുകൊച്ചു സമ്മർ കോട്ടേജുകൾ. അവയുടെ അടുത്തും കായൽവക്കത്തും ഒന്നും രണ്ടും തുഴബോട്ടുകൾ. ഒരു വലിയപററം പാത്തകൾ പ്രതിച്ഛായകളെ ഉലച്ചുകൊണ്ടു നിശ്ശബ്ദമായി ഒഴുകിനടക്കുന്നു. വീതി കുറഞ്ഞ ഒരു സ്ഥലത്താണു നമ്മുടെ കടവ്. നേരെ അക്കരെ എട്ടുപത്തു വയസ്സുവരുന്ന രണ്ട് ഓമനക്കുട്ടികൾ ചൂണ്ടയിട്ടു മീൻപിടിച്ചുകൊണ്ടു നില്ക്കുന്നു. അവരുടെ അടുത്ത് ഒരു തടിയൻ പട്ടിയും. ഗീത അവരോട് ഉച്ചത്തിൽ കുശലപ്രശ്നം ചെയ്യുകയാണ്.

''അവന്റെ പേരു് സാം, 8 വയസ്സ്. ന്യൂയോർക്കിലുള്ളവരാ. സമ്മറിനു് അച്ഛനമമ്മേമൊത്തു വന്നിട്ടുള്ളതാ. ഞങ്ങൾ വന്നതിൽ പിന്നെ രണ്ടു വലിയ മീൻ പിടിച്ചു. അവൾ ജോയി, 7 വയസ്സ്. അവൾ പിടിച്ച മീനിനെ പട്ടി പിടിച്ചുപറിച്ചു തിന്നുകളഞ്ഞു. നല്ല അടി കൊടുത്തു. അവൻ വകവച്ചില്ല. പാമിനു ചൂണ്ടയുണ്ടെങ്കിൽ ഞങ്ങളും മീൻ പിടിക്കും.'' കുട്ടികൾ ഉത്സാഹത്തോടെ പറഞ്ഞു.

''പാമിനു ചൂണ്ടയില്ലാതിരിക്കില്ല!'' ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു. Happy hooker-ടെ കാര്യം സ്മരിച്ചുപോയി.

പ്രഭാതാർക്കകിരണങ്ങൾ ആ രംഗത്തിനാകെ തങ്കത്തിളക്കം നല്കി. ലോകം പുഞ്ചിരിച്ചുല്ലസിച്ചു നില്ക്കുകയാണ്. പ്രകൃതി വർണ്ണശബളമായ ഒരു മനോഹരകാവ്യം രചിച്ചിരിക്കുന്നു. കലാബോധത്തെ വിളിച്ചുണർത്തുന്ന വിശിഷ്ട തുലികാവിലാസം!

ഹൃദയം കുളിർപ്പിക്കുന്ന അസാമാന്യമായ സൗന്ദര്യപ്രസരം! എങ്ങും പൊൻകിനാവു നെയ്തെടുത്ത സൂര്യപടത്തിലെ വർണ്ണചിത്രങ്ങൾ!

ഒരു ചെറിയ ലോഞ്ച് അമ്പുവിട്ടപോലെ അകലെനിന്നു പാഞ്ഞുവരുന്നു. രണ്ടു കരയിലും ഓളങ്ങൾ തള്ളിക്കേറുന്നു. കെട്ടിയിട്ടിട്ടുള്ള ബോട്ടുകൾ ഊഞ്ഞാലാടുന്നു. പാത്തകൾ മാറിനീങ്ങി വഴി കൊടുത്തു. അഞ്ചെട്ടാളുകൾ ലോഞ്ചിലുണ്ട്. എല്ലാപേരും ചിരിച്ചുകൊണ്ടു കൈപൊക്കി വീശി. ഞങ്ങളും വീശി.

പാം ഓടിവരുന്നു. പോകാൻ വൈകിപ്പോയി.

എങ്ങോട്ടേക്കാ?

പലടത്തും. പ്രധാനമായി ടാങ്ഗിൾവുഡ്ഡിൽ നടക്കുന്ന ബോസ്റ്റൺ സിംഫണി ഓർക്കിസ്ട്ര അററൻഡ്ചെയ്യാൻ. ജീവിതത്തിൽ കിട്ടാൻ പ്രയാസമേറിയ അവസരം. ഇപ്പോൾത്തന്നെ ലേററായിക്കഴിഞ്ഞു.

ടാങ്ഗിൾവുഡ്ഡ് ബോസ്റ്റൺ സിംഫണി ഓർക്കിസ്ട്ര: വളഞ്ഞു തിരിഞ്ഞു കിടക്കുന്ന സബ്പാത്തുകൾ കഴിഞ്ഞു മെയിൻറോ

ഡിലെത്താൻ അരമണിക്കൂർ വേണ്ടിവന്നു. കാറിനകത്തു വാചാല പ്രസംഗം, ടാങ്ഗിൾവുഡ്ഡിനെപ്പററിയും അവിടെ ആണ്ടിലൊരിക്കൽമാത്രം നടക്കുന്ന ഓർക്കിസ്ട്ര ഫെസ്റ്റിവലിനെപ്പററിയും.

ടാങ്ഗിൾവുഡ്ഡ് ക്യാംപസ്: കൽമതിൽക്കെട്ടു ചൂഴ്ന്ന ഒരു വലിയ ഉദ്യാനം. 210 ഏക്കർ വിസ്തൃതം. മദ്ധ്യത്തു് അല്പം മുകളിലായി വൃത്താകാരത്തിൽ അയ്യായിരം പ്രേക്ഷകർക്കു സസുഖം ഇരിക്കത്തക്ക സംഗീതനൃത്തശാല. ഒരു ലക്ഷം ഡോളർ ചെലവാക്കി 1938-ൽ പണിതീർത്തതു്. അതുല്യമായ ഒരു വാസ്തുശില്പം. രണ്ടു വശവും സിംഹപ്രതിമയുള്ള ഒരു വലിയ 'ലയൺ ഗേററ്'—ഗന്ധർവ്വലോകകവാടം—വഴി ഉള്ളിൽ കടന്നു.

വശത്തുമാറി ഒരു തുറന്ന മിനി തിയേററർ ഉണ്ടു്. വലിയ ഒരു ആസ്വാദകസംഘം. മിനിതിയേററർ നിറഞ്ഞു് ബാക്കിയുള്ള പുരുഷാരം വെയിൽ കാഞ്ഞും കാററേററും പുൽത്തകിടിയിലും മരത്തണലുകളിലും മൈക്കിൽനിന്നു പുറപ്പെടുന്ന നാദലഹരിയിൽ മഗ്നരായിരിക്കുന്നു. കൈപൊക്കുകയും താഴ്ത്തുകയും തലകുലുക്കുകയും അപ്ലാസ് അടിക്കുകയും ചെയ്തുകൊണ്ടു് ലയിച്ചിരിക്കുന്ന ആ സംഗീതഭ്രമികളുടെ ഇടയിൽ ഞങ്ങൾ പുൽത്തകിടിയിലിരുന്നു. പാമിന്നു് പ്രധാന ട്യൂണുകൾ എല്ലാമറിയാം, അടക്കസ്വരത്തിൽ എല്ലാം വ്യാഖ്യാനിച്ചുതന്നു. മൊസാർട്ട്, ബിത്തോവൻ, മെൻഡൽസോൺ തുടങ്ങിയ വിശ്വവിഖ്യാതന്മാർ രചിച്ച ട്യൂണുകളാണു് ആലപിക്കപ്പെടുന്നതു്. ഒരു മണിക്കൂറോളം അവിടെ കഴിച്ചുകൂട്ടി.

സേലം—ഹാത്തോണിൻെറ ഭവനം: അവിടെനിന്നു് അഞ്ചാറു മൈൽ അകലെയാണു് ഹാത്തോണിൻെറ ഭവനം. അദ്ദേഹത്തിന്റെ എന്തെങ്കിലും വായിച്ചിട്ടുണ്ടോ?

ഹൈസ്കൂളിൽവെച്ചു Tangle wood Tales പഠിച്ചിട്ടുണ്ടു്. കോളജിൽവെച്ചു് The Marble Fawn എന്ന കൃതി വായിച്ചിട്ടുമുണ്ടു്.

ഇന്നാട്ടുകാർ അദ്ദേഹത്തെ എത്രത്തോളം സമാദരിക്കുന്നു എന്നുള്ളതു് സേലം എന്ന പ്രദേശത്തു പോയാൽ കാണാം.

സേലം ഒറീഗൺസ്റ്റേററിൻെറ തലസ്ഥാനമല്ലേ? അവിടെനിന്നു വന്ന മിഷ്യനറിമാർ സ്ഥാപിച്ച ഒരു സേലംനഗരം ഇന്ത്യയിലുമുണ്ടു്.

ഇതു് അതേ നാമധേയത്തിലുള്ള മറെറാരു സ്ഥലമാണു്. ഒരു വലിയ വനാന്തരംഗത്തിൻെറ മദ്ധ്യത്താണു് ഹാത്തോണിൻെറ ഭവനം. നമുക്കുടൻ അവിടെയെത്താം.

കാണേണ്ട പ്രദേശംതന്നെ. ഇന്ത്യയിൽ എത്രയോ മനോഹരമായ കാനനങ്ങളും തപോവനങ്ങളും പണ്ടെന്നപോലെ ഇന്നും ഉണ്ടു്. അവയൊന്നുംതന്നെ ഇവിടത്തെ വനപ്രദേശങ്ങളോളം സുരക്ഷിതമല്ല. കൃത്രിമവനങ്ങൾക്കു പ്രത്യേകമായ ഭംഗി വരുത്താൻ സാധിക്കുമെന്നുള്ളതാണു് സേലം എന്ന ഈ സ്ഥലവും പത്തുമൈൽ

അകലെ Pleasant valley sanctuary എന്ന ബൊട്ടാണിക് തോട്ടവും വ്യക്തമാക്കിയതു്.

ഒരു വലിയ കുന്നിൻമുകളിലാണു് ഹാത്തോണിൻെറ വെണ്മാടം. ഒരു പുണ്യസ്മാരകമായി സുരക്ഷിതം. ഒരു പൂങ്കാവനമദ്ധ്യത്തു നിലകൊള്ളുന്നു. നിർവൃതിജനകമായ ഈ പ്രദേശത്തിൻെറ പ്രചോദനംതന്നെയാകണം പ്രധാനമായും ഹാത്തോണിനെ ഭാവനാസമ്പന്നനാക്കിത്തീർത്തതു്. പരേതരായ പ്രമുഖ സാഹിത്യകാരന്മാരോടു് അമേരിക്കക്കാർ കാട്ടുന്ന അനല്പമായ ഭക്തിക്കും കൃതജ്ഞതയ്ക്കും ഈ സുരക്ഷിതസ്മാരകം നല്ലൊരു തെളിവാണു്. ഇസങ്ങളുടെയും പാർട്ടികളുടെയും ജാത്യാദിവൈരങ്ങളുടെയും പ്രേരണയാൽ നടത്തിവരുന്ന സാഹിത്യകാരനിന്ദനനിമ്മാജ്ജനതേജോവധഗളഹസ്തശ്രമങ്ങൾ ഇവിടെ ഒരിടത്തും കണ്ടുമുട്ടാനിടയായില്ല.

Pleasant valley sanctuary 150 ഏക്കർ വിസ്തൃതമായ ഒരു ബൊട്ടാണിക് കേന്ദ്രമാണു്. കാടും കായലും അരുവികളും കലർന്ന, നിറവും നിഴലും നിറഞ്ഞ, സുരക്ഷിതവൃക്ഷകേന്ദ്രം. ഓരോ മരത്തിൻെറയും ചെടിയുടെയും ചുവട്ടിൽ അതിൻെറ പേരും സ്വഭാവവിശേഷങ്ങളും ചെറിയ ബോർഡുകളിൽ എഴുതിവെച്ചിട്ടുണ്ടു്. അരമുക്കാൽ മണിക്കൂറിൽക്കൂടുതൽ ചുറ്റിക്കറങ്ങിനടന്നു. മൃഗങ്ങളെയൊന്നും കണ്ടുമുട്ടിയില്ല, അങ്ങിങ്ങു് വൃക്ഷച്ചുവടുകളിലും ലതാകുഞ്ജങ്ങളിലും മറവും നാണമററു വിഹരിക്കുന്ന കാമുകരല്ലാതെ. ഒരു പുഴയ്ക്കടുത്തുള്ള മുളങ്കാടിനിടയിൽ കയറിയപ്പോൾ ഇലത്തൊത്തുകൾ ഒടിച്ചിട്ടു മെത്തയുണ്ടാക്കി അതിന്മേൽ കെട്ടിപ്പിണഞ്ഞു കിടന്നിരുന്ന ഒരു യുവമിഥുനം ഞങ്ങൾ മടങ്ങിവന്നപ്പോൾ പുഴയുടെ വളവിലുള്ള ഒളിവിലിരുന്നു ശൗചംചെയ്യുന്നു! എൻെറ മുതുകത്തു മാന്തി ആ രംഗവീക്ഷണത്തിൽനിന്നു പാം എന്നെ വിരമിപ്പിച്ചു.

ഒരുമണി കഴിഞ്ഞു, വീട്ടിൽ മടങ്ങിയപ്പോൾ. വൈകുന്നേരം കണ്ടുകൊള്ളാം എന്നൊരു കുറിപ്പു വച്ചിട്ടു് അമ്മ അപ്രത്യക്ഷയായിരുന്നു.

സ്വിമ്മിങ് ബീച്ചിലേക്കു്: ലഞ്ചു് തയ്യാറാക്കാൻ അരമണിക്കൂറെങ്കിലുമാകും. ബിസ്കറ്റും ഐസ്ക്രീമും കഴിച്ചപ്പോൾ ക്ഷീണം മാറി. അടുത്തൊരു ബീച്ചും സ്വിമ്മിങ് പൂളുമുണ്ടു്. അവിടെ ഞങ്ങളെ കൊണ്ടുവിട്ടിട്ടു വന്നു് ലഞ്ചു് തയ്യാറാക്കാമെന്നു പാം പറഞ്ഞു. വളഞ്ഞു തിരിഞ്ഞു കിടക്കുന്ന ഊടുവഴികളിൽക്കൂടി ഞങ്ങളെ പത്തു മിനിട്ടിനുള്ളിൽ ബീച്ചിൽ കൊണ്ടാക്കി.

വലിയൊരാൾക്കൂട്ടം—ആണും പെണ്ണും—അവിടെ എത്തീട്ടുണ്ടു്. തണുപ്പുള്ള ബീച്ച്. വൃക്ഷങ്ങൾ നിറഞ്ഞ പാക്ക്. സ്വിമ്മിങ് ബഹളം തടാകാഗ്രതലത്തിൽ നടന്നുകൊണ്ടിരിക്കുന്നു

രാധ കൂടെപ്പോയി. കുഞ്ഞുങ്ങൾ സ്വിമ്മിങ് ഡ്രസ്സണിഞ്ഞു നീന്തൽ തുടങ്ങി. വെള്ളത്തിനു ഭയങ്കരതണുപ്പു്, നല്ല വെയിലുണ്ടായിരുന്നിട്ടും. ഞാൻ നോക്കിയിരുന്നതേയുള്ളു.

രാധയും പാമും അരമണിക്കൂറിനുള്ളിൽ നല്ലൊരു ലഞ്ചുമായെത്തി. പേപ്പർപ്ലേററുകളും ഗ്ലാസുകളും നാപ്പ്കിൻകളും—ഒക്കെ ഉപയോഗം കഴിഞ്ഞു് ട്രാഷ്ബിന്നിൽ വലിച്ചെറിഞ്ഞു.

ഇനി സ്വിമ്മിങ് ആയിക്കൂടെ? പാം ആരായുന്നു.

വെള്ളത്തിന്നു ഭയങ്കരതണുപ്പ്. എനിക്കൊന്നു വിശ്രമിക്കണമെന്നു തോന്നുന്നു.

തണുപ്പു ഭയപ്പെടുന്ന ഉഷ്ണമനുഷ്യർ! വിശ്രമിക്കണമെങ്കിൽ ഞാൻ വീട്ടിൽ കൊണ്ടുവിടാം.

ഇഷ്ടവും സൗകര്യവുംപോലെ.

എന്നാൽ വരൂ.

വീട്ടുതടങ്കലിൽ: അഞ്ചു മിനിട്ടിനുള്ളിൽ വീട്ടിലെത്തി.

ആദ്യം കുളിക്കുന്നോ വിശ്രമിക്കുന്നോ?

വിശ്രമം കഴിഞ്ഞു കുളിക്കാം. പാം എന്നെ ഇവിടെ ഏകാന്തത്തടവിലാക്കിയിട്ടു പോകുകയാണോ?

എൻെറ ദേഹം അടുത്ത കാലത്തെങ്ങും ഇങ്ങനെ വിയർത്തിട്ടില്ല. രണ്ടു മണിക്കൂർ തണുത്ത വെള്ളത്തിലിടണം. ജീ വിശ്രമം കഴിഞ്ഞു കുളിക്കുമ്പോഴത്തേക്കും ഞാൻ വന്നേക്കാം. ബൈ ബൈ!

ഞാൻ വീട്ടുതടങ്കലിലായി.

പാമിൻെറ പുസ്തകഷെൽഫ് പരിശോധിച്ചു. മനസ്സുപോലെ തന്നെ ഒരു രഹസ്യ ഉള്ളറയുണ്ടു് അടിത്തട്ടിൽ. ഒരു പുസ്തകത്തിന കത്തു് അതിൻെറ താക്കോൽ യദൃച്ഛയാ കണ്ടു. തുറന്നു നോക്കി. മുന്നൂറോളം വിശ്വവിഖ്യാതമായ കളർപെയിൻ്റിങ്ങുകളുടെയും ഫോട്ടോകളുടേയും സമാഹാരം. അമ്പതറുപതെണ്ണം നഗ്നചിത്രങ്ങൾ. കുറെയെണ്ണം രതിവികൃതികൾ—ഭയങ്കരങ്ങൾ രണ്ടു പുസ്തകങ്ങളുണ്ടു്: The Art and Science of Love by Albert Ellis Ph. D., The Primal Scream by Arthur Janov Ph. D. ഞാനറിഞ്ഞിട്ടില്ലാത്ത—വാത്സ്യായനനെ കീഴ്പ്പെടുത്തുന്ന—പല രതിവിജ്ഞാന രഹസ്യങ്ങൾ ഈ ഗ്രന്ഥങ്ങളിലുണ്ടു്. വായിച്ച് അടിവരയിട്ടിട്ടുള്ള—മാർജിനിൽ നോട്ടുകൾ കുറിച്ചിട്ടുള്ള—ഭാഗങ്ങളെല്ലാം ഞാൻ വായിച്ചു. ഇതൊക്കെ അറിയുന്ന ആളാണോ പാം? ചിത്രങ്ങളിൽ ഭൂരിഭാഗവും അത്യാകർഷകങ്ങളാണു്. ചിലവ മാത്രമേ ബീഭത്സങ്ങളായുള്ളു. ആകെക്കൂടി രണ്ടരമണിക്കൂർ നീങ്ങിയതറിഞ്ഞില്ല.

നാലരയ്ക്കു സ്വിമ്മിങ് കഴിഞ്ഞു മടങ്ങിയുള്ളു. പിന്നാലെ അമ്മയും മൂത്തമകൾ ജോയും വന്നുചേർന്നു അവരുടെ കാറിൽ.

മിസ്സിസ് വെതസ് ആൻഡ് പാർട്ടി: അമ്പത്തഞ്ചു കഴിഞ്ഞ ഒരു ആരോഗ്യവതിയാണു് മിസ്സിസ് വെതസ്. അധികം പൊക്കമില്ലാത്ത സ്ഥൂലഗാത്രി. ക്രോപ്പുചെയ്ത തലമുടി ചീകി ഒതുക്കിയതു്. അങ്ങിങ്ങു നര ബാധിച്ചിട്ടുണ്ടു്. ലേഡീസ് ഫ്രോക്ക് ടിപ്പ് ടോപ്പായി അണിഞ്ഞിരിക്കുന്നു. ഹാർദ്ദമായി കൈ കുലുക്കിക്കൊണ്ടു്, "പാമിൻെറ സ്നേഹമുള്ള ഗ്രാൻഡ്ഫാദറിനെ കാണാനി

ടയായതിൽ അത്യധികം സന്തോഷിക്കുന്നു.'' എന്നെ സൂക്ഷിച്ചു നോക്കിയിട്ട്, "പക്ഷേ, ഇവരം നിങ്ങളെ ഗ്രാൻഡ്ഫാദർ എന്നു വിളിക്കുന്നതെന്തിനാണെന്നു മനസ്സിലാകുന്നില്ല. രാധയുടെ ചേട്ടനെന്നാണല്ലോ നിങ്ങളെ കണ്ടിട്ടു തോന്നുന്നതു്'' എന്നു ചിരിച്ചുകൊണ്ടു പറഞ്ഞു.

''എന്നോടുള്ള സ്നേഹബഹുമാനക്കൂടുതൽകൊണ്ടായിരിക്കണം. എനിക്കതിൽ സന്തോഷമേ ഉള്ളു ''

''ഞാൻ അങ്കിളെന്നേ വിളിക്കുകയുള്ളു.'' ജോ കൈകലുക്കിക്കൊണ്ടു പറഞ്ഞു. തടിച്ചു കൊഴുത്ത മുപ്പതുകാരി.

മിസ്സിസ് വെതസിന്റെ ബാങ്കിൽ സഹപ്രവർത്തകനായ മിസ്റ്റർ ജോൺസും ഭാര്യയും വന്നുചേർന്നു, ഇന്ത്യൻ അതിഥികളെ കാണുന്നതിലേക്കു്, അവരുടെ കാറിൽ.

''പാമിന്റെ ഗ്രാൻഡ്ഫാദർ എവിടെ? ഒരു പ്രശസ്ത സാഹിത്യകാരനാണെന്നു കേട്ടല്ലോ?'' ജോൺസ് എന്നോടു ചോദിച്ചു.

''ഞാൻതന്നെയാണു് ആ ഭാഗ്യവാൻ. ഇതെന്റെ മകരം രാധ; ഇവർ അവളുടെ മക്കളം.''

ആ തടിയൻ എന്റെ കൈ പിടിച്ചു ഭയങ്കരമായി ഞെക്കിക്കളഞ്ഞു "വളരെ വളരെ സന്തോഷം! എനിക്കും കുറച്ചു സാഹിത്യമുണ്ടു്. ബെഞ്ചമിൻ ഫ്രാങ്ക്ലിൻ എന്റെ ഒരു പ്രപിതാമഹനാണു്. അദ്ദേഹത്തെപ്പോലെ സാഹിത്യത്തിലും സയൻസിലും ഫിലോസഫിയിലും പൊളിററിക്സിലും ഒന്നുപോലെ പ്രശസ്തസേവനം അനുഷ്ഠിച്ച ഒരു മഹാൻ അമേരിക്കയിൽ ഉണ്ടായിട്ടില്ല." പാമിനോടു് തിരിഞ്ഞു്, ''നീ ഇദ്ദേഹത്തെയാണോ ഗ്രാൻഡ്ഫാദർ എന്നു പറഞ്ഞതു്? ചേട്ടൻ എന്നു വിളിക്കു.'' അയാരം മുഴങ്ങിച്ചിരിച്ചു.

''ഗ്രാൻഡ്ഫാദറിനു് അതു വളരെ ഇഷ്ടമാണു്.''

''എനിക്കു സന്തോഷമേ ഉള്ളു.''

''ഗ്രാൻഡ്ഫാദറിന്റെ മൂത്ത മകൻ, രാധയുടെ ചേട്ടൻ, ഇന്ത്യൻ ആർമിയിൽ ഒരു മേജറാണു്. ഇളയ മക്കരം രണ്ടുപേരും എഞ്ചിനീയർമാർ. ഗ്രാൻഡ്ഫാദർ 40 പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. 6 നോവലും 6 നാടകവും. ഒക്കെ കോളേജ്ക്ലാസ്സുകളിൽ പാഠ്യപുസ്തകങ്ങളാണു്—''കേരളാ യൂണിവേഴ്സിററിയിൽനിന്നു് ആദ്യമായി ഒരു റിസേർച്ച് ഡിഗ്രി സമ്പാദിച്ചതു് ഗ്രാൻഡ്ഫാദറാണു്—''

ഈ ക്രമത്തിൽ ഗ്രാൻഡ്ഫാദർ എന്നു് ആവർത്തിച്ചു പറയാൻ അവരം വളരെ കൗതുകം കാണിച്ചു. ക്രമേണ അവരെല്ലാവരും ഗ്രാൻഡ് ഫാദർ എന്നു് എന്നെ സംബോധനചെയ്യുതുടങ്ങി. പല വിഷയങ്ങളെക്കുറിച്ചും അവർ സംസാരിച്ചു. പൊട്ടിച്ചിരിയും ബഹളവും കൂട്ടാൻ ജോൺസ് ബഹുവിരുതൻ. ധിറുതിയിലുള്ള അവരുടെ ഉച്ചാരണരീതികൊണ്ടു് എനിക്കു വാസ്തവത്തിൽ ഒന്നും മനസ്സിലായിരുന്നില്ല. എങ്കിലും കൂടെ ചിരിക്കുകയും തലയാട്ടുകയും ചെയ്തു

കൊണ്ടു ഞാൻ ബോറടിച്ചിരുന്നു. രസം തോന്നാതെ രസം നടിക്കുക! എന്തൊരു നിർഭാഗ്യം!

വൈനും കേക്കും നട്സും മിസ്സിസ് വെത്സ് വിതരണംചെയ്തു. മിസ്റ്റർ ജോൺസും ഭാര്യയും ഭജന പാടി. മററുള്ളവരും ഏററുപാടി.

ആകെക്കൂടി രസകരമായ ഒരു സായാഹ്നമാക്കാൻ അവർ കഴിവതു ശ്രമിച്ചു.

കണക്ടിക്കട്ടിലുള്ള വസതിയിലേക്കു ഞങ്ങളെ ക്ഷണിച്ചിട്ട് മിസ്റ്റർ ജോൺസും ഭാര്യയും പോയി.

ഞങ്ങൾക്കു വീട്ടിൽ അസൗകര്യമുണ്ടാകാതിരിക്കാൻവേണ്ടിയായിരിക്കാം മിസ്സിസ് വെൽസ് അന്നു ജോയുടെ ലോഡ്ജിൽവെച്ച് ഒരു സോഷ്യൽപാർട്ടിയുണ്ടെന്നു പറഞ്ഞു രാത്രിയിലേക്കു വിടവാങ്ങി.

'പേപ്പർ മൂൺ': സിററിയിൽ 'ഷോകേസ്' തിയേററിൽ ഒരു നല്ല സോഷ്യൽ ഫിലിം—Paper Moon—ഉണ്ട്. കുട്ടികൾക്കും കാണാവുന്നത്. അതു കാണാൻ തീരുമാനിച്ചു. പത്തു മൈൽ അകലമേയുള്ളു. പതിനഞ്ചു മിനിട്ടിനുള്ളിൽ അവിടെ എത്തി.

വലിയ എയർ ക്ലൂഡ് തിയേററർ. ക്ലാസ് വിഭജനസമ്പ്രദായമില്ല. ചാർജ്ജ് ഒന്നുപോലെ. 2.50 ഡോളർ.

ചേതോഹരമായ അഭിനയവും നല്ല ഡയറക്ഷനുമുള്ള ഒന്നാംതരം പടമാണ് Paper Moon. Ryon O'Neal-ം മകൾ പന്ത്രണ്ടുകാരി Tatum-ം ആണ് പ്രധാന റോളുകളിൽ. കാമുകിയുടെ മരണശേഷം തന്റേതുതന്നെയോ എന്നു സംശയിക്കപ്പെടുന്ന മകളുടെ ഭാരം ഒഴിക്കാൻ ശ്രമിക്കുന്ന അച്ഛനെ അനുഗമിക്കുന്ന മകളുടെ ചിത്രീകരണം ഒന്നാംതരമായിട്ടുണ്ട്. യഥാർത്ഥജീവിതത്തിൽ അച്ഛനും മകളുമാണ് ഈ ഭാഗങ്ങൾ അഭിനയിക്കുന്നതെന്ന വസ്തുത ഫിലിമിനെ ആസ്വാദ്യതരമാക്കുന്നു. അർഹിക്കുന്ന വമ്പിച്ച പ്രചാരം കൈവരുത്തിയിരിക്കയും ചെയ്യുന്നു.

12 കഴിഞ്ഞു മടങ്ങിയപ്പോൾ. ചാററൽമഴയും വലിയ തണുപ്പും. ഹീററർ എന്റെ മുറിയിൽ വെച്ചയുടനെ കുഞ്ഞുങ്ങൾ അവിടെ വന്നു കിടന്നു. രണ്ടുമണിവരെ മെൻകന്റെ ഹാസ്യലേഖനങ്ങൾ വായിച്ചുകൊണ്ടു കിടന്നു. അടുത്ത മുറിയിൽ പാം വാതോരാതെ സംസാരിക്കുന്നതും പാടുന്നതും ചിരിക്കുന്നതും കേൾക്കാമായിരുന്നു. ഉറക്കഭ്രമിണിയായ രാധയെ വധിക്കുകയായിരുന്നിരിക്കണം.

## 1973 ജൂലൈ 22, ഞായർ

പ്രഭാതസവാരി: 7 മണിക്ക് ആകാശം പ്രസന്നമായി. ''നല്ല പ്രകാശം അപ്പൂപ്പാ. നടക്കാൻ പോകാമോ?''—ഗീത. ''അമ്മയും പാമും വലിയ ഉറക്കം. നമുക്കു് ഒരു കുറിപ്പു വച്ചിട്ടു പോകാം."

ആ പ്രദേശത്തു് ഒരു പ്രഭാതസവാരി ആനന്ദപ്രദമായി തോന്നി. കുഞ്ഞുങ്ങളുമൊത്തിറങ്ങി.

രണ്ടു തടിയൻ ജടപ്പൂച്ചകൾ കുറുക്കേ ചാടി. ഇത്ര ഭംഗിയുള്ള മാർജ്ജാരവംശ്യരെ മുമ്പു ഞാൻ കണ്ടിട്ടില്ല. 'കിററിക്കിററക്കിററി' എന്നു വിളിച്ചുകൊണ്ടു കുഞ്ഞുങ്ങൾ അവയുടെ പിന്നാലെ ഓടി. അവ കുററിക്കാട്ടിനുള്ളിലും.

എവിടെ നോക്കിയാലും മരക്കാടുകളും അവയ്ക്കുള്ളിലെ കോട്ടേജുകളും. ഇലപ്പഴുതുകളിൽക്കൂടി ചിതറിവീഴുന്ന കതിരവൻെറ വൈരക്കല്ലുകൾ. കൈപ്പത്തിയിലെ വരകൾപോലെയാണ് റോഡുകളും തിരിവുകളും. തിരിവുകൾതോറും ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്, ഓരോ ഇടറോഡിലും താമസക്കാരുടെ കുടുംബപ്പേരുകൾ. മടക്കവഴി തെററിപ്പോകാതിരിക്കാൻ മുക്കുകൾതോറും നിന്നു് ലക്ഷ്യങ്ങൾ ഉറപ്പിച്ചുകൊണ്ടു നടന്നു.

''ഇതിലേയാണ് ഇന്നലെ ഞങ്ങൾ ബീച്ചിൽനിന്നു പോന്നതു്. ഇതിലേ ഇതിലേ.'' ഗീത മുമ്പേ കേറി നടന്നു.

എല്ലാ വഴികളും ഏകരൂപങ്ങൾ. മിക്ക കോട്ടേജുകൾക്കും ഐകരൂപ്യമുണ്ടു്. അവയ്ക്കു മുന്നിൽ ഒന്നോ രണ്ടോ കാറു് അനുസ്യൂതമായുണ്ടു്. മനുഷ്യരെ മാത്രം കാണുന്നില്ല. എല്ലാം സുഖനിദ്രയിലായിരിക്കണം. അങ്ങിങ്ങു നായ്ക്കുരമാത്രം കേൾക്കാം.

'ബീച്ച്റോഡ്' എന്നൊരു ബോർഡ് കണ്ടപ്പോൾ ''ഇതുതന്നെ വഴി'', ഗീത സോത്സാഹം പറഞ്ഞുകൊണ്ടു മുന്നേറി നടന്നു.

കായൽക്കരയിൽ: രണ്ടു ഫർലാങ് നടന്നപ്പോൾ ഒരു വലിയ കായൽക്കരയിൽ എത്തി. നീലജലാശയം ചെമ്പട്ടണിഞ്ഞു തിളങ്ങുന്നു. ചെറുകല്ലോലാളകമാലകളെ ഇളംകാററുകളുലയ്ക്കുന്ന ആ സുന്ദരിയുടെ മുഖം പ്രശാന്തസുന്ദരമായി വിലസുന്നു.

ചൂണ്ടക്കാർ ആണും പെണ്ണുമായി എട്ടുപത്തുപേർ എത്തീട്ടുണ്ടു്. ധാരാളം മീൻ പിടിക്കുന്നു എട്ടുപത്തുമിനിട്ടു് അവിടെ നോക്കിനിന്നു.

''ഇന്നലെ കണ്ട ബീച്ചല്ല ഇതു്.'' ഞാൻ പറഞ്ഞു.

''അതു് ദേ കാണുന്നു ഇതിലേ നടന്നാൽ അവിടെ എത്തും. എനിക്കു ശരിക്കും വഴിയറിയാം.'' ഗീത പറഞ്ഞു.

''എനിക്കു തല വേദനിക്കുന്നു. നമുക്കു മടങ്ങിപ്പോകാം.'' പ്രീത നടക്കാനിറങ്ങിയ ഗീതയെ തടസ്സപ്പെടുത്തി.

''ഇതാണെളുപ്പവഴി. നമുക്കിതിലേ പോകാം.'' ഗീത നടക്കുകയാണ്. ''വരൂ അപ്പൂപ്പാ.''

''നീ അങ്ങനെ മുമ്പേ പോകരുതു്. നമുക്കു വന്നവഴിയേതന്നെ മടങ്ങാം.''

എൻെറ അഭിപ്രായം വകവയ്ക്കാതെ—പക്ഷേ, കേൾക്കാതെയാകാം—സാഹസികയായ ഗീത അനിയന്ത്രിതയായി ഒരു ഊടുവഴിയേ നടന്നു തുടങ്ങി, മുമ്പ് പാലിസേഡ്സ് ബീച്ചിൽവെച്ചെന്നപോലെ എന്നെ സംഭ്രമിപ്പിച്ചിട്ടു്.

കഴഞ്ഞിയ വഴി: ഞാനും പ്രീതയും പിന്നാലെ പാഞ്ഞപ്പോഠം ഗീതയെ കാണുന്നില്ല. ഏതോ ഒരു മുടക്കുവഴിയേ അവഠം മറഞ്ഞിരിക്കുന്നു. ആദ്യത്തെ തിരിവിലും രണ്ടാമത്തെ തിരിവിലും അവളെ കാണുന്നില്ല. ഒരു രാവണൻകോട്ടയിൽപ്പെട്ടപോലെ തോന്നി. ഒരു ഉയന്ന തടത്തിൽ കേറിനിന്നുകൊണ്ടു് ഞങ്ങഠം മാറിമാറി അത്യുച്ചത്തിൽ 'ഗീതേ ഗീതേ' എന്നു വിളിച്ചു. മറുപടിയില്ല. രണ്ടും കല്പിച്ചു് എങ്ങോട്ടെന്നില്ലാതെ ഞങ്ങഠം നടന്നു.

ആരുടെയെങ്കിലും സഹായം തേടുകതന്നെ.

അടുത്തു കണ്ട ഒരു കോട്ടേജിൻെറ മുററത്തു കയറി പുറംവാതിലിലെ ബെല്ലമത്തി. ഒരു വല്യമ്മ പുറത്തേക്കു വന്നു. ഞാൻ വിഷമം ചുരുക്കത്തിൽ പറഞ്ഞറിയിച്ചു. ഒന്നും മനസ്സിലായില്ലെന്നു തോന്നുന്നു. ഉള്ളിലേക്കു പോയി ഒരു പുരുഷനുമൊത്തു മടങ്ങിവന്നു.

നിങ്ങഠം ഏതു വീട്ടിൽനിന്നു്?

പാം ജോട്ടെറി.

അതെവിടെ?

അറിഞ്ഞുകൂട. ഒരു വിസിററിനു മിനിഞ്ഞാന്നു വന്നതാണു്.

വീട്ടുടമയുടെ പേരു്?

മിസ്സിസ് വെൽസ്.

ഫസ്റ്റ് നെയിം.

അറിഞ്ഞുകൂട.

ഫോൺനമ്പർ?

നോക്കാതെയാണു നടക്കാനിറങ്ങിയതു്.

അവർ ഡയറക്ടറി എടുത്തു നോക്കി. കാണുന്നില്ല.

എന്തു വെൽസ് എന്നറിയാമോ?

സി. വെൽസ് എന്നെനിക്കോമ്മവന്നു.

സി. നോക്കിയപ്പോഠം ചാർൽസ് വെൽസ് എന്നൊരു പേരിൻെറ നമ്പർ കിട്ടി. വിളിച്ചുനോക്കി. ബെല്ലടിക്കുന്നു. എടുക്കുന്നില്ല.

ആ നല്ല മനുഷ്യൻ മുററത്തിറങ്ങി, അയാളുടെ കാറിൽ കേറാൻ നിദ്ദേശിച്ചു.

പെട്ടെന്നു് പരിചിതമായ ഒരു മിനിഫോർഡു് റോഡേ പാഞ്ഞുവരുന്നു. പാമിൻെറ കാർ. ഞാൻ കൈയടിച്ചു വിളിച്ചുകൊണ്ടു് റോഡിലേക്കോടി. പാമും രാധയുമുണ്ടു്. ഞാൻ കാര്യമെല്ലാം അറിയിച്ചു. അവർ ഞങ്ങളുടെ താമസംകാരണം തിരക്കിയിറങ്ങിയിരിക്കയാണു്. കവലകഠംതോറും കാർ നിറുത്തിയിറങ്ങി അത്യുച്ചത്തിൽ 'ഗീതേ, പ്രീതേ' എന്നു കൂവിവിളിച്ചുകൊണ്ടു വരുകയാണു്. ഗീതയെ തെരഞ്ഞുപിടിക്കാൻ ആ വീട്ടുകാർകൂടി സഹായിക്കാമെന്നേററു. തലേനാഠം കുളിക്കാൻ പോയ ബീച്ചിനുനേക്കു കാർ വിട്ടു. സഹായികഠം മറെറാരു വഴിയേയും.

യാതൊരു കലുക്കവുംകൂടാതെ ഉല്ലാസവതിയായി ആ ധിക്കാരിപ്പെണ്ണ് രണ്ടു വശവുമുള്ള കാനനഭംഗികൾ ആസ്വദിച്ചുകൊണ്ടു നടന്നുവരുന്നു. എനിക്കു നല്ലയിർ തിരിച്ചുകിട്ടി. സഹായികളും വന്നുചേർന്നു. എന്റെ ഉൽക്കണ്ഠ ദേഷ്യമായി മാറി. പക്ഷേ, രാധയുടെ ഭാവവും പെരുമാററവും എന്നെ തണുപ്പിച്ചു. അവൾ ശകാരിക്കുകയോ തല്ലുകയോ ചെയ്യുമെന്നാണു ഞാൻ വിചാരിച്ചതു്. അവൾ ഒരക്ഷരം മിണ്ടുന്നില്ല. ഞാൻ അത്ഭുതപ്പെട്ടു. സഹായികൾക്കു നന്ദിപറഞ്ഞിട്ടു ഞങ്ങൾ വീട്ടിലേക്കു മടങ്ങി.

മിസ്സിസ് വെൽസ് വെളിപ്പെടുത്തുന്ന അത്ഭുതസത്യങ്ങൾ: മിസ്സിസ് വെൽസ് ബ്രേക്ഫാസ്റ്റിനു് എത്തീട്ടുണ്ടു്.

പല വിഷയങ്ങളെക്കുറിച്ചും അവർ സംസാരിച്ചു.

കുഞ്ഞുങ്ങൾ പാമിന്റെ ചൂണ്ടയെടുത്തുകൊണ്ടു മീൻപിടിക്കാൻ പോയി.

രാധയും പാമുംകൂടി ഉടൻ വരുന്നേക്കാമെന്നു പറഞ്ഞിട്ടു് പുറത്തേക്കു പോയി.

ഹിന്ദുമതവും യോഗാഭ്യാസവും ചർച്ചാവിഷയമായി.

പുനർജ്ജന്മവാദം യുക്തിയുക്തമാണെന്നു് അവർ മനസ്സിലാക്കിയിരിക്കുന്നു.

അതീന്ദ്രിയയോഗവിദ്യ( Transcendental Yoga )യെക്കുറിച്ചു് ഒരു മഹർഷി മഹേശ്യോഗി നടത്തിയ പ്രസംഗങ്ങൾ അവർ ശ്രദ്ധിച്ചിരിക്കുന്നു. അതു പ്രായോഗികമാക്കാൻ ആഗ്രഹിച്ചിരിക്കയുമാണു്. നേരേ മറിച്ചു് 'അധരാനന്ദൻ' എന്നൊരു യോഗി അനവധി ചെറുപ്പക്കാരെ ശിഷ്യരാക്കി സ്ഥാപിച്ച യോഗവിദ്യാസമ്പ്രദായത്തെ അവർ നിന്ദിക്കയും അധിക്ഷേപിക്കയും ഇന്ത്യാക്കാരോടു വെറുപ്പിനുതന്നെ ചിന്തകരുടെയിടയിൽ അതു കാരണമാക്കിയിട്ടുണ്ടെന്നു പ്രതിപാദിക്കയും ചെയ്തു.

സ്വാഭിപ്രായങ്ങളോടു് അനുകൂലമായ പ്രതികരണം എന്നിൽനിന്നുണ്ടായതു് അവരെ സന്തുഷ്ടയാക്കി. കുടുംബരഹസ്യങ്ങൾ പലതും അവരെന്നോടു തുറന്നു പറഞ്ഞു.

അവരുടെ ഭർത്താവു് പത്തു കൊല്ലത്തിനുമുമ്പു് നിർമോണിയ വന്നു മരിച്ചു. അതിസമർത്ഥനായ എഞ്ചിനീയർ. സ്നേഹസമ്പന്നൻ. അന്നു ജോയ്സു് ഇരുപതു വയസ്സും, പാമിനു പതിനെട്ടും, റെറിക്കു് പതിനഞ്ചും ആയിരുന്നതേയുള്ളു.

അപ്പോൾ പാമിനു് ഇപ്പോൾ ഇരുപത്തെട്ടു വയസ്സായോ?

ഇരുപത്തെട്ടു കഴിഞ്ഞു. ഇരുപത്തൊൻപതു് അടുത്തിരിക്കുന്നു.

പതിനേഴപതിനെട്ടിൽ കൂടുതൽ ഞാൻ മതിച്ചിരുന്നില്ല.

അവളുടെ ദേഹപ്രകൃതം വിശേഷപ്പെട്ടതാണു്. മനഃപ്രകൃതം പോലെതന്നെ. ഒരു മനുഷ്യരോടും ഇണങ്ങാത്ത സ്വഭാവം. സദാ ഓരോ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കും. ഇപ്പോൾത്തന്നെ യാതൊരാവശ്യവുമില്ലാതെയാണു് ഇവൾ ആഴ്ചയിൽ രണ്ടുപ്രാവശ്യം

ഒരു സൈക്കിയാട്രിസ്റ്റിനെ കണ്ടുകൊണ്ടിരിക്കുന്നതു്. എത്ര ഉപദേശിച്ചാലും അനുസരിക്കയില്ല.

എന്തിലേക്കാ സൈക്കിയാട്രിസ്റ്റിനെ കാണുന്നതു്?

അവളുടെ വിശ്വാസം അവൾക്കെന്തോ മാനസികരോഗമുണ്ടെന്നാണു്. വെറും വിചാരം. അത്രയുള്ളു. അതിലേക്കു മനുഷ്യരുടെ പണം പിടുങ്ങാൻ സമർത്ഥരായ സൈക്കിയാട്രിസ്റ്റ് എന്നൊരു കൂട്ടം ഡോക്ടർമാർ ന്യൂയോക്കിലുണ്ടു്. ഓരോ സിററിങ്ങിനും മുപ്പതും നാല്പതും ഡോളറാണു ചാർജ്ജ്. കഴുത്തറപ്പന്മാർ! ഇവൾ ശുദ്ധ പാവവും മടയിയുമാണു്. അവരുടെ വലയിൽ കുടുങ്ങി ശമ്പളപ്പണം മുഴക്കേ തുലച്ചുകൊണ്ടിരിക്കയാണു്. എല്ലാ ഉപദേശങ്ങളും അവൾ കാററിൽ പറത്തിക്കളയുന്നു.

ഞാൻ അത്ഭുതത്തോടെ വാ തുറന്നു കേട്ടുകൊണ്ടിരിക്കയായിരുന്നു. അയ്യോ പാമേ! പാവമേ! ഇതാണോ നിൻെറ നില?

ഇതൊന്നും ഞാൻ പറഞ്ഞതായി അവളറിയരുതേ.

ഞാൻ തീർച്ചയായും പറയുകയില്ല.

രാധ ഇക്കാര്യമൊന്നും പറഞ്ഞിട്ടില്ലേ?

ഒന്നു സൂചിപ്പിക്കപോലും ചെയ്തിട്ടില്ല!

രാധയ്ക്കു് അവളെ നല്ലപോലറിയാം.

ശരിയാണു്.

രാധയുടെ സൗഹൃദത്തിൻെറയും ഹൃദയാലുത്വത്തിൻെറയും മേന്മ എന്നെ അത്ഭുതാധീനനാക്കി.

രാധയും പാമുംകൂടി ചന്തയിൽ പോയിരിക്കയായിരുന്നു. ബാഗുകളുമായി കിലുകിലേ സംസാരിച്ചുകൊണ്ടു് അവർ വന്നുകേറിയതും ആയമ്മ കണ്ണിറുക്കിക്കാട്ടിയിട്ടു് സംഭാഷണവിഷയം പുനർജ്ജന്മത്തെപ്പററിയാക്കിയതും ഒന്നിച്ചായിരുന്നു.

''അപ്പോൾ ബാല്യകാലം തുടങ്ങി മനുഷ്യരിൽ കാണുന്ന വാസനകൾ കഴിഞ്ഞ ജന്മത്തേതുതന്നെയായിരിക്കണം.''

''പല ജന്മങ്ങളുടേതാകാം. ഒരു നീണ്ട തുടർക്കഥപോലെ.''

''കഴിഞ്ഞ ലക്കങ്ങളുടെ ബാക്കി പുതിയ ലക്കത്തിൽ, അല്ലേ?''

''ജീവിതവൈചിത്ര്യത്തിനും ജന്മസിദ്ധമായ സ്വഭാവവിശേഷങ്ങൾക്കും സംഗീതാദിവാസനകൾക്കും മററും വേറൊരു യുക്തിയുക്തമായ വ്യാഖ്യാനവും കാണുന്നില്ല.''

ഈ ക്രമത്തിൽ ഞങ്ങൾ സംഭാഷണം തുടർന്നു.

തല ആകപ്പാടെ തകിടം മറിഞ്ഞു. തകിടംമറിഞ്ഞ തല.

പുസ്തകങ്ങൾ ചിലതൊക്കെ എടുത്തു മറിച്ചുനോക്കി. ഏകാഗ്രത കിട്ടുന്നില്ല.

ചിന്തകൾ ചിന്തകൾ! ആദിയും അന്തവുമററ തിരമാലകൾ. ഏതു ഹ്രദത്തിൽനിന്നു് ഇളകിമറിഞ്ഞുവരുന്നോ?

വഞ്ചിയുടെ മൂലയിലെങ്ങാണ്ടൊരു പോത്ത്. വെള്ളം എങ്ങു നിന്നോ തള്ളിയുന്തിക്കേറുന്നു. താണുതാണുപോകുന്നു പാതാളത്തിലേക്ക്.

വെള്ളം വററുമ്പോൾ ചെളിയിൽ കിടന്നു പിടയ്ക്കുന്ന മീൻ കുഞ്ഞിനെപ്പോലായി ഹൃദയം.

പരിപാടികൾ മാററുന്നു: ലഞ്ചുകഴിഞ്ഞ് ബോട്ടിൽ ഉല്ലാസയാത്രയ്ക്കാണു പ്ലാനിട്ടിരുന്നത്. പക്ഷേ, ഒന്നും വിചാരിക്കുംപോലല്ലല്ലോ നടക്കാറ്.

ഉച്ചയായപ്പോൾ പ്രീതയ്ക്കു തലവേദന കൂടി. ടെമ്പറേച്ചർ 102°. രാധയ്ക്കു വലിയ വിഷമം. അമ്മയുടെ നിർദ്ദേശപ്രകാരം സിററിയിൽ ഡോക്ടറുടെ അടുത്തേക്കു കൊണ്ടുപോയി. നല്ലപോലെ പരിശോധിച്ചു. നിമോണിയയും മററുമില്ലെന്നു സമാധാനിപ്പിച്ചു. അന്നു പൂർണ്ണവിശ്രമം വേണം. മരുന്നു കുറിച്ചുതന്നു. പരിശോധനാഫീസ് മിനിമമായ 15 ഡോളറേ ചാർജ്ജ് ചെയ്തുള്ളു. ഇന്ത്യാക്കാർ എന്ന സൗമനസ്യം. കുടുംബഡോക്ടറുടെ സൗജന്യം. പിന്നെ അയാളൊരു നല്ല മനുഷ്യനും. എങ്കിലും കുഞ്ഞിന്റെ പനി നോക്കിയതിനു 15 ഡോളറിന്റെ ബില്ല്! മാററവില ഞാൻ പലപ്പോഴും നോക്കിപ്പോകുന്നു. ഏകദേശം 115 രൂപ. ഒരു പനി പരിശോധിച്ചതിനു് ഇത്രയായാൽ! മരുന്നിനു രണ്ടു ഡോളറേ ആയുള്ളു. എന്തൊരു ജീവിതച്ചെലവ്!

പ്രീത സന്മനസ്സോടുകൂടി ഞങ്ങൾ ഉല്ലാസയാത്ര പൊയ്ക്കൊള്ളാൻ അനുവദിച്ചു. അവൾ അനങ്ങാതെ കിടന്നുകൊള്ളാം. പക്ഷേ, രാധ വരുകയില്ല. ഗീത ഉത്സാഹം പ്രകടിപ്പിച്ചു, പാമും ഞാനു മൊത്തു പോകാമെന്ന്. പാം മൗനം. ഞാൻ നിരുത്സാഹി. നാളെ പററുമെങ്കിൽ പോകാമെന്നു പരിപാടി മാററി.

ജോൺസ് കണക്ടിക്കട്ടിൽനിന്നു വിളിച്ചു. ക്ഷമാപണപൂർവ്വം ക്ഷണം നിരസിച്ചു.

ആകെ മ്ലാനമായി സായാഹ്നം കഴിഞ്ഞു.

## 1973 ജൂലൈ 23, തിങ്കൾ

മടക്കയാത്രാരംഭം: പ്രീതയ്ക്കു പനി വിട്ടു.

രാധയ്ക്ക് അന്നുതന്നെ മടങ്ങണം. അവധി തീരുന്നു.

വഴിയിൽ കാണേണ്ട പ്രധാന സ്ഥലങ്ങളുണ്ട്. അതുകൊണ്ട് 10 മണിക്കു തിരിക്കാൻ തീരുമാനിച്ചു. ഉച്ചയ്ക്കു ലഞ്ചിനു വേണ്ടതെല്ലാം കരുതി. കുറെ സ്നാപ്പുകൾ എടുത്തു.

എന്താ ഒരു വല്ലായ്മ? പാമിന്റെ അന്വേഷണം.

ഒരു വല്ലായ്മയുമില്ല.

പ്രീതയ്ക്ക് അസുഖം വന്നതുകൊണ്ടാണോ?

അവളുടെ അസുഖം മാറിയല്ലോ.

ബാരയെപ്പററി ചിന്തിക്കുകയായിരിക്കാം?

ഞാൻ പൊട്ടിച്ചിരിച്ചു.

ജീയുമായി എനിക്കു ചിലതൊക്കെ സംസാരിക്കാനുണ്ടായിരുന്നു, ചില രഹസ്യസംഗതികൾ.

പിന്നെന്താ സംസാരിക്കാഞ്ഞതു്?

ഒന്നിനും പററിയ അവസരം കിട്ടിയിട്ടില്ല. ബാക്കി വെക്കേഷൻ മുഴുക്കെ ഞാനെൻെറ ഹോഹോക്കസ് ലോഡ്ജിൽത്തന്നെ കഴിക്കണമെന്നു വിചാരിക്കുന്നു.

അപ്പോഴാകാമല്ലോ എല്ലാം.

തീർച്ചയായും.

ഹാർദ്ദമായ വിടവാങ്ങൽ. അമ്മ വികാരാവേശത്തോടെ അനുഗ്രഹാശംസ്സകൾ നല്കി.

ചെസ്റ്റർവുഡ്: ഒരു സംരക്ഷിത കലാസ്ഥാപനം.

പരിത്രപ്രധാനമായ ഒരു സംരക്ഷിതകലാസ്ഥാപനം—ചെസ്റ്റർവുഡ്—50 മൈൽ അകലെയുണ്ടു്, 183-ാം റൂട്ടിൽ. അങ്ങോട്ടേക്കാണു് ആദ്യം വിട്ടതു്.

തിരക്കു കുറഞ്ഞ റോഡ്. രണ്ടുവശവും ഫലപുഷ്പമായ പാടശേഖരങ്ങൾക്കിടയിൽ അങ്ങിങ്ങു ചെറിയ വീടുകൾ. മുക്കാൽ മണിക്കൂർ കഴിഞ്ഞപ്പോൾ പൊങ്ങിയ മതിൽക്കെട്ടുള്ള സുവിസ്തൃതമായ ഒരു തോപ്പിൻെറ മുമ്പിലെത്തി. മനോഹരമായ ഗേററ്. അമ്പതുവാര അകലെ പുകക്കുഴലോടുകൂടിയ പ്രാചീനമാതൃകയിലുള്ള രണ്ടുനില മന്ദിരം—ചെസ്റ്റർ ഫ്രഞ്ച് (Daniel Chester French, 1850—1931) എന്ന വിശ്വപ്രശസ്തശില്പി സമ്മർഭവനമായി നിർമ്മിച്ചു് 60 കൊല്ലം വാസസ്ഥാനവും സ്ററുഡിയോയുമായി ഉപയോഗിച്ച മനോഹരസദനം—ഇന്നു് National Trust for Historic Preservation in the U. S. A. സുരക്ഷിതമാക്കിയിട്ടുള്ള സ്മാരകകേന്ദ്രം. 150 ഏക്കർ വിസ്തൃതമായ തോപ്പിൻെറ പശ്ചാത്തലം ആകർഷകത വർദ്ധിപ്പിക്കുന്നു. പ്രായമായവർക്കു് ഒരു ഡോളറും കുട്ടികൾക്കു കാൽ ഡോളറും ഫീ സുകൊടുത്തു് അകത്തു കയറി.

ട്രസ്റ്റിൻെറ വകയായി 11 കേന്ദ്രങ്ങളുള്ളതിൽ അപ്രധാനമല്ലാത്ത ഒന്നാണു് ചെസ്റ്റർവുഡ്.

മുപ്പതു് അടി പൊക്കമുള്ള വാതിലോടുകൂടിയ, സമചതുരവശങ്ങളുള്ള സ്ററുഡിയോ ശ്രദ്ധയെ ആകർഷിക്കുന്നു. അമേരിക്കൻ വിപ്ലവത്തിൻെറ പ്രാരംഭവിജയരംഗമായിരുന്ന കോൺകോഡ് (Concord) പാലത്തിൽ സ്ഥാപിക്കാൻ നിർമ്മിച്ച 'The Minute Man' എന്ന വിശ്വവിഖ്യാതമായ പ്രതിമയുടെയും വാഷിങ്ടൺ ഡി സി. യിലെ ലിങ്കൺ സ്മാരകമന്ദിരത്തിൽ സ്ഥാപിച്ചിട്ടുള്ള ഇരുപതു് അടി പൊക്കമുള്ള ഇരിക്കുന്ന ലിങ്കൺെറ മാർബിൾ പ്രതിമയുടെയും നിർമ്മിതി ഇവിടെവെച്ചാണു നടന്നതു്. മുപ്പതു് അടി പൊക്കമുള്ള വാതിലിൽക്കൂടി ഇവയെ പുറത്തിറക്കി വെയിലിൽ നിറുത്തി

പരിശോധിച്ച മിനുക്കപ്പണികൾ നടത്താൻ ഫ്രഞ്ച് ഉപയോഗിച്ചിരുന്ന റയിൽപാളം വാതിലിനു മുമ്പിൽ 50 കൊല്ലത്തിനുശേഷവും അങ്ങനെതന്നെ കിടക്കുന്നു.

സ്റ്റുഡിയോയുടെ അകം ട്രസ്റ്റുകാർ അത്യാകർഷകമാക്കിയിട്ടുണ്ട്. ഫ്രഞ്ചിൻെറ Alma Mater തുടങ്ങിയ എല്ലാ പ്രധാന കൊത്തുപണികളുടെയും മോഡലുകൾ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രശസ്ത അമേരിക്കൻ ശില്പികളായ ബാൾ (Thomas Ball), ലോങ്മാൻ (Evelyn, Longman) തുടങ്ങിയവരുടെ ശില്പമോഡലുകളും പ്രദർശിപ്പിച്ചിരിക്കുന്നു. ഫ്രഞ്ചിൻെറ പണിക്കോപ്പുകളെല്ലാം അമൂല്യവസ്തുക്കളായി സൂക്ഷിച്ചിട്ടുള്ളതു കാണാം.

ഓരോ ശില്പത്തിലും പ്രകടിതമായ വൈദഗ്ധ്യം ആസ്വദിച്ച് ഒന്നൊന്നര മണിക്കൂർ നീങ്ങിയതു് അറിഞ്ഞില്ല.

പുറത്തുള്ള സുന്ദരവനം ഹൃദയഹാരിയാണ്. അല്പം ചുററിനടന്നു സുഖിച്ചു. ഒരററത്തു് ഒരു പ്രദർശനഗ്യാലറി (Barn Gallery) ഉണ്ട്. പ്രശസ്തമായ അമേരിക്കൻ കൊത്തുപണികളും ചിത്രങ്ങളും അവിടെ പ്രദർശിപ്പിച്ചിരിക്കുന്നു.

കലകൾക്കും കലാകാരന്മാർക്കും അമേരിക്ക നല്കുന്ന സമുന്നതമായ സ്ഥാനവും പ്രോത്സാഹനവും എത്രയും പ്രശംസാവഹമാണെന്നു് ഈ സ്ഥാപനം സുവ്യക്തമാക്കുന്നു.

അവിടെ കഴിച്ചുകൂട്ടിയ രണ്ടര മണിക്കൂറും അവിസ്മരണീയമാണ്.

സുന്ദരവനമദ്ധ്യത്തിലിരുന്നു് ലഞ്ചു കഴിച്ചു.

''ആണ്ടിൽ ആറുമാസം ഞാനിവിടെ ഈ സമ്മർവനത്തിൽ താമസിക്കുന്നു—സ്വർഗ്ഗത്തു്. ബാക്കി ആറു മാസവും—അതേ—ന്യൂയോക്കിലും,'' എന്നു് ഫ്രഞ്ച് ഒരു സന്ദർശകനോടു പറഞ്ഞിരുന്നു, എന്നു് പാം പ്രസ്താവിച്ചു.

അവിടെനിന്നു് ഞങ്ങൾ ഹാങ്കോക്ക് (Hancock) എന്ന പ്രദേശത്തുള്ള പ്രശസ്തമായ ഷേക്കർ(Shaker) ഗ്രാമത്തിലേക്കു പോയി.

ഹാങ്കോക്ക് ഷേക്കർ ഗ്രാമത്തിലേക്ക്: മോട്ടോർവാഹനഗതാഗതവും റോഡ് ട്രാൻസ്പോർട്ടേഷനും യു എസ് എ.-യിൽ മററെങ്ങുമില്ലാത്ത ബാഹുല്യത്തോടുകൂടിയവയാണ്. ഓരോ പ്രദേശത്തേക്കും പോകാൻ ഇന്നിന്ന റൂട്ട് നമ്പർ സ്വീകരിക്കണമെന്നു നിർദ്ദേശങ്ങളുണ്ട്. എല്ലാ പെട്രോൾപമ്പുകളിലും റൂട്ടുകൾ അടയാളപ്പെടുത്തിയിട്ടുള്ള മാപ്പുകൾ ഫ്രീയായി വിതരണം ചെയ്യപ്പെടുന്നു. മാപ്പു നോക്കി യാത്രചെയ്തില്ലെങ്കിൽ വഴി തെററിപ്പോകാനാണെളുപ്പം. എല്ലാ റോഡുകളിലും റൂട്ട് നമ്പറിട്ട ബോർഡുകൾ കാണാം. ഒരു റൂട്ട് പിശകിയാൽ നൂറും ഇരുനൂറും മൈൽ ദൂരം തെററി നീങ്ങിപ്പോകാനിടയാകും. ഹാങ്കോക്ക് പട്ടണത്തിലേക്കു റൂട്ട് 43-ൽ പോകണം എന്നു മാപ്പിൽ കണ്ടു. സഞ്ചരിച്ചിരുന്ന 183-ാംറൂട്ടിൽനിന്നു്

എങ്ങനെയോ വളഞ്ഞുതിരിഞ്ഞ് 43-ൽ എത്തി. കുറേ ദൂരം പോയപ്പോൾ പച്ചമല പശ്ചാത്തലമുള്ള ചേതോഹരമായ ഒരു പട്ടണം കണ്ടു—ഹാങ്കോക്ക് മലവാരത്തിലുള്ള നഗരസംവിധാനം നേത്രസാഫല്യം നല്കാൻ പര്യാപ്തമാണ്. അന്വേഷണത്തിൽ അറിഞ്ഞതു് ഹാങ്കോക്ക് ഷേക്കർ ഗ്രാമം അക്കാണുന്ന മലയ്ക്കപ്പുറമാണെന്നും ചുറ്റിക്കറങ്ങി റൂട്ട് 7-ൽ ഇറങ്ങി തെക്കോട്ടു പോകണമെന്നുമാണ്. പിന്നെയും അരമണിക്കൂർ സഞ്ചരിക്കേണ്ടിവന്നു ഷേക്കർ ഗ്രാമത്തിലെത്താൻ.

ഷേക്കർ ഗ്രാമം: വിശ്വപ്രസിദ്ധമായ ക്വേക്കർപ്രസ്ഥാനത്തിന്റെ ഒരു ഉപശാഖയായി മദർ ആൻ ലീ (Mother Ann Lee) എന്ന ഇംഗ്ലീഷുകാരി 1780-ൽ സ്ഥാപിച്ച ഷേക്കർ (Shaker) പ്രസ്ഥാനത്തിന്റെ യു. എസ്. എ യിലുള്ള 18 കേന്ദ്രങ്ങളിൽ പ്രധാനമാണ് ഹാങ്കോക്ക് ഷേക്കർ ഗ്രാമം.

ക്രിസ്തുരാജ്യം ഭൂമിയിൽ പുനരാവിഷ്കൃതമായിരിക്കയാണെന്നുള്ള ദൃഢവിശ്വാസത്തിൽ അധിഷ്ഠിതമാണ് ഷേക്കർമാരുടെ തത്വസംഹിത. മദർ ആൻ വഴിയാണ് ഈ ക്രിസ്തുരാജ്യപുനരാഗമനം. ലൗകികരിൽനിന്ന് അകന്നു താമസിക്കുക, സ്വത്തുക്കൾ പൊതു ഉടമയിൽ വയ്ക്കുക, പാപങ്ങൾ ഏറ്റുപറയുക, ബ്രഹ്മചര്യം അനുഷ്ഠിക്കുക—എന്നിവയാണ് ഇവരുടെ മൗലികമായ ആചാരങ്ങൾ. സ്ത്രീപുരുഷസമത്വം ആവശ്യമാണ്. പക്ഷേ, ബ്രഹ്മചര്യനിഷ്ഠയ്ക്കുവേണ്ടി അവർ പ്രത്യേകഭവനങ്ങളിൽ താമസിക്കണം. മാനുഷികമായ ചിന്തകളിലും പ്രവർത്തനങ്ങളിലും മതത്തിനും ദൈവവിശ്വാസത്തിനും പ്രാഥമ്യം നല്കണമെന്നും അവർ ശഠിച്ചിരുന്നു.

ഇതൊക്കെ കേട്ടപ്പോൾ ഒരു മൊണാസ്ട്രിയിൽ പ്രവേശിക്കാനും സന്യാസികളുടെയും കന്യാസ്ത്രീകളുടേയും ജീവിതരീതി കാണാനും പോകുകയാണെന്നു ഞാൻ കരുതി.

ആകർഷകമായ ഒരു തോപ്പ്. ആയിരത്തിൽപ്പരം ഏക്കറാണു വിസ്തൃതി. പല സൈസിലും പല ആകൃതിയിലുമുള്ള ഇരുപതോളം എടുപ്പുകൾ ഒറ്റൊറ്റകലെയായി കാണപ്പെടുന്നു. നല്ല ഈടും പഴക്കവുമുള്ള വലിയ വീടുകളാണു മിക്കതും. നിഴൽപരത്തി നില്ക്കുന്ന വൻമരങ്ങളും. കായ്കൾ നിറഞ്ഞു നമ്രമായ ഫലവൃക്ഷങ്ങളും തഴച്ചു കൊഴുത്ത പച്ചക്കറിത്തോട്ടങ്ങളും ഇടയ്ക്കിടയ്ക്കുണ്ട്. വരാന്തയോടുകൂടിയ ഓഫീസ്മന്ദിരത്തിൽ ഞങ്ങൾ കയറി. ഒരു പുസ്തകശാല, റസ്റ്ററന്റ്, ഇൻഫർമേഷൻ ബ്യൂറോ, വിശ്രമസ്ഥലം—എല്ലാം സുസജ്ജം. ലഘുലേഖകൾ തന്നു. പ്രായമായവക്ക് ഒന്നര ഡോളറും കുട്ടികൾക്ക് അരഡോളറും പ്രവേശനഫീസ് നല്കിയപ്പോൾ ഹൃദ്യമായ സ്വീകരണവും.

1830-ൽ Church Families എന്നറിയപ്പെടുന്ന 6 കുടുംബങ്ങൾ—300 സ്ത്രീപുരുഷാംഗങ്ങൾ ഉൾപ്പെട്ടതു്—ഹാങ്കോക്ക് ഗ്രാമത്തി

ലുണ്ടായിരുന്നു. കൃഷി, കന്നുകാലിവളർത്തൽ, പലവിധം കുടുംബ വ്യവസായങ്ങൾ തുടങ്ങിയ പരിശ്രമങ്ങൾകൊണ്ടു സ്വയംപര്യാപ്തമായി കഴിയാൻ അവർ നടത്തിയ സംരംഭങ്ങളുടെ അവശിഷ്ടങ്ങളാണ് ഇന്നവിടെ സംരക്ഷണം ചെയ്യപ്പെട്ടിരിക്കുന്നതു്.

ഓരോ പ്രത്യേക സ്ഥാപനങ്ങളും ഞങ്ങൾ ചുററിനടന്നു നോക്കി. ഒരു ആദർശഗ്രാമം സ്വയംപര്യാപ്തമായി എങ്ങനെ നടത്താനൊക്കുമെന്നു തെളിയിക്കുന്ന ഓരോ ഏടുപ്പും.

"ഏകദേശം മധുരയിലെ ഗാന്ധിഗ്രാമംപോലിരിക്കുന്നു, പല സംഗതിയിലും,'' രാധ പറഞ്ഞു.

ഗാന്ധിഗ്രാമിലെ കാര്യങ്ങൾ പാം ആരാഞ്ഞു. മൂന്നുകൊല്ലം അവിടത്തെ കോളേജിൽ ലക്ചററായിരുന്ന രാധയ്ക്കു വിശദവിവരങ്ങൾ നല്കാൻ കഴിഞ്ഞു.

ഗാർഡൻ ഹൗസ്, ലൈബ്രറി, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകമായുള്ള ഷോപ്പുകൾ (Brethrens' shop, Sister's shop) കുളിക്കാനും അലക്കാനും വേണ്ടിയുള്ള കെട്ടിടം, ചെരിപ്പുണ്ടാക്കാനും ടാൻ ചെയ്യാനുമുള്ള Tan House, ഐസുണ്ടാക്കാനും ശേഖരിക്കാനും വേണ്ടിയുള്ള Ice House, വൃത്താകാരത്തിൽ 52 കാലികൾക്കു സസുഖം ജീവിക്കത്തക്ക സൗകര്യങ്ങളുള്ളതും നടുക്കൊരു വലിയ വൈക്കോൽപ്പന്തലുള്ളതുമായ രണ്ടുനില മാതൃകാത്തൊഴുത്തു്, ഗറാഷ്, മീററിങ്ങ്ഹൗസ്—ഇത്യാദി 19 ഏടുപ്പുകളാണ് അവിടുള്ളതു്. ഓരോന്നിന്റെയും പ്രവർത്തനരീതി എങ്ങനെയായിരുന്നു എന്നു വിവരിച്ചുതരുന്നതിനു ഗൈഡുകളെ നിയമിച്ചിട്ടുണ്ടു്. ഏതേതുകാലത്തു് അവ നിർമ്മിച്ചു എന്നും എങ്ങനെയാണ് ഷേക്കർ കുടുംബാംഗങ്ങൾ ഓരോ പ്രവർത്തനവും നിർവ്വഹിച്ചിരുന്നതു് എന്നും അവർ വിവരിച്ചു തന്നു.

ഷേക്കർ കുടുംബാംഗങ്ങൾ ഇപ്പോൾ അവിടെ ആരെങ്കിലുമുണ്ടോ?

ഇല്ല. 19-ാംശതകത്തിന്റെ അന്ത്യഘട്ടമായതോടുകൂടി അവരുടെ സംഖ്യ ക്രമേണ കുറഞ്ഞുവന്നു.

കാരണം?

വ്യാവസായികപരിവർത്തനം വരുത്തിയ സാമുദായികമാററങ്ങൾതന്നെ പ്രധാന കാരണം.

മതവിശ്വാസങ്ങൾക്കും ഉലച്ചിൽ തട്ടിയിരിക്കാം?

പാടില്ലാതില്ല. ചിരിച്ചുകൊണ്ടു് യുവാവായ ഗൈഡ് പറഞ്ഞു.

എപ്പോഴാണ് അവസാനമായി അവരിവിടം വിട്ടതു്?

അവസാനത്തെ രണ്ടു ഹാങ്കോക്ക് ഷേക്കർമാർ 1960-ൽ ഇവിടംവിട്ടു പോയി. അതോടുകൂടിയാണ് ഇന്നത്തെ സ്മാരകസംഘടന ഇതിനെ ഏറെറടുത്തതും ഇവിടെ 175 കൊല്ലക്കാലം നിലനിന്നി

രുന്ന ശാന്തസുന്ദരമായ ജീവിതരീതി എന്നെന്നേക്കും സ്മരണീയമാക്കിത്തീക്കാൻ വേണ്ട ഏപ്പാടുകരം ചെയ്യുന്നു.

ഇതെല്ലാം നടത്തിക്കുന്നതിനു ഗ്രാൻേറാ മററു ധനസഹായങ്ങളോ ലഭിക്കുന്നുണ്ടോ?

ആയിരത്തിൽപ്പരം ഏക്കർ വിസ്തൃതമായ തോട്ടങ്ങളിലും പാടങ്ങളിലുംനിന്നു നല്ലൊരാദായം ലഭിക്കുന്നുണ്ട്. ആണ്ടുതോറും ഒരാഴ്ച നീണ്ടുനില്ക്കുന്ന ഒരു Shaker Kitchen Festival ആഗസ്റ്റ് 6 മുതൽ നടത്തിവരുന്നു അനേകായിരം അതിഥികളാണ് അതിൽ പങ്കുകൊള്ളാറു്. സദ്യവട്ടങ്ങളും ഉത്സവപരിപാടികളും പ്രദശ്നങ്ങളും കച്ചവടങ്ങളും നാനാഭാഗങ്ങളിൽനിന്നും കാഴ്ചക്കാരെ ആകഷിക്കാറുണ്ട്. നേരത്തെ ബുക്കുചെയ്താൽ താമസസൗകയ്യങ്ങളും കുറഞ്ഞ റേററിൽ സദ്യകളും ആക്കും ലഭിക്കുന്നതാണ്.

വിശിഷ്ടസ്മാരകങ്ങളെ എത്രമാത്രം അഭിമാനത്തോടും ആദരവോടുംകൂടിയാണ് അമേരിക്കക്കാർ സംരക്ഷിക്കുന്നതു്! എന്തുമാത്രം അഹിക്കുന്ന പ്രചരണം അവയുടെ പേരിൽ നടത്തിക്കൊണ്ടിരിക്കുന്നു!

സന്ധ്യയായി ന്യൂജേർസിയിലെത്തിയപ്പോരം. വഴിക്കു് ഒരു Self Serving Diner-ൽ കയറി.

Self Serving Diner: വട്ടമേശകളും ചുററിനും കസേരകളും നിരത്തിയിട്ടുള്ള രണ്ടു വലിയ ഹാരം. പലഹാരങ്ങളും പഴങ്ങളും ഡ്രിങ്കുകളും മററും കണ്ണാടിഷെൽഫുകളിൽ സുരക്ഷിതം. ഒരു മേശപ്പുറത്തു് പേപ്പർപ്ലേററുകളും കപ്പുകളും അടുക്കിവെച്ചിട്ടുണ്ട്. ഓരോ പ്ലേററ് എടുത്തുകൊണ്ടു്, ഷെൽഫുകരംതോറും നടന്നു്, ആവശ്യമുള്ളതൊക്കെ തെരഞ്ഞെടുത്തു പ്ലേററിൽ നിറച്ചുകൊണ്ടു്, കൗണ്ടറിലേക്കു ചെല്ലണം. ക്യൂ എല്ലായിടത്തും പാലിച്ചേ തീരൂ. വില കൊടുത്തുകഴിഞ്ഞാൽ സുഖശീതളമായ ഹാളിനുള്ളിലേക്കു കടക്കാം. അവിടെ നൂറു നൂററമ്പതുപേർ തരംപോലെ ഇരുന്നോ നിന്നോ ഭക്ഷണം കഴിക്കുന്നതിനിടയിൽ സ്ഥാനംപിടിക്കാം. വേണ്ടതു കഴിക്കാം. അവശിഷ്ടങ്ങരം ട്രാഷ്ബിന്നിൽ എറിയാം. ലിക്വർ വേണമെങ്കിൽ പ്രത്യേകം ഓർഡർചെയ്യാം. പുകവലിക്കണമെങ്കിൽ അടുത്തൊരു ചെറിയ മുറിയുണ്ട്. എല്ലാം കഴിഞ്ഞു പുറത്തേക്കിറങ്ങാനുള്ള വഴിയേ സ്ഥലംവിടാം.

സുഖകരമായ നല്ലൊരേപ്പാടായി തോന്നി.

8.30 ആയിരുന്നു വീട്ടിലെത്തിയപ്പോരം.

എല്ലാവരും ക്ഷീണിച്ചിരുന്നു. അടുത്തുതന്നെ കണ്ടുകൊള്ളാമെന്നു പറഞ്ഞു് പാം യാത്രയായി.

## 1973 ജൂലൈ 24, ചൊവ്വാഴ്ച

രാവിലെ രണ്ട പുതിയ തടങ്ങളെടുത്തു് ചീര ഇളക്കി നട്ടു.

പിന്നെ വീടിന്റെ മുൻവശം പെയിൻറുചെയ്തു.

അടുത്ത വീട്ടിലെ കുട്ടികൾ കളിക്കാൻ വന്നു, പിൻപോണ്ടും കാരംസും.

ലഞ്ച് കഴിഞ്ഞു വിശ്രമിച്ചു.

വീട്ടിലേക്ക കത്തുകൾ എഴുതി.

പാമിനെ ഫോണിൽ വിളിച്ചു. കിട്ടിയില്ല.

''പാം ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും ഡോക്ടറെ കാണാൻ ന്യൂയോർക്കിലേക്ക പോകും,'' ഗീത പറഞ്ഞു.

''എന്താ സുഖക്കേട്?''

''അറിഞ്ഞുകൂട. അമ്മയോടു പറയാറുണ്ട്. നാം ചോദിക്കുന്നതു് ഇംപൊളൈററാ (impolite).''

വൈകുന്നേരം നടക്കാനിറങ്ങി, രാധയ്ക്കു കുറിപ്പെഴുതിവച്ചിട്ട്. പോസ്റ്റാഫീസിൽ ലറ്ററിടാനും പോകണം. ഗീതയ്ക്കു വഴിയറിയാം. അവരു മുമ്പൊരിക്കൽ അച്ഛനുമൊന്നിച്ചു പോയിട്ടുണ്ട്. എമ്മായുടെ വീടുവഴി പോകാൻ—അതാണു നേർവഴിയെങ്കിലും—കുട്ടികൾ സമ്മതിച്ചില്ല. വാഹനഗതാഗതം കൂടിയവയും കുറഞ്ഞവയുമായ പല തെരുവുകളിൽക്കൂടി ഞങ്ങൾ നടന്നു. രണ്ടു മൈലിൽക്കൂടുതൽ നടന്നു. പോസ്റ്റാഫീസ് കാണുന്നില്ല. ഒരു വീട്ടിൽ കേറി ബെല്ലടിച്ചു ചോദിച്ചുനോക്കി. വഴി തെററിപ്പോയി. ഒന്നരമൈൽ പടിഞ്ഞാറു മാറിയാണ്. കൂടുതൽ വിഷമത്തിനിടയാകാതെ മടക്കയാത്ര ആരംഭിച്ചു, സന്ധ്യ അടുത്തതുകൊണ്ട്.

ഉപേക്ഷിതസാധനങ്ങൾ: ഞങ്ങളുടെ വീട്ടിനപ്പുറത്തു് നൂറുവാര അകലെയുള്ള ഒരു വലിയ ഭവനത്തിനു മുമ്പിൽ റോഡിറമ്പിൽ ഭംഗിയുള്ള ഒരു കുഷൻസെററിയും രണ്ടു കുഷൻ കസേരകളും കൊണ്ടിട്ടിരിക്കുന്നു.

''ഇതെന്തിനാ ഇവിടെയിപ്പോൾ?''

''ഇവർ മുട്ടൻ പണക്കാരാ,'' ഗീത പറഞ്ഞു: ''കസേരകളും മററും പഴകുമ്പോൾ നന്നാക്കാനും പെയിൻറുചെയ്യാനും മററും മടിച്ച് ഇവർ പുറത്തു വലിച്ചെറിഞ്ഞുകളയും. ബുധനാഴ്ചതോറും രാവിലെ ട്രിഷ്‌ലോറി വരുമ്പോൾ പുറന്തള്ളിയിട്ടുള്ള ഇമ്മാതിരി സാധനങ്ങളൊക്കെ അവർ പെറുക്കിയിട്ടു കൊണ്ടുപോകും.''

''ഇവ വളരെ വിലകൂടിയ സാധനങ്ങളല്ലേ?''

''ഇവർ ലക്ഷപ്രഭുക്കളാ. ഇതൊന്നും ഇവക്കു സാരമില്ല.''

''നമുക്ക് എടുത്തുകൊണ്ടു പോയാലെന്താ?''

''അയ്യേ, മഹാ കുറച്ചിലാ.''

സാധനങ്ങളുടെ ഭംഗി ഞാൻ രാധയോടു പറഞ്ഞു.

''ന്യൂയോർക്കിലെ ധനികർ താമസിക്കുന്ന ചില തെരുവുകളിൽ ചൊവ്വാഴ്ച രാത്രിതോറും ആടികടത്തുന്ന ഇമ്മാതിരി വില കൂടിയ സാധനങ്ങൾ പെറുക്കിയെടുക്കാൻ ചിലർ കാറുകളിൽ അന്യദിക്കുകളിൽനിന്നുതന്നെ രാത്രി വന്നുചേരാറുണ്ട്.'' രാധ പറഞ്ഞു.

''ഈ സെററിയും കസേരകളും വളരെ വില കൂടിയവയാണെന്നു തോന്നുന്നു. ഞാനവ എടുത്തുകൊണ്ടു പോരട്ടേ? പരിഷ്കരിച്ച് ബേസ്മെൻറ് മുറിയിലിടാം.''

''അമ്മ സമ്മതിച്ചാൽ,'' കുഞ്ഞുങ്ങൾ പറഞ്ഞു: ''ഞങ്ങൾ കൂടി സഹായിക്കാൻ വരാം.''

''പരിചയക്കാർ ആരെങ്കിലും കണ്ടാൽ വലിയ മോശമാണ്. സാധനങ്ങൾ ഞാനൊന്നു നോക്കട്ടെ.''

''ഒന്നാംതരം സാധനങ്ങൾതന്നെ. പുതിയവ മേടിക്കണമെങ്കിൽ നാന്നൂറു ഡോളറോളം കൊടുക്കേണ്ടിവരും. ഇവരുടെ അച്ഛനറിയുമ്പോൾ വഴക്കിടുമെന്നേ ഉള്ളു.'' രാധ അവ പരിശോധിച്ചശേഷം പറഞ്ഞു.

പത്തരമണിവരെ കാത്തിരുന്നു. ഞങ്ങളുടെ റോഡിൽ ഗതാഗതം നിലച്ചു. ഞാനും കുഞ്ഞുങ്ങളുമൊത്തു പോയി. മോഷണത്തിനു പോകുംപോലെ തോന്നി. ഈടുള്ള സാധനങ്ങൾ. കസേരകൾ എനിക്കു തനിയെ എടുക്കാം. ഒന്നൊന്നായി എടുത്തു കൊണ്ടുവന്ന് ഗറാഷിനകത്തിട്ടു. കുഞ്ഞുങ്ങളുടെ സഹായത്തോടെ പ്രയാസപ്പെട്ട്, എലികോം ചേർന്ന് തേങ്ങാമുറി ഇഴയ്ക്കുമ്പോലെ സെററിയും ഗറാഷിനുള്ളിലാക്കി. ലൈററിട്ടു പരിശോധിച്ചപ്പോൾ നമ്മുടെ രാജകൊട്ടാരങ്ങളിൽ രാജാക്കന്മാരും രാജ്ഞിമാരുമിരിക്കുന്ന സിംഹാസനങ്ങൾപോലെ കണ്ടു.

''നാളെ കുറെ നല്ല ഗോൾഡൻ പെയിൻറും കുറച്ചു നല്ല സിൽക്കു തുണിയും മേടിച്ചാൽ ഇവയെ ഞാൻ പുതിയതുപോലാക്കിത്തരാം,'' ഞാൻ വാഗ്ദാനം ചെയ്തു.

വീടിൻെറ മുൻവശത്തുള്ള ലാമ്പ്പോസ്റ്റിലെ ലൈററ്, കിടക്കുന്നതിനുമുമ്പ് കത്തിച്ചപ്പോൾ, വീട്ടിലേക്കു കയറുന്ന അഞ്ചാറു കൽപ്പടികളുള്ളവയുടെ മുകളിൽ ഒരു പ്ലാസ്റ്റിക് ബാഗ് ഇരിക്കുന്നതു കണ്ടു. വാതിൽ തുറന്ന് അതെടുത്തു നോക്കിയപ്പോൾ പഴുത്തു ചുവന്ന പത്തിരുപതു തടിയൻ ടൊമാറേറാ. ആരായിരിക്കും ഇതു കൊണ്ടുവെച്ചതു്? അടിയിൽ ഒരു തുണ്ടുകടലാസ്—Emma—with Love.

''അയ്യോ പാവം!'' രാധ പറഞ്ഞു. ''ഇതു മൂന്നാമത്തെ പ്രാവശ്യമാണ് നമുക്ക് അടുത്തുതന്നെ അവിടെയൊന്നു പോകണം.''

ഞാൻ അവിടെ പോയ കഥ പറയട്ടേ എന്നു വിചാരിച്ചു. പറഞ്ഞില്ല. മകളുടെ മുമ്പിലെന്തിനു സ്വയം വിഡ്ഢിയാകുന്നു?

## 1973 ജൂലൈ 25, ബുധൻ

ഒരു ഇന്ത്യൻ ഡോക്ടർ:

8.30 A. M. ആരോ കാളിങ്ങ്ബെല്ലടിച്ചു. വാതിൽ തുറന്നപ്പോൾ മേൽമീശയും കൃതാവുമുള്ള സുന്ദരനായ ഒരിന്ത്യൻയുവാവ്.

"സാറ് എന്നെ അറിയില്ലേ?"

"നല്ല പിടികിട്ടുന്നില്ല. മുമ്പ് കണ്ടിട്ടുണ്ട്, തീർച്ച."

"ജോണി, കുഞ്ഞുമോൻ. സെൻറ്ജോസഫിലും ഇൻറർ കോളേജിലും മകൻെറ കൂട്ടുകാരനായിരുന്നു. പലപ്രാവശ്യവും നിങ്ങളുടെ അത്താഴക്കഞ്ഞി കുടിച്ചിട്ട് അവിടിരുന്ന് കംബയിൻഡ് സ്റ്റഡി നടത്തിയിട്ടുണ്ട്."

"കൂടുതൽ പറയേണ്ട. എല്ലാം ഓർമ്മവന്നു. രാധ പറഞ്ഞറിഞ്ഞു, ഇപ്പോൾ ന്യൂയോർക്കിലെ ഒരു പ്രമുഖ ഡോക്ടറാണെന്ന്. ഇരിക്കൂ. എന്തൊക്കെ വിശേഷങ്ങൾ?"

"ഡോക്ടർ കൃഷ്ണൻനായർ പറഞ്ഞറിഞ്ഞു, സാറിവിടെ വന്നിട്ടുണ്ടെന്നും അമേരിക്കൻ സന്ദർശനത്തെക്കുറിച്ച് എഴുതുന്നുണ്ടെന്നും. ഞാനിവിടെ പരാമസ്സിൽ ഒരു രോഗിയെ പരിശോധിക്കാൻ വന്നു. രാധയുടെ വീട്, നമ്പർ 300, കണ്ടപ്പോൾ അഞ്ചുമിനിട്ട് സംസാരിച്ചിട്ടു പോകാമെന്നുവച്ചു."

"വലിയ സന്തോഷമായി. വളരെ നന്ദിയും. ഇന്ത്യാക്കാർക്ക് അഭിമാനജനകമായവിധത്തിലാണ് നിങ്ങളുടെ സേവനമെന്ന് രാധ പറഞ്ഞറിഞ്ഞു. വി. ഡി. സ്പെഷ്യലിസ്റ്റ് എന്ന നിലയിൽ ചിലതൊക്കെ നിങ്ങളോടു ചോദിച്ചറിയണമെന്ന് ഞാനാഗ്രഹിച്ചിരിക്കയാണ്."

"എനിക്കറിയാവുന്നതൊക്കെ പറയാം."

വി. ഡി. രോഗികളും പ്രോസ്റ്റിട്യൂഷനും: "വലിയൊരുശതമാനം വി. ഡി. രോഗികൾ ഇവിടെ ഉണ്ടെന്നാണല്ലോ അറിഞ്ഞതു്. എന്താണതിന്നു പ്രധാന കാരണം?"

"എല്ലാ പ്രധാന നഗരങ്ങളിലും ക്രമാതീതമായ തോതിൽ പ്രോസ്റ്റിറ്റ്യൂഷൻ ഇവിടെ നടമാടുന്നുണ്ട്. ഞങ്ങൾ കഴിഞ്ഞവർഷം ന്യൂയോർക്കിൽ മാത്രമായി വേശ്യാവൃത്തി 'രഹസ്യത്തിൽ പരസ്യമായി' തൊഴിലാക്കിക്കഴിയുന്ന 4700 പേരെ പരിശോധിക്കാനിടയായതിൽ 41 സിഫിലിസ്കാരും 619 ഗൊണേറിയാക്കാരുമുണ്ടെന്നു തെളിഞ്ഞു. കണ്ടുപിടിച്ച് ചികിത്സ ആരംഭിക്കുന്നതിനു മുമ്പുതന്നെ ഇവരിൽ ഓരോരുത്തരും ശരാശരി 20 പേരിലെങ്കിലും രോഗം പകർന്നിരിക്കാനിടയുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളതു്. പെൻസിലിനും ആർജിറാളുംമററും ഇൻജക്ഷൻ നടത്തി താല്ക്കാലികമായി രോഗം ചെറുത്തുനില്ക്കാനുള്ള ശക്തി രോഗികൾക്കു നല്കുന്നുണ്ടെന്നുവരികിലും എടപാടുകാരിൽ രോഗം പകരുന്നതിനുള്ള പ്രവണത മാററാൻ കഴിയുന്നില്ല."

''ന്യൂയോക്കിൽ മാത്രം 4700 വേശ്യമാരുണ്ടെന്നു കേട്ടിട്ട് എനിക്കത്ഭുതം തോന്നുന്നു!''

''രഹസ്യമായി വേശ്യാവൃത്തി നടത്തുന്നവരെ ഉൾപ്പെടുത്താതെയാണ് ഞാൻ പറഞ്ഞത്. വലുതും ചെറുതുമായ തോതിൽ വ്യാപാരം നടത്തുന്ന 430 വേശ്യാലയങ്ങൾ ന്യൂയോക്ക് നഗരത്തിൽ മാത്രമായുണ്ടെന്നാണ് ഇന്നറിഞ്ഞിട്ടുള്ള കണക്ക്—''

''കൗതുകശമനത്തിനുവേണ്ടി ചോദിക്കുകയാണ്, എങ്ങനെയൊക്കെയാണ് ഇവ നടത്തുന്നത്?''

''പല വ്യാജങ്ങളുടെയും മറവിലാണ്. ലോഡ്ജിങ് എന്നോ ഹോസ്റ്റൽ എന്നോ പറഞ്ഞ്, അമ്പതും അറുപതും പിള്ളാരെ താമസിപ്പിച്ച് പരിശീലനം നല്കുകയും പ്രവൃത്തിപ്പിക്കുകയുംചെയ്യുന്ന കേന്ദ്രങ്ങളുണ്ട്. 'മാഡം' എന്ന പേരിൽ അറിയപ്പെടുന്ന നടത്തിപ്പുകാരിൽ ചിലർ ലക്ഷക്കണക്കിനു സമ്പാദ്യമുള്ളവരാണ്. Silver-tongue Jean തുടങ്ങിയ മില്ല്യണിയേർസായ മാഡമുകളുടെ ചരിത്രം അത്ഭുതജനകമാണ്. പിന്നെ ഓർഗനൈസേഷൻ, അസോസിയേഷൻ, ക്ലബ്ബ് തുടങ്ങിയ പേരുകളിൽ പരസ്യം നല്കി ചെറുപ്പക്കാരെ ആകർഷിക്കുന്ന സമ്പ്രദായവും നടപ്പിലുണ്ട്. പലവിധം ക്ലാസുകൾ—മനുഷ്യർക്ക് അറിയാവുന്ന എല്ലാ വിഷയങ്ങൾക്കും വേണ്ട കോഴ്സുകൾ നല്കുന്നുണ്ടെന്നു പത്രങ്ങളിൽ പരസ്യങ്ങൾ കൊടുക്കുന്നു. വിഷയങ്ങളുടെ വൈവിദ്ധ്യം അത്ഭുതപ്പെടുത്തും. New School for Social Research, General Information, Youth and Adult Centre, Craft Students League, Dramatic Art Club, African Culture, Astrological Centre, Yogic Culture, Cooking Centre—ഇങ്ങനെ പലതും. ഇവയുടെയെല്ലാം പിന്നണിയിലുള്ള പ്രധാന ഉന്നം, പററിയ കൂട്ടുകാരെ—എന്നുവെച്ചാൽ, സഹശയനമിത്രങ്ങളെ—തെരഞ്ഞെടുക്കുകയാണ്. ഇവയിലൊക്കെ അംഗങ്ങളായിരുന്ന് വി. ഡി. സമ്പാദിച്ചുകൊണ്ടുവരുന്ന ഒട്ടനവധിപേർ ഞങ്ങളെ അഭയംപ്രാപിക്കാറുണ്ട്.''

''ആകെക്കൂടി അത്ഭുതവും സങ്കടവും തോന്നുന്നു. നല്ല ഭംഗിയുള്ള പഴങ്ങൾക്കുള്ളിൽ കാണുന്ന പുഴുക്കുത്താണല്ലോ കണ്ണിണയ്ക്കാനന്ദം നല്കുന്ന ഈ സുന്ദരശരീരങ്ങൾക്കുള്ളിൽ!''

''ഞാൻ ഒരു മൂലയേ കാണിച്ചുതന്നുള്ളൂ. അതിനിടയ്ക്കാണ് സാററിനിത്ര സങ്കടം. സിററി അതോററിററികളുടെ പെർമിററും ലൈസൻസും എടുത്തുകൊണ്ട് നടത്തുന്ന തിരുമ്മൽകേന്ദ്രങ്ങളുണ്ട്. 'മാസ്സേജ് പാർലർ' എന്നാണറിയപ്പെടുന്നത്. പെർമിററ് നല്കുന്നവർക്കും അവിടെ തിരുമ്മൽ നടത്തിക്കുന്നവർക്കുമറിയാം അതിന്റെ ഉദ്ദേശ്യമെന്താണെന്ന്. പലവിധം തിരുമ്മലുകൾ ഇവിടങ്ങളിൽ നടത്തുന്നു. പരിശീലനം ലഭിച്ച ആണും പെണ്ണും തിരുമ്മൽക്കാരായുണ്ട്. നഗ്നമായ തിരുമ്മലിന് ചാർജ്ജ് കൂടും. തിരുമ്മുന്നവരും നഗ്നരായി വരും. ചാർജ്ജ് ഇരട്ടിയാകും. വീടുകളിൽ പോയും തിരുമ്മൽ നടത്തിക്കൊടുക്കും. 15 മുതൽ 30 വരെ ഡോളറാണു ചാർജ്ജ്. തിരു

ത്തലിനോടൊത്ത് വി. ഡി.യും നല്കിയിട്ടുപോകുന്ന കേസുകൾ അനവധി ഞങ്ങളുടെയടുത്തു വന്നിട്ടുണ്ട്.''

''ആകെക്കൂടി വലിയ കഷ്ടം തോന്നുന്നു.''

''ഫീമെയിൽ പ്രോസ്റ്റിട്യൂട്ടുകളെക്കാൾ കഷ്ടമാണ് മെയിൽ പ്രോസ്റ്റിട്യൂട്ടുകൾ. ന്യൂയോർക്കിലെ കുപ്രസിദ്ധമായ 42-ാം തെരുവിൽ നടത്തുന്ന രതിവികൃതി ഫിലിമുകൾ സാർ ഒരു പ്രാവശ്യമെങ്കിലും പോയി കാണണം.''

''ഞാനതാഗ്രഹിച്ചുകൊണ്ടിരിക്കതന്നെ. രാധയുടെ ഒരു കൂട്ടുകാരി എന്നെ കൊണ്ടു കാണിക്കാമെന്നേററിട്ടുണ്ട്.''

കുഞ്ഞുമ്മാൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: ''കൂട്ടുകാരിമാരെയൊക്കെ സാറു സൂക്ഷിച്ചുകൊള്ളണം! പ്രായവും നിറവുമൊന്നും ഇവിടെ പ്രശ്നമല്ല! അതു ചെന്നു കാണുമ്പോളറിയാം, എന്തുമാത്രം വഷളത്തങ്ങളാണ് ഈ വൻനഗരത്തെ മലീമസമാക്കിക്കൊണ്ടിരിക്കുന്നതെന്ന്. തിയേററിനകത്തുതന്നെയുണ്ട് പെൺവേഷമണിഞ്ഞ പുരുഷവേശ്യമാർ, പുരുഷവേഷമണിഞ്ഞ സ്ത്രീവേശ്യമാർ, ബാലവേശ്യമാർ, വെൺകളി പൂശിയ നീഗ്രോ വേശ്യമാർ — ഇങ്ങനെ പലതരം നരഭോജികൾ. രാവിലെ ഒൻപതിനുള്ള ഫസ്റ്റ് ഷോയ്ക്ക് അകത്തുകയറുന്ന ഇക്കൂട്ടർ രാത്രി 12 വരെപ്പോലും അവിടെ തങ്ങി നല്ലൊരു തുക സമ്പാദിച്ചുകൊണ്ടു പോകാറുണ്ട്. പകരം നല്കുന്ന അല്പസുഖത്തിനോടൊത്ത് ജീവിതം മുഴുക്കെ നില്ക്കുന്ന അനല്പദുഃഖവും അവർ കൈമാറുന്നു.''

''ഇതൊന്നും നിയന്ത്രിക്കാൻ ആരും ശ്രമിക്കാറില്ലേ, മനുഷ്യസ്നേഹികളെങ്കിലും?''

''നിയന്ത്രിക്കേണ്ടവർ പലപ്പോഴും ഇതിലൊക്കെ പങ്കാളികളാണ്. മദാം പ്രൊപ്രൈറ്റർമാർ Tenderloin-കളിൽ മാസംതോറും പോലീസ് ഓഫീസർമാർക്ക് വിരുന്നുസൽക്കാരങ്ങൾ നല്കുന്നു. ഫീസ്ററു കഴിയുമ്പോൾ പ്ലേററുകൾക്കടിയിൽ ഓരോ കവറുണ്ടായിരിക്കും— നല്ലൊരു തുക. ആവശ്യമുള്ളവർക്ക് ഫ്രീയായി എററവും നല്ല വേശ്യകളുമായി സംഗമവും ലഭിക്കും. പിന്നെങ്ങനെ അവർ ഇതിനൊക്കെ എതിരായി നില്ക്കും? ഇങ്ങനെ ആകപ്പാടെ വഷളായ ഒരന്തരീക്ഷം സൃഷ്ടിക്കുന്ന സങ്കടാവസ്ഥയിൽ കഴിവതു ചെയ്യാൻ ആത്മാർത്ഥമായി ശ്രമിക്കാനാണ് ഞങ്ങൾ സദാ സന്നദ്ധരായിരിക്കുന്നത്.''

''ഇതൊക്കെ അറിഞ്ഞത് വലിയ കാര്യമായി. ഈ ഡയറിക്കുറിപ്പുകൾ പ്രസിദ്ധീകരിക്കാൻ വിരോധമില്ലല്ലോ!''

''അസത്യമൊന്നും ഞാൻ പറഞ്ഞിട്ടില്ല.''

''ഒരു കാര്യംകൂടി അറിയാമെങ്കിൽ പറയണം. ധനപരമായി ഉയന്ന നിലവാരം പുലർത്തുന്ന ഈ കുബേരനാട്ടിൽ ഇത്രയധികം ഗണികാലയങ്ങളും പ്രോസ്റ്റിട്യൂഷനും ഉണ്ടാകാനുള്ള കാരണമെന്താണ്?''

''സാർ സങ്കല്പിക്കുന്നപോലുള്ള ഒരു ധനസ്ഥിതിനിലവാരം ഇവിടെ ഇല്ലെന്നുള്ളതാണു് പരമാർത്ഥം. മികച്ച ധനികരെന്നു പറയാവുന്നവർ ആകെ ജനസംഖ്യയുടെ 4.4 ശതമാനമേ ഉള്ളു എന്നു് സാമ്പത്തികവിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു് അക്കാര്യത്തെക്കുറിച്ചു് ശരിയായി എന്തെങ്കിലും പറയാൻ ഞാൻ പ്രഗല്ഭനല്ല. എങ്കിലും കാശിനുവേണ്ടിമാത്രം പണിയെടുക്കുന്നവരാണു് പ്രോസ്റ്റിട്യൂട്ടുകളിൽ ഭൂരിഭാഗവും എന്നാണു് എന്റെ നോട്ടത്തിൽ പെട്ടിട്ടുള്ളതു്. ഡ്രഗ്ഗ്സിനുവേണ്ടി കാശുണ്ടാക്കാൻ ഡ്രഗ്ഗ്സിനു് അടിമകളായിത്തീർന്നിട്ടുള്ള ഒട്ടനേകം പേർ പ്രോസ്റ്റിട്യൂഷൻ ഒരു നല്ല ആദായമാർഗ്ഗമായി കരുതുന്നു പിന്നെ 16-ം 17-ം വയസ്സിനിടയിൽ കാമുകരുമൊത്തു് വീടുവിട്ടുപോകാനിടയാകുന്ന പെൺപിള്ളാർ പരിത്യക്തകളായിത്തീരുകയാണെങ്കിൽ വേശ്യാലയങ്ങളെ അഭയം പ്രാപിക്കാൻ സ്വാഭാവികമായി പ്രേരിതരാകുന്നു. പഞ്ചാരവാക്കുകൾ പറഞ്ഞു് അവരെ ബ്രോത്തലുകളിൽ കൊണ്ടാക്കാൻ ഉററുനോക്കിയിരിക്കുന്ന pimp-കൾ—അതായതു് കൂട്ടിക്കൊടുപ്പുകാർ—എങ്ങുമുണ്ടു്. മാന്യസ്ത്രീവേഷമണിഞ്ഞ ഇവർ ഉദ്യോഗമുണ്ടാക്കിക്കൊടുക്കാമെന്നും മററും വാഗ്ദാനംചെയ്താണു് പെൺകുട്ടികളെ കൊപ്പത്തിലാക്കുന്നതു്. നല്ല കമ്മീഷനും പ്രതിദിന ആദായത്തിൽ ഒരു ശതമാനവും pimp-കൾക്കു നല്കിവരുന്നു. ടാക്സി ഡ്രൈവർമാർ, വെയിറ്റർമാർ തുടങ്ങിയവരും കമ്മീഷൻ അടിസ്ഥാനത്തിൽ ആളുപിടിച്ചുകൊടുക്കുന്നവരായുണ്ടു്. ഓരോ ബ്രോത്തലിന്റെയും അടവുകാരായി. ഇവർ ഗണികകളെയെന്നപോലെതന്നെ പ്രോസ്റ്റിട്യൂഷൻ തേടിനടക്കുന്ന യുവതീയുവാക്കന്മാരെയും സ്വാധീനപ്പെടുത്തി ഗണികാലയങ്ങളിൽ എത്തിക്കുന്നു.''

''മിക്കവാറും സ്ത്രീകൾതന്നെയായിരിക്കാം ബ്രോത്തൽ നടത്തിപ്പുകാർ?''

''അതേ. പക്ഷേ, സഹായികളായി പുരുഷന്മാർ എല്ലാ ബ്രോത്തലുകളിലുമുണ്ടായിരിക്കും. കടിച്ചുകൊണ്ടു വരുന്നവരും ഗണികകളുമായി വഴക്കിടുന്നവരും മററുവിധത്തിൽ ശല്യക്കാരുമായ അടവുകാരെ അമർത്താനും പിലപ്പോൾ വകവരുത്താനും ഇവർ ബദ്ധശ്രദ്ധരാണു്. തൊഴിൽപരിശീലനം നല്കാനും യുവതികളെയും ബാലികാബാലന്മാരെയും മെരുക്കിയെടുത്തു് അഭ്യസിപ്പിക്കാനും നിയുക്തരായ സ്ത്രീകളോടൊപ്പം പുരുഷന്മാരും എല്ലാ ബ്രോത്തലുകളിലും കാണും.''

''സ്റ്റീൻ ബെക്കിന്റെ East of Eden വായിച്ചപ്പോൾ ഞാനതിലെ വിവരണങ്ങളെല്ലാം വെറും ഭാവനാസൃഷ്ടമെന്നാണു് വിചാരിച്ചിരുന്നതു്. ഇപ്പോൾ നിങ്ങളുടെ സംഭാഷണം കേട്ടപ്പോൾ ഒരു ചിത്രീകരണംതന്നെയാണതെന്നു വ്യക്തമായി.''

''കാത്തറൈനെപ്പോലുള്ള നൂറുനൂറു മദാംമാർ യു. എസ്. എ-യിൽ ഉണ്ടു്. എല്ലാ പ്രധാനനഗരങ്ങളിലും എന്നെപ്പോലുള്ള

ഡോക്ടർമാർക്ക് പ്രാക്ടീസിനുള്ള നല്ല അവസരവുമുണ്ട്,'' കുഞ്ഞുമോൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

കുഞ്ഞുങ്ങൾ കൊണ്ടുവെച്ച കൂൾഡ്രിങ്കും ബിസ്കറ്റും കഴിച്ചിട്ട്, ഞങ്ങൾ ന്യൂയോർക്കിലുള്ള അങ്ങേരുടെ വസതിയിൽ ചെല്ലണമെന്നു ക്ഷണിച്ചശേഷം ഹാർദ്ദമായി കൈകുലുക്കി യാത്രപറഞ്ഞു.

കീരയും മല്ലിയും മററും തഴച്ചുവളർന്നു നില്ക്കുന്നു. അവ നനസ്സാനിറഞ്ഞി, കുഞ്ഞുങ്ങളുമൊത്ത്. ആപ്പിൾമരത്തിൻചുവട്ടിൽ വണ്ണപ്പകിട്ടോടുകൂടിയ ഒട്ടനവധി കാസ്റ്റർ കൊഴിഞ്ഞുകിടക്കുന്നു.

പുഴക്കുത്തുള്ള പഴങ്ങൾ: ''ഇതെന്താ മോളേ ഇങ്ങനെ കൊഴിഞ്ഞുപോകാൻ അനുവദിക്കുന്നതു്?''

'' ഒക്കെ പുഴക്കൾ അകത്തുള്ളവയാ. നല്ലതു വളരെക്കുറച്ചേ കാണത്തുള്ളു ''

ഓഹോ! അവിടത്തെ മനുഷ്യരെപ്പോലെതന്നെ! പുഴക്കുത്തുള്ള ആപ്പിളുകൾ!

''വല്യ കഷ്ടമാണല്ലോ! ഇൻഡ്യയിൽ—കേരളത്തിൽ—ഒരു രൂപയെങ്കിലും കൊടുക്കാതെ ഇതുപോലൊരു പഴം കിട്ടുകയില്ല.''

''പൂക്കാലമാകുമ്പോൾത്തന്നെ സ്പ്രേ ചെയ്യിക്കണം അതിന്നാരും മെനക്കെടാറില്ല. ഈ ആപ്പിൾപ്പഴം മുഴുക്കെ നമുക്കിവിടെ തിന്നാൻ പററത്തില്ല. ആരും വന്നു മേടിക്കേമില്ല. അപ്പോപ്പിന്നെ കുറേയൊക്കെ നല്ലതു കിട്ടുന്നതു് മതിയെന്നുവച്ചേക്കുകാ നമ്മ്.''

പറക്കിയെടുത്തു് അരിഞ്ഞുനോക്കിയപ്പോൾ പുഴക്കൾ തുരന്ന പൊത്തുകൾ അകത്തുണ്ടാക്കിയവയാണു് ഭൂരിഭാഗവും. മധുരത്തിനു പകരം കവർപ്പും.

ദുഃഖവാർത്ത: ഉച്ചകഴിഞ്ഞപ്പോൾ ബാർബാര വിളിച്ചു. മണിനാദംപോലുള്ള സുവ്യക്തശബ്ദത്തിൽ ദുഃഖവാർത്ത. കുയിൽ കരയുന്നതും പാടുന്നതും മധുരസ്വരത്തിലാണല്ലോ. അച്ഛൻ അന്നു രാവിലെ മരിച്ചിരിക്കുന്നു. നാളെ സംസ്കാരച്ചടങ്ങ്. രാധയെ അറിയിച്ചേക്കണം.

പിന്നെ കുശലാന്വേഷണം. എന്റെ ആതിഥേയിയാകാൻ കൊതിച്ചിരിക്കയാണു്. അവളുടെ വാസസ്ഥാനമായ മൗണ്ട് കിസ്കോ അതിമനോഹരമായ പ്രദേശമാണു്. ഫലവൃക്ഷങ്ങൾ നിറഞ്ഞ ഒരു തോപ്പിൻമദ്ധ്യത്താണു വീട്. വീട്ടിനടുത്തു് ഒരു പുഴയും ഒരു സ്വിമ്മിങ് പൂളുമുണ്ട്. എപ്പോഴേക്കു ചെല്ലാൻ പററും?

സെപ്റ്റംബർ ആദ്യവാരത്തിൽ തീർച്ചയായും ചെല്ലാം.

മറെറവിടെയെങ്കിലും യാത്രയുണ്ടായോ?

പാമിന്റെ വീട്ടിൽ പോയ കാര്യം പറയാമെന്നു വിചാരിച്ചു. പക്ഷേ, പാമിന്റെ അഭ്യർത്ഥന മാനിച്ചു പറഞ്ഞില്ല.

നാളത്തെ ചടങ്ങിൽ രാധയ്ക്കു നല്ല സൗകര്യമുണ്ടെങ്കിൽ പങ്കുകൊണ്ടാൽ മതിയെന്നു പ്രത്യേകം പറയണം.

അങ്ങനെ ചെയ്യാം.

സ്നേഹപൂർവ്വമായ വിട.

വൈകുന്നേരം രാധ അനുശോചനം അറിയിച്ചു. ഡോക്ടർ ജോണിയെ വിളിച്ച് സന്ദർശനത്തിനു നന്ദിപ്രകടിപ്പിക്കയും ചെയ്തു.

## 1973 ജൂലായ് 26, വ്യാഴാഴ്ച

പത്രങ്ങളിൽ വലിയ പരസ്യം കണ്ടു.

'Last Tango in Paris'.

പ്രേക്ഷകഹൃദയങ്ങളെ മഥിക്കുന്ന—പ്രധാനനഗരങ്ങളിലൊക്കെ തീയേറ്ററുകളെ പ്രകമ്പനംകൊള്ളിക്കുന്ന—മഹോന്നതഫിലിം. ചലച്ചിത്രചരിത്രത്തിൽ ഇത്ര വിജയകരമായ ഒരു ഫിലിംഷോ ഇന്നോളമുണ്ടായിട്ടില്ല. ഇംഗ്ലീഷിലും ഫ്രഞ്ചിലും വിവരണനോട്ടുകൾ. കാരണം വ്യക്തമാക്കാതെ ആത്മഹത്യചെയ്ത ഭാര്യ ജനിപ്പിച്ച വിഷാദവും വിദ്വേഷവും അസാമാന്യസാമർത്ഥ്യത്തോടെ Marlon Brando അഭിനയിക്കുന്നു. അപരിചിതയായ യുവതിയുമായി രഹസ്യസമാഗമങ്ങൾ നടത്തുന്നതും കാമവേഴ്ചകളുടെ നാനാമുഖങ്ങളും പ്രകടിപ്പിക്കുന്നതും പലർക്കും അരോചകവും കുത്സിതവുമായി തോന്നിയേക്കാമെങ്കിലും മനുഷ്യമനസ്സിൻെറ സ്വാഭാവികാവേഗങ്ങളാണ് അവയെന്ന് പരിപക്വമതികൾക്ക മനസ്സിലാക്കാം. Maria Schneider, Jean Pierre Leaud—ഇവരുടെ അഭിനയം അന്യാദൃശം. പ്രായപൂർത്തിയായവർക്ക മാത്രമേ പ്രവേശമുള്ളു

ബർഗ്ഗൻമാളിൽ പരസ്യബോഡ് മുമ്പു കണ്ടതാണ്.

പാമിനെ വിളിച്ചുചോദിച്ചു, അതു കാണാൻ പോകാമോ?

വൈകുന്നേരം വരാൻ ശ്രമിക്കാം.

ഇന്നലെയും മിനിഞ്ഞാന്നും എവിടെയായിരുന്നു?

ഒരു ഫ്രണ്ടിൻെറ വീട്ടിൽ, ന്യൂയോർക്കിൽ.

ബാരയുടെ അച്ഛൻ മരിച്ചുപോയി. ഇന്നു വൈകുന്നേരമാണ് സംസ്കാരം.

പോകണ്ടേ? പോയില്ലെങ്കിൽ അവരു പിണങ്ങും.

രാധ പോകുമായിരിക്കാം. പാം തീർച്ചയായും വരണം, എന്നെ ഫിലിമിനു കൊണ്ടുപോകാൻ. ഇല്ലെങ്കിൽ ഞാൻ പിണങ്ങും.

വരാം.

അഞ്ചുമണിക്കു രാധയും പാമും ഒന്നിച്ചു വന്നു. രാധയ്ക്കുകൂടി ഫിലിമിനു വന്നാൽ കൊള്ളാമെന്നുണ്ട്. കുഞ്ഞുങ്ങളെയോ? ബേബിസിററിങ്ങിന് ആളെ കിട്ടും. അതു രാധയ്ക്കിഷ്ടമല്ല. ബേബിസിററിങ്ങുകാരായ ആണുങ്ങളെയും പെണ്ണുങ്ങളെയുംകുറിച്ച് പല പരാതികളും അടുത്തകാലത്തുണ്ടായിട്ടുണ്ട്. ഒടുവിൽ ഞാനും പാമുംമാത്രം പോകാൻ തീരുമാനിച്ചു. വൈദ്യൻ വിധിച്ചതും രോഗി കൊതിച്ചതും പാല്.

ബാംബഗ്ഗേൻസിൽ. ആറിനാണ് അടുത്ത ഷോ. ക്ലാസ്സ് ഫ്ലാട്ട് ഇവിടെയുമില്ല. സമത്വസുന്ദരം. ആളൊന്നിനു 3 ഡോളർ. ഞാനതു കൊടുത്തു പാമിനു ദേഷ്യം; സമാധാനപ്പെടുത്തി. എൻെറ കൈവശം കുറച്ചു ഡോളറുണ്ട്. അടുത്തപ്രാവശ്യം പാം എടുത്തുകൊള്ളും.

ഹൗസ് ഫുൾ

എയർ ക്കൂൾഡ്. വലിയ തണുപ്പ്. ഞെങ്ങിയിരുന്നാൽ തണുപ്പേല്ക്കുകയില്ല.

ഒന്നാംതരം അഭിനയം. കുസലററ നടീനടന്മാർ. അപരിചിതയായ യുവനായികയും പ്രായാധിക്യമുള്ള നായകനും തമ്മിൽ സാമുദായികനിയമങ്ങളും സാമാന്യമര്യാദയും ഉല്ലംഘിക്കുന്ന രതിവേഷ്ടകൾ പല രഹസ്യകേന്ദ്രങ്ങളിലുംവെച്ചു നടത്തുന്ന പ്രേക്ഷകരായ യുവതീയുവാക്കന്മാരുടെ മാനസികനില ഞാൻ ഓർത്തുപോയി. നന്മയിലേക്കോ തിന്മയിലേക്കോ അവർ നയിക്കപ്പെടുന്നതു്? നായികയുടെ രൂക്ഷമായ സ്വയംഭോഗം, നായകൻ അവളെ കമഴ്ത്തിക്കിടത്തി നടത്തുന്ന ഗുദമൈഥുനം— തുടങ്ങിയവ മനുഷ്യസഹജമാണെന്നു് തീവ്രവാദികൾ ശഠിച്ചേക്കാം. അവയുടെ പ്രദർശനം ഒരു മിതവാദിയായ എനിക്കു് എത്രയും അശ്ലീലവും അസഭ്യവും അരോചകവുമായേ തോന്നിയുള്ളു. ആണും പെണ്ണും കാമതൃപ്തിവരുത്തുന്ന ഉരസലുകളോടുകൂടിയ നൃത്തരംഗങ്ങൾ പാശ്ചാത്യരുടെ സാമുദായികചടങ്ങുകളായി കരുതപ്പെടുന്ന നൃത്യക്രീഡകളെ സരസമായി ഉപഹസിക്കുന്നുണ്ടു്. മൗലികവികാരങ്ങളുടെ മറവിൽ വെച്ചിട്ടുള്ള തീക്ഷ്ണഭാവങ്ങൾ വ്യക്തമാകുന്ന വിവിധരംഗങ്ങൾ ഉള്ളതുകൊണ്ടാകണം രണ്ടേകാൽ മണിക്കൂർ നീങ്ങിയതറിഞ്ഞില്ല.

''ബീഭത്സമാണിതു്!'' നായികയുടെ സ്വയംഭോഗരംഗം കണ്ടപ്പോൾ ഞാൻ അഭിപ്രായപ്പെട്ടു.

''സത്യം ബീഭത്സമാണെങ്കിൽ!'' പാമിൻെറ മറുപടി.

"ഈ തുറന്നുകാട്ടലിൽ കലാമേന്മ കുറയും.''

''കലാമാനദണ്ഡങ്ങൾ വിഭിന്നമാണല്ലോ.''

ഓരോ സന്ദർഭത്തിൻ്റെയും വിവരണങ്ങൾ ഇംഗ്ലീഷിലും ഫ്രഞ്ചിലും ബോൾഡ്ടൈപ്പിൽ പ്രദർശിപ്പിച്ചിരുന്നതു് കഥാഗതി മനസ്സിലാക്കാൻ വളരെ സഹായിച്ചു. പാമിൻെറ വിശദീകരണങ്ങളും പ്രയോജനപ്രദമായിരുന്നു. അടുത്തകാലത്തു് ഫിലിമുകളെക്കുറിച്ചു് അവൾ ഒരു ഗവേഷണപഠനം നടത്തിക്കൊണ്ടിരിക്കയാണു്.

ആകപ്പാടെ പരസ്യങ്ങളിൽ കണ്ടതു് വലിയ അതിശയോക്തിയല്ലെന്നു് എനിക്കു ബോദ്ധ്യമായി.

പോനോഗ്രാഫി (Pornography–ലൈംഗികവൈകൃതികല) ഇതിൽ വലുതായൊന്നുമില്ല—പാമിൻെറ അഭിപ്രായം. ജീക്കു് ഇഷ്ടപ്പെട്ടോ?

അഭിനയം ഒന്നാംതരം. രതിവികൃതികളുടെ പ്രദർശനം മാരതീയതോതനുസരിച്ച് ബീഭത്സങ്ങളാണ്, കുററകരങ്ങളുമാണ്.

ന്യൂയോക്കിലുള്ള ചില തിയേററുകളിൽ രതീവികൃതികളുടെ തുറന്ന പ്രദർശനം കണ്ടാൽ ഇതൊക്കെ വെറും നിസ്സാരമാണെന്നേ തോന്നുകയുള്ളു. വെറും പച്ചത്തെറികളാണ് അവിടെ തുറന്നുകാട്ടുന്നതു്.

അതും ഒന്നു കണ്ടാൽ കൊള്ളാമെന്നുണ്ട്, ജിജ്ഞാസാശമനത്തിനുവേണ്ടിമാത്രം

ഞാൻ അതൊക്കെ ജീയെ കൊണ്ടുകാണിക്കാൻ കൂടെ വരുന്നതു പന്തിയാവില്ല. അത്രസ്സ്—അത്രസ്സ്—അത്രസ്സ് എനിക്കതിനൊരു വാക്കു കിട്ടുന്നില്ല, അവയെ വിവരിക്കാൻ.

താണവയോ?

അതേ, അല്ല; രണ്ടുമാകാം: (yes, no; both) കലാവീക്ഷണഗതി, കലാപ്രയോജനം തുടങ്ങിയ പലതും നിലനിത്തി നോക്കുമ്പോഴ്.

കാണാൻ മാഗ്ഗമില്ലേ?

ആലോചിക്കട്ടെ. എനിക്കു് ജീയോടു ചിലതൊക്കെ തുറന്നു പറയാനുണ്ടു് എന്നു ഞാൻ പറഞ്ഞില്ലേ? ഒരുദിവസം എൻെറ ലോഡ്ജിൽ നമുക്കു കൂടണം. മനസ്സിലാകുന്നല്ലോ? അതു കഴിഞ്ഞിട്ടാകാം.

മടക്കിക്കൊണ്ടു വിട്ടിട്ടു് അത്താഴവും കഴിഞ്ഞു് പാം സ്നേഹപൂവ്വം യാത്രപറഞ്ഞു.

പ്രക്ഷോഭജനകമായ വാത്തകഠ: ടി. വി. യിൽ പ്രക്ഷോഭജനകമായ രാഷ്ട്രീയവാത്തകഠ. കുത്സിതമായ വാട്ടർഗേററ് ഇടപാടുകളെ പുരസ്സരിച്ച് പ്രസിഡണ്ട് നിക്സനെ ഇംപീച്ചുചെയ്യേണ്ടതാണ്. ക്യാപ്പിറേറാഠ മന്ദിരത്തിനു മുമ്പിൽ പ്രകടനറാലി നടന്നതും ഡമോക്രാററിക് സെനററർ പാഠൻ മിച്ചെൽ ശക്തമായി അപലപിച്ചതും കേഠക്കാനും കാണാനും കഴിഞ്ഞു. അപകടകാരിയും ചതിയനും ഇരട്ടത്താപ്പുകാരനുമായ ഒരു മനുഷ്യൻ വൈററ്ഹൗസിൽ സ്ഥാനം പിടിച്ചിരിക്കുന്നതു് അമേരിക്കൻജനതയ്ക്കു് ആകെ അപമാനകരമാണ്. ബഹുജനങ്ങളുടെ രോഷപ്രകടനത്തിനു മുമ്പിൽ പോലീസ് നിശ്ശബ്ദരായി നിന്നതേയുള്ളു.

വൈസ്പ്രസിഡണ്ട് ആഗ്ന്യൂവിനെപ്പററിയുള്ള അപവാദങ്ങളും പ്രകടനക്കാർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞിരുന്നു. കള്ളനും ചതിയനുമായ ആഗ്ന്യൂ രാജിവച്ചു പിരിയാൻ അവർ ആഹ്വാനംചെയ്തു. നികുതിവെട്ടിപ്പു്, കൈക്കൂലി, സ്വജനപക്ഷപാതം— ആരോപണങ്ങഠക്കു തെളിവുകഠ അവർ നിരത്തി.

പ്രസിഡണ്ടും വൈസ്പ്രസിഡണ്ടും കുററാരോപണങ്ങഠ നിഷേധിച്ചിരിക്കയാണ്. എന്തായാലും അവർ രാജിവയ്ക്കുകയില്ല. അവസാനംവരെ തൂങ്ങിനില്ക്കുകയേയുള്ളു.

സെനററംഗങ്ങളുടെ അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ കേട്ടപ്പോൾ രാഷ്ട്രീയക്കാർ എങ്ങും എന്നും ഇങ്ങനെതന്നെ എന്നുള്ള ചിന്ത ഉദിച്ചിരുന്നു. 'തെമ്മാടികളുടെ അവസാനത്തെ അഭയകേന്ദ്രമാണ് രാഷ്ട്രീയം'* എന്ന ഡോ. ജോൺസൺന്റെ നിർവ്വചനം ഓർത്തുപോയി.

## 1973 ജൂലായ് 27, വെള്ളിയാഴ്ച

രാധയുടെ നിർദ്ദേശപ്രകാരം രാവിലെ ഡോക്ടർ രാമചന്ദ്രൻ നായരെ വിളിച്ചു.

''നാളെ രാവിലെ ന്യൂയോർക്ക് സിററി കാണാൻ പോകണമെന്നു വിചാരിക്കുന്നു. മൻഹട്ടൻ ദ്വീപിനു ചുററും ഹഡ്സണിൽകൂടി ഉല്ലാസബോട്ടുയാത്ര നടത്താം. പിന്നെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ കാറിൽത്തന്നെ ചുററിയോടി കാണുകയും ചെയ്യാം.''

ഡോക്ടർസുഹൃത്തുക്കൾ ആവശ്യപ്പെട്ടിരുന്നതിൻപ്രകാരമാണ് അവരെ ക്ഷണിച്ചത്. പക്ഷേ, കഴിഞ്ഞയാഴ്ച ഞങ്ങൾ മസാച്ചുസെററ്സിൽ ആയിരുന്നപ്പോൾ അവർ ഒരു സ്നേഹിതനുമൊത്തു ന്യൂയോർക്ക് സിററി കണ്ടുകഴിഞ്ഞിരുന്നു. ഉല്ലാസബോട്ടുയാത്ര നടത്തുകയും ചെയ്തിരുന്നു.

പാമിനെ വിളിച്ചു. വീട്ടിലില്ല.

കുട്ടികൾക്ക ലൈബ്രറിയിൽ പോകേണ്ടതുണ്ട്. കഴിഞ്ഞ മാസത്തിലെടുത്ത പുസ്തകങ്ങൾ മടക്കിക്കൊടുക്കേണ്ട തീയതി കഴിഞ്ഞിരിക്കുന്നു. മെയിലിൽ ഓർമ്മക്കുറിപ്പു വന്നിട്ടുണ്ട്. പതിവായി അമ്മയുമൊത്തു കാറിലാണു പോകാറ്. ഇപ്പോൾ നടന്നുപോകാം. കുറച്ചു ദൂരമേയുള്ളു. അപ്പൂപ്പൻകൂടി ചെല്ലണം.

രണ്ടുപേരും അഞ്ചു പുസ്തകം വീതമാണ് എടുത്തിട്ടുള്ളത്. കൗതുകകരമായ ബാലഗ്രന്ഥങ്ങൾ. ബയൺഡിങ്ങും ഉള്ളടക്കവും ആകർഷകം. നാടോടിക്കഥകൾ, ലഘുനോവലുകൾ, സഞ്ചാരകഥകൾ, ചരിത്രകഥകൾ—പ്രായത്തിനൊത്തു് ഗ്രേഡ്ചെയ്തിട്ടുള്ളവ. നിറയെ വർണ്ണചിത്രങ്ങളും. രസംപിടിച്ച് രണ്ടുപേരും അവ വായിക്കുന്നതു വെറുതെയല്ല എന്നു മനസ്സിലായി.

''നല്ല വെയിലല്ലേ? അമ്മ വന്നിട്ട് കാറിൽ പോയാൽ പോരേ?''

''വൈകുന്നേരം ഷോപ്പിങ്ങിനു പോകേണ്ടിവരും. പുസ്തകങ്ങൾ ഇന്നു റിട്ടേൺ ചെയ്തില്ലെങ്കിൽ ഫയിൻ കൊടുക്കേണ്ടതാണ്.''

തീവെയില്. വലിയ ട്രാഫിക്കില്ലാത്ത റോഡ്. തണൽമരങ്ങൾ രണ്ടുവശവുമുണ്ടെങ്കിലും ചൂട് അസഹ്യം. ദൂരത്തെക്കുറിച്ച്

---

* Politics the last resort of scoundrels.

കുട്ടികൾക്കു തെററായ ധാരണയായിരുന്നു. രണ്ടുമൈലോളമുണ്ട്. കുട്ടികൾ നടന്നു ക്ഷീണിച്ചുപോയി.

ആകൃതിവലിപ്പമില്ലെങ്കിലും നല്ലൊരു ഗ്രന്ഥശേഖരമുള്ള പബ്ലിക് സൗജന്യലൈബ്രറി. പരാമസ്സിലുള്ള ഏതൊരാൾക്കും അംഗമാകാം. എട്ടോ പത്തോ ഗ്രന്ഥം ഒരു പ്രാവശ്യമെടുക്കാം. പ്രവേശനഫീസോ മാസവരിയോ ഇല്ല. ക്ലിപ്തകാലാവധി കഴിഞ്ഞാൽ ഒരു ചെറിയ ഫയിൻ കൊടുക്കണം. നല്ല വാരികകളും മാസികകളും എല്ലാ പ്രധാന പത്രങ്ങളുമുണ്ട്. കുട്ടികൾക്കു പ്രത്യേക വിഭാഗം. ബാലഗ്രന്ഥങ്ങൾ നല്ലൊരു ശേഖരമുണ്ട്. അവിടെ ഇരുന്നു വായിക്കാം. ഹാൻഡ്റൈററിങ്, റീഡിങ് തുടങ്ങിയ മത്സരങ്ങളിൽ പങ്കുകൊള്ളാം. പുസ്തകങ്ങൾക്കു പുറമേ കുറെ ഓമനമൃഗങ്ങളും രണ്ടുമൂന്നു വലിയ ഫിഷ്ടാങ്കുമുണ്ട്. എയർ കണ്ടിഷനിങ് ഉള്ളതുകൊണ്ട് അകത്തു ബഹുസുഖം. ഒരു മണിക്കൂറോളം റഫറൻസ് ബുക്കുകളും മററും മറിച്ചുനോക്കിക്കൊണ്ട് അവിടെ കഴിച്ചുകൂട്ടി. കുട്ടികൾ പുതിയ പുസ്തകങ്ങൾ തെരഞ്ഞെടുത്തു.

നട്ടുച്ച. എങ്ങനെ മടങ്ങിപ്പോകും? പുസ്തകങ്ങളും പേറിക്കൊണ്ടു കുറച്ചു നടന്നു. ചൂട് അസഹ്യം. പ്രീത മരത്തണലിൽ ഇരുന്നുപോയി. പെട്ടെന്ന് ഒരു കാർ ഞങ്ങളുടെ മുമ്പിലേക്ക് ഒതുങ്ങിനിന്നു. 'പ്രീതാ പിള്ളെ', ഒരു കുട്ടി അകത്തുനിന്നു വിളിക്കുകയാണ്. ഒരു ക്ലാസ്സ്മേററ്. തള്ളയാണു ഡ്രൈവ് ചെയ്യുന്നത്. രാധയുടെ ഒരു സ്നേഹിത. ഞങ്ങളെ അവർ വീട്ടുനടയിൽ വിട്ടു, അവക്കു പോകേണ്ട വഴിയിൽനിന്നു് ഒരു മൈലോളം വിട്ടുമാറിയാണെങ്കിലും.

നാളെ രാവിലെ ന്യൂയോക്കിലേക്കു പോകാനുള്ള ഒരുക്കങ്ങളെല്ലാം വൈകുന്നേരം ചെയ്തു. 10.30 വരെ ടി. വി. ശ്രദ്ധിച്ചിട്ടു കിടന്നു.

## 1973 ജൂലായ് 28, ശനിയാഴ്ച

ഉച്ചഭക്ഷണത്തിനു വേണ്ടതെല്ലാം പാക്കററുകളിലാക്കി 10 മണിക്കു രാധയുടെ കാറിൽ ന്യൂയോക്കിലേക്കു തിരിച്ചു.

മൻഹട്ടൻ ഹാർബർ: 11-നു് മൻഹട്ടൻ ഹാർബറിൽ എത്തി. ഹഡ്സൺ നദിയിലെ പല തുറമുഖങ്ങളിൽ പ്രമുഖമായതു്. ന്യൂയോക്കിലെ അതിപ്രധാന നൗകാശയം. അണിനിരന്നുകിടക്കുന്ന പല നിറത്തിലും തരത്തിലുമുള്ള, വിവിധ ജനതകളുടെ കൊടിക്കൂറകൾ പേറുന്ന നിരവധി കപ്പലുകൾ—ഇറക്കുമതിയും കയററുമതിയും ദ്രുതഗതിയിൽ നടത്തിക്കൊണ്ടിരിക്കുന്നതു് ശ്രദ്ധയെ ആകർഷിക്കുന്നു. വിസ്തൃതമായ നദീതലത്തിൽക്കൂടി വന്നും പോയുമിരിക്കുന്ന പലവിധം പത്തേമാരികൾ, ബോട്ടുകൾ, പറക്കുന്ന വേഗമുള്ള

ലോഞ്ചുകൾ—ആകെക്കൂടി അവിടെ വലിയൊരു കോലാഹലമാണ്. പത്തായിരം ആളുകൾ സന്ദർശകരായെത്തീട്ടുണ്ട്, സർക്കിൾ ലയിൻ ബോട്ടുയാത്രയ്ക്കുവേണ്ടി. ടിക്കററ് മേടിക്കാൻ വലിയൊരു ക്യൂ ഉണ്ട്. നാലു ബോട്ടുകൾ പോയിക്കഴിഞ്ഞു. അഞ്ചാമത്തേത് 11.15-ന്. പ്രായമായവർക്കു കൂലി 3 75, കുട്ടികൾക്ക് 1.75.

രണ്ടു ഡോളറിനു കാർ പാർക്കുചെയ്തു. ടിക്കറെറടുത്തിട്ട് ബോട്ടിൽ കയറി.

സർക്കിൾലൈൻ ബോട്ട്‌യാത്ര: ഇരുന്നൂറുപേർക്ക് സസുഖം ഇരുന്ന് ഇരുവശവുമുള്ള കാഴ്ചകൾ കണ്ടുകൊണ്ടു യാത്രചെയ്യാവുന്ന രണ്ടുനിലയുള്ള വലിയ ബോട്ട്. താഴത്തെ നിലയിൽ കാൻറീൻ, ലാററിൻ, സ്റ്റേഷനറിസ്റ്റാൾ—ഇത്യാദി സൗകര്യങ്ങളുണ്ട്. അണിയത്തു് നേവി ഓഫീസർ വേഷത്തിൽ ഒരാൾ മൈക്കിൻെറ മുമ്പിലിരുന്ന് വാചാലതയോടെ ഓരോ കാഴ്ചയുടേയും വിശദവിവരങ്ങൾ നൽകുന്നു.

"12.5 മൈൽ നീളവും 2.5 മൈൽ വീതിയുമുള്ള മൻഹട്ടൻ ദ്വീപ് ന്യൂയോർക്ക് സിററിയുടെ കേന്ദ്രസ്ഥാനമാണ്. ഈ ദ്വീപിനുള്ളിലാണ് എക്സ്ചേഞ്ച് സെൻററുകൾ, പ്രമുഖബാങ്കുകൾ, 60 നിലയുള്ള വൂൾവർത്ത് മന്ദിരം; പ്രസിദ്ധ തിയേററുകൾ സ്ഥിതിചെയ്യുന്ന ടയിംസ്ക്വയർ, യുണൈറഡ് നേഷൻസ് ഹെഡ്ക്വാർട്ടേർസ്, സെൻട്രൽ പാർക്ക്, മെററ്റോപൊളിററൻ മ്യൂസിയം, നീഗ്രോ തലസ്ഥാനമെന്നറിയപ്പെടുന്ന ഹാർലം, ചൈനാ സംസ്കാരം പുലർത്തുന്ന അനേകായിരം ചൈനാക്കാർ തിങ്ങിപ്പാർക്കുന്ന ചൈനാ ടൗൺ, 14 സ്കൈസ്ക്രേപ്പറുകൾ തലപൊക്കിനില്ക്കുന്ന റോക്ക് ഫെല്ലർ സെൻറർ, ലോകത്തേക്ക് ഏററവും പൊക്കമേറിയ 102 നിലയുള്ള എമ്പയർ സ്റ്റേററ് ബിൽഡിങ്, വാഷിങ്ടൺ ബ്രിഡ്ജ് തുടങ്ങിയ നിരവധി ഒന്നാംകിട പാലങ്ങൾ, കൊളമ്പിയാ യൂണിവേർസിററി, ലോകധനകേന്ദ്രമായ വാൾസ്ട്രീററ് എന്നുവേണ്ട ന്യൂയോർക്കിലെ എല്ലാ പ്രധാന സ്ഥാപനങ്ങളുടേയും ആസ്ഥാനമാണിവിടം. ഇവ ഓരോന്നിൻെറയും തൊട്ടടുത്തു് ബോട്ടുനിറുത്തി ഓരോന്നും ഞാൻ വിവരിച്ചുകേൾപ്പിക്കും. 3.30 മണിക്കൂറാണ് യാത്രാസമയം. ലഞ്ചും ഡ്രിങ്കുകളും യഥേഷ്ടം കാൻറീനിൽ കിട്ടും. Trashbin-ൽ അല്ലാതെ അഴുക്കുകളൊന്നും നദീതലത്തിൽ വിക്ഷേപിച്ചുകൂടാ. അതു കുററകരമാണ്. നിങ്ങളുടെ സഹകരണത്തിനു നന്ദി."

ഹഡ്സൺെറ വിരിമാറിടം പിളർന്നുകൊണ്ടു് യാത്ര ആരംഭിച്ചു. 30 മൈലാണ് സഞ്ചരിക്കേണ്ടതു്. ഓരോവിധത്തിൽ വിധാനവൈചിത്ര്യവും അത്ഭുതജനകമായ ഔന്നത്യവും വഹിക്കുന്ന സൗധപരമ്പരകളാണ് ഇരുകരകളിലും. നദിക്കരയിലുള്ള നില അവയുടെ ഭംഗി വർദ്ധിപ്പിക്കുന്നു. കോടിക്കോടി ഡോളർ വിലയുള്ള ആകാശചുംബികൾ, വിപുലാകാരങ്ങളായ അപ്പാർട്ടുമെൻറ്

മന്ദിരങ്ങൾ, പലവിധം തൊഴിലുകൾ രാപ്പകൽ നടന്നുകൊണ്ടിരിക്കുന്ന വ്യവസായശാലകൾ, സമ്പന്നികേതനങ്ങളായ വാണിജ്യകേന്ദ്രങ്ങൾ, വിശ്വോത്തരങ്ങളായ വിദ്യാഭ്യാസസ്ഥാപനങ്ങൾ—എല്ലാം ഹഡ്സൺെറ അനുഗ്രഹാശിസ്സുകൾ ഏററുകൊണ്ടു തിളങ്ങിനില്ക്കുന്നു. കണ്ണുപറിക്കാൻ കഴിയാതെ വിശ്വവിസ്മാപകമായ ആ കാഴ്ച കണ്ടുകൊണ്ടിരുന്നുപോയി. ഗൈഡിൻെറ വിവരണങ്ങൾ കേൾക്കുമ്പോൾ—അക്കരെയും ഇക്കരെയുമുള്ള സ്ഥാപനങ്ങൾ കാണാനായി സന്ദർശകർ ബോട്ടിന്റെ ഇരുവശങ്ങളിലും തടിച്ചുകൂട്ടം,—ചരിഞ്ഞുപോകുമോ എന്നു ഭയം ജനിപ്പിക്കത്തക്കവിധം. സൗധനിർമ്മാണകലാവൈദഗ്ധ്യത്തിൻെറ മൂർദ്ധാഭിഷിക്തോദാഹരണമായ Empire State Building-ൻെറ മുൻവശവും പിൻവശവും കാണത്തക്കവിധം ബോട്ട് കറങ്ങി സഞ്ചരിക്കയുണ്ടായി. Bedloe's island എന്ന ദ്വീപിൻെറ മുൻവശത്തു് ഹഡ്സൺനദിയെ സമീക്ഷിച്ചുനില്ക്കുന്ന സ്വാതന്ത്ര്യപ്രതിമ (Statue of Liberty) യുടെ സമീപം ഏതാനും നിമിഷത്തേക്കു ബോട്ടു നിറുത്തി. വാട്ടർ ലവലിൽനിന്നു 305 അടി ഉയരത്തിൽ നില്ക്കുന്ന ഈ പ്രതിമ ഫ്രഞ്ചുകാർ 1866-ൽ യു. എസ്. എ. യ്ക്കു സമ്മാനിച്ചതാണ്. ഗൗണും കിരീടവുമണിഞ്ഞ കുലീനയായ ഒരു സ്ത്രീ വലതുകൈകൊണ്ട് ഒരു കത്തുന്ന പന്തം പൊക്കിപ്പിടിച്ചു നില്ക്കുന്നു. യൂറോപ്യൻ കുടിയേറിപ്പാർപ്പുകാർക്ക് അമേരിക്കയിൽ ലഭിച്ച സ്വാതന്ത്ര്യത്തിൻെറ പ്രതീകമാണിതു്. ഫ്രഞ്ചുകാർ പിരിച്ചെടുത്ത വരിപ്പണംകൊണ്ട് Frederic Auguste Bartholdi എന്ന ശില്പി നിർമ്മിച്ച ഇതിൻെറ പീഠത്തിൽ 'അശരണരും ആർത്തരുമായ പാവങ്ങളെ എന്നെ ഏല്പിക്കുക' എന്നവസാനിക്കുന്ന Emma Lazarus-ന്റെ പ്രശസ്തകവനം ആലേഖനംചെയ്തിട്ടുണ്ട്.

ഒരു മായാലോകത്തിൽ കടന്നു് സുന്ദരസ്വപ്നശതങ്ങൾ ദർശിച്ചിരിക്കുന്നപോലായിരുന്നു മൂന്നരമണിക്കൂർ നേരവും കഴിച്ചുകൂട്ടിയതു്.

ഉച്ചയായപ്പോൾ തിന്നാനും കുടിക്കാനുമുള്ള തിടുക്കമായി. കാഴ്ചകാണുന്നതിനിടയ്ക്കു ഭക്ഷണക്കാര്യത്തിൽ ആരും അമാന്തം കാണിച്ചിരുന്നില്ല. ഞങ്ങൾ എല്ലാം ബാഗിൽ കരുതിയിരുന്നതുകൊണ്ട് ഓരോ കൂൾഡ്രിങ്ക് മാത്രമേ മേടിക്കേണ്ടിവന്നുള്ളു.

മൂന്നു മണിയായി ട്രിപ്പ് അവസാനിച്ചപ്പോൾ, ന്യൂയോർക്കിൽ ഒരു ചുററിക്കറക്കം. പിന്നെ കാറിൽ ചുററിക്കറങ്ങി മൻഹട്ടനിലുള്ള പ്രധാന സ്ഥാപനങ്ങളെല്ലാം അടുത്തുചെന്നു കണ്ടു.

''ഈ പ്രദേശങ്ങളിലെ നൂറുനൂറു വഴികളെല്ലാംതന്നെ നിനക്കു സുപരിചിതംപോലെ തോന്നുന്നല്ലോ. ഇതെങ്ങനെ സാധിച്ചു?''

''ഞങ്ങൾ രണ്ടുകൊല്ലത്തിൽ കൂടുതൽ ന്യൂയോർക്കിൽ താമസിച്ചിരുന്നു. പിന്നെ, വളഞ്ഞവഴികൾ വളരെ കുറച്ചേ ഇവിടെ ഉള്ളു. അവന്യൂകളും സ്ട്രീററുകളും എല്ലാം മുറ മുറയേ നമ്പരിട്ടിട്ടുണ്ട്. അതാ, ബോർഡുകൾ നോക്കൂ. 5th Avenue, 34th Street. ഇതേ നോക്കൂ, നാം ബോട്ടിലിരുന്നു കണ്ട Empire State Building.''

102 നിലയും 1200 അടി ഉയരവുമുള്ള അംബരചുംബി. ഇരുപത്തയ്യായിരം പേൎക്കു താമസസൗകര്യമുള്ള മഹാമന്ദിരം. ആധുനികശില്പിലോകത്തെ അത്യത്ഭുതങ്ങളിൽ ഒന്നു്. ഇതിൻെറ മുകളിൽ സ്ഥാപിതമായ ടി. വി. ട്രാൻസ്മിററുടെ സഹായത്താലാണു് വളരെ ദൂരത്തിൽ ടി. വി. വൈദ്യുതപ്രേഷണത്തിനു സാധിക്കുന്നതു്. ഗഗനപഥം തടഞ്ഞു നില്ക്കുന്ന ഇതിൽ 1945-ൽ 915 അടി ഉയരത്തിൽ ഒരു ബോമ്പർ ബി. 25 വന്നു മുട്ടുകയുണ്ടായി. തെരുവിൽ സഞ്ചരിച്ചിരുന്ന 13 പേർ ഉടൻ മരിച്ചുവീണു. 25 പേൎക്കു പരിക്കും പററി

വാഷിങ്ങ്ടൺ സ്ക്വയർ ആർച്ചും (Washington Square Arch) പാർക്കും കടന്നു് ഗ്രീൻവിച്ച് വില്ലേജിലേക്കു തിരിഞ്ഞു.

''സാഹിത്യത്തിലും മററു കലകളിലും ക്രമവും മര്യാദയും മറികടന്നു തോന്നിയവാസത്തിനു കളമൊരുക്കുന്ന കലാകാരന്മാരുടെ അധിവാസകേന്ദ്രമാണിതു്''—വളഞ്ഞുതിരിഞ്ഞ തെരുവുകൾ. ''പട്ടാപ്പകൽപോലും ഭയപ്പെടേണ്ട സ്ഥലങ്ങളാണിവ,'' രാധ ഒരു ക്രോസ്‌വേയിൽ സിഗ്നൽ കാത്തുനില്ക്കവേ പറഞ്ഞു.

''വൈവിധ്യമാണു് ന്യൂയോക്കിൻെറ ഒരു വിശേഷവിധി. ഇവിടെ ലോകത്തിലെ പ്രധാനപ്പെട്ട എല്ലാ ജനതകളും അധിവസിക്കുന്നുണ്ടു്. ആയിരക്കണക്കിനു ചൈനാക്കാർ തിങ്ങിത്താമസിക്കുന്ന ചൈനാ ടൗണിലേക്കു നമുക്കിപ്പോൾ പോകാം ''

ചൈനാടൗൺ: വാഹനങ്ങൾ തുരുതുരെ ഓടിക്കൊണ്ടിരിക്കുന്ന തെരുവുകളിൽക്കൂടി ഞങ്ങൾ കാൽമണിക്കൂർ മുമ്പോട്ടു നീങ്ങി. വളരെ പ്രയാസപ്പെട്ടു് ഒരു തെരുവിൽ കാർ പാർക്കുചെയ്തു. വീതി കുറഞ്ഞ ഒരു ഇടത്തെരുവിലേക്കു തിരിഞ്ഞു. അപ്പുറവും ഇപ്പുറവും വർണ്ണോജ്ജ്വലമായ പെയിൻറിങ്ങുകൾകൊണ്ടു തിളങ്ങുന്ന മാളികകൾ. ചൈനാടൗണിലെ ഒരു തെരുവാണു്. രണ്ടു കാറുകൾക്കു ഞെരുങ്ങിപ്പോകാനേ വീതിയുള്ളു. പീടികകളും റസ്റ്റാറൻറുകളും ധാരാളമുണ്ടു്. തെരുവുകളിലെങ്ങും മഞ്ഞമനുഷ്യർ. കൂടുതലും പൊക്കംകുറഞ്ഞവർ. അനുനാസികപ്രധാനമായ ഭാഷയിൽ സംസാരിക്കുന്നു. ഒരു പേപ്പർബോയ് ഉച്ചത്തിൽ എന്തോ ചൈനീസ് ഭാഷയിൽ വിളിച്ചുപറഞ്ഞു് ചിത്രഭാഷ ആലേഖനംചെയ്തിട്ടുള്ള ഒരു പാത്രം വില്ക്കുന്നു. താൽപര്യത്തോടെ പലരും അതു മേടിക്കുന്നുണ്ടു്.

ഞങ്ങൾ ഒരു റസ്റ്റാറൻറിൽ കയറി. നിറയെ മഞ്ഞമനുഷ്യർ. ഒരററത്തു വീതിയുള്ള ഡസ്കുകളും രണ്ടുവശവും ബെഞ്ചുകളും. സ്ത്രീകളും പുരുഷന്മാരും ആ മൂലയിൽ നിരന്നിരുന്നു ചോറുണ്ണുന്നു. ഓരോ കൈയിലും ഓരോ കോൽപിടിച്ചു് അതിൻെറ അല്പം വീതിയുള്ള അററംകൊണ്ടു് ചോറു് അതിവേഗത്തിൽ കോരിത്തിന്നുന്ന കാഴ്ച ഞങ്ങൾ അത്ഭുതത്തോടെ നോക്കി. വറുത്ത മീനും ചൈനീസ് പലഹാരങ്ങളും തിന്നു് ചായകുടിക്കുന്നവർ വട്ടമേശകൾക്കു ചുററും ഇരിക്കുന്നു. ഒഴിഞ്ഞ ഒരു മൂലയിലിരുന്നു് ഞങ്ങളും ടീക്കു് ഏർപ്പാടു

ചെയ്തു. രാധയും കുഞ്ഞുങ്ങളും വറുത്തമീനും മണക്കുന്ന പലഹാരങ്ങളും നല്ല സ്വാദുള്ളതെന്നു കമ്മന്റേറാട്ടുകൂടി തിന്നു.

തോരണങ്ങളും കളർലൈററുകളുംകൊണ്ടു് സമലംകൃതമായ മറെറാരു തെരുവിലിറങ്ങി. അതിന്റെ അററത്തു് ചൈനീസ് മാതൃകയിലുള്ള ഗോപുരങ്ങളോടുകൂടിയ ഒരു ബുദ്ധക്ഷേത്രമാണു്. വീരഭദ്രന്റെയും മററും പ്രതിമകളെ ഓർമ്മിപ്പിക്കുന്ന കൊത്തുപണികളും പൊയ്മുഖങ്ങളും സ്തൂപത്തിനു ചുററും കാണാം.

ചൈനീസ് കമ്പോളത്തിൽ ഞങ്ങൾ കയറി. നാലഞ്ചു പച്ചക്കറിക്കടകളിൽനിന്നു് ഒന്നാംതരം പാവയ്ക്ക, പൃത്തിച്ചക്ക, വെള്ളരിക്ക, ചീരപോലുള്ള 'ലെററ്യൂസ്' എന്ന ഇലക്കറി, മാമ്പഴം തുടങ്ങിയവ മേടിച്ചു. മീൻകടയിൽനിന്നു നല്ല ഉണക്കപ്പരവയും കൊഞ്ചും മേടിച്ചു എല്ലാപേക്കും ഓരോ ചുമടായി.

വൈകുന്നേരമായതോടെ ജനസാന്ദ്രത വദ്ധിച്ചിരുന്നു. മറെറാരു ഇടുങ്ങിയ റോഡുവഴി നടന്നു് കാർ പാക്ചെയ്തിരുന്നിടത്തെത്തി. ചൈനീസ് ബാലന്മാർ ചീന ലിപിയിലുള്ള പത്രങ്ങൾ, വാരികകൾ, പുസ്തകങ്ങൾ ഇവയെല്ലാം റോഡിറമ്പത്തു നിന്നു് തിരക്കേറിയ കച്ചവടം നടത്തുന്നു.

അമേരിക്കൻ സംസ്കാരതരുവിൽ തഴച്ചുനില്ക്കുന്ന ഒരു മഞ്ഞക്കൊമ്പു്—അതാണു് ചൈനാ ടൗൺ.

110 നിലയുള്ള ഇരട്ടഗോപുരങ്ങൾ—Twin Towers—അതിമനോഹരമായ ഒരെടുപ്പു്. അപ്പുറത്തു് വാൾസ്ട്രീറ്റു്—യു. എസ്. എ യുടെ ധനകേന്ദ്രം. വലിയ ബാങ്കുകൾ, ഇൻഷ്വറൻസ് കമ്പനികൾ, മുട്ടൻ കച്ചവടകേന്ദ്രങ്ങൾ—ബ്രോഡ്‌വേയിൽ 7 ബ്ളോക്ക് വിസ്തൃതമായി കിടക്കുന്ന ജനനിബിഡമായ തെരുവുകൾ

എന്തിനാണു് വാൾസ്ട്രീററ് എന്നു വിളിക്കുന്നതു്?

17–ാം ശതകത്തിന്റെ മദ്ധ്യത്തിൽ ഇംഗ്ലീഷുകാരുടെ കടന്നേററം ഉണ്ടാകുമെന്നു ഭയന്നു കെട്ടിപ്പടുത്ത ഒരു കോട്ടമതിലിന്റെ സ്മാരകമെന്നാണു പറയപ്പെടുന്നതു്. ഇപ്പോൾ അമേരിക്കൻ നാണയക്കമ്പോളത്തിന്റെ പ്രതീകം.

J. P. Morgan and Company എന്ന വിശേഷാത്തരമായ ബാങ്കിങ് ഫേമിന്റെ മന്ദിരശ്രേണികളാണു് അക്കാണുന്നതു്.

ഇതേ, ഒരു മനോഹരമായ പാക്ക്. പീറ്റർ മിന്യൂ (Peter Minuit) എന്ന ഡച്ച് കോളണിസ്റ്റ് 24 ഡോളർ വിലയുള്ള കളിപ്പണ്ടങ്ങളും ആഭരണങ്ങളും കൊടുത്തു് അവയ്ക്കുപകരം മൻഹട്ടൻ ദ്വീപിന്റെ തീറവകാശം നാട്ടുകാരിൽനിന്നു് എഴുതിമേടിച്ചതു് ഇവിടെവച്ചായിരുന്നുവത്രേ

യുണൈററഡ് നേഷൻസ് മന്ദിരം: യുണൈററഡ് നേഷൻസിന്റെ ആസ്ഥാനമായ മന്ദിരശ്രേണികൾ ഇതേ കാണുന്നു. ഒലിവ് മരക്കൊമ്പുകൾ ചുററിപ്പിണഞ്ഞ ഗ്ലോബ് അടയാളമുള്ള വലിയ കൊടിക്കൂറ പാറത്തിനില്ക്കുന്ന കണ്ണാടിഗോപുരം—വിശൈവക്യ

ത്തിനുവേണ്ടി നടത്തുന്ന സർവ്വരാഷ്ട്രസഭയുടെ നിഷ്ഫലവാദകോലാഹലങ്ങൾ കേട്ടുണ്ടാകുന്ന പരിഹാസച്ചിരി ജനിപ്പിച്ച ചാഞ്ചാട്ടമാണോ ആ കൊടിക്കൂറയുടെ തളരാത്ത തലയാട്ടലിനു കാരണം?

ഹാർലം: മണി ആറായി.

സെൻട്രൽ പാർക്കിലെത്തി. അതിന്നപ്പുറമാണ് ഹാർലം—അമേരിക്കൻ നീഗ്രോകളുടെ തലസ്ഥാനമെന്നറിയപ്പെടുന്ന നഗരവിഭാഗം. അവിടംകൂടി ഒരുനോക്കു കണ്ടിട്ടു പോകാമോ?

"നട്ടുച്ചയ്ക്കുപോലും കൊള്ളകൊലപാതകങ്ങൾ നടക്കുന്ന സ്ഥലമാണ്. ഇനിയൊരു ദിവസം പോരെ?"

"എന്തൊക്കെ കാണാനുണ്ട്?"

"വൃത്തികെട്ട തെരുവുകൾ കുറെയുണ്ട്. നീഗ്രോകളുടെ നില ഇന്നു വളരെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും പഴയ അക്രമാസക്തിയും വിദ്വേഷവാസനയും വിട്ടിട്ടില്ല. കുഞ്ഞുങ്ങളുടെ അച്ഛൻ വന്നിട്ട് നമുക്കൊന്നിച്ചുവന്നു കാണാം."

"ശരി."

"ഈ ഭംഗിയുള്ള പാർക്ക്തന്നെ നോക്കണം. ഭയന്ന് ആളുകൾ അധികമായി ഇവിടെ വരാറില്ല."

"നമുക്കു പോകാം."

അപകടം ഒഴിവാക്കി: പാർക്കിനു പുറത്തിറങ്ങി. സൈഡ് പാത്തുകളിൽ സിഗ്നൽ കാത്തു നില്ക്കുന്നവർ വെളുമ്പരും കറുമ്പരും ധാരാളമുണ്ട്. ഗതാഗതം വലുതായില്ല. ഒരിടത്തു ചുവപ്പുസിഗ്നൽ മാറി പച്ച വന്നപ്പോൾ രാധ കാർ മുമ്പോട്ടു വിട്ടു. പെട്ടെന്ന് ഒരു തടിച്ച കറുമ്പൻ നീഗ്രോയുവാവ് ഒരു വെളുമ്പൻ നീഗ്രോയുവാവിന്റെ കൈകോർത്തു പിടിച്ചുകൊണ്ട് റോഡ് ക്രോസ്ചെയ്യാനായി കാറിന്റെ മുമ്പിലേക്ക് എടുത്തൊരു ചാട്ടം. ഭാഗ്യമെന്നേ പറയേണ്ടൂ, രാധ പെട്ടെന്ന് ഹാൺ ഉച്ചത്തിൽ മുഴക്കി, പിന്നിലുള്ള ചുവന്ന ലൈറ്റുകൾ കത്തിച്ച് സിഗ്നൽ കാട്ടിക്കൊണ്ട്, സഡൻബ്രേക്കിട്ടു. ഞങ്ങൾ മുന്നോട്ടാഞ്ഞു തലയിടിച്ചു എങ്കിലും ആപത്തൊഴിവായി.

"മനഃപൂർവ്വം വഴക്കുണ്ടാക്കി നമ്മെ ശല്യപ്പെടുത്താൻ ഇവന്മാർ ചെയ്യതാണ്. ഇതൊരു പതിവുസമ്പ്രദായമാണ്."

റോഡിന്റെ നടുക്കുള്ള ലൈനിൽ നിന്ന് അവന്മാർ ഉച്ചത്തിൽ ചീത്ത വിളിച്ച് ഒച്ചയുണ്ടാക്കുന്നു.

"ന്യൂയോർക്കിന്റെ ചില മൂലകളേ നാം കണ്ടുള്ളു. ബാക്കി ഇനിയൊരു ദിവസം." രാധ പറഞ്ഞു.

വീട്ടിലെത്തിയപ്പോൾ എല്ലാവരും ക്ഷീണിച്ചിരുന്നു. രാധയ്ക്കു വലിയ തലവേദന. നേരത്തേ കിടന്നു.

## 1973 ജൂലായ് 29, ഞായറാഴ്ച

രാമപ്പോ താഴ്‌വര: "എ. കെ. ബി.-യുടെ രാമപ്പോ കോളേജ് മനോഹരമായ ഒരു സൈററ് ആണെന്ന് പാം പറഞ്ഞു. നമുക്കിന്നൊന്നു പോയി കാണണം." പ്രാതൽ കഴിഞ്ഞപ്പോൾ ഞാൻ രാധയോടു പറഞ്ഞു.

"അവിടെ നല്ലൊരു സ്വിമ്മിങ്പൂളുണ്ട്. പാമിനെക്കൂടെ വിളിക്കാമോ അമ്മേ?" ഗീത ആരാഞ്ഞു.

"വിളിച്ചുനോക്ക്."

പാം സ്ഥലത്തില്ല.

കുട്ടികൾ സ്വിമ്മിങ്ഡ്രസ്സ് എടുത്തു.

9-ന് തിരിച്ചു.

പൂർവ്വനിവാസികളായിരുന്ന റെഡ് ഇൻഡ്യന്മാരെ ഓർമ്മിപ്പിക്കുന്ന മാവാ (Mahwah) എന്ന സ്ഥലത്താണ് രാമപ്പോ താഴ്‌വര (Ramapo Valley). 30 മൈൽ അകലം വരും. 20 മിനിററ് ഡ്രൈവിങ് ദൂരം.

പച്ചമരങ്ങൾ പൊതിഞ്ഞ കുന്നിൻപുറങ്ങളുടെ മദ്ധ്യത്താണ് രാമപ്പോ താഴ്‌വര. അത്യന്തസുന്ദരമായ ഭൂപ്രദേശം. റോഡുകളിൽ വലിയ തിരക്കില്ല. വിസ്തൃതമായ പാർക്കിങ്ഗ്രൗണ്ട്. അവധിക്കാലമായതുകൊണ്ട് അവിടെയും തിരക്കില്ല. ചുററിനുമുള്ള പ്രകൃതിയുടെ രാമണീയകം ആസ്വദിച്ചുകൊണ്ട് അഞ്ചെട്ടുനിമിഷം ഞാനവിടെ നിന്നുപോയി.

"സമ്മറിന്റെ അവസാനമാകുമ്പോൾ ഇക്കാണുന്ന പച്ചിലകളെല്ലാം പഴുക്കും. ഓറഞ്ച്, മഞ്ഞ, തവിട്ടുനിറം, ഇളംചുവപ്പ്, കടുംചുവപ്പ് ഇങ്ങനെ പല നിറങ്ങളണിയും. അപ്പോളാണ് അക്കാണുന്ന കുന്നിൻപുറങ്ങളുടെ ഭംഗി എത്ര കണ്ടാലും മതിയാകാത്തതു്." എന്റെ നില കണ്ടു രാധ പറഞ്ഞു.

പൈൻമരങ്ങൾ അണിനിരന്നു നില്ക്കുന്ന നടപ്പാതയിൽക്കൂടി കുട്ടികൾ കോളേജ് മന്ദിരം നില്ക്കുന്ന ഉയർന്ന തിട്ടിനുനേർക്ക് ഓടിക്കഴിഞ്ഞിരുന്നു.

രാമപ്പോ കോളേജ്: ചുററിനുമുള്ള വനസദൃശമായ ഭൂരുഹനികരങ്ങൾ മുഴുക്കെ പ്രതിഫലിക്കുന്ന മുഴുത്ത ദർപ്പണഫലകങ്ങൾകൊണ്ടു നിർമ്മിച്ച | | രൂപത്തിലുള്ള ഒരു മുട്ടൻ രണ്ടുനില മാളികയാണ് കോളേജ്മന്ദിരം. പടി കയറി വീതിയുള്ള വരാന്തയിലേക്കു നീങ്ങിയപ്പോൾ ഞങ്ങളുടെ മുഴുവൻ രൂപവും പ്രതിഫലിച്ചു കണ്ടു. അപ്പുറത്തു മറെറാരു വലിയ തോട്ടമുണ്ടെന്നു തോന്നി, അടുത്തുചെന്ന് അതു പ്രതിഫലനമാണെന്നു മനസ്സിലാകുന്നതുവരെ.

''ഇതുപോലെ ഒപ്പുണഭിത്തികൾകൊണ്ടു മാത്രം നിമ്മിച്ച ഒരു കോളേജ് യു. എസ്. എ.–യിൽ വേറെ ഇല്ല. ഭംഗിക്കു പുറമേ ധാരാളം ഉള്ളളവും കിട്ടും.''

"കുട്ടികളുടെ സ്ട്രൈക്ക് ഉണ്ടാകുകയാണെങ്കിൽ ഒക്കെ തവിടുതരിപ്പണമാക്കാൻ നിഷ്പ്രയാസം സാധിക്കും!'' ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

''അതിനുള്ള പുറവുപാടുകൾ ഇവിടെയില്ല. പിന്നെ ഇവിടത്തെ ആകെയെല്ലാംതന്നെ ഏതു നിമിഷത്തിലും തരിപ്പണമാകാവുന്നതല്ലേയുള്ളു, ലോകത്തെ വൻകിടശക്തികൾ തമ്മിൽ ഒരു ഏറ്റുമുട്ടലുണ്ടായാൽ.''

പുഷ്ഡോർ തുറന്നു് അകത്തുകയറി. വിസ്തൃതമായ മുറികൾ. എല്ലാം എയർ കണ്ടീഷൻഡ്. കോണി കയറി മുകൾനിലയിലെത്തി. എ. കെ. ബി.–യുടെ ആന്ത്രോപ്പാളജി ഡിപ്പാർട്ടുമെൻറിലേക്കു നീങ്ങി. രാധ താക്കോലുകൾ കൊണ്ടുവന്നിരുന്നു. എ. കെ. ബി.–യുടെ മുറി തുറന്നു ഞങ്ങൾ അകത്തു കയറി. പ്രൊഫസ്സറുടെ സ്റ്റാററസ്സിനു പററിയ ഉപകരണങ്ങളുള്ള നല്ലൊരു മുറി. ഭിത്തിയുടെ സമീപത്തു ചെന്നു നോക്കിയാൽ പുറത്തുള്ള ഉദ്യാനങ്ങളും അകലെയുള്ള സ്വിമ്മിങ്പൂളും റോഡുകളും ദൂരെയുള്ള മലവാരങ്ങളും ഒക്കെ കാണാം.

കുഞ്ഞുങ്ങൾ തിടുക്കപ്പെടുന്നു. ഞങ്ങൾ താഴെയിറങ്ങി ഉദ്യാനമദ്ധ്യത്തുകൂടി സ്വിമ്മിങ് പൂളിനു നേക്കു നീങ്ങി. പൂളിൻെറ പിൻഭാഗത്തു് പഴയ മോഡലിൽ പുകക്കുഴലുകളും കന്മതിലുകളുമുള്ള ഒരു ഊക്കൻ മൂന്നുനില മാളികയുണ്ടു്.

''ഇതു് അദ്ധ്യാപകരുടെ വിശ്രമസ്ഥലമാണ്. ഊൺമുറി, കളിമുറി, കളിമുറി, വിശ്രമമുറി—എല്ലാ സൗകര്യങ്ങളുമുണ്ടു്. ഈ മാളികയുടെയും ചുററിനുമുള്ള നൂറേക്കർ ഭൂമിയുടെയും ഈ സ്വിമ്മിങ്പൂളിൻെറയും ഒക്കെ ഉടമസ്ഥനായിരുന്ന കുബേരൻ ആറു കൊല്ലത്തിനുമുമ്പു മരിച്ചു. അയാൾ ഒരു ഹോമോസെക്ഷ്വൽ ആയിരുന്നുവത്രേ അടുത്ത അവകാശികളായി ആരെയും നിശ്ചയിച്ചിരുന്നില്ല. എല്ലാം ഗവമ്മെൻറ് കൈവശമായി. പുതിയ സ്കീം അനുസരിച്ചുള്ള ഒരു വൻകിട കോളേജാക്കുവാൻ തക്ക സൗകര്യങ്ങൾ ഇവിടെ ഉണ്ടെന്നു കണ്ടു് ഗവമ്മെൻറ് ഈ മനോഹരമന്ദിരം ഇവിടെ പെട്ടെന്നു പണിതു. അപ്പുറം ചെന്നു നോക്കിയാൽ കാണാം ഒരു വലിയ അഞ്ചുനിലക്കെട്ടിടംകൂടി ധൃതിവെച്ചു പണിചെയ്തുകൊണ്ടിരിക്കയാണ്.''

ഗീതപ്രീതമാർ പൂളിൽ ചാടിക്കഴിഞ്ഞിരുന്നു.

'കോളേജ് സ്റ്റാഫിനും സ്ററുഡൻറ്സിനും സിൽബന്തികൾക്കും മാത്രം' എന്നൊരു ബോർഡ് വെച്ചിട്ടുണ്ടു്. സ്വിമ്മിങ്ഡ്രസ്സ് അണിഞ്ഞ ഏഴെട്ടു യുവതികളും യുവാക്കന്മാരും ഉത്സാഹപൂർവ്വം നീന്തൽവിനോദങ്ങൾ നടത്തിക്കൊണ്ടിരിക്കയാണ്. ഫ്രോക്കണിഞ്ഞ

ഒരു വല്യമ്മ പുൽത്തകിടിയിൽ കണ്ണടച്ചിരുന്നു് മേൽനോട്ടം വഹിക്കുന്നു.

''മിസിസ് എ. കെ. ബി. യാണ്, അല്ലേ? കുട്ടികളുമായി ഇതിനുമുമ്പും വന്നിട്ടുണ്ടല്ലോ? ഇതാരാ?''

രാധ എന്നെ പരിചയപ്പെടുത്തി. അവർ യുവതികളുടെ ഡോർമിറ്ററിയിലെ അസിസ്റ്റൻറ് വാർഡൻ ആൻഡ് ഫിസിക്കൽ ഇൻസ്ട്രക്ടർ. രാധ പുൽത്തകിടിയിലിരുന്നു് അവരുമായി സംസാരിച്ചു. ഞാൻ പരിസരങ്ങൾ ചുററിക്കറങ്ങിക്കണ്ടു.

കണ്ണാടിമന്ദിരത്തിൻെറ പിന്നിൽ വലിയ പ്ലേഗ്രൗണ്ട്. അതിൻെറ പിന്നിൽ ദ്രുതഗതിയിൽ പുതിയ കെട്ടിടം പണിതുകൊണ്ടിരിക്കുന്നു. പിന്നിലുള്ള ടാർറോഡിൻെറ വക്കിൽ ചുററിനും പൂച്ചെടിപ്പൊന്തകളുള്ള ഒരു വലിയ പൊയ്ക. മൂന്നുനാലു പിള്ളേർ ചൂണ്ടയിട്ടു മീൻ പിടിക്കുന്നു. ഒരു ഫർലാങ് നടന്നപ്പോൾ കുന്നിൻപുറത്തു ഡോർമിററി എട്ടുപത്തു കെട്ടിടങ്ങൾ. കോളേജടപ്പാകയാൽ രണ്ടുമൂന്നേ തുറന്നിട്ടുള്ളു. പുതിയ കെട്ടിടങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

വിശന്നുതുടങ്ങിയപ്പോൾ കുഞ്ഞുങ്ങൾ നീന്തൽ നിറുത്തി. അരമണിക്കൂറിനുള്ളിൽ ലഞ്ചിനു ഞങ്ങൾ വീട്ടിലെത്തി.

''ആ കുബേരൻ ഒരു ഹോമോസെക്ഷ്വൽ ആയതുകൊണ്ടാണല്ലോ സ്വത്തുമുഴുക്കെ ഒരു നല്ല കാര്യത്തിനുവേണ്ടി വിനിയോഗിക്കാൻ സാധിച്ചതു്!'' ഞാൻ ആലോചിച്ചു. ''എല്ലാ തിന്മകളുടെയും പിന്നിൽ തൽക്കാലം നമുക്കു് അദൃശ്യമായ ഏതോ നന്മ ഒളിച്ചിരിപ്പുണ്ടാകണം!''

വൈകുന്നേരം എമ്മായുടെ വീട്ടിൽ പ്രതിസന്ദർശനത്തിനു് എല്ലാപേരുംകൂടി പോയി. അവിടെ ആരുമില്ല. അടുത്ത വീട്ടിൽ അന്വേഷിച്ചു. അവരെല്ലാപേരുംകൂടി Coney Island-ൽ കുളിച്ചു രസിക്കാൻ പോയിരിക്കയാണെന്നറിഞ്ഞു.

''അതിമനോഹരമായ ഒരു സുഖവിഹാരകേന്ദ്രമാണ് കോണി ഐലാണ്ട്. നമുക്കും പോണം, അടുത്തയാഴ്ച,'' രാധ പറഞ്ഞു.

## 1973 ജൂലായ് 30, തിങ്കളാഴ്ച

ജൂഡി: രാവിലെ ഒരു ഫോൺകാൾ, ബെഡ്ഫോഡിൽ (Bedford)നിന്നു്. ഹൈസ്കൂളിൽ രാധയുടെ സഹാദ്ധ്യാപികയായിരുന്ന ജൂഡി റിച്ചാഡിൻെറതു്. മകളുടെ ജന്മനാളാണിന്നു്. വൈകുന്നേരത്തെ പാർട്ടിക്കു ചെന്നേ തീരൂ. അച്ഛനെയും കൊണ്ടു ചെല്ലണം. പല ബദ്ധപ്പാടുകൾകാരണമാണ് ഇതുവരെയും അച്ഛനെ വന്നു കാണാൻ പററാത്തതു്. ക്ഷമിക്കണം. പിന്നെ രാത്രി കുഞ്ഞുങ്ങളെ സ്ലംബർപാർട്ടിക്കും വിടണം.

നാളെ ഓഫീസ് ദിവസമല്ലേ?

അതെല്ലാം പറഞ്ഞു ശരിപ്പെടുത്താവുന്നതേയുള്ളു. ഉച്ചയ്ക്ക് ഓഫീസിൽ പറഞ്ഞിട്ടു പോന്നാൽ മതി. ബാക്കിയെല്ലാം റിച്ചാഡിനോടു ഞാൻതന്നെ പറഞ്ഞു ശരിയാക്കിക്കൊള്ളാം.

ജൂഡി, രാധയുടെ ആത്മാർത്ഥസുഹൃത്തുക്കളിൽ പ്രധാനിയാണ്: ഭർത്താവായ റിച്ചാഡ് രാധയുടെ Fish & Nieve Firm-ലെ ഒരു പ്രമുഖ ലായർ, പ്രതിമാസം മൂന്നുനാലായിരം വരവുള്ളയാൾ. രാധ അദ്ധ്യാപികജോലി രാജിവച്ചയുടനെ അയാളുടെ ശിപാർശപ്രകാരമാണ് ഫേമിൽ ഉദ്യോഗം കിട്ടിയതു്. രാധ മുമ്പ് വാടകവീട്ടിൽ താമസിച്ചിരുന്നപ്പോൾ വീട്ടുടമസ്ഥ അനാവശ്യമായി ഒരു വഴക്കുണ്ടാക്കിയപ്പോഴും ഡോക്ടറുടെ കാറിൽ ഇടിച്ച് കേസുണ്ടായപ്പോഴും ഫീസൊന്നും മേടിക്കാതെ റിച്ചാഡ് വാദിച്ചു ജയിച്ചുകൊടുത്തിരുന്നു.

ബീബി: ജൂഡിയുടെ മകൾ ബീബിയും ഗീതയും ബെഡ്ഫോഡിൽ ക്ലാസ്സ്മേററുകളായിരുന്നു. ഒരേ പ്രായക്കാരായ അവർ പ്രാണസുഹൃത്തുക്കളാണ്. മാസംതോറും വളർന്നുപൊങ്ങുന്ന ബീബി, അവളുടെ പൊക്കമേറിയ അച്ഛനമ്മമാരെ അനുകരിച്ച്. വലിയ പൊക്കംവയ്ക്കാതെ വളരുന്ന ഗീത, താരതമ്യേന പൊക്കംകുറഞ്ഞ അവളുടെ മാതാപിതാക്കന്മാരെപ്പോലെ ഓരോ സീസണിൻെറ അവസാനത്തിലും ബീബിക്കു നീളവും വണ്ണവുമേറിയ പുതിയ ഡ്രസ്സുകൾ മേടിക്കാൻ ജൂഡി നിർബ്ബന്ധയാകുന്നു. ബീബിയാകട്ടെ മൂന്നും നാലും മാസം മാത്രം പഴകിയ അവളുടെ വിലയേറിയ കുപ്പായങ്ങളും പാപ്പാസുകളും മററും പ്യാക്കുചെയ്തു് അപ്പോഴപ്പോൾത്തന്നെ അവളുടെ കൂട്ടുകാരിക്കു സമ്മാനിക്കുന്നു. ഗീതയുടെ ക്ലോസററിൽ ഇങ്ങനെയാണു പത്തഞ്ഞൂറു ഡോളർ വിലവരുന്ന രാജകീയമായ പത്തുനൂറു സെററ് ഒന്നാംതരം ഫ്രാക്കുകളും പൈജാമകളും മററും അടുങ്ങിയിരിക്കാനിടയായിട്ടുള്ളതു്.

''ജൂഡിയും അമ്മയും തമ്മിൽ സ്നേഹിക്കുന്നതിനേക്കാൾ ഞാനും ബീബിയും തമ്മിൽ സ്നേഹിക്കുന്നു. അവൾ രഹസ്യങ്ങളൊക്കെ എന്നോടു പറയും. ഞാൻ അവളോടും.''

''നിങ്ങൾക്കു തമ്മിൽ അങ്ങനെ രഹസ്യങ്ങളെന്തിരിക്കുന്നു?''

''എല്ലാം എല്ലാം!'' അവൾ പല്ലിളിച്ചു കാണിച്ചു.

''നിങ്ങളുടെ ജന്മനാളിനു് ഇവരൊക്കെ വന്നിരുന്നോ?''

''എല്ലാരും വന്നിരുന്നു. പാർട്ടി കഴിഞ്ഞു് ഞങ്ങൾ അവരെ ബാംബർഗേഴ്സിൽ കൊണ്ടുപോയി സ്വീററ്സും ട്രിങ്കററ്സും ഒക്കെ മേടിച്ചുകൊടുത്തുവിട്ടു. അന്നിവിടെ സ്ലംബർപാർട്ടിക്കു സൗകര്യമില്ലായിരുന്നു. എൻെറ അടുത്ത പുറന്നാളിനു് ഇവിടെ സ്ലംബർ പാർട്ടി വെക്കും.''

സ്ലംബർപാർട്ടി: ''സ്ലംബർപാർട്ടി എന്താണ്?''

''രാത്രിമുഴുക്കെ ഞങ്ങൾ കൂട്ടുകാർ എല്ലാപേരുംകൂടെ പാട്ടും ഡാൻസും നാടകവും കഥപറച്ചിലും ഒക്കെയായിക്കഴിയും, ഉറക്കം

വരുന്നതുവരെ. പിന്നെ ഒരേ ഹാളിൽത്തന്നെ കിടന്നുറങ്ങും. അമ്മയും അച്ഛനും മടങ്ങിയിട്ടു് പിറേറദിവസം രാവിലെ വന്നു വിളിച്ചുകൊണ്ടുപോകും.''

''എത്ര വയസ്സുവരെയുള്ള കുട്ടികളാ കാണും?''

''ഒക്കെ സമപ്രായക്കാർ. 10, 12 വരെയുള്ളവർ.''

''ആണും പെണ്ണും കാണുമോ?

''കാണും കാണും.''

''എത്ര പേർ കാണും?''

''പത്തുപതിനഞ്ചു പിള്ളേർ കൂട്ടം."

''തമ്മിത്തല്ലുമോ?''

''കുറച്ചൊക്കെ വഴക്കിടും. പിന്നെ ഇണങ്ങിക്കൊള്ളും.''

രാധ പറഞ്ഞു: ''അച്ഛനു് ഒരു നല്ല കോട്ടും ടൈയും കൂടിയേ തീരു. ഇവിടെയുള്ളതൊന്നും പാകമാകത്തില്ല. ഞാൻ നേരത്തേ വരാം. നമുക്കു് അലക്സാണ്ടേർസിൽനിന്നു മേടിക്കാം.''

''ഇൻഡ്യൻവേഷത്തിൽ പോകുന്നതല്ലേ അന്തസ്സ്? നല്ലൊരു കുർത്തായും മോത്തിയും ഷാളുമായി.''

''ഇവിടെ വലിയ ആക്ഷേപമാണു്. ഇന്ത്യാക്കാർ ഇവിടെ ധാരാളമുണ്ടു്. എല്ലാവരും ഇവിടത്തെ വേഷംതന്നെ അണിയാറു്."

രണ്ടു മണിക്കു് രാധ വന്നു.

മൂന്നിനു തിരിച്ചു.

പോകുന്ന വഴിക്കു നല്ലൊരു കോട്ടും മാച്ചുചെയ്യുന്ന ടൈയും മേടിച്ചണിഞ്ഞു. പ്രസൻറുകളും കരുതി.

80 മൈൽ അകലെയാണു് ബെഡ്ഫോഡു്.

''എപ്പോളാണു് പാർട്ടി?''

''അഞ്ചു കഴിയും.''

''ഒരുപാടു് അതിഥികൾ കാണുമോ?''

''കുറെ കാണണം. സൂക്ഷ്മമറിഞ്ഞുകൂടാ.''

പെരുമാററരീതിയൊക്കെ രാധ പറഞ്ഞുതന്നു.

''ഇത്രനേരത്തേ പോരണോയിരുന്നു.''

''വഴിക്കു് ചില സ്ഥലങ്ങളൊക്കെ കാണാനുണ്ടു്. മൗണ്ടു് കിസ്കോയിൽ ഞങ്ങൾ മുമ്പു താമസിച്ചിരുന്ന സ്ഥലം കാണാം."

''ബാർബാരയുടെ വീടു സന്ദർശിക്കാമോ?''

''പട്ടണം വിട്ടാണു്. ഇനിയൊരു ദിവസം വിശ്വവിഖ്യാതമായ 'Readers Digest' സ്ഥാപനം സന്ദർശിക്കാം.''

ടാപ്പൻ സീ പാലം: ഹഡ്സൺനദിയിലുള്ള രണ്ടു മൈലിൽപ്പരം നീണ്ട Tappen Zee എന്ന വമ്പിച്ച പാലം ഞങ്ങൾ കടക്കുകയായിരുന്നു. അനേകം കോടി ഡോളർ ചെലവഴിച്ചാലേ ഇത്ര ഉറപ്പും ഭംഗിയുമുള്ള വലിയ പാലം പണിയാനൊക്കൂ. ന്യൂയോക്കു് നഗരത്തിന്റെ ചേതോഹരമായ ഒരു ദൃശ്യം ഈ പാലത്തിൽനിന്നു കിട്ടുന്നു.

ട്രാഫിക്കിന്റെ തിക്കുമൂലം സാവധാനത്തിലേ മുന്നേറാൻ കഴിഞ്ഞിരുന്നുള്ളു. അമ്പതു മൈൽ പോയപ്പോൾ ശാന്തതരമായ ഒരു റോഡിലേക്കു തിരിഞ്ഞു. വലത്തുമാറി ഒരു കുന്നിൻമുകളിൽ വലിയ ഒരെടുപ്പു കണ്ടു.

റീഡേർസ് ഡൈജസ്റ്റ്: 'റീഡേർസ് ഡൈജസ്റ്റ്' സ്ഥാപനങ്ങൾ യൂറോപ്പിലുള്ള എല്ലാ പ്രമുഖഭാഷകളിലും അനേകലക്ഷം പ്രതികൾ വിററഴിയുന്ന ആ പ്രശസ്തമാസികയുടെ അതിവിപുലമായ ഓഫീസുകളും പ്രസ്സുകളും കൗതുകത്തോടെ ഒന്നോടിച്ചു കണ്ടു.

ജൂഡിയുടെ വീട്ടിൽ: അഞ്ചുമണിയായി ജൂഡിയുടെ വീട്ടിലെത്തിയപ്പോൾ. അഞ്ചേക്കർ വരുന്ന ഒരു വലിയ തോട്ടത്തിന്റെ മദ്ധ്യത്തിലാണു് മൂന്നു നിലയിലുള്ള വലിയ മന്ദിരം. മിസ്റ്റർ റിച്ചാഡ് സുമുഖനും സൗമ്യശീലനുമായ ഒരു പ്രാംശുകായൻ. 28 വയസ്സെന്നാണു് രാധ പറഞ്ഞതു്. അത്ര തോന്നുകയില്ല. കാളിങ് ബെല്ലടിച്ചപ്പോൾ വാതിൽ തുറന്നു് പുറത്തേക്കു വന്നു. നല്ല പല്ലുകൾ കാട്ടി ചിരിച്ചുകൊണ്ടു് ഷേക്ക് ഹാൻഡ് തന്നു് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി ഏഴെട്ടു തടിയൻ വെള്ളക്കാർ അവിടെ സമ്മേളിച്ചിട്ടുണ്ടു്.

''ഇന്ത്യയിൽനിന്നു വന്ന രാധയുടെ അച്ഛൻ. മുപ്പതിൽപ്പരം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ഒരു സാഹിത്യകാരൻ. അമേരിക്കൻ പര്യടനത്തെക്കുറിച്ചു് എഴുതിക്കൊണ്ടിരിക്കയാണു്'' എന്നു് എന്നെ പരിചയപ്പെടുത്തി. അവിടെ ഇരുന്നവരിൽ ഒരാൾ ഡാക്ടർ, നാലുപേർ ലായർമാർ, രണ്ടുപേർ ടീച്ചർമാർ, പിന്നൊന്നു് ഒരു കസിൻ ഇൻ ലാ. എല്ലാപേരും ഷേക്ഹാൻഡ് തന്നു.

ഗീതപ്രീതമാർ മുകൾനിലയിലേക്കോടി, കൂട്ടുകാരിയുടെ അടുത്തു്.

ജൂഡി: ജൂഡി—പാൽപോലെ വെളുത്ത നിറം—കനകകേശം—മെലിഞ്ഞുപൊങ്ങിയ ഇരുപത്തഞ്ചുകാരിയായ സുന്ദരി. ഓടിവന്നു് രാധയെ കെട്ടിപ്പിടിച്ചു് രണ്ടു കവിളിലും ഉമ്മവെച്ചു സ്വീകരിച്ചു ''കാണാനിടയായതിൽ സന്തോഷം'' എന്നു് സുസ്പഷ്ടമധുരസ്വരത്തിൽ പറഞ്ഞുകൊണ്ടു് എന്റെ കൈകുലുക്കി. ഇത്ര വെളുത്ത കൈകാലുകൾ മുമ്പു കണ്ടിട്ടില്ല. വെള്ളിപൂശിയതോ എന്നു സംശയിച്ചുപോയി. നീലപ്പട്ടിലുള്ള സമ്മർ സ്കർട്ടു് നല്ലപോലിണങ്ങുന്നു മൂന്നുനാലു പെണ്ണുങ്ങളുടെ പേരുകൾ അവൾ രാധയോടു പറഞ്ഞു. ''അവരാരും ഇനീം വന്നിട്ടില്ല. അതു നന്നായി. അച്ഛനോടു് എനിക്കു കുറെ സംസാരിക്കണം. ഞങ്ങൾ മുകളിലേക്കു പോകാൻ നിങ്ങൾ അനുവദിക്കുമല്ലോ?'' എന്നു പറഞ്ഞുകൊണ്ടു് എല്ലാപേർക്കും ഓരോ കോപ്പ വൈൻ പകർന്നു തന്നു. കസിൻ ഇൻ ലായോടു് അവൾ കൂടുതൽ മമതയും സ്നേഹവും കാട്ടുന്നുണ്ടെന്നു തോന്നി. മുകളിലേക്കു ഞങ്ങൾ നടന്നുപോകവേ അവൾ രാധയുടെ തോളിൽ

മാന്തിക്കൊണ്ട് പുഞ്ചിരിയോടെ പറയുന്നുണ്ടായിരുന്നു: "അതാണ് എന്റെ ആൾ. നോക്കു്, എന്റെപേരിൽ കുറ്റമുണ്ടോ, എന്ന്.''

രാധ കസിൻ ഇൻ ലായെ തിരിഞ്ഞുനോക്കിയിട്ട്, ''ഹാ ഹാ! നിന്റെ ഭാഗ്യത്തിൽ ആരും അസൂയപ്പെട്ടുപോകും, പാവം റിച്ചാഡ് ഒഴികെ!'' എന്നു പറഞ്ഞ് രണ്ടുപേരുംകൂടി ചിരിച്ചു.

''ജീവിതത്തിൽ ഒരിക്കലും പ്രേമിച്ചിട്ടില്ലാത്ത നിനക്കു പ്രേമത്തിന്റെ ശക്തി അറിഞ്ഞുകൂട!'' അവൾ രാധയെ കെട്ടിപ്പിടിച്ചു പൊട്ടിച്ചിരിച്ചുകൊണ്ടു തുടർന്നു: ''ഞാൻ ഈ കൈയിലെ കിളി പറന്നുപോകാതെ സൂക്ഷിച്ചുകൊണ്ട് മറ്റേ കൈയിലെ കിളിയുമൊത്തു പറന്നുപൊങ്ങും!'' അവൾ രണ്ടു കൈയും മാറിമാറി ഉത്സാഹത്തോടെ പൊക്കിക്കാട്ടിയിരുന്നു. 'എന്തായിരിക്കും ഇവരുടെ രഹസ്യം?' ഞാൻ അത്ഭുതപ്പെട്ടു.

ജൂഡി ചരിത്രം എം. എ ക്കാരി; ടീച്ചറും സ്കൂൾബോഡിലെ അംഗവുമാണ്. പി.എച്ച്ഡി-ക്കു് തീസിസ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. അമേരിക്കൻ സംസ്കാരത്തെക്കുറിച്ച് വലിയ മതിപ്പാണ്. ഇന്ത്യയെക്കുറിച്ച് പല തെറ്റിദ്ധാരണകളുമുണ്ട്. ഞാൻ കോളേജിൽ ഒരു ചരിത്രവിദ്യാർത്ഥിയായിരുന്നു എന്നറിഞ്ഞപ്പോൾ നോട്ടുബുക്കെടുത്തുവെച്ച് എന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്താനാരംഭിച്ചു: ഇന്ത്യൻസ്ത്രീകളുടെ അടിമത്തം, ബാലവിവാഹം, വിധവകളുടെ ദുരവസ്ഥ, സന്യാസികളുടെ കള്ളത്തരം, തീണ്ടൽ തൊടീൽ, ഹരിജനവേട്ട, മനുഷ്യബലി തുടങ്ങിയ പല വിഷയങ്ങളെപ്പറ്റിയും പല അബദ്ധങ്ങളും മനസ്സിലാക്കിവെച്ചിരിക്കയാണ്. 15 മിനിട്ടിനുള്ളിൽ ശരിവിവരങ്ങൾ പലതും നല്കാൻ എനിക്കു കഴിഞ്ഞു. കൂടുതൽ ഡേയ്റ്റ ഞാൻ ശേഖരിച്ചുകൊടുക്കണം. പലരെയും ഇൻഡ്യയിൽ ഞാൻ നേരിട്ടുകണ്ടു് സംസാരിച്ച് വിവരങ്ങൾ കുറിച്ചയച്ചുകൊടുക്കണം. സകല ചെലവുകളും അവൾ വഹിച്ചുകൊള്ളാം.

അമേരിക്കൻ വിദ്യാഭ്യാസസമ്പ്രദായം: അമേരിക്കയിലെ വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ചു സൂക്ഷ്മവിവരങ്ങൾ പലതും അവൾക്കറിയാം. പ്രധാന സംഗതികളെല്ലാം ഞാൻ കുറിച്ചെടുത്തു.

എല്ലാ സ്റ്റേറ്റുകളിലും ജാതിമതവർണ്ണവ്യത്യാസമെന്യേ ബാലികാബാലന്മാർക്കു പതിനാറു വയസ്സുവരെ വിദ്യാഭ്യാസം നിർബ്ബന്ധിതവും സൗജന്യവുമാണ്. ഫീസില്ല; പുസ്തകങ്ങളും നോട്ടുബുക്കുകളും ഫ്രീ. എലിമെന്ററി എട്ടു കൊല്ലം, സെക്കൻഡറി നാലു കൊല്ലം—ഇതു കഴിയുമ്പോൾ ഒരു വിദ്യാർത്ഥി ഹൈസ്കൂൾ ഗ്രാജുവേറ്റാകുന്നു. ഹൈസ്കൂൾ ഗ്രാജുവേറ്റുകളിൽ മൂന്നിൽ ഒന്നോളം കുട്ടികൾ കോളേജ് വിദ്യാർത്ഥികളാകുന്നുണ്ട്. അതിൽ പകുതിയോളം പേർക്കു സൗജന്യമായോ വളരെ കുറഞ്ഞ തോതിലോ ഫീസും മറ്റു പഠനസൗകര്യങ്ങളും ലഭിക്കുന്നു.

വിദ്യാഭ്യാസകാര്യങ്ങളിൽ സെൻട്രലിൽനിന്നു പൊതുവായ നാഷണൽ കൺട്രോൾ നിലവിലില്ല. ഓരോ സ്റ്റേറ്റിനും അതിന്നു

കളുള്ള കമ്മ്യൂണിററികാംക്ക് ആവശ്യമെന്നു തോന്നുന്ന വിദ്യാഭ്യാസതോതുകാം നിശ്ചയിക്കാനും നിയമനിർമ്മാണംമൂലേന അവ നടപ്പിലാക്കാനും അവകാശമുണ്ട്. ഓരോ കമ്മ്യൂണിററിക്കും ഓരോ വിദ്യാഭ്യാസബോർഡുണ്ടായിരിക്കും. സ്റ്റേററ് നിശ്ചയിക്കുന്ന തോതിൽ കൂടുതലായി വിദ്യാഭ്യാസനിലവാരം ഉയർത്തുവാൻ ബോർഡുകാംക്ക് അവകാശമുണ്ട്. സാധാരണ അങ്ങനെ ഉയർന്ന തോതുകാം നടപ്പിലാക്കി താന്താങ്ങളുടെ മേന്മ സ്ഥാപിക്കാറുമുണ്ട്.

കോളേജ്‌വിദ്യാഭ്യാസത്തിനു പെൺകുട്ടികാംക്ക് ആൺകുട്ടികളോളം സൗകര്യങ്ങളുണ്ടോ?

വിദ്യാഭ്യാസകാര്യത്തിലോ ഉദ്യോഗകാര്യത്തിലോ സാമുദായികമോ രാഷ്ട്രീയമോ ആയ മറേറതെങ്കിലും വിഷയങ്ങളിലോ സ്ത്രീക്കു പുരുഷനിൽനിന്നു യാതൊരു താഴ്ചയും സ്റ്റേററ്സിലില്ല. ഊർജ്ജസ്വലസ്വരത്തിലായിരുന്നു വാദം. നിറവ്യത്യാസവും ഇക്കാര്യത്തിൽ തടസ്സം സൃഷ്ടിക്കുന്നില്ല.

മിസ്സിസ് മിൽനേയുടെ അഭിപ്രായങ്ങളാം ഞാൻ ഉദ്ധരിച്ചു.

അതു ചിത്രത്തിൻെറ ഒരു വികലവീക്ഷണം. തുറന്നുപറഞ്ഞാൽ രാഷ്ട്രീയം. ഒരു ചെറിയ കണക്കു കേംക്കൂ. ഓരോ വർഷവും വരുന്ന പോസ്റ്റ് ഗ്രാജ്വേററുകളിൽ 50 ശതമാനവും സ്ത്രീകളാണ്. പ്രതിവർഷം 10 ലക്ഷം അമേരിക്കൻവനിതകാം കോളേജ്പഠിത്തം പൂർത്തിയാക്കുന്നു. ആകെ രണ്ടു കോടി ഇരുപത്തഞ്ചു ലക്ഷം അമേരിക്കൻസ്ത്രീകളാണ് ഉദ്യോഗസ്ഥകളായി ഇപ്പോഴുള്ളതു്. ഇതിൽ ക്ലാർക്കുകാം 55 ലക്ഷം, ഫാക്ടറിജോലിക്കാർ 44 ലക്ഷം, നേർസുകാം, അദ്ധ്യാപകർ തുടങ്ങിയ പ്രൊഫഷണൽ ജോലിക്കാർ 21 ലക്ഷം, മാനേജർമാർ പത്തരലക്ഷം, കച്ചവടകേന്ദ്രങ്ങളിൽ 20 ലക്ഷം, ബാക്കിയുള്ളവർ സ്വന്തം ബിസിനസ്സുകാം നടത്തുന്നവരാണ്.

രാഷ്ട്രീയരംഗത്തായിരിക്കണം പ്രാതിനിധ്യക്കുറവു്?

80-ൽപ്പരം സ്ത്രീകാം യു. എസ്സ്. കോൺഗ്രസ്സിൽ അംഗങ്ങളാണ്. അഞ്ചുപേർ സ്റ്റേററ് ഗവർണ്ണർമാർ, രണ്ടുപേർ പ്രസിഡണ്ടിൻെറ കാബിനററിലെ അംഗങ്ങളാം. സ്റ്റേററ് ലെജിസ്ലേച്ചർസിൽ സ്ഥാനലബ്ധിയുണ്ടായിട്ടുള്ള സ്ത്രീകളും ധാരാളമുണ്ട്. മിസ്സിസ് മിൽനേയെപ്പോലുള്ളവരുടെ ഉദ്യമങ്ങളെ ഞാൻ അപലപിക്കുന്നില്ല. സംതൃപ്തി ഒരു രംഗത്തും ശോഭനമല്ലെന്നുള്ള അഭിപ്രായം പുലർത്തുന്നതു് ഒരുകണക്കിനു നല്ലതുതന്നെ. പക്ഷേ, അമേരിക്കൻസ്ത്രീകാംക്കു സമത്വസ്വാതന്ത്ര്യങ്ങളില്ലെന്നുള്ള വാദഗതി അനുവദിക്കാവുന്നതല്ല.

ഈ ക്രമത്തിൽ ശക്തിയുക്തമായി അവരാം വാദിച്ചു.

കുട്ടികളുടെ മുറിയിൽ: അടുത്ത മുറിയിൽ കൂക്കുവിളിയും ബഹളവും. കൊഴുത്തുരുണ്ട ആറു് പെൺകുട്ടികളും മൂന്നു് ആൺകുട്ടികളും

എത്തിക്കഴിഞ്ഞു. ഒമ്പതും പത്തും പ്രായക്കാർ. പന്ത്രണ്ടോ പതിമൂന്നോ തോന്നും. ആറ്റാടത്തിമിടപ്പോടെ കാരംബോർഡിനു ചുററും പെൺപിള്ളേർ. ഒരു സ്പ്രിങ് കുഷൻമെത്തയിൽനിന്നു മറെറാന്നിൽ ചാടിത്തുള്ളുന്ന ആൺപിള്ളേർ. ജൂഡി മകളെ പരിചയപ്പെടുത്തി. അമ്മയെപ്പോലെ വെളുവെളുത്ത ശരീരവും സ്വർണ്ണമുടിയുമുള്ള നീണ്ടുകൊഴുത്ത കോമളിമയേറിയ ബൊമ്മ. കൈ പിടിച്ചു മുത്തിയിട്ട് കൂട്ടുകാരെ പരിചയപ്പെടുത്തി. പിന്നെ കളി തുടന്നു.

ജൂഡി, മനോഹരമായ തോപ്പുംമദ്ധ്യത്തുകൂടി ഒഴുകുന്ന ചെറിയ പുഴയും സ്വിമ്മിങ്പൂളും കൊണ്ടുനടന്നു കാണിച്ചു. ഒരാഴ്ചയെങ്കിലും അവിടെ അതിഥികളായിരിക്കാൻ ഞങ്ങളെ ക്ഷണിച്ചു. എ. കെ. ബി. വന്നിട്ടേ പററൂ എന്നു രാധ പറഞ്ഞു.

ആറു മണിയായപ്പോഠം മൂന്നുനാലു പുരുഷന്മാരും അഞ്ചാറു സ്ത്രീകളുംകൂടി വന്നുചേന്നു.

ബർത്ത്ഡേ പാർട്ടി: താഴത്തെ ഹാളിൽ ചുററിനും വലിയ മെഴുകുതിരികഠം കത്തിച്ചുവച്ചു. കുട്ടികളും താഴെ ഇറങ്ങിവന്നു. ഗീതപ്രീതമാർ മാത്രമാണ് ഇന്ത്യൻകുട്ടികഠം. വെള്ളപ്പിള്ളാരുടെ ഇടയിൽ സങ്കോചംകൂടാതെ സന്തോഷപൂർവ്വം അവർ പെരുമാറുന്നതു കണ്ടു. വെറുപ്പോ അറപ്പോ ഇങ്ങോട്ടുള്ള പെരുമാററത്തിലും കണ്ടില്ല. ഫീസ്റ്റ്, ഡാൻസ്, യുഗ്മഗാനങ്ങഠം, സമൂഹഗാനങ്ങഠം—പല നേരമ്പോക്കുകളും നടന്നു. ഉല്ലാസപ്രദമായ രണ്ടു മണിക്കൂർ.

എട്ടുമണിക്കു പ്രായമായവർ പിരിയുകയാണ്. കുട്ടികളെ സ്ലംബർ പാർട്ടിക്കു വിട്ടിട്ടുണ്ട്. ആണുങ്ങളും പെണ്ണുങ്ങളും നല്ല ലോഡിലായവർ ചിലരുണ്ട്. അവർ കെട്ടിപ്പിടിച്ചും ചുംബിച്ചും യാത്ര പറഞ്ഞു. ബീബിക്കും ഗീതപ്രീതമാക്കും ഗുഡ്നൈററ് കിസ്സ് കൊടുത്തിട്ടു ഞങ്ങഠം വിടചോദിച്ചു. നാളെ പോയാൽ മതിയെന്നു ജൂഡി ഹാർദ്ദമായി ക്ഷണിച്ചു. പക്ഷേ, അതു ചിട്ടയല്ല. റിച്ചാഡ് കൈകുലുക്കി. ജൂഡി കവിളിൽ ഉമ്മവെച്ചു. അതാണ് സ്നേഹപ്രകടനസമ്പ്രദായം.

കസിൻ ഇൻ ലായുമൊത്ത് ജൂഡി ഫിലിമിനു പോകാൻ തീരുമാനിച്ചിരിക്കയാണ്. അവഠംക്കു ഗുഡ് ലക്ക് രാധ നേന്നു.

''കറുത്ത വാവാണ്. റോഡുകഠം എങ്ങനെയോ?'' ഞാൻ ആരാഞ്ഞു.

''അമേരിക്കയിൽ അതൊരു പ്രശ്നമേയല്ല!''

പകൽപോലെ പ്രകാശമുള്ള തിരക്കേറിയ രാജവീഥി. ട്രാഫിക്കിൻെറ തിക്കുകൊണ്ട് ഒരു മണിക്കൂർ യാത്രാസമയം വേണ്ടിവന്നു. ഒൻപതിനു വീട്ടിലെത്തി.

കുഞ്ഞുങ്ങളുടെ അഭാവത്തിൽ ഉറങ്ങിയ വീട്.

ററി. വി. കണ്ടുകൊണ്ടു കിടന്നുറങ്ങി.

യോഗ്യതരനായ ഭർത്താവിനെ തഴഞ്ഞിട്ട് കാമുകനുമൊത്തു സിനിമയ്ക്കു പോകുന്ന അഭ്യസ്തവിദ്യയായ കാമിനിയുടെ മോഹനരൂപം സ്വപ്നംകണ്ടിരുന്നു.

എന്തൊരു വിചിത്രജീവിതം!

## 1973 ജൂലായ് 31, ചൊവ്വാഴ്ച

4-നു് എണീററു. രാത്രിയുടെ മുഖം വിളുത്തുതുടങ്ങിയിരുന്നു. ആത്മനാഥന്റെ അഭാവം അവളെ വ്യഥാകുലയാക്കിയിരിക്കാം.

രാധ വൈകുന്നേരം ബെഡ്ഫോഡിൽ പോയി കുഞ്ഞുങ്ങളെ കൂട്ടിക്കൊണ്ടുപോരാമെന്നു പറഞ്ഞിട്ട് ഓഫീസിലേക്കു പോയി.

പാമിനെ വിളിച്ചു വിശേഷങ്ങൾ സംസാരിച്ചു.

''ഏകാന്തത വിഷമിപ്പിക്കുന്നോ? ഞാനങ്ങു വരാം.''

''നമുക്കൊരു ഫിലിമിനു പോകാമോ?''

''വന്നിട്ടു തീരുമാനിക്കാം.''

അരമണിക്കൂർ കഴിഞ്ഞപ്പോൾ വന്നു. ആദ്യം ചെയ്തതു് എന്നെ ഒരു ഫിലിമിനു കൊണ്ടുപോകാൻ രാധയുടെ അനുവാദം മേടിക്കുകയായിരുന്നു. ഓരോ കപ്പ് ഓവൽടിൻ കഴിച്ചിട്ട് പ്രതീക്ഷിച്ചിരുന്ന തുറന്ന സംഭാഷണത്തിനൊരുങ്ങി.

മാനസികവേദന അനുഭവിക്കുന്ന ഒരു സ്ത്രീ: ''ഞാൻ പുറമേ കാണുന്നപോലൊന്നുമല്ലെന്നു ജീ വിചാരിക്കുന്നുണ്ടോ?''

''എന്താ, അങ്ങനെയൊരു ചോദ്യം?'' ഞാൻ ചിരിച്ചു.

''ചിരിക്കേണ്ട സംഗതിയല്ല. ഞാൻ മാനസികമായി വലിയ വേദനകൾ അനുഭവിക്കുന്ന ഒരു സ്ത്രീയാണ്.''

''എങ്ങനെ?''

''എന്റെ പൂർവ്വകാലജീവിതം അറിഞ്ഞെങ്കിലേ അതു മനസ്സിലാക്കാൻ കഴിയൂ. യാതൊരു അയവും അനുവദിക്കാത്ത ഒരു നിഷ്ഠുരരീതിയിലാണ് എന്റെ അമ്മ എന്നെ വളർത്തിയിരുന്നതു്. ഇതെന്റെ കാര്യം മാത്രമല്ല; ഞങ്ങൾ മൂന്നു പെൺമക്കൾക്കും വീട്ടിനകത്തും പുറത്തും യാതൊരു സ്വാതന്ത്ര്യവും അനുവദിച്ചിരുന്നില്ല. ചുററിനുമുള്ള പെൺകുട്ടികൾ അനുഭവിച്ചിരുന്ന ഉല്ലാസങ്ങളെല്ലാം, ഞങ്ങളോട് എന്തോ മനഃപൂർവ്വംപോലെ, അമ്മ തടഞ്ഞു നേരേ മറിച്ചായിരുന്നു, അച്ഛൻ. അദ്ദേഹം എന്നെ കൂടുതൽ സ്നേഹിച്ചു; താലോലിച്ചു. ഞാനും അച്ഛനെ അതിരററു സ്നേഹിച്ചു. ജീവിതത്തിൽ ആരേയും ഞാനിത്ര സ്നേഹിച്ചിട്ടില്ല.''

''അമ്മയെ വെറുത്തിരുന്നോ?''

''അച്ഛനു് അമ്മയോടുള്ള അഗാധമായ പ്രേമംകാരണം അമ്മയുടെ കടുംകൈകൾ വകവെയ്ക്കാതെതന്നെ അമ്മയെ ഞാൻ സ്നേഹിച്ചതേയുള്ളു.''

''അമ്മയുടെ കുട്ടംകൈകെസ്സ് ഒരുദാഹരണം പറയാമോ?''

''നൂറുനൂറെണ്ണം പറയാം. പക്ഷേ, അതെല്ലാം എന്തിനു പറയുന്നു? ഞാൻ അമ്മയെ വെറുത്തില്ല. ഇന്നും വെറുക്കുന്നില്ല. പക്ഷേ, അച്ഛനോടുള്ള കടുത്ത സ്നേഹം മുന്നിട്ടുനിന്നു. ആദർശവാനായ അദ്ദേഹത്തെ ഞാൻ അതിരററു ബഹുമാനിച്ചു. ബഹുമാനത്തോടു കൂടികലർന്ന ആ സ്നേഹമമ്മയുടെ സ്മരണ ഇന്നും എൻെറ ചിന്താപഥത്തിൽ മുന്നിട്ടുനില്ക്കുകയാണ്. ഇക്കാരണത്താലായിരിക്കണം എനിക്ക് ഒരു പുരുഷനെയും ഒരു ലവ്വർ എന്ന നിലയിൽ സ്വീകരിക്കാൻ കഴിയാതെവരുന്നു. ലവ്വേഴ്സിൻെറ കുറവുകളും കുററങ്ങളുമല്ലാതെ അവരുടെ നല്ലതൊന്നും എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. മനസ്സിലാക്കിയാലും അവയെ മതിക്കുവാൻ (appreciate) സാധിക്കുന്നില്ല. ജീക്ക് എൻെറ മനോഭാവം മനസ്സിലാക്കാൻ കഴിയുന്നുണ്ടെന്നു് ഞാൻ വിശ്വസിക്കട്ടേ?''

''ഞാൻ ഒരു സൈക്കാളജി സ്റ്റുഡൻറാണ്. ഒരു സൈക്കാളജി പ്രബന്ധംതന്നെ രചിച്ചിട്ടുണ്ട്. അതു് കേരള യൂണിവേഴ്സിററി വിലയ്ക്കുമേടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഞാനിതൊക്കെ വീമ്പു പറയുന്നതു് ഇമ്മാതിരി കേസുകൾ പലതും എൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, എനിക്കിതു മനസ്സിലാക്കാൻ പ്രയാസമില്ലെന്നും അറിയിക്കാൻവേണ്ടിയാണ്. എൻ്റെ അഭിപ്രായം ഞാൻ തുറന്നുപറയാം. അച്ഛനോട് അതിരററ കൂറ് ബാല്യത്തിൽ പുലർത്തുന്ന ചില പെൺകുട്ടികളുടെ ഉപബോധമനസ്സിൽ മററു പുരുഷന്മാരെ കാമുകരാവേണ്ട സ്വീകരിക്കാൻ കഴിയാതെവരുന്ന ഒരു മനോഭാവവിശേഷം ഉദിക്കാറുണ്ട്.'' (The unconscious consequence of the reaction of your great idealistic love for your father had led to the rejection of the opposite sex as a lover.)

അവൾ അത്ഭുതത്തോടെ വാതുറന്നിരിക്കയാണ്.

''ഞാൻ അത്ഭുതപ്പെടുന്നു. എൻെറാ സൈക്കിയാട്രിസ്റ്റ് അനവധി ദിവസംകൊണ്ടു കണ്ടുപിടിച്ചതു്—വാസ്തവത്തിൽ ഇനിയും ശരിക്കു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലാത്തതു്—ഇത്ര എളുപ്പം ജീ മനസ്സിലാക്കിയതിൽ ഞാൻ അത്ഭുതപ്പെടുന്നു.''

''ഞാൻ എൻെറ നിഗമനം തുറന്നുപറയുന്നതു് ക്ഷമിക്കണം. ഉപബോധമനസ്സിൻെറ പ്രവൃത്തനമാണിതു്. ഫ്രോയിഡ്, ആഡ്ലർ, ജുങ്ങ്, എമലേ കൂവേ തുടങ്ങിയ പ്രമുഖ ശാസ്ത്രകാരന്മാരുടെ അഭിപ്രായമാണിതു്. ആൺകുട്ടികൾക്കു് അമ്മയോടു തോന്നാറുള്ള ഈഡിപ്പസ് കോംപ്ലക്സിനെക്കുറിച്ച് പാം കേട്ടിരിക്കുമല്ലോ. അതുപോലെ അബോധമായി പെൺകുട്ടികൾക്കു് അച്ഛനോടു പ്രേമവും അതു സഫലമാക്കാൻ കഴിയാത്തതുകൊണ്ടുള്ള പ്രേമനൈരാശ്യവും ഒരുതരം അപരാധബോധമായി മാറുന്നതിനിടയാകുന്നു. തൽഫലമായി പുരുഷലോകത്തോട്ട് താനറിയാതെതന്നെ ദ്വേഷവും വെറുപ്പും ജനിക്കുന്നതിനിടയാകുന്ന പല കേസുകളും ശാസ്ത്രകാരന്മാരുടെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാമിനും ഇതേ മനോഭാവമാണുണ്ടായിട്ടുള്ളതെന്നു വിശ്വസിക്കാൻ പൂർവ്വകാലചരിത്രം കേട്ടപ്പോൾ ഞാൻ പ്രേരിതനായിത്തീരുന്നു.

''ശരിയാണ്. വളരെ ശരിയാണ്. പ്രേമാഭ്യർത്ഥനയോടെ അണയുന്ന സകല പുരുഷന്മാരെയും ഞാൻ വെറുത്തിരുന്നു. ഇന്നും വെറുക്കുന്നു. അവരെ ഭയപ്പെടുന്നുണ്ടെന്നുപോലും പലപ്പോഴും എനിക്കു തോന്നിയിട്ടുള്ളതാണ്.''

''പക്ഷേ, പ്രേമത്തിൻെറ മഹത്വത്തെക്കുറിച്ച് പാംതന്നെ എന്നോടു പ്രശംസിക്കുകയുണ്ടായില്ലേ?''

''സാധാരണനിലയിലുള്ള (normal) വ്യക്തികളുടെ കാര്യത്തിൽ അതു വളരെ ശരിയാണ്. പക്ഷേ, എനിക്കു ശരിക്കറിയാം, ഞാനൊരു അസാധാരണ(abnormal)വ്യക്തിയാണെന്ന്. ഒരു പുരുഷൻ എന്നെ പ്രേമിക്കാൻ ശ്രമിക്കുന്നതു—കാമപരമായ ചിന്തയോടെ സമീപിക്കുകയാണെന്നു സംശയിപ്പിക്കുന്നതുതന്നെ — എന്നെ രോഷാകുലയാക്കാനും എന്നിൽ വെറുപ്പ് ഉദ്ദീപിപ്പിക്കാനും മാത്രമേ ഇടയാക്കുന്നുള്ളൂ.''

''ഞാനൊന്നുകൂടി തുറന്നുചോദിച്ചുകൊള്ളട്ടേ? തെററിദ്ധരിക്കുകയില്ലല്ലോ? ശരിയുത്തരം പറയുമല്ലോ?''

''ജീ, എന്തുവേണമോ ചോദിച്ചുകൊള്ളൂ.''

''നല്ല ആരോഗ്യവതിയായ പാമിന്ന് 26 വയസ്സു കഴിഞ്ഞില്ലേ?''

''രാധയാണോ ഇതു പറഞ്ഞതു്?''

''അല്ല; പാമിൻെറ അമ്മ. സെക്സിൻെറ കഠിനമായ പിടി ഏതാനും തവണയെങ്കിലും ഈ പ്രായത്തിനുള്ളിൽ ഒരു യുവതിയെ അലട്ടാതിരിക്കാൻ ഇടയില്ല. അതിന്നു വഴിപ്പെട്ടിട്ട് ഒരു പുരുഷനെ പ്രേമിക്കണമെന്ന്, അല്ലെങ്കിൽ അവൻെറ പ്രേമത്തിനു വഴിപ്പെടണമെന്നു് ഉള്ളിൽ തോന്നീട്ടില്ലേ?''

"സത്യംപറഞ്ഞാൽ തോന്നാതിരുന്നിട്ടില്ല. പക്ഷേ,പെട്ടെന്നു് അതു വേണ്ടെന്നുവയ്ക്കാൻ പുരുഷനോടുള്ള ഭയാശങ്കകൾ എന്നെ പ്രേരിപ്പിക്കുന്നു. നേരേമറിച്ച് കുറച്ചു പ്രായമേറിയ പുരുഷന്മാരോട് നിസ്സങ്കോചം പെരുമാറാനും അവരെ ആരാധനാഭാവത്തോടുകൂടി സ്നേഹിക്കാനും എനിക്കു മടിയില്ല. അവരോട് ഏതു വിഷയത്തെക്കുറിച്ചും സ്വാതന്ത്ര്യത്തോടെ സംസാരിക്കാനും അവരുമൊത്തു് ഏതു വിനോദത്തിലും പങ്കുകൊള്ളാനും ഞാൻ സന്നദ്ധയാണ്. സത്യത്തിൽ അങ്ങനെയാണ് ഞാൻ ജീയെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുന്നതു്. അങ്ങയോട് അടുത്തു പെരുമാറുമ്പോൾ എൻെറ അച്ഛൻെറ സാമീപ്യമാണ് എനിക്ക് അനുഭവപ്പെടുന്നതു്. അങ്ങേയ്ക്ക് ഏതുമാതിരി സന്തോഷവും സുഖവും നല്കുന്നതിന് ആത്മാർത്ഥമായി പ്രയത്നിക്കുന്നതു് എനിക്ക് ഏത്രയും ആനന്ദപ്രദമാണ്. ഞാൻ പറയുന്നതു് അക്ഷരംപ്രതി സത്യം.''

എൻെറ കൈപിടിച്ചു പൊക്കിക്കൊണ്ടു് അവരം കണ്ണുനീർ പൊഴിക്കുകയായിരുന്നു.

''ജീ എന്നും എൻെറ ആത്മാർത്ഥസുഹൃത്തായിരിക്കണമെന്നു് ഞാനാഗ്രഹിക്കുന്നു. ഫ്രീയായിട്ടു് എല്ലാ വിഷയങ്ങളും ഡിസ്കസ്ചെയ്യാൻ പററിയ ഒരു ഫ്രണ്ടു് എനിക്കു വേണം. ഇവിടുള്ള കാലംമുഴുക്കെ, അവസരം കിട്ടുമ്പോഴൊക്കെ, എന്നെ അതിനനുവദിക്കണം.''

സ്നേഹവായ്പോടെ എൻെറ കൈയമർത്തി അവരം ചുംബിച്ചു. രാധയാണു ചുംബിക്കുന്നതെന്നു് എനിക്കു തോന്നിപ്പോയി. അതിയായ അനുകമ്പയും ആ സാധുവിനോടു തോന്നി.

''തീർച്ചയായും പാമിനുവേണ്ടി എന്തുചെയ്യുന്നതും എനിക്കു് ആനന്ദപ്രദമായിരിക്കയേയുള്ളു.'' ഞാൻ സ്നേഹവായ്പോടെ—കാരുണ്യത്തോടെ—പറഞ്ഞു.

''റാംസേ തിയേററി'ൽ ഒരു ലൈംഗികപരീക്ഷണഫിലിമുണ്ടു്. ലഞ്ചുകഴിഞ്ഞു് നമുക്കതിനു പോകാം.''

രാധയുടെ മീൽഷെൽഫും ഫ്രിഡ്ജും തുറന്നു് ലഞ്ചു് വിളമ്പി രണ്ടുപേരും കഴിച്ചു.

മൂന്നുമണിക്കാണു് ഫിലിം തുടങ്ങുന്നതു്. ആറുവരെ.

ഒരു ലൈംഗികപരീക്ഷണഫിലിം: ഭാരതീയമാനദണ്ഡംവച്ചു നോക്കുമ്പോഠം വളരെ വഷളായ രണ്ടു ചിത്രങ്ങളാണു്. ഒരു കോളേജ്പ്രൊഫസ്സർ അവിവാഹിതരായ പത്തിരുപതു യുവതികളെയും യുവാക്കന്മാരെയും ലൈംഗികകാര്യങ്ങളിൽ ഗോപ്യാവയവങ്ങഠം ഒളിവോ മറവോ കൂടാതെ പ്രദർശിപ്പിച്ചും പരസ്പരം അവയെ കൈകാര്യംചെയ്തും അടുത്തുപെരുമാറി ജീവിക്കുന്നതുകൊണ്ടുണ്ടാകുന്ന മേന്മകഠം ഉദ്ബോധിപ്പിക്കുന്നു. പിന്നീടു് നഗ്നരായി വ്യായാമങ്ങഠം, പിക്നിക്കുകഠം, ജലക്രീഡകഠം ഇവയൊക്കെ നടത്തുവാൻ അയാളുടെ മന്ദിരങ്ങളിലും ഉദ്യാനങ്ങളിലും വേണ്ട സൗകര്യങ്ങഠം നല്കുന്നു. യൗവനയുക്തരായ അദ്ധ്യേതാക്കഠം നൂൽബന്ധംകൂടാതെ കളിക്കുന്നതും കുളിക്കുന്നതും രഹസ്യാവയവങ്ങഠം സുവ്യക്തമാകത്തക്ക പോസുകളിൽ വ്യായാമങ്ങഠം ചെയ്യുന്നതും മററുമാണു് ആകർഷകതയ്ക്കുപകരിക്കുന്ന രംഗങ്ങഠം. അവിമർദ്ദിതരായ യുവതികഠംക്കു സഹജമായ ലജ്ജാസങ്കോചാദികളോ യുവതികളുടെ ഗുഹ്യാംഗങ്ങഠം കാണുമ്പോഠം യുവാക്കന്മാരിൽ ദർശിക്കാവുന്ന ജൃംഭണാദിഭാവഭേദങ്ങളോ ശുദ്ധനഗ്നരായി അടുത്തടുത്തു ചേർന്നുനിന്നു പെരുമാറുന്ന അഭിനേതാക്കളിൽ കാണുന്നില്ല. മൂടിവയ്ക്കുന്നവ കാണാനുള്ള കൗതുകവും രസവും ചിരപരിചയംകൊണ്ടു് ഇവരിൽ അസ്തമിച്ചിരിക്കണം. നഗ്നതാപ്രസ്ഥാനത്തിൻെറ ഗുണദോഷത്തെക്കുറിച്ചു ചിന്തിച്ചുപോയി.

"ഇതിൽ പോർണോഗ്രാഫിയില്ല''—പാം പറഞ്ഞു: ''നഗ്നത കണ്ടു രസിക്കാം, അതിൽ രസിക്കുന്നവക്കു്.''

''വെറുപ്പും അറപ്പുമല്ല തോന്നുന്നതു്?''

''വളരെ ശരി. സെക്സിന്റെ കാര്യവും അങ്ങനെതന്നെയല്ലേ?''

''വർഗ്ഗം പുലരാൻവേണ്ടി പ്രകൃതി അതിനെ ആകർഷകമാക്കിയിരിക്കുന്നു എന്നേയുള്ളു.''

''വളരെ ശരിയായ അഭിപ്രായം.''

രണ്ടാമത്തെ ഫിലിം രൂക്ഷമായ ബലാൽസംഗങ്ങളും ഭയങ്കര സംഘട്ടനങ്ങളുംകൊണ്ട് ഭയസംഭ്രമങ്ങൾ ജനിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഭർത്താവിനെ കള്ളത്തനങ്ങൾ പറഞ്ഞകററിയിട്ട് അയാളുടെ സഹപ്രവർത്തകരായ രണ്ടു മുട്ടാളന്മാർ ചേർന്ന് ഭാര്യയെ ബലാൽസംഗം ചെയ്യുന്നു. അവരിൽ ഒന്നാമൻ പണ്ട് അവളുടെ കാമുകനായിരുന്നു. ആദ്യം അവൾ കുറച്ചൊക്കെ എതിർക്കുന്നുണ്ടെങ്കിലും പിന്നീട് അയാളുടെ ബലാല്ക്കാരങ്ങൾക്കു സോത്സാഹം വഴിപ്പെടുന്നു. ഒക്കെ തനി നഗ്നമായിത്തന്നെ. പക്ഷേ, തുടർന്നവളെ സമീപിക്കുന്ന രണ്ടാമനെ അവൾ രൂക്ഷമായി എതിർക്കുകയും മാരകായുധങ്ങളുമായി പോരാടാൻ സന്നദ്ധയാകുയും ചെയ്യുന്നു. അയാൾ അവളെ കീഴ്പ്പെടുത്തി പൈശാചികമായ സംഭോഗത്തിനു മുതിർന്നുകൊണ്ടിരിക്കവേ ഭർത്താവു് വന്നുചേരുകയും ഭയങ്കരമായ ഒരു യുദ്ധവും കൊലകളും നടക്കുകയും ചെയ്യുന്നു.

''വെറും സ്റ്റണ്ട്,'' ഞാൻ അഭിപ്രായപ്പെട്ടു.

''ഇതൊക്കെത്തന്നെ അമേരിക്കൻജീവിതം!'' പാമിന്റെ കമന്റ്. ''ഇതിലും രൂക്ഷതരമായ ബലാല്ക്കാരങ്ങൾ ന്യൂയോക്ക് നഗരത്തിൽ ദിവസംപ്രതി നടന്നുകൊണ്ടിരിക്കുന്നുണ്ട്.''

''അതൊക്കെ പത്രങ്ങളിൽ ഞാനും കാണുന്നുണ്ട്.''

ഫിലിം തീരാറായപ്പോൾ പാം പറഞ്ഞു: ''ന്യൂജേർസിയിലെ അതിമനോഹരമായ ചില സ്ഥലങ്ങൾ അടുത്തുണ്ട്. അതൊക്കെ നമുക്കു ചുററിക്കറങ്ങിക്കാണാമോ?''

''വളരെ സന്തോഷം!''

മനോഹരമായ നഗരപ്രാന്തം: ചേതസ്സമാകർഷകമായ നടക്കാവുകൾകൊണ്ട് അലംകൃതമായ കുന്നിൻപുറങ്ങൾ. Ridge wood എന്നാണ് സ്ഥലത്തിന്റെ പേരു്. കുബേരന്മാരുടെ വീടുകളാണ് റോഡിന്റെ ഇരുപുറവും. സാക്ഷാൽ അളകാപുരിതന്നെന്നു തോന്നിപ്പോകും. പൂങ്കാവുകളുടെയും കൃത്രിമവനങ്ങളുടെയും മദ്ധ്യത്തു നിരനിരയായി നില്ക്കുന്ന ആ സൗധപരമ്പരകളുടെ ഭംഗി ആസ്വദിച്ചുകൊണ്ട് ഒരുമണിക്കൂറോളം ചുററിക്കറങ്ങി.

''എന്റെ ലോഡ്ജ് ഇവിടെനിന്നു രണ്ടുമൈലേയുള്ളു. അവിടെ കയറീട്ടുപോകാം, എന്താ?''

''വളരെ സന്തോഷം.''

പാമിന്റെ ലോഡ്ജിൽ: മുൻകൂട്ടി തീരുമാനിച്ചിരുന്നിരിക്കണം എനിക്കു തരാൻ പഴങ്ങളും ചോക്കലേററ് ക്രീമും കൂൾഡ്രിങ്കുകളും മററും കരുതിയിരുന്നു. വാതോരാതെ സംസാരിച്ചിരുന്നു. അനു

കമ്പാതിരേകത്തോടെ മാത്രമേ അവളോടു സംസാരിക്കുവാനും പെരുമാറാനും എനിക്കു കഴിഞ്ഞിരുന്നുള്ളൂ. മാനസികമായ വലിയ പ്രമാദമൊന്നും അവറ്റകൾ പററിയിട്ടില്ല. അല്പമാത്രം പിശകുള്ളതു് അവരം അറിയുന്നു. അല്ലെങ്കിൽ ലോകം മുഴുക്കെ തനിക്കെതിരാണെന്നുള്ള തോന്നൽ ഉദിച്ചുപോകുമായിരുന്നു. സൈക്കിയാട്രിസ്റ്റിൻെറ ശ്രമഫലമായിട്ടുതന്നെയായിരിക്കണം ഇത്രയും മാററംവന്നിട്ടുള്ളതു്.

''നിങ്ങളുടെ സൈക്കിയാട്രിസ്റ്റിൻെറ ചികിത്സാസമ്പ്രദായം എങ്ങനെയാണു്?''

''എന്നെക്കൊണ്ടു് അയാറം ധാരാളം സംസാരിപ്പിക്കുന്നു. എൻെറ മനോഗതി അങ്ങനെ ഗ്രഹിക്കാനാണു് അയാളുടെ ശ്രമം.''

''ചോദ്യങ്ങറം ചോദിച്ചാണോ സംസാരിപ്പിക്കുന്നതു്!''

''വളരെ കുറച്ചേ ചോദിക്കാറുള്ളൂ.''

''മതപരമായ വല്ലതും സംസാരിപ്പിക്കാറുണ്ടോ?''

''മനഃപൂർവ്വമായി മതമൊന്നും സംസാരിക്കുകയില്ല. യദൃച്ഛയാ സംസാരിക്കുമ്പോറം എൻെറ വിശ്വാസങ്ങളെ അയാറം ബഹുമാനിക്കയും അഭിനന്ദിക്കുകയും ചെയ്യാറുണ്ടു്. ഒന്നും മാററാനും പരിഷ്കരിക്കാനും ശ്രമിക്കാത്തതുകൊണ്ടു് എനിക്കയാളോടു വലിയ ബഹുമാനമാണു്.''

''പാം എന്തുകൊണ്ടാണു് സൈക്കിയാട്രിസ്റ്റിന്റെ അടുത്തു പോകാൻ പ്രേരിതയായതു്?''

''മാനസികമായ എന്തോ തെററുണ്ടെന്നു് എനിക്കുതന്നെ ചിലപ്പോറം തോന്നാറുണ്ടു്. ഉദാഹരണമായി സ്കൂളിനെ സംബന്ധിക്കുന്ന എന്തെങ്കിലും ജോലികറം ചിന്തിച്ചു ചെയ്തുകൊണ്ടിരിക്കവേ അവയുമായി യാതൊരു ബന്ധവുമില്ലാത്ത മററുചില കാര്യങ്ങറം അവയെ തടസ്സപ്പെടുത്തിക്കൊണ്ടു കടന്നുകൂടും. ക്ലാസ്സിൽത്തന്നെ തെററുകറം പലതും ഞാനങ്ങനെ പുലമ്പിപ്പോയിട്ടുണ്ടു്. തുടർന്നുണ്ടാകുന്ന ജാള്യത എന്നെ അതിദുഃഖിതയാക്കിത്തീർക്കുന്നു.''

ഒരു ചിന്ത പെട്ടെന്നുദിച്ചു:

''ബാർബാരയെക്കുറിച്ചു് നാം സംസാരിച്ചതു് പാം ഓർക്കുന്നുണ്ടല്ലോ?''

മുഖം അരുണിതമായി. ''ദയവുചെയ്തു് അവളെക്കുറിച്ചു് ജീ ഒന്നും സംസാരിക്കരുതു്. ജീയെ ഞാൻ വളരെ സ്നേഹിക്കുന്നു. എൻെറ അച്ഛനെയും ഞാൻ വളരെ സ്നേഹിക്കുന്നു. എനിക്കു് പതിന്നാലുവയസ്സായിരുന്നപ്പോറം ഒരു ഇയർ റിങ്ങ് മേടിക്കാൻ ഞാൻ കൊതിച്ചു. ഒരു ഡോളർ വേണം. അമ്മയോടു് ഞാൻ കെഞ്ചി. അമ്മ തന്നില്ല. ഞാൻ ദുഃഖിച്ചു കിടന്നു. അച്ഛൻ എങ്ങനെയോ അതറിഞ്ഞു. എന്നെയുംകൊണ്ടു് ബോസ്റ്റണിൽ പോയി. രണ്ടു ജോടി ഒന്നാന്തരം റിങ്ങ്സ് എനിക്കു മേടിച്ചുതന്നു. എത്ര നല്ല

അച്ഛൻ! ഇന്നും ഞാനവ സൂക്ഷിച്ചുവച്ചിട്ടുണ്ട്.'' കണ്ണുനീർ പൊഴിക്കാൻ തുടങ്ങി.

എന്തോ തെററുചെയ്ത ബോധം എന്നിലുണ്ടായി.

ഫോൺകാറം. രാധ വിളിക്കുന്നു. ''ഗ്രാൻഡ് ഫാദർ ഇവിടെ ഉണ്ട്. ഞങ്ങരം ഉടനേ തിരിക്കുന്നു. ഒന്നും പേടിക്കണ്ട. എന്റെ അച്ഛനെപ്പോലെ ഞാൻ സ്നേഹിക്കുന്നു. ഇതാ തിരിച്ചുകഴിഞ്ഞു.''

രാത്രി പതിനൊന്നുവരെ പാം രാധയോടു സംസാരിച്ചു സംസാരിച്ചിരുന്നു. ഭയങ്കരവധം!

ബാർബാരയുമായി താമസിയാതെ അടുത്തു സംസാരിക്കണം എന്നു ഞാൻ തീരുമാനിച്ചു.

## 1973 ഓഗസ്റ്റ് 1, ബുധനാഴ്ച

രാവിലെ ഡോ. രാമചന്ദ്രൻനായർ ഫോണിൽ വിളിച്ചു. ശനിയാഴ്ച കോണി ഐലൻഡിൽ വലിയ വിശേഷമാണ്. സന്ദർശിച്ചാൽ കൊള്ളാം. രണ്ടു ഡോക്ടർമാരും കാത്തിരിക്കട്ടേ? ഞങ്ങരം രാവിലെ ആസ്പത്രിയിൽ ചെല്ലുമോ? രാധ സമ്മതിച്ചു.

രാധ അല്പം താമസിച്ചാണു പോയതു്.

ബാരയുമായൊരു കൂടിക്കാഴ്ച: ബാർബാരയുമായി സംസാരിക്കാൻ എന്താ വഴി? ഗീതയുമായി ആലോചിച്ചു. അവരംക്കു് ബാർബാരയുടെ നമ്പർ അറിയാം. മണിനാദംപോലുള്ള ശബ്ദം അടുത്ത വീട്ടിൽനിന്നെന്നപോലെ കേരംക്കാമായിരുന്നു. എന്നെ കാണണമെന്നു് ആഗ്രഹിച്ചിരിക്കയാണു്. സോഷ്യാളജിയിൽ ഒരു പ്രബന്ധം രചിച്ചുകൊണ്ടിരിക്കുന്നു. അർബൻ സോഷ്യാളജി സംബന്ധിച്ച ചില വിവരങ്ങരംക്കു് ഇൻഡ്യയിലെ സ്ഥിതിഗതികളുമായി ഒരു താരതമ്യപഠനം ആവശ്യമാണു്. സഹായം നൽകാമോ? വളരെ സന്തോഷത്തോടെ നല്ലാം. എനിക്കും വളരെ പ്രിയപ്പെട്ട വിഷയമാണു്—എന്നാൽ അങ്ങോട്ടു വരട്ടേ, ഇപ്പോരംത്തന്നെ—വളരെ സന്തോഷം. കാത്തിരിക്കാം.

ഒരുമണിക്കു് ലഞ്ച് കഴിഞ്ഞപ്പോരം ബാര വന്നുചേർന്നു. സ്നേഹപൂർവ്വമായ ചുംബനത്തോടെ സ്വീകരണം. വിലകൂടിയ സെൻറിന്റെ മത്തുമത്തമണം. നല്ല പല്ലുകാട്ടിയുള്ള ചിരി. ഹാൻഡ്ബാഗിൽനിന്നു നോട്ടുബുക്കും പേനയും എടുത്തു 'ടോപ്പിക്ക്‌വാർ' ആയിട്ടു് പേജുകരം അടലാട്ടുചെയ്തിട്ടുണ്ടു് 'നഗരജീവിതം സൃഷ്ടിച്ചിട്ടുള്ള മനുഷ്യന്റെ നികൃഷ്ടവശങ്ങളും അവയിൽനിന്നുള്ള മുക്തിമാർഗ്ഗവും'—ഇതാണു പ്രബന്ധവിഷയം. ന്യൂയോക്ക്നഗരത്തെ കേന്ദ്രീകരിച്ചാണു് പഠനം നടത്തിയിട്ടുള്ളതു്. ഒട്ടേറെ കണക്കുകരം ശേഖരിച്ചിരിക്കുന്നു. മദ്യപാനം, മററു ലഹരിസാധനങ്ങളുടെ ഉപയോഗം, കൊല, മോഷണം, ബലാൽസംഗം, വേശ്യാവൃത്തി, സ്വവർഗ്ഗഭോഗം തുട

ങ്ങിയ സാമൂഹികകുററങ്ങളെല്ലാം നഗരങ്ങളിലെ കൃത്രിമപരിസരങ്ങളാണു ജനിപ്പിച്ചിട്ടുള്ളതു്. ന്യൂയോക്ക്നഗരത്തിലെ കണക്കുകറംമാത്രം കേട്ടു് ഞാൻ ഞെട്ടിപ്പോയി. ആ പ്രൗഢനഗരത്തിൻെറ മാലിന്യവശങ്ങളെക്കുറിച്ചു് ഏതാനും ദിവസങ്ങറംക്കുമുമ്പു് കുഞ്ഞുമോനിൽനിന്നു കേട്ടിരുന്നതു് അതിതുച്ഛമായ ഒരു കണക്കുകൂട്ടൽ മാത്രമാണു്. മാസേജ്പാർലർകറം, മാട്രിമോണിയൽ ബ്യൂറോകറം, ഫ്രഞ്ചു് തുടങ്ങിയ വിദേശഭാഷകറം പഠിപ്പിക്കുന്ന കേന്ദ്രങ്ങറം, ലവ്ക്ലബ്ബുകറം, പ്ലേബോയി തുടങ്ങിയ കുപ്രസിദ്ധ വാരികകറം മുഖേനയും പല സുപ്രസിദ്ധ പ്രതിദിനപ്പത്രങ്ങറം മുഖേനപോലും സ്ത്രീപുരുഷന്മാരെ ആകഷിക്കാൻവേണ്ടി നടത്തുന്ന പരസ്യങ്ങറം, കലാകാരന്മാക്കു് മോഡലുകളായും സഹായികളായും പോകാൻ സന്നദ്ധരായി പ്രശസ്തിയാജ്ജിച്ച സ്ത്രീപുരുഷന്മാരുടെ കണക്കുകറം, പലതരം വേശ്യാലയങ്ങറം, അവ നടത്തുന്ന മാന്യരുടെ വിവരങ്ങറം—ഇങ്ങനെ മുപ്പത്തഞ്ചു ടോപ്പിക്കുകളാണു നിറയെ ഡേയ്ററാകളോടുകൂടി—കൂടുതൽ ഡേയ്ററാകറം ചേക്കാൻ സ്ഥലംവിട്ടിട്ടു്—നോട്ട്ബുക്കിൽ ചേത്തിട്ടുള്ളതു്. ഏററവും രസകരമായി തോന്നിയതു് അവറംതന്നെ ചില പത്രങ്ങളിൽ നല്കിയ പരസ്യങ്ങളും അവയ്ക്കു മറുപടിയായി കിട്ടിയ കത്തുകളുമാണു്.

'നല്ല സുഖസൗകര്യങ്ങളുള്ള വീടോടുകൂടിയ ഒരു യുവതിക്കു് ആരോഗ്യവാനായ ഒരു പുരുഷൻ താൽക്കാലികസഹായിയായിരിക്കാൻ ആവശ്യമുണ്ടു്. യൂറോപ്യൻപര്യടനത്തിനു പോയിരിക്കുന്ന ഭത്താവു മടങ്ങിയെത്തുന്നതുവരെ മൂന്നുമാസത്തെ സഹായം വേണ്ടിവരും. ഫോട്ടോസഹിതം അപേക്ഷിക്കുക. സിൽവിയാ, ബോക്സു് നമ്പർ 3246. 'ന്യൂജേർസി'.'

''ഭത്താവു് എവിടെപ്പോയിരിക്കയായിരുന്നു?''

''അദ്ദേഹംതന്നെയാണു പരസ്യം കൊടുത്തതു്.''

''ഓഹോ! പററിക്കലോ?''

''എന്തു രസമാണെന്നോ! മുന്നൂറിൽപ്പരം മറുപടികറം കിട്ടി. പ്രധാനപ്പെട്ട മൂന്നാലെണ്ണം ഫയലിലുണ്ടു്.''

അവിവാഹിതരായ യുവാക്കന്മാർ തുടങ്ങി നാലഞ്ചു മക്കളുള്ള പടുവയസ്സന്മാർവരെ അപേക്ഷകരായിരുന്നു.

''പലരെയും ഇൻറർവ്യൂ നടത്തി; വളരെ രഹസ്യമായി; കൂട്ടത്തിൽ ഒരു അച്ഛനും അയാളുടെ മകനും ഉണ്ടായിരുന്നു!'' അവറം പൊട്ടിച്ചിരിച്ചു.

''ആരെയെങ്കിലും സ്വീകരിക്കയുണ്ടായോ?''

പുഞ്ചിരിയോടുകൂടിയ ഒരു കഴഞ്ഞാട്ടമായിരുന്നു മറുപടി.

ബോംബേപോലുള്ള ഒരു പ്രമുഖനഗരത്തിൽ ഇത്തരത്തിലുള്ള ഒരു ഗവേഷണം നടത്തി ഒരു താരതമ്യപഠനം നടത്താനാണുദ്ദേശിക്കുന്നതു്. അതിനുവേണ്ട സഹായങ്ങറം ഞാൻ ചെയ്തുകൊടുക്കണം.

എൻെറ പരിമിതികൾ വ്യക്തമാക്കി. അവൾ എന്നോടുകൂടി പോരുകയാണെങ്കിൽ ഒന്നുരണ്ടു മാസങ്ങൾ ഇന്ത്യയിൽ താമസിച്ചു വേണ്ടതു ചെയ്യാം. നല്ലൊരു പ്ലാൻ. ആലോചിച്ചു മറുപടി പറയാം.

യദൃച്ഛയായിട്ടെന്നപോലെ ഞാൻ പാമിൻെറ കാര്യം സംസാരിച്ചു.

മുഖഭാവം മാറി.

അവൾ തന്നെക്കുറിച്ച് എന്തെങ്കിലും പറയുകയുണ്ടായോ?

സ്നേഹിതരാണെന്നു പറഞ്ഞു.

അത്രേയുള്ളോ?

കൂടുതൽ വല്ലതുമുണ്ടോ?

ഒരക്ഷരം പുറത്തുപറയുകയില്ലെന്ന വാഗ്ദാനം. കേട്ടതൊന്നും ഡയറിയിൽ കുറിച്ചിടുകയില്ലെന്നു തീരുമാനിച്ചു.

എന്തൊരു വിചിത്രജീവിതം! വീണ്ടും വീണ്ടും ചിന്തിച്ചുപോകുന്നു.

ഈ മനുഷ്യർക്കെങ്ങനെ മനഃസ്വാസ്ഥ്യം കിട്ടും?

ഇവർ എങ്ങോട്ടേക്ക്?

അവൾ ഒരു ആദർശവാദിയെപ്പോലെ, രാജ്യം നന്നാകണമെങ്കിൽ അപരിഹാര്യമായതു് സെക്സ് എജ്യുക്കേഷൻ—ആദ്യഘട്ടം മുതൽ നാനാവശങ്ങളെയും വിശദീകരിക്കുന്നതു്—നല്കുകയാണെന്നു സമർത്ഥിക്കാൻ ശ്രമിച്ചു.

സെക്സ് എജ്യുക്കേഷൻ ഇവിടെ ഇപ്പോൾ ഉണ്ടല്ലോ.

ഏതാനും രഹസ്യകേന്ദ്രങ്ങളിലുള്ളതല്ലാതെ സ്കൂളുകളിലും കോളജുകളിലുമുള്ളതു് വളരെ അപര്യാപ്തമാണു്. ന്യൂയോക്കിൽ 'സ്കൂൾ ഓഫ് ലവ്' എന്നൊരു സ്ഥാപനമുണ്ടു്. ഒരു സെർട്ടിഫൈഡ് സോഷ്യാളജിസ്റ്റ് പി എച്ച് ഡി ക്കാരിയാണു് അതു നടത്തുന്നതു്. നിങ്ങൾ അതൊന്നു പോയിക്കാണണം.

എന്താണതിലത്ര വിശേഷവിധിയായുള്ളതു്?

ഒരു പുരുഷൻ ഒരു സ്ത്രീയെ പ്രേമിക്കേണ്ടതെങ്ങനെയെന്നും പ്രേമപൂർവ്വം അവളെ താലോലിച്ചുടപ്പിച്ചുടപ്പിച്ച് ക്രീഡിക്കേണ്ടതു് എങ്ങനെയാണെന്നും അഴകും ആരോഗ്യവും തുളുമ്പുന്ന യുവതീയുവാക്കന്മാർ നമുക്കു പ്രായോഗികമായി, എക്സ്പെരിമെൻറലായിത്തന്നെ അവിടെ കാട്ടിത്തരുന്നു. പ്രേമിക്കാൻ കഴിയാത്ത, അല്ലെങ്കിൽ അതിനു മെനക്കെടാത്ത, ഭർത്താക്കന്മാരാണു് ഇന്നിവിടെ എണ്പതുശതമാനം ഡൈവോർസുകൾക്കും കാരണക്കാരായിരിക്കുന്നതു്. അങ്ങനെയൊരു പുരുഷനുമൊത്തു കഴിയുക, എന്തൊരു ബോറാണതു്! അമ്മാതിരി 'ബോർഡം' ഫ്ളാബർ പറഞ്ഞിട്ടുള്ളപോലെ പാവപ്പെട്ട ഈ പെണ്ണുങ്ങളുടെ ഹൃദയമാകുന്ന തേനീച്ചയെ കുടുക്കിക്കൊല്ലുന്ന ചിലന്തിവലതന്നെയാണു്!

അവൾ അങ്ങനെയൊരു ബോർഡം അനുഭവിച്ചുകൊണ്ടിരിക്കുകയാണെന്നു മുഖഭാവം വ്യക്തമാക്കി.

ശരിയാണതു്—ഞാൻ സമ്മതിച്ചു.

ഹൃദയത്തിനു് അനുഭവപ്പെടുന്ന ഏതു വേദനയും സഹിക്കാം. പക്ഷേ, ടോംസ്റ്റായി സമ്മതിച്ചിട്ടുള്ളപോലെ അസഹ്യമായതു് 'ബെഡ്റൂം ട്രാജഡി'യാണു്.

അവൾ കരയുകയാണെന്നു തോന്നി. പാവം!

ഞാനും ആത്മാവിന്റെ കരച്ചിൽ അനുഭവിക്കുകയായിരുന്നു.

ചായ കഴിഞ്ഞു രാധ വരുന്നതുവരെ സംസാരിച്ചിരുന്നു. ഭയങ്കര ബോർഡം അവൾ അനുഭവിച്ചിരിക്കണം.

അച്ഛന്റെ സഹായം എല്ലാക്കാര്യത്തിലും പ്രതീക്ഷിക്കാമെന്നും എപ്പോൾ വേണമെങ്കിലും അച്ഛനൊത്തു് ഏതു വിഷയവും ഡിസ്കസ് ചെയ്യാൻ വിഷമമുണ്ടായിരിക്കയില്ലെന്നും മററും രാധ തന്മയത്വത്തോടെ പറഞ്ഞു. താമസിയാതെ വീണ്ടും വന്നുകൊള്ളാമെന്നു് അവൾ പറഞ്ഞു എങ്കിലും ആത്മാർത്ഥത കുറവായിരുന്നു എന്നു് എനിക്കു തോന്നി.

എന്തൊരു മാനസികവിഭ്രാന്തി ബാധിച്ച കൂട്ടർ! ഒരു മുക്തിമാർഗ്ഗം ഇവർക്കുപദേശിക്കാൻ എന്തെങ്കിലുമുണ്ടോ? ഉറങ്ങുന്നതുവരെ പാംബാരമാരെപ്പററി ചിന്തിച്ചിരുന്നു.

## 1973 ഓഗസ്റ്റ് 2, വ്യാഴാഴ്ച

കരിമ്പടം മൂടിവരുന്ന ദിനനാഥനെ കണ്ടു പകലിന്റെ മുഖം കരിവാളിച്ചിരുന്നു. ഇടിമിന്നലുകളോടുകൂടിയ അതിഭയങ്കര മഴ. രാധ മഴയത്തുതന്നെ പോയി. ബേസ്മെൻറ് മുറിയിൽ എവിടെനിന്നോ വലിയ ചോർച്ചയുണ്ടായി. എവിടെനിന്നെന്നു കണ്ടുപിടിക്കാൻ വിഷമിച്ചു. കുഞ്ഞുങ്ങളുമൊത്തു് വെള്ളം മുക്കിക്കളയാൻ ശ്രമിച്ചു. റോഡിൽ പലടത്തും വെള്ളപ്പൊക്കംകാരണം ട്രാഫിക്കിനു തകരാർ എന്നു റേഡിയോന്യൂസ്.

കുറെ വാൾ പെയിൻറുചെയ്തും വായിച്ചും സമയംപോക്കി.

തിരുവനന്തപുരത്തുനിന്നു കത്തുകൾ. ആഗസ്റ്റ് മുപ്പതിനു് തമ്പിമോന്റെ വിവാഹം നിശ്ചയിച്ചിരിക്കയാണു്. A. K. B. അതു കഴിഞ്ഞേ മടങ്ങുകയുള്ളു. അച്ഛൻ ധൃതിവച്ചു മടങ്ങേണ്ട എന്നു് തമ്പിമോൻ സമ്മതിച്ചിരിക്കുന്നു.

മഹർഷി മഹേശ്യോഗിയുടെ ടി.വി. ചച്ച: മഹർഷി മഹേശ്യോഗി പ്രൊഫസർ ന്യൂമാനുമായി അതീന്ദ്രിയധ്യാനപദ്ധതിയെ (Transcendental meditation)പ്പററി നടത്തുന്ന ചർച്ച ടി. വി.യിൽ ഉച്ചയ്ക്കു് 1.30-നുണ്ടെന്നു് പത്രങ്ങളിൽ കണ്ടതനുസരിച്ചു് ടി.വി. ശ്രദ്ധിച്ചു. നരച്ച താടിമീശയും കേശവും നീട്ടിയ, ദോത്തിധാരിയായ മഹർഷിയുടെ ആനന്ദനിർഭരമായ പുഞ്ചിരിതൂകുന്ന മുഖവും അടിക്കടിയുള്ള പൊട്ടിച്ചിരിയും ആനന്ദം പകരുന്നവ. നീണ്ട മുഖ

വും കഷണ്ടിത്തലയുമുള്ള ഫുൾസൂട്ടണിഞ്ഞ പ്രൊ നൃമാൻെറ ഗൗരവപൂൎണ്ണമായ മുഖഭാവം താരതമ്യപഠനാർഹം. ഹാർവാഡ് (Harvard), ബോസ്ടൻ (Boston) എന്നീ പ്രമുഖ സൎവ്വകലാശാലകൾ തുടങ്ങി സാധാരണ സെക്കൻഡറിസ്കൂളുകൾവരെ സ്റ്റേററ്സിലുള്ള അറുനൂറിൽപ്പരം വിദ്യാസ്ഥാപനങ്ങളിൽ മഹൎഷി തൻെറ ധ്യാനപദ്ധതി ആവിഷ്കരിച്ചുകഴിഞ്ഞിരിക്കുകയാണ്. പദ്ധതിക്ക് പ്രചാരം നല്കാൻ സന്നദ്ധഭടന്മാരായ അഞ്ഞൂറിൽപ്പരം ശിഷ്യന്മാരിപ്പോളുണ്ട്. ആയിരമാക്കി അവരെ പെട്ടെന്നു വൎദ്ധിപ്പിക്കാൻ കഴിയുമെന്നാണ് അദ്ദേഹത്തിൻെറ പ്രതീക്ഷ. കാലിഫോർണിയായിൽ ഗാലെററാ എന്ന പ്രദേശത്തു് മഹൎഷി 'ഇൻറർനാഷണൽ യൂണിവേർസിററി' എന്നൊരു സ്ഥാപനം ആരംഭിച്ചുകഴിഞ്ഞിരിക്കയാണ്. അവിടെ അതീന്ദ്രിയധ്യാനബിരുദം നേടാൻ അവസരം നല്കുന്നു.

വിദ്യാൎത്ഥിലോകത്തു മാത്രമാണോ നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നതു്? നൃമാൻെറ ചോദ്യം.

ഇല്ല. റോട്ടറിക്ലബ്ബുകൾ, ലയൺസ് ക്ലബ്ബുകൾ തുടങ്ങിയ സ്ഥാപനങ്ങൾമുഖേന സാധാരണപൗരന്മാൎക്കും പൗരിമാൎക്കും അതീന്ദ്രിയധ്യാനപദ്ധതി ലഭ്യമാക്കാൻ സൗകര്യപ്പെടുത്തിയിട്ടുണ്ട്. ഇതിന്നു തെളിവായി ഇലിനോയ്ഡ്, കണക്ററിക്കട്ട് എന്നിവിടങ്ങളിൽ നിയമസാമാജികന്മാർ രേഖപ്പെടുത്തിയിട്ടുള്ള നന്ദിപ്രകടനങ്ങൾ എടുത്തുകാട്ടാവുന്നതാണ്. വിശാലവീക്ഷണവും പ്രായോഗികമനസ്ഥിതിയുമുള്ള ചില ഉന്നതവ്യക്തികൾ കാരണം ഇപ്പോൾ അതീന്ദ്രിയധ്യാനക്ലാസ്സുകൾ ചില പട്ടാളകേന്ദ്രങ്ങളിൽപ്പോലും ഏൎപ്പെടുത്തീട്ടുണ്ട്. ന്യൂ ജേർസിയിലെ ഫോർട്ട് ഡിക്സ്, ടെക്സാസിലെ ഫോർട്ട് ബ്ലിസ് തുടങ്ങിയ പ്രമുഖ സൈനികകേന്ദ്രങ്ങളിലാണ് ഈ ക്ലാസ്സുകൾ വിജയകരമായി നടത്തിവരുന്നതു്.

ആരാണ് ഇതിന്നു കാരണക്കാർ?

പ്രധാനമായി പറയേണ്ടതു് പെൻസിൽവാനിയയിലെ കാർലിസ്ലി ആർമി വാർ കോളജിൻെറ അധിപനായ മേജർജനറൽ ഫ്രാങ്ക്ളിൻ എം. ഡേവിഡാണ്. അദ്ദേഹം പ്രായോഗികമായി തന്നെ ധ്യാനത്തിൻെറ മഹത്വം മനസ്സിലാക്കി. പട്ടാളക്യാമ്പുകളിൽ സൎവ്വസാധാരണമായ ലഹരിസേവ തുടങ്ങിയ ദുശ്ശീലങ്ങൾക്ക് അറുതിവരുത്താൻ അതിന്നു കഴിയുമെന്ന് അദ്ദേഹം വാദിച്ചതിൻെറ ഫലമായിട്ടാണ് സൈനികത്താവളങ്ങളിൽ അതു പ്രവേശിക്കാനും പ്രചരിക്കാനും ഇടയായതു്.

ലഹരിസേവക്ക് അറുതിവരുത്താൻ അതീന്ദ്രിയധ്യാനത്തിനു കഴിയുന്നതു് എങ്ങനെ?

ദിവസേന രണ്ടു പ്രാവശ്യംവീതം പതിനഞ്ചോ ഇരുപതോ മിനിട്ട് ഏകാഗ്രതയോടുകൂടിയിരുന്ന്, ഞങ്ങൾ പഠിപ്പിക്കുന്ന ശബ്ദോച്ചാരണത്തോടുകൂടി ധ്യാനനിരതരാകുന്നവൎക്കു മനസ്സിൽ

പ്രശാന്തിയും അതോടൊത്തു് ശാരീരികവും മാനസികവുമായ സമ്മർദ്ദക്കുറവും സംഭവിക്കുന്നു. ഇതു് വെറും പറച്ചിൽ മാത്രമല്ല. ഇ. സി. ജി. തുടങ്ങിയ ശാസ്ത്രീയ ടെസ്റ്റുകൾ തെളിയിച്ചിട്ടുള്ളതാണു്. കാലിഫോർണിയ, ബോസ്റ്റൺ തുടങ്ങിയ സ്ഥലങ്ങളിലെ മെഡിക്കൽസ്ഥാപനങ്ങൾ പഠനങ്ങൾ നടത്തിനോക്കി. ഹാർവാഡ് മെഡിക്കൽസ്കൂളിൽവെച്ചും ഗവേഷണങ്ങൾ നടത്തുകയുണ്ടായി. ധ്യാനനിരതരിൽ രക്തസമ്മർദ്ദവും ക്ഷീരാംശവിതാനവും താഴുന്നതു് കാണ്മാൻ കഴിഞ്ഞു. മാനസികമായ പ്രശാന്തി കൈവരുന്നതോടൊത്തു് പ്രശാന്തിയെ ഹനിക്കുന്ന ലഹരിപദാർത്ഥങ്ങളുടെ നേക്കു് അറപ്പും വെറുപ്പും സ്വാഭാവികമായി സംജാതമാകുന്നു. സൈനികമേധാവികൾ ചില സൈനികകേന്ദ്രങ്ങളിൽ ഇതു് പരീക്ഷിച്ചുനോക്കി അനുകൂലഫലങ്ങൾ അത്ഭുതകരമാംവിധം കണ്ടെത്തി. അവരുടെ സാക്ഷിപത്രങ്ങൾ എൻെറ കൈവശമുള്ളവ അങ്ങയ്ക്കു പരിശോധിക്കാവുന്നതേ ഉള്ളു.

കൂടക്കൂടെ കമ്പ കലുങ്ങെ ചിരിച്ചുകൊണ്ടു് മഹർഷിജി പ്രൊഫസറുടെ ചോദ്യങ്ങൾക്കു പററിയ ഉത്തരങ്ങൾ നല്കിക്കൊണ്ടിരുന്നു. ധ്യാനാഭ്യസനസമ്പ്രദായം, അതിനോടു ചേർന്നു മന്ത്രോച്ചാരണം നടത്തുന്നതിൻെറ പ്രയോജനം, ഈ ധ്യാനപ്രസ്ഥാനത്തിൻെറ മതേതരത്വം, ഇതുമൂലമുണ്ടാകുന്ന അനന്യമാർഗ്ഗസിദ്ധമായ കായിക മാനസികസുഖങ്ങൾ, അമേരിക്കയിൽ ഇതിനു ലഭിച്ചുകൊണ്ടിരിക്കുന്ന ആവേശപൂർവ്വമായ സ്വീകരണം, തീരാവ്യാധികൾ പലതും തുത്തുമാററാനുള്ള ഇതിൻെറ കഴിവു്—ഇങ്ങനെ വിഷയത്തിൻെറ നാനാമുഖങ്ങളെയും സ്പർശിച്ചുകൊണ്ടുള്ള സുദീർഘമായ ഒരു ചർച്ച നടന്നു. ഇപ്പോൾ അമ്പതുലക്ഷത്തോളം അമേരിക്കക്കാർക്കു കായികോന്മേഷവും മനശ്ശാന്തിയും—അവ തീരെ നഷ്ടപ്പെട്ടിരുന്ന അവസരത്തിൽ—നേടിക്കൊടുക്കാൻ തൻെറ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ടെന്നു മഹർഷി അവകാശപ്പെട്ടു. അടുത്തതായി, ഓരോ പതിനായിരം അമേരിക്കനും ഓരോ പരിശീലകനെ വീതം ഏർപ്പെടുത്തിക്കൊടുക്കാനാണു് തൻെറ ശ്രമം. അതു് അചിരഭാവിയിൽത്തന്നെ സാദ്ധ്യമാകുമെന്നാണു് പ്രതീക്ഷ. ഭൗതികമായ അഭ്യുന്നതിമൂലം സ്വാഭാവികമായി അടിതകർന്നുവരുന്ന ആദ്ധ്യാത്മികതയെ കെട്ടിപ്പടുത്തുയർത്താൻ സഹായകമാകുന്ന ഈ സമുദ്യമത്തിൽ സകല ഭാവുകന്മാരുടെയും സഹകരണങ്ങൾ ഉണ്ടാകണമെന്നു് അദ്ദേഹം അഭ്യർത്ഥിച്ചു.

പാംബാരമാരുടെ കാര്യം പെട്ടെന്നു് എൻെറ ഓർമ്മയിൽ ഉദിച്ചു. മഹർഷിജിയുടെ പ്രസ്ഥാനത്തിൻെറ നേർക്കു് അവരുടെ ശ്രദ്ധ തിരിച്ചുവിടാൻ ആത്മാർത്ഥമായ ഒരു ശ്രമം നടത്തണമെന്നു തീരുമാനിച്ചു.

കോണി ഐലാണ്ടിനെപ്പററി അന്വേഷണം: ശനിയാഴ്ച രാവിലെ കോണി ഐലാണ്ടിലേക്കുള്ള യാത്രയ്ക്കുവേണ്ടി പലതും ഒരുക്കേണ്ടതുണ്ടു്. വൈകുന്നേരം രാധ ഒരു ഗ്രോസറി ഷോപ്പിലും ഒന്നു

രണ്ടു സൂപ്പർ മാർക്കററുകളിലും സാധനങ്ങൾ മേടിക്കാൻ ചുററിക്കറങ്ങി. കോണി ഐലാണ്ടിനെപ്പററിയുള്ള വിവരങ്ങൾ ഒരു പാംഫ്ലററിൽനിന്നു മനസ്സിലാക്കി. എല്ലാ സുഖവാസകേന്ദ്രങ്ങളെപ്പററിയും വിശദവിവരങ്ങൾ നല്കുന്ന ലഘുലേഖകൾ പെട്രോൾ ഷോപ്പുകളിൽ ലഭിക്കും.

ബ്രൂക്ക്ലെനിലുള്ള അതിപ്രശസ്തമായ ഒരു സമ്മർ റിസോർട്ടാണ് കോണി ഐലൻഡ്. 'കോണി' എന്നാൽ മുയല്. ഒരു കാലത്ത് ആ ദ്വീപ് ഒരു മുയൽക്കാടായിരുന്നു. ഇപ്പോൾ ഒട്ടനവധി മനോഹരപാർക്കുകളും സ്വിമ്മിങ് പൂളുകളുമുണ്ട്. അത്യാകർഷകമാണ് കടൽപ്പുറം. സമ്മർകാലത്ത് പ്രതിദിനം പതിനഞ്ചുലക്ഷം സന്ദർശകർ അവിടെ സുഖാന്വേഷികളായി എത്തുന്നുണ്ട്. സുപ്രസിദ്ധമാണ് അവിടത്തെ അക്വേറിയം. മത്സ്യങ്ങളുടെ സർക്കസ്പ്രദർശനം എല്ലാ ദിവസവും ഉണ്ട്. പേരുപെററവയാണ് ഹോട്ടലുകളും മോട്ടലുകളും. മുൻകൂട്ടി ബുക്കുചെയ്തെങ്കിലേ താമസസ്ഥലം കിട്ടുകയുള്ളു. എല്ലാ ദിവസവും ചന്തയുണ്ട്. പലവിധം വിനോദങ്ങളും. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ടൂറിസ്റ്റുകൾ എത്താറുണ്ട്.

ടി. വി.-യിൽ പെട്ടെന്നുണ്ടായ മഴ വരുത്തിയ കെടുതികളെക്കുറിച്ചുള്ള ന്യൂസ്റീലുകൾ. ബ്രൂക്ക്ലെനിലുണ്ടായ വെള്ളപ്പൊക്കം കാരണം ഒരു കാർ ഒഴുകിപ്പോകുന്നു. വൃക്ഷങ്ങൾ മറിഞ്ഞുവീണ് ബ്ലോക്കേഡുകൾ സൃഷ്ടിച്ചിരിക്കുന്നു. മഴ വരുകയും പോകയും ചെയ്യുന്നതു പെട്ടെന്നു പെട്ടെന്നാണ്. എല്ലാം എത്ര സാമർത്ഥ്യത്തോടുകൂടിയാണ് ന്യൂസ്റീലുകളാക്കിയിരിക്കുന്നതു്. ആ അത്ഭുതലോകത്തെയും അതിലധിവസിക്കുന്ന അത്ഭുതമനുഷ്യരെയുംപററി ചിന്തിച്ചുകൊണ്ടു് കിടന്നു.

## 1973 ഓഗസ്റ്റ് 3, വെള്ളിയാഴ്ച

രാവിലെ തെളിഞ്ഞിരുന്ന അന്തരീക്ഷം പെട്ടെന്നു് മേഘാവൃതമായി. കുറച്ചു കഴിഞ്ഞപ്പോൾ അത്യുഗ്രമായ മഴ.

കുഞ്ഞുങ്ങളെ കാണുന്നില്ല: രാധ പോയപ്പോൾ മുററത്തു കളിച്ചുനിന്ന കുഞ്ഞുങ്ങളെ പെട്ടെന്നു കാണുന്നില്ല. പേമഴയത്തു് എങ്ങോട്ടുപോയി നോക്കാൻ? എന്നോടു പറയാതെ അവർ എങ്ങും പോകാറില്ല. സംഭ്രമമായി. രാധയെ ഫോണിൽ വിളിച്ചു, കിട്ടുന്നില്ല. അടുത്ത വീടുകളിലെ ഫോൺനമ്പരുകൾ അറിഞ്ഞുകൂട. കുട്ടികളെ കാണുന്നില്ല എന്നു പത്രങ്ങളിൽ പരസ്യങ്ങൾ കൂടെക്കൂടെ കാണാറുണ്ടു്. ശിശുമോഷണം, ബാലഹത്യ—സർവ്വസാധാരണമാണ്. പോലീസിനെ അറിയിക്കാമെന്നുതന്നെ വിചാരിച്ചു. പെട്ടെന്നു് ഒരു ഫോൺകാൾ. റോഡിനക്കരെയുള്ള ഒരു വീട്ടിൽനിന്നു് ഗീത

വിളിക്കുന്നു. മഴ വീണപ്പോഠം അവർ അടുത്തൊരു വീട്ടിൽ അഭയം തേടിയിരിക്കയാണ്. അപ്പൂപ്പൻ വിഷമിക്കരുതു്.

സമാധാനമായി.

സാധാരണ കുഞ്ഞുങ്ങളോടു ദേഷ്യപ്പെടാത്ത രാധ ഇതറിഞ്ഞപ്പോഠം വളരെ കയൎത്തു. കുട്ടികഠംക്കു വളരെ സങ്കടകരമായ ഒരു ശിക്ഷയും നല്കി—മൂന്നുദിവസം ടി. വി. കണ്ടുകൂടെന്നു് ഒരു വിലക്കു്.

'സിദ്ധാൎത്ഥ' എന്നൊരു നല്ല 'ആർ.' ഫിലിം വന്നിട്ടുണ്ടു്. വൈകുന്നേരം പോകാമോ? പാമിന്റെ അന്വേഷണം. രാധയുടെ സമ്മതം ചോദിക്കാൻ ഫോണിൽ രണ്ടുമൂന്നു പ്രാവശ്യം വിളിച്ചുനോക്കി. എന്തോ ഡിസ് ഓർഡറാണു്. കിട്ടുന്നില്ല. ഫിലിം പ്രോഗ്രാം പോസ്റ്റ്പോൺ ചെയ്യേണ്ടിവന്നു.

പാമിനു നാളെ കോണി ഐലാണ്ടിൽക്കൂടെ വരാമോ എന്നന്വേഷിച്ചു. വേറൊരു പ്രോഗ്രാമുണ്ടു്. പററുകില്ല.

വൈകുന്നേരം ബാരായുടെ ഫോൺ. ഇന്ത്യൻയാത്രയ്ക്കു പാസ്പോർട്ടും വിസായും എടുക്കാൻ തീരുമാനിച്ചുകഴിഞ്ഞു. എന്റെ എല്ലാവിധ സഹായസഹകരണങ്ങളും ഉണ്ടാകണം. വേണ്ടതു ചെയ്യാമെന്നേററു.

## 1973 ഓഗസ്റ്റ് 4, ശനിയാഴ്ച

കോണി ഐലാണ്ടു് യാത്ര: പ്രസന്നമായ അന്തരിക്ഷം. സൂര്യോദയം സന്തോഷം പകൎന്നു.

എട്ടുമണിക്കു യാത്രയ്ക്കു് ഒരുങ്ങിക്കൊള്ളാൻ ഡോക്ടർമാരെ അറിയിച്ചു 8.30–നു ഹാസ്പിററലിൽ ചെന്നു് അവരെ വിളിച്ചുകൊണ്ടു് കോണി ഐലാണ്ടിലേക്കു തിരിച്ചു.

ഭയങ്കര ട്രാഫിക്. ന്യൂയോക്ക്നഗരമദ്ധ്യത്തു പതിനായിരക്കണക്കിനു പായുന്ന വാഹനശ്രേണികഠക്കിടയിൽക്കൂടി ഞങ്ങഠം നൂണുനുഴഞ്ഞു പാഞ്ഞു.

നദിക്കടിയിൽക്കൂടി ടണൽ: ഒരു വലിയ ടണലിൽ ഞങ്ങഠം പ്രവേശിച്ചു. നദിക്കടിയിൽക്കൂടിയുള്ള തുരങ്കം. വൻകിടകപ്പലുകളും അന്തർവാഹിനികളും സഞ്ചരിക്കുന്ന നൂറടിയോളം താഴ്ചയും രണ്ടു മൈലോളം വീതിയുമുള്ള നദീതലത്തിനടിയിൽ രണ്ടു വരി കാറുകഠംക്കു് അങ്ങോട്ടുമിങ്ങോട്ടും നിർബാധം സഞ്ചരിക്കത്തക്കവിധം നിൎമ്മിച്ചിട്ടുള്ള ഈ ടണൽ ശാസ്ത്രത്തിന്റെ ഒരു വമ്പിച്ച വിജയംതന്നെ! വിദ്യുദ്ദീപങ്ങഠം പകലെന്നപോലെ വെളിച്ചം നല്കുന്നു. രണ്ടു് ഓരങ്ങളിലും ഒരാഠംക്കു നടക്കത്തക്ക വീതിയിൽ ഉയൎത്തിക്കെട്ടിയിട്ടുള്ള പാരപ്പററിൽ ആയുധധാരിയായ ഓരോ പോലീസ് ഗാർഡ് അങ്ങോട്ടുമിങ്ങോട്ടും റോന്തുചുററുന്നു, രാപ്പകൽ വ്യത്യാസമെന്യേ. അനേകലക്ഷം ഡോളർ ചെലവഴിച്ചു നിൎമ്മിച്ചിട്ടുള്ള ഈ

ഗഹ്വരമാർഗ്ഗത്തിൽ നിരന്തരശ്രദ്ധ പതിപ്പിക്കുന്നതിലെന്താണ ത്ഭുതം.

മൃ്യപ്പുകരം നോക്കി രാധസ്സു മാർഗ്ഗനിർദ്ദേശം ചെയ്തുകൊണ്ടു് ഡോക്ടർമാർ പിൻസീററിലിരുന്നെങ്കിലും രണ്ടു പ്രാവശ്യം വഴിതെററി, അമ്പതറുപതു മൈൽ കൂടുതൽ സഞ്ചരിക്കേണ്ടിവന്നു. 10.30 കഴിഞ്ഞു കാറുകളുടെ ഒരു മഹാസമുദ്രമായിത്തീർന്നിരുന്ന നഗരപ്രാന്തത്തിലെത്തിയപ്പോരം. ഉത്സവാഘോഷപരിപാടികളുടെ ഇരമ്പൽ കടലിന്റെ ഇരമ്പലോടുകൂടി കലന്നു് വിദൂരദിക്കുകളിൽപ്പോലും മുഖരിതമായിരുന്നു.

രണ്ടു ഡോളർ കൊടുത്തു് കാർ പാർക്കുചെയ്തു.

അക്വേറിയം: ആദ്യം അക്വേറിയം കാണണം. 11 മണിക്കാണു് മത്സ്യസക്കസ്സു്. ഈരണ്ടു ഡോളർ കൊടുത്തു് അകത്തു കയറി. പ്രേക്ഷകർ ഒട്ടനവധി. പല രാജ്യക്കാരും പല വർഗ്ഗക്കാരും. ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള പ്രധാനപ്പെട്ട ജലജീവികളുടെ ഒന്നാംതരം ഒരു ശേഖരണം ഈ മത്സ്യമന്ദിരത്തിലുണ്ടു്. ഓരോ ജീവിക്കും പററിയ ചൂടും വെളിച്ചവും നല്ലാനുള്ള ഉപകരണങ്ങരം ഓരോ സംഭരണിയിലും ഘടിപ്പിച്ചിരിക്കുന്നു. ഏറ്റവും ആകർഷിച്ചതു് പത്തുപന്ത്രണ്ടടി നീളവും നാലുനാലരയടി ചുറ്റളവുമുള്ള രണ്ടു വെളുവെളുത്ത ധ്രുവതിമിംഗലങ്ങളാണു് (White Arctic Whales). അതിസുന്ദരജീവികരം. ഗർഭിണിയായ പെണ്ണിനെ മാററിത്താമസിപ്പിച്ചിരിക്കയാണു്. ധ്രുവമേഖലയിലെ ശൈത്യം കൃത്രിമമായി സംയോജിപ്പിച്ചിട്ടുള്ള കണ്ണാടി ടാങ്കിനകത്തു കിടന്നു കൊച്ചു നീണ്ട കണ്ണുകരംകൊണ്ടു് ആ സുന്ദരി പ്രേക്ഷകരെ സസ്നേഹം കടാക്ഷിക്കുന്നു. എന്തു കൗതുകം കാണാൻ! വളരെനേരം നോക്കിനിന്നുപോയി.

വലിയ പൂളിനകത്തു കുത്തിമറിഞ്ഞിട്ടു് കരയ്ക്കുകയറി വെയിൽ കായുന്ന ഡോൾഫിൻ (Dolphin) എന്ന കറുമ്പൻ നീർനായ്ക്കളും ഒട്ടുനേരം ശ്രദ്ധ ആകർഷിച്ചു.

മത്സ്യങ്ങളുടെ അഭ്യാസപ്രകടനം: മത്സ്യങ്ങളുടെ അഭ്യാസപ്രകടനം കാണാൻ കാണികരം തിങ്ങിക്കൂടുന്നു. അർദ്ധവൃത്താകൃതിയിലുള്ള ഒരു വലിയ പൂളിന്റെ മൂന്നുവശവും ഉയന്ന ഗ്യാലറി. അഭ്യാസി മറുവശത്തു കൈയിൽ രണ്ടു മുഖമുള്ള ഒരു മൈക്കുമായി നില്ക്കുന്നു—ഒരു മുഖം പ്രേക്ഷകരുടെ നേക്കു്, മററതു് വെള്ളത്തിനുള്ളിൽ. ആദ്യം ഡോൾഫിൻ പററങ്ങരം തുരുതുരെ പൂളിൽ വന്നുകൂടി, അടിയിലുള്ള ഒരു തുമ്പുവഴി, എന്തനുസരണയാണു് അവററയ്ക്കു്. മൈക്കിൽ നല്കുന്ന നിർദ്ദേശം വെള്ളത്തിനുള്ളിൽ സൃഷ്ടിക്കുന്ന ചലനങ്ങരം മനസ്സിലാക്കി പലവിധം കുട്ടിക്കരണങ്ങരം അവ നടത്തുന്നു. പാറാവളയത്തിനുള്ളിൽക്കൂടി പൊങ്ങിച്ചാടുന്നു. ഒറ്റയായും ഇരട്ടയായും ഒന്നും രണ്ടും മൂന്നും കുട്ടിക്കരണങ്ങരം മൈക്കിലെ നിർദ്ദേശപ്രകാരം മറിയുവാൻ അവററയെ പഠിപ്പിച്ചിരിക്കയാണു്. ഓരോ അഭ്യാസപ്രകടനത്തിന്റെയും അവസാനം ഓരോ വലിയ മീൻ അവററ

യുടെ തുറന്നു നീട്ടുന്ന വായ്ക്കകത്തിട്ടുകൊടുക്കും, കൂലിയായി. കൂലിക്കായി അഭ്യാസിയുടെ സമീപത്തേക്കു നീങ്ങി വാ തുറന്നു നില്ക്കുന്ന അവ പ്രേക്ഷകരെ ചിരിപ്പിക്കാൻ പററിയ കാഴ്ചയാണ്. ഒടുവിൽ കട്ടിയുള്ള ഒരിനം മുണ്ടുകുപ്പായം അണിഞ്ഞുകൊണ്ടു് പൂളിൽ ചാടിയ അഭ്യാസിയെ ആലിംഗനംചെയ്യുക, ചുംബിക്കുക, ഗുസ്തിപിടിക്കുക തുടങ്ങിയ വിക്രിയകൾ നിർദ്ദേശമനുസരിച്ച് അവററ ചെയ്തിരുന്നു.

അടുത്തതു് മകരമത്സ്യത്തിന്റെ അഭ്യാസപ്രകടനമാണ്. ആ തടിയൻ 'വെള്ളക്കാരൻ' വെള്ളത്തിനുമുകളിൽ നിർദ്ദേശമനുസരിച്ചു കുതിച്ചുചാടുന്നതും കരണംമറിയുന്നതും കൂലിക്കണയുന്നതും തടിച്ച വാലാട്ടിക്കൊണ്ടു നിർദ്ദേശിക്കുന്ന ദിക്കുനോക്കി സഞ്ചരിക്കുന്നതും ഒടുവിൽ സദസ്യർക്കു വാലുകുലുക്കി ടാററാ പറഞ്ഞുകൊണ്ടു് പോകുന്നതും ഒക്കെ അത്ഭുതാനന്ദങ്ങൾ പ്രദാനംചെയ്തിരുന്നു. അഭ്യാസിയുടെനേർക്കു ബഹുമാനവും ജനിപ്പിച്ചിരുന്നു.

ആകെക്കൂടി ഒരു മണിക്കൂർ നീങ്ങിയതു് അറിഞ്ഞില്ല.

കോണി കടൽക്കര: കടൽക്കരയിലേക്കു നീങ്ങി. പല വർണ്ണങ്ങളിലും പല പ്രായങ്ങളിലുമുള്ള ലക്ഷത്തിൽപ്പരം സുഖാന്വേഷകരുടെ കേളീരംഗം. വൃത്തിയും ഭംഗിയുമുള്ള ഒന്നാംതരം മണൽപ്പുറം. ചപ്പുചവറുകൾ വിക്ഷേപിക്കാനുള്ള ട്രാഷ്ബിൻ അങ്ങുമിങ്ങുമുണ്ടു്. ആവശ്യമുള്ളവർക്കു വൃത്തിയുള്ള കക്കൂസുകളും. സാനിട്ടേഷനിലുള്ള ശ്രദ്ധ സ്തുത്യർഹമാണ്. പ്രശാന്തമായ കടൽ. അങ്ങിങ്ങു ചെറിയ പാറക്കുന്നുകൾ പൊങ്ങിനില്ക്കുന്ന—കന്യാകുമാരിയുടെ പ്രതീതിയുളവാക്കുന്ന—ചെറുകല്ലോലമാലകൾ ഇളകി മറിഞ്ഞുവരുന്ന—പലവിധം കളിയോടങ്ങൾ നിറഞ്ഞ—ഉത്സാഹപൂർവ്വം നീന്തിക്കളിക്കുന്ന ആയിരക്കണക്കിനു മനുഷ്യരൂപങ്ങൾ തിങ്ങിക്കാണുന്ന—വൃത്താകാരമായ കടലും നഗ്നതമറയ്ക്കാൻ മതിയാകാത്ത സ്വിമ്മിങ്ങ് ഡ്രസ്സണിഞ്ഞ സ്ത്രീപുരുഷന്മാർ നിറഞ്ഞ കടൽക്കരയും ആരെയും ഹഠാദാകർഷിക്കാൻ പര്യാപ്തമാണ്. ജലക്രീഡകളിൽ മുഴുകി മതിമറന്നു രസിക്കുന്ന ജനക്കൂട്ടത്തെ നോക്കിക്കൊണ്ടു കുറേനേരം ഞങ്ങൾ ഉലാത്തി. കുഞ്ഞുങ്ങൾക്കു നീന്തിക്കളിച്ചാൽ കൊള്ളാമെന്നുണ്ടു്. പാമിന്റെ അഭാവം അവർ പല പ്രാവശ്യം പറഞ്ഞു. വെള്ളത്തിൽ ചാടിയ അവരുടെ പിന്നാലെ ഡോക്ടർമാർ കൂടി. ഒന്നൊന്നര മണിക്കൂർനേരം അവിടെ കഴിച്ചുകൂട്ടി.

200 വാരയ്ക്കപ്പുറത്തു് ഉത്സവത്തിന്റെ കോലാഹലധ്വനികൾ മുഴങ്ങുന്നു.

കാറിനകത്തു കയറിയിരുന്നു് ലഞ്ചു കഴിച്ചിട്ടു് ഞങ്ങൾ പട്ടണമദ്ധ്യത്തിലേക്കിറങ്ങി.

കോണിദ്വീപിലെ വിനോദങ്ങൾ: വിചിത്രവിനോദങ്ങൾ പലതുണ്ടു് അവിടെ. 300 അടി ഉയരമുള്ള ഒരു സ്തംഭത്തിന്റെ മുക

ളിലേക്കുള്ള യാത്ര, അതിവേഗത്തിൽ ഉയന്നും താണും കുത്തനെ പായുന്ന ഒരു ഇലക്ട്രിക് തീവണ്ടിയിൽക്കൂടിയുള്ള സംഭ്രമജനകമായ യാത്ര, കൃത്രിമകുതിരവണ്ടിയിൽ സവാരി തുടങ്ങിയ പത്തുനൂറു തരം കളികളിൽ ചിലതിലെല്ലാം പങ്കുകൊണ്ടു. നൂററമ്പതടിയോളം പൊക്കത്തിൽനിന്നു കുതിച്ചു കീഴ്പ്ലോട്ടിറങ്ങിയ എലക്ട്രിക് ട്രെയിനിൽവെച്ച് ഡോ. രാമചന്ദ്രൻെറ താക്കോൽക്കൂട്ടം തെറിച്ചു പോകുന്നതിനിടയായി. വളരെ പണിപ്പെട്ടിട്ടും അതു തിരിച്ചു കിട്ടിയില്ല.

കച്ചവടങ്ങൾ പലതും നടക്കുന്നു. പലമാതിരി ചൂതാട്ടങ്ങളും. കുട്ടികൾക്കു ചില കളിപ്പാട്ടങ്ങൾ മേടിച്ചു.

രണ്ടുമണിക്കു മടക്കയാത്ര. ഡോക്ടർമാരെ ഹോസ്പിററലിൽ കൊണ്ടു വിട്ടിട്ട് 4–നു വീട്ടിലെത്തി.

എല്ലാപേരും ക്ഷീണിച്ചിരുന്നു. നേരത്തേ കിടന്നു.

## 1973 ഓഗസ്റ്റ് 5, ഞായറാഴ്ച

പത്തുമണിക്കു പാം വിളിച്ചു; 'സിദ്ധാർത്ഥ' കാണാൻ പോകാമോ എന്നു തിരക്കാൻ.

നിയന്ത്രിത (R) ഫിലിമായതുകൊണ്ട് കുഞ്ഞുങ്ങളെ വിട്ടിട്ട് രാധയ്ക്കു വരാൻ നിവൃത്തിയില്ല. ഞാൻ സന്തോഷത്തോടെ പങ്കുകൊള്ളാമെന്നു സമ്മതിച്ചു.

'ഇന്നലെ എന്തായിരുന്നു പ്രോഗ്രാം?' ഞാൻ ആരാഞ്ഞു.

യോഗിക് ക്ലാസ്സ് 3 എച്ച്. ഒ.: ''ഞാൻ ഒരു യോഗിക് ക്ലാസ്സിൽ ചേർന്നിരിക്കയാണ്.''

"അതേയോ? അതുകൊള്ളാമല്ലോ!''

''എന്താത്ര അത്ഭുതം? വിമൺസ്ക്ലബ്ബിലെ 56 അംഗങ്ങൾ ഇപ്പോൾ ചേർന്നുകഴിഞ്ഞു. ഇന്നലെ ലൈലാ ലാൻഡോയുടെ (Lila Landow) പ്രസംഗവും യോഗിക് പ്രകടനങ്ങളുമുണ്ടായിരുന്നു.''

''മഹർഷി മഹേശ്യോഗിയുടെ ശിഷ്യയാണോ ലൈലാ?''

''അല്ലല്ല. മഹർഷിക്കും കൂട്ടർക്കും രഹസ്യമന്ത്രങ്ങളും മററുമുണ്ട്. അങ്ങനെ രഹസ്യമൊന്നുമില്ലാത്ത മറെറാരു വിശ്വപ്രസിദ്ധമായ പ്രസ്ഥാനമാണ് 3 എച്ച്. ഒ. ഹെൽത്തി, ഹാപ്പി, ഹോളി, ഓർഗനൈസേഷൻ. യോഗിഭജൻ (Yogi Bhajan) എന്ന സിക്ക് ഗുരു 1968–ൽ സ്ഥാപിച്ചതാണ്. യു. എസ്. എ –ൽത്തന്നെ ഇപ്പോൾ 5 ലക്ഷം അംഗങ്ങളുണ്ട്. യഥാർത്ഥ സത്യാന്വേഷികൾ. ശരിയായ ധ്യാനംചെയ്യേണ്ട രീതി അവർ പഠിപ്പിക്കുന്നു. കുറച്ചൊക്കെ ഞാനിപ്പോൾ പഠിച്ചുകഴിഞ്ഞു.''

''എന്തൊക്കെയാണ് അതിൻെറ സമ്പ്രദായങ്ങൾ?''

''നിവന്നിരിക്കണം. അപ്പോൾ ലൗകികകാര്യങ്ങളൊക്കെ മറക്കാൻ ഗുരു നിർദ്ദേശിക്കുന്നു. കുറച്ചൊക്കെയേ ആദ്യമാദ്യം മറക്കാൻ പററൂ. പിന്നെ മനസ്സിനെ ശൂന്യതയിൽ, അനന്തതയിൽ വിടുതൽ ചെയ്യാൻ ആവശ്യപ്പെടുന്നു. എന്നിട്ട് കുറച്ചുകൂടി, കുറച്ചുകൂടി, ഇനീം എല്ലാം ചിന്തകളും വിട്ടിട്ട്, ബാഹ്യശരീരത്തെപ്പോലും മറന്നിട്ട് സൂക്ഷ്മതയിൽ ലയിക്കുവിൻ, ഇനിയും ലയിക്കുവിൻ—എന്നീ ക്രമത്തിൽ ഗുരുജിയുടെ നിർദ്ദേശം കേൾക്കുമ്പോൾ ഞങ്ങൾ—എൻെറ കാര്യത്തിൽ സംശയമില്ല—വാസ്തവത്തിൽ ഏതോ ഒരു പ്രകാശധോരണിയിൽ ലയിക്കുന്നതായി തോന്നിപ്പോകുന്നു. ആദ്യദിവസംതന്നെ അതിൻെറ ലാഞ്ഛന എനിക്ക് അനുഭവപ്പെട്ടു.''

വലിയ അത്ഭുതം തോന്നി. എന്തോ ഒരു വലിയ വ്യത്യാസം ഈ സ്ത്രീയിൽ സംഭവിക്കാൻപോകുകയാണ്. ഒരു പുതിയ വ്യക്തി രൂപംകൊള്ളുന്നോ?

''അപ്പോൾ താമസിയാതെതന്നെ ഒരു ഇന്ത്യൻ സന്യാസിനി മസാച്ചുസെററ്സിലെ മനോഹരമായ ഒരു കായൽക്കരയിൽ തപസ്സുചെയ്തിരിക്കുന്നതു കാണാൻ മനുഷ്യർ വന്നുകൂടാനിടയാകുമെന്നു തോന്നുന്നു!'' ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

''കാര്യം മനസ്സിലാകാതെ പരിഹസിക്കുകയാണ്. സാധാരണ ദൈനന്ദിനജീവിതരീതികൾക്ക് 3 എച്ച്. ഒ. തടസ്സമാകുകയില്ല. അതാണ് ഈ പ്രസ്ഥാനത്തിൻെറ ഒരു പ്രത്യേകത. വിവാഹമാകാം, കുട്ടികളാകാം, മററു പ്രവൎത്തനങ്ങളെല്ലാമാകാം. മതവിശ്വാസമൊന്നും തടസ്സമല്ല. പിന്നെ ഇതൊന്നും വേണ്ടെന്നുള്ളപക്ഷം 3 എച്ച്. ഒ.–യുടെ ആശ്രമങ്ങളുള്ളതിൽ അംഗങ്ങളാകാം. അവിടെ യോഗാഭ്യാസത്തിൻെറ ആസനങ്ങളും മററും പഠിക്കാനൊക്കും.''

''ആശ്രമങ്ങളുമുണ്ടോ?''

''കൂടുതൽ വിവരങ്ങൾ വൈകുന്നേരം കാണുമ്പോൾ പറയാം. ഏതായാലും എനിക്കു വലിയ മനശ്ശാന്തി അനുഭവപ്പെട്ടുതുടങ്ങിയിട്ടുണ്ട്.''

''വളരെ സന്തോഷം.''

അത്യുത്സാഹഭരിതയായിട്ടാണു വൈകുന്നേരം വന്നതു്. 3 എച്ച്. ഒ.–യുടെ മേന്മയെക്കുറിച്ചു വാതോരാതെ പ്രസംഗിച്ചു. മററു പല യോഗിക്പ്രസ്ഥാനങ്ങളും അമേരിക്കയിലുണ്ട്. അവയുടെ സാഹിത്യമെല്ലാം പഠിച്ചിരിക്കുന്നു. അവയൊന്നും 3 എച്ച്. ഒ.യുടെ സമീപത്തു വരുകയില്ല. ബാലയോഗീശ്വരൻെറ Divine Light Mission കഴിഞ്ഞകൊല്ലമാണ് അമേരിക്കയിൽ ആരംഭിച്ചതു്. പക്ഷേ, 15 വയസ്സു മാത്രം പ്രായമുള്ള ബാലയോഗീശ്വരനു് ഇന്നു് 22,000 ഡോളർ വിലയുള്ള ഒരു വെള്ളി റോൾസ്റോയിസും (Rolls Royce) ഒമ്പതിനായിരം വിലയുള്ള മെർസിഡസ് ബെൻസും (Mercedes Benz) സ്വന്തം വിമാനവും ലണ്ടനിൽ ഹൈഗേററിൽ 60,0(0 ഡോളർ വിലയുള്ള മാളികയും സമ്പാദ്യമായുണ്ട്. ധനസമ്പാദനമാണ്

അയാളുടെയും കൂട്ടരുടെയും ലക്ഷ്യമെന്നല്ലേ ഇതു തെളിയിക്കുന്നതു്? അതുപോലെതന്നെ ഫാദർ ചിരഞ്ജീവറോയ് നടത്തിവരുന്ന റവലേഷൻ ഫൗണ്ടേഷൻ (നവവിജ്ഞാന സ്ഥാപനം) യോഗിക് ക്ലാസ്സുകൾ ഒന്നും നടത്തുന്നില്ല. പ്രസംഗം, പ്രസംഗം മാത്രം. 3 എച്ച്. ഒ.–പോലുള്ള ഉത്തമയോഗിക്പ്രസ്ഥാനങ്ങളെ കുററംപറയുക മാത്രമാണ് അങ്ങേരുടെ ജോലി. അതു് അധികകാലം യു. എസ്. എ.–യിൽ നിലനില്ക്കാൻ പോകുന്നില്ല. ഞങ്ങൾ തത്ത്വജ്ഞാനപരമായ യഥാൎത്ഥസത്യം അന്വേഷിച്ചു പിടിക്കുന്നതിൽ മാത്രം തൽപരരാണെന്നുള്ള കാര്യം ഇക്കൂട്ടർ മനസ്സിലാക്കുന്നില്ല.

ശ്രോതാക്കൾ മൃഷിയുമെന്നും ഇക്കൂട്ടർ മനസ്സിലാക്കുന്നില്ലെന്നു വരുമോ? നാലുതൊട്ടഞ്ചുവരെ യോഗപ്രസംഗങ്ങൾതന്നെ. ചായ കഴിഞ്ഞു ഫിലിമിനു പോയി.

സിദ്ധാൎത്ഥഫിലിം: 3 എച്ച്. ഒ.–യുടെ തീമിനു പററിയ ഒരു കഥയാണ് 'സിദ്ധാൎത്ഥ'യിൽ എന്നു തോന്നി. ഇന്ത്യൻ പശ്ചാത്തലത്തിൽ ഇന്ത്യൻ താരങ്ങൾ ഇംഗ്ലീഷ്ഭാഷയിൽ അഭിനയിച്ചതു്. 'സൺ ഓഫ് ഇന്ത്യ', 'മേരാ നാം ജോക്കർ' തുടങ്ങിയ ഫിലിമുകളിൽ അഭിനയിച്ച 'സിമി'യാണ് പ്രധാന ആകൎഷണപാത്രം. മനസ്സമാധാനവും ജീവിതത്തിനു് ഒരു അൎത്ഥവും തേടി വനാന്തരങ്ങളെ അഭയം പ്രാപിക്കുന്ന സിദ്ധാൎത്ഥൻ സന്യാസിജീവിതവും ഹഠയോഗവിദ്യകളും അപൎയ്യാപ്തമെന്നു കണ്ടു ദുഃഖിതനായി കഴിയുമ്പോൾ ധനാഢ്യ ഒരു വേശ്യ(സിമി)യെ കണ്ടുമുട്ടുകയും അവളുടെ വലയിൽ കുടുങ്ങുകയും ചെയ്യുന്നു. അതിസുന്ദരമായ അവളുടെ നഗ്നശരീരത്തെ സാക്ഷാൽ സൎവ്വേശ്വരിയുടേതെന്നപോലെ ആരാധനാഭാവത്തിൽ കൂപ്പുകൈയോടെയാണ് അയാൾ ആദ്യം ദശിക്കുന്നതു്. തുടൎന്നു് തുറന്ന സംഭോഗകേളികൾ, ആരെയും ഇക്കിളിപ്പെടുത്തുന്നവ.

''സ്ത്രീക്കു പുരുഷനും പുരുഷനു സ്ത്രീയും കൂടിയേതീരൂ," പാമിന്റെ കമന്റ്. ''3 എച്ച്. ഒ.–യുടെ ഒരു പ്രധാന തത്വം അതാണ്. സ്ത്രീയുടെ ശരീരഘടനതന്നെ നോക്കു. അതു പുരുഷന്റേതിൽനിന്നു് എത്രയും വ്യത്യസ്തമാണ്. രണ്ടും യോജിച്ചാലേ ജീവിതം പൂൎത്തിയാകയുള്ളു. അതാണ് ഈ കഥ കാട്ടുന്നതു്. വളരെ നന്നായിരിക്കുന്നു. വേണ്ടവിധത്തിൽ എല്ലാം നോക്കിക്കാണാനുള്ള കണ്ണു് മനുഷ്യക്കു വേണമെന്നേയുള്ളു.''

ഈ ക്രമത്തിൽ രസപ്രദമായ കമ്മൻറുകൾ മുറമുറയേ എന്റെ ചെവിക്കു് ഇമ്പം നല്കിക്കൊണ്ടിരുന്നു. എയർക്കൂളിങ്ങ്കൊണ്ടു സുഖകരമായ തിയേററർ. ഇടവേളയിൽ മധുരപലഹാരങ്ങളും ലഹരിയില്ലാത്ത വീഞ്ഞും. ആകെക്കൂടി ആനന്ദപ്രദമായ ഒരു സായാഹ്നം.

"സൗകൎയ്യമുള്ള ദിവസങ്ങളൊക്കെ നമുക്കു് ഒന്നിച്ചുകൂടി പലതും ഡിസ്കസ് ചെയ്യാനുണ്ടു്. അനുമതി ചോദിക്കാതെതന്നെ ഞാനിങ്ങു കയറിവന്നേക്കും.'' പാമിന്റെ വിടവാങ്ങൽ.

''ശരി, സന്തോഷംതന്നെ!''

## 1973 ഓഗസ്റ്റ് 6, തിങ്കളാഴ്ച

ചില ഹോബികൾ: രാധ ലിവിങ്റൂം ഭിത്തി അലങ്കരിക്കാൻ കറുത്ത സിൽക്കുതുണിയിൽ ഒരിനം മഞ്ഞ ധാന്യങ്ങൾ അടുക്കടുക്കായി ഒട്ടിച്ച് ഭംഗിയേറിയ ഒരു നിലവിളക്കും അതിനോടു ചേർന്ന് ഒരു നിറപറയിൽ പൂക്കുലയും മെടഞ്ഞുണ്ടാക്കിവെച്ചിരുന്നു. അതിന്ന് ഒരു ഫ്രെയിം ഉണ്ടാക്കാൻ അവൾക്കു കഴിഞ്ഞിരുന്നില്ല. ഞാൻ ട്രെയിനിങ്കോളേജിൽ മരപ്പണി പഠിച്ചതും കുറെ കളിക്കോപ്പുകൾ ഉണ്ടാക്കിവെച്ചതും രാധ ഓർത്തു. താഴെ ഒരു മുറിയിൽ മുമ്പു താമസിച്ചിരുന്ന ജൂതകുടുംബം ഇട്ടിട്ടുപോയ കാർപെൻററി ടൂൾസും പല സൈസിലുള്ള ധാരാളം മരക്കഷണങ്ങളും പലകകളും കിടപ്പുണ്ട്. അവ ഉപയോഗിച്ച് ഒരു നല്ല ഫ്രെയിം ഉണ്ടാക്കിയാൽക്കൊള്ളാമെന്ന് കുറച്ചുദിവസത്തിനു മുമ്പുതന്നെ രാധ പറഞ്ഞിരുന്നു. അച്ഛനു സമയം പോക്കാൻ രസമുള്ള പണിയായിരിക്കും. കുഞ്ഞുങ്ങളുമൊത്തു ടൂൾസ് പരിശോധിക്കാൻ താഴത്തെ അറ ഞാൻ തുറന്നു. ഒരു വലിയ കണ്ടുപിടുത്തം. അവരാരും കണ്ടിട്ടില്ലാത്ത ഒരു ഉള്ളറ—കുറെ നല്ല പെയിൻറിങ്ങുകളും നല്ല ടൂൾസും കുറെ പെയിൻറുകളും ബ്രഷുകളും അടങ്ങിയതു്. എല്ലാം പുറത്തെടുത്തു. നല്ല പണിയായി. ആദ്യം നിലവിളക്കുശില്പത്തിന് ഒരു നല്ല ഫ്രെയിം ഉണ്ടാക്കി. പിന്നെ കുട്ടികൾക്ക് ഒരു ഡോൾഹൗസ് നിർമ്മിച്ചുകൊടുത്തു. അവർ ഉത്സാഹത്തോടെ സഹായിച്ചു.

രാധക്കു വലിയ സന്തോഷമായി. തടിക്കഷണങ്ങൾ ഉപയോഗിച്ച് പലതും ഉണ്ടാക്കാൻ പ്ലാനിട്ടു. വൈകുന്നേരം ബാംബഗ്ഗർസിൽ ചുററിയടിച്ചു. കൂടുതൽ ടൂളുകളും പലയിനം ആണികളും മേടിച്ചു. നാളെമുതൽ കുറെ നല്ല ഫ്രെയിമുകളും പെട്ടികളും ഉണ്ടാക്കാൻ തീരുമാനിച്ചു.

മഴ നിശ്ശേഷം മാറി. അത്യുഷ്ണം. റോസിനും മററു ചെടികൾക്കും നനച്ചു. ചീരയും മല്ലിയും മററും നല്ലപോലെ വളർന്നിട്ടുണ്ട്. കുറെ ചീര കണ്ടിച്ചെടുത്തു. ഉച്ചക്കു മെഴുക്കുപെരട്ടിയുണ്ടാക്കാൻ.

ചൂടിൻെറ കൂടുതൽകൊണ്ടു മുറിക്കകത്തെ ടെമ്പറേച്ചർ വളരെ താഴ്ത്തിയിട്ട് വായനയിൽ മുഴുകി. കുഞ്ഞുങ്ങൾ അയലത്തെ പിള്ളാരുമൊത്തു കിഴക്കേ ലാണിൽ കളിക്കുന്നു.

പെട്ടെന്ന് ഒരു നിലവിളി. ഗീത അത്യുച്ചത്തിൽ കരയുന്നു. മററു കുട്ടികൾ സംഭ്രമിച്ചോടിക്കൊണ്ടു്, 'വാസ്പ്, വാസ്പ്,' എന്നു നിലവിളിക്കുന്നു. ഓടിച്ചെന്നു നോക്കി.

വാസ്പുസംഹാരം: മുററത്ത് വടക്കുകിഴക്കേ കോണിൽ ഒരു കമ്പിഊഞ്ഞാലുണ്ട്. ത്രികോണാകൃതിയിലുള്ള രണ്ട് ഉരുളൻ കമ്പിത്താങ്ങുകളുടെ മുകളിൽ വിലങ്ങനെ ഘടിപ്പിച്ചിട്ടുള്ള ഒരു ഉരുളൻകമ്പിയിൽ ചങ്ങലകൊണ്ടു നിർമ്മിച്ചിട്ടുള്ളതു്. കുറച്ചു ദിവസമായി ഉപയോഗിക്കാറില്ല. കളിക്കിടയിൽ കുട്ടികൾ അതിൽക്കയറി ആടി. പെട്ടെന്നു മുകളിലത്തെ ഉരുളൻകമ്പിക്കകത്തുനിന്നു മുഴക്കത്തോടെ ഒരുപററം കടന്നൽ പുറത്തേക്കു ചാടി. ഗീതയുടെ കവിളിലും ഭുജത്തിലും രണ്ടു കടി പററി. പ്രാണവേദനയോടെ അവൾ ക്കുവുകയാണു്. മററു പിള്ളാർ സംഭ്രമിച്ചോടുന്നു.

എന്തെടുക്കാനാണു്? കുഞ്ഞു വേദനകൊണ്ടു പിടയുന്നു. റീന അവളുടെ വീട്ടിലോടിച്ചെന്നു് ഒരു ഓയിൻറ്മെൻറുമായി ഓടി വന്നു. പുറകെ 'ക്രാബ്' എന്നു വിളിച്ചതായി ഗീതയിൽ അപരാധം ചുമത്തിയിരുന്ന തടിച്ചി അമ്മൂമ്മയും. ആദ്യമായിട്ടാണു് ആ ഇററാലിയൻവല്യമ്മ അവിടെ വരുന്നതും എന്നോടു സംസാരിക്കുന്നതും. ഗീതയുടെ ചുവന്ന മുഖം കരുവാളിച്ചിരുന്നു.

''വളരെ വിഷമുള്ളതാണു്. ഓയിൻറ്മെൻറ് തേച്ചാൽ ശമിക്കുന്നില്ലെങ്കിൽ ഡോക്ടറുടെ അടുത്തു് ഉടൻ കൊണ്ടുപോണം,'' അവർ കാര്യഗൗരവത്തോടെ ഉപദേശിച്ചു.

നല്ല ലേപനി. അല്പം കഴിഞ്ഞപ്പോൾ വലിയ ആശ്വാസം കിട്ടി.

ഊഞ്ഞാൽക്കമ്പിയുടെ രണ്ടററവുമുള്ള ദ്വാരങ്ങളിൽ ക്രൂരനോട്ടമുള്ള രണ്ടുമൂന്നു കാവൽക്കാർ ഉററുനോക്കിയിരിക്കയാണു്. ചാവേററു ഭടന്മാർ മൂന്നാലുപേർ ശത്രുക്കളെണ്ണഞ്ഞാൽ പതിച്ചുകൊത്തുവാൻ സന്നദ്ധരായി റോന്തുചുററുന്നു.

സകല ജീവരാശികളിലും കരുണയും സമഭാവനയും വേണമെന്നും അഹിംസ പരമധർമ്മമാണെന്നും മററുമുള്ള ആദർശങ്ങളെല്ലാം കാററിൽ പറന്നു. ഇവററയെ സമൂലനാശം വരുത്തിയേ പററൂ. വല്യമ്മയുടെ വീട്ടിൽ ഒരു സ്പ്രേ ഇരിപ്പുണ്ടു്. സർവ്വകീടസംഹാരി. അതു കൊണ്ടുവന്നു. പത്തടി ഉയരത്തിൽ സ്പ്രേ ചെയ്യാം. രണ്ടുമൂന്നു മിനിട്ടിനകം എല്ലാം ഹരമാകും. പക്ഷേ, അടുത്തു പോകുന്നതെങ്ങനെ? കൈയുറയും മുഖംമൂടിയുമണിഞ്ഞാൽ മതിയെന്നു വല്യമ്മ ഉപദേശിച്ചു. ഞാൻ വേഷംമാറി വന്നു. പണിതുടങ്ങി. ചെളി കുഴച്ചു് ഇരുമ്പുകുഴലിൻെറ ഒരു വശം അടച്ചു. നിമിഷത്തിനുള്ളിൽ മറുവശത്തുകൂടി സ്പ്രേയിങ് തുടങ്ങി. മുഴങ്ങിക്കൊണ്ടു പററംപററമായി പുറത്തിറങ്ങിവന്ന ശത്രുക്കളെല്ലാം നിലത്തേക്കു കറങ്ങി വീണുതുടങ്ങി. എട്ടുപത്തു മിനിററിനുള്ളിൽ മുക്കാലേയരയ്ക്കാലും നിലംപരിശായിക്കഴിഞ്ഞു. വളരെ കുറച്ചെണ്ണം മാത്രം ഉയർന്നു പറന്നു് അകലെയുള്ള ഓക്ക്മരങ്ങളെ ശരണംപ്രാപിച്ചു.

ഗീതയുടെ വേദന വളരെ കുറഞ്ഞിരുന്നു.

''പറന്നുപോയവ മടങ്ങിയേക്കും. സ്പ്രേ ഇവിടെയിരിക്കട്ടെ. ഗറാഷിൻെറ മൂലയിലെങ്ങാനും മൂടി സൂക്ഷിച്ചുവയ്ക്കൂ.'' വല്യമ്മയുടെ ഉപദേശം.

ആവശ്യം വന്നപ്പോ൪ ഓടിയെത്തിയ അവക്ക ഞാൻ ഹൃദ്യമായ നന്ദി പറഞ്ഞു.

''വെൽക്കം, വെൽക്കം," എന്നു കൃത്രിമപ്പല്ലുക൪ മുഴക്കിക്കൊട്ടി ഹസ്തദാനം ചെയ്തുകൊണ്ടു് അവർ പറഞ്ഞു.

നന്ദി പറഞ്ഞാൽ 'വെൽക്കം' (സ്വാഗതം) എന്നു പറയുകയാണു് ഇവിടത്തെ മര്യാദ. 'ഡോണ്ട് മെൻഷൻ' (പറയേണ്ട ആവശ്യമില്ല) എന്നു പറയുന്നതു് ഒരുതരം ആംഗ്ലേയകാപട്യമാണു്. അതു് ഇവർ ഇഷ്ടപ്പെടുന്നില്ല.

വൈകുന്നേരം ബാര ഫോണിൽ വിളിച്ചു: ''നാളെമുതൽ മൂന്നു ദിവസം പരാമസ് ഹൈസ്കൂ൪ കോമ്പൗണ്ടിൽ നടക്കുന്ന വമ്പിച്ച ഫെയറിൽ (fair) ഞങ്ങളുടെ ഫ്രൂട്ട്സ്റ്റാ൪ ഉണ്ടു്. നിങ്ങളെല്ലാവരും വരണം. ഞങ്ങളുടെ മികച്ച സലാഡിൻെറ സ്വാദ് പ്രസിദ്ധമാണു്.''

രാധ സമ്മതം നല്കി.

പത്രങ്ങളിൽ വലിയ പരസ്യങ്ങ൪ നല്കിയിട്ടുണ്ടു്. മൂന്നുകൊല്ലത്തിലൊരിക്കൽ കൂടുന്ന താല്ക്കാലിക ചന്തയിൽ വിദൂരദിക്കുകളിൽ നിന്നുപോലും സാധനങ്ങ൪ വന്നുചേരുന്നു. വലിയ കാർണിവലും ഉണ്ടു്. ഒരു ദിവസം അവധിയെടുത്തെങ്കിലും അതിൽ പങ്കുകൊള്ളണമെന്നു് രാധ തീരുമാനിച്ചു.

## 1973 ഓഗസ്റ്റ് 7, ചൊവ്വാഴ്ച

രാവിലെ പാം വന്നു. ഫെയറിനു പോകാൻ.

ബാര ക്ഷണിച്ചിട്ടുള്ള വിവരം ഗീത പറഞ്ഞു.

''ഞാനൊരു കാര്യം മറന്നിട്ടാണു വന്നതു്!'' പെട്ടെന്നു് ഓർത്തപോലെ പാം പറഞ്ഞു. ''ഇന്നു് ഞങ്ങളുടെ ഗുരുജിയുടെ പ്രസംഗവും പഠനക്ലാസ്സുമുണ്ടു്. വലിയ തെററായേനേ പോകാതിരുന്നെങ്കിൽ. സൗകര്യമുണ്ടെങ്കിൽ ഞാൻ വൈകുന്നേരമോ മറേറാ ഫെയറിനു പൊയ്ക്കൊള്ളാം.''

യാതൊന്നും അറിഞ്ഞുകൂടെന്ന മട്ടിലുള്ള രാധയുടെ മുഖഭാവം രസപ്രദമായിരുന്നു.

കുഞ്ഞുങ്ങ൪ക്ക ഫെയറിൽനിന്നു സാധനങ്ങ൪ മേടിക്കാൻ ഓരോ ഡോളർ പാരിതോഷികം കൊടുത്തിട്ടു് പാം പെട്ടെന്നു യാത്ര പറഞ്ഞു പിരിഞ്ഞു.

ലഞ്ച് കഴിഞ്ഞു് ഞങ്ങ൪ ഫെയറിനു പോയി.

ഫെയർ: സുവിസ്തൃതമായ ഹൈസ്കൂൾ കോമ്പൗണ്ട്. ചുറ്റിനും വലുതും ചെറുതുമായ പത്തായിരം കൂടാരങ്ങൾ. വലിയൊരു എക്സ്ബിഷൻെറ പ്രതീതി. വില്പനസാധനങ്ങളിൽ കൗതുകവസ്തുക്കളാണ് കൂടുതലും. പലതരം പഴയതും പുതിയതുമായ പെയിൻറിങ്ങുകൾ, ചിത്രപ്പണികളുള്ള പ്ലേററുകൾ, മുത്തുകൊണ്ടും നൂലുകൊണ്ടുമുണ്ടാക്കിയ പലയിനം കരകൗശലവസ്തുക്കൾ, തീററിപ്പണ്ടങ്ങൾ, കളിക്കോപ്പുകൾ, ചെടിത്തരങ്ങൾ, പഴങ്ങൾ ഇങ്ങനെ പലതുമുണ്ട്. വലിയ സൂപ്പർമാക്കററുകളിലുള്ള വിലയേറിയ ശേഖരങ്ങളേക്കാൾ മെച്ചമായിട്ടൊന്നും കണ്ടില്ല. വിലക്കുറവുമില്ല. എങ്കിലും മേടിക്കാൻ ആണും പെണ്ണും ആബാലവൃദ്ധം ധാരാളമുണ്ട്. പാക്കിങ്ഗ്രൗണ്ടും റോഡുകളുമെല്ലാം കാറുകൾ തിങ്ങിക്കഴിഞ്ഞിരുന്നു. പോലീസിന് ഊർജ്ജിതജോലി. വോളണ്ടിയർമാരും ധാരാളം. 'ഏററവും മെച്ചപ്പെട്ട പഴക്കട' (The Best Fruit Stall) എന്ന ബോഡുള്ള ബാരായുടെ ടെൻറിനുള്ളിൽ വലിയ ഞെരുക്കം. ഒരു തടിമാടൻ മുപ്പതുകാരൻ കൗണ്ടറിൽ വളരെ ബിസിയായി നില്ക്കുന്നു. ബാരയുടെ ഭർത്താവ്. ബക്കററുപോലുള്ള തടിച്ചുകൊഴുത്ത കഴുത്തിനു താഴെ അരവരെ ഒരു വലിയ വീപ്പക്കുററി നീലക്കുപ്പായം പൊതിഞ്ഞു വച്ചിരിക്കയാണ്. കീഴററം കീറിത്തുങ്ങുന്ന പുതിയ ഫാഷൻ നിക്കർ ആനക്കാലുകളുടെ വൈകൃതി വദ്ധിപ്പിച്ചുകാട്ടുന്നു. ബാരയുടെ ബോർഡും! ലോലമായ അബലാഹൃദയമാകുന്ന തേനീച്ചയെ കുടുക്കിക്കൊല്ലുന്ന ചിലന്തിവല! ബഡ് റും ട്രാജഡി! എല്ലാം പെട്ടെന്നോത്തുപോയി. രാധയെ കണ്ടപ്പോൾ ആ നല്ല മനുഷ്യൻ വലിയ ചുണ്ടുകൾ തുറന്നു പല്ലുത്രയും പുറത്തുകാട്ടിക്കൊണ്ട് എൻെറ കൈ കുലുക്കി "കാണാനിടയായതിൽ സന്തോഷം'' എന്ന് ഭർഭരസ്വരത്തിൽ പറയുകയും 'ബാര' അകത്തുണ്ടെന്നു ചൂണ്ടിക്കാണിക്കയുംചെയ്തു. ആരാധകരുടെ മദ്ധ്യത്ത് എല്ലാവക്കും വേണ്ടതെല്ലാം വിതരണംചെയ്യിച്ചുകൊണ്ട് നല്ല പല്ലുകളും വെളുത്തുകൊഴുത്ത തുടകളും പ്രദശിപ്പിച്ചുകൊണ്ട് ആ സൗന്ദയ്യധാമം വിലസുകയാണ്. ഞങ്ങളെ സ്നേഹവാത്സല്യത്തോടെ സ്വീകരിച്ചിരുത്തി ആവശ്യപ്പെടാതെതന്നെ കേക്കും പഴച്ചാറുകളും ഫ്രൂട്സലാഡും മററും തെരുതെരെ സെർവ് ചെയ്തുതുടങ്ങി. ലാവണ്യവതികളായ കോളേജ്കുമാരിമാരും കുമാരന്മാരുമാണ് വിളമ്പുകാർ. ഞങ്ങൾക്കു വിളമ്പിയ പെണ്ണിനെ വിളിച്ച് ബാര എന്തോ രഹസ്യംപറഞ്ഞു. എല്ലാവക്കും കനത്ത ബില്ലുകളാണു കൊടുക്കുന്നതു്. ഞങ്ങൾക്കു ബില്ല തന്നില്ല. രാധ നിബ്ബന്ധിച്ചിട്ടും തരുകയില്ല. എട്ടും പത്തും പതിനഞ്ചും ഡോളർ സാധനവിലയ്ക്കുപുറമേ വിളമ്പുകാക്കു പതിനഞ്ചുശതമാനം ടിപ്പിങ്ങും കൊടുക്കുന്നവരുടെയിടയിൽ ഒന്നും കൊടുക്കാതെ എല്ലാം ധൂർത്തായി കഴിച്ചിട്ട് ഇറങ്ങുന്നതു മോശമായി തോന്നി. അപ്പുറവും ഇപ്പുറവുമിരിക്കുന്ന ലവ്വേർസിൻെറ ധാരാളിത്തം കാണുകതന്നെ വേണം. ഇരുപത്തഞ്ചും മുപ്പതും ഡോളറാണ് ചെറുപ്പക്കാർ ചെലവാ

ക്കുന്നതു്. പരസ്യമായി എന്തും ചെയ്യാൻ അനുവദിക്കുന്ന കാമിനിമാക്കുവേണ്ടി എത്ര ചെലവാക്കിയാലെന്തു്? അവക്കു വേണ്ട സുഖസൗകര്യങ്ങളുള്ള നല്ലൊരു താവളമാണു് ബാര തയ്യാറാക്കിയിട്ടുള്ളതു്. അകത്തു് ഒരു വശത്തു് പ്രകാശം കുറഞ്ഞ ആളനക്കമുള്ള ഒരു ബഡ് റൂംകൂടിയുണ്ടെന്നു് എനിക്കു തോന്നി.

''പോകുംമുമ്പു് ഒന്നുകൂടി കാണണം,'' പുഞ്ചിരിച്ചുകൊണ്ടു് ബാര അപേക്ഷിച്ചു; ബഹളത്തിനിടയിൽ വിട്ടുപോകാതെ.

കഫേകളും ഡൈനർകളും ഹോട്ടൽകളും ഒട്ടനവധിയെണ്ണം ഇതേമാതിരി ഞെരുക്കത്തോടെ നടക്കുന്നതു് എല്ലാ കോണുകളിലും കാണാമായിരുന്നു.

തെരക്കിനുള്ളിൽ ശ്രദ്ധേയമായ രണ്ടുമൂന്നു സംഗതികൾ നോട്ടു ചെയ്തു.

വിപ്ലവകാരികൾ: ഗൂഢ്റവീക്ഷണമുള്ള പ്രാംശുകായനായ ഒരു യുവാവു് രാധയുടെ സമീപത്തു വന്നു് ഒരുമിനിട്ടു് പതുക്കെ ശബ്ദംതാഴ്ത്തി എന്തോ സംസാരിച്ചിട്ടു് ഒരു ലഘുലേഖ ഏല്പിച്ചു. താല്പര്യത്തോടെ അയാൾ നീട്ടിയ ഇടതുകൈയിൽ രാധ ഒട്ടും മടിക്കാതെ രണ്ടു ഡോളർ വെച്ചുകൊടുത്തിട്ടു നടന്നു. ചിലിയിൽ നടക്കുന്ന കമ്മ്യൂണിസ്റ്റ്വിപ്ലവത്തിന്റെ അനുഭാവിസംഘത്തിൽപ്പെട്ട ആളാണു് അയാൾ. 'എന്നെ വധിച്ചാലും ജനങ്ങൾ തുടർന്നുകൊള്ളും' (If they assassinate me, the people will carry on) എന്ന അല്ലൻഡേ (Allende)യുടെ ആത്മവിശ്വാസസന്ദേശത്തിന്റെ ഒരു കോപ്പിയാണു് ഏല്പിച്ചതു്.

''ഇപ്പോൾ ഇതു പരസ്യമായി വായിക്കുണ്ടോ,'' രാധ പറഞ്ഞു. ''കാശു കൊടുക്കാത്തവരെ ഈ വിപ്ലവകാരികൾ പ്രത്യേകം നോട്ടു ചെയ്യും. എന്തനത്ഥവും വരുത്താൻ മടിക്കുകയില്ല. പിന്നെ, ഇതു് യു. എസ്. എ. ഗവണ്മെൻറുവിരുദ്ധമായതുകൊണ്ടു് പേടിച്ചാണു സംഭാവനകൾ കൊടുക്കുക.''

ഒരിടത്തു് ഒരു വലിയ മേശപ്പുറത്തു് എട്ടുപത്തു് അച്ചടിച്ച പേപ്പർഷീററുകൾ സന്ദർശകർ വായിക്കാനായി നിരത്തിവെച്ചിരിക്കുന്നു. മൂന്നുനാലു വലിയ ബുക്കുകളിൽ പൊതുജനങ്ങളുടെ ഒപ്പു ശേഖരിക്കുന്ന സംരംഭമാണു്. ന്യൂയോക്കിലും ന്യൂജെർസിയിലും ഭീകരമായ അന്തരീക്ഷമാലിന്യത്തിനും ജലമാലിന്യത്തിനും ഇടയാക്കുന്ന ഫാക്ടറികളും മററു സ്ഥാപനങ്ങളും നിയന്ത്രിക്കാൻ നടപടികൾ അതിശീഘ്രത്തിലെടുത്തു് പൗരജീവിതത്തിനു സുരക്ഷിതത്വം നല്കാൻ ഒരു മാസ് പെററിഷൻ നല്കാനുള്ള പൗരമഹാജനക്കമ്മററിയുടെ പ്രവത്തനങ്ങളിൽ ഒന്നാണിതു്. മടികൂടാതെ ആളുകൾ ഒപ്പിടുന്നു. ഞങ്ങളും ഓരോ ഒപ്പിട്ടുകൊടുത്തു.

മൂന്നുമണിക്കൂറോളം ചുററിക്കറങ്ങി കാണുകയും കണ്ടപത്രാദികൾ പലതും മേടിക്കുകയും പലരോടും കുശലംപറകയും ചെയ്തിട്ടു് മട

ങ്ങുന്നവഴി ബാരയെ ഒന്നുകൂടി കണ്ടു. എനിക്കുവേണ്ടി ഒരു പ്രത്യേക പൊതി തയ്യാറാക്കിവെച്ചിരിക്കയാണ്. പുഞ്ചിരിയോടെ അതെൻെറ കൈയ്യുള്ളിൽ അമർത്തിവെച്ചുതന്നു. നന്ദിപറഞ്ഞ് വിടവാങ്ങി.

ഞങ്ങളുടെ കാറിൻെറ പിൻഭാഗത്ത് 'സഹായിക്കുക ഐറിഷ് റെവല്യൂഷനെ' എന്നൊരു വലിയ ചുവന്ന നോട്ടീസ് ഒട്ടിച്ചിരിക്കുന്നു. എല്ലാ കാറുകളുടെ ബാക്കിലും അതുണ്ട്. ഗേററിനു സമീപം കാറുകളുടെ നീണ്ട ക്യൂവാണ്. ഏതാനും യുവതീയുവാക്കന്മാർ 'ഐറിഷ് സഹായത്തിന്'' എന്നൊട്ടിച്ച കാണിക്കപ്പെട്ടികളുമായി നില്ക്കുന്നു. രാധ ഒരു ഡോളറിട്ടു. കാറിൻെറ നമ്പർ കുട്ടത്തിലൊരാൾ നോട്ടുചെയ്തു. മടിക്കുടാതെ ഡൊണേഷൻ എല്ലാ കാറുകളിൽ നിന്നും അവക്കു കിട്ടുന്നതു കണ്ടു.

വിലകൂടിയ ഒരു കേക്ക്, എൻെറ പൊതിക്കുള്ളിൽ.

''യാതൊന്നും ചക്കാത്തായി കൊടുക്കുന്ന കൂട്ടരല്ല. എന്തൊ വലിയ പ്രതീക്ഷകരം ഇവരുക്കു കാണണം,'' രാധ പറഞ്ഞു.

ഒരു ജങ്ഷനിൽ ചുവന്ന ലൈററിനു മുമ്പിൽ മുന്നൂറോളം കാറുകൾ പച്ച കാത്തു നില്ക്കുന്നു. അഞ്ചാറ് ഫയർ ബ്രിഗേഡ് ഉദ്യോഗസ്ഥന്മാർ, മുകളിൽ ദ്വാരമുള്ള പൂട്ടിയ പെട്ടികളുമായി എല്ലാ കാറുകളെയും സമീപിക്കുന്നു. രാധ ഒരു ഡോളർ ഇട്ടു. സംഭാവന നല്കാൻ ആരും മടിക്കുന്നില്ല.

''എപ്പോ വിളിച്ചാലും നിമിഷത്തിനുള്ളിൽ സഹായത്തിനെത്തുന്ന കൂട്ടരാണ്. പിരിവുതുക പ്രയോജനപ്രദമായ കാര്യങ്ങൾക്കേ ഉപയോഗിക്കുകയുള്ളൂ,'' രാധ പറഞ്ഞു.

അലൻഡേയുടെ സന്ദേശം: അലൻഡേയുടെ സന്ദേശം താല്പര്യത്തോടെ വായിച്ചുനോക്കി. അതിൻെറ സംഗ്രഹം:

"വിപ്ലവജന്യമായ ചോരചൊരിച്ചിലും ക്രൂരനടപടികളും കൂടാതെ ചിലിയിൽ സോഷ്യലിസം നടപ്പിലാക്കാനാണ് അലൻഡേയുടെ ആത്മാൎത്ഥമായ ശ്രമം. മൂന്നുകൊല്ലത്തിനുള്ളിൽ അത്ഭുതാവഹമായ പുരോഗതിയാണ് ചിലിയൻജനകീയഭരണത്തിനു കൈവരുത്തുവാൻ അലൻഡേയ്ക്കു സാധിച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ ഇലക്ഷനുശേഷം മാർക്സിസ്റ്റ് കോയലിഷൻെറ ഇലക്ടൊറേററ് 35–ൽനിന്ന് 45 ശതമാനമായി വൎദ്ധിച്ചിട്ടുള്ളതു് ജനങ്ങൾക്കുള്ള വിശ്വാസമാണ് വ്യക്തമാക്കുന്നതു്. ഇക്കാര്യത്തിൽ നോബൽ പ്രൈസ് നേടിയ പാബ്ലോ നെരൂദാ(Pablo Neruda)യുടെ പ്രശംസ സ്മരണീയമാണ്. ആത്മാൎത്ഥസുഹൃത്തും അഭ്യുദയേച്ഛുവുമായ ക്യൂബൻ പ്രസിഡണ്ട് ഫീഡൽ കാസ്ട്രോ(Fidel Castro)യുടെ ഉപദേശം പോലും വകവെയ്ക്കാതെയാണ് പ്രതിപക്ഷങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യപ്രകടനത്തെ അലൻഡേ നിരന്തരമായി ബഹുമാനിച്ചുകൊണ്ടിരിക്കുന്നതു്. ഫ്രീ പ്രസ്സും ഫ്രീ പൊളിററിക്കൽ സംരംഭങ്ങളും

അവിടെ അനുവദിച്ചിരിക്കുന്നു. എങ്കിലും എത്രയും പരിഹാസ്യമായ ഇടപെടലാണ് 'ചില സ്വതന്ത്രരാജ്യ'ങ്ങളിൽനിന്ന് അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ട്രക്ക് ഉടമകൾക്ക് വമ്പിച്ച ഡോളർ കോഴകൊടുത്തു് രണ്ടുമാസം തുടർച്ചയായ നിസ്സഹകരണ സ്ട്രൈക്ക് അവിടെ സൃഷ്ടിച്ചു. അങ്ങനെ ഭക്ഷണക്ഷാമവും പെട്രോൾക്ഷാമവും കൃത്രിമമായി അവിടെ ഉണ്ടാക്കി. സാധാരണ പൗരന്മാരെ ക്ഷുബ്ധരാക്കാനുള്ള നീചമായ പരിശ്രമം! കഴിഞ്ഞ ജൂൺ അവസാനത്തിൽ ഒരു റയിററ്‌വിങ് സാർജൻറ് മുഖേന അവിടെ ഒരു പട്ടാളവിപ്ലവം നടത്താൻ സ്വതന്ത്രരെന്നഭിമാനിക്കുന്ന ചില വിദേശീയർ കുപ്രസിദ്ധമായ ഒരു ശ്രമം നടത്തിയതു് അടിച്ചമർത്തി. മൂന്നുപ്രാവശ്യം അലൻഡേയെ കൊലപ്പെടുത്താനുള്ള ശ്രമവും പരാജയപ്പെട്ടു. ഇപ്പോളിതാ, അലൻഡേയുടെ ഉററമിത്രങ്ങളെ ഒന്നൊന്നായി ചതിച്ചു കൊലപ്പെടുത്തി ജയംനേടാനുള്ള നീചശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അമ്പതുലക്ഷത്തിൽപ്പരം അമേരിക്കൻ ഡോളർ ഇതിനകം അലൻഡേഗവൺമെൻറിനെ അട്ടിമറിക്കാൻ ചെലവാക്കിക്കഴിഞ്ഞിരിക്കയാണ്!" ഈ ക്രമത്തിൽ ഉജ്ജ്വലഭാഷയിൽ ഒരു വിവരണത്തിനുശേഷം അലൻഡേയുടെ സന്ദേശവും അതു് ഉൾക്കൊള്ളുന്നു. ''ലാററിൻ അമേരിക്ക കത്തിക്കൊണ്ടിരിക്കുന്ന ഒരു അഗ്നിപർവ്വതമാണ്. മനുഷ്യരുടെ ജീവിച്ചുകൊണ്ടുള്ള ഈ ദാരുണമരണം തുടരാൻ ഒക്കുകില്ല ഞാനെപ്പോഴും ഒരേ കാര്യംതന്നെ പറഞ്ഞിട്ടുള്ളതു്; ജയമോ പരാജയമോ അല്ല കാര്യം. അവർ എന്നെ വധിച്ചാലും ജനങ്ങൾ തുടർന്നുകൊള്ളും*—സാൽവദോർ അല്ലൻഡേ.''

ലാററിൻ അമേരിക്കയിൽ നടക്കുന്ന സോഷ്യലിസ്റ്റ്‌വിപ്ലവങ്ങളെ അടിച്ചമർത്താനുള്ള യുണൈററഡ് സ്റ്റേററ്സിൻെറ കുത്സിതനയങ്ങളെയും പ്രവർത്തനങ്ങളെയുംകുറിച്ച് രാധയുമായി വളരെനേരം ചർച്ചചെയ്തുകൊണ്ടിരുന്നു. ബൊളിവിയയിൽ നടന്ന കൂട്ടക്കൊലയും ഷേഗുവാര(Cheguvara)യുടെ ചിത്രവധവും യു. എസ്. എ.യിൽ വലിയ കളങ്കമാണു ചേർത്തിട്ടുള്ളതു്. പക്ഷേ, ഒന്നുകൊണ്ടും കുലുങ്ങാത്ത പാറപോലുള്ള രാഷ്ട്രീയമാണ് ഇവിടത്തെ സവിശേഷത. ഇതിനെ കുലുക്കാനുള്ള യുവതലമുറയുടെ ശ്രമങ്ങൾ ഒരു ഭൂകമ്പം സൃഷ്ടിക്കാൻ എത്രകണ്ടു പററിയതാണെന്ന് കണ്ടറിയേണ്ടതായിത്തന്നെയിരിക്കുന്നു.

തങ്ങളുടെ ഗവൺമെൻറിൻെറ — മാതൃഭൂമിയുടെ — കുത്സിതനയങ്ങൾ എന്തായാലും അതിനെ തീക്ഷ്ണമായി എതിർക്കാനുള്ള യുവ

---

* Victory or no victory. I have always said the same thing. Latin America is an active volcano. The living death of people cannot continue. If they assassinate me, the people will carry on—Salvador Allende.

തലമുറയുടെ ഉറച്ച മനഃസ്ഥിതിയും ആവേശപൂർവ്വമായ പ്രവർത്തനവും ചിന്തിച്ചുകൊണ്ടു കിടന്നു. പണപ്പിരിവിനെത്തിയ ഗൃഢ്ഢവീക്ഷണമുള്ള യുവവിപ്ലവകാരിയുടെ രൂപം വീണ്ടും വീണ്ടും സ്വപ്നംകണ്ടിരുന്നു.

## 1973 ഓഗസ്റ്റ് 8, ബുധനാഴ്ച

''ലോകത്താകെയുള്ള വന്യമൃഗസങ്കേതങ്ങളിൽവെച്ച് മികച്ച ഒന്ന് മിൽഫോർഡ് (Milford) എന്ന സ്ഥലത്തുണ്ട്. വീക്ക് എൻഡിൽ ഒന്നു പോയിക്കണ്ടാൽ കൊള്ളാമായിരുന്നു. രാധച്ചേച്ചിയുടെ അഭിപ്രായമെന്താണ്?" ഡോക്ടർ രാമചന്ദ്രൻനായർ അന്വേഷിച്ചു.

''അച്ഛനെ കൊണ്ടുചെന്നു കാണിക്കണമെന്നു വിചാരിച്ചുകൊണ്ടിരിക്കുന്നു. ശനിയാഴ്ച രാവിലെ നമുക്കു പോകാം. നൂറുനൂററമ്പതു മൈൽ അകലെയാണ്.''

''ഞങ്ങൾ കാറു മേടിക്കുന്നതുവരെ ചേച്ചിയെ ഇങ്ങനെ ഉപദ്രവിച്ചുകൊണ്ടേയിരിക്കും. ക്ഷമിക്കണം!''

''നിങ്ങളുടെ കൂട്ട് ഒരു പ്ലെഷർ ആയിട്ടേ ഞാൻ ഗണിക്കുന്നുള്ളു.''

''ഞങ്ങൾ കാത്തിരിക്കും. താങ്ക്യൂ!''

''ബാരയുടെ പഴങ്ങൾ എങ്ങനെയിരുന്നു? ജീ വളരെ എൻജോയ് ചെയ്തിരിക്കുമെന്നു വിശ്വസിക്കുന്നു!''—പാമിന്റെ അന്വേഷണം.

''ഒട്ടനവധി ആളുകൾ അതു് എൻജായ് ചെയ്യുന്നുണ്ട്.''

''എനിക്കറിയാം, അവളുടെ സ്റ്റാൾ വലിയൊരു വിജയമായിരിക്കുമെന്ന്! ആൺപെൺപിള്ളാർ ധാരാളമുണ്ട്, അല്ലേ? മറ്റൊരു ബോർഡായിരുന്നു അവിടെ വയ്ക്കേണ്ടതു്!''

''പാം പോകുന്നില്ലേ? ഇങ്ങോട്ടു വന്നാൽ നമുക്കൊന്നിച്ചു പോകാം. നല്ല രസമുണ്ട്.''

അതിന്നു മറുപടി "ബാരായുടെ വൈൻ ബാരലിനെ കണ്ടോ?" എന്നൊരു ചോദ്യവും പൊട്ടിച്ചിരിയുമായിരുന്നു.

''മനസ്സിലായില്ല.''

വീണ്ടും പൊട്ടിച്ചിരി.

''മനസ്സിലായി, മനസ്സിലായി. അയാളൊരു പാവപ്പെട്ട നല്ല മനുഷ്യൻ!''

''നല്ലതും ചീത്തയും തിരിച്ചറിയാനുള്ള ശക്തി നിങ്ങൾക്കില്ല. അതാണ് നിങ്ങൾ ഇന്ത്യാക്കാരുടെ പരാജയം!''

പരിഹാസമായി പൊട്ടിച്ചിരിക്കുകമാത്രമേ മറുപടി കൊടുക്കാനുണ്ടായിരുന്നുള്ളു.

''എന്താ പരിഹാസമാണോ?''

''3 എച്ച്. ഒ. കുറച്ചുദിവസംകൂടി തുടരുമ്പോരം അഭിപ്രായം മാറിക്കൊള്ളും!'' ഞാൻ വീണ്ടും ചിരിച്ചു.

''ഞാനങ്ങട്ടു വരട്ടേ. ശരിയായ ഉത്തരം പറഞ്ഞുകൊള്ളാം.''

രാധയുടെ വലിയ കാർ ഒന്നു ചെക്കപ്പ് ചെയ്യാനായിട്ട് വക്ക് ഷോപ്പിൽ കൊണ്ടുകൊടുത്തു.

''പത്തുമുന്നൂറു മൈൽ സഞ്ചരിക്കാനുള്ളതാണ്. ആകെക്കൂടി കുറെ ഡോളർ ഇറങ്ങും.'' രാധ പറഞ്ഞു.

നല്ല ജോലിചെയ്തു. കുട്ടികളുടെ സഹായത്തോടെ ആശാരിപ്പണികരം, വാരംപെയിൻറിങ്, കൃഷി—ഇത്യാദി. വൈകുന്നേരം പിങ്പോങ് കളിച്ചു അയലത്തെ കുട്ടികളുമൊത്ത്.

എ. കെ. ബി യുടെ ഗ്രന്ഥശേഖരത്തിൽനിന്നു് 'ഷേഗുവാരെയുടെ ഡയറി' കിട്ടി. കാസ്ട്രോയുടെ മുഖവുരയോടുകൂടിയതു്. താൽപര്യത്തോടെ വായിച്ചുതീർത്തു. ഫെയറിൽവെച്ചു കണ്ട വിപ്ലവകാരിയുടെ രൂപം വീണ്ടും വീണ്ടും കണ്ടിരുന്നു.

## 1973 ഓഗസ്റ്റ് 9, വ്യാഴാഴ്ച

ഒരു ബോയ്ഫ്രണ്ട്: ഫോൺമണി, രാധ പോയിക്കഴിഞ്ഞപ്പോരം.

റിസീവറിൽക്കൂടി രണ്ടുമൂന്നാവൃത്തി പൊട്ടിച്ചിരി മാത്രം. സ്ത്രീയുടേതു്. മധുരസ്വരം.

''ബാരയാണോ?''

''എപ്പോഴും ബാരയെത്തന്നെ ചിന്ത! അവരം ബാലവൃദ്ധഭേദമെന്യേ പുരുഷന്മാരെക്കൊണ്ടു് ചിന്തിപ്പിക്കുന്നവരംതന്നെ!'' വീണ്ടും പൊട്ടിച്ചിരി.

''പാമോ? എന്തിനാ ഈ തേൻപോലെ മധുരവും മനോഹരവുമായ ചിരി?''

''ഒരു രഹസ്യം അറീക്കട്ടേ?''

''വെരി വെൽക്കം.''

''എനിക്കൊരു പുതിയ ഫ്രണ്ടിനെ കിട്ടീട്ടുണ്ട്.''

''ആണോ പെണ്ണോ?''

''ബോയ്ഫ്രണ്ട്.'' വീണ്ടും ചിരി.

''അതു കൊള്ളാമല്ലോ! നല്ല പയ്യനോ? 3 എച്ച്. ഒ.യിൽ പെട്ടയാളോ?''

''അസൂയപ്പെടരുതു്. 3 എച്ച്. ഒ. ഒന്നുമല്ല. കാണാൻ നല്ല കൊച്ചൻ. കെമിസ്ട്രി പിഎച്ച്. ഡി. യാണ്. ന്യൂയോക്കിൽ ഒരു

ഫാക്ടറിയിലാ ജോലി. കുറച്ചുദിവസമായി കാണുന്നുണ്ട്. ഇന്നലെ പകൽ ഇവിടെ കൂടിയിരുന്നു. വൈകുന്നേരം, നൈററ് ഡ്യൂട്ടിക്കു പോയിട്ടുവന്ന് ഇപ്പോഠം ഇവിടെക്കിടന്നുറക്കമാണ്. പാവം! ക്ഷീണം വലിക്കുന്നു!''

''വലിയ ബിസിയെന്നു പറഞ്ഞതു് ഇതാണ്! അല്ലേ? ഞാൻ യഥാർത്ഥത്തിൽ സന്തോഷിക്കുന്നു. ആത്മാർത്ഥമായി ആനന്ദം ആശംസിക്കുകയും ചെയ്യുന്നു.''

''പക്ഷേ, അയാഠം വലിയ വർത്തമാനക്കാരൻ. വാതോരാതെ സംസാരിക്കും. അതാണ് എനിക്കിഷ്ടപ്പെടാൻ കഴിയാത്തതു്. നിയന്ത്രണം തീരെയില്ല. പുരുഷന്മാർ കുറച്ചു സംസാരിക്കുന്നവരും കൂടുതൽ പണിയെടുക്കുന്നവരുമായിരിക്കണം, എന്റെ അച്ഛനെപ്പോലെ. ജീയുടെ അഭിപ്രായമെന്താണ്?''

''എല്ലാപേരും ലോകത്തു് ഒന്നുപോലല്ലല്ലോ. വൈചിത്ര്യമാണ് ഈശ്വരസൃഷ്ടിയുടെ സ്വഭാവം. പുള്ളിക്കാരനെ ഒന്നു കാണാൻ എന്താ പണി?''

''ഞാനിന്നു വൈകുന്നേരം അങ്ങോട്ടു കൂട്ടിക്കൊണ്ടുവരാം. രാധയോടു പറഞ്ഞില്ലല്ലോ.''

''ഞാൻ പറഞ്ഞുകൊള്ളാം. തീർച്ചയായും ഞങ്ങഠം പ്രതീക്ഷിച്ചിരിക്കും."

''അല്ലെങ്കിൽ അവളോടു പറയേണ്ട. ഒരു സർപ്രൈസ് ആയിരിക്കട്ടെ. ഞാനിവനെ അങ്ങു തൂക്കിക്കൊണ്ടു വരാം.''

''ശരി. അങ്ങനെയാകട്ടെ."

3 എച്ച്. ഒ.യുടെ പ്രേരണയായിരിക്കാം, ഞാൻ വിചാരിച്ചു. രാധയെ അറിയിക്കാതിരിക്കാൻ എനിക്കു കഴിഞ്ഞില്ല.

''അതു സന്തോഷവാർത്തയാണല്ലോ. നമുക്കൊരു നല്ല പാർട്ടി തന്നെ കൊടുത്തുകളയാം.'' രാധ ഉത്സാഹത്തോടെ പറഞ്ഞു.

അതിഥികഠം: സന്ധ്യകഴിഞ്ഞപ്പോഠം അവർ എത്തി. പാമിന്റെ കാർ അയാഠം ഓടിക്കുന്നു; പാം അടുത്തിരിക്കുന്നു.

പാമിന്റെ വേഷവിധാനത്തിൽ വലിയ മാററം. അന്നോളം കണ്ടിട്ടില്ലാത്ത നീലക്കൽ പതിച്ച സ്വർണ്ണലോലക്ക് കാതുകളിൽ അണിഞ്ഞിരിക്കുന്നു. തലമുടി ചീകിപ്പിന്നി പിറകിലിട്ടിരിക്കുന്നു. റോസ് സിൽക്കിൽ സ്വർണ്ണപ്പൂക്കളുള്ള ചേതോഹരമായ മുറുക്കമേറിയ ഒരു സ്കേർട്ടാണ് അണിഞ്ഞിരിക്കുന്നതു്. നല്ലൊരു കൊച്ചുസുന്ദരിയായി തോന്നി. ആരോഗ്യവാനും സുവേഷനും സുന്ദരനുമായ നല്ലൊരു പ്രാംശുകായൻയുവാവിന്റെ തോളിൽ വലിയ സ്വാതന്ത്ര്യത്തോടെ തൂങ്ങിക്കൊണ്ടു് ലിവിങ്റൂമിൽ പ്രവേശിച്ചു. വിലകൂടിയ യാർഡ്‌ലി പൗഡറിന്റെ സുഗന്ധം കാററിന്റെ കൈകോർത്തുപിടിച്ചുകൊണ്ടു് ഞങ്ങളുടെനേർക്കു നീങ്ങി.

''മിസ്റ്റർ മാക്ക്ലീൻ, വാഷിങ്ങ്ടൺ ഡി. സി. യിൽനിന്നാണ്. ന്യൂയോർക്കിൽ, മാഡിസൺ കമ്പനിയിലെ കെമിസ്റ്റ് പി എച്ച്ഡി ക്കാരനാ. കൊച്ചൻ കൊള്ളാമോ എന്നു രാധ നോക്കു്. ഇതെന്റെ ബെസ്റ്റ് ഫ്രൻഡ് രാധാ പിള്ളെ. ഇതു് എന്റെ ഗ്രാൻഡ്ഫാദർ, പ്രൊഫസ്സർ മെക്കോലേ. വലിയൊരു ഇൻഡ്യൻ റൈറ്റർ.''

ഹാർദ്ദമായി എല്ലാപേക്കും അയാരം ഷേക്ക്ഹാൻഡ് തന്നു. കോതിയൊതുക്കിയ നിബിഡമായ കറുത്തുചുരുണ്ട മുടിയും നീല ക്കണ്ണുകളുമുള്ള സുമുഖനായ അയാരം കനത്ത സ്വരത്തിൽ വാചാലത യോടെ—എനിക്കു മനസ്സിലാകാൻവേണ്ടിയാകണം—നിറുത്തിനി റുത്തി, സംസാരിച്ചിരുന്നു.

"ആകൃതികൊണ്ടു പാമിന്നു നന്നേ ഇണങ്ങുന്ന ഒരു ഫ്രണ്ടുതന്നെ. നിങ്ങരംക്കു് എല്ലാ ഭാവുകങ്ങളും ഞാൻ നേരുന്നു," രാധ ചിരിച്ചു കൊണ്ടു പറഞ്ഞു.

ഗീതപ്രീതമാർ കേക്കും പഴവും ഉപ്പേരിയും കൊക്കോക്കോളയും കൊണ്ടു നിരത്തി. കുട്ടികളോട്ട് അയാരം വളരെ സൗഹാർദ്ദമായി പെരുമാറി. ഓഫീസ്കാര്യങ്ങളെക്കുറിച്ചും വീട്ടുകാര്യങ്ങളെക്കുറി ച്ചും അയാരം രാധയോടു സംസാരിക്കവേ, 'ഞാൻ ഒരുകപ്പു കാപ്പി യിട്ടു കുടിക്കാൻപോകുന്നു. ഗ്രാൻഡ്ഫാദർ എന്നെ സഹായിക്കു മോ?' എന്നു പറഞ്ഞുകൊണ്ടു് പാം എണീററു് അടുക്കളയിലേക്കു പോയി. ഞാൻ അനുഗമിച്ചു, അവളുടെ ഉള്ളു മനസ്സിലാക്കി ക്കൊണ്ടു്.

''പയ്യനെ പിടിച്ചുവോ? സിൻസിയർ അഭിപ്രായം പറയ ണം.'' ശബ്ദം താഴ്ത്തി എന്നോടു ചോദിച്ചു.

''വളരെ ഇഷ്ടപ്പെട്ടു. ആകൃതി കണ്ടാലറിയാം പ്രകൃതവും നല്ല താണെന്നു്.''

"ഇയാരം ഒരു കാത്തലിക് ആണെന്നു പറയുന്നു. പക്ഷേ, ദൈവ വിശ്വാസം ലേശവുമില്ല. വലിയ എടുത്തുചാട്ടക്കാരനാണ്. ഒന്നി ലും ഉറച്ചുനില്ക്കുന്നവനല്ല.''

''അതെങ്ങനെയറിഞ്ഞു?''

''ഇപ്പോഴത്തേതു് ആറാമത്തെ ജോലിസ്ഥലമാണ്. കാണുന്ന പരസ്യങ്ങരംക്കെല്ലാം മുറയ്ക്കു് ആപ്ലിക്കേഷൻസ് അയയ്ക്കുകയാണു തൊഴില്. ഇന്നും ഒന്നയച്ചു.''

''കൂടുതൽ നല്ലതു തെരഞ്ഞുപിടിക്കാനുള്ള ശ്രമം നല്ല ലക്ഷണ മല്ലേ?''

''എല്ലാ സംഗതിയിലും അതു് ആപ്ലിക്കബിരം ആണ്!'' ഉച്ച ത്തിൽ ഒരു ചിരി. ''മനസ്സിലായില്ലേ? കൂട്ടുകാരിയെ തെരഞ്ഞെടു ക്കുന്ന വിഷയത്തിലും ഇയാരം മാറും. ഇതിനകം പലതും മാറിയി രിക്കണം!''

''അങ്ങനെ വേണമെന്നില്ല.'' ഞാൻ വാദിച്ചു.

''അച്ഛനുമായിട്ട് അടുക്കളയിൽ എന്താണു രഹസ്യം?'' രാധ വിളിച്ചുചോദിച്ചു.

"ഗ്രാൻഡ്ഫാദർ കാപ്പിയിൽ പഞ്ചസാരയ്ക്കു പകരം ഉപ്പിടാൻ ഭാവിക്കുകയായിരുന്നു!'' വീണ്ടും ഉച്ചത്തിൽ ചിരി. ശബ്ദം താഴ്ത്തി എന്നോട്", ''പിന്നെ ഇയാളുടെ ദേഹമാസകലം—മുതുകിൽപ്പോലും—കരടിയെപ്പോലെ കററിമുടിയാണ്. എനിക്കു മുടിയന്മാരെ ഇഷ്ടപ്പെടാൻ പ്രയാസമുണ്ട്!'' വീണ്ടും ചിരി. ഞാൻ സങ്കടപ്പെട്ടു.

കാപ്പിക്കെററിലുമായി ചെന്നു് ഞങ്ങൾ സംഭാഷണത്തിൽ പങ്കുകൊണ്ടു.

അത്താഴത്തിനു നില്ക്കാൻ രാധ അവരെ ക്ഷണിച്ചു.

അയാൾക്കു നൈററ് ഷിഫ്ററ് ആണ്. പത്തിനു ന്യൂയോർക്കിലെത്തണം. വഴിയേ കണ്ടുകൊള്ളാം എന്നു പറഞ്ഞു് ഹാർട്ട്മായി കൈകുലുക്കി യാത്രപറഞ്ഞു

പാമിൻെറ അഭിപ്രായങ്ങൾ ഞാൻ രാധയോടു പറഞ്ഞു.

''ഇവൾ ഒരു മൂശേട്ടയാണ്! നല്ലൊരു പയ്യൻ. ഈ ഭ്രാന്തിക്കു് ഏകാന്തതയിൽ കഴിയാനാണു് തലവിധിയെന്നു തോന്നുന്നു.'' രാധ സഹതാപത്തോടെ പറഞ്ഞു.

## 1973 ഓഗസ്റ്റ് 10, വെള്ളിയാഴ്ച

കാലത്തെ കാർ ചെക്കപ്പുചെയ്തു കൊണ്ടുവന്നു. ഒരു വലിയ ബില്ലും.

86 ഡോളറോ?

ജോലിക്കൂലി മിനിമം 21 ഡോളറേ ചാർജ്ജ് ചെയ്തിട്ടുള്ളു. ബാക്കിയെല്ലാം പാർട്ട്സ് മാറിയതാണ്.

ആപത്തുകൾ ചൂഴ്ന്ന ജീവിതം: അന്നുച്ചയ്ക്കു് സംഭ്രമജനകമായ ഒരു ന്യൂസ്, റേഡിയോവിൽ. ലഞ്ചു കഴിക്കവേയാണ് അതു കേട്ടതു്. 'അന്നു രാവിലെ 8 മണിക്കു് ന്യൂയോർക്കിൻെറ മദ്ധ്യത്തു് ഒരു ലാറി പോയപ്പോൾ അടിയിലുള്ള കോൺക്രീററ് പാളികൾ ഇടിഞ്ഞുതാണു് ഒരു സബ് വേ ട്രെയിനിൻെറ പുറത്തുവീണു ട്രെയിനിലുണ്ടായിരുന്ന അനവധിയാളുകൾ—വിശേഷിച്ചും സ്ത്രീകൾ—മോഹാലസ്യപ്പെട്ടു വീണുപോയി. ക്രെയിൻ കൊണ്ടുവന്നു പൊക്കിയാണു് പാളികൾ മാററുകയും യാത്രക്കാരെ രക്ഷപ്പെടുത്തുകയും ചെയ്യുന്നതു്. ആളപകടമൊന്നും ഇതുവരെ റിപ്പോർട്ടുചെയ്തിട്ടില്ല.' പെട്ടെന്നു് ലഞ്ചു നിറുത്തിയിട്ടു് രാധയെ ഓഫീസിൽ വിളിച്ചു. അവളുടെ ശബ്ദം കേട്ടപ്പോൾ സമാധാനമായി. അവൾ സഞ്ചരിച്ചിരുന്ന ട്രെയിനിൻെറ പിന്നാലേ വന്ന മറെറാരു ട്രെയിനിനാണു് അപകടംപററിയതു്. ദൈവാധീനമെന്നേ പറയേണ്ടു. വൈ

കുന്നേരം ബസ്സിൽ മടങ്ങിപ്പോരാമെന്നു വിചാരിക്കുന്നു. അതിന്നു മുമ്പുതന്നെ സബ്‌വേ ശരിയാക്കുമെന്നു പ്രതീക്ഷിക്കാം.

വലിയൊരു അഗ്നിപർവ്വതത്തിൻെറ പുറത്തുള്ള ജീവിതം!

ബസ്സിൽ വന്നതുകൊണ്ടു് രാത്രിയായി രാധ മടങ്ങിയപ്പോഠം. ബാംബർഗ്ഗേർസിനു മുമ്പിൽ പാക്കുചെയ്തിട്ടു പോയിരുന്ന അവളുടെ കാറിൻെറ ഒരു വീലിൽ കാററില്ലായിരുന്നു. വളരെ ബുദ്ധിമുട്ടേണ്ടി വന്നു. ആപത്തുകഠം ചൂഴ്ന്ന ജീവിതം!

നാളെ യാത്രയ്ക്കുള്ള ഒരുക്കങ്ങളിൽ മുഴുകി

## 1973 ഓഗസ്റ്റ് 11, ശനിയാഴ്ച

ജംഗിഠം ഹാബിറ്റാററിലേക്കു്: 80, 90 മൈൽ സ്പീഡ്—നിറുത്താതുള്ള യാത്ര. 9–നു തിരിച്ചു, 10 45–നു് എത്തി, Jungle Habitat എന്നു പ്രശസ്തമായ വന്യമൃഗസങ്കേതത്തിൽ. ലോകത്തേക്കു് ഏററവും മികച്ച വന്യമൃഗസങ്കേതം ദക്ഷിണ കാലിഫോർണിയയിലെ സാർഡീഗോ മൃഗശാലയാണു്. അതേ മാതൃകയിൽ മിൽഫോഡ് എന്ന സ്ഥലത്തു് വിസ്തൃതമായ ഒരു മലയിടുക്കിൽ സ്വാഭാവികമായ ഒരു ഗഹനകാനനമാണെന്നു തോന്നത്തക്ക സകല ചുററുപാടുകളും തികഞ്ഞ ഒരു സ്ഥലത്താണു് 'ജംഗിഠം ഹാബിററാററ്' നിർമ്മിച്ചിട്ടുള്ളതു്. എട്ടുപത്തു ചതുരശ്രമൈൽ വരുന്ന കുന്നും കുഴിയും കാടും തോടും കല്ലും പടലും നിറഞ്ഞ പ്രദേശം. കാറുകഠക്കു സുഖമായി സഞ്ചരിക്കാവുന്ന ടാർചെയ്ത ഒന്നാംതരം റോഡുകഠം വിലങ്ങനെയും തലങ്ങനെയും. റോഡുകളുടെ രണ്ടുവശവും ഉയരത്തിൽ മുഠംക്കമ്പികഠംകൊണ്ടു് ഉപരോധിച്ചിട്ടുള്ള വിസ്തൃതമായ വിഭാഗങ്ങഠം ഓരോ വർഗ്ഗക്കാർക്കുമായി വിട്ടുകൊടുത്തിരിക്കുന്നു. സിംഹം, പുലി, കരടി, സീബ്രാ, കാട്ടുപന്നി, കംഗാരു, മാൻ, മ്ലാവ്, ആന, ഒട്ടകം, കുതിര തുടങ്ങിയ പലയിനം മൃഗങ്ങഠം—1500 ആണു് അവരുടെ ആകെ സംഖ്യ—പരംപരമായി ഓരോ വിഭാഗവും ഓരോ സ്വാഭാവികപ്രവൃത്തികളിൽ വ്യാപൃതരായിരിക്കുന്ന കാഴ്ചയാണു് സന്ദർശകർക്കു് അവിടെ കാണാൻ കഴിയുന്നതു്.

പ്രായമായവർക്കു് 3.50 ഡോളർ, കുട്ടികഠംക്കു് 1.75 ഡോളർ ടിക്കററ് ഫീസ്. കാറുകളുടെ ജനാലകഠം സൂക്ഷിച്ചടച്ചുകൊള്ളാൻ പ്രത്യേക നിർദ്ദേശം നല്കി. തുറന്നുവിട്ടിട്ടുള്ള സിംഹങ്ങളും പുലികളും മററും ബലിഷ്ഠമായ കമ്പിവലയങ്ങളെപ്പോലും ഭേദിച്ചുകൊണ്ടു സന്ദർശകരുടെമേൽ ചാടിവീഴാറുണ്ടു്. കാറുകളിലെ റേഡിയോ ഒരു പ്രത്യേക വേവ്‌ലെങ്ത്തിൽ പ്രവർത്തിപ്പിച്ചാൽ ഓരോ വിഭാഗത്തിലും എത്തുമ്പോഠം അവിടെയുള്ള വന്യമൃഗങ്ങഠം ഏതാണെന്നും അവയുടെ സ്വഭാവവിശേഷങ്ങളുടെ വിവരണവും അപ്പോഠം അവരെന്തു ചെയ്തുകൊണ്ടിരിക്കയാണെന്നുള്ള വിവരവും എല്ലാം കേഠംക്കാ

വുന്നതാണ്. പല രാജ്യങ്ങളിൽനിന്നും കൊണ്ടുവന്നിട്ടുള്ള 300-ൽ പരം സിംഹങ്ങൾ അവിടെയുണ്ട്. നിർഭയം റോഡിറമ്പിലേക്ക് തടിയൻമാംസക്കഷണങ്ങളുമായിറങ്ങിവന്ന് കടിച്ചു കാർന്നുതിന്നു കൊണ്ടിരിക്കുന്നു ചിലർ. തള്ളയും മക്കളും തമ്മിൽ തുള്ളിച്ചാടിക്കളിക്കുകയാണ് ഒരിടത്ത്. ആണും പെണ്ണുംകൂടി കാമകേളികൾക്ക് ഒരുങ്ങുകയാണു മറ്റൊരിടത്ത്. വേലിയിറമ്പിൽ വന്നിരുന്ന് ഇറച്ചി കാർന്നുതിന്നുന്ന ഒരു തടിയന്റെ മുമ്പിൽ ഞങ്ങൾ കാർ നിറുത്തി. ഒരു അമറലോടുകൂടി ഒററ കുതിച്ചുചാട്ടം ഞങ്ങളുടെനേർക്ക്. കമ്പിവലയം പൊട്ടാത്തതു ദൈവാധീനം. ഇല്ലെങ്കിൽ കാറിനെ തള്ളിമറിച്ച് ഞങ്ങളെ ഒന്നടങ്കം കൊന്നുമുടിക്കുവാൻ കെല്പുള്ളവനാണ് ആ തടിമാടൻ. കൃവായി കാറുകൾ മുറമുറയേ വന്നുകൊണ്ടിരിക്കയാണ്. ഞങ്ങളുടെ പിന്നാലെ വന്ന വണ്ടിയിലുള്ളവർ സൈഡെടുത്തു മുന്നേറി, ഒരു ജന്നൽപ്പാളി തുറന്ന് അവിടെ കൂടുതൽ നില്ക്കേണ്ട, ആപത്താണ് എന്നു നിർദ്ദേശിച്ചിട്ടു മുന്നേറിപ്പോയി. ആ മൃഗരാജൻ ഇറച്ചിത്തുണ്ടു വലിച്ചെറിഞ്ഞിട്ട് കമ്പിയെ വലിച്ചു വളച്ചൊടിക്കാനുള്ള ശ്രമത്തിലാണ്. നൂറുവാര അകലെ ഒരു ഏറുമാടമുണ്ട്. അതിൽ തോക്കു ധരിച്ച കാവൽക്കാർ ആപത്തുണ്ടാകുകയാണെങ്കിൽ എതിരിടാൻ സന്നദ്ധരായി നില്പുണ്ട്. കമ്പി ഒടിക്കാനുള്ള മൃഗരാജന്റെ ശ്രമം ഞങ്ങൾ അവരെ അറിയിച്ചമാത്രയിൽ രണ്ടുപേർ വടികളും റിവാൾവറുമായിട്ട് അങ്ങോട്ടു പാഞ്ഞുപോയി.

മരക്കൊമ്പുകളിൽ കയറി സസുഖം ഉറങ്ങുന്ന കുറ്റൻകരടികൾ, നിർബാധം മേഞ്ഞുനടക്കുന്ന മാൻകൂട്ടങ്ങൾ, മരക്കൊമ്പുകളിൽ ഊഞ്ഞാലാടിക്കളിക്കുന്ന പലയിനം കുരങ്ങന്മാർ, അങ്ങുമിങ്ങും നോക്കാതെ വഴ്യോൽ മേഞ്ഞുനില്ക്കുന്ന വരിയൻകുതിരകൾ, ചെളിക്കുണ്ടുകളിൽനിന്നു ജലപ്പരപ്പിലേക്കു നീങ്ങി നീന്തിരസിക്കുന്ന കാണ്ടാമൃഗങ്ങൾ,—ഇങ്ങനെ സ്വാഭാവികാന്തരീക്ഷത്തിൽ ജീവിതം നയിക്കുന്ന ആ വന്യജീവികളുടെ സ്വഭാവവിശേഷങ്ങളും പെരുമാററങ്ങളും ഓരോ കേന്ദ്രത്തിലും ചെല്ലുമ്പോൾ കാറിലെ റേഡിയോയിൽ കേട്ടു മനസ്സിലാക്കിക്കൊണ്ട് രണ്ടുമണിക്കൂറോളം നേരം അവിടെ കഴിച്ചുകൂട്ടി.

വിനോദകേന്ദ്രം: ഈ മൃഗകേന്ദ്രത്തിന്റെ അനുബന്ധമായി ഒരു വിനോദകേന്ദ്രംകൂടിയുണ്ട്. പാക്കിങ്ഗ്രൗണ്ടിൽ കാറിട്ടിട്ട് ഞങ്ങൾ കൊണ്ടുവന്നിരുന്ന പലഹാരങ്ങളും ഡ്രിങ്കുകളും കഴിച്ചു. പിന്നെ വിനോദകേന്ദ്രത്തിൽ കടന്നു.

പത്തുമുപ്പതേക്കർ വരുന്ന കുന്നിൻപുറങ്ങളാണ് നടപ്പാതകളും, അങ്ങിങ്ങ് കടകമ്പോളങ്ങളും, തിയേറററുകളും, ലാവേറററികളും കുട്ടികളുടെ കളിസ്ഥലങ്ങളും മററുമായി വിനോദകേന്ദ്രത്തിനു സജ്ജമാക്കിയിട്ടുള്ളത്.

കുട്ടികളുമൊത്ത് അവിടത്തെ വിനോദങ്ങളിൽ പങ്കുകൊണ്ട് കുറച്ചു ചുററിക്കറങ്ങി. ആനപ്പുറത്തും ഒട്ടകപ്പുറത്തും കുതിരപ്പുറത്തുമുള്ള സവാരിയിൽ അനവധിയാളുകൾ രസിക്കുന്നതു കണ്ടപ്പോൾ രാധയ്ക്കും കുട്ടികൾക്കും ഒരു സവാരി ചെയ്യണമെന്ന് ആശ. ആനസ്സവാരിയും കുതിരസ്സവാരിയും അവർക്ക പേടി. ഒടുവിൽ ഒട്ടകസ്സവാരി തെരഞ്ഞെടുത്തു. 15 മിനിട്ടുനേരത്തേക്ക് ആളൊന്നിന് 80 സെന്റ് ചാർജ്. ആ തടിയൻമൃഗങ്ങളുടെ മുതുകത്തുള്ള മുഴകളുടെ പിന്നിൽ ലഗാൻ പിടിച്ചുകൊണ്ട് കുഞ്ഞുങ്ങൾ കയറിയിരിക്കുന്നതു കണ്ടപ്പോൾ എനിക്ക പേടിതോന്നി ഓരോന്നിനെയും നയിച്ചുകൊണ്ട് ഓരോ പാപ്പാൻകൂടിയുണ്ട്. എങ്കിലും അവർ മടങ്ങിയെത്തുന്നതുവരെ ഭയന്നിരുന്നു. ആനപ്പുറത്തും കുതിരപ്പുറത്തും ഉത്സാഹത്തോടെ ആളുകൾ തള്ളിക്കയറുന്നതു കണ്ടപ്പോൾ അതുംകൂടി ആയാലെന്താ എന്ന് അവർ വിചാരിക്കാതിരുന്നില്ല. ഒന്നര ഡോളറും ഒരു ഡോളറും ചാർജ്ജായതുകൊണ്ട് വേണ്ടെന്നുവെച്ചു.

നല്ല കറുത്ത തൊലിയുള്ള ഒരു വർഗ്ഗക്കാരുടെ—മുടികൊണ്ടറിയാം, അവർ നീഗ്രോകളല്ല—കാണിക്കാരെപ്പോലിരിക്കും—അല്പമാത്രമേ വസ്ത്രങ്ങളുള്ളു—വനങ്ങളിൽ വസിക്കുന്ന അമേരിക്കൻ പൂർവ്വവംശീയരുടെ അവശിഷ്ടങ്ങളാണത്രേ—ഉറച്ച ശരീരങ്ങളുള്ള ആണും പെണ്ണും അടങ്ങിയ പത്തിരുപതു പേരുള്ള ഒരു സംഘക്കാർ—ഒരുതരം ഉഗ്രമായ ഡാൻസ് പ്രകടനം തുറന്ന മൈതാനത്തുവെച്ചു നടത്തുന്നതു് ആയിരക്കണക്കിനാളുകളെ ആകർഷിച്ചു. പത്തുപന്ത്രണ്ട് യുവതികളും യുവാക്കന്മാരും പന്തം കത്തിച്ചുപിടിച്ചുകൊണ്ട് ആവേശത്തോടെ തുള്ളിച്ചാടിക്കളിച്ചതു് കേരളത്തിലെ അമ്മൻ തുള്ളൽപോലിരുന്നു.

മാൻ, മുയൽ, കരടി തുടങ്ങിയ മൃഗങ്ങളുടെ വേഷങ്ങൾ അണിഞ്ഞുകൊണ്ട് കുറെ നടീനടന്മാർ സംഭാഷണങ്ങളോടുകൂടി തിയേറററിൽവെച്ചു നടത്തിയ ഒരു പപ്പററ്ഷോ കുട്ടികൾക്ക രസപ്രദമായിരുന്നു.

മൂന്നരമണിക്ക മടക്കയാത്ര.

ഡോക്ടർമാർക്ക് അത്താഴം കൊടുത്തു.

9-ന് അവരെ മടക്കിക്കൊണ്ടു വിട്ടു.

## 1973 ഓഗസ്റ്റ് 12, ഞായറാഴ്ച

മിസ്സിസ് ഫാനി: കഴിഞ്ഞകൊല്ലം ഗീതയുടെ ക്ലാസ്സ്ടീച്ചറായിരുന്ന മിസ്സിസ് ഫാനി 8 മണിക്ക വന്നു. സ്കൂൾ സ്കൗട്ടുകളുടെ ക്യാപ്റ്ററൻ എന്ന നിലയിൽ മൂന്നുനാലുപ്രാവശ്യം മുമ്പവിടെ വന്നിട്ടുണ്ട്. പക്ഷേ, ഗീതയ്ക്കോ രാധയ്ക്കോ അവരെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. തുടുത്ത കവിളുകളും മുഖംനിറയെ ചുളുക്കുകളും വെള്ള

ത്ത പുരികങ്ങളും കഷണ്ടിത്തലയുമുണ്ടായിരുന്ന ആ നാല്പത്തഞ്ചുകാരി ചുളുക്കുകൾ തീരെയില്ലാത്ത, കവിളുകൾ നിശ്ശേഷം വററിയ, കറുത്ത പുരികവും ചുരുണ്ട നിബിരീസമായ കോതിമിനുക്കിയ തലമുടിയുമുള്ള ഒരു യുവസുന്ദരിയായി മാറിയിരിക്കയാണു്. പുതിയ പ്രായത്തിനു പററിയ മിനിസ്കർട്ടു് അണിഞ്ഞിരിക്കുന്നു.

“ഞാൻ മിസ്സിസ് ഫാനി. സ്കൗട്ട് റീഓർഗനൈസേഷനു വേണ്ടി കഴിഞ്ഞ വഷത്തെ സ്കൗട്ടുകളെയെല്ലാം ഒന്നു കണ്ടു സംസാരിക്കാൻ പോന്നതാണു്. ഗീതയും പ്രീതയും ഇവിടെ കാണുമെന്നു വിചാരിച്ചു വന്നു. ഞങ്ങൾക്കു് ഒരു ചെറിയ ഫണ്ടു് ഉണ്ടാകേണ്ടിയിരിക്കുന്നു.''

രാധയും കുട്ടികളും അത്ഭുതത്തോടെ അവരെ നോക്കുകയാണു്.

''ഞാൻ ഒരുമാസം ന്യൂയോക്കിലുള്ള ഡോക്ടർ മോറിസ്സിൻെറ നേർസിങ് ഹോമിലായിരുന്നു. അദ്ദേഹം വിദഗ്ധമായ ഒരു പ്ലാസ്റ്റിക് സർജറിയൊക്കെ നടത്തി. കുറേ ഗ്ലാൻഡ്സ് ഇൻജക്ഷനും തന്നു. വളരെ നല്ല മനുഷ്യൻ! ചുരുക്കത്തിൽ (ചിരിച്ചുകൊണ്ടു്) സർജനുമായിട്ടു് ഞാനിപ്പോൾ എൻഗേജ്മെൻറിലാണു്. താമസിയാതെ ഞങ്ങളുടെ വിവാഹം നടക്കും.''

''ഗുഡ്മോണിങ് മിസ്സിസ് ഫാനി!'' കായ്യം മനസ്സിലാക്കി, അവർ പഴയ ടീച്ചറാണെന്നു തിരിച്ചറിഞ്ഞപ്പോൾ അത്ഭുതം വിട്ടുമാറിയ ഗീത പറഞ്ഞു.

''സ്കൗട്ടുകൾക്കു് ഒരു കുക്കി (Cookie) വില്പനമത്സരം ഏപ്പെടുത്തീട്ടുണ്ടു്. കൂടുതൽ വില്പനനടത്തുന്നവക്കു് ഒരു സമ്മാനം നല്കാൻ നിശ്ചയിച്ചിരിക്കയാണു്. നാളെ രാവിലെ ഗീത സ്കൂളിൽ വരണം.''

ഒരു കൂൾഡ്രിങ്കു് കഴിച്ചിട്ടു് അവർ പോയി.

''ഈ സ്ത്രീയിൽ വന്നിട്ടുള്ള മാററം അത്യത്ഭുതകരമാണു്. കഴിഞ്ഞയാണ്ടിൽ എടുത്ത ഫോട്ടോ ഇവിടെ കാണും. ഗീത അച്ഛനെ എടുത്തുകൊണ്ടുവന്നു കാണിക്കൂ.''

കവിൾ തൂങ്ങി, നെഞ്ചൊട്ടി, വയർ തള്ളി അതിവികൃതമായിരുന്ന ആ രൂപം കണ്ടു ഞാൻ പൊട്ടിച്ചിരിച്ചുപോയി.

''ഇവർ പ്രസവിച്ചിട്ടില്ല. ഭത്താവു് ഉപേക്ഷിച്ചുപോയി. പ്ലാസ്റ്റിക്ഡോക്ടറെ എത്ര പ്രശംസിച്ചാലും മതിയാകയില്ല. ഇനി ഇവർ പ്രസവിക്കും, സംശയമില്ല.”

''ശാസ്ത്രത്തിൻെറ പുരോഗതി! എന്തെല്ലാം അത്ഭുതനേട്ടങ്ങളാണു്!''

''ഞാൻ ബെഡ്ഫോഡിലിരുന്നപ്പോൾ എൻെറകൂടെ ഹൈസ്കൂൾ മാസ്റ്ററായിരുന്ന മിസ്റ്റർ പാൾ ഗ്രോസ്മാൻ ഇപ്പോൾ ഒരു

ഓപ്പറേഷൻ കഴിഞ്ഞു് മിസ്സ് പാളാ(Paula) ആയി, മറെറാരു മാസ്റ്ററുമായി എൻഗേജ്മെൻറിലാണു്. ബിട്രോത്തൽപാർട്ടിക്ക ഞങ്ങളെ ക്ഷണിച്ചിരുന്നു. അവരുടെ ഫോട്ടോയും ഇവിടെയുണ്ടു്.''

''എന്തൊരു മനുഷ്യർ! എന്തൊരു ലോകം! ഒന്നുരണ്ടു കൊല്ലം കഴിയുമ്പോഴം മിസ്റ്റർ രാധ എന്നും മിസിസ് ഏക്കേബി എന്നും നിങ്ങളെ സംബോധനചെയ്യേണ്ടിവന്നാൽ എനിക്കതിലൊട്ടും അത്ഭുതം തോന്നുകയില്ല.''

സൈക്ലിങ് ട്രിപ്പ്: വൈകുന്നേരം രാധയും കുഞ്ഞുങ്ങളും ഒരു സൈക്ലിങ് ട്രിപ്പിനിറങ്ങി. ഏ. കെ. ബി.യുടെ സൈക്കിളിൽ ഞാനും അവരുടെ പിന്നാലെ കൂടി. ഞാൻ സൈക്കിൾ ചവിട്ടുന്നതു് ആദ്യമായിട്ടാണു് കുഞ്ഞുങ്ങൾ കാണുക. അവർ അത്ഭുതത്തോടെ നോക്കി. ''നാല്പതുകൊല്ലം എൻെറ നിരന്തരവാഹനമായിരുന്നു തിരുവനന്തപുരത്തുനിന്നു കന്യാകുമാരിവരെ കൂട്ടുകാരുമൊത്തു് രണ്ടു ട്രിപ്പ് ഞാൻ ചവിട്ടിയിട്ടുണ്ടു്,'' എന്നൊക്കെ വീമ്പു പറഞ്ഞുകൊണ്ടു് ട്രാഫിക് കുറഞ്ഞ നിരത്തുകളിൽക്കൂടി നാലഞ്ചു മൈൽ ചുററിക്കറങ്ങി.

എമ്മായുടെ വീട്ടിന്നു മുമ്പിൽ ഞങ്ങളിറങ്ങി. അവളുടെ ജ്യേഷ്ഠൻ ഒരു തടിയൻ ഹിപ്പി അവിടെ നില്ക്കുന്നു. ഭർത്സരസ്വരത്തിൽ, ''എമ്മാക്കു് ഒരു ഷോപ്പിൽ ഉദ്യോഗം കിട്ടി. അവൾ ന്യൂയോർക്കിലാണു്,'' എന്നു് അയാൾ പറഞ്ഞു.

''വളരെ സന്തോഷം,'' രാധ പറഞ്ഞു.

കഴുകൻെറ നോട്ടത്തോടെ, ''ആ ഡെവിൾ അവിടെ അധികം ദിവസം നില്ക്കുമെന്നു തോന്നുന്നില്ല'' എന്നയാൾ പറഞ്ഞു.

ക്രൂരമുഖമുള്ള ആ യുവാവിൻെറ ഭാവവും വേഷവും വെറുപ്പോടെ നോക്കാനേ എനിക്കു കഴിഞ്ഞുള്ളു. മനുഷ്യരെക്കുറിച്ചു പുച്ഛവും നിന്ദയും ആ മുഖത്തു കളിയാടുന്നു. ''ഭയങ്കര ഡ്രഗ്ഗ്വാലായാണെന്നു തോന്നുന്നു, ഇയാളെ കണ്ടിട്ടു്.'' രാധ പറഞ്ഞു.

മിസ്റ്റർ ഭട്ടിയാ: പടിഞ്ഞാറുമാറി ബർച്ച്വുഡ്സ് ഡ്രൈവിൽ താമസിക്കുന്ന ഒരിന്ത്യൻകുടുംബത്തെ സന്ദർശിക്കാൻ പോയി. മിസ്റ്റർ ഭട്ടിയാ ന്യൂയോർക്കിൽ ഒരു എൻജിനീയറാണു്. ഭാര്യയും ഒരു മകൻ വനോജും ബോംബെയിലുള്ളവർ. ഒൻപതു വയസ്സായ വനോജ് പ്രീതയുടെ കൂട്ടുകാരൻ. കുറച്ചുനേരം സംസാരിച്ചുകൊണ്ടിരുന്നിട്ടു് 8-നു മടങ്ങി.

## 1973 ഓഗസ്റ്റ് 13, തിങ്കളാഴ്ച

സ്കൂൾ സന്ദർശനം: രാവിലെ ഒൻപതുമണിക്കു ഗീതയും പ്രീതയുമൊത്തു് അവരുടെ സ്കൂളിലേക്കു പോയി. രണ്ടു ഫർലാങ് ദൂരമേ ഉള്ളു. മൂന്നുനാലു തെരുവുകൾക്കപ്പുറം. ട്രാഫിക് വളരെ

കുറവാണ്. ഒരു സ്ഥലത്തു മാത്രമേ ക്രോസ്സിങ് ഉള്ളു. അവിടെ സ്കൂൾദിവസങ്ങളിൽ കാലത്തും ഉച്ചയ്ക്കും വൈകുന്നേരവും ഒരു പോലീസ് ഓഫീസർ എത്തും. സ്കൂളിലേക്കു നാനാദിക്കുകളിൽ നിന്നും വരുന്ന കുട്ടികളുണ്ട്. അവർ വരുന്ന വഴിക്കുള്ള ക്രോസിങ്ങുകളിലെല്ലാം സ്പെഷ്യൽ പോലീസ് എത്തും. ആണും പെണ്ണും സ്പെഷ്യൽപോലീസുകാർ ഈ ആവശ്യത്തിലേക്കുണ്ട്. അവർ വാഹനങ്ങളെ നിറുത്തി കുട്ടികളെ മറുവശത്തേക്കു കടത്തിവിടും. കുട്ടികളുടെ നേർക്കു പോലീസുകാർക്ക് പ്രത്യേക സ്നേഹമാണ്. ഇതൊക്കെ കേട്ടുകൊണ്ട് സ്കൂൾ കാംപൗണ്ടിൽ കടന്നു. നാലുവശവും സുവിസ്തൃതമായ പ്ലേഗ്രൗണ്ടുകളെ ചുററി ചോലവൃക്ഷങ്ങൾ. ഒരു വശത്തു കുട്ടികൾക്കുവേണ്ടിയുള്ള ഒരു ജിമ്നീഷ്യം മറുവശത്തു കുട്ടികളുടെ തോട്ടം. അതിമനോഹരമായ സൈററും ചുററുപാടുകളും. മദ്ധ്യത്തായി ഒററനിലക്കെട്ടിടം. മുറികളെല്ലാം എയർകണ്ടീഷൻഡ്. കോറിഡോറിൽക്കൂടി നടന്ന് സ്റ്റാഫ്റൂമിലേക്കു നീങ്ങിയപ്പോൾ മുറികളെല്ലാം ഒന്നു നോക്കി. ഒക്കെ കൊച്ചു മേശകളും കസേരകളുംകൊണ്ട് സുസജ്ജം. കാണാൻതന്നെ കൗതുകമുണ്ട്. സ്കൂൾ തുറന്നിട്ട് ഒരു ദിവസം വന്നു സൂക്ഷിച്ചുനോക്കണം എന്നു കരുതി.

മിസ്സിസ് ഫാനി എനിക്കു ഷേക്ഹാൻഡ് തന്ന് അവിടെ ഇരുത്തി. എട്ടുപത്തു പെൺകുട്ടികൾ എത്തീട്ടുണ്ട് സ്റ്റെൻസിൽ ചെയ്തിട്ടുള്ള ഫാറങ്ങളും ലഘുലേഖകളും കുട്ടികളെ അവർ ഏല്പിക്കുന്നു. ആദ്യം വേണ്ടത് പരിചയമുള്ള അയൽവീടുകളിലെല്ലാം ചെന്ന്, അവരെ കാര്യം പറഞ്ഞു ബോദ്ധ്യപ്പെടുത്തി ഓരോ ലഘുലേഖയുംകൊടുത്തിട്ട് അവരുടെ പേരും എത്ര പ്യാക്കററ് കുക്കി അവർ മേടിക്കുമെന്നുള്ള സമ്മതവും ഫാറത്തിൽ എഴുതിമേടിക്കുകയാണ്. ഒരു കുക്കിക്ക് ഒരു ഡോളറാണ് വില. ഓരോ സ്കൗട്ടും അറുപതു പ്യാക്കററിൽ കൂടുതൽ വില്ക്കണമെന്നു പ്രതീക്ഷയില്ല. വരുന്ന വരുന്ന കുട്ടികൾക്ക് അവർ ഫാറം കൊടുത്തു വിടുകയാണ്. ഞാൻ വിടവാങ്ങി, കുഞ്ഞുങ്ങളുമൊത്ത് വീട്ടിലേക്കു മടങ്ങി.

കുക്കിവില്പന: ഗീത ഒരു പ്ലാൻ പറഞ്ഞു. മററുള്ള കുട്ടികൾ ഓരോ വീടുകളിൽ എത്തുന്നതിനുമുമ്പ് സൈക്കിൾ എടുത്തുകൊണ്ട് നാം ഒന്നു ചുററിക്കറങ്ങിയാൽ അറുപതു കുക്കിക്കുള്ള ആളുകളെ എളുപ്പത്തിൽ സംഘടിപ്പിക്കാൻ സാധിക്കും. ഞാനുംകൂടി കൂട്ടുപോയാൽ മതി. ഞാനതു സമ്മതിച്ചു. രണ്ടു കുഞ്ഞുങ്ങളും ഞാനുമൊത്ത് ഉടനെ തിരിച്ചു. ആദ്യം പോയതു് മിസ്റ്റർ ഷട്ടിയായുടെ വീട്ടിലായിരുന്നു. അയാളുടെ ഭാര്യ 4 കുക്കി മേടിക്കാമെന്നേററു. ഗീത പാമിനെ ഫോണിൽ വിളിച്ചു. പാം 4 എണ്ണം, പിന്നെ ജൂഡി 4 എണ്ണം. ബാർബാറ 4 എണ്ണം. ഗീതയ്ക്കു് വലിയ ഉത്സാഹമായി ബീച്ച്‌വുഡ് ഡ്രൈവിലും ഓക്ക്‌വുഡ് ഡ്രൈവിലും ബർച്ച്‌വുഡ് ഡ്രൈവിലും അവളുടെ സഹപാഠികളും പരിചയക്കാരുമായ പലരുടെ വീട്ടിലും

ഞങ്ങൾ കയറിയിറങ്ങി. 3 മണിക്കൂർ മെനക്കെടേണ്ടിവന്നു. അപ്പോഴത്തേക്കും അറുപതു പേരുടെ വാഗ്ദാനവും മേടിച്ചുകൊണ്ടു് ഞങ്ങൾക്കു മടങ്ങാൻ സാധിച്ചു.

അന്നു രാത്രി അതിദാരുണമായ ഒരു വാർത്ത റേഡിയോവിൽ കേട്ടു. പരാമസ് ബട്ടൺവുഡ് ഡ്രൈവിലുള്ള സാം മൈക്കേൽ എന്നൊരു ഇരുപത്തിരണ്ടുകാരൻ പരാമസ് സെക്കൻഡറി സ്കൂളിലുള്ള 5-ാം ഗ്രേഡ് വിദ്യാർത്ഥിനിയായ ഗ്രേസി സൂസൻ എന്ന പതിനൊന്നുകാരി കുക്കി വില്ക്കാനായി ചെന്നപ്പോൾ പിടികൂടി ബലാൽക്കാരം ചെയ്തതിൻെറ ഫലമായി ഭീകരമായി മരണമടഞ്ഞുപോയിരിക്കുന്നു. പോലീസ് എത്തിയപ്പോൾ എന്തോ ഡ്രഗ്ഗ് കഴിച്ചു് ബോധരഹിതനായി സാം ഗ്രേസിയുടെ രക്തമണിഞ്ഞ ശവശരീരത്തെ മുറുകെ പിടിച്ചുകൊണ്ടു കിടക്കുന്നതാണു കണ്ടതു്. പോലീസ് വേണ്ട ആക്ഷൻ എടുത്തുകൊണ്ടിരിക്കുന്നു!

''നാം ഇന്നലെ കണ്ട ആ ദുഷ്ടനാണിതു ചെയ്തതു്,'' രാധ പറഞ്ഞു. ''ഞാൻ പറഞ്ഞില്ലേ, അവനൊരു ഡ്രഗ്ഗ്‌വാലാ ആണെന്നു്.''

''അയ്യോ കഷ്ടം! നല്ല കുട്ടിയായിരുന്നു ഗ്രേസി. ഫേബിയൻ പാർക്കിൽവെച്ചു് അപ്പൂപ്പനോടു സംസാരിച്ചില്ലേ, ആ കുട്ടിയാ.'' ഗീത പറഞ്ഞു.

''ഏതായാലും നീങ്ങളിനി കുക്കിക്കച്ചവടത്തിനു പോകണ്ടാ,'' രാധ വിലക്കി.

കുട്ടിയുടെ ദുർമ്മരണത്തെക്കുറിച്ചുതന്നെ ചിന്തിച്ചു ചിന്തിച്ചു കിടന്നു.

## 1973 ഓഗസ്റ്റ് 14, ചൊവ്വാഴ്ച

രാവിലെ തിരുവനന്തപുരത്തുനിന്നു കത്തുകൾ വന്നു. തമ്പിമോൻെറ കല്യാണത്തിനുവേണ്ട ഒരുക്കങ്ങളെല്ലാം രാജമ്മ ദ്രുതഗതിയിൽ നടത്തുകയാണു്. പ്രത്യേകമായി ക്ഷണിക്കാൻ വല്ല പേരുമുണ്ടെങ്കിൽ എഴുതി അറിയിക്കണം മടങ്ങുന്ന പോസ്റ്റിൽത്തന്നെ.

കത്തുകൾക്കെല്ലാം മറുപടി അയച്ചു.

പാമിൻെറ അനക്കമില്ല. കാമുകനുമായി രസിക്കുകയായിരിക്കാം. ഉപദ്രവിക്കേണ്ടെന്നു കരുതി ഞാനങ്ങോട്ടു വിളിക്കാൻപോയില്ല.

തലേദിവസം കൊല്ലപ്പെട്ട ഗ്രേസിയുടെ പടവും അവളെ അമർത്തി ശ്വാസംമുട്ടിച്ചുകൊന്ന രാക്ഷസൻെറ പടവും പത്രങ്ങളിലുണ്ടായിരുന്നു. വിശദവിവരങ്ങൾ വായിച്ചു ഞെട്ടിപ്പോയി. ജാമ്യാപേക്ഷ നിരസിക്കപ്പെട്ട ആ നീചൻ പോലീസ് കസ്റ്റഡിയിൽ കഴിയുകയാണു്.

## 1973 ഓഗസ്റ്റ് 15, ബുധനാഴ്ച

പ്രസിഡണ്ടിനെതിരെ പത്രങ്ങൾ: പത്രങ്ങളിൽ അതിതീക്ഷ്ണമായ വിമർശനങ്ങൾ പ്രസിഡണ്ട് നിക്സണും വൈസ് പ്രസിഡണ്ട് അഗ്ന്യൂവിനും എതിരെ. അധികാരത്തിൽ തൂങ്ങിപ്പിടിച്ചിരിക്കാനുള്ള അവരുടെ കുത്സിതശ്രമങ്ങളെ അതികഠിനമായി പരിഹസിച്ചിരിക്കുന്നു, ന്യൂയോക്ക് ടൈംസ്, വാഷിങ്ടൺ ടൈംസ്, ന്യൂജേർസി റിക്കോർഡ് തുടങ്ങിയ പ്രമുഖപത്രങ്ങളെല്ലാം തന്നെ. ഗവണ്മേൻറുവക രഹസ്യറിക്കാഡുകൾ അതിസാമർത്ഥ്യത്തോടെയാണ് ചോർത്തിയെടുത്തിരിക്കുന്നത്. അനിഷേധ്യമായ തെളിവുകൾക്കെതിരേ നിക്സൻെറയും അഗ്ന്യൂവിൻെറയും പ്രസ്താവനകൾ നല്ലിയിട്ട്, അവയെ കഷണം കഷണമായി അറത്തുമുറിച്ചു കാററിൽ പറത്തിയിരിക്കയാണ്. ഫെഡറൽ ഗവണ്മേൻറ് മൂടിവയ്ക്കാൻ ശ്രമിച്ചിട്ടുള്ള സംഭവങ്ങളെ പരസ്യമാക്കാനുള്ള പത്രങ്ങളുടെ ഈ ധീരസമുദ്യമം ഭാരതത്തിലുള്ള ഒരു സ്റ്റേററിൻെറപോലും ഭരണകൂടത്തിനെതിരായിരുന്നെങ്കിൽ തീർച്ചയായും കഠിനമായ പല നടപടികളും ഗവണ്മെൻറുകൾ പല മാർഗ്ഗങ്ങളിൽക്കൂടിയും സ്വീകരിച്ചേനേ. പക്ഷേ, മട്ടകരുടെ ഗവണ്മേൻറ് എന്ന പേരു സമ്പാദിക്കുവാൻ ഇടയാകുന്നതിൽപ്പരം ആക്ഷേപങ്ങൾ സഹിക്കുകയോ സ്വയം നശിക്കുകയോ ചെയ്യുന്നതാണ് മാന്യതരമെന്ന് അമേരിക്കൻ രാജ്യതന്ത്രജ്ഞന്മാർ കരുതുന്നുണ്ടാകണം പാർട്ടിതാൽപര്യങ്ങൾക്കുപരിയായ ഒരു പൊതുമനസ്സാക്ഷി പ്രവർത്തിക്കുന്നതായിരിക്കണം ഇതിൻെറ രഹസ്യം. അഗ്ന്യൂവിനെ അടിമുടി തകക്കുന്ന ഒരു റിപ്പോർട്ടാണ് ഇന്നു വന്നിരിക്കുന്നത്. കൊല്ലങ്ങൾക്കുമുമ്പ് അദ്ദേഹം ഒരു മാനസികരോഗിയായിരുന്നു എന്നുള്ളതിൻെറ തെളിവുകൾ ഏതോ ഹാസ്പിററലിൻെറ പഴയ റിക്കാർഡുകളിൽനിന്നു് ഒരു വിരുതൻ കണ്ടുപിടിച്ചിരിക്കുന്നു യു എസ്.എ.യിലെ അതിമാന്യമായ ഒരു സ്ഥാനത്തു്—അടുത്ത പ്രസിഡണ്ടാകാൻതന്നെ എളുപ്പമുള്ള ഒരു സമുന്നതസ്ഥാനത്തു്—സ്ഥിതിചെയ്യുന്ന വ്യക്തി ഏറിയകാലം ഒരു മനോരോഗിയായിരുന്നതു് ഒട്ടും അഭിലഷണീയമായ ഒരു ക്വാളിഫിക്കേഷനല്ല. പല അതോറിട്ടികളെയും ഉദ്ധരിച്ചു് അയാൾ ഇതു സമർത്ഥിച്ചിരിക്കുന്നു. അഗ്ന്യൂ ഏറിയകാലമായി മറച്ചുവെച്ചിരുന്ന ഈ രഹസ്യം ആണ്ടുമാസം തീയതികൾ കാണിച്ചാണ് പരസ്യപ്പെടുത്തിയിട്ടുള്ളതു്.

രാധയ്ക്കു പ്രോസിക്യൂഷൻ നോട്ടീസ്: രാധയ്ക്കും എ കെ. ബി.ക്കും കൂടി വന്നുചേർന്ന ഒരു രജിസ്റ്റേർഡ് നോട്ടീസ് വളരെ ഉൽക്കണ്ഠയ്ക്കു കാരണമാക്കി. ഇൻകംടാക്സ് ഓഫീസിൽനിന്നാണ്. മൂന്നുകൊല്ലമായി അവർ ടാക്സ് ശരിയായി അടയ്ക്കുന്നില്ല. റിട്ടേൺസ് യഥാകാലം അയച്ചിട്ടുമില്ല. ജൂലായിൽ അയച്ച നോട്ടീസിനു മറുപടിയും അയച്ചിട്ടില്ല. പ്രോസിക്യൂട്ട് ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ

മൂന്നുദിവസത്തിനകം അറിയിക്കണം. ഞാൻ വിവരം ഉടൻതന്നെ രാധയെ അറിയിച്ചു. അവരം നേരത്തേതന്നെ മടങ്ങിയെത്തി.

ഇൻകംടാക്സ് ഓഫീസ് എല്ലായിടത്തും ഒരുപോലെതന്നെ. അലസതാവിലസിതം. ജൂലായ് ആദ്യം വന്ന നോട്ടീസിനു് അന്നുതന്നെ മറുപടിയയച്ചിട്ടുണ്ടു്. ഫയലിൽ കോപ്പി ഇരുപ്പുണ്ടു്. അതേ നോട്ടീസ് രണ്ടാഴ്ച കഴിഞ്ഞപ്പോഠം വീണ്ടും വന്നു. അതിനും മറുപടി അയച്ചിട്ടുണ്ടു്. കടമെടുത്തിട്ടുള്ള തുകകളുടെ പലിശയ്ക്കു് ടാക്സു് കൊടുക്കേണ്ട ആവശ്യമില്ല. ഇൻഷ്വറൻസ് തുകകഠംക്കും വേണ്ട. അവയുടെ കണക്കുകഠം വ്യക്തമായി നല്കിയിട്ടുണ്ടു്. ഇപ്പോഴിതാ മൂന്നാമത്തെ നോട്ടീസാണു്. ഇനിയും സാധാരണഗതിയിൽ മറുപടി കൊടുത്തിട്ട് ആവശ്യമില്ല. അഡ്വൊക്കേററ് മിസ്റ്റർ റിച്ചാഡിനെ രാധ വിളിച്ചു. നാളെ കാലത്തെ അദ്ദേഹം വരാമെന്നു മറുപടി നല്കി.

## 1973 ഓഗസ്റ്റ് 16, വ്യാഴാഴ്ച

മിസ്റ്റർ റിച്ചാഡ്: അമേരിക്കൻ മാന്യന്മാക്കു് ഒരു മാതൃകയാണു് മിസ്റ്റർ റിച്ചാഡ്. അതിസമർത്ഥനായ ഒരു അഭിഭാഷകൻ. ഇരുപത്തെട്ടു വയസ്സേയായിട്ടുള്ളു. നല്ല തലച്ചോറും മസൃണഹൃദയവുമുള്ള സുമുഖനായ ആ പ്രാംശുകായനെ ആരും എളുപ്പത്തിൽ ഇഷ്ടപ്പെട്ടുപോകും.

ഇൻകംടാക്സ് ഓഫീസിന്റെ കൊള്ളരുതായ്മകഠം: ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൻെറ കൊള്ളരുതായ്മകഠം എല്ലാം റിച്ചാഡിനു ഹൃദിസ്ഥം. സ്വന്തം ഇൻകംടാക്സ് കൊടുക്കാൻ കൂട്ടാക്കാത്ത കൊള്ളക്കാരുടെ തുറയാണതു്. എഡ്വേഡ് മക് ഡെർമോട്ട് (Edward Mc Dermott) എന്ന ഫോർട്ട് ലീ ടാക്സ് കളക്ടർ നാലുകൊല്ലമായി ടാക്സ് കൊടുക്കാതിരുന്നതിൻെറ ഫലമായി ഇപ്പോഠം മുപ്പതിനായിരം ഡോളർ ഫയിനും മൂന്നുകൊല്ലം തടവും ശിക്ഷിക്കപ്പെട്ടതു് ഒരുദാഹരണം മാത്രമാണു്. ടാക്സ് കൊടുക്കാതെ പത്തുലക്ഷം ഡോളർ ഗവണ്മെൻറിനെ കബളിപ്പിച്ചു് ജയിലിൽ കഴിയുകയാണു് പ്രശസ്തനായ ജോൺ വി. കെന്നി എന്ന ഹഡ്സൺ കൗണ്ടി ഡെമോക്രാററിക് ബോസ്. ഇതിലെല്ലാം ഡിപ്പാർട്ടുമെൻറിൻെറ രഹസ്യസഹായവും കോഴവാങ്ങലും തീർച്ചയായും ഉണ്ടായിരിക്കണം. എന്നിട്ട് പാവപ്പെട്ട സാധാരണക്കാരുടെ പേരിൽ അന്യായമായ കള്ളക്കേസുകഠം അവർ ഫയൽചെയ്യുന്നതു് തങ്ങളുടെ ഡിപ്പാർട്ടുമെൻറ് ഊർജ്ജിതമായി പ്രവർത്തിക്കുന്നുണ്ടെന്നു കണക്കുകഠം കാട്ടാൻവേണ്ടി മാത്രമാണു്. ഇങ്ങനെ അഞ്ചുമിനിററ് സംസാരിച്ചു് രാധയുടെ ഭയം മാററിയിട്ടു് പത്തുമിനിററിനകം അവളുടെ

ഫയൽ നല്ലപോലെ പഠിച്ച് ഇൻകംടാക്സ് ഓഫീസിലേക്ക് ഒരു നോട്ടീസും അയാൾ തയാറാക്കിത്തന്നു.

''ഇനിയും അവർ മറുപടി—ക്ഷമായാചനമല്ലാതെ—അയയ്ക്കുകയാണെങ്കിൽ—അതിന്നു തീർച്ചയായും ഇടയില്ല—നമുക്ക് ഒരു കേസുകൊടുത്ത് അവരെ മര്യാദ പഠിപ്പിക്കുകതന്നെ വേണം'' എന്നു ധാർമ്മികരോഷത്തോടെ അയാൾ പറഞ്ഞു.

കാപ്പി കുടിച്ചുകൊണ്ടിരിക്കവേ രാധ അമ്പതു ഡോളറിന്റെ ഒരു ചെക്ക് ഒരു കവറിലിട്ട് അയാളെ ഏല്പിച്ചു.

''ഇതെന്താ, ഇതെന്താ?'' എന്നു ചോദിച്ചുകൊണ്ട് അയാൾ അതു തുറന്നുനോക്കി. ''വളരെ നന്ദി! പക്ഷേ, ഇപ്പോൾ ഇതിന്റെ ആവശ്യമില്ല. കേസു കൊടുക്കുമ്പോൾ ഇതുകൂടെ ചേർത്ത് ഞാൻ ബില്ലയച്ചുകൊള്ളാം. ക്ഷമിക്കണം!'' എന്നു പറഞ്ഞുകൊണ്ട് ചെക്കിനെ കീറി ആഷ്ട്രേയ്ക്കകത്തിട്ടു, രസപ്രദമായ ഒരു മധുരസ്മിതത്തോടെ.

ഗീതയെയും പ്രീതയെയും ചുംബിച്ചിട്ട് ആ നല്ല മനുഷ്യൻ യാത്രപറഞ്ഞു.

രാധയ്ക്കു വലിയ ആശ്വാസമായി.

## 1973 ഓഗസ്റ്റ് 17, വെള്ളിയാഴ്ച

പാമും ബോയിഫ്രണ്ടും: എത്രദിവസമായി പാമിന്റെ കാര്യം എന്തെങ്കിലും അറിഞ്ഞിട്ട്! സ്നേഹം—പ്രേമം—ഒരു കല്യാണത്തിൽ കലാശിച്ചെങ്കിൽ—ഞങ്ങളെല്ലാം ഹൃദയംഗമമായി ആശിച്ചു.

പത്തുമണിക്കു ഫോൺകാൾ.

''എങ്ങനെയിരിക്കുന്നു? ഫ്രണ്ടുമായി സുഖമായി കഴിയുന്നോ?''

''ഞാൻ രക്ഷപ്പെട്ടു. പൂർണ്ണമായി വധിക്കുന്നതിനുമുമ്പ് ഗുഡ്ബൈ പറഞ്ഞു!''

''എന്താ എന്താ? ഇതെപ്പോൾ? കുറച്ചുദിവസമായോ?''

''മനുഷ്യർക്ക് ഔചിത്യം വേണ്ടേ? ഇന്നു വെളുപ്പിനെ മൂന്നു മണിക്ക് ഒരു ഫോൺകാൾ. ഞാൻ സുഖമായുറങ്ങുകയായിരുന്നു. എന്നെ ഇങ്ങനെ വെളുപ്പിനെ മൂന്നു മണിക്കു ഫോണിൽ വിളിക്കാൻ ആരും ധൈര്യപ്പെട്ടിട്ടില്ല. എന്റെ പ്രിയപ്പെട്ട അച്ഛൻപോലും!''

''ആരായിരുന്നു? എന്തിലേക്കായിരുന്നു?''

''ബാസ്റ്റാഡ് (ഹറാംപിറന്നവൻ) എന്നു വിളിക്കാൻ എനിക്കു പകുതി മനസ്സുണ്ടായിരുന്നു. പക്ഷേ, ഞാൻ ആത്മനിയന്ത്രണം പാലിച്ചു. എന്തിലേക്കെന്നോ വിളിച്ചത്? ഞാൻകൂടി രാത്രി മൂന്നു മണിക്ക് വാഷിങ്ടണിലേക്കു ചെല്ലണം, അയാളുമൊന്നിച്ച്. അതിന്നയാൾ വേറെ ആളെ അന്വേഷിക്കട്ടെ. അങ്ങനെതന്നെ ഞാൻ പറഞ്ഞു! നന്നായില്ലേ? എന്താ മറുപടി പറയാത്തത്?''

''3 എച്ച്. ഒ. പുരോഗമിക്കുന്നുണ്ടോ?''

''ഞാനങ്ങു വരാം. ഒരു കൂട്ടുകാരിയുമൊത്ത്. അവരുടെ പല യോഗിക്പോസുകളും അറിയാം. ജീക്കു കാണാൻ വളരെ രസമായിരിക്കും. അവളിവിടെയുണ്ട്. ഞാൻ വരട്ടേ? ഇന്നുതന്നെ കാണാൻ നോക്കാം.''

''ബൈ ബൈ!''

കഷ്ടം തോന്നി. ആദ്യമേ വിചാരിച്ചിരുന്നതുതന്നെ എന്നു രാധയും പറഞ്ഞു.

## 1973 ഓഗസ്റ്റ് 18, ശനിയാഴ്ച

യോഗവിദ്യാപ്രദർശനം: രാവിലെ ഒമ്പതിന് യോഗവിദ്യാപ്രദർശനക്കാർ എത്തി. പാമും കൂട്ടുകാരിയായ ക്യാത്തറൈൻ എന്നൊരു പതിനെട്ടുകാരിയായ തടിച്ചിപ്പെണ്ണും. ഒരു ഡ്രാസും ബ്രേസിയറുംമാത്രം അണിഞ്ഞുകൊണ്ടുള്ള അവരുടെ യോഗിക്പോസുകൾ കണ്ണും കരളും കുളുർക്കേ കണ്ടു. രാധയേയും കുട്ടികളേയുംകൂടി അതൊക്കെ പഠിപ്പിക്കാമെന്നു് അവർ ഏററു

''മൂന്നു മാസത്തിനുമുമ്പ് എനിക്കു 150 പൗണ്ടുണ്ടായിരുന്നു. ഇപ്പോൾ 136 മാത്രമേ ഉള്ളൂ. അത്ഭുതകരം!'' ക്യാത്തറൈൻ പറഞ്ഞു

''എനിക്കിപ്പോൾ 110 മാത്രം. ഇതിലും കുറഞ്ഞുപോയാൽ കഷ്ടമാകുകയില്ലേ?'' രാധ ചോദിച്ചു.

"കുറഞ്ഞവർക്കു കൂടും, കൂടിയവർക്കു കുറയും. അതാണ് ഈ വിദ്യയുടെ മഹത്ത്വം.'' പാം പറഞ്ഞു.

ഉച്ചവരെ സൊള്ളിക്കൊണ്ടിരുന്നിട്ട്, ലഞ്ചു കഴിഞ്ഞു് അവർ പോയി. ബോയ്ഫ്രണ്ടിനെക്കുറിച്ച് യാതൊന്നും രാധ ചോദിക്കുകയോ പാം പറയുകയോ ചെയ്തില്ല. വലിച്ചെറിഞ്ഞ നിർമ്മാല്യമാല്യം! സന്താപരഹിതമായിരുന്ന ആ യുവതിയുടെ മുഖഭാവം എന്നെ അത്ഭുതപ്പെടുത്തി.

എ. കെ. ബി.യുടെ കത്തു വന്നു. ഓഗസ്റ്റ് 31-നു് തിരുവനന്തപുരത്തുനിന്നു തിരിക്കും. സെപ്തംബർ 2-നേ ബോമ്പയിൽനിന്നു പോരുകയുള്ളൂ. 3-നു് ഇവിടെ പ്രതീക്ഷിക്കാം.

രാത്രി പാം വിളിച്ചു, "നാളെ രാവിലെ Bear Mountain എന്ന ഉല്ലാസകേന്ദ്രത്തിലേക്ക് എല്ലാപേരുംകൂടി പോകാമോ'' എന്നന്വേഷിക്കാൻ. ഇത്ര ചേതോഹരമായ ചുററുപാടുകളുള്ള ഒരു പിക്നിക്കേന്ദ്രം അപൂർവ്വമാണ്. രാധ സമ്മതിച്ചു.

കാലത്തേ പോകാനുള്ള ഒരുക്കങ്ങളായി.

ലൗകികസുഖങ്ങളും—അതുപോലെതന്നെ ദുഃഖങ്ങളും—അസ്ഥിരസ്ഥായികൾ—വന്നും പോയും ഇരിക്കുന്നവ. അവകൊണ്ടു കുല

ങ്ങാതെ കഴിയുന്നവർ എത്ര ഭാഗ്യവാന്മാർ! കലുങ്ങാത്ത ഒരു മനഃസ്ഥിതിക്കാരിയാണ് എന്റെ സുഹൃത്തെങ്കിൽ എത്ര ഭാഗ്യവതിയാണവരം!

## 1973 ഓഗസ്റ്റ് 19, ഞായറാഴ്ച

ബെയർ മൗണ്ടൻ സന്ദർശനം: 7–ന് പാഠം വന്നു. പ്രാതൽ കഴിഞ്ഞ് രാധയുടെ കാറിൽ തിരിച്ചു. 120 മൈൽ ദൂരമുണ്ട് ബെയർ മൗണ്ടനിലേക്ക്—ന്യൂയോക്കിന്റെ ഒരു കോണിലാണ്. ട്രാഫിക്കിന്റെ ബഹളം. ഭംഗിയേറിയ ഭൂപ്രകൃതി. സുഖലോലുപന്മാക്കവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ള സുന്ദരലോകം. നടക്കാവുകൾക്കിടയിൽക്കൂടി നിർമ്മിച്ചിട്ടുള്ള റോഡുകളുടെ ഇരുവശങ്ങളിലും വൃക്ഷനിബിഡമായ കുന്നുകളും കായലുകളും അവയ്ക്കിടയിൽ സുന്ദരസൗധങ്ങളും കലന്ന ചേതസ്സമാകർഷകമായിരിക്കുന്നു.

പത്തുമണിയായതേ ഉള്ളു എങ്കിലും ഒരു മനുഷ്യമഹാസമുദ്രമായി മാറിയിട്ടുണ്ട് ബെയർ മൗണ്ടൻ പ്രദേശം.

ഹഡ്സൺ നദിയുടെ തീരത്തുള്ള തരുനികരങ്ങൾ തിങ്ങിനില്ക്കുന്ന ഒരു വലിയ മലയാണ് 'കരടിമല.' ഒരുകാലത്ത് കരടികൾ ധാരാളമുണ്ടായിരുന്നു ഇപ്പോൾ അങ്ങിങ്ങു കാണുമത്രേ. ചേർന്നൊഴുകുന്ന നദിക്കരയിലാണ് മേടും തടവും കലന്ന വിസ്തൃതതലത്തിൽ പാർക്കും സൂവും സ്ഥിതിചെയ്യുന്നത്. നാലഞ്ചു ചതുരശ്രമൈൽ ദൂരം ഉല്ലാസബോട്ടുയാത്രയ്ക്കുവേണ്ടിയും തിരിച്ചിട്ടിട്ടുണ്ട്. ഒന്നോ രണ്ടോ പേർക്ക് സഞ്ചരിക്കാവുന്ന തുഴവഞ്ചികളും എൻജിൻ ബോട്ടുകളും ലോഞ്ചുകളും ഒട്ടനവധി. വലിയ ക്യൂവിൽ നിന്നാലേ ടിക്കററ് കിട്ടുകയുള്ളൂ. 4 പേർക്ക് കയറാവുന്ന ഒരു ലോഞ്ചിൽ (ഒരു മണിക്കൂറിന് 5 ഡോളർ വാടകയ്ക്കെടുത്തു്) ഉല്ലാസപ്രദമായ ഒരു ചുററിക്കറങ്ങൽ—ചുററിനുമുള്ള പ്രകൃതിഭംഗികൾ ആസ്വദിച്ചുകൊണ്ട്—ഞങ്ങൾ കഴിച്ചുകൂട്ടി.

ആകർഷകമായ ഒരു സ്കേററിങ് ഗ്രൗണ്ട് വളരെനേരം ഞങ്ങളെ പിടിച്ചുനിറുത്തി. പല പ്രായത്തിലുമുള്ള പത്തിരുന്നൂറ് സ്ത്രീപുരുഷന്മാർ, മിനുസപ്പെടുത്തിയിട്ടുള്ള നിലത്തു് ഒഴുകിനീങ്ങുന്ന ഉരുളൻ മെതിയടികൾ പാദങ്ങളിൽ ബന്ധിച്ചുകൊണ്ട് അതിവേഗത്തിൽ പാഞ്ഞു നീങ്ങുകയാണ്. കൈകോർത്തു പിടിച്ചുകൊണ്ട് ഇരട്ടയായും ബാലൻസുപിടിച്ചു് തനിയേ ഒററയായും നീങ്ങുന്നവർ ഒട്ടനവധിയുണ്ട്. കൂടെക്കൂടെ മറിഞ്ഞു വീഴുന്നതു വകവയ്ക്കാതെ പറക്കുന്നപോലെ ഭുജങ്ങൾ വീശിയോടുന്ന ആൺപെൺപിള്ളാരുടെ പ്രകടനങ്ങൾ കാണാൻ വളരെ ആളുകൾ ചുററിനും കൂടിയിരുന്നു.

സൂവിൽ കരടികളാണ് കൂടുതൽ. അവിടത്തെ കരടിമലയിൽ നിന്നു പിടിച്ചിട്ടുള്ള പലമാതിരി കരടികളുടെ സന്താനപരമ്പര

കരം കുറേ അധികമുണ്ട്. മാൻ, മുയൽ, കരണ്ട് തുടങ്ങിയ മൃഗങ്ങളും കുറെയുണ്ട്.

കുന്നിൻമുകളിലുള്ള ചരിത്രമ്യൂസിയം വളരെ വിജ്ഞാനപ്രദം. പ്രാചീന അമേരിക്കൻ ഗിരിവർഗ്ഗക്കാരുടെ ജീവിതരീതിയും പഴയ ചരിത്രസംഭവങ്ങളും സ്മരിപ്പിക്കുന്ന ചിത്രങ്ങളും അവശിഷ്ടങ്ങളും ഒരു മണിക്കൂറോളം പരിശോധിച്ചുനിന്നു.

ലഞ്ച് ഹഡ്സൺ നദിക്കഭിമുഖമായ ഒരു കുന്നിൻപുറത്തിരുന്നു കഴിച്ചു.

നല്ലൊരു സ്വിമ്മിങ്പൂളുള്ളതിൽ ഒന്നു നീന്തിയാൽ കൊള്ളാമെന്ന് പാമിന്ന് ആഗ്രഹമുണ്ടായിരുന്നു. വൈകിയതുകൊണ്ട് വേണ്ടെന്നുവെച്ചു.

കായൽക്കരയിൽക്കൂടിയുള്ള മറ്റൊരു വഴിയേ മടങ്ങിവന്നു. അങ്ങിങ്ങ് ബേത്തിങ് പൂളുകൾ—വൈകിയിട്ടും ഉല്ലസിച്ചു രസിക്കുന്ന ജനങ്ങളെക്കൊണ്ടു നിബിഡമായവ—കാണാൻ കഴിഞ്ഞു.

വഴിയിൽ ഒരു ഡൈനറിൽ കയറി. പലഹാരങ്ങളും കാപ്പിയും കഴിച്ചു.

7-നു മടങ്ങിയെത്തി. 10 വരെ അതുമിതും സംസാരിച്ചിരുന്നിട്ട് പാം യാത്രപറഞ്ഞു. ബോയ്ഫ്രണ്ടിന്റെ കാര്യം ആരും ചോദിച്ചുമില്ല; ഇങ്ങോട്ടൊന്നും പറഞ്ഞുമില്ല.

## 1973 ഓഗസ്റ്റ് 20, തിങ്കളാഴ്ച

പത്തുമണിക്ക് അപരിചിതമായ ഒരു സ്ത്രീശബ്ദം ഫോണിൽ: ''എ. കെ. ബി. ഉണ്ടോ?''

''ഇൻഡ്യയിൽനിന്നു മടങ്ങിയിട്ടില്ല. സെപ്റ്റംബർ മൂന്നിനു പ്രതീക്ഷിക്കുന്നു.''

''ഞാൻ എ. കെ. ബി യുടെ ക്ലാസിൽ പഠിക്കുന്ന സ്റ്റെല്ലാ ആൻഡേർസൺ ആണ്. എ കെ ബി. യുടെ ഫാദർ ഇൻലാ ഇവിടെയുണ്ടെന്നറിഞ്ഞു എനിക്കൊന്നു കാണാനും സംസാരിക്കാനും പററുമോ?''

''ഫാദർ ഇൻലാതന്നെ സംസാരിക്കുന്നത്. എപ്പോൾ സൗകര്യമുണ്ടോ അപ്പോൾ വന്നു സംസാരിക്കാം. എനിക്കത്രെ സന്തോഷമേ ഉള്ളൂ.''

''നാളെ രാവിലെ ഒമ്പതിനു വരട്ടേ?''

''വളരെ സന്തോഷം.''

രാധയോടു പറഞ്ഞപ്പോൾ, ''അങ്ങനെ ഒരു പേർ മുമ്പു പറഞ്ഞുകേട്ടിട്ടില്ല. എവിടെനിന്നാണു വിളിച്ചത്?''

''അതു ചോദിച്ചില്ല. കനത്ത ശബ്ദമാണ്. പ്രായക്കൂടുതലുള്ള സ്ത്രീയാണെന്നു തോന്നുന്നു.''

പെരുമാററരീതികളെല്ലാം രാധ പറഞ്ഞുതന്നു. സൽക്കാരങ്ങരം വേണ്ടതു ചെയ്യാൻ കുഞ്ഞുങ്ങളെയും ഏല്പ്പാടുചെയ്തു.

സ്റ്റെല്ലാ ആൻഡേർസൺ—മറന്നുപോകാതിരിക്കാൻ പേർ കുറിച്ചിട്ടു. ഇതാരായിരിക്കും?

## 1973 ഓഗസ്റ്റ് 21, ചൊവ്വാഴ്ച

ഒരു നെഗ്രസ്സുമായി അഭിമുഖസംഭാഷണം: കണിശം ഒമ്പതിനു ഭംഗിയുള്ള ഒരു കൊച്ചു കാറിൽ സ്റ്റെല്ലാ ആൻഡേർസൺ വന്നെത്തി.

''അപ്പപ്പാ, ഇതൊരു നെഗ്രസ്സാണ്!'' ജനാലയിൽക്കൂടി പുറത്തേക്കു നോക്കിയ ഗീത അറിയിച്ചു. ''കറുത്തതോ വെളുത്തതോ അല്ല, മിക്സഡ്. പരാമസ്സിൽ ഒററ നീഗ്രോപോലുമില്ല. ആരും ഈ ദിക്കിലേക്കു കടക്കാറുമില്ല.'' അവരം കൂട്ടിച്ചേർത്തു.

''ഇവിടെ വരുന്നതിൽ കുഴപ്പം വല്ലതുമുണ്ടോ?''

''എനിക്കറിഞ്ഞുകൂട. ആരെയും ഇന്നോളം കണ്ടിട്ടില്ല.''

നാല്പതു നാല്പത്തഞ്ചു തോന്നുന്ന, അധികം പൊക്കമില്ലാത്ത, ഇരുണ്ടനിറമുള്ള കൊഴുത്തുരുണ്ട വട്ടമുഖക്കാരി. മോതിരവലയങ്ങരം പോലെ ചുരുണ്ട് നീളാത്ത നീഗ്രോ തലമുടി—നരബാധിക്കാനാരംഭിച്ചതു് ചായം പുരട്ടി കറുപ്പിച്ചതാണെന്നു തോന്നി—ഒരു സിൽക്ക്ലേസുകൊണ്ട് ബന്ധിച്ച് മുമ്പോട്ടു വീഴാതെ സൂക്ഷിച്ചിരിക്കുന്നു. കാൽമുട്ടോളം നീണ്ട മഞ്ഞ സമ്മർ ഫ്രോക്കും വെളുത്ത സ്റ്റോക്സും കറുത്ത ഷൂസും. നല്ല വെളുത്ത പല്ലുകരം കാട്ടി ചിരിച്ചുകൊണ്ട് ഗുഡ്മാണിങ് പറഞ്ഞു് ഷേക്ക്ഹാൻഡും തന്നു. സെററിയിൽ അഭിമുഖമായിരുന്നു് അവർ സ്വയം പരിചയപ്പെടുത്തി. സ്പഷ്ടമായും വ്യക്തമായും സംസാരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചതായി തോന്നി.

ബോസ്റ്റണിലാണ് വീട്. നാല്പതുകൊല്ലം ഗവണ്മേൻറ് ഹോസ്പിററൽസിൽ നേർസായിരുന്നു. 60-ൽ റിട്ടയർചെയ്തു. പിന്നെ അഞ്ചുകൊല്ലം ഒരു പ്രൈവററ് നേർസിങ് ഹോമിൽ ജോലിനോക്കി. ഇപ്പോരം മൂന്നു കൊല്ലമായി ഉപരിപഠനത്തിനിറങ്ങിയിട്ട്. ആന്ത്രോപ്പോളജിയിൽ 'വർഗ്ഗബന്ധങ്ങരം' (Race Relations) എന്ന വിഷയത്തിൽ എം. എ.യും പിഎച്ച്. ഡി.യും സമ്പാദിക്കാനാണു ലക്ഷ്യം.

അറുപത്തൊമ്പതുകാരിയായ വിദ്യാർത്ഥിനിയോ? ഞാൻ അത്ഭുതപ്പെട്ടു.

അറുപത്തൊമ്പതായിരിക്കുന്ന ഈ ഘട്ടത്തിൽ ഡിഗ്രികരം സമ്പാദിച്ചാലുള്ള മെച്ചമെന്താണ്? വിനയാന്വിതമായ ചോദ്യം.

KOTTAYAM PUBLIC LIBRARY

''ഒന്നാമത്ത്, വിജ്ഞാനം സമ്പാദിക്കാനുള്ള മോഹംതന്നെ. രണ്ടാമത്ത്, ബാക്കി ജീവിതം ലോകത്തിന്—എന്റെ വർഗ്ഗത്തിന്—പ്രയോജനപ്പെടുന്ന ഒരു സോഷ്യൽ വൊക്കറായി കഴിയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഡോക്ടറേറ്റ് ഡിഗ്രി ഉണ്ടെങ്കിലേ നാം പറയുന്നതിനും എഴുതുന്നതിനും പ്രവർത്തിക്കുന്നതിനും ഒരു മതിപ്പ് കിട്ടൂ. എം. എ. തീസിസ് ഏകദേശം പൂർത്തിയായിവരുകയാണ്. ഇന്ത്യയിൽ—കേരളത്തിൽ—നിന്ന് എ.കെ.ബി.യുടെ ഫാദർ ഇൻ ലാ വന്നിട്ടുണ്ടെന്ന് മിസ്റ്റർ റിച്ചാഡ് പറഞ്ഞറിഞ്ഞു. അന്വേഷിച്ചതിൽ ഒരു സാഹിത്യകാരനാണെന്നും കേരളാ യൂണിവേർസിററിയിൽനിന്ന് ആദ്യമായി സാഹിത്യത്തിന് ഒരു റിസർച്ച് ഡിഗ്രി സമ്പാദിച്ചയാളാണെന്നും താമസിയാതെ അമേരിക്കയെപ്പററി ഒരു പുസ്തകം എഴുതാനുദ്ദേശിക്കുന്നെന്നും അറിഞ്ഞു. അതുകൊണ്ട് ചില സംഗതികൾ സംസാരിക്കാനും നോട്ടെടുക്കാനുമാണ് ഞാൻ വന്നത്. ബുദ്ധിമുട്ടിക്കുന്നതു ക്ഷമിക്കണം.''

''അറിയാവുന്നതൊക്കെ സന്തോഷത്തോടെ ഞാൻ പറയാം. പകരം എനിക്കറിയേണ്ട ചില കാര്യങ്ങൾ നിങ്ങളും പറഞ്ഞുതരണം. നിങ്ങളുടെ കുടുംബം—ഭർത്താവും കുട്ടികളും മററും—എവിടെയാണ്?''

കറുമ്പരുടെ അവശതകൾ: ''ഭർത്താവ് മിസ്റ്റർ ആൻഡേർസൺ 15 കൊല്ലത്തിനു മുമ്പ് ഒരു കാർ ആക്സിഡൻറിൽ മരിച്ചു. മക്കൾ രണ്ടാണും ഒരു പെണ്ണും—പെറിയ ജോലികളുണ്ട്. ഞങ്ങൾ കറുപ്പർക്കു (Black People) ഉദ്യോഗങ്ങൾ കിട്ടാൻ വെളുപ്പരെ അപേക്ഷിച്ചു പ്രയാസങ്ങളുണ്ട്. തുല്യാവസരങ്ങൾ നല്ലമെന്നും മററും ഗവണ്മെൻറുകൾ പ്രഖ്യാപിക്കും. പക്ഷേ, അതൊക്കെ വാക്കുകൾ മാത്രമാണ്. എന്റെ മൂത്ത മകൻ ഒരു ബാങ്കിൽ ജോലിചെയ്തിരുന്നു. പ്രമോഷന് അവസരം വന്നപ്പോൾ അവർ ഒരു വെളുപ്പനെ നിയമിച്ചുകളഞ്ഞു, അവന്റെ അവകാശങ്ങൾ അവഗണിച്ചുകൊണ്ട്. കറുപ്പരുടെ കാര്യത്തിൽ സർവ്വസാധാരണമാണിത്. ബോസ്റ്റണിൽ ബ്ലാക്ക് വൈസ് പ്രിൻസിപ്പലിനു പ്രൊമോഷൻ കൊടുക്കാത്തതുകൊണ്ട്, സർവ്വഥാ യോഗ്യനായ അദ്ദേഹം റിസൈൻചെയ്തു പോകാനിടയായി. ഇതുപോലെ എത്രയോ ഉദാഹരണങ്ങൾ എനിക്കു പറയാൻ സാധിക്കും. ഇവിടെ Board of Education-ൽ 1969-വരെ ഒരു ബ്ലാക്കില്ലായിരുന്നു. വലിയ ഒച്ചപ്പാടുകൾക്കും ബഹളങ്ങൾക്കും ശേഷമാണ് ഇപ്പോൾ ഒരു ബ്ലാക്ക് മെംബറെ നിയമിച്ചിട്ടുള്ളത്. ഇങ്ങനെ പല പല അവശതകൾ അനുഭവിക്കുന്ന ഒരു കൂട്ടരാണ് ഞങ്ങൾ.''

നല്ല വാചാലതയോടെ—ആവശ്യം വരുമ്പോൾ ചൂടുപിടിച്ചു പ്രസംഗിക്കുംപോലെ—സംസാരിച്ചിരുന്ന അവരുടെ സംഭാഷണം വളരെ രസപ്രദമായിരുന്നു.

''നിങ്ങളുടെ പൂർവ്വികകുടുംബങ്ങൾ ആഫ്രിക്കർതന്നെയാണോ? അതോ ഇവിടെത്തന്നെയുള്ള ആദിമവർഗ്ഗക്കാരുടെ സന്താനങ്ങളോ?"

''ഞങ്ങൾ —ഈ ചുരുണ്ട മുടിക്കാർ—എല്ലാം ആഫ്രിക്കയിൽ നിന്നു കൊണ്ടുപോന്നവർതന്നെ. സ്പാനിഷ്—പോർച്ചുഗീസ് കുടിയേററക്കാർ നീഗ്രോ അടിമകളെ 1500–ാമാണ്ടു് അടപ്പിച്ച് ഇങ്ങോട്ടു കൊണ്ടുപോന്നു. 1540–മാണ്ടോടുകൂടി അടിമക്കച്ചവടം അഭിവൃദ്ധമായി. ആണ്ടൊന്നിനു പതിനായിരം നീഗ്രോ അടിമകളെവീതം സ്പാനിഷ് വെസ്റ്റ്ഇൻഡീസിൽത്തന്നെ ഇറക്കമതി ചെയ്തിരുന്നു. ഇവിടെ യു. എസ്. എ –യിൽ പതിനേഴാംശതകത്തിന്റെ ആദ്യഘട്ടത്തിലാണ് നീഗ്രോകൾ വെർജീനിയായിൽ എത്തിയതു്. പല പല അവശതകളും ക്രൂരമായ പെരുമാററങ്ങളും അവർ അനുഭവിച്ചിരുന്നു. മതസ്വീകരണംപോലും അവരുടെയിടയിൽ അനുവദിച്ചിരുന്നില്ല. വിദ്യാലയങ്ങളിൽ ചേർന്നു പഠിക്കാൻ കഴിഞ്ഞില്ല. പക്ഷേ, ഞങ്ങളുടെ സംഖ്യ അടിക്കടി വർദ്ധിച്ചുവന്നു. കോട്ടൺ പ്ലാൻറേഷൻ വന്നതോടെ യു. എസ്. എ.–യിൽ ഇരുപതുലക്ഷത്തിൽപ്പരം നീഗ്രോ അടിമകൾ ഉണ്ടായി. 1960–ലെ സെൻസസ് കണക്കിൻപ്രകാരം ഇവിടെ ഒരുകോടി എൺപത്തൊമ്പതുലക്ഷം നീഗ്രോകളാണുള്ളതു്. ഇപ്പോളതു രണ്ടുകോടിയിൽ കവിയും.''

''സംഖ്യാബലം നിങ്ങൾക്കു് അനുകൂലസാഹചര്യങ്ങൾ സൃഷ്ടിക്കാൻ സഹായിച്ചു, അല്ലേ?''

''പല അനുകൂലമായ ചുററുപാടുകളും ഉണ്ടായി. ഇവിടെയുണ്ടായ ആഭ്യന്തരയുദ്ധത്തിൽ ഒരുലക്ഷത്തിഎമ്പത്താറായിരം നീഗ്രോകൾ യൂണിയൻ റാങ്കിൽ യുദ്ധംചെയ്തു. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിലും മൂന്നുലക്ഷവും പത്തുലക്ഷവും നീഗ്രോകളാണ് യഥാക്രമം പങ്കുകൊണ്ടതു്. ഞങ്ങളുടെ സമയോചിതമായ രാജ്യസ്നേഹവും ധീരപരാക്രമങ്ങളും മനസ്സിലാക്കിയ വടക്കൻരാജ്യങ്ങൾ അടിമത്തത്തിൽനിന്നു ഞങ്ങൾക്കു മോചനം നല്കാൻ ശ്രമിച്ചു. തെക്കുനിന്നു പലവിധം എതിർപ്പുകളുണ്ടായതു വകവയ്ക്കാതെയാണ് 1863–ൽ എബ്രഹാംലിങ്കൺ മോചനവിളംബരം പ്രഖ്യാപിച്ചതു്. പല പരിഷ്കാരങ്ങളും ക്രമേണ ഞങ്ങൾക്കുണ്ടായി. പത്തൊമ്പതാംശതകത്തിന്റെ അന്ത്യംവരെ കർശനമായി പാലിച്ചിരുന്ന കളർലൈനിനു് അതിനുശേഷം വലിയ വ്യത്യാസം സംഭവിച്ചു.''

''കളർലൈൻ എന്താണ്?''

''റെയിൽവേസ്റ്റേഷനുകളിൽ, ട്രെയിനുകളിൽ, സ്ക്കൂളുകളിൽ, വെള്ളഹോട്ടലുകളിൽ, തിയേററുകളിൽ, ബാർബർഷാപ്പുകളിൽ, റെസ്റ്റാറൻറുകളിൽ, വലിയ ഷോപ്പുകളിൽ—ഒന്നും ഞങ്ങൾക്കു പ്രവേശനാനുവാദമില്ലായിരുന്നു. വിപരീതമായി പ്രവർത്തിക്കുന്നവരെ കോടതികളിൽ പോകാതെതന്നെ വെള്ളയാളുകൾ പിടിച്ചു ലിഞ്ചിങ്ങ് (lynching) നടത്തി ക്രൂരമായി കൊലപ്പെടുത്തിയിരുന്നു.

പക്ഷേ, വെള്ളക്കാരുടെയിടയിൽത്തന്നെ ഹൃദയാലുക്കളായ അനവധി മഹാശയന്മാർ ഇതിനെയൊക്കെ എതിർത്തിരുന്നു. എവാഞ്ജലിക്കൽ ക്രിസ്ത്യാനിററിയിൽ ഞങ്ങളിൽ പലർക്കും ചേരാൻ കഴിഞ്ഞു. പ്രത്യേകം പള്ളികളും പള്ളിക്കൂടങ്ങളും ഞങ്ങൾക്കുവേണ്ടിയുണ്ടായി. ഞാൻ നിങ്ങളെ ബോറടിക്കുകയല്ലല്ലോ?''

''ഒരിക്കലുമല്ല. ഇതേ അവസ്ഥകൾ എന്റെ നാട്ടിലും ഒരു നൂറുകൊല്ലത്തിനു മുമ്പുവരെ നിലനിന്നിരുന്നു. ഇതിലും കഷ്ടമായ അടിമത്തം. ഞാൻ നിങ്ങൾ പറയുന്നതൊക്കെ ശ്രദ്ധിച്ച് മനസാ ഒരു താരതമ്യപഠനം നടത്തിക്കൊണ്ടിരിക്കയാണ്.''

''അതൊക്കെയാണ് എനിക്കും അറിയേണ്ടതു്. ഞങ്ങളുടെ മാർട്ടിൻ ലൂതർ കിങ്ങിനെപ്പോലുള്ള നേതാക്കന്മാർ അവിടെയുണ്ടായിട്ടുണ്ടോ? എന്തൊക്കെയായിരുന്നു അവരുടെ പ്രയത്നങ്ങൾ? പല മഹാന്മാരായ സാഹിത്യകാരന്മാരും ഞങ്ങളെ സമുദ്ധരിക്കാൻ സഹായിച്ചിട്ടുണ്ട്. അമ്മാതിരി നിങ്ങളുടെ നാട്ടിൽ ഏതൊക്കെ സാഹിത്യകാരന്മാരാണുണ്ടായിട്ടുള്ളതു്? അറിയാവുന്നതു് എല്ലാം നിറുത്തി നിറുത്തി പറയണം. എനിക്കു നോട്ടെടുക്കത്തക്കവിധം.''

കേരളത്തിലെ അടിമത്തം: ആര്യന്മാരായ നമ്പൂരിമാർ കേരളത്തിൽ വന്നകാലംമുതലുള്ള കഥ ഞാൻ സംക്ഷേപിച്ചു പറഞ്ഞു. അവിടത്തെ ആദിമവാസികളായിരുന്ന നായന്മാരുമായി അവർ ആദ്യഘട്ടങ്ങളിൽ ഇണങ്ങിക്കഴിഞ്ഞതും, ക്രമേണ അവരുടെ നയപരിപാടികൾകൊണ്ടും തന്ത്രസംഹിതകൾകൊണ്ടും നാട്ടുകാരെ സ്വാധീനപ്പെടുത്തി തങ്ങളുടെ സൃഷ്ടിയായ ജാതിചിന്ത ഇവിടെ അടിച്ചേല്പിച്ചതും, പ്രമാണികളായ നായന്മാരെ ക്ഷത്രിയരായും മററുള്ളവരെ ശൂദ്രരായും കല്പിച്ചതും, ഇതിന്നെതിരായി നിന്നവരെ ചണ്ഡാലന്മാരായ കാടന്മാരായി ആട്ടിപ്പായിച്ചതും, തീണ്ടൽ തൊടീൽ സമ്പ്രദായങ്ങൾ ആവിഷ്കരിച്ചതും, വിദ്യാഭ്യാസാദിസൗകര്യങ്ങൾ യാതൊന്നും നല്കാതെ ഹീനജന്തുക്കളെപ്പോലെ അവരോട് അടുത്തകാലംവരെ പെരുമാറിവന്നതും—എല്ലാം മുറമുറയേ ഉദാഹരണസഹിതം പറഞ്ഞുകൊടുത്തു. ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ടുണ്ടായ പ്രബുദ്ധത, നായന്മാരുടെയും ഈഴവരുടെയും ഇടയിലുണ്ടായ നേതാക്കന്മാരുടെ പരിശ്രമങ്ങൾ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരുസ്വാമി എന്നീ യതിവര്യന്മാരുടെ പ്രേരണ, മഹാകവികളായ കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നിവരുടെ ഉൽബോധനം, ക്ഷേത്രപ്രവേശനവിളംബരത്തിലേക്കു നയിച്ച പുറപ്പാടുകൾ—എല്ലാം വളരെ താല്പര്യത്തോടെ അവർ കുറിച്ചെടുത്തു. റിക്കാഡ്ബുക്കിൽ എന്റെ ഒപ്പും മേൽവിലാസവും അവർ സമ്പാദിച്ചു. ആ അറുപത്തൊമ്പതുകാരിയുടെ ചൊടിയും സാമർത്ഥ്യവും എത്രകണ്ടു് അഭിനന്ദനീയം! രണ്ടുമൂന്നുമണിക്കൂർ നീണ്ടിയതു് അറിഞ്ഞില്ല.

ഇന്നു് നീഗ്രോകളുടെ ഇടയിൽ വന്നിട്ടുള്ള വ്യത്യാസം: ''ഞങ്ങൾ ഇനിയും പലതും നേടിയെടുക്കാനുണ്ടു്. ഇവിടെ—ഈ പരാമസ്സിൽത്തന്നെ—നോക്കൂ. കറുമ്പക്കു് ഒരു വീടു് ഈ ടൗണിലില്ല. ഇൻഷ്വറൻസു് കമ്പനികളും ബാങ്കുകളും ഈ ആവശ്യത്തിലേക്കു് ഒരു ലോൺ ഞങ്ങൾക്കു് അനുവദിക്കുകയില്ല. ഒരുമാതിരി ഒഴിച്ചു മാററി നിറുത്തൽ. പക്ഷേ, ഞങ്ങൾ ഒന്നുകൊണ്ടും കുലുങ്ങുന്നവരല്ല. മഹാമനസ്കരായ പല വെള്ളക്കാരും ഞങ്ങൾക്കു സഹായികളായിട്ടുണ്ടു്...''

''വെള്ളക്കാരുമായി വിവാഹബന്ധങ്ങളും നിങ്ങൾക്കുണ്ടാകുന്നുണ്ടു്, അല്ലേ?''

''വിദ്യാഭ്യാസവും ധനസ്ഥിതിയും മററു യോഗ്യതകളുമുള്ള കറുപ്പന്മാർക്കു് വെള്ളക്കാരിപ്പെണ്ണുങ്ങളെ ഭാര്യമാരായി കിട്ടുന്നുണ്ടു്. സെനററർ ബ്രൂക്ക്സ് എന്ന ബ്ലാക്ക്പുരുഷൻ സുന്ദരിയായ ഒരു വൈററ്സ്ത്രീയെയാണു് വിവാഹംചെയ്തിട്ടുള്ളതു്. നല്ല കറുത്ത പെൺപിള്ളാരെ പ്രേമത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന വെള്ളയുവാക്കന്മാരും ധാരാളമുണ്ടു്. വെളുത്ത നീഗ്രോകൾ, അവിഹിതബന്ധങ്ങളുടെ ഫലമായിട്ടുണ്ടായിട്ടുള്ളവർ, ഒട്ടനവധി കാണാം. എന്റെ അമ്മൂമ്മ അങ്ങനെയുണ്ടായിട്ടുള്ളതാണു്. എന്റെ നിറവ്യത്യാസവും ഫീച്ചേർസും തനിനീഗ്രോകളിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നതു് അതുകൊണ്ടാണു്. നിങ്ങളുടെ നാട്ടിലും ഇങ്ങനെ സംഭവിക്കാറുണ്ടോ?''

''അടുത്തകാലത്തു് ധാരാളമുണ്ടു്. പക്ഷേ—പക്ഷേ—''

''എനിക്കു മനസ്സിലായി. മാനസികമായ അകൽച്ച! അല്ലേ? അതു മാറാൻ കുറച്ചുകാലം വേണ്ടിവരും. ഇവിടെ CORE (Congress Of Racial Equality) തുടങ്ങിയ സംഘടനകൾ പ്രവർത്തിക്കുന്നതിന്റെ ഫലമായി ഇമ്മാതിരി അകൽച്ചകൾക്കു വലിയ വ്യത്യാസം വന്നുകൊണ്ടിരിക്കുന്നു. മഹാമനസ്കന്മാരായ ജെഫേർസൺ, റൂസ്‌വെൽററ്, കെന്നഡി തുടങ്ങിയ രാഷ്ട്രത്തലവന്മാരുടെ പ്രയത്നങ്ങളും ഞങ്ങളുടെ നിലയ്ക്കു് വളരെ ഗുണംചെയ്തിട്ടുണ്ടു്.''

''മതപരമായ വല്ല വ്യത്യാസങ്ങളും നിങ്ങളുടെയിടയിലുണ്ടോ?''

''ബ്ലാക്ക് മുസ്ലിംവിഭാഗങ്ങൾ വളരെ ശക്തമായ ഒരു വിഭാഗമാണു്. പക്ഷേ, അവർക്കു് രാഷ്ട്രീയകാര്യങ്ങളിൽ യാതൊരു ഭിന്നാഭിപ്രായവുമില്ല. ഇപ്പോൾ 1957-ൽ നടപ്പിൽവന്ന Civil Rights Legislation കാരണം ഞങ്ങൾക്കെല്ലാം പ്രായപൂർത്തി വോട്ടവകാശം സിദ്ധിച്ചതോടെ വലിയൊരു വ്യത്യാസമാണു് ഞങ്ങളുടെ നിലയ്ക്കുണ്ടായിട്ടുള്ളതു്.''

12 മണിയായപ്പോൾ ഞാൻ ലഞ്ചിനു് അവരെ ക്ഷണിച്ചു. പക്ഷേ, അവർ താമസിക്കുന്ന മാവാ (Mahwah) എന്ന സ്ഥലത്തുള്ള

ഹോസ്റ്റലിൽ ലഞ്ചിനു് ഏർപ്പാടുചെയ്തിട്ടാണു പോന്നിട്ടുള്ളതു്. ഒരു കൂറംഡ്രിങ്കു് മാത്രം കഴിച്ചിട്ടു് ഊർജ്ജസ്വലയായ ആ യുവവൃദ്ധ യാത്ര പറഞ്ഞു. കാളേജു് തുറക്കുമ്പോൾ എ. കെ. ബി.യുമൊത്തു് ഞാൻ അവരുടെ വിദ്യാലയം ഒന്നു സന്ദർശിക്കണമെന്നും, വിദ്യാർത്ഥികളോടു് ഞാൻ സംസാരിക്കുന്നതു് വലിയൊരു അനുഗ്രഹമായിരിക്കുമെന്നുംമററും ഉപചാരപൂർവ്വം പറഞ്ഞിട്ടാണു് അവർ വണ്ടിയിൽ കയറിയതു്.

## 1973 ഓഗസ്റ്റ് 22, ബുധനാഴ്ച

രാവിലെ മിസ്റ്റർ ഭട്ടിയായും ഭാര്യയും മകനുംകൂടി വന്നു. നാളെ മകൻ വനോജിൻെറ ജന്മനാളാണു്. വൈകുന്നേരം 5–നു് ഒരു ചെറിയ പാർട്ടിയുണ്ടു്. ഇൻഡ്യൻസുഹൃത്തുക്കളെ മാത്രമേ വിളിക്കുന്നുള്ളു. എല്ലാപേരും ചെല്ലണം.

മിസ്റ്റർ ഭട്ടിയാ മുപ്പത്തഞ്ചുകാരനായ യുവസുമുഖൻ. മിസ്സിസ് ഭട്ടിയാ വെളുത്തു സുന്ദരിയായ—ഇന്ദിരാഗാന്ധിയെ അനുസ്മരിപ്പിക്കുന്ന നീണ്ട മൂക്കും, നല്ല പല്ലുകളും, ഇടതൂർന്ന മുടിയുമുള്ള—മുപ്പതുകാരി. രണ്ടുപേരും ഭംഗിയായി ഇംഗ്ലീഷ് സംസാരിക്കും. സംഭാഷണത്തിനിടയ്ക്കു് കൂടെക്കൂടെ പരസ്പരം മാതൃഭാഷയായ മറാട്ടി സംസാരിക്കുന്ന ദുശ്ശീലമുണ്ടെന്നേയുള്ളു. പാർട്ടിക്കു ഞങ്ങൾ ചെല്ലാമെന്നേററു.

വൈകുന്നേരം, ഒരു ജന്മനാൾസമ്മാനം മേടിക്കാൻ ഞങ്ങൾ ബാംബർഗ്ഗേർസിലേക്കു പോയി.

എ. കെ. ബി. ക്കുവേണ്ടി—അയാൾ കേരളത്തിൽ നടത്തിവരുന്ന 'Hypergamy in Kerala' എന്ന ഗവേഷണവിഷയത്തിനു സഹായകമാകുമെന്നു കരുതി—കാണിപ്പയ്യൂരിൻെറ 'ആര്യന്മാരുടെ കുടിയേററം' എന്ന പുസ്തകം വായിച്ചു നോട്ടുകൾ കുറിച്ചു.

25–ാംതീയതി ന്യൂയോർക്കിൽവെച്ചു നടത്തുന്ന യേശുദാസിന്റെ പാട്ടുകച്ചേരിയിൽ പങ്കുകൊള്ളാനുള്ള ക്ഷണക്കത്തു കിട്ടി. അതിനു പോകാൻ സൗകര്യപ്പെടുത്തണമെന്നു തീരുമാനിച്ചു.

## 1973 ഓഗസ്റ്റ് 23, വ്യാഴാഴ്ച

30–ാംതീയതി വൈകുന്നേരം പ്രിയദർശിനിയിൽവെച്ചു നടത്തുന്ന തമ്പിമോൻെറ കല്യാണക്കത്തുകൾ (രണ്ടുകൂട്ടരുടേതും) വന്നുചേർന്നു. വിവരം രാധയെ ഫോണിൽ അറിയിച്ചു. വൈകുന്നേരം നല്ലൊരു പാൻറും ഷർട്ടും അവൾ മേടിച്ചുകൊണ്ടുവന്നതു് എയർമെയിലായി അയച്ചുകൊടുത്തു.

ഭട്ടിയായുടെ പാർട്ടി: ഭട്ടിയായുടെ പാർട്ടിക്കു ഞങ്ങൾ നേരത്തേ കൂടി. ബെർച്ച്‌വുഡ് ഡ്രൈവിലുള്ള അവരുടെ വീട്ടിൽ

എത്താൻ പത്തുമിനിട്ട നടന്നാൽ മതി. സാമാന്യം നല്ലൊരു രണ്ടു നില വീട്ട്. രാധയെപ്പോലെ ലോൺമോർട്ട്ഗേജ് അടിസ്ഥാനത്തിൽ മേടിച്ചിട്ട് മൂന്നുകൊല്ലമായി. മിസ്റ്റർ ഭട്ടിയാക്കു മാത്രമേ ജോലിയുള്ളൂ. ഗ്രാജ്വേററായ മിസ്സിസ് ഭട്ടിയാ ഉദ്യോഗത്തിനു ശ്രമിച്ചുകൊണ്ടിരിക്കയാണ്. മൂന്നാലു സ്നേഹിതന്മാർ ഭാര്യമാരും കുഞ്ഞുങ്ങളുമൊത്തു് വന്നുകഴിഞ്ഞിരുന്നു ഭട്ടിയാ എല്ലാപേരെയും പരിചയപ്പെടുത്തി. ഡൽഹിക്കാരനായ ഡോക്ടർ ദത്ത്, പ്രൈവററ് പ്രാക്ടീസ് നടത്തുന്ന ന്യൂയോർക്കിലെ ഒരു പ്രമുഖ ഡോക്ടറാണ്. ജോണിയെ നല്ലപോലറിയാം. ജോണി, എൻെറ മകൻെറ ക്ലാസ്മേററും സുഹൃത്തുമാണെന്നറിഞ്ഞപ്പോൾ വലിയ അടുപ്പമായി. അദ്ദേഹത്തിൻെറ ഭാര്യ പ്രമീളാദത്തും ഒരു ഡോക്ടറാണ്, പത്തോളജി സ്പെഷ്യലിസ്റ്റ്. മുപ്പത്തിയഞ്ചുവരുന്ന ദയാൽസിംഗ് ജർസിടൗണിലെ ഒരു എൻജിനീയർ; ഭാര്യ കുടുംബഭരണം, ലജ്ജാശീലയായ ശർമ്മിള. കൽക്കട്ടാക്കാരനായ പ്രൊഫസർ ദേശായി, മദ്രാസിയായ റാം നാരായൺ, ഗുജറാത്തിയായ നരേന്ദ്രരാജ്—ഇത്രയുംപേരെ പരിചയപ്പെട്ടുകഴിഞ്ഞപ്പോൾ തടിച്ചുകൊഴുത്ത ഒരു നാല്പതുകാരൻ, അതുപോലെ തടിച്ച ഭാര്യയും രണ്ടു മക്കളുമായി കടന്നുവന്നു. ഇന്ത്യൻ എംബസിയിലെ ഒരു പ്രധാന ഉദ്യോഗസ്ഥനായ ഡൽഹിക്കാരൻ ശ്യാംപ്രസാദ്—ഭാര്യയും സ്റ്റെനോഗ്രാഫറുമായ സുനീതി പ്രസാദ്—എന്നു പരിചയപ്പെടുത്തിയിട്ട് ഭട്ടിയാ എൻെറ കാര്യങ്ങൾ അയാളെ പറഞ്ഞുകേൾപ്പിച്ചു. ഷേക്ഹാൻഡ് ചെയ്തിട്ട് വലിയ ഗൗരവഭാവവും ആജ്ഞാസ്വരവുമുള്ള ആ മനുഷ്യൻ എൻെറ അടുത്തിരുന്നു. താല്പര്യത്തോടെ അയാൾ പലതും എന്നോടു ചോദിച്ചപ്പോൾ എല്ലാവരുടേയും ശ്രദ്ധ എന്നിലേക്കു തിരിഞ്ഞു.

''നിങ്ങൾ അമേരിക്കയെപ്പററി എന്തൊക്കെയാണ് എഴുതാൻ നിശ്ചയിച്ചിട്ടുള്ളതു്?''

''ഇവിടെ കണ്ടതും കേട്ടതും. ഇവിടത്തെ വ്യക്തിപരവും ഗാർഹികവും സാമൂഹികവും രാഷ്ട്രീയവുമായ നന്മകളും തിന്മകളും എനിക്കു മനസ്സിലാക്കാൻ സാധിച്ച രീതിയിൽ കൂട്ടിക്കുറവുകൾ കൂടാതെ പകർത്തിക്കാട്ടാനാണു ശ്രമം.''

''ഇംഗ്ലീഷിലാണോ എഴുതാൻപോകുന്നതു്?''

''ആദ്യം എൻെറ മാതൃഭാഷയായ മലയാളത്തിൽ. വേണമെന്നു തോന്നിയാൽ ഇംഗ്ലീഷിലേക്കു വിവർത്തനവുമുണ്ടാകും.''

''അമേരിക്കയും ഇൻഡ്യയുമായുള്ള ബന്ധങ്ങൾ ഇപ്പോൾത്തന്നെ വളരെ ശിഥിലമാണ്. അതു കൂടുതൽ വഷളാകത്തക്ക യാതൊന്നും നിങ്ങളെഴുതരുതെന്നാണ് സുചിന്തിതമായ എൻെറ അഭിപ്രായം.''—ഗൗരവഭാവത്തിലുള്ള ഉപദേശം.

''പക്ഷേ, ഒരു സാഹിത്യകാരൻ സത്യസന്ധനായിരിക്കണം.''—ഡോക്ടർ ദത്ത് എതിർത്തു, വാശിയുള്ള സ്വരത്തിൽ.

തമിഴനായ റാം നാരായൺ സംസ്കൃതപണ്ഡിതൻകൂടിയാണ്. അദ്ദേഹം—

'സത്യം ബ്രൂയാൽ, പ്രിയം ബ്രൂയാൽ
ന ബ്രൂയാൽ സത്യമപ്രിയം' എന്ന ശ്ലോകം ഉദ്ധരിച്ചിട്ട് അതിൻെറ അർത്ഥം വിശദീകരിച്ചു: ''സത്യം പറയണം, പ്രിയം പറയണം. അപ്രിയമായ സത്യം പറയരുതു്.''

''അതു ചാണക്യൻെറ നയമാണ്.''—ദയാൽസിംഗ് വിമർശിച്ചു.

''ഇപ്പോഠം സ്റ്റേററ്സിൽ ഒരുലക്ഷത്തി എൺപതിനായിരം ഇന്ത്യാക്കാരാണുള്ളതു്,''—ശ്യാം പ്രസാദ് ഊർജ്ജസ്വലഭാവത്തിൽ എൻെറനേക്കു നോക്കിക്കൊണ്ടു പറഞ്ഞു. ''അവരിൽ ഒരുലക്ഷത്തി നാല്പത്തേഴായിരംപേർ പെർമനൻറ് റസിഡൻറ്സ് ആണ്. പതിനോരായിരംപേർ വിദ്യാർത്ഥികഠം, ഇരുപതിനായിരംപേർ ടൂറിസ്റ്റുകഠം. ഇവക്കെല്ലാം ദോഷകരമായിത്തീരും, നിങ്ങഠം ഇവിടത്തെ കൊള്ളരുതായ്മകളെ പർവ്വതീകരിച്ചു കാണിച്ചാൽ.'' ഞാൻ എഴുതിയതു് വായിച്ചുകഴിഞ്ഞമട്ടിൽ അയാഠം തുടന്നു: ''നിങ്ങളുടെ മകഠംക്കും മരുമകനും തികച്ചും ആപത്തിനും അതിടയാകും. അടുത്ത കാലത്തുവരെ നിലനിന്നിരുന്ന ഇമിഗ്രേഷൻനിയമങ്ങളുടെ കാക്കശ്യം ഇപ്പോഠം യു എസ്. ഗവണ്മെൻറ് കുറച്ചു കുറച്ചിട്ടുണ്ടു്. അശ്രദ്ധമായോ അവിവേകമായോ വല്ലതും നിങ്ങളെഴുതാനിടയായിപ്പോകുന്നെങ്കിൽ—അതൊക്കെ ഉടനേ ഇവിടെ എത്തിക്കാൻ ചുമതലപ്പെട്ടവരുണ്ടു്—കൂടുതൽ കക്കശമായ നിയന്ത്രണങ്ങഠം ഇന്ത്യാക്കാരുടെമേൽ ഇവർ ചുമത്താനിടയാകും. ഒരു കാര്യം കൂടി ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടേ?''

''എന്താണ്?''

''ഒരു കമ്മ്യൂണിസ്ററുകേന്ദ്രമായ—കമ്മ്യൂണിസ്ററുഭരണം നിലനില്ക്കുന്ന—കേരളത്തെക്കുറിച്ച് ഇവിടെ പ്രത്യേകതരത്തിലുള്ള ഒരു സമീക്ഷണമാണുള്ളതു്. അതുകൊണ്ടു് നിങ്ങഠം പ്രത്യേകം സൂക്ഷിക്കണം. കേട്ടോ, മിസ്സിസ് പിള്ളേ, നിങ്ങളുടെ അച്ഛൻ എഴുതുന്നതൊക്കെ നിങ്ങളും നിങ്ങളുടെ ഭത്താവും ഒന്നു സൂക്ഷിച്ചു പഠിച്ചിട്ടേ പ്രസിദ്ധീകരിക്കാൻ നിങ്ങഠം അനുവദിക്കാവൂ.''

''അച്ഛൻ അരശതാബ്ദക്കാലമായി സാഹിത്യവുമായി ഇടപെഴകിയിട്ടുള്ള ആളാണ്. ഞാനോ എൻെറ ഭത്താവോ ഇവിടെ കൂടിയിട്ടുള്ള നമ്മിലാരെങ്കിലുമോ അദ്ദേഹത്തെ ഉപദേശിക്കാൻ പ്രാപ്തരായുണ്ടെന്നു് എനിക്കു വിശ്വാസമില്ല.''—രാധ ചിരിച്ചുകൊണ്ടു്, എങ്കിലും ഉജ്ജ്വലസ്വരത്തിൽ പ്രതിവചിച്ചു.

സുനീതിപ്രസാദ് ഉച്ചത്തിൽ കൈയടിച്ചു. മററുള്ളവരും കൈയടിച്ചു. സുനീതിപ്രസാദ് എണീററു് രാധയുടെ കൈപിടിച്ചു ശക്തിയായി കുലുക്കി: "എൻെറ ഭത്താവു് പ്രകൃത്യാ ഭീരുവാണ്,"

അവർ ചിരിച്ചുകൊണ്ടു പറഞ്ഞു. ''അതാണ്' ഈമാതിരി അഭിപ്രായങ്ങൾ പറയുന്നത്'. (എന്നോടു തിരിഞ്ഞു') ഞാൻ ആത്മാർത്ഥതയോടെ പറയുകയാണ്', ഇവിടത്തെ വൃത്തികേടുകളെല്ലാം നിങ്ങൾ ശക്തമായ ഭാഷയിൽ തുറന്നുപറയണം. അതുകൊണ്ടു പ്രയോജനപ്പെടുന്ന ഏതാനും വ്യക്തികളെങ്കിലും കാണും. ഇന്ത്യയിൽനിന്നു വന്ന് ഭീരുക്കളായി ഇവിടെ ജീവിക്കുന്ന മനുഷ്യരെക്കുറിച്ച് പ്രത്യേകം രേഖപ്പെടുത്താൻ നിങ്ങൾ മറന്നുപോകരുത്'. അക്കൂട്ടരെ ഞാൻ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കുന്നു.''

''ഹിയർ, ഹിയർ!'' രണ്ടുമൂന്നു പെണ്ണുങ്ങൾ വിളിച്ചു.

അഞ്ചുമണിയായതോടെ കൂടുതൽ അതിഥികൾ വന്നുചേർന്നു.

കേമൻ ടീപാർട്ടിയായിരുന്നു. തനി സസ്യഭുക്കുകൾ കുറച്ചു പേരുണ്ടായിരുന്നവർക്കുവേണ്ടി പ്രത്യേകമൊക്കെ കരുതിയിരുന്നു. പന്ത്രണ്ടു പുരുഷന്മാരും പന്ത്രണ്ടു സ്ത്രീകളും—എല്ലാം ഇന്ത്യാക്കാർ; ഇരുപതോളം കുട്ടികളും. എല്ലാപേരും വനോജിനു കൊടുക്കാൻ ഓരോ പ്രസന്റ്' കൊണ്ടുവന്നിട്ടുണ്ട്'. പകരം ഓരോ പ്യാക്കററ് കുക്കിയും കുറെ പഴങ്ങളും എല്ലാപേർക്കും മിസ്സിസ്' ഭട്ടിയാ കൊടുത്തുവിട്ടു.

8.30-നു പാർട്ടി പിരിഞ്ഞു.

## 1973 ഓഗസ്റ്റ്' 24, വെള്ളിയാഴ്ച

രാവിലെ ഫോണിൽ ദുഃഖകരമായ ഒരു വാർത്ത: ബാർബാരയുടെ ഭർത്താവിനു പെട്ടെന്ന്' അസുഖം ബാധിച്ച്' പരാമസ്' ഗവണ്മെന്റ്' ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കയാണ്'. 'തലച്ചോറിൽ രക്തവാർച്ച' (Cerebral haemorrhage). ബാര പറഞ്ഞു: ''മാരകമായ രോഗമാണ്'. ദൈവാധീനംകൊണ്ടു പുള്ളിക്കാരൻ നല്ലൊരു തുക ഇൻഷ്വർചെയ്തിട്ടുള്ളതു്' കഴിഞ്ഞമാസത്തിൽ മെച്ചുവർ ആയിട്ടുണ്ട്'. ഇല്ലെങ്കിൽ ഞാൻ വല്ലാണ്ടു പ്രയാസപ്പെട്ടേനെ. കർത്താവിൽ ദൃഢവിശ്വാസമുള്ളതുകൊണ്ടും മുടങ്ങാതെ പ്രാർത്ഥനനടത്തുന്ന കുടുംബമാകയാലും എനിക്കു വലിയ വിഷമങ്ങളൊന്നും ഉണ്ടാകാനിടയില്ല. കർത്താവിനു സ്തുതി!''

''വലിയ തുകയുണ്ടോ?''

ഒരു മില്യൻ (പത്തുലക്ഷം) തികച്ചെടുക്കാൻ ഞാൻ പറഞ്ഞിട്ട്' ഈ മനുഷ്യൻ അനുസരിച്ചില്ല. എഴുപത്തഞ്ചിൽ നിർത്തി. അത്രയെങ്കിലുമായല്ലോ. അതുതന്നെ ഭാഗ്യം.''

''ഞങ്ങളിതാ ആസ്പത്രിയിലേക്കു വരുന്നു. ഞങ്ങൾക്കു വളരെ പരിചയമുള്ള സമർത്ഥരായ രണ്ട്' ഇന്ത്യൻഡോക്ടർമാർ അവിടെയുണ്ട്'. അവർ നിങ്ങൾക്കു വളരെ സഹായമായിരിക്കും!''

"അങ്ങനെ ശിപാർശിയൊന്നും ചെയ്യണമെന്നില്ല. ഇല്ലാതെ തന്നെ ഒക്കെ മുറയ്ക്കു നടന്നുകൊള്ളും. രക്ഷപ്പെട്ടുകിട്ടാൻ വളരെ പ്രയാസമെന്നാണ് ചീഫ് മെഡിക്കലാഫീസർ പറഞ്ഞതു്. നിശ്ശേഷം ബോധംകെട്ടുപോയി. കുടിച്ചുകുടിച്ച് തുലഞ്ഞ തലയാണ്! ഞങ്ങളുടെ വിധി, അല്ലാതൊന്നും പറയാനില്ല.''

അരമണിക്കൂറിനുള്ളിൽ ഞങ്ങൾ ബെർഗൺപൈൻസ് ഹോസ്പിററലിൽ എത്തി. ഡോക്ടർ രാമചന്ദ്രനെയും കൃഷ്ണൻനായരെയും ആദ്യം ചെന്നു കണ്ടു് വിശേഷം ആരാഞ്ഞു. ''പുതിയ രോഗിക്കു് ഇന്നലത്തേതിൽനിന്നു് ഇന്നു വളരെ ആശ്വാസമുണ്ടു്. ഒന്നാംതരം ട്രീററ്മെൻറാണ് ഇവിടെ. ഈവിധത്തിൽ തുടരുകയാണെങ്കിൽ ഒരാഴ്ചയ്ക്കകം ഓർമ്മ തിരിച്ചുകിട്ടിയേക്കാം. ഒരുമാസത്തിനുള്ളിൽ പൂർണ്ണസുഖം പ്രാപിക്കയും ചെയ്യാം. അയാളുടെ ഭാര്യ വല്ലാത്തൊരു സ്ത്രീയാണ്. ഇന്നലെ രാത്രി ഇവിടെ വന്നിരുന്നു് ഞങ്ങളെ മാറി മാറി ബോർചെയ്തു് ഉറങ്ങാൻ സമ്മതിച്ചില്ല.'' കൃഷ്ണൻനായർ നീണ്ട ഒരു കോട്ടുവാ വിട്ടു.

ഞാൻ പൊട്ടിച്ചിരിച്ചു.

''എന്താ? സാറിന്നു് ആളെ അറിയാമോ?''

''അച്ഛൻെറ ഒരു ഗേൾഫ്രണ്ടാ!'' രാധയും ചിരിച്ചു.

''രാധയുടെ കൂട്ടുകാരെല്ലാം എൻെറ ഗേൾ ഫ്രണ്ട്സാ! ഒരുത്തി 'ആർ' ഫിലിമുകളെല്ലാം കൊണ്ടുകാണിക്കും. മറെറാരുത്തി ഇന്ത്യൻ സെക്സിനെപ്പററി എപ്പോഴും പലവിധം സംശയങ്ങളോടുകൂടി എന്നെ സമീപിക്കും. ഉപദേശങ്ങളും പ്രസംഗങ്ങളുംകൊണ്ടു് തീരാത്ത സംശയങ്ങൾ! പുള്ളിക്കാരി എന്നോടൊന്നിച്ചു് ഇൻഡ്യയ്ക്കു പോരാൻ പ്ലാനിട്ടിരിക്കയാ!"

''ഇവൾതന്നെയാണോ?''

''അതേയതേ!'' രാധ പറഞ്ഞു.

''ഞാൻ തിരുവനന്തപുരത്തേക്കു് അമ്മായിക്കു് ഉടനേ എഴുതുന്നുണ്ടു്,'' കൃഷ്ണൻനായർ പറഞ്ഞു. ''സാറിനെ പെട്ടെന്നു് തിരിച്ചു വിളിച്ചുകൊള്ളണം. ഇവിടെ കൂടുതൽ താമസിച്ചാൽ ആളെ തിരിച്ചുകിട്ടാൻ പ്രയാസമാകും!'' എല്ലാപേരുംകൂടി ചിരിച്ചു.

രോഗിയുടെ സമീപത്തു് ഒരു കുഷൻചെയറിൽ ബാർബാര ഇരിക്കുന്നു. അയാൾ ഗാഢനിദ്രയിലെന്നപോലെ പകുതിയടച്ച കണ്ണുകളോടും വാതുറന്നു് ഉച്ചത്തിൽ കൂക്കുംവലിച്ചു ശ്വസിച്ചും കിടക്കുന്നു.

''അല്പം ആശ്വാസമുണ്ടു്, അല്ലേ?'' രാധ അന്വേഷിച്ചു.

''എനിക്കു തോന്നുന്നതു് ഇതു് അന്ത്യശ്വാസംവലി എന്നാണ്. മുഖത്തിൻെറ ഭാവഭേദം നോക്കു.''

''ഞങ്ങൾ ഇന്ത്യൻ ഡോക്ടർമാരെ കണ്ടിട്ടാണു വരുന്നതു്.''

''അവക്ക് ഒരു മണ്ണാങ്കട്ടയും അറിഞ്ഞുകൂടാ. പഠിക്കാനെത്തിയ വിദ്യാർത്ഥികളാ. വെറും ബോറന്മാർ! അവരെക്കാൾ എനിക്കറിയാം. ഇതു് അവസാനവലിയാണ്. ഇതേ നോക്കൂ! കൃഷ്ണമണി തലച്ചോറിനുള്ളിൽ കയറിക്കഴിഞ്ഞു! എനിക്കു വാസ്തവത്തിൽ വലിയ സങ്കടമുണ്ട്. ഒരുകണക്കിനു് ഇയാൾ ഒരു നല്ല മനുഷ്യനായിരുന്നു. ഇനി എൻെറ ടോമി ആരെ പപ്പാ എന്നു വിളിക്കും?'' അവളുടെ മുഖത്തു സങ്കടം ആവേശിച്ചു.

''വിഷമിക്കണ്ടാ. ഒക്കെ ശരിയാകും.'' രാധ സമാധാനപ്പെടുത്തി. ''ചിലപ്പോൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇയാൾ രക്ഷപ്പെട്ടു പൂർവ്വസ്ഥിതിയിലേക്കു മടങ്ങിയെന്നുവന്നേക്കാവുന്നതേ ഉള്ളു.''

''നിങ്ങൾക്കു് അങ്ങനെ തോന്നുന്നുണ്ടോ?'' എന്നോട്ടുള്ള ചോദ്യമാണു്.

''ജീവനുള്ളിടത്തോളം ആശസ്സുവകാശമുണ്ട്.''

''കൂടുതൽ അയാൾക്കും മററുള്ളവർക്കും ദുഃഖകാരണമാകാതെ ഇയാൾ കർത്താവിൽ ലയിക്കുന്നതാണു നല്ലതെന്നു് ചീഫ് ഫിസിഷ്യനും വലിയൊരു എക്സ്പർട്ടുമായ ഡോക്ടർ മക്കാത്തർ പറഞ്ഞു. എന്തെന്നാൽ, ഇതിൽനിന്നു മോചനംകിട്ടുന്നവർ പക്ഷവാതം പിടിച്ചു് ഏറിയകാലം നരകം അനുഭവിക്കയും മററുള്ളവരെ അനുഭവിപ്പിക്കയും ചെയ്യാനിടയാകുമെന്നാണു് അദ്ദേഹത്തിൻെറ വിദഗ്ധമായ അഭിപ്രായം.'' അവർ കുരിശുവരച്ചു. ''കർത്താവേ! അതിനൊന്നും അവിടത്തെ ദാസിയായ എനിക്കിടയാക്കരുതേ!'' വീണ്ടും കുരിശു്.

എന്നെയും കുഞ്ഞുങ്ങളെയും സ്കൂളിനുസമീപം വിട്ടിട്ടു് രാധ ഓഫീസിലേക്കു പറപറന്നു.

അന്നു വൈകുന്നേരം ഫോണിൽ വിളിച്ചപ്പോൾ, ''അങ്ങനെതന്നെ തുടരുന്നു. എനിക്കു വലിയ പ്രതീക്ഷയില്ല,'' എന്നായിരുന്നു ബാരായുടെ മറുപടി.

## 1973 ഓഗസ്റ്റ് 25, ശനിയാഴ്ച

രാവിലെ പ്രതീക്ഷിച്ചിരിക്കാത്ത ഉഗ്രൻ മഴ. പ്രീതയ്ക്കു വലിയ പനിയും തലവേദനയും. 101 ഡിഗ്രി പനി. അവളെ ഡോക്ടറുടെ അടുത്തു കൊണ്ടുപോണം.

കുഞ്ഞിൻെറ രക്തവും മലവും മററും പരിശോധിക്കണം. മാസംതോറും മാറിമാറി പനിവരുന്നുണ്ടു്. കണ്ണും പരിശോധിക്കണം. ഡോക്ടറുടെ നിർദ്ദേശമാണു്. 11 മണിവരെ നർസിങ്ഹോമിൽ കഴിഞ്ഞു

ബാരയെ വിളിച്ചു. ''ഇന്നലത്തേതിൽനിന്നും നില വളരെ മോശപ്പെട്ടിരിക്കയാണ്. വിശേഷം വല്ലതും സംഭവിച്ചാൽ ഞാനുടനേ അറീക്കാം,'' ക്ഷീണസ്വരത്തിൽ ഉത്തരം.

വൈകുന്നേരം യേശുദാസിൻെറ പാട്ടുകച്ചേരിക്കു പോകുന്ന പ്രോഗ്രാം ക്യാൻസൽചെയ്യേണ്ടിവന്നു. രാധയ്ക്കു വലിയ സങ്കടത്തിനിടയായിയെങ്കിലും.

രാത്രി പത്തിനുശേഷം ഡോക്ടർ രാമചന്ദ്രനെ വിളിച്ചു. അവർ രണ്ടുപേരും പാട്ടുകച്ചേരിക്കു പോയിരുന്നു. വലിയ വിജയമായിരുന്നു. നല്ല പിരിവും. ഞങ്ങൾ ചെല്ലുമെന്നാണ് പ്രതീക്ഷിച്ചതു്. കുഞ്ഞിൻെറ അസുഖവാർത്ത അറിയിച്ചു. അതിനു് അവരെ വിളിക്കാത്തതിൽ പരിഭവപ്പെട്ടു. ബാർബാരയുടെ ഭർത്താവിനു വളരെ ആശ്വാസമുണ്ടു്. അയാൾ രക്ഷപ്പെടുമെന്നാണു തോന്നുന്നതു്.

## 1973 ഓഗസ്റ്റ് 26, ഞായറാഴ്ച

പ്രീതയ്ക്കു് പനി വിട്ടു.

ആകാശം പ്രസന്നമായിരുന്നു സൂര്യോദയത്തിനു് ഇപ്പോൾ താമസമുണ്ടു്; അഞ്ചാകണം. ''ഇനി പെട്ടെന്നാണ് മാററങ്ങൾ,'' രാധ പറഞ്ഞു. ''സെപ്തംബർ മുററുന്നതോടുകൂടി അഞ്ചര, ആറ്— ക്രമേണ മാറിമാറി ഒക്ടോബറിൽ ആറര, ഏഴരവരെയാകും വെളിച്ചം കാണാൻ. നവംബറിൽ ടയിംതന്നെ ഒരുമണിക്കൂർ വ്യത്യാസപ്പെടുത്തിക്കളയും.''

''അതെങ്ങനെ?''

''നവംബർ ഒന്നുമുതൽ വാച്ച് ഒരുമണിക്കൂർ മുന്നേററിവയ്ക്കേണ്ടിവരും. ഇപ്പോഴത്തെ 7 മണി അന്നു് 6 മണിയായി മാറും! അതാണിവിടത്തെ സമ്പ്രദായം.''

ബാരയെ വിളിച്ചു.

''ഞാൻ പള്ളിയിൽനിന്നു് ഇപ്പോൾ മടങ്ങിയെത്തിയതേ ഉള്ളു. ഇതുവരെയും ബോധം വീണിട്ടില്ല. അന്ത്യകൂദാശകൾക്ക് ഞാൻ വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തിട്ടു പോന്നു. ഏതു പാപികൾക്കും അഭയംനല്കുന്ന 'അവൻെറ' കൈയിൽ ഇയാളെ ഏല്പിക്കാൻ വേണ്ടതൊക്കെ ഞാൻ ചെയ്യും. അതെൻെറ ഒഴിച്ചുകൂടാൻ പാടില്ലാത്ത കർത്തവ്യമാണ്.''

''എല്ലാം മംഗളമാകട്ടെ!'' രാധ ആശംസിച്ചു.

പാം ഉച്ചയ്ക്കുമേൽ വന്നു.

ബാരയുടെ കാര്യം രാധ പറഞ്ഞതേയില്ല. ഞാൻ അത്ഭുതപ്പെട്ടു. ഞാൻ അറിയിക്കട്ടേ എന്നു വിചാരിച്ചു. പുനരാലോചനയിൽ വേണ്ടെന്നുവെച്ചു.

സ്കൂറം തുറക്കാൻ ഇനി ഒരാഴ്ചയേ ഉള്ളു. പുതിയ ടെക്സ്റ്റ് ബുക്കുകറം മേടിച്ചു പഠിച്ച് നോട്ടുകറം തയ്യാറാക്കേണ്ടിയിരിക്കുന്നു. മസാച്ചുസെററ്സിലേക്കു നാളെ രാവിലെ പോവുകയാണ്. ഒരാഴ്ച്ച വിടപറയാനാണു വന്നത്.

ററീ കഴിഞ്ഞു യാത്രപറഞ്ഞു.

ഡോ. പി. കെ.യുടെ മകളും ഭർത്താവും കുഞ്ഞും അഞ്ചുമണിക്കു വന്നു. എട്ടുമണിവരെ സംസാരിച്ചിരുന്നു. ജേർസി ആശുപത്രിയിലെ മെറേറണിററി വാർഡിൽ ജയശ്രീക്ക് ഒരു ബെഡ് ബുക്കുചെയ്തുകഴിഞ്ഞു. ഒരാഴ്ച്ചയ്ക്കകം പ്രസവമുണ്ടാകുമെന്നാണു പ്രതീക്ഷ. നാട്ടിൽനിന്നു് ആരും വരുന്നില്ല. രവിതന്നെ പ്രസവശുശ്രൂഷകറം നടത്തും, പത്തുദിവസം അവധിയെടുത്തുകൊണ്ടു്.

അത്താഴം കഴിഞ്ഞു് യാത്രപറഞ്ഞു.

## 1973 ഓഗസ്റ്റ് 27, തിങ്കളാഴ്ച

കാലത്തെ ഫോൺവിളി: പാറം പോയിട്ടില്ല. ഒരു വിഷമപ്രശ്നം അവളെ അലട്ടാൻ എത്തിയിരിക്കുന്നു. അവറം 3 എച്ച്. ഒ. യിലെ അംഗമാണെന്നു് ഏതോ കുബുദ്ധികറം ഒരു ഊമക്കത്ത് ബോർഡ് ഓഫ് എജ്യുക്കേഷനു് അയച്ചുകൊടുത്തിരിക്കുന്നു. ആ തെമ്മാടിതന്നെയായിരിക്കണം. അല്ലാതെ ലോകത്തു് മറെറാരു വിരോധിയും തനിക്കില്ല. ഇവിടെ ഉറങ്ങാനുള്ള അവസരം താൻ കൊടുത്തതിനുള്ള പ്രതിഫലം! ദ്രോഹിപുരുഷൻ!

തീർച്ച അറിയാതെ ആരിലും അങ്ങനെ അപവാദം ചുമത്തരുതു്. അതുകൊണ്ടിപ്പോറം എന്തുപററി?

കഴിഞ്ഞകൊല്ലം പരാമസ് ഹൈസ്ക്കൂളിലെ ജോൺ ഗിഷ് (John Gish) എന്ന അദ്ധ്യാപകൻ ഗേ ആക്റ്റിവിസ്റ്റ് അലയൻസ് (Gay Activist Alliance of N. J.) എന്ന സംഘടനയിൽ അംഗമാണെന്നുള്ള കാരണത്താൽ, അയാറം ഏഴുകൊല്ലമായി അവിടത്തെ ടീച്ചറാണെന്നുവരുകിലും, അവർ അയാറംക്കു വിലക്കുകൊടുക്കുകയുണ്ടായി. കുട്ടികളുമായി, യാതൊരു ഇടപെടലും പാടില്ലെന്നു പറഞ്ഞു്, അയാറംക്കു കറിക്കുലം പരിഷ്ക്കരണജോലി മാത്രം അവർ ഏല്പിച്ചു. അയാറം കേസ്സുകൊടുത്തപ്പോറം ഒരു സൈക്കിയാട്രിക് ടെസ്റ്റിനു് അയാളെ വിധേയനാക്കണമെന്നും വിദ്യാർത്ഥികറംക്കു് ഉപദ്രവകരമായ ഏതെങ്കിലും മാനസികപ്രവണത അയാളിൽ ഉണ്ടെന്നു കണ്ടാൽ അയാളെ ശിക്ഷണവിധേയനാക്കുന്നതിൽ തെററില്ലെന്നും ന്യൂജേർസി സുപ്പീരിയർ കോർട്ട് വിധിച്ചു. ആ വിധിയെ അടിസ്ഥാനമാക്കിയാണു് ഞാനും ഉടൻ സൈക്കിയാട്രിസ്റ്റിൻെറ സർട്ടിഫിക്കററ് ഹാജരാക്കണമെന്നു് അവന്മാർ ആവശ്യപ്പെട്ടിരിക്കുന്നതു്.

പാമിൻെറ പതിവു സൈക്കിയാട്രിസ്റ്റ് ഉണ്ടല്ലോ. അയാളിൽ നിന്നു് ഒരു നല്ല സർട്ടിഫിക്കററ് മേടിച്ചു് ഹാജരാക്കിയാൽ ഉപദ്രവം ഒഴിഞ്ഞുവല്ലോ.

ആ തെമ്മാടിയുമായി ഞാൻ പിണങ്ങിപ്പിരിഞ്ഞിരിക്കയാണു്. ദുരാഗ്രഹിക്കു ഫീസ് കൊടുത്തുകൊടുത്തു ഞാൻ മുടിഞ്ഞു. അന്നു് ജീയുമൊത്തു ട്രെയിനിൽ വന്ന ഡോക്ടർ വിചാരിച്ചാൽ നമുക്കു് ഒരുപക്ഷേ, ഒരു നല്ല സൈക്കിയാട്രിസ്റ്റിന്റെ സാക്ഷിപത്രം മേടിക്കാൻ പററിയേക്കും. അങ്ങനെ തോന്നുന്നില്ലേ?

ഫോണിൽ ചോദിച്ചിട്ടു വിവരം അറിയിക്കാം.

ഡോക്ടർ കൃഷ്ണൻനായരുടെ ഒരു ഉത്തമസുഹൃത്തു് ഡോക്ടർ ബഷീർ ന്യൂയോക്കിൽ പ്രസിദ്ധനായ ഒരു രജിസ്റ്റേർഡ് സൈക്കിയാട്രിസ്റ്റാണു്. അയാളുമായി സംസാരിച്ചുവച്ചിട്ടുണ്ടെന്നും വൈകുന്നേരം പോയിക്കണ്ടു് സർട്ടിഫിക്കററ് മേടിക്കാമെന്നും കൃഷ്ണൻനായർ സമ്മതിച്ചു. പാം നാലുമണിക്കു വന്നുകൊള്ളാമെന്നേററു.

ആറുമണിക്കു ഡോക്ടർ ബഷീറിനെ കണ്ടു. പത്തുമിനിട്ടു സംസാരിച്ചുകഴിഞ്ഞപ്പോഴ് അങ്ങോർക്കു കാര്യമൊക്കെ മനസ്സിലായി. ബ്രീത്തിങ് എക്സർസൈസസിലും യോഗിക് കംച്ചറിലും മററും വിശ്വാസമുള്ള ആളാണു്. വിദ്യാർത്ഥികളുമായി ഇടപെടുന്നതിനു വിഷമകരമായേക്കാവുന്ന യാതൊരു മാനസികന്യൂനതയും ഈ പേഷ്യന്റിനില്ലെന്നു് ധൈര്യമായി സർട്ടിഫൈചെയ്യാവുന്നതാണെന്നു് ഒന്നാംതരം ഒരു സാക്ഷിപത്രം അദ്ദേഹം എഴുതിക്കൊടുത്തു. അമ്പതു ഡോളർ ഫീസ് കൊടുത്തതിൽ നന്ദിപൂർവ്വം മുപ്പതു് എടുത്തുകൊണ്ടു് ഇരുപതു മടക്കിക്കൊടുത്തു. പാമിനു വലിയ സന്തോഷമായി.

എട്ടുമണിയായി മടങ്ങിവന്നപ്പോഴ്.

## 1973 ഓഗസ്റ്റ് 28, ചൊവ്വാഴ്ച

രാവിലെ ഡോക്ടർ രാമചന്ദ്രൻനായർ വിളിച്ചു. ''ബാർബാരയുടെ ഭർത്താവിൻെറ 'കോമാ' വിട്ടുമാറി. അയാൾ ശരിയായി ശ്വസിക്കുന്നുണ്ടു്. കണ്ണു തുറന്നു, ആളറിയുന്നുണ്ടു്. ഇനി പേടിക്കാനില്ല. ബാർബാര വളരെ നല്ല സ്ത്രീ! അവർ തേങ്ങിത്തേങ്ങിക്കരയുന്നു. സന്തോഷക്കരച്ചിൽ എന്നു ഞാൻ കേട്ടിട്ടേയുള്ളു. ഇപ്പോഴാണു് യഥാർത്ഥത്തിൽ കാണുന്നതു്.''

''ഉത്തമഭാര്യമാർ എല്ലായിടത്തുമുണ്ടു്! വിവരം അറിയിച്ചതിനു നന്ദി!''

ഫോൺ വെച്ചിട്ടു ഞങ്ങൾ തേങ്ങിത്തേങ്ങി ചിരിച്ചു.

പത്തുമണിക്കു് ഒരു ഫോൺകാൾ.

''എ. കെ. ബി സാറു് വന്നുചേരന്നോ?'' മലയാളത്തിൽ അപരിചിതശബ്ദം.

"ആരാണു്? മനസ്സിലായില്ലല്ലോ. എവിടെനിന്നു വിളിക്കുന്നു?''

"ന്യൂയോക്കിൽനിന്നു്. പേരു് സോമൻ. തിരുവനന്തപുരത്തു് മണക്കാട്ടാണു വീടു്. അവിടത്തെ എഞ്ചിനീയറിങ് കോളജിൽനിന്നു് എലക്ട്രോണിക്സിനു ബി. എസ്‌സി. ഫസ്റ്റ്ക്ലാസ്സിൽ പാസ്സായി. ഉപരിപഠനത്തിനു് ഇങ്ങോട്ടു പോന്നതാണു്.''

"സ്കോളർഷിപ്പ് വല്ലതുമുണ്ടോ?''

''ഇപ്പോളില്ല കിട്ടിയേക്കാം. സ്വന്തചെലവിലാണു് പോന്നിട്ടുള്ളതു്. എ. കെ. ബി.സാറിനെ വഴുതക്കാട്ടു ചെന്നു കണ്ടു സംസാരിച്ചു. അളിയന്റെ കല്യാണത്തിനു നില്ക്കാതെ പക്ഷേ, നേരത്തേ പോരേണ്ടിവരുമെന്നു പറഞ്ഞിരുന്നു.''

''കല്യാണം കഴിഞ്ഞേ പോരുന്നുള്ളൂ. ഇവിടെ സെപ്റ്റംബർ മൂന്നിനെത്തും.''

''അങ്ങോട്ടൊന്നു പോരാനും നിങ്ങളെയൊക്കെ കാണാനും എന്താ മാർഗ്ഗം? ചില അത്യാവശ്യസംഗതികൾ സംസാരിക്കാനുമുണ്ടു്.''

''ന്യൂയോക്കിൽ ഫിഷ് ആൻഡ് നീവ് ഫേമിലാണു് രാധയ്ക്കു ജോലി. വൈകുന്നേരം നാലിനുശേഷം അവളെ ചെന്നു കണ്ടുപിടിച്ചാൽ നിങ്ങൾക്കു് ഒന്നിച്ചിങ്ങോട്ടു പോരാം.''

"അങ്ങനെ ചെയ്യാം. ഇന്നല്ലെങ്കിൽ നാളെ തീർച്ചയായും വരാം.''

''ബൈ ബൈ!''

പാം സർട്ടിഫിക്കററ് സ്കൂളിലേക്കയച്ചുകൊടുത്തിട്ടു് മസാച്ചുസെററ്സിലേക്കു പോയി. ഫോണിൽ നന്ദിയും വിടവാങ്ങലും ഒരുമിച്ചു നടത്തി.

ബാര വിളിച്ചതേയില്ല. പാവം സ്ത്രീ!

വൈകുന്നേരവും രാത്രിയും ചാററൽമഴയുണ്ടായിരുന്നു. മുറിക്കകം തണുപ്പിക്കേണ്ടിവന്നില്ല.

സോമൻ വന്നില്ല. അയാളുടെ കാര്യം രാധയോടു പറഞ്ഞു.

## 1973 ഓഗസ്റ്റ് 29, ബുധനാഴ്ച

വെളുപ്പാൻകാലത്തു നല്ല തണുപ്പുണ്ടായിരുന്നു. ആറുമണിയായിട്ടും സൂര്യപ്രകാശം കാണുന്നില്ല. ജനാലയിൽക്കൂടി പുറത്തേക്കു നോക്കിയപ്പോൾ എങ്ങും പുക മൂടിക്കിടക്കുന്നു.

അടുത്തെങ്ങാനും അഗ്നിബാധയോ മററോ ഉണ്ടായോ?

''വലിയ ഫ്ലോഗ്ഗ് അപ്പച്ചാ. പുറത്തൊന്നും കാണാൻ പററുകയില്ല, വളരെനേരത്തേക്കു്. കൂടെക്കൂടെ ഇവിടെ ഇങ്ങനെതന്നെ,'' പ്രീത പറഞ്ഞുതന്നു.

ഫ്ലോഗ്ഗ്—മൂടൽമഞ്ഞു്—എനിക്കൊരു പുത്തരിയല്ല. നാലു കൊല്ലത്തിനുമുമ്പ് ഊട്ടിയിൽവച്ചു് അനുഭവപ്പെട്ടിട്ടുള്ളതാണു്. തൊട്ടു മുൻവശത്തുള്ള സാധനങ്ങൾപോലും കാണാനൊക്കുകയില്ല.

''ജന്നലോ വാതിലോ തുറന്നിട്ടാൽ വീട്ടിനകത്തേക്കും ആക്രമിച്ചേക്കും. ഒക്ടോബർ–നവമ്പർ ഒക്കെ ആകുമ്പോൾ മിക്ക ദിവസവും ഇതുതന്നെ ഗതി.'' രാധ വിശദീകരിച്ചു. ''കാറിൽ യാത്രയാണു് ഏററവും പ്രയാസം. ശക്തിയുള്ള ലൈററിനുപോലും തുരക്കാൻ കഴിയുകയില്ല. ആക്സിഡൻറുകൾ ധാരാളമുണ്ടാകും.''

എട്ടുമണിയായിട്ടേ രാധയ്ക്കു പോകാൻ പററിയുള്ളു.

വൈകുന്നേരം രാധയുമൊത്തു സോമൻ വന്നു. 21 വയസ്സുള്ള പ്രാംശുകായനായ സുഭഗൻ. ആർക്കും എളുപ്പത്തിൽ ഇഷ്ടം തോന്നിക്കുന്ന ആകൃതിയും പ്രകൃതിയും. സ്വയം പരിചയപ്പെടുത്തി. അച്ഛൻ സിംഗപ്പൂരിലാണു്. അമ്മയും വിദ്യാർത്ഥിനികളായ മൂന്നു സഹോദരിമാരും തിരുവനന്തപുരത്തു്. എ. കെ. ബി. യിൽനിന്നു് ഒരു സഹായം അഭ്യർത്ഥിച്ചുകൊണ്ടാണു വന്നിട്ടുള്ളതു്.

കഴിവുള്ളതെല്ലാം ചെയ്തുകൊടുക്കാം.

ഒരു ഫെല്ലോഷിപ്പിനു ശ്രമിക്കുകയാണു്. കിട്ടിയേക്കാൻ വളരെ സാദ്ധ്യതയുണ്ടു്. അതുവരെയ്ക്കും കുറെ ഡോളർ വേണ്ടിയിരിക്കുന്നു. തുല്യമായ രൂപാ കേരളത്തിൽ എ. കെ. ബി. യുടെ ബാങ്ക് അക്കൗണ്ടിലോ ബന്ധുക്കൾവശമോ ഏല്പിച്ചുകൊള്ളാം. രൂപാ ഏല്പിച്ച രസീതു വന്നതിനുശേഷം ഡോളർ കൊടുത്താൽ മതിയാകും. ഇങ്ങനെ പല ഇന്ത്യൻവിദ്യാർത്ഥികളും ചെയ്യുന്നുണ്ടു്. ചേച്ചി ചിരിക്കുന്നതെന്താ?

വലിയ തുകയൊന്നും അങ്ങനെ മാററിത്തരാൻ ഞങ്ങൾക്കു കാണുകയില്ല. കഴിവുള്ളിടത്തോളം സഹായിക്കാം. അദ്ദേഹവുംകൂടി വന്നാലോചിച്ചിട്ട് വിവരം അറിയിക്കാം.

ഇന്നിവിടെ താമസിച്ചിട്ടു രാവിലെ പോകാമെന്നു ക്ഷണിച്ചു. പക്ഷേ, ലോഡ്ജിലെ കൂട്ടുകാരെ അറിയിച്ചിട്ടില്ല. മടങ്ങിപ്പോയേ പററൂ.

നേരത്തേ സപ്പർ തയ്യാറാക്കി. കേരളീയമായ അത്താഴം. ചോറും കറികളും. ഉപ്പിലിട്ടതും മെഴുക്കുപെരട്ടിയും പപ്പടവും മററും വളരെ ഇഷ്ടപ്പെട്ടു. 7.30-നു കാറിൽ ഞങ്ങൾ കൊണ്ടുപോയി ബസ്സിൽ കയററിവിട്ടു. കൂടെക്കൂടെ വരണമെന്നു ക്ഷണിച്ചതു് അയാൾ പുഞ്ചിരിയോടെ സ്വീകരിച്ചു.

10.30 വരെ ടി.വി. ന്യൂസ് ശ്രദ്ധിച്ചിരുന്നു. ഇററലിയിലുണ്ടായ പ്ലെയിൻ ആക്സിഡണ്ടു്, വിയററ്നാമിൽ നടക്കുന്ന ഘോരമായ

യുദ്ധരംഗങ്ങൾ, ചില്ലിയിലെ വിപ്ലവവും പ്രതിവിപ്ലവവും ജനിപ്പിക്കുന്ന കെടുതികൾ, ഡബ്ളിനിൽ ബോംബുസ്ഫോടനംകൊണ്ടുണ്ടായ മരണങ്ങൾ, നിക്സണെതിരെ വൈററ്ഹൗസിനു മുമ്പിൽ നടന്ന പ്രകടനങ്ങൾ—എല്ലാം പലവിധം ആകർഷകമായ പരസ്യങ്ങൾ ഇടകലർന്നവ—കണ്ടുകൊണ്ടിരുന്നു. എന്തൊരു തിരക്കിട്ട, സംഭവബഹുലമായ, സംഭ്രമജനകമായ, വൈവിദ്ധ്യം നിറഞ്ഞ ജീവിതം!

11–നു കിടന്നു.

അല്പം കഴിഞ്ഞപ്പോൾ ഫോൺ മണിയടിക്കുന്നു.

ഞാൻ ബദ്ധപ്പെട്ടെണീററ് റിസീവർ എടുത്തു. താഴെ രാധയും എടുത്തു. രണ്ടിടത്തും ഒരേ സമയം കേൾക്കുകയും സംസാരിക്കുകയും ചെയ്യത്തക്കവിധമാണ് സംവിധാനം. ഒരു ട്രങ്ക്കാൾ—ഇന്ത്യയിൽ നിന്ന്.

ഇംഗ്ലീഷിൽ: ''ആരാണു വിളിക്കുന്നതു്? എവിടെനിന്ന്?''

മലയാളത്തിൽ: ''തമ്പിമോൻ, തമ്പിമോൻ. തിരുവനന്തപുരത്തുനിന്ന്. വഴുതക്കാട്ടുനിന്ന്.''

''അതെയോ? ഈ അർദ്ധരാത്രിയോ! വിശേഷമെന്താ?''

''ഇവിടെ രാവിലെ ഒമ്പതുമണി. എന്റെ കല്യാണത്തിനു പോകാനുള്ള ഒരുക്കങ്ങളാ. അക്കന്റെ സമ്മാനങ്ങൾ കിട്ടി. നന്ദി! അച്ഛന്റെ അനുഗ്രഹാശിസ്സുകൾ നേരിട്ടു കേൾക്കാമെന്നു കരുതി ഫോണിൽ ഒന്നു ശ്രമിച്ചുനോക്കിയപ്പോൾ ശരിക്കും കിട്ടി. ദൈവാധീനമുണ്ട്! അക്കനെറങ്ങിയോ?''

''ഞാനും ശ്രദ്ധിക്കുന്നുണ്ട്.'' (രാധ ഇടയ്ക്കു പറഞ്ഞു) ''ഡബിൾ ഫോണാ. രണ്ടുപേർക്കും കേൾക്കാം. രണ്ടുപേർക്കും സംസാരിക്കാം. അച്ഛന്റേതിനോടൊത്തു് എന്റെയും ആശംസകൾ അയച്ചുകൊള്ളുന്നു.''

''അവിടെ എത്രമണി?''

''രാത്രി 11.20. നാളെ കാലത്തു് ഇവിടെ 7.30–നായിരിക്കും അവിടത്തെ മുഹൂർത്തം. ഞങ്ങൾ പ്രാർത്ഥിച്ചുകൊള്ളാം, എല്ലാം മംഗളമാകാൻ.''

രാജമ്മയുടെ ശബ്ദം: ''ഒരാളിന്റെ അഭാവം ഒഴികെ ബാക്കിയെല്ലാം മംഗളമായിത്തന്നെ പുരോഗമിക്കുന്നു.''

''എനിക്കുവേണ്ടിക്കൂടി, എന്റെ പ്രതിനിധിയായി തമ്പിയെ അമ്മ അനുഗ്രഹിച്ചേച്ചാ മതി.''

എ. കെ. ബി.യുടെ ശബ്ദം: ''രാധേ, 3–ാംതീയതി കാറുമായി ന്യൂയോർക്കിൽ വരണ്ടാ. ഞാൻ വന്നുചേരുന്ന സമയം തെററിപ്പോയേക്കാം. ഞാൻ ടാക്സിയിലോ വാനിലോ പോരാം. വരരുതേ. കുഞ്ഞുങ്ങൾ എന്തെടുക്കുന്നു?''

''രണ്ടുപേരും ഉറക്കം.''

''ഇല്ല. ഇല്ല. രണ്ടുപേരും ഉണ്ണർന്നുവന്നു. അച്ഛൻെറ ശബ്ദംകേട്ട്. സ്വീററ് കിസ്സസ്. ഗുഡ് നൈററ്!''

''മംഗളാശംസകൾ! പ്രാർത്ഥനകൾ!''

മൂന്നു മിനിട്ടായി. പന്തീരായിരം മൈൽ അകലെ, ഭൂമിയുടെ മറുപുറത്തുനിന്നു വന്ന ആ മധുരശബ്ദങ്ങൾ ഒരു ക്ഷണികസ്വപ്നത്തിലെന്നപോലെ നിലച്ചു.

''വലിയ തുകയായിരിക്കുമോ രാധേ?''

''എട്ടോ പത്തോ ഡോളർ. അതിൽ കൂടാനിടയില്ല.''

''എന്തൊരത്ഭുതം! ദൂരവും കാലവും കീഴടക്കിയ മനുഷ്യൻ എന്തൊരത്ഭുതപ്രതിഭാസം!''

''ചന്ദ്രനിൽനിന്നു ഭൂമിയിലുള്ളവരുമായി സംസാരിച്ചതു നോക്കുമ്പോൾ ഇതൊക്കെ എത്ര നിസ്സാരം! ടെലിപ്രിൻററും ടെലിവിഷനും മററും എട്ടുപത്തുകൊല്ലത്തിനുള്ളിൽ എല്ലാ വീടുകളിലെയും സാധാരണസാമഗ്രികളായിത്തീരും. കമ്പിസന്ദേശവും മററും വെറും പരിഹാസ്യോപകരണങ്ങളായിത്തീരുന്ന കാലം വളരെ വിദൂരമാകാനിടയില്ല.''

''ശരിയാണ്. മനുഷ്യൻ ഭൗതികവിജ്ഞാനപർവ്വതത്തിൻെറ കൊടുമുടിയിൽ എത്തിക്കൊണ്ടിരിക്കുന്നു. അതിനപ്പുറം അവൻെറ ഗതി എങ്ങോട്ട് എന്നുള്ളതാണു പ്രശ്നം.''

അവന്റെ ഹൃദയവും നന്നാകണം. സ്ഫടികംപോലെ നിർമ്മലവും തേൻപോലെ മധുരവുമാകണം. അന്യൻെറ സുഖദുഃഖങ്ങൾ തൻെറയും സുഖദുഃഖങ്ങളായി കാണത്തക്കവണ്ണം നന്നാകണം. അങ്ങനെ മനുഷ്യൻ നന്നാകുകയില്ലേ? നന്നാകാതിരിക്കാൻ ഇടയില്ല. പൊള്ളുന്ന അനുഭവങ്ങൾ അവനെ നന്നാക്കും. അവ അവൻെറ മുമ്പിൽ ആരോ എങ്ങുനിന്നോ എറിഞ്ഞുകൊടുക്കുന്നുണ്ട്...

കണ്ണു മയങ്ങുന്നു. എഴുത്തു മതിയാക്കി കിടക്കുന്നു.

## 1973 ഓഗസ്റ്റ് 30, വ്യാഴാഴ്ച

അത്യധികമായ ഉഷ്ണം. അഗ്നിജ്ജ്വാലപോലുള്ള കാററ് രാവിലെ തുടങ്ങി ശക്തിയായി വീശുന്നു. നല്ലപോലെ തണുപ്പിച്ച മുറിക്കകത്തിരുന്ന് പത്രങ്ങൾ വായിച്ചു. അയലത്തെ കുഞ്ഞുങ്ങളുമൊത്ത് ഗീതപ്രീതമാർ ബേസ്മെൻറ്ഹാളിൽ കളിച്ചു.

ഫോൺകാൾ. രാമപ്പോ കോളേജിൽനിന്ന്. അവിടെ ഒരു അഡ്മിനിസ്ട്രേററീവ് ഓഫീസറുടെ ജോലിക്കു രാധ ഒരു അപേക്ഷകയാണ്. നാളെ 11 മണിക്ക് ഇൻറർവ്യൂ എന്നറിയിക്കാനാണു വിളിച്ചത്. ശരി, അറിയിച്ചേക്കാം. ഉടൻ രാധയെ ഓഫീസിൽ വിളിച്ചു. നാളെ അവധി എടുത്തുകൊള്ളാം. പുതിയ ജോലി കിട്ടിയാൽ ഭാഗ്യം. ഭാര്യയ്ക്കും ഭർത്താവിനുംകൂടി കാർ ഒന്നു മതി. ടിഫിൻ

സൗകര്യം. ദൂരം അധികമില്ല. മിക്കവാറും കിട്ടിയേക്കും. സുപ്ര തീക്ഷ.

ബാര ഉച്ചയ്ക്കു വിളിച്ചു.

''ഭർത്താവിന്റെ സുഖക്കേട് എങ്ങനെ?''

''അയാൾ എണീറ്റിരിക്കുന്നു. ചുണ്ടുകൾ പിളിർത്തിക്കൊണ്ടു്.''

''സന്തോഷവാർത്തയാണല്ലോ!''

''ഡോക്ടർ വിലക്കിയിരിക്കയാണു്, ലികഫറോ ഡ്രഗ്സോ പെണ്ണോ തൊട്ടുപോകരുതെന്നു്. ഇയാൾക്കു് ഒരു നേരവും ഇവ കൂടാതിരിക്കാൻ കഴിയുകയില്ല. നാശംപിടിച്ച ദുശ്ശീലങ്ങൾ!''

''നല്ലപോലെ സൂക്ഷിച്ചുകൊള്ളണം. അതു ബാരയുടെ കടമയാണു്.''

''നന്ദി! ഞാനിപ്പോൾ വിളിച്ചതു് മററൊരു പ്രധാനകാര്യം പറയാനാണു്.''

''എന്താ?''

''ഒരു ഫ്രണ്ടിനെ ഞാനങ്ങോട്ടു കൊണ്ടുവരുകയാണു്, നിങ്ങളെ പരിചയപ്പെടുത്താൻ.''

''വളരെ സന്തോഷം. ആണോ പെണ്ണോ?''

''എൻെറ അഭ്യുദയകാംക്ഷിയും സുഹൃത്തുമായ ഒരു പ്രസിദ്ധ യൂണിവേർസിററി പ്രൊഫസർ. മഹാപണ്ഡിതൻ. സഹൃദയൻ. നിങ്ങളെപ്പററി ഞാൻ പറഞ്ഞപ്പോൾ പരിചയപ്പെടട്ടെ തീർച്ച എന്നു നിർബന്ധിക്കുന്നു. എന്റെ ഡെസർട്ടേഷൻ അദ്ദേഹത്തിൻെറ സൂപ്പർവിഷനിലാണു് രചിക്കുന്നതു്. എനിക്കു് ഇന്ത്യയിലേക്കു് ഒരു ട്രാവലിങ്ങ് സ്കോളർഷിപ്പ് സമ്പാദിച്ചുതരാമെന്നു് അദ്ദേഹം ഏററിട്ടുണ്ടു്. ഇന്ത്യയിൽ എൻെറ സൂപ്പർവിഷൻ നിങ്ങൾ നടത്തുകയാണെങ്കിൽ അതിലേക്കുള്ള ഫീസും അദ്ദേഹം ശിപാർശിചെയ്തുതരും.''

''പ്രൊഫസ്സറുടെ പേരെന്താ?''

''എഫ്. എം. ആർ. എന്നുമാത്രം ഇപ്പോൾ അറിഞ്ഞാൽമതി. ബാക്കി രഹസ്യം. മനസ്സിലാകുന്നോ?''

''എപ്പോൾ വരും?''

''ഇന്നു പററില്ല. നാളെ രാവിലെ ഞങ്ങൾ അവിടെ എത്തും. ഒമ്പതോട്ടുകൂടി.''

''ശരി. കാത്തിരിക്കാം.''

വൈകുന്നേരം രാധ പറഞ്ഞു: ''ഒക്കെ കാക്കപിടിത്തമാണു്. അവൾ ഫെല്ലോഷിപ്പും ട്രാവൽഷിപ്പും ഒക്കെ സമ്പാദിക്കും. ഡോക്ടറേററും നേടും. ഞാൻ നാളത്തേക്കു് അവധിയെടുത്തു. ഇൻററർവ്യൂവിനു പോകാൻ. പ്രൊഫസ്സറെ സൽക്കരിക്കാൻ ഞാനും കൂടാം. അച്ഛനു വല്ല പ്രയോജനവും കിട്ടുന്നെങ്കിൽ കിട്ടട്ടെ.''

Two Guys എന്ന സൂപ്പർമാർക്കററിൽ ഷോപ്പിങ്ങിനു പോയി. 9 വരെ ചുററിനടന്നു.

## 1973 ഓഗസ്റ്റ് 31, വെള്ളിയാഴ്ച

വിവാഹമംഗളാശംസ: രാവിലെ 7.30.

തിരുവനന്തപുരത്ത് ഇപ്പോഴം ഓഗസ്റ്റ് 30, വ്യാഴാഴ്ച, വൈകുന്നേരം 6 മണി. തമ്പിമോന്റെ കല്യാണസമയം. ഞങ്ങൾ—ഞാനും രാധയും കുഞ്ഞുങ്ങളും—ആത്മാർത്ഥതയോടെ മംഗളമുണ്ടാകാൻ പ്രാർത്ഥിച്ചു. ആശംസ എല്ലാപേരും രേഖപ്പെടുത്തി, ഒരു കത്തിൽ. ഉടൻതന്നെ പോസ്റ്റുചെയ്തു.

മനസ്സമാധാനം നേടാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം മനുഷ്യർ ആരായുന്നു!

പ്രൊഫസ്സർ എഫ്. എം. ആർ : എട്ടുമണി. ബാറയുടെ തോളിൽ വലതുകൈ താങ്ങിക്കൊണ്ട് പ്രൊഫസ്സർ എഫ്. എം. ആർ. പ്രവേശിക്കുന്നു. കൊഴുത്തുരുണ്ട് പൊങ്ങിയ തടിമാടൻമനുഷ്യൻ. 50, 55 തോന്നും. ഷേവുചെയ്തു വെളുപ്പിച്ച വൃത്തമുഖത്ത് ഇരട്ടത്താടിയും നീണ്ട മൂക്കും ഭംഗിസംവദ്ധകം. കറുത്ത കണ്ണുകൾ. നിബിരീസമായ കരിംപുരികം. അല്പം ചെമ്പിച്ച ചുരുണ്ടമുടി ചീകി മിനുസമാക്കിയിരിക്കുന്നു.

ഈ മനുഷ്യനെ ഇതിന്നുമുമ്പ് ഞാൻ കണ്ടിട്ടുണ്ട്, തീർച്ച. ഓർമ്മവന്നു. ബഗ്ഗൻമാളിൽ ഒരു യുവതിയോടു ശൃംഗാരസല്ലാപം നടത്തിക്കൊണ്ടിരുന്ന തൈക്കിഴവൻ! 'വയസ്സൊരു പ്രശ്നമല്ലിവിടെ' എന്ന രാധയുടെ കമ്മൻറും ഓത്തു.

സല്ക്കാരവചനങ്ങളോടെ രാധ അതിഥികളെ എതിരേററിരുത്തി. ഔപചാരികമായ പരിചയപ്പെടുത്തലുകൾ. പ്രൊഫസ്സർ ഫലിതപ്രിയനാണ്. ചുവന്ന ചുണ്ടുകൾ വിടുർത്തി, നല്ല പല്ലുകൾ കാട്ടി പൊട്ടിച്ചിരിക്കയും തമാശകൾ പറയാൻ താൽപര്യം കാട്ടുകയും ചെയ്തിരുന്നു.

''എൻെറ 43 കൊല്ലത്തെ പ്രൊഫസ്സർജീവിതത്തിനിടയിൽ ഇവളെപ്പോലൊരു നല്ല ശിഷ്യയെ കിട്ടാൻ കഴിഞ്ഞിട്ടില്ല. (പൊട്ടിച്ചിരി) പഠിത്തത്തിൽ ശുഷ്കാന്തി, ലക്ഷ്യപ്രാപ്തിക്കവേണ്ടി എന്തും ത്യാഗം ചെയ്യാൻ സന്നദ്ധത, ഗുരുനാഥനിൽ പ്രത്യേകത—ഇതൊക്കെയാണ് ഒരു നല്ല വിദ്യാർത്ഥിയുടെ അഭിലഷണീയയോഗ്യതകൾ. ഇതെല്ലാം ഈ കൊച്ചുപെണ്ണിൽ (little girl) ഒത്തിരിക്കുന്നു!'' വീണ്ടും ചിരി.

യു. എസ്. എ യിലെ പ്രൊഫസ്സർ: ''പ്രൊഫസ്സർ വളരെ നേരത്തേതന്നെ സർവ്വീസിൽ പ്രവേശിച്ചിരിക്കും. ഇന്ത്യയിൽ 43 കൊല്ലത്തെ പ്രൊഫസ്സർഷിപ്പ് ഒരിക്കലും സാദ്ധ്യമല്ല.''

''ഞാൻ 25-ാം വയസ്സിൽ എന്റെ പിഎച്ച്.ഡി. സമ്പാദിച്ചുകൊണ്ട് സർവ്വീസിൽ പ്രവേശിച്ചു. റിട്ടയർമെൻറിനു നോർമൽ വയസ്സ് ഇവിടെ 65 അല്ലെങ്കിൽ 66 ആണ്. പക്ഷേ, ജോലി തുട

രാൻ കെല്പുള്ളവരും പ്രഖ്യാതി സമ്പാദിച്ചവരുമായ പ്രൊഫസ്സർമാരെ 70 വരെ തുടരാൻ പലപ്പോഴും ക്ഷണിക്കാറുണ്ട്. ഞാൻ (പൊട്ടിച്ചിരി) ഈ കാറ്റഗറിയിൽ പെടുന്നവനാണെന്നു പ്രഖ്യാപിക്കാൻ സന്തോഷമുണ്ട്. എനിക്കിനി ബാക്കിയുള്ള രണ്ടു കൊല്ലത്തിനകം ഈ പ്രിയശിഷ്യയെയും ഇവളെപ്പോലെയുള്ള—എന്നുവെച്ചാൽ മററുള്ളവർ ഇത്രത്തോളം പോര—രണ്ടു മൂന്നു പേരെയുംകൂടി ഒരു കരകയററിവിടണമെന്നാണ് ഞാൻ ശപഥം ചെയ്തിട്ടുള്ളത്.''

സപ്തതിയടുത്ത പ്രൊഫസ്സറുടെ ഊർജ്ജസ്വലത ഞാൻ സാശ്ചര്യം വീക്ഷിക്കയായിരുന്നു.

''70 വയസ്സുവരെ ഫുൾ ആക്റ്റീവ് സർവ്വീസായി വകവച്ചു കിട്ടുമോ?'' ജിജ്ഞാസയോടെ ഞാൻ ചോദിച്ചു.

''എന്നുവെച്ചാൽ?''

''പെൻഷന്റെ കാര്യത്തിനും മററും. ഒരു താരതമ്യപഠനത്തിനുവേണ്ടി ചോദിക്കുകയാണ്.''

പെൻഷൻ വ്യവസ്ഥകളും ശമ്പളവും: ''സമുചിതമായ പെൻഷൻ വ്യവസ്ഥകളാണ് ഇവിടുള്ളത്. എല്ലാ അദ്ധ്യാപകരും—ഗവണ്മെന്റ് കോളേജുകളിലായാലും ശരി, പ്രൈവററ് സ്ഥാപനങ്ങളിലായാലും ശരി—ഉദ്യോഗത്തിൽനിന്നു പിരിയുമ്പോൾ ജീവിതശിഷ്ടം മുഴുക്കെ സുഖമായി കഴിയാനുള്ള പെൻഷന്നു അർഹരായിത്തീരുന്നു. പ്രതിമാസശമ്പളത്തിൽ 5 ശതമാനം പെൻഷനുവേണ്ടി പിടിച്ചിടണമെന്നു നിർബന്ധമാണ്. പ്രൈവററ് സ്ഥാപനങ്ങൾ അവരുടെ ധനസ്ഥിതിയനുസരിച്ച് തത്തുല്യമോ ചിലപ്പോൾ ഒന്നരയോ രണ്ടോ ഇരട്ടിയോ ആയ ഒരു തുക അവരുടെ ഓഹരിയായിടുന്നു. എന്തായാലും സർവ്വീസിന്റെ അവസാനത്തെ പത്തു വർഷം കിട്ടിയ ശമ്പളത്തിന്റെ തോതനുസരിച്ച് പ്രതിമാസശമ്പളത്തിന്റെ നേർപകുതിയെങ്കിലും പെൻഷൻ നല്കിയേ തീരൂ. നിങ്ങളുടെ നാട്ടിൽ ഇതിലും കൂടുതൽ കിട്ടാറുണ്ടോ?''

പെൻഷനില്ലാത്ത കേരളത്തിലെ പ്രൈവററ് കോളേജദ്ധ്യാപകരുടെ ദുരവസ്ഥ ഞാൻ വിവരിച്ചു കേൾപ്പിച്ചു. പ്രൈവററ് വിദ്യാലയങ്ങളിലും ഗവണ്മെൻറ് സ്ഥാപനങ്ങളിലുംകൂടി 40 കൊല്ലം സർവ്വീസുള്ള എനിക്ക്, പ്രശസ്തനായ ഒരു യൂണിവേർസിററി വൈസ് ചാൻസലർ 'He is not eligible for any pension,' എന്ന് സിൻഡിക്കേററിന്റെ ശിപാർശിയെപ്പോലും അവഗണിച്ചുകൊണ്ടു കല്പനയിറക്കിയ സാഹചര്യങ്ങൾ ഞാൻ വിസ്തരിച്ചപ്പോൾ 'ഹോ! ഹോ!' പറഞ്ഞു് അദ്ദേഹം അത്ഭുതപ്പെട്ടു.

''എല്ലാ വിഷയങ്ങളിലും നിങ്ങൾ ഭാഗ്യശാലികൾതന്നെ!" ഞാൻ അഭിനന്ദിച്ചു. ''ഒന്നാമത് ഇന്ത്യ ഒരു പാവപ്പെട്ട രാജ്യം. പിന്നെ അതിനെ കൂടുതൽ ദൂഷിതമാക്കുവാൻ ദുർബുദ്ധികളായ ബ്യൂറോക്രാററുകൾ (bureaucrats) ബദ്ധകങ്കണരായിരിക്കയുമാണ്."

"പക്ഷേ, ഇവിടെ പ്രൊഫസ്സർമാരുടെ ശമ്പളം മററു തൊഴിൽക്കാരോട്ട താരതമ്യപ്പെടുത്തുമ്പോഠ കുറവാണ്. വിശേഷിച്ചും പ്രൈവററ് കോളേജുകളിൽ ചിലപ്പോഠ അതു് പ്രതിവഷം അയ്യായിരം, എണ്ണായിരം ഡോളർ എന്നൊക്കെയേ ഉള്ളു. ചില ചെറിയ പ്രൈവററ് യൂണിവേർസിററികഠ ഏററവും വലിയ ശമ്പളം കൊടുക്കുന്ന കാര്യം ഞാൻ മറക്കുന്നില്ല.''

''വലിയ യൂണിവേർസിററികളിലെ ശമ്പളനിരക്ക് എങ്ങനെ?''

''അതു് 7,000 മുതൽ 25,000 വരെ വ്യാപ്തമായിരിക്കുന്നു. പിന്നെ ഞങ്ങഠക്ക ശമ്പളത്തിനു പുറമേ ചില ആനുകൂല്യങ്ങഠ കിട്ടുന്നുണ്ടെന്ന കാര്യം വിസ്മരിച്ചുകൂടാ."

''അതെന്തൊക്കെയാണ്?''

''ഏഴവഷം സർവ്വീസ് കഴിയുമ്പോഠ ഒരുവഷം പകുതി ശമ്പളത്തിൽ അവധികിട്ടും. അല്ലെങ്കിൽ ആറുമാസം മുഴവൻ ശമ്പളത്തിൽ കിട്ടും. താണ പ്രീമിയത്തിൽ ഉയന്ന ഇൻഷ്വറൻസ്, ഫാമിലി മെഡിക്കൽ എയ്ഡ്; മക്കഠക്ക സ്കോളർഷിപ്പ്, താമസസൗകര്യങ്ങഠ—ഇങ്ങനെ പലതുമുണ്ട്. പിന്നെ ഞങ്ങളിൽ പലക്കം—ശാസ്ത്രീയവിഷയങ്ങഠ കൈകാര്യംചെയ്യുന്നവക്ക വിശേഷിച്ചും—പല കമ്പനികളിൽനിന്നും ഗവണ്മെൻറിൽനിന്നും കൺസഠട്ടൻറ്സ് എന്ന നിലയിൽ ഫീസ് സ്വീകരിച്ചുകൊള്ളാൻ അനുവാദമുണ്ട്. പ്രതിദിനം 50 മുതൽ 1,000 ഡോളർവരെ ഈയിനത്തിൽ കിട്ടുന്ന യൂണിവേർസിററി അദ്ധ്യാപകരുണ്ട്. നല്ല പുസ്തകങ്ങഠ എഴുതി ടെക്സ്റ്റാക്കാനും പ്രതിഫലം കിട്ടുന്ന പ്രസംഗങ്ങഠ ചെയ്യാനും തടസ്സമില്ല. പിന്നെ ഇവളെപ്പോലുള്ള (ബാരയെ ചൂണ്ടി) യുവസുന്ദരികളുമായി ഇടപഴകുവാനും അവരുടെ ബഹുമാനവും ചിലപ്പോഠ പ്രേമവും (love) കൈക്കലാക്കാനും (പൊട്ടിച്ചിരി) അവസരം കിട്ടുക അഡീഷണൽ ഭാഗ്യവുമല്ലേ?''

ഒരു പ്യൂവർ വെജിറേററിയൻ: രാധ കുക്കിയും ഓവൽടിന്നും കൊണ്ടു് അതിഥിസല്ക്കാരത്തിനു മുതിന്നു.

''മിസ്സിസ് പിള്ളേ, ഞാനൊരു പ്യൂവർ വെജിറേററിയനും ടീടോട്ടലേറിയനുമാണ് (സസ്യഭുക്കും മദ്യവർജ്ജകനും). ചാരായമോ സിഗരറോ തൊടുകയില്ല. അതാണ് 70 അടുത്തിരിക്കുന്ന ഈ ഘട്ടത്തിലും എൻെറ ഊർജ്ജസ്വലതയ്ക്കും ആരോഗ്യപ്രസരിപ്പിനും ഒരു വാട്ടവും കോട്ടവുമില്ലാത്തതു്. ഒരു നാല്പതുകാരനോടൊപ്പമല്ലിട്ട് നിലംപരിശാക്കാൻ (കൈപൊക്കിക്കൊണ്ടു്) എനിക്കു കഴിയും. ഇവളെപ്പോലുള്ള ഒരു ഇരുപതുകാരിയുമായി (പൊട്ടിച്ചിരിച്ചുകൊണ്ടു്) മധുവിധു നടത്താനുള്ള കെല്പും എനിക്കുണ്ടു്.''

എല്ലാപേരും ചിരിച്ചു.

''എൻെറ അച്ഛനും ഒരു പ്യൂവർ വെജിറേററിയനും ടീടോട്ടലേറിയനുമാണു്; ഈ പറഞ്ഞ കെല്പ്പുകരം ഉണ്ടെന്നു് അച്ഛൻ പ്രഖ്യാപിക്കാറില്ലെങ്കിലും—''

''തീർച്ചയായും അദ്ദേഹത്തിനുമുണ്ട്! മുഖഭാവം കണ്ടാൽ എനിക്കറിയാം!'' പ്രൊഫസ്സർ പൊട്ടിച്ചിരിയോടെ ഉച്ചത്തിൽ പ്രഖ്യാപിച്ചു എല്ലാവരും പൊട്ടിച്ചിരിച്ചു. ''എന്താ, ഞാൻ പറഞ്ഞതു് ശരിയല്ലേ സുഹൃത്തേ?''

''പരീക്ഷിച്ചുനോക്കണം.'' ഞാൻ ചിരിച്ചു.

"ഇവിടെ പരീക്ഷിച്ചുനോക്കി ആപത്തുകളിൽ മാത്രം ചാടിപ്പോകരുതു്!'' എല്ലാവരും വീണ്ടും ചിരിച്ചു. ''എൻെറ ശിഷ്യത്വം സ്വീകരിക്കു. ശരിയായ വഴിക്കു ഞാൻ നിങ്ങളെ തിരിച്ചുവിടാം.'' എല്ലാവരും പൊട്ടിച്ചിരിച്ചു.

''അതിരിക്കട്ടെ,'' രാധ പറഞ്ഞു. ''ഒരു പ്യൂവർ വെജിറേററിയൻ കേരളാ ലഞ്ച് ഞാൻ തയ്യാറാക്കട്ടെ? നിങ്ങൾ അതിൽ പങ്കുകൊള്ളുന്നതു് ഞങ്ങൾക്കു വലിയ സന്തോഷമായിരിക്കും.''

അദ്ദേഹം സമ്മതിച്ചു.

ലൈബ്രറിയിൽ: എ.കെ. ബി.യുടെ ലൈബ്രറി പരിശോധിക്കുന്നതിനു വിരോധമില്ലെങ്കിൽ ലഞ്ചുവരെ അവിടെ ബാരയുമൊത്തു പോയിരിക്കാമെന്നും സമയം പാഴാക്കാതെ പ്രിയശിഷ്യയ്ക്കു വല്ലതും പറഞ്ഞുകൊടുക്കാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സന്തോഷപൂർവ്വം രാധ അതു സമ്മതിച്ചു. അവർ മുകൾനിലയിലേക്കു പോയി. ഞങ്ങൾ പിന്നാലെ ചെന്നു. സെക്സ്, ക്രൈം എന്നീ രണ്ടു വിഭാഗങ്ങളിലുള്ള ഗ്രന്ഥങ്ങളിലേക്കു് സായിപ്പിൻെറ ദൃഷ്ടി ആദ്യവീക്ഷണത്തിൽത്തന്നെ പതിഞ്ഞു. ''ഇതെല്ലാം നിനക്കു പാററിയവതന്നെ. ഇതേ നോക്കു! നിൻെറ ടോപ്പിക് വളരെ വിഷമമേറിയതാണു്. പല തുറകളിലുമുള്ള ജീവിതമാലിന്യങ്ങളെല്ലാം ഡേററാ മുഖേന തെരഞ്ഞെടുത്തു പഠിച്ച്, അവയെ നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതികൾ ആവിഷ്കരിച്ചാൽ മാത്രമേ നിൻെറ തീസിസ് ഒരു വിജയമാകയുള്ളു. അതു് ഒരു താരതമ്യപഠനം—അതായതു് ഇന്ത്യപോലുള്ള മറെറാരു രാജ്യവുമായി താരതമ്യപ്പെടുത്തിയുള്ള പഠനം—ആയാൽ എളുപ്പത്തിൽ സംഗതി നേടാം.''

''നിങ്ങളുടെയും രാധയുടെ അച്ഛൻെറയും വിലയേറിയ സഹായത്തോടെ എനിക്കതു നിഷ്പ്രയാസം സാധിക്കാം,'' അവൾ ഞങ്ങൾ രണ്ടുപേരെയും പുഞ്ചിരിയോടെ കഴുത്തു കഴഞ്ഞാടി നോക്കി.

''നിങ്ങളുടെ ജോലി നടക്കട്ടെ. ഞങ്ങൾ ഉപദ്രവിക്കാൻ നില്ക്കുന്നില്ല,'' രാധ പറഞ്ഞു. ''പ്രൊഫസ്സറുടെ ലഞ്ചുസമയംകൂടി അറിയിച്ചാൽ കൊള്ളാം.''

''ഒരുമണിയാണു് സാധാരണ സമയം. രണ്ടുമണിവരെ താമസിച്ചാലും എനിക്കു വിഷമമില്ല.''

പഠിപ്പിക്കലിന്നു തടസ്സമുണ്ടാകാതെ ഞങ്ങൾ ലൈബ്രറി വിട്ടു. ചാരുന്ന പാതിലിൻെറ വിടവിൽക്കൂടി ബാരായുടെ നേക്ക് പ്രൊഫസ്സറുടെ തിളങ്ങുന്ന നോട്ടം ഞാൻ കണ്ടു.

സദ്യ ഒരുക്കാൻ രാധയെ സഹായിച്ചു. പത്തരയ്ക്കുമുമ്പ് എല്ലാം റെഡിയാക്കിവെച്ചിട്ട് രാധ ഇൻറർവ്യൂവിന്നു പോയി.

11 30 ആയപ്പോൾ ബാര താഴെയിറങ്ങിവന്നു. ''പ്രൊഫസ്സർ ഒന്നു മയങ്ങുകയാണ്. രാധയെവിടെ?''

ഇൻറർവ്യൂവിന്നു പോയിരിക്കുന്ന വിവരം പറഞ്ഞു.

''പാവം! അവൾക്കീ ജോലി കിട്ടണം. ഞാൻ പ്രാർത്ഥിക്കാം. ഗീതേ, ആൻറിക്കു കുളിക്കാൻ വേണ്ട സൗകര്യം ചെയ്തുതരൂ.''

ഗീത ബാത്ത്റൂം ഒരുക്കിക്കൊടുക്കാൻ പോയി.

''കുട്ടികാരിയുടെ വിശേഷങ്ങൾ എന്തെല്ലാം? കണ്ടുമുട്ടാറില്ലേ?''

''അവളിപ്പോൾ വളരെ മാറിയ ഒരു വ്യക്തിയായിത്തീന്നിരിക്കയാണ്. യോഗാഭ്യാസവും ധ്യാനവും അവളെ ആകെ മാററിയിട്ടുണ്ട്.''

സുദീർഘമായ ഒരു ചിരി.

''എന്താ?''

''ഇവിടെ യോഗിക് ക്ലാസ്സുകളിൽ എന്തൊക്കെയാണു നടക്കുന്നതെന്നു് നിങ്ങൾക്കറിഞ്ഞുകൂടാ. യോഗാഭ്യാസവുമായി എന്തെങ്കിലും ബന്ധമുണ്ടെന്നറിഞ്ഞാൽ മതി, മാന്യമായ ഒരു സ്ഥാനം നിങ്ങൾക്കുടൻ നഷ്ടപ്പെടും. ഉദ്യോഗമുണ്ടെങ്കിൽ അതും തുലയും.''

''നേരേ മറിച്ചാണല്ലോ ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്.''

''ഒക്കെ കള്ളപ്രചരണം. നിങ്ങൾ എന്നോടൊത്തു ന്യൂയോർക്കിലേക്ക് ഒന്നു വരാമോ? ഞാൻ നിങ്ങളെ ദൃക്സാക്ഷിയാക്കിത്തരാം! എന്താ, നാളത്തേക്കു് ഒരു ട്രിപ്പ് ഞാൻ നിശ്ചയിക്കട്ടേ? രാധയ്ക്കു് ഒഴിവുദിവസമാണല്ലോ.''

''രാധ വന്നു് ആലോചിച്ചുനോക്കാം.''

രാധ അതു കേട്ടുകൊണ്ടു വന്നു.

''ഇൻറർവ്യൂ എങ്ങനെ?''

''വളരെ നന്നായിരുന്നു. പക്ഷേ, ബോസ്റ്റൺകാരിയായ ഒരു വെള്ളക്കാരിപ്പെണ്ണിനെ തെരഞ്ഞെടുക്കാൻ അവർ തീരുമാനിച്ചു. അവൾക്കു കൂടുതൽ അഡ്മിനിസ്ട്രേററീവ് എക്സ്പീരിയൻസ് ഉണ്ടത്രേ.''

''വെറും പക്ഷപാതം! എനിക്കു സംശയമില്ല!'' ബാര വിളിച്ചുപറഞ്ഞു. ''ഇവർ ആദർശങ്ങളൊക്കെ പറയുമെന്നല്ലാതെ ശിപാർശിയുള്ള ഒരു വെള്ളക്കാരി വന്നപ്പോൾ അവളെ നിയമിച്ചു. രാധയ്ക്കു് എട്ടുപത്തു കൊല്ലത്തെ ടീച്ചിങ്ങും അഡ്മിനിസ്ട്രേററീവ് എക്സ്പീരിയൻസും ഉള്ളതല്ലേ? എന്നിട്ടു്—ഞാൻ നമ്മുടെ പ്രൊഫസ്സറെ

ക്കൊണ്ടു പരാതി പറയിപ്പിക്കാം. നിങ്ങടെ പ്രസിഡണ്ട് അദ്ദേഹത്തിൻെറ സുഹൃത്താണ്.''

''വേണ്ട ബാരേ. അടുത്ത വേക്കൻസിയിൽ എന്നെ നിയമിക്കാമെന്നു പറഞ്ഞിരിക്കയാണ്. അവരെ പിണക്കേണ്ട. എനിക്കൊരുദ്യോഗമുണ്ടല്ലോ. എനിക്കു് ഒട്ടും വിഷമമില്ല. എന്താണ് എന്നോടാലോചിക്കണമെന്ന് നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നതു്?''

ന്യൂയോക്ക് ട്രിപ്പിനെക്കുറിച്ച് ബാര പറഞ്ഞു.

''അച്ഛനു് ന്യൂയോക്കിലും പരിസരങ്ങളിലും പല സ്ഥാപനങ്ങളും അടുത്തു കാണണമെന്നു് ആഗ്രഹമുണ്ട്.''

''എന്നെ ഏല്പിച്ചേക്കൂ. ഞാനെല്ലാം ഏററു ഹാർലമിലും മററും എനിക്കു വളരെ അടുത്ത സ്നേഹിതന്മാരും ബന്ധുക്കളുമുണ്ട്. ഞാനെല്ലാം കൊണ്ടു കാണിക്കാം. അദ്ദേഹത്തിൻെറ യാത്രാവിവരണഗ്രന്ഥം നിറഞ്ഞുകവിയാനുള്ള മാററർ ഞാൻ സമ്പാദിച്ചുകൊടുക്കാം. അപ്പോൾ ഞാൻ നാളെ രാവിലെ ഒമ്പതിന്നു വരട്ടേ?''

''ശരി, വന്നുകൊള്ളൂ.''

കേരളാ ലഞ്ച്: ബാര കുളികഴിഞ്ഞു വന്നപ്പോൾ പ്രൊഫസ്സറും നാപ്പ് (പകൽമയക്കം) കഴിഞ്ഞു വന്നു. രാധയുടെ കേരള ലഞ്ച് അദ്ദേഹത്തിനു വളരെ ഇഷ്ടപ്പെട്ടു. അടപ്പായസവും (കേരളാ പുഡ്ഡിങ്) സാമ്പാറും, ഓലനും കിഴവൻ ഒട്ടധികം ചെലുത്തിവിട്ടു.

''ഞാനിന്നി കൂടെക്കൂടെ രാധയുടെ അതിഥിയാകാൻ തീർച്ചയായും എത്തും. ഇത്ര രുചികരമായ ഒരു ലഞ്ച് ഞാനിതിന്നുമുമ്പ് കഴിച്ചിട്ടേയില്ല!'' അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു.

പ്രൊഫസ്സറും ബാരയും ഒരുമിച്ചിറങ്ങി. നാളെ കറക്ട് 9.30-ന് എത്തുമെന്നു് ബാര വീണ്ടും ഓർമ്മപ്പെടുത്തി. ആ കൃശസുന്ദരിയുടെ തോളിൽ തൂങ്ങി ആ തടിമാടൻ നീങ്ങുന്നതു് കൗതുകകരമായ ഒരു കാഴ്ചയായിരുന്നു.

## 1973 സെപ്റ്റംബർ 1, ശനിയാഴ്ച

ബാര വരുന്നു: കൃണിശം 9.30-നു ബാര എത്തി. ചന്തമുള്ള നീല ബ്യൂക്കിൽ, പുപ്പുഞ്ചിരിപരത്തിക്കൊണ്ടു്.

രാധ പറഞ്ഞിരുന്നു:

''ഏഴാംതീയതിവരെ ബാര ഫ്രീയാണ്. അവൾ അച്ഛനിൽനിന്നു് എന്തോ ഒക്കെ പ്രതീക്ഷിക്കുന്നുണ്ട്. അതുകൊണ്ടു് അവൾ ആത്മാർത്ഥമായി സഹകരിക്കും. ഏതായാലും വളരെ സൂക്ഷിച്ചുവേണം സംസാരിക്കാനും പെരുമാറാനും. പാം സാരമില്ല. ഇവൾ വിരോധിയായാൽ ഞങ്ങൾക്കു പലവിധ ഉപദ്രവങ്ങളും വലിച്ചുവയ്ക്കാൻ പററിയവളാണ്. ന്യൂയോക്കിലെ കഥ ഞാൻ പറഞ്ഞിട്ടുണ്ട്. സന്ധ്യയ്ക്കുമുമ്പ് മടങ്ങിപ്പോരാൻ പ്രത്യേകം ശ്രദ്ധിക്കണം.''

ബാര എൻെറ വേഷവിധാനം അസംതൃപ്തിയോടെ വീക്ഷിച്ചു. ''ഈ നീല ടൈ മാററണം. വെളുപ്പും കറുപ്പും വരയുള്ള ആ ടൈ ഈ നീല കോട്ടിനു മാച്ചുചെയ്യും.'' അവരുതന്നെ സ്റ്റാൻഡിൽനിന്നു ടൈ തെരഞ്ഞെടുത്തു് കെട്ടിത്തന്നു. "ഇപ്പോൾ എങ്ങനെയിരിക്കുന്നു വെന്നു നോക്കൂ. ഡ്രസ്സിങ്ങിലാണ് പകിട്ടു കൂടുന്നതു്, ആണിൻെറയും പെണ്ണിൻെറയും. എൻെറ മനുഷ്യൻ (my man) പൃഷ്ഠിൻ പറഞ്ഞിട്ടുള്ളപോലെ, കഴുതയെ ഡ്രസ്സുചെയ്യിക്കുന്ന മട്ടിലേ ഉടുപ്പുകൾ അണിയൂ.''

''അസുഖം എങ്ങനെയിരിക്കുന്നു?''

''ലിക്വർ കൊടുക്കാത്തതുകൊണ്ടു് എന്നെ പ്രാകിക്കൊണ്ടു കിടക്കുകയാണ്. അയാൾ കുറച്ചുകാലം കൂടി ജീവിച്ചുകൊള്ളട്ടേ എന്നു കരുതി ഞാൻ ഒരു വാക്കും മറുപടികൊടുക്കാതെ ഇറങ്ങിപ്പോന്നു.''

രാധ ഒരു പത്തുഡോളർ നോട്ടു് അവളുടെ കൈപ്പത്തിയിൽ വെച്ചുകൊടുത്തുകൊണ്ടു പറഞ്ഞു: ''എന്തെങ്കിലും അച്ഛനുവേണ്ടി ചെലവാക്കാനാ. തെററിദ്ധരിക്കരുതു്.''

''ശരി, അങ്ങനെയാകട്ടെ.''

എയർകണ്ടീഷൻചെയ്തിട്ടുള്ള, മൃദുലസംഗീതവും നൃത്തവും മാറിമാറി നല്കുന്ന റേഡിയോയോടുകൂടിയ, കാറിനകത്തു് ആ സുന്ദരിയുടെ അടുത്തിരുന്നു് രണ്ടുമിനിട്ടു നീങ്ങിയപ്പോൾ ഞാൻ പറഞ്ഞു:

''ഇവിടത്തെ പെരുമാററരീതികളിൽ എനിക്കു പരിചയം പോരാ. എന്തു വിഡ്ഢിത്തനം സംസാരിച്ചാലും എങ്ങനെ വഷളായിത്തന്നെ പെരുമാറിയാലും ക്ഷമിക്കണം. കൗതുകംകൊണ്ടു് ഞാൻ ചോദിക്കുകയാണ്, ബാരയ്ക്കു് എന്താണു ജീവിതലക്ഷ്യം?''

ജീവിതലക്ഷ്യങ്ങൾ:

പൊട്ടിച്ചിരി.

''എന്താ ചിരി?''

''നല്ലൊരു ചോദ്യം! അതിൻെറ ഉത്തരം മനസ്സിലാകണമെങ്കിൽ എൻെറ ജീവിതവിശ്വാസങ്ങൾ അറിഞ്ഞിരിക്കണം.''

''ശരിയാണ്. അവയെന്തൊക്കെയാണ്?''

''ഞാൻ ക്രിസ്ത്യാനികളെയോ ജൂതന്മാരെയോപോലെ ഒരു മരണാനന്തരസ്വർഗ്ഗത്തിലോ നരകത്തിലോ വിശ്വസിക്കുന്നില്ല. നിങ്ങൾ ഇന്ത്യാക്കാരെപ്പോലെ പുനർജന്മകഥയിലും എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല. മുമ്പിൽക്കാണുന്ന ഈ ജീവിതത്തിൽ കവിഞ്ഞുനില്ക്കുന്ന അദൃശ്യമായ മറെറാന്നിൽ വിശ്വസിക്കുന്നതു് വിഡ്ഢിത്തമെന്നാണ് എൻെറ പൂർണ്ണവിശ്വാസം.''

''അപ്പോൾ ഈശ്വരവിശ്വാസമോ?''

''ഓരോ വർഗ്ഗക്കാരും ഓരോ മതക്കാരും ഓരോ ഈശ്വരനെ സൃഷ്ടിച്ചിരിക്കുന്നു. ക്രിസ്ത്യാനികളുടെ ഈശ്വരനല്ല, മുസ്ലീമിങ്ങളുടേതു്. ഹിന്ദുക്കൾ പഴയ മഹാകവികൾ സൃഷ്ടിച്ചിട്ടുള്ള കൃഷ്ണനേയും

രാമനേയുമാണ് ഈശ്വരരൂപങ്ങളായി ഗണിക്കുന്നതു്. അതുകൊണ്ടു് ഞാൻ യാതൊരു ഈശ്വരനിലും വിശ്വസിക്കുന്നില്ല.''

''ഇന്ത്യയിലും ഇത്തരക്കാരുണ്ടു്. അവരെ നാസ്തികന്മാർ, ചാർവ്വാകന്മാർ, എന്നു വിളിക്കുന്നു.''

''അപ്പോൾ, ഭൂമിക്കപ്പുറത്തും എനിക്കു കൂട്ടുകാരുണ്ടെന്നറിഞ്ഞതിൽ സന്തോഷം. ഇനി എന്റെ ജീവിതലക്ഷ്യം പറഞ്ഞാൽ പൊറുത്തപ്പെട്ടും. നിങ്ങൾക്കു മനസ്സിലാക്കാനും കഴിയും മരണനിമിഷംവരെ കഴിവുള്ളിടത്തോളം സകല സുഖങ്ങളും സന്തോഷങ്ങളും അനുഭവിക്കാൻ ഉററുശ്രമിക്കണം, അപ്പുറവും ഇപ്പുറവും നോക്കാതെ...''

''അതു വലിയ സ്വാർത്ഥതയല്ലേ?''

''ഞാൻ മുഴുക്കെ പറഞ്ഞില്ല. അതേ സുഖങ്ങളും സന്തോഷങ്ങളും അന്യർക്കും അനുഭവിക്കാൻ എന്നാലാവതു ചെയ്തുകൊടുക്കണം, ജാതി-മത-വർഗ്ഗ-വർണ്ണവ്യത്യാസങ്ങളൊന്നും നോക്കാതെതന്നെ. ഇനിയും എന്നെ സ്വാർത്ഥയാണെന്നു നിങ്ങൾ വിളിക്കുകയില്ലല്ലോ?''

''അങ്ങനെയാണെങ്കിൽ നിങ്ങളുടെ ഉദ്ദേശ്യം മഹത്തുതന്നെ.''

''നിങ്ങൾ വേണമെങ്കിൽ പരീക്ഷിച്ചുനോക്കൂ. ഏതുവിധം സുഖമോ സന്തോഷമോ നിങ്ങൾക്കു വേണ്ടതു്, നിങ്ങൾ അതാവശ്യപ്പെട്ടുകൊള്ളൂ; 'മുട്ടിയാൽ തുറക്കപ്പെടും' എന്ന തത്ത്വമനുസരിച്ചു് എന്നാൽ കഴിവുള്ളതാണെങ്കിൽ അതുടൻ നിങ്ങൾക്കു ലഭിക്കുന്നതായിരിക്കും. ഞാൻ ജീവിതത്തിൽ ഇന്നോളം ആരെയും കബളിപ്പിച്ചിട്ടില്ല. തുറന്ന മനസ്സോടുകൂടിയ സത്യസന്ധയായ ഒരു സ്ത്രീയാണെന്നുള്ള കാര്യത്തിൽ ഞാൻ അഭിമാനിക്കുന്നു.''

''കൊള്ളാം, ഞാനും അഭിമാനിക്കുന്നു, നിങ്ങളെ സുഹൃത്തായി കിട്ടിയതിൽ.''

ഒരുനിമിഷം കഴിഞ്ഞു് അവൾ ചോദിച്ചു: ''ഇനി നിങ്ങളുടെ ജീവിതലക്ഷ്യമെന്തെന്നു് ഞാൻ ചോദിക്കുന്നതു് മര്യാദകേടാകുകയില്ലല്ലൊ?''

''കഴിവുള്ളിടത്തോളം ശാന്തിയും മനസ്സമാധാനവുമുള്ള ഒരു ജീവിതലബ്ധിയാണു് എന്റെ ലക്ഷ്യം.''

''കൊള്ളാം, പക്ഷേ, സുഖവും സന്തോഷവുംകൂടാതെ ശാന്തിയും മനസ്സമാധാനവും എങ്ങനെ കിട്ടും?''

''ആലോചിച്ചുനോക്കൂ ബാരേ, എല്ലാ സുഖങ്ങളും നൈമിഷികങ്ങളല്ലേ? പാടുപെട്ടു നേടിക്കഴിയുമ്പോൾ അവ മിന്നൽപോലെ മാഞ്ഞുമറയുന്നു. പിന്നെ, സുഖസന്തോഷങ്ങൾക്കുവേണ്ടിയുള്ള വേട്ടയിൽ പലപ്പോഴും മനുഷ്യനു കൈവരുന്നതു് ദുഃഖവിഷാദങ്ങളല്ലേ?—''

''ശാന്തി–സമാധാനങ്ങൾക്കുവേണ്ടിയുള്ള വേട്ടയിലും മറിച്ചുള്ള അനുഭവങ്ങൾ കൈവന്നുകൂടേ? ദുഃഖമാർഗ്ഗങ്ങളിൽക്കൂടിയാണ് ശാന്തിവേട്ടക്കാർ—പാവങ്ങൾ—സഞ്ചരിക്കാറുള്ളത്. അവർക്ക് ലക്ഷ്യത്തിലും ദുഃഖമാണു കിട്ടുന്നതെങ്കിൽ അവരുടെ മാർഗ്ഗവും ദുഃഖം, ലക്ഷ്യവും ദുഃഖം!'' പൊട്ടിച്ചിരി. "എന്താ തോൽവി സമ്മതിച്ചോ?''

''എല്ലാ പ്രശ്നങ്ങൾക്കും മറുവശങ്ങളുണ്ട്. അവകൂടി നോക്കുമ്പോൾ തോൽവി ജയമായി മാറും.''

''പ്രിയസ്നേഹിതാ! ഈ റോഡുകളിലെ തിക്കും തിരക്കും നോക്കൂ! എത്ര ആയിരം കാറുകളാണ് ഓരോ ലക്ഷ്യങ്ങളോടുകൂടി, അല്പരായ ഈ മനുഷ്യരെപ്പോലെതന്നെ, തെരുതെരെ പാഞ്ഞുകൊണ്ടിരിക്കുന്നത്! പ്രതിദിനം 720 റോഡപകടമരണങ്ങൾ യു.എസ്.എ.യിൽ ഉണ്ടാകുന്നു എന്നാണ് കണക്ക്. അതായത് രണ്ടു മിനിട്ടിൽ ഒന്നുവീതം. ഏതു നിമിഷത്തിലും നമുക്കും ഒരപകടമരണം ഉണ്ടാകാവുന്നതേയുള്ളു. അങ്ങനെയുള്ള ഈ നിസ്സാരജീവിതത്തിൽ ഒരുമാതിരി വിഷാദാത്മകതയ്ക്കു വഴിപ്പെടാതെ ബ്രൗണിങ് കവി പറഞ്ഞപോലെ എങ്ങും സദാ സന്തോഷാത്മകത നിറഞ്ഞിരിക്കുന്നതായി ദർശിക്കുന്നതല്ലേ ആശാസ്യം? ഞങ്ങൾ അമേരിക്കക്കാരുടെ ആദർശം അതാണ്. ഏതു വർഗ്ഗത്തിൽപ്പെട്ടവരായിരുന്നാലും—ഞങ്ങൾ ലോകത്തെ എല്ലാ പ്രധാനവർഗ്ഗങ്ങളിലും പെട്ടവരുണ്ട്—ഞങ്ങളെല്ലാപേരുടെയും പ്രധാന ജീവിതലക്ഷ്യവും ആദർശവും സുഖസമ്പാദനമാണ്. ഞങ്ങളെപ്പോലെ ജീവിതസുഖങ്ങൾ അനുഭവിക്കുന്നവർ—അതിനുവേണ്ടി കിണഞ്ഞുപരിശ്രമിക്കുന്നവർ—ലോകത്തു മറെറാരു ജനതയുമില്ല. ഈ സംഗതി മനസ്സിൽ വയ്ക്കാതെ അമേരിക്കക്കാരെപ്പററി നിങ്ങൾ എന്തെങ്കിലും ചിന്തിക്കുകയോ എഴുതുകയോ ചെയ്യുന്നതു് ഒരിക്കലും ശരിയായിരിക്കയില്ല. എന്താ, നിങ്ങൾ ചിന്താക്രാന്തനായിരിക്കുന്നതു്? വിഷാദാത്മകതയ്ക്കു വഴിപ്പെട്ടിരിക്കയാണോ?''

''നേരേമറിച്ച് നിങ്ങളുടെ പകരുന്ന ആനന്ദാത്മകതയ്ക്കു കീഴ്പെട്ടു കുഴങ്ങിയിരിക്കയാണ്.''

''നന്ന്. ഞാൻ നിങ്ങളെ നിശ്ശേഷം മാനസാന്തരപ്പെടുത്തിയെടുക്കും. തനി അമേരിക്കനാക്കിത്തീർക്കും. ഞങ്ങളുടെ ചില ആനന്ദാസ്വാദനകേന്ദ്രങ്ങളിൽ നിങ്ങളെ പ്രവേശിപ്പിക്കും. നിങ്ങൾ സ്തംഭിച്ചിരുന്നുപോകും; അല്ല, ആനന്ദംകൊണ്ടു തുള്ളിച്ചാടിപ്പോകും. നിങ്ങൾ ഞങ്ങളുടെ എക്സ് ഫിലിമുകൾ കണ്ടിട്ടുണ്ടോ?''

''കേട്ടിട്ടുണ്ട്. ഇന്ത്യയിൽ അവ കർശനമായി നിരോധിക്കപ്പെട്ടിരിക്കുന്നു.''

"എന്താ, നമുക്കിപ്പോൾ അവയിൽ ഒന്നിനു കൂടാമോ?''

''വിരോധമില്ല; എപ്പളാ സമയം?''

''രാവിലെ 9-ന തുടങ്ങും. മുമ്മൂന്നു മണിക്കൂർ തുടർച്ചയായി രാത്രി 12 വരെ കാണും. കഴിവതും നേരത്തേ പോകുന്നതാണു നന്നു്.''

പാഠം ഒഴിഞ്ഞുമാറിയതു് ഇവരം സ്വമേധയാ കൊണ്ടുപോയി കാട്ടാമെന്നു് ഏറ്റെടുത്തിരിക്കുന്നു!

വാഷിങ്ങ്ടൺ പാലം കഴിഞ്ഞു് ന്യൂയോക്കിലെ തിരക്കേറിയ തെരുവുകളിൽക്കൂടി ഞങ്ങൾ സഞ്ചരിക്കയായിരുന്നു. ഉന്നതസൗധങ്ങളും ജനസഞ്ചയങ്ങൾ തിങ്ങിയ തെരുവുകളും പാലങ്ങളും വിപണികളും പരിചയപ്പെടുത്തിക്കൊണ്ടു് അമന്ദഗതിയായി ബാര കാറോടിക്കുന്നു. ഒരു നല്ല ഗൈഡിനെപ്പോലെ ന്യൂയോക്കിന്റെ പ്രധാനഭാഗം നിലകൊള്ളുന്ന മാൻഹട്ടൻ ദ്വീപിന്റെ സംവിധാനം അവരം വിവരിച്ചുതന്നുകൊണ്ടിരുന്നു:

മാൻഹട്ടൻ: ''മാൻഹട്ടൻ ദ്വീപിനു 12.5 മൈൽ നീളമുണ്ടു്. കൂടുതൽ വീതി 2.5 മൈൽ. ദ്വീപിന്റെ തെക്കേ പകുതിയിലാണു് നാമിപ്പോൾ. ഇക്കാണുന്ന 10 ചതുരശ്രമൈലിനുള്ളിലാണു് ന്യൂയോക്കിന്റെ പ്രധാനകേന്ദ്രം. പടിഞ്ഞാറു് അതേ കാണുന്നതു് ഹഡ്സൺനദി. കിഴക്കേ അതിർത്തിയിലാണു് ഈസ്റ്റ് റിവർ.''

''ഈസ്റ്റ് റിവർ ഹഡ്സൺന്റെ ഒരു ശാഖയല്ലേ?''

''അല്ലല്ല. ഹഡ്സൺനദിയെപ്പോലെ പ്രധാനമായ മറെറാരു നദിയാണതു്. ന്യൂയോക്ക് ഹാർബറിൽവെച്ചു് അവർ ഒന്നിച്ചുചേന്നു് അററ്ലാൻറിക്കിൽ പതിക്കുന്നു. ഇവിടത്തെ ഭൂമിശാസ്ത്രവും ചരിത്രവും എന്നെപ്പോലെ അറിയാവുന്നവർ ചുരുങ്ങും.''

തെരുവുകളുടെ നമ്പരുകൾ കാട്ടിക്കൊണ്ടു് അവരം തുടന്നു: ''നോക്കൂ, മാൻഹട്ടനിൽ തെക്കുവടക്കു നെടുകേ കാണുന്ന തെരുവുകൾ അവന്യൂകളാണു്. ലക്സിങ്ങ്ടൺ, മാഡിസൺ എന്നീ രണ്ടു് അവന്യൂകൾമാത്രം പേരുകൊണ്ടു് അറിയപ്പെടുന്നു. ബാക്കിയെല്ലാം നമ്പരുകൾകൊണ്ടും. തെരുവുകളും എല്ലാം നമ്പരുകൾതന്നെ. ഇക്കാണുന്നതു് ബ്രോഡ്‌വേ. ഇതേ, സ്ട്രീററ് നമ്പർ 42. ഇവിടംമുതൽ 52-ാംനമ്പർവരെയുള്ള തെരുവുകൾ 'Great White Way' എന്നറിയപ്പെടുന്നു.''

''എന്താ കാരണം?''

''മണി ഒമ്പതുകഴിഞ്ഞതേയുള്ളൂ. തിരക്കും ബഹളവും നോക്കൂ. രാപ്പകൽ ഇവിടെ പ്രകാശവും സുഖഭോഗങ്ങളുടെ സമൃദ്ധിയും ആനന്ദകോലാഹലങ്ങളും ഒത്തിണങ്ങി 'മഹത്തായ വെൺപ്രഭ' നിരന്തരമായി പരത്തുന്നു. ഇക്കാണുന്ന സൗധങ്ങളിൽ ഭൂരിഭാഗവും വലിയ റെസ്റ്റാറൻറുകളും നൈററ്ക്ലബ്ബുകളും പലവിധം തിയേററുകളുമാണു്. ഇവ പകലിനെ രാത്രിയാക്കുന്നു, രാത്രിയെ പകലാക്കുന്നു. കാറുകൾ നിറഞ്ഞൊഴുകുന്ന ഈ റോഡുകളും മനുഷ്യർ തിങ്ങിനീങ്ങുന്ന രണ്ടു

വശവുമുള്ള ഫുട്പാത്തുകളും എത്രമാത്രം ഉല്ലാസഭരിതമാണെന്നു നോക്കൂ. ഒരു നിമിഷം; ഞാനിതാ വന്നേച്ചു.''

'Emergency Parking' എന്ന ബോഡ് കണ്ടിടത്തു് അവരം കാർ നിറുത്തിയിട്ടിറങ്ങി ഫുട്പാത്തിൽ സഞ്ചരിച്ചിരുന്ന ജനക്കൂട്ടത്തിൽ ഒരു പയ്യനോട്ട് എന്തോ ചോദിച്ചിട്ടു മടങ്ങിവന്നു.

''ഇനി 12–നാണ് അടുത്ത ഷോ തുടങ്ങുന്നതു്. അതിന്നിടയ്ക്കു് നമുക്കു മററവിടെയെങ്കിലും പോകാം. എവിടെപ്പോകണം?''

''ഞാനും രാധയുംകൂടി ന്യൂയോർക്ക് കണ്ടപ്പോരം എമ്പയർ സ്റ്റേററ് ബിൽഡിങ്ങിൻെറ ഒരു വിഹഗവീക്ഷണമേ എനിക്കു കിട്ടിയുള്ളു ''

''അതിനെന്താ? ഓരോ മുറിയായിട്ടു് 122 നിലയിലും ഞാൻ കൊണ്ടുനടന്നു കാണിക്കാം. 24 മണിക്കൂറെങ്കിലും ഇടവിടാതെ വേണ്ടിവരുമെന്നേയുള്ളു. പിന്നെ എന്നോടൊന്നിച്ച് കോണിപ്പടി കേററനും ഒരുക്കമായിരിക്കണം. ലിഫ്ററിലാണെങ്കിൽ എല്ലാം ഒരു മണിക്കൂർകൊണ്ടു കഴിയും.''

എമ്പയർ സ്റ്റേററ് ബിൽഡിങ്ങിനുള്ളിൽ: ഇതിനുള്ളിൽ ഞങ്ങരം അഞ്ചാം അവന്യുവിൽ 34–ാം തെരുവിൽ 1472 അടി ഉയർന്നുനില്ക്കുന്ന ലോകാത്ഭുതങ്ങളിൽ ഒന്നായ ആ മഹോന്നതമന്ദിരത്തിൻെറ കവാടത്തിലെത്തിക്കഴിഞ്ഞിരുന്നു. ടിക്കററാഫീസിൽ വലിയ ക്യൂ. 1.50 ഡോളർ പ്രവേശനഫീസ്. സുഖശീതളവും സംഗീതമധുരവുമായ ആ മുറിക്കകത്തു് 15 മിനിററു കാത്തുനില്ക്കേണ്ടിവന്നു ടിക്കററ് കിട്ടാൻ.

താഴത്തെ നിലകളിൽ ഓഫീസുകളാണ്. 16,000 പേർ പണിയെടുക്കുന്നുണ്ടവിടെ. ആകെ ഒന്നോടിച്ചുനോക്കി: ''സംവിധാനത്തിൻെറ മേന്മയാണ് ഇത്രയധികം ആളുകരം ഉരംക്കൊള്ളാൻ കഴിയുന്നതു്,'' ബാര പറഞ്ഞു, ''അമേരിക്കൻ എൻജിനീയറിങ് കലയുടെ മഹത്വം ഓരോ കല്ലുവസ്സിലും കാണാം.''

''ആദ്യത്തെ എണ്പതുനില ഒററക്കുതിപ്പിലാണ് കേറുന്നതു്. ഭയമുണ്ടെങ്കിൽ എന്നെ മുറുകെ പിടിച്ചുകൊള്ളു.'' ലിഫ്ററിൽ കയറിയപ്പോരം ബാര പറഞ്ഞു.

നിറയെ ആളുണ്ടു്. പൊങ്ങിയതു് അറിഞ്ഞതേയില്ല. മൂന്നു മിനിററിനുള്ളിൽ എണ്പതാം നിലയിലെത്തി. അവിടെനിന്നു മറെറാരു ചെറിയ ലിഫ്ററിൽ കയറി, എണ്പത്താറാം നിലയിലേക്കു കുതിച്ചുപൊങ്ങി. അവിടം ഒരു ഒബ്സർവേറററിയാണ്. പുറംപാടും കാണുന്നതിലേക്ക് ബാൽക്കണി സൗകര്യപ്പെടുത്തിയിരിക്കുന്നു. അരമതിലിന്നു മുകളിൽ കമ്പിവലകൊണ്ടു് സുരക്ഷിതമാക്കിയിട്ടുണ്ടു്. വിമാനത്തിലിരുന്നെന്നപോലെ ചുററിനുമുള്ള 100 ചതുരശ്രമൈൽ ദൂരം ദൂരദശിനിയുടെ സഹായംകൂടാതെതന്നെ അവിടെ നിന്നു കാണാം. ന്യൂയോർക്കിലും പരിസരങ്ങളിലുമുള്ള അത്യുന്നതസൗധ

ങ്ങൾ ചിത്രലേഖനംപോലെ കാണപ്പെട്ടു. തിളങ്ങുന്ന വെള്ളിക്കസവുപോലെ ഹഡ്സൺനദിയും ഈസ്റ്റ് റിവറും. വൃക്ഷസമൂഹങ്ങൾ പച്ചപ്പായൽപോലെ. റോഡുകളിൽ ഓടുന്ന കാർനിരകൾ പല നിറത്തിലുള്ള ഉറുമ്പുകൾ ഊരുന്ന മട്ടിൽ. അതിശക്തിയായി വീശിയിരുന്ന തണുത്ത കാററ് തള്ളിമറിച്ചിടുമെന്നു തോന്നി. കൃശഗാത്രിയായ ബാര പേടിച്ചെന്നപോലെ എൻെറ തോളിൽ മുറുകെ പിടിച്ചിരുന്നു.

ഒരു റസ്റ്റാറൻറും ഏതാനും ഷോപ്പുകളും അവിടെയുണ്ട്. ഞങ്ങൾ ഓരോ കോൺക്രീം മേടിച്ചു തിന്നു. ചൂടുപലഹാരങ്ങളും ഡ്രിങ്കുകളും പലതും മേടിച്ചു കഴിക്കുന്നു. 50 സെൻറ് കൊടുത്താൽ പെട്ടെന്നു് ഒരു കളർഫോട്ടോ എടുത്തു കിട്ടും. ഞങ്ങൾ അടുത്തടുത്തു നിന്നും ഇരുന്നും ഓരോ ഫോട്ടോ എടുത്തു. അവിടെ ഒരു വിസിറേറർസ് ബുക്കുള്ളതിൽ ''ഇന്ത്യക്കാരനായ മിസ്റ്റർ 'മെക്കാളെ പിള്ളെ' യുമൊത്തു 10.30–നു സന്ദർശിച്ചു'' എന്നെഴുതി ബാര ഒപ്പിട്ടു 'ലോകാത്ഭുതങ്ങളിലൊന്നായ ഈ സൗധദർശനം എന്നെ പുളകമണിയിക്കുന്നു. കൂട്ടുകാരി ബാരയ്ക്കു കൃതജ്ഞത' എന്നു മലയാളത്തിൽ ഞാനും എഴുതി.

മറെറാരു പെറിയ ലിഫ്ററിൽ അവിടെനിന്നു നൂററിരണ്ടാം നിലയിലേക്കു കയറി. ബലത്ത ലോഹത്തൂണുകളിലുറപ്പിച്ച കണ്ണാടിച്ചുവരുകളുള്ള ഒരു ഭംഗിയേറിയ ഗോപുരമാണവിടം. ഇതിൻെറ മുകളിൽ ടെലിവിഷൻപ്രക്ഷേപണങ്ങൾ നാലുഭാഗത്തേക്കുമയയ്ക്കുന്ന ഇരുപതു നിലയുള്ള ടവ്വർ നിലകൊള്ളുന്നു. ''എട്ടു ടെലിവിഷൻ കമ്പനികളുടെ പ്രക്ഷേപണങ്ങൾ ഇവിടെനിന്നു് അയയ്ക്കപ്പെടുന്നു. ഈ ടവ്വറുംകൂടി ചേർന്നാലുള്ള ആകെ പൊക്കമാണു് 1499 അടി.'' ബാര പറഞ്ഞുതന്നു.

ശക്തിയേറിയ ദീപങ്ങൾ ഒരു ദീപസ്തംഭത്തിൽനിന്നെന്നപോലെ അവിടെ ജ്വലിച്ചുകൊണ്ടിരിക്കുന്നു, രാപ്പകൽ ഭേദമെന്ന്യേ. വിമാനങ്ങൾ വന്നു മുട്ടാതിരിക്കാനുള്ള കരുതലാണിതു്.

''കീഴററംവരെ ഇറങ്ങാനുള്ള എമർജൻസി കോണിപ്പടിയാണിതു്. ഒന്നു പരീക്ഷിക്കാമെന്നു തോന്നുന്നുണ്ടോ?'' ബാര ആരാഞ്ഞു. ''ഒരു മണിക്കൂർ വേണം. എന്നെ കോത്തുപിടിച്ചുകൊണ്ടാൽ മതി.'' ചുററിയിറങ്ങുന്ന കോണിപ്പടി അവൾ കാട്ടിത്തന്നു.

''ആരും പരീക്ഷിക്കാത്തതു് നാം പരീക്ഷിച്ചാൽ വിഡ്ഢികളായിത്തീരും. നമുക്ക് ഈ വിശ്വമഹാത്ഭുതത്തോടു വിടപറയാം.''

അഞ്ചു മിന്നിററിനുള്ളിൽ ഞങ്ങൾ വേനൽച്ചൂടേററു പൊരിയുന്ന ഭൂതലത്തിലെത്തി.

മേസിസ് സൂപ്പർ മാർക്കററിൽ: ''പതിനൊന്നായതേ ഉള്ളൂ. ഇവിടെ 34 മുതൽ 57 വരെയുള്ള തെരുവുകളിലാണു് ലോകത്തേക്കു

വച്ച് ഏററവും വലിയ വിപണിയായ മേസിസ് സൂപ്പർമാക്കററ്. ഒന്നു ചുററിക്കറങ്ങാം, എന്താ?''

വൈപുല്യംകൊണ്ടും സാധനസാമഗ്രികളുടെ വൈവിധ്യംകൊണ്ടും അതുല്യമായ ഈ ഡിപ്പാർട്ടുമെൻറൽ സ്റ്റോർ ഒരു കച്ചവടനഗരംതന്നെ. ഓരോ പ്രത്യേക സാധനത്തിനും എട്ടും പത്തും കൊട്ടാരതുല്യമായ അലങ്കരിച്ച പവിലിയനുകൾപോലുള്ള കമ്പോളമന്ദിരങ്ങളുണ്ട്. അവിടെ കിട്ടാത്ത സാധനങ്ങൾ ഒന്നുമില്ല എന്നു പറഞ്ഞു ചുരുക്കാം. നാനാവർണ്ണസങ്കലമായ ജനസഞ്ചയങ്ങൾ എങ്ങും തിങ്ങിനീങ്ങുന്നു. എല്ലാം ഒന്നോടിച്ചുനോക്കിക്കൊണ്ട്, പ്രധാനപ്പെട്ട ഷോപ്പുകളിൽനിന്ന് എന്തോ ഒക്കെ മേടിച്ചുകൊണ്ട്, ഞങ്ങൾ ഓടി നടന്നു. വിലകൂടിയ ഒരു കുപ്പി സെൻറ്—ദേഹത്തു സ്പ്രേ ചെയ്യാവുന്നതു്—ബാര മേടിച്ച് എനിക്കു സമ്മാനിച്ചു. പകരം എന്തെങ്കിലും മേടിച്ചു കൊടുക്കാൻ എന്നെ അനുവദിച്ചില്ല.

ഒരു മണിക്കൂർ അവിടെ കഴിച്ചുകൂട്ടിയതു് അറിഞ്ഞില്ല. കേക്കും ബ്രഡും ആപ്പിളും ഓറഞ്ചും മററും ബാഗുനിറയെ ബാര കരുതി.

''മണി പന്ത്രണ്ടടുക്കുന്നു. നമുക്കു തിയേററിലേക്കു നീങ്ങാം.''

നാല്പത്തിരണ്ടാം തെരുവിലേക്കു ഞങ്ങൾ പാഞ്ഞു.

ഫിലിം: കൗണ്ടറിലിരിക്കുന്ന രണ്ടു ഹിപ്പിയുവാക്കന്മാർ സാകൂതമന്ദസ്മിതത്തോടെ ഞങ്ങളെ നോക്കുന്നുണ്ടായിരുന്നു. ടിക്കററ് ഏർപ്പാട് ഇല്ല. ആളൊന്നിനു മൂന്നു ഡോളർ മേടിച്ചുകൊണ്ട് ഓരോ പിച്ചള ടോക്കൺ തന്നു. വാതിലിൻെറ തുണിലുള്ള ഒരു ദ്വാരത്തിൽ അതിട്ടിട്ടു തള്ളിയാൽ വാതിൽ തുറക്കും. ഉടൻ അകത്തു കടന്നുകൊള്ളണം.

തിയേററിനകം ഇരുൾമയം. മൃദുലസംഗീതം മുഴങ്ങുന്നു. ആണോ പെണ്ണോ നിരന്നിരിക്കുന്നതെന്ന് അറിഞ്ഞുകൂട. അത്യുഷ്ണമായിരുന്ന പുറത്തുനിന്ന് തണുത്ത അകത്തു കയറിയപ്പോൾ ബഹുസുഖം. ഇടവേളയാണെങ്കിലും വെളിച്ചമില്ലായ്മ ഒരു നല്ല രക്ഷാകവചമായി അന്തേവാസികൾ കരുതിയിരിക്കുന്നതുപോലെ തോന്നി. ബാര എന്നെ മുറുകെ പിടിച്ചുകൊണ്ട് ഇടനാഴിയിൽക്കൂടി സീററുകൾതേടി നടന്നു. ഒരു മൂലയിൽ അടുത്തടുത്തു രണ്ടു സീററുകൾ കണ്ടുകിട്ടി. നല്ല സ്പ്രിങ്കുഷനുള്ള സീററുകൾ. അററത്തേതിൽ അവളിരുന്നു. എന്നെ ഉള്ളിലത്തേതിൽ പിടിച്ചിരുത്തി. ഇടയ്ക്കുള്ള ഹാൻഡ്റെസ്റ്റ് പൊക്കിയപ്പോൾ ചേർന്നിരിക്കാൻ കഴിഞ്ഞു. തണുപ്പിന്നു് അല്പം ആശ്വാസം കിട്ടി.

''സൂക്ഷ്മം പന്ത്രണ്ടരയ്ക്കു തുടങ്ങും. മൂന്നിന്നു തീരും. ഇനി മൂന്നു മിനിറേറ ഉള്ളു. ഈ കേക്കും ആപ്പിളും മററും നമുക്കു തിന്നാം.'' കേക്കും പഴങ്ങളും മററും പേപ്പർപ്ലേററിൽ തന്നു. നാപ്കിൻ മടിയിൽ വിരിച്ചു തിന്നുതുടങ്ങി. ഒരു V5-ം പൊട്ടിച്ചു തന്നു. വിശപ്പും ദാഹവും അടങ്ങാൻ അവ ധാരാളം മതിയായിരുന്നു.

എന്തായിരിക്കും കാണാൻ പോകുന്നതു്? വെറും തെറി, വഷളത്തം, രതിവികൃതി, എന്നൊക്കെ പലരും പറഞ്ഞുകേട്ടിട്ടുണ്ടു്. സിദ്ധാർത്ഥ, Last Dingo തുടങ്ങിയ ഫിലിമുകളിൽ സംഭോഗപ്രക്രിയകളുടെ പ്രദർശനം മറവോടുകൂടിയും അല്ലാതെയും കണ്ടിട്ടുള്ളതാണു്. അവയേക്കാളും മോശമായതുകൊണ്ടു് ജീയെ കൊണ്ടുകാട്ടാൻ വിഷമമാണെന്നു പാം പറഞ്ഞതോർത്തു. എന്തൊക്കെയാണാവോ ഈ മറവിലും ഒളിവിലും ഇവിടെ കാണുക?

തുടങ്ങുന്നു. നല്ലൊരു കളർ ഫിലിം.

ഒരു വേശ്യാമദാമിന്റെ മുറിയിൽ യുവാവായ ഒരു മിലിട്ടറി ഓഫീസർ—തോക്കുധാരി—പ്രവേശിച്ചു് രണ്ടു മിനിട്ടു സംസാരിക്കുന്നു. ഏതാനും പേപ്പറുകൾ പരിശോധിക്കുന്നു. ഡോക്ടർ സർട്ടിഫിക്കററുകളാണെന്നു തോന്നുന്നു. സന്തുഷ്ടനായ അയാൾ മദ്യം കഴിച്ചു് ഹിറോയിൻ സിഗറും വലിച്ചു്, മദാമിനു് ഒരു ചുംബനവും നല്കിയിട്ടു് അകത്തേക്കു കടക്കുന്നു. പിന്നാലെ സ്വർണ്ണവർണ്ണയായ ഒരു യുവസുന്ദരി—ഇരുപതു കഴിഞ്ഞിട്ടില്ലാത്ത ആരോഗ്യവതിയായ പെണ്ണു്—അരക്കെട്ടുമാത്രം ഒരു തുണിക്കഷണംകൊണ്ടു മറച്ചിട്ടുണ്ടു്—ചുവന്നു ഭംഗിയേറിയ ചൂചുകങ്ങളുള്ള കുത്തുമുലകൾ ഞെളിഞ്ഞു കാട്ടിക്കൊണ്ടു് പ്രവേശിക്കുന്നു. തോക്കു് മൂലയ്ക്കു ചാരിയിട്ടു് ഉടുപ്പൂരുന്ന യുവാവു് താൽപര്യത്തോടെ—ഒരു ആഭാസച്ചിരിയോടെ—അവളെ പരിശോധിക്കുകയും അവളോടു വിലപേശുകയും ചെയ്യുന്നു. ഇരുപതു ഡോളർ വേണം. അതു് അയാൾ സമ്മതിക്കുന്നു. നിക്കറിന്റെ പോക്കററിൽനിന്നു് അയാൾ രണ്ടു പച്ചനോട്ടു് എടുത്തു നീട്ടി. കൈ നീട്ടി മേടിക്കുന്നതിനു പകരം അവൾ അരക്കെട്ടിൽ ബാക്കിയുള്ള വസ്ത്രം മാററിക്കൊടുക്കുകയാണു്. അയാൾ നോട്ടുകൾ അവളുടെ ഗോപനീയാംഗത്തിൽ ചൊരുകിക്കൊടുക്കുന്നു. രണ്ടുപേരും സമ്പൂർണ്ണനഗ്നരാകുന്നു. പിന്നെ...

ശ്വാനമാർജ്ജാരാദിമൃഗമൈഥുനപ്രക്രിയകൾ പറമ്പുകളിലും റോഡുകളിലും മററു പരസ്യസ്ഥലങ്ങളിലും കാണുക നമ്മുടെ നാട്ടിൽ അസാധാരണമല്ല. നായ്ക്കളെയും മററു വീട്ടുജന്തുക്കളെയും പൂട്ടിയിട്ടു വളർത്താറുള്ള അമേരിക്കൻ നാഗരികർക്കു് അമ്മാതിരി അരോചകമായ വികൃതക്കാഴ്ചകൾ നിഷിദ്ധമാണു്. പബ്ലിക്കായി അവയൊക്കെ കാണാൻ അവർ അവസരം നൽകുന്നുമില്ല. അമ്മാതിരി മൃഗസംഭോഗങ്ങൾ കാണാനിടയായിട്ടുള്ളപ്പോഴൊക്കെ എനിക്കു പ്രകൃതിയുടെ വർഗ്ഗസംരക്ഷണവ്യഗ്രതയെക്കുറിച്ചേ ചിന്തിക്കാൻ കഴിഞ്ഞിട്ടുള്ളു. സോദ്ദേശ്യമല്ലാത്ത എന്തിനെങ്കിലും പ്രകൃതി വട്ടംകൂട്ടാറുണ്ടോ എന്നു സംശയിക്കുന്നു. ഇത്ര ബീഭത്സമായ മുഖസുരതവും മററു രതിവികൃതികളും ഇങ്ങനെ പരസ്യമായി പ്രദർശിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം? പിന്നണിസംഗീതത്തിന്റെ താളമേളത്തിനൊത്തു് മറി

ഞ്ഞും തിരിഞ്ഞും നിവൎന്നും കമഴ്ന്നും ചരിഞ്ഞും പിരിഞ്ഞും പ്രകൃതി നിൎദ്ദേശിക്കുന്ന ഉദ്ദേശങ്ങൾക്കല്ലാതെ ഉത്തമാംഗോപാംഗങ്ങളെ പ്രവൎത്തിപ്പിക്കുന്നതു എന്തുമാതിരി പ്രീണനമാണാവോ നല്കുന്നതു്? ലജ്ജാവിവശനായിട്ടാണു് ഞാൻ ആ കാഴ്ച നോക്കിയിരുന്നതു്, നീണ്ട അരമുക്കാൽ മണിക്കൂർനേരം. ഇവന്മാർ രഹസ്യമായി ഇതൊക്കെ നടത്തിക്കൊള്ളട്ടെ, ഈ പരസ്യപ്രദൎശനം എന്തിനു്?

''അയാളുടെ വീൎയ്യശക്തി (virility)!'' ബാര സാശ്ചൎയ്യം കമന്റു് ചെയ്യുകയാണു്. "ഒരു മണിക്കൂറോളം ആകുന്നല്ലോ!''

''ഒന്നോ രണ്ടോ മണിക്കൂർ വേണമെങ്കിലും ഫിലിമിൽ ഇതൊക്കെ ആവൎത്തിക്കാവുന്നതല്ലേ ഉള്ളു?''

''നിങ്ങൾ നല്ലോണം ശ്രദ്ധിക്കുന്നില്ല. സംഗീതത്തിന്റെ താളം മാറുന്നതും പ്രവൎത്തനരീതി അതോടൊത്തു മാറിവരുന്നതും ശ്രദ്ധിക്കൂ. ഇന്ത്യയിൽ ഇങ്ങനെയൊന്നുമില്ലേ?''

''കാമസൂത്രഗ്രന്ഥങ്ങളിൽ വായിച്ചിട്ടുണ്ടു്. ചുവർചിത്രങ്ങളിലും ദാരുശില്പങ്ങളിലും മററും കണ്ടിട്ടുമുണ്ടു്.''

''അല്ലാതെ ഇങ്ങനെയൊന്നും ഇന്ത്യാക്കാർ ചെയ്യാറില്ലേ?''

''ഇല്ലെന്നുണ്ടെങ്കിൽ ചിത്രങ്ങളിലും മററും കാണുമോ?''

''ഞാൻ പറയാം. നിങ്ങൾ യാഥാൎത്ഥ്യങ്ങൾ—അതായതു് ചെയ്യാൻ ആഗ്രഹിക്കുന്നവയും ചെയ്യുന്നവയുമായ സത്യങ്ങൾ—മറയ്ക്കാൻ ശ്രമിക്കുന്നവരാണു്. ഞങ്ങൾ നേരേ മറിച്ചും. സാഹിത്യത്തിലും കലകളിലും ഫിലിമുകളിലും ഞങ്ങളുടെ സത്യസന്ധതയും ആൎജ്ജവവുമാണു് കാണുന്നതു്.''

''അഭിപ്രായം അത്ര ശരിയല്ല. നമുക്കു പുറത്തിറങ്ങിയിട്ടു തൎക്കിക്കാം.''

''അങ്ങനെയാകട്ടെ. ദേ, നോക്കൂ, അയാളുടെ പണി. എന്തൊരു ചുണക്കുട്ടൻ!''

ആ രംഗത്തിന്റെ അവസാനം അതിബീഭത്സമായിരുന്നു.

'വൃത്തികെട്ട ഹീനമനുഷ്യനായ്ക്കൾ!' ഞാൻ പുറത്തു പറഞ്ഞില്ലെന്നേയുള്ളു. ''ഇതുംകൂടി കാട്ടിയാലേ ഇവററയ്ക്കു തൃപ്തിയാവുകയുള്ളോ?'' ഞാനറിയാതെ പറഞ്ഞുപോയി.

''അതാണു് കലയുടെ finish (അവസാന മിനുക്കുപണി).'' ബാര പറഞ്ഞു. ''കളങ്കമററ സമ്പൂൎണ്ണതയാണു് ഉത്തമകലയുടെ വിജയം.''

പട്ടാള ഉദ്യോഗസ്ഥൻ പിന്നെ എണീക്കുന്നു. നഗ്നയായിത്തന്നെ സാധുപ്പെണ്ണു് അയാളെ ഡ്രസ്സുചെയ്യാൻ സഹായിക്കുന്നു. പ്രേമപൂൎവ്വമായ ഒരു വിടവാങ്ങൽചുംബനവുമായെത്തുന്ന ആ പാവത്തിന്റെ നേൎക്കു പെട്ടെന്നു് ഒരു വ്യാഘ്രിയുടെനേൎക്കെന്നപോലെ പട്ടാളക്കാരൻ തോക്കും നീട്ടിക്കൊണ്ടണയുകയാണു്. അയാൾ ചെയ്ത പണിക്കുള്ള കൂലി അവൾ മടക്കിക്കൊടുക്കണം. തോക്കിന്റെ മുന

അവളുടെ നാഭിക്കു താഴെ അമർത്തി ഭീഷണിപ്പെടുത്തിക്കൊണ്ടു് അയാറം പത്തു ഡോളർ തിരിച്ചുമേടിക്കുന്നു. കൃതഘ്നനായ ആ വിരുതൻ നിർവ്വികാരനായി കിട്ടിയ കൂലിയുംകൊണ്ടു സ്ഥലംവിടുകയും ചെയ്യുന്നു. അയാളുടെ ഫലിതപ്പണിയിൽ ചിലർ ചിരിക്കുന്നതു കേറംക്കാമായിരുന്നു.

''അതൊരു മര്യാദകെട്ട മൂർഖപ്പണി മാത്രം.'' ബാരയുടെ അഭിപ്രായം.

രണ്ടാം കഥ, 'ഭൂവുടമസ്ഥനും കുടിയിരിപ്പുകാരിയും' (Land lord & Tenant). യുവാവായ പ്രഭുകുമാരൻ യുവതിയായ കുടിക്കാരിസുന്ദരിയെ സന്ദർശിക്കാനണയുന്നു. സംഗീതമായ ചിരിയോടെ അവറം എതിരേല്ക്കുകയും അടുത്ത നിമിഷത്തിൽ നഗ്നരാകുന്ന അവർ അതിവികൃതമായ പല പോസുകളിലും താളമേളങ്ങറം കൊഴുത്തു് സോദോമി തുടങ്ങിയ രതിവൈകൃതികറം മുക്കാൽ മണിക്കൂറോളം നടത്തുകയും ചെയ്യുന്നു.

''എന്താ, ബോറാകുകയാണോ?'' എൻെറ കോട്ടുവാ കേട്ട് ബാര ആരാഞ്ഞു.

''ഇല്ലില്ല.''

''ഇതൊക്കെ ഞങ്ങളുടെയിടയിൽ സർവ്വസാധാരണമാണു്. ഇല്ലെങ്കിൽ എന്തു ജീവിതം? ഇതേ, ഈ ഓറഞ്ചു തിന്നൂ.'' അവറം ഒരു ഓറഞ്ചു പൊട്ടിച്ചു് ഇതളുകറം ഇളക്കി എനിക്കു തന്നു.

മൂന്നാം കഥ ഒരു സംഘമൈഥുനപ്രകടനമാണു്. രണ്ടുപേർ മാത്രമായി—അവർ സ്ത്രീകറം മാത്രമോ പുരുഷന്മാർ മാത്രമോ സ്ത്രീപുരുഷന്മാർ കൂട്ടായിട്ടോ ആയിക്കൊള്ളട്ടെ—നടത്തുന്ന രതിവിക്രിയകറംക്കു് ഒരു രഹസ്യസ്വഭാവമുണ്ടു്. അഞ്ചെട്ടുപേർ—ആണും പെണ്ണും—ആണും ആണും—പെണ്ണും പെണ്ണും—ഒത്തൊരുമിച്ചു്, മാറിയും മറിഞ്ഞും—തിരിഞ്ഞും പിരിഞ്ഞും നടത്തുന്ന വൈകൃതികറംക്കു കാട്ടുമൃഗങ്ങളുടെ കൂട്ടുവിക്രിയകളിൽ കൂടുതൽ ഗോപ്യതയോ സഭ്യതയോ കാണാൻ കഴിഞ്ഞില്ല. ധനലാഭം കരുതിയാണല്ലോ ആരോഗ്യസമ്പന്നരായ ഈ യുവതീയുവാക്കന്മാർ ഇമ്മാതിരി ബീഭത്സനഗ്നപ്രദർശനത്തിനും വികൃതരതിപ്രകടനത്തിനും സന്നദ്ധരായതെന്ന ചിന്ത എന്നെ വ്യാകുലപ്പെടുത്താതിരുന്നില്ല. യുവതിയായ വേശമദാം കൂടെക്കൂടെ രംഗത്തു പ്രവേശിച്ചു് ക്ഷീണിതരായ സംഘാംഗങ്ങളെ തടവിയും ചുംബിച്ചും ലാളിച്ചും പാനീയാദി നൽകി പ്രോത്സാഹിപ്പിച്ചും ഒടുവിൽ സ്വന്ത സാമർത്ഥ്യം സ്വയമേവ പ്രകടിപ്പിച്ചും പ്രവർത്തനങ്ങളിൽ പങ്കുകൊണ്ടതു് കൃത്യനിർവ്വഹണത്തിലുള്ള അവളുടെ ശുഷ്കാന്തിയെ പ്രദർശിപ്പിക്കാൻവേണ്ടിയാണെന്നു തോന്നുന്നു.

''എന്താ, രസമായിരിക്കുന്നില്ലേ?'' ബാരയുടെ ചോദ്യം.

'നാണവും മനേവുമററ വൃത്തികെട്ട ഹീനമൃഗങ്ങൾ!' എന്നു പറയാൻ നാവു പൊങ്ങി. ''പിന്നെപ്പറയാം'' എന്നു പറഞ്ഞതു് കൂട്ടുകാരി എങ്ങനെ ധരിച്ചോ!

പിന്നിലും മുന്നിലും വശങ്ങളിലും അങ്ങിങ്ങു രസജന്യവും അപരിചിതക്ക് നീരസജനകവുമായ പലവിധം മർമ്മരശബ്ദങ്ങൾ കേൾക്കാനുണ്ടായിരുന്ന മങ്ങിയ വെളിച്ചത്തിൽ ഒന്നുരണ്ടിടത്തേക്കു ഞാനൊന്നു തിരിഞ്ഞുനോക്കി. വീണ്ടും നോക്കാൻ ലജ്ജ അനുവദിച്ചില്ല.

നൃത്യം മൂന്നിനു ഷോ അവസാനിച്ചു. വെളിച്ചം വന്നില്ല. വരുകയില്ല. വെളിച്ചം ഭയപ്പെടുന്ന മനുഷ്യർ!

എണീററു പോകുന്നവർ ചിലരുണ്ടു്. അടുത്ത ഷോയ്ക്കു പ്രവേശിക്കുന്നവർ ഇരുട്ടിൽ പററിയ സ്ഥലങ്ങൾ തെരഞ്ഞുപിടിക്കാനുള്ള ശ്രമത്തിലാണു്.

''എന്താ, നമുക്കു പോകരുതേ?''

''തീർച്ചയായും.''

ഫിലിം ചർച്ച: എൻെറ അരസികതാജഡിലമായ മൗനഭാവം കൂട്ടുകാരിക്കു് ഇഷ്ടപ്പെട്ടില്ലെന്നു തോന്നുന്നു. കാറിൽ കയറിക്കഴിഞ്ഞപ്പോൾ, ''നിങ്ങളുടെ ആത്മാർത്ഥമായ അഭിപ്രായം തുറന്നുപറയണം. വിരസതയും അതൃപ്തിയുമാണു് നിങ്ങളുടെ മുഖത്തു തെളിഞ്ഞുകാണുന്നതു്. മടിക്കൂടാതെ പറയൂ.''

''തെററിദ്ധരിക്കരുതു്.''

''ഒരിക്കലുമില്ല.''

''പ്രിയസുഹൃത്തേ, ഒരു നല്ല ഫിലിമിനു്—അതു് എന്തൊക്കെ വഷളത്തവും കോമാളിത്തവും പ്രദർശിപ്പിച്ചുകൊള്ളട്ടെ—ആകെ നോക്കുമ്പോൾ ഒരുത്തമഗ്രന്ഥമെന്നപോലെ ആദരണീയമായ ഒരു വൈജ്ഞാനികമൂല്യമുണ്ടായിരിക്കണമെന്നാണു് എൻെറ സുചിന്തിതമായ അഭിപ്രായം. അതു് എനിക്കിവിടെ കാണാൻ കഴിഞ്ഞില്ല. അല്ലെങ്കിൽ യഥാർത്ഥമോ സാങ്കല്പികമോ ആയ ഒരനുകാര്യ്യ ജീവിതരീതി അതിലുണ്ടായിരിക്കണം. അതും ഞാനിവിടെ കണ്ടില്ല. രണ്ടുമില്ലാത്തപക്ഷം ഒരു പുതിയ ലോകത്തെ പ്രയോജനപ്രദമായ വിധം പരിചയപ്പെടുത്തിത്തരണം. അതും ഇവിടെ കാണാൻ കഴിഞ്ഞില്ല. ഇതൊന്നുമില്ലെങ്കിൽ പുതിയ ശാസ്ത്രീയതത്ത്വങ്ങളേതെങ്കിലും പ്രകടമാക്കുന്ന രസകരമായ ഒരു പ്രശ്നധാര അതിലുണ്ടായിരുന്നാലും മതി. ഇവിടെ പ്രകടമായ പ്രശ്നം—'' ഞാനൊന്നു ചിരിച്ചു.

''അപ്പോൾ പിന്നെ?—''

''ക്ഷമിക്കണം. ലോലവികാരങ്ങളെ ഇക്കിളിപ്പെടുത്തുന്ന—മാനസികമണ്ഡലത്തെ തീരെ സ്പർശിക്കാത്ത—ആത്മാവെന്നൊന്നു

ണ്ടെന്നു തോന്നാനിടവരുത്താത്ത—അധഃപതിച്ച ചവറാണിതെന്നുള്ള എൻെറ ഹൃദയംഗമമായ അഭിപ്രായം നിങ്ങൾ പൊറുക്കണം.''

''ഞാനാദ്യമേ പറഞ്ഞില്ലേ, അമേരിക്കക്കാരുടെ ഉല്ലാസമനോവിലാസം പ്രകടിപ്പിക്കുന്ന ഒരു ഫിലിം കാണാനാണു് നിങ്ങളെ കൊണ്ടുവരുന്നതെന്നു്?''

''ഞാനതു പൂർണ്ണമായും വിശ്വസിക്കുന്നില്ല. അമേരിക്കക്കാരുടെ ഉല്ലാസമനോവിലാസം അവരുടെ വിശിഷ്ടഗ്രന്ഥങ്ങളിൽനിന്നു ഞാൻ മനസ്സിലാക്കിയിട്ടുള്ളവനാണു്. ഫാക്നർ, ഹെമിങ്ങ്വേ, സ്റ്റീൻബക്ക് തുടങ്ങിയ വിശ്വോത്തരസാഹിത്യമേധാവികൾ പല വിധം കോമാളിത്തങ്ങളും അവരുടെ വിശിഷ്ടകൃതികളിൽ വിവരിച്ചിട്ടില്ലേ? പക്ഷേ, അവയുടെ പിന്നണിയിൽ, അവയുടെ ജീവധാരയായി, സ്വന്തനാട്ടിനെ, മനുഷ്യനെ പൊതുവേ, നന്നാക്കാനുള്ള ഒരു സമുദ്യമം പ്രകടമാണു്. അവരുടെ പ്രചോദനം എൻെറ ജീവിതത്തെ ധന്യതരമാക്കിയിട്ടുണ്ടെന്നുള്ള സത്യം എനിക്കു മറക്കാനാവില്ല. പക്ഷേ, ഈ ഫിലിമുകളാകട്ടെ അമേരിക്കൻ മുതലാളിത്തത്തിൻെറ ചീഞ്ഞളിഞ്ഞുനാറുന്ന വ്രണത്തിൻെറ പ്രകടനമാണെന്നേ എനിക്കു പറയാനൊക്കൂ. രണ്ടാമത്തെ കഥയുടെ 'Land lord and tenant' എന്ന പേരുതന്നെ ഒരു പ്രതീകമാണു്. ഗ്രീസിലും റോമിലും മററും ഭൗതികത്വത്തിൻെറ അധിപ്രസരവും ആധിപത്യവും ഉയർന്നുവന്ന കാലത്തു് ഇതേ ചുററുപാടുകൾതന്നെ നിലവിലിരുന്നു. ഹോറെസ്, ജൂവനൽപ്രഭൃതികളായ മഹാസാഹിത്യകാരന്മാരുടെ കൃതികൾ വായിച്ചാൽ ഇക്കാര്യം തെളിഞ്ഞുകാണാം. ഭൗതികത്വത്തിൻെറ സായംകാലപ്രഭ പരന്നു പൊലിയുന്നതാണു് ഇതിലെല്ലാം ഒരു വിദേശീയനായ എനിക്കു കാണാൻ കഴിയുന്നതു്.''

''ചുരുക്കിപ്പറഞ്ഞാൽ?—''

''യഥാർത്ഥ—സ്വതന്ത്ര—സമുന്നത അമേരിക്കയുടെ മനസ്സാക്ഷിയോ ആത്മാവോ ആണു് നാമിപ്പോൾ കണ്ടതെന്നു് എനിക്കു തോന്നുന്നില്ല. ഏതോ കരാളനിഴലുകളുടെ പ്രതിഫലനമാണിവയെന്നു മാത്രമേ എനിക്കു വിചാരിക്കാൻ സാധിക്കുന്നുള്ളു. നിങ്ങൾക്കു് എന്നോടു മുററിയ ദ്വേഷ്യമായിരിക്കുമെന്നുള്ളതിൽ എനിക്കു സംശയമില്ല. സത്യം തുറന്നുപറയണമെന്ന വിചാരത്താൽ മാത്രമാണു്—''

''ഒരിക്കലുമില്ല, ഒരിക്കലുമില്ല സുഹൃത്തേ,'' അവൾ എന്നെ തടഞ്ഞുകൊണ്ടു പറഞ്ഞു. ''നിങ്ങളുടെ അഭിപ്രായങ്ങൾ അക്ഷരം വിടാതെ ഞാനെഴുതിയെടുക്കും. എൻെറ തീസിസിൽ അതിന്നു് ഒരു പ്രധാനസ്ഥാനം ഞാൻ നല്കും. അതിരിക്കട്ടെ. ദൃശ്യങ്ങൾ കാണുന്നവർ അവയ്ക്കു പ്രതിവിധിയും പറയണം. നിങ്ങൾക്കു് എന്താണു പറയാനുള്ളതു്?''

''ഞാനൊരു വെറും സാധാരണമനുഷ്യൻ. കണ്ടതും കേട്ടതും തുറന്നുപറഞ്ഞെന്നേയുള്ളു. എന്തു കിട്ടിയാലും തൃപ്തിയില്ലാത്ത, പ്രകൃതി

നല്കുന്ന ഉദാരമായ സുഖവിഭവങ്ങളെക്കവിഞ്ഞു പ്രകൃതിവിരുദ്ധമായ വികലസുഖങ്ങൾ നേടാൻ ശ്രമിക്കുന്ന ആത്മചൈതന്യത്തെയും ഈശ്വരമഹത്വത്തെയും മറന്നു ജീവിക്കുന്ന, ഒരു ചെറിയ വിഭാഗം കോടീശ്വരന്മാരുടെ ചൊല്പടിക്കു കൂത്താടുന്ന പാവകളാണെങ്കിലും അങ്ങനെയല്ലെന്നു ഭാവിക്കയും പ്രഖ്യാപിക്കയും ചെയ്യേണ്ടിയിരിക്കുന്ന മികച്ച മുതലാളിത്തവ്യവസ്ഥിതിയിലെ അംഗങ്ങളായ നിങ്ങൾക്ക് ഇതിൽ കൂടുതൽ സാംസ്കാരികമേന്മ ഉണ്ടാകുന്നുവെങ്കിൽ അതിലേ അത്ഭുതപ്പെടാനുള്ളു. ഇന്ത്യൻ സ്റ്റാൻഡേഡ് വെച്ചു നോക്കുമ്പോൾ എന്തോ ഒന്നിന്റെ കുറവ് നിങ്ങളുടെ എല്ലാ സാംസ്കാരികരംഗങ്ങളിലും എനിക്കു കാണാൻ കഴിയുന്നു—''

''അങ്ങനെയുള്ള ഒരാളിനെയാണ് എന്റെ ഗൈഡായിരിക്കാൻ ഞാനാഗ്രഹിക്കുന്നതു്. തിന്മകൾ ഇങ്ങനെ കാണാനും തിരുത്താനും കഴിവുള്ള നിങ്ങളുടെ വീക്ഷണശക്തിയെ ഞാൻ ബഹുമാനിക്കുന്നു. ഇവയ്ക്കെന്തെങ്കിലും ശരിയായ പരിഹാരമാർഗ്ഗങ്ങൾ കാണുന്നുണ്ടെങ്കിൽ നിങ്ങൾ മടിക്കൂടാതെ പറഞ്ഞുതരണം. അവയെല്ലാം എന്റെ പഠനത്തിൽ ചേർത്തുകവിധം നമുക്ക് ഒന്നൊന്നായി ചർച്ചചെയ്യുകയും വേണം. അതിരിക്കട്ടെ, ഈ സ്ഥലത്തു നിങ്ങൾ വന്നിട്ടുണ്ടോ? ഇക്കാണുന്നതാണ് ടൈംസ് ടവ്വർ. മുകളിലേക്കു നോക്കൂ.''

ടൈംസ് ടവ്വർ: കാർ ഒരു റെഡ് ലൈററിനു മുമ്പിൽ നില്ക്കുകയാണ്. ഇടതുവശത്തു് ഉയർന്നുകാണുന്ന ചതുരാകാരത്തിലുള്ള ഗോപുരമാണ് ടൈംസ് ടവ്വർ. അന്നന്നുള്ള പ്രധാന വാർത്തകളുടെ 'ഹെഡ് ലൈൻസ്' എല്ലാം കനകാക്ഷരങ്ങളിൽ ലിഖിതമായി അമ്പതടിയോളം ഉയരത്തിൽ തിളങ്ങിപ്പായുന്ന ഒരു അരഞ്ഞാണമെന്നപോലെ വലത്തുനിന്നു് ഇടത്തോട്ടു നീങ്ങിക്കൊണ്ടിരിക്കയാണ്. 'വൈസ് പ്രസിഡൻറ് ആഗ്ന്യൂ ഭീമമായ നികുതിവെട്ടിപ്പു നടത്തിയതായി തെളിഞ്ഞിരിക്കുന്നു. ഉടൻ രാജികൊടുക്കാൻ ഇതു കാരണമായേക്കും. നാർത്ത് ലണ്ടൻ റെയിൽവേസ്റ്റേഷനിൽ ഒരു ബോംബു പൊട്ടി മൂന്നു യാത്രക്കാർ മൃതിയടഞ്ഞിരിക്കുന്നു. ന്യൂയോർക്ക് ഐ. ററി. ററി. ഓഫീസിൽവെച്ചു് ചില്ലിയൻ അനുഭാവിയായ ഒരു യുവാവിനെ ഒരു ടൈംബോംബുമായി പോലീസ് പിടികൂടിയിരിക്കുന്നു.' ഇത്രയും വാർത്തകളാണ് ഒരു മിനിററിനുള്ളിൽ എനിക്കു കാണാൻ കഴിഞ്ഞതു്. റോഡിന്റെ ഇരുവശവുമുള്ള ഫുട്പാത്തുകളിൽ ഒട്ടനവധിയാളുകൾ തിങ്ങിനിന്നു് ഈ വാർത്താപ്രവാഹം വീക്ഷിക്കുന്നുണ്ടു്.

''രാപ്പകൽ ഇങ്ങനെ പ്രധാന ലോകവാർത്തകളെല്ലാം ഇവിടെ പ്രസിദ്ധീകൃതമായിക്കൊണ്ടിരിക്കും,'' ബാര പറഞ്ഞുതന്നു.

''എന്തു കൗതുകമാണു പൊൻമാലയൊത്ത ഈ വാർത്താപ്രവാഹം കാണാൻ!''

''എനിക്കു വിശപ്പു സഹിച്ചുകൂട. നമുക്കു് ഒരു നല്ല 'കാഫറേററിയ'യിൽ കയറാം.'' അവിടെനിന്നു നീങ്ങവേ ബാര പറഞ്ഞു.

കാഫറേററിയ: രണ്ടു നിലയുള്ള ഒരു വലിയ ഹോട്ടൽ. കാർ പാക്കുചെയ്യാൻ മുൻവശത്തു് ഇടം കിട്ടി.

''നാലുമണിയായാൽ ഇവിടെ അടുക്കാൻപോലും കഴിയുകയില്ല. അത്രയ്ക്കു തിരക്കാണു്. ഇപ്പോഴാം നല്ല സമയം.'' എന്നു ബാര പറഞ്ഞുവെങ്കിലും ബാത്ത്റൂമിൽ കടക്കാൻപോലും അഞ്ചുമിനിട്ടു് ക്യൂവിൽ നില്ക്കേണ്ടിവന്നു.

വൃത്തിയും ഭംഗിയുമുള്ള നല്ല ഷെൽഫുകളിൽ അടുക്കടുക്കായി തീററിസ്സാധനങ്ങളും പാനീയങ്ങളും നിരത്തിവെച്ചിട്ടുണ്ടു്. ഓരോന്നിൻേറയും വില അതാതിൽ ഒട്ടിച്ചിട്ടുണ്ടു്. പേപ്പർ നാപ്കിൻ, സെല്ലുലായിഡ് പ്ലേററുകൾ, സ്പൂണുകൾ, ഫോർക്കുകൾ എല്ലാം ആവശ്യംപോലെയെടുക്കാം. ഞാൻ സസ്യാഹാരങ്ങൾ തെരഞ്ഞെടുക്കുന്നതു കണ്ടു് പാവം ബാരയും എന്നെ പ്രീണിപ്പിക്കാനായിരിക്കണം വെജിററബിൾ കട്‌ലററും വെജിററബിൾ സൂപ്പും ബ്രെഡും ഉരുളക്കിഴങ്ങു റോസ്റ്റും മാത്രം തെരഞ്ഞെടുത്തു.

''നിങ്ങൾക്കു പ്രിയമുള്ള നല്ല തവളക്കാലുകളും മാട്ടിൻകരളും പന്നിസൂപ്പും തെരഞ്ഞെടുക്കു. എന്നെക്കരുതി നിങ്ങൾ ഇങ്ങനെ ആത്മഹത്യയ്ക്കു് ഒരുങ്ങരുതു്.'' ഞാൻ ചിരിച്ചുകൊണ്ടു് അപേക്ഷിച്ചു.

''ഇല്ല. ഞാൻ നമ്മുടെ പ്രൊഫസ്സർ ഫ്രാൻസിസ്സിനെപ്പോലെ ഇനിമേൽ പ്യുവർ വെജിറ്റേറിയനായി ജീവിക്കാൻ തീരുമാനിച്ചിരിക്കയാണു്!'' അവൾ ദൃഢസ്വരത്തിൽ പറഞ്ഞു.

തെരഞ്ഞെടുത്ത സാധനങ്ങൾ ഞങ്ങൾ കൗണ്ടറിൽ കൊണ്ടുചെന്നു. മൂന്നാലു സുന്ദരികളായ യുവതികൾ—അവധിക്കാലത്തു പണിയെടുക്കാനെത്തുന്ന കോളജുകുമാരിമാരാണെന്നു് ബാര പറഞ്ഞു—അവിടെ പ്യാക്കററുകൾ മേടിച്ചു നോക്കി ആഡ്ഡിങ്ങ് മെഷീനിൽ വിരലുകൾ അമർത്തി. ഒരുനിമിഷത്തിനകം ടൈപ്പുചെയ്ത ബില്ലുകൾ വന്നുചേർന്നുകഴിഞ്ഞു. രണ്ടുപേർക്കുംകൂടി 5.50 ഡോളറേ ആയുള്ളു.

''വളരെ വിലക്കുറവാണിവിടെ. ഹോട്ടലുകളിലെന്നപോലെ കാഫറേററിയായിൽ പതിനഞ്ചു ശതമാനം ടിപ്പിങ്ങുമില്ല.'' ബാര പറഞ്ഞുതന്നു.

നാലരമണിയായി അവിടെനിന്നിറങ്ങിയപ്പോൾ.

''ഹാർലമിലേക്കു പോകാമെന്നാണു് ഞാൻ വിചാരിക്കുന്നതു്. അവിടെ എൻെറ ഒരു സിസ്റ്റർ ഇൻലാ താമസമുണ്ടു്. എൻെറ ഭർത്താവിൻെറ സോദരി.''

''ഹാർലം നീഗ്രോകളുടെ കേന്ദ്രമെന്നാണല്ലോ രാധ പറഞ്ഞതു്. ബാരയുടെ സിസ്റ്റർ—?''

''അവിടെ പ്രധാനമായും നീഗ്രോകളാണ്. പക്ഷേ, തെക്കു മാറി സെൻട്രൽ പാക്കിനടുത്തു് ഒരു വലിയവിഭാഗം 'പ്യൂർട്ടോ റിക്കൺ' (Puerto Ricon) വർഗ്ഗക്കാരുടെ വാസസ്ഥാനമാണ്—''

അമേരിക്കയിലെ വർഗ്ഗവൈചിത്ര്യം: ''അതെന്തു വർഗ്ഗക്കാരാണ്?''

''കേട്ടിട്ടില്ലേ? ഞങ്ങൾ മൂന്നുലക്ഷം പ്യൂർട്ടോ റിക്കൺകാരാണ് ഇവിടെ ന്യൂയോക്കിൽ മാത്രമായുള്ളതു്. ഞങ്ങൾ വെസ്റ്റ് ഇൻഡീസിൽ പ്യൂർട്ടോ റിക്കോ എന്ന ദ്വീപുകാരാണ്. അമ്പത്താറു കൊല്ലമാകുന്നതേയുള്ള ഞങ്ങൾക്കു യു എസ്. പൗരത്വം ലഭിച്ചിട്ട്. ഞാൻ ഇംഗ്ലീഷ് സംസാരിക്കുന്നു, നല്ലപോലെ അതു കൈകാര്യം ചെയ്യുന്നു, എങ്കിലും ഞങ്ങളുടെ മാതൃഭാഷ സ്പാനിഷ് ആണ്. എന്താണ് നിങ്ങൾക്കീ അത്ഭുതഭാവം?''

''ഒന്നുമില്ല. സ്നേഹിതയെക്കുറിച്ച് ഒന്നുമറിയാതെയാണല്ലോ ഞാൻ ഇത്രത്തോളം അടുത്തതു് എന്നു വിചാരിച്ചുമാത്രം.''

''അമേരിക്കയിൽ അങ്ങനെയൊന്നും വിചാരിച്ചാൽ പററുകില്ല സുഹൃത്തേ. ലോകത്തുള്ള എല്ലാ വർഗ്ഗക്കാരും യു. എസ്. എ. യിൽ ഉണ്ട്. പതിനയ്യായിരം ചീനക്കാർ, പന്ത്രണ്ടു ലക്ഷം ഇററലിക്കാർ, ഇരുപത്തഞ്ചു ലക്ഷം ജൂതന്മാർ, ഒരുലക്ഷം ഹംഗറിക്കാർ, മൂന്നുലക്ഷം റഷ്യാക്കാർ, രണ്ടുലക്ഷം പോളണ്ടുകാർ, പത്തുലക്ഷം നീഗ്രോകൾ—ഒരു ഏകദേശക്കണക്കാണ് ഞാൻ പറയുന്നതു്—ഇത്രയും, കൂടുതലും, വിവിധവർഗ്ഗക്കാർ ന്യൂയോക്കിൽത്തന്നെയുണ്ട്. എന്റെ സിസ്റ്റർ ഇൻ ലായും എന്നെപ്പോലെ പ്യൂർട്ടോ റിക്കണാണ്. എന്നെപ്പോലെതന്നെ വെളുത്ത തൊലിയും കറുത്ത കണ്ണും. പക്ഷേ, അവൾ ഭാഗ്യശാലി. അവളുടെ ഭർത്താവ് പോളണ്ടുകാരനായ ഒരു എഞ്ചിനീയരാണ് നാം ഇതാ സെൻട്രൽ പാക്കിൽ എത്തിക്കഴിഞ്ഞു. കുറച്ചിവിടെയിറങ്ങി വിശ്രമിക്കണമെന്നു തോന്നുന്നുണ്ടോ? ഹാർലമിന്റെ തെക്കേ അതിർത്തിയാണ് മനോഹരവും വിശാലവുമായ ഈ പാക്ക്. പലവിധം കോമാളിത്തങ്ങളുടെയും അക്രമങ്ങളുടെയും കൂത്തരങ്ങാണ് ഈ പാക്കെന്നു കുപ്രസിദ്ധി സമ്പാദിച്ചിട്ടുണ്ട്. അതെ, ഒരുപററം പെണ്ണുങ്ങളുടെ കോപ്രാട്ടികൾ! ഇതെന്താണാവോ?''

പാക്കിൽ യോഗം: കാർ പാക്കുചെയ്തിട്ട് ഞങ്ങൾ അല്പം മുമ്പോട്ടു നടന്നു. അസ്തമനാക്കന്റെ കിരണാവലിയേററു് ചേതോഹരമായിരുന്ന ഒരു പുൽത്തകിടിയിൽ പലപ്രായത്തിലുള്ള നൂറിൽപ്പരം സ്ത്രീകളും പുരുഷന്മാരും ഒരു ഡ്രിൽക്ലാസ്സിലെന്നപോലെ കമിഴ്ന്നുകിടന്നു പലതരം അഭ്യാസങ്ങൾ അനുഷ്ഠിക്കുകയാണ്. നീന്തുന്നപോലെ കൈ രണ്ടും മുമ്പോട്ടു നീട്ടി കഴുത്തു പൊക്കിപ്പിടിച്ചിരിക്കുന്ന അവരുടെ മുഖത്തു് ദൃഢനിശ്ചയം സ്ഫുരിക്കുന്ന ഏകാഗ്രത സ്പഷ്ടമായിരുന്നു. ഭൂരിഭാഗവും കണ്ണുപൂട്ടിക്കൊണ്ടു് ധ്യാനനിരതരെപ്പോ

ലെ കാണുന്നു. ഏററവും പിന്നിൽനിന്നു് ഒരു സ്ത്രീയുടെ മധുരശബ്ദം അപ്പോഠം കേഠംക്കാൻ കഴിഞ്ഞു. ''കഴുത്തും നെഞ്ചും കുറച്ചുകൂടി വളയ്ക്കാം. കൈ രണ്ടും പിന്നിലേക്കു പതുക്കെ വലിച്ചുകൊണ്ടു വന്നു് ഉള്ളംകൈ കുത്തിക്കൊണ്ടു് കാലുകഠം സാവധാനം മുന്നോട്ടു വലിച്ചു നിവന്നിരിക്കാം. നാലഞ്ചു പ്രാവശ്യം ഇതാവത്തിക്കണം.''

''യോഗാഭ്യാസക്ലാസ്സാണു്,'' ഞാൻ ബാരയോടു പറഞ്ഞു. ''നിങ്ങഠം പറഞ്ഞില്ലേ, വഷളത്തങ്ങളാണു് യോഗാഭ്യാസത്തിന്റെ പേരിൽ ന്യൂയോർക്കിൽ നടക്കുന്നതെന്നു്? ഇതു നോക്കൂ. നാം കണ്ടിട്ടു വരുന്ന തെമ്മാടിത്തത്തിന്റെ പശ്ചാത്തലത്തിൽ ഈ സംരംഭത്തെ നിറുത്തി വിലകല്പിക്കൂ. ഇത്രയും മനുഷ്യക്കു മാനസികസുഖവും ശാന്തിയും നൽകുന്നതിനു് ഇതു പര്യാപ്തമെന്നല്ലേ ഇവരുടെ സമുദ്യമം വ്യക്തമാക്കുന്നതു്? നാനാവശങ്ങളെക്കുറിച്ചും ശരിയായ ഒരന്വേഷണം നടത്താതെ നാം ഒരഭിപ്രായം തട്ടിവിടുന്നതു തെററാണെന്നേ എനിക്കു നിങ്ങളെ ഓമ്മപ്പെടുത്താനുള്ളു.''

എന്റെ കണ്ണുകഠം ആ യോഗാഭ്യാസികളിൽ അങ്ങററമിങ്ങററം ഓടിനടക്കുകയായിരുന്നു, പാം അക്കൂട്ടത്തിലുണ്ടോ എന്നറിയാൻ. അവഠം ഈ സെററിലില്ല. ബാര അതു മനസ്സിലാക്കിയെന്നു തോന്നുന്നു. "നിങ്ങളുടെ കൂട്ടുകാരി ഇക്കൂട്ടത്തിലില്ല" അവഠം മൃദുലമായി ചിരിച്ചു. ''ഏതായാലും ഞാൻ നിങ്ങളെ വേറെ ഒന്നുരണ്ടു യോഗാഭ്യാസകേന്ദ്രങ്ങളിൽ കൊണ്ടുപോകാം. അവിടത്തെ പരിപാടികഠം കൂടി കണ്ടശേഷം നമുക്കു കൂടുതൽ ചർച്ചയ്ക്കൊരുങ്ങാം.'' ബാര ദൃഢസ്വരത്തിൽ പറഞ്ഞു.

''ശരി, അങ്ങനെയാകട്ടേ!''

സെൻട്രൽ പാർക്കിൽ ഞങ്ങഠം അധികം നിന്നില്ല. പുൽത്തകിടിയിൽ മലന്നുകിടന്നു് ഒരു യുവാവു് ശ്രദ്ധാപൂർവ്വം ബെർട്രാൻഡ് റസ്സലിന്റെ 'ഐലാൻഡ്' (Island) എന്ന നോവൽ അവധാനത്തോടെ വായിക്കുന്നതു ഞാൻ ശ്രദ്ധിച്ചു. പണ്ടു ഞാൻ വായിച്ചു രസിച്ചിട്ടുള്ള ഗ്രന്ഥമായതുകൊണ്ടാണു് താൽപര്യത്തോടെ ഞാനതു ശ്രദ്ധിച്ചതു്. ആ ഗ്രന്ഥത്തെക്കുറിച്ചു ബാരയോടു സംസാരിച്ചുകൊണ്ടു് ഞങ്ങഠം ഹാർലമിലേക്കു വിട്ടു.

ബാരയുടെ സിസ്റ്റർ ഇൻ ലായുടെ വീടു പൂട്ടിയിട്ടിരിക്കയാണു്. എതിർവശത്തുള്ള ഒരു ബംഗ്ലാവിൽ ബാര മണിയടിച്ചു. ഒരു വെളുത്ത നീഗ്രോപ്പെണ്ണു വന്നു വാതിൽ തുറന്നു. ചുരുണ്ട മുടിക്കെട്ടു ചീകിക്കെട്ടിയ ആ സുന്ദരിപ്പെണ്ണിനെ കെട്ടിപ്പിടിച്ചു ചുംബിച്ചുകൊണ്ടു് "മാർത്തേ, കാതറെൻ എവിടെപ്പോയീന്നറിയുമോ?" എന്നു് ബാര ആരാഞ്ഞു. ''ഇദ്ദേഹം എന്റെ ഒരു ഇന്ത്യൻസ്നേഹിതനാണു്. നാല്പതോളം പുസ്തകങ്ങഠം പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു മികച്ച ഗ്രന്ഥകാരൻ, മെക്കാളേ പിള്ളേ. ഇവഠം എന്റെ ഒരു കളിത്തോഴി, മാർത്ത.

നിങ്ങൾക്കും ഇഷ്ടപ്പെട്ടന്നെങ്കിൽ ഇവളെ കളിത്തോഴിയാക്കാം!'' അവൾ പൊട്ടിച്ചിരിച്ചു. മാത്ത ഹാർദ്ദമായി എൻെറ കൈ കുലുക്കി.

"കാത്റെൻ ബെർഗൻപൈൻസ് ഹോസ്പിററലിൽ നിന്നെ തെരക്കി പോയിരിക്കതന്നെ. മനത്തേ പോയതാണല്ലോ. നിന്നെ ശപിച്ചുകൊണ്ടു് അവളവിടെ ഇരിക്കുകയായിരിക്കും. നിൻെറ ഹബ്ബിക്കെങ്ങനെ? നിങ്ങൾ എൻെറ വീട്ടിനകത്തു വരിൻ. ചായയോ കൂൾഡ്രിങ്കോ കഴിച്ചിട്ടു പോകാം.'' അവസാനഭാഗം എന്നോടായിരുന്നു.

''നന്ദി! ഞങ്ങൾ അല്പം മുമ്പു് ചായ കഴിച്ചതേയുള്ളു,'' ഞാൻ പറഞ്ഞു.

എൻെറ ശബ്ദവും മുഖഭാവവും അവൾ കൗതുകത്തോടെ വീക്ഷിക്കുകയായിരുന്നു.

''ഞങ്ങൾ നാളെ വരാം.'' ബാര വിടപറഞ്ഞു. ''നമുക്ക് ഇന്നത്തെ പരിപാടി മതിയാക്കാം. സിസ്റ്റർ ഇൻ ലാ എന്നെ കാത്തിരിക്കും; എന്താ?''

''തീർച്ചയായും.''

''നിനക്കു ഗുഡ് ലക്ക്!'' മാത്ത ബാരയുടെ കവിളിൽ ശക്തിയായി ഒന്നു നുള്ളി, കണ്ണിറുക്കിക്കാണിച്ചുകൊണ്ടു്.

കനത്ത ട്രാഫിക്കിനുള്ളിൽക്കൂടി അതിവേഗത്തിൽ പാഞ്ഞു് മുക്കാൽ മണിക്കൂർകൊണ്ടു് ന്യൂജെർസി പരാമസ്സിൽ എത്തി, എന്നെ രാധയുടെ മുമ്പിൽ ഇറക്കിവിട്ടിട്ടു്: ''യാതൊരു കേടുപാടും കൂടാതെ നിൻെറ അച്ഛനെ തിരിച്ചേല്പിച്ചുകൊള്ളുന്നു. എവിടെയൊക്കെ എന്തെല്ലാം കാട്ടിക്കൊടുത്തു എന്നു ചോദിച്ചുനോക്കു്. അദ്ദേഹം കാണാൻ കൊതിച്ച ഒരാളെ മാത്രം കണ്ടില്ല.'' അവൾ പരിഹാസച്ചിരി ചിരിച്ചു. ''ഒരത്യാവശ്യം, ഉടൻ മടങ്ങേണ്ടിവന്നു. അല്ലെങ്കിൽ അർദ്ധരാത്രിവരെ ഞാൻ പുള്ളിക്കാരനെ വിടില്ലായിരുന്നു. ബാക്കി നാളെ. 9.30–നു ഞാനെത്തും. ബൈ ബൈ!''

അവൾ പറപറന്നു.

''എന്തൊക്കെയായിരുന്നു ഇന്നത്തെ പരിപാടികൾ?'' രാധ ആരാഞ്ഞു.

എക്സ് ഫിലിമിൻെറ കാര്യം ഒഴികെ ബാക്കിയെല്ലാം ഞാൻ പറഞ്ഞു.

''ഇവളോടു പറഞ്ഞാൽ, അച്ഛനു വേണമെങ്കിൽ, ഒന്നുരണ്ടു് എക്സ് ഫിലിം കൊണ്ടുചെന്നു കാണിക്കും."

ഫിലിം കണ്ട വിവരം ഞാൻ പറഞ്ഞു: ''അതിൻെറ ബീഭത്സത വിചാരിച്ച് നിന്നോടതു പറയാൻ മടിച്ചെന്നേയുള്ളു.''

''അത്ര ബീഭത്സമായിട്ടൊന്നും ഇവിടുള്ളവർ അതു കരുതുന്നില്ല. ഫിലിമിൽ കണ്ടതും അതിനപ്പുറമുള്ള പലതും, നല്ല ആരോഗ്യവും സൗന്ദര്യവുമുള്ള യുവതീയുവാക്കന്മാർ, പലവർഗ്ഗത്തിലും പെട്ട

വർ, പച്ചയായി, സജീവമായി, നേരിൽത്തന്നെ പ്രദർശിപ്പിക്കുന്ന കേന്ദ്രങ്ങൾ ന്യൂയോർക്കിൽ പലെടത്തുമുണ്ട്. അഞ്ചു ഡോളർ മുടക്കി അമ്മാതിരി കോപ്രാട്ടികൾ രണ്ടും മൂന്നും മണിക്കൂർ കണ്ടു രസിക്കുന്ന ആയിരക്കണക്കിനു സ്വദേശീയരും വിദേശീയരുമായ ആണും പെണ്ണും അവിടെ കൂടാറുമുണ്ട്.''

''എന്തൊരധഃപതനം! എങ്ങനെയെങ്കിലും പണം സമ്പാദിക്കണമെന്ന ഇവർക്കാഗ്രഹമുള്ളു. മറെറാന്നുമല്ല ഇതൊക്കെ വ്യക്തമാക്കുന്നത്.''

''അതൊരു വശം മാത്രം. അലംഭാവമില്ലാത്ത സുഖാന്വേഷകരാണ് ഇവിടെ ഞാൻ പരിചയപ്പെട്ടിട്ടുള്ള സകല സ്ത്രീപുരുഷന്മാരും.''

''പക്ഷേ, ശരിയായ ഒരു ജീവിതാദർശം കൂടാതെ സുഖത്തിനു വേണ്ടിയുള്ള പരക്കംപാച്ചിലാണ് ഇവരുടെ ദോഷവശമായി എനിക്കു കാണാൻ കഴിയുന്നതു്. അതിനു ബദലായി യോഗാഭ്യാസത്തിനും ധ്യാനത്തിനും മററും വേണ്ടിയുള്ള അത്യാസക്തി എങ്ങും കാണുന്നതു് ഒരു നല്ല കാൽവെപ്പാണെന്നു് എനിക്കു തോന്നുന്നു.''

''ഞാൻ പറയാൻ വിട്ടുപോയി. പാം വിളിച്ചിരുന്നു. നമ്മുടെ ഡോക്ടർ സർട്ടിഫിക്കററുകൊണ്ടു വലിയ പ്രയോജനമുണ്ടായി. അതിന്നു നന്ദിപറഞ്ഞിരിക്കയാണ്. അവളിന്നു നാട്ടിലേക്കു പോകുന്നു. 6-ാംതീയതിയേ മടങ്ങിവരികയുള്ളു.''

''പാവം! അവൾക്കു നമ്മോടെല്ലാം നിഷ്കളങ്കസ്നേഹമുണ്ട്.''

''വേണ്ടവിധത്തിൽ കൈകാര്യം ചെയ്താൽ ഈ അമേരിക്കർ എല്ലാപ്പേരും, ആണും പെണ്ണും ഒന്നുപോലെ, സ്നേഹിക്കാൻ നല്ല കൂട്ടരാണ്. പക്ഷേ, പിണക്കാതെ മുന്നോട്ടുനീങ്ങാൻ വളരെ പ്രയാസമാണെന്നേയുള്ളു.''

''അതിന്നുള്ള കൗശലമെല്ലാം നിനക്കുണ്ടായിട്ടുണ്ട്. ഞാനും അതൊക്കെ പഠിച്ചുവരികയാണ്. രണ്ടുമാസംകൂടി ഇവിടെ താമസിച്ചുകഴിയുമ്പോൾ വലിയൊരു നയതന്ത്രവിദഗ്ധനായിട്ടു നാട്ടിലേക്കു മടങ്ങാൻ കെല്പുണ്ടാകുമെന്നാണ് എൻെറ പ്രതീക്ഷ.''

സായാഹ്നപത്രങ്ങൾ വായിച്ചപ്പോഴും ടി. വി. ശ്രദ്ധിച്ചപ്പോഴും ധ്യാനിക്കാനിരുന്നപ്പോഴും ഉറങ്ങാൻ കിടന്നപ്പോഴും അന്നത്തെ അനുഭവങ്ങൾ അയവിറക്കാതിരിക്കാൻ കഴിഞ്ഞില്ല. എസ്ക് ഫിലിമും ബാരയും മാത്യയും പാമും മനുഷ്യരുടെ വികാരവിജ്ജ്വലമായ കണ്ണുകളും ചന്തമുള്ള ചുവന്ന ചുണ്ടുകളും വികൃതവും മലിനവുമായ കാമകേളികളും വീണ്ടും വീണ്ടും മനസ്സിനെ മഥിച്ചിരുന്നു. ഒടുവിൽ ഉച്ചത്തിൽ ഞാൻ ചൊല്ലുകയുണ്ടായി:

ചിത്തമാം പെരിയ വൈരി കീഴമ-
ന്നത്തൽതീർന്ന യമിതന്നെ ഭാഗ്യവാൻ.

## 1973 സെപ്റ്റംബർ 2, ഞായറാഴ്ച

**അസ്വസ്ഥമായ ദിനാരംഭം:** ഉറക്കം അസ്വസ്ഥമായിരുന്നു. ഉൾത്തടം കിനാവുകളുടെ കൂത്തമ്പലം. എക്സ് ഫിലിമിലെ രംഗങ്ങളും പാത്രങ്ങളും സ്വപ്നഭൂമിയിൽ കൂടുതൽ ശക്തിയാർജ്ജിച്ചിരുന്നു. തണുത്ത മുറി, വെളുത്ത മനുഷ്യർ, പ്രൊഫസ്സർ എഫ്. എം. ആർ., പ്രൊഫസ്സറെ പ്രീണിപ്പിക്കുന്ന വികാരതരളിതയായ ബാര, അപ്പുറവും ഇപ്പുറവും നോക്കാത്ത സദസ്യർ, പ്രൊഫസ്സർ ഞാനായി മാറുക, ഞാൻ ഞാനല്ലാതാകുക,—ഞെട്ടി എണീക്കേണ്ടിവന്നു. മണി 3 30. പിന്നെ ഉറങ്ങാൻ കഴിഞ്ഞില്ല.

ജനാല വെറുതെ തുറന്നു. ഉഷ്ണക്കാററ് അകത്തേക്കു വീശിക്കയറി. ജനാല പൂട്ടിയിട്ട് ബാത്ത്റൂമിലേക്കു നീങ്ങി. കുളികഴിഞ്ഞു വന്നപ്പോൾ 4.30. അരുണോദയം ഇനിയും ആയിട്ടില്ല. അരമുക്കാൽ മണിക്കൂറോളം ലേറ്റായിട്ടേ ദിവാകരദേവൻ ഈയിടെ പള്ളിക്കുറുപ്പുണരാറുള്ളു.

മനസ്സ് കാററിലകപ്പെട്ട തോണി. തുഴയോ പങ്കായമോ ഇല്ല. ധ്യാനമനനങ്ങൾക്കു വഴിപ്പെടുന്നില്ല. കൂട്ടിലകപ്പെട്ട മർക്കടം. പിടിച്ചുകെട്ടാമെന്നു കരുതി അരവിന്ദകൃതിയെ ശരണംപ്രാപിച്ച് കിടന്നു; മയങ്ങിപ്പോയി. ആറരയ്ക്കു ഗീത ചായ കൊണ്ടുവന്നപ്പോഴേ ഉണർന്നുള്ളു.

**കൃഷിഫലം:** ''അപ്പൂപ്പൻെറ ചീരയെല്ലാം വളർന്നു പൊങ്ങിനില്ക്കുകാ. കുറെ വെട്ടിയെടുത്താൽ അമ്മ ദോശയ്ക്കു സാമ്പാറുണ്ടാക്കും.'' ഗീത നിർദ്ദേശിച്ചു.

ആപ്പിൾമരത്തിൻെറ ചുവട്ടിൽ രണ്ടു തടിയൻ അണ്ണാക്കണ്ണന്മാർ—ഓരോ പൂച്ചയോളം വലിപ്പമുള്ളവർ—ഓരോ ആപ്പിൾപ്പഴം കരണ്ടുതിന്നുകൊണ്ടിരിക്കുന്നു തവിട്ടുനിറമുള്ള—മുതുകത്തു മൂന്നു വരകൊണ്ട് അനുഗ്രഹിക്കപ്പെട്ടിട്ടില്ലാത്ത—എങ്കിലും അഴകുററ ഈ ജീവികളെ ഞാൻ ആദ്യമായാണ് കാണുക.

'''ചിപ്പ്മങ്ക്'കൾ.'' ഗീത പറഞ്ഞു: ''ഇവന്റെ ഗേൾഫ്രണ്ടാ അവൾ! നമ്മുടെ മുൻവശത്തെ ഓക്കിൽ താമസക്കാരാ.''

ഭയന്നോടാതെ, വാൽപൊക്കിത്തുള്ളിച്ചുകൊണ്ട് അവററ കരണ്ടു തീററി തുടർന്നു.

കത്രികകൊണ്ട് ഒരുപിടി ചീര മുറിച്ചെടുത്തു. രണ്ടു കൊത്തമല്ലിയും പിഴുതുകൊണ്ട് അടുക്കളയിലെത്തിയപ്പോൾ രാധ ദോശ ചുട്ടെടുക്കുകയാണ്.

**ബാര എത്തുന്നു:** കൈകൊണ്ടു ദോശ പിച്ചെടുത്ത് സാമ്പാറിൽ മുക്കിത്തിന്നുന്നതു കണ്ടുകൊണ്ടാണ് ബാരയുടെ പ്രവേശം. രാധ പെട്ടെന്ന് ഫോർക്കും സ്പൂണും മററുമെടുക്കാൻ വെമ്പി. പക്ഷെ, അവൾ പെട്ടെന്ന് ഒരു ദോശ കൈകൊണ്ടെടുത്ത് പ്ലേററിൽ

വെച്ച് ഞങ്ങളെപ്പോലെ പിച്ച് സാമ്പാറിൽ മുക്കി നക്കിത്തിന്നാൻ തുടങ്ങി.

''റോമിൽച്ചെന്നാൽ റോമാക്കാരെപ്പോലെ. ഇന്ത്യൻരീതികഠം ഇപ്പോഴേ പരിശീലിച്ചുകൊള്ളുന്നതല്ലേ നന്ന്?'' അവഠം ചിരിച്ചുകൊണ്ട് കൈവിരലുകഠം ഊമ്പിക്കാട്ടി. പരിഹാസാനുകരണം!

''എന്തു മണമാണ് നിനക്ക്! ഇതെവിടെനിന്നു കിട്ടി?'' അവളുടെ നെററിയിൽ മുത്തിക്കൊണ്ടു രാധ ചോദിച്ചു.

''ഇതുതന്നെ നിന്റെ ഡാഡിക്കു ഞാനൊന്നു മേടിച്ചു പ്രസന്റ് ചെയ്തിട്ടുണ്ട്.''

''അച്ഛൻ പറഞ്ഞില്ലല്ലോ!''

"ഗേഠംഫ്രണ്ടിനു സമ്മാനിക്കാൻ ഒളിച്ചുവെച്ചിരിക്കയാ! ഞാൻ നിന്നോടു പറഞ്ഞതു് കഷ്ടമായിപ്പോയോ?"

വണ്ടി സ്റ്റാർട്ടുചെയ്യവേ രാധ ചിരിച്ചുകൊണ്ടു പറഞ്ഞു: "എന്റെ ഡാഡിയെ നീ നല്ലോണം സൂക്ഷിച്ചുകൊള്ളണേ! ഇവിടത്തെ മനുഷ്യരുടെ സ്വഭാവങ്ങളും രീതികളും മററും അറിഞ്ഞുകൂട. ആപത്തിലൊന്നും ചാടിക്കരുതേ!''

''നിൻെറ ഡാഡിയെ നീ മനസ്സിലാക്കീട്ടില്ല. പുള്ളിക്കാരൻ അങ്ങനെ ഒന്നിലും ചാടിക്കളയുന്നവനല്ല. സ്നേഹിതൻ എങ്ങാണ്ടോ പ്രേമത്തിൽപ്പെട്ടു നട്ടംതിരിയുകാണു തോന്നുന്നു!'' അവഠം മുഴങ്ങിച്ചിരിച്ചു.

''ഹാർലമിലുള്ള നിൻെറ നീഗ്രോഫ്രണ്ട്സിനെയൊക്കെ നീ പരിചയപ്പെടുത്തിക്കൊടുക്കണം. അവരുടെ ജീവിതരീതി മനസ്സിലാക്കാൻ അച്ഛൻ താൽപര്യപ്പെടുന്നു.''

''ഇന്ത്യാക്കാരെ പിടികിട്ടിയാൽ അവററ തിരിച്ചുവിടില്ല. അവരുടെ 'സേക്രഡ് സെവൻറിക്ലബ്ബും' മററും നിനക്കറിയാമല്ലോ. ഒക്കെ മനുഷ്യരക്തം ഊററിക്കുടിക്കുന്ന ഡ്രാക്കുളമാരാ!'' എന്നോടു തിരിഞ്ഞു് നേരേ വിരുദ്ധമായി സംസാരിച്ചുതുടങ്ങി:

നീഗ്രോകളെപ്പററി: ''ഈ നീഗ്രോകഠം വളരെ നല്ല കൂട്ടരുണ്ട്. അവരെ ഞങ്ങളുടെ ആളുകളേക്കാഠം വിശ്വസിക്കാം.'' ഒരു വിശാലഹൃദയയുടെ ഭാവത്തോടെ—''അടിച്ചമർത്തിയിട്ടിരിക്കുന്ന അവർ വഷളായി വളരുന്നതിൽ അത്ഭുതമില്ല.''

''ഞാൻ നീഗ്രോജീവിതം വിവരിക്കുന്ന മൂന്നാലു നല്ല നോവലുകഠം വായിച്ചിട്ടുണ്ട്. ക്രൂരവും നിഷ്ഠുരവുമായ ചുററുപാടുകഠംകാരണം ഒരു നീഗ്രോബാലൻ ദാരുണമായവിധം വഷളായി വളന്ന് ഹീനവൃത്തികളിൽ മുഴുകുന്ന 'Native Son' എന്ന നോവൽ മറക്കാനാവാത്ത രംഗങ്ങഠം ഉഠംക്കൊള്ളുന്നതാണ്.''

''അതു് Richard Wright എന്ന നീഗ്രോനോവലിസ്റ്റിൻെറ ബെസ്റ്റ് സെല്ലർ ആയിരുന്നു. ഹാർലം പരിതഃസ്ഥിതികളിൽ വള

ന്നവനാണ് റിച്ചാഡ്. അദ്ദേഹത്തിന്റെ Black Boy എന്ന നോവൽ നേററീവ് സണ്ണിനെക്കാരം നന്നായിട്ടുള്ളതാണ്. ഹാർലംസന്താനങ്ങളായ Ralph Ellison, Lina Horne, Duke Ellington തുടങ്ങിയ കവികളും ഗായകന്മാരും നടീനടന്മാരും അമേരിക്കൻ സംസ്കാര ചരിത്രത്തിൽനിന്ന് ആർക്കും തള്ളിനിറുത്താൻ സാധിക്കുന്നവരല്ല.''

''പക്ഷേ, പൊതുവേ അവരെപ്പററി ദുരഭിപ്രായമാണ് പരന്നിട്ടുള്ളതു്.''

''നിങ്ങരം ഒന്നു മനസ്സിലാക്കണം. ദാരിദ്ര്യവും സാമുദായിക സമ്മർദ്ദവും വിദ്യാഭ്യാസരാഹിത്യവുംകൊണ്ടു് അധഃകൃതരാക്കിത്തള്ളിയിരിക്കുന്ന ഇവരെ താറടിച്ചു പുറംതള്ളാൻ എളുപ്പമുണ്ടു്. എത്രയെത്ര മൂർഖന്മാരാണ് വെള്ളക്കാരുടെ കൂട്ടത്തിലുള്ളതു്. അക്രമികളുടെ ഇരുന്നൂറിൽപ്പരം സംഘടനകരം ന്യൂയോക്കിലുണ്ടെന്നാണ് കണക്കു്. അവയിൽ 35 എണ്ണം മാത്രമേ നീഗ്രോകളുടേതായിട്ടുള്ളൂ. കറപ്ഷന്റെ കൂത്തരങ്ങാണു് രാഷ്ട്രീയനായകന്മാർ, ഉദ്യോഗസ്ഥന്മാർ, ജനപ്രതിനിധികരം തുടങ്ങിയ ഒട്ടനവധി വെള്ളക്കാർ. പണവും പ്രതാപവും സ്വാധീനതയുമുള്ള വമ്പന്മാരായ അവർ ചെയ്യുന്ന അക്രമങ്ങരം മറച്ചുവയ്ക്കാൻ എളുപ്പം. വശംപിടിച്ചു വാദിക്കുന്ന പത്രവാർത്തകളൊന്നും നിങ്ങരം വിശ്വസിക്കരുതെന്നാണ് എനിക്കപേക്ഷയുള്ളതു്.''

ഏതും വിശാലതയോടെ വീക്ഷിക്കാനുള്ള അവളുടെ മനഃപ്പകതയിൽ എനിക്കു മതിപ്പുതോന്നി.

ട്രാഫിക് സ്തംഭനം: ന്യൂയോക്ക് നഗരമദ്ധ്യത്തിലേക്കു ഞങ്ങരം പായുകയായിരുന്നു. ഞായറാഴ്ചയാണെങ്കിലും തിക്കും തിരക്കും ഒട്ടും കുറവില്ല. പെട്ടെന്നു് കാർ നിന്നു. ട്രാഫിക് സ്തംഭനം. റോഡിന്റെ വലത്തേ പകുതിയിൽ ഉരുമ്മിയുരുമ്മി നാലുവരിയായി മുമ്പോട്ടു പാഞ്ഞിരുന്ന പതിനായിരക്കണക്കിനുള്ള വാഹനങ്ങരം മന്ത്രശക്തിയേററെന്നപോലെ ചുവന്ന ലൈററുകരം പിന്നിൽ തിളക്കിക്കൊണ്ടു് പെട്ടെന്നു നിന്നു. രണ്ടുമൂന്നു മിനിട്ടിനുള്ളിൽ എല്ലാം അടിച്ചു പരത്തിയമട്ടിൽ ഇടത്തേപ്പകുതി സമ്പൂർണ്ണ ബ്ലാങ്കായി. മുന്നും പിന്നും അനങ്ങാൻ നിവൃത്തിയില്ലാതെ ഞങ്ങരം ഒരു വെയിസിൽ (Vice) അമർത്തിയമാതിരി നിശ്ചലരായിത്തീർന്നിരുന്നു. റോഡുമദ്ധ്യത്തു് ഒന്നരയടിയോളം പൊക്കമുള്ള സിമിന്റ്തിട്ടയാണ്. അതു മുറിച്ചുകേറി തിരിച്ചുപോകാനും പററുകയില്ല.

കാറിനകം ശീതോഷ്ണനിയന്ത്രിതമാണ്. വാതിൽപ്പാളി പതുക്കെ തുറന്നു് പുറത്തേക്കു തല നീട്ടി. അത്യുഷ്ണം. മുമ്പും പിമ്പും പലരും തല നീട്ടുന്നുണ്ടു്. ആർക്കും യാതൊന്നും അറിഞ്ഞുകൂടാ.

''എന്തോ അപകടമായിരിക്കണം.''

''പുറത്തിറങ്ങി അന്വേഷിക്കരുതേ?''

''അപകടം! പെട്ടെന്നു നീങ്ങേണ്ടിവന്നേക്കാം. ചിലപ്പോൾ ഒന്നുരണ്ടു മണിക്കൂർതന്നെ ഇങ്ങനെ കാത്തിരിക്കേണ്ടിവന്നേക്കും.''

''ബോറാകാതിരിക്കാൻ റേഡിയോ ഓൺ ചെയ്യു,'' ഞാനപേക്ഷിച്ചു.

''നമുക്കു് എന്തെങ്കിലും സംസാരിക്കാം. നിങ്ങളുടെ അഭിപ്രായങ്ങളെല്ലാം അസാധാരണവിചിത്രങ്ങളാണു് (strangely curious)!'' അവൾ ചിരിച്ചു. ''എങ്കിലും ഞാനെല്ലാം ശ്രദ്ധിച്ചു നോട്ടുചെയ്തു വച്ചിട്ടുണ്ടു്. ഇന്നലെ ഫിലിമിനെപ്പററി പറഞ്ഞതെല്ലാം ടൈപ്പുചെയ്തു കഴിഞ്ഞു.''

''നല്ല സർട്ടിഫിക്കററാണല്ലോ! നിങ്ങളുടെ സംഭാഷണം മാധുര്യമേറിയതാണെനിക്കു്. തുടങ്ങിക്കൊള്ളു, ഇഷ്ടമുള്ള വിഷയം എന്തായാലും.''

ഹിന്ദുദൈവങ്ങളെപ്പററി: ''പരിഹാസമായി കരുതരുതു്. ഹിന്ദുക്കളുടെ ഒരു വലിയ ദൈവത്തിനു് നാലു പ്രധാന ഭാര്യമാരും, പതിനാറായിരത്തെട്ടു പ്രേമഭാര്യമാരുമുണ്ടോ? (ചിരിച്ചുകൊണ്ടു്) പ്രതിദിനം പത്തു പ്രേമഭാജനങ്ങളെവീതം അദ്ദേഹം ഡേററുചെയ്തു സമ്പർക്കംപുലത്തിയാൽപ്പോലും എല്ലാററിനെയും പൂർത്തിയാക്കാൻ എത്ര കാലം വേണ്ടിവരും? കെട്ടുകഥകളായാലും പൊരുത്തപ്പെടുത്തി പറയേണ്ടേ?'' അവൾ മുഴങ്ങിച്ചിരിച്ചു. ''എത്ര അസംബന്ധം (absurd)! ഇതിന്നു മറുപടി പറയാൻ നിങ്ങൾക്കു് എന്തെങ്കിലുമുണ്ടോ?''

''മനുഷ്യനല്ലല്ലോ ദൈവം! ഞാനൊന്നു ചോദിക്കട്ടേ. സ്ത്രീപുരുഷസമ്പർക്കംകൂടാതെ ഒരു ശിശുവുണ്ടാകാൻ സാദ്ധ്യതയുണ്ടോ?''

''അസാദ്ധ്യം.''

''കന്യകാപുത്രനാണു് ദൈവപുത്രനായ യേശു എന്നു വിശ്വസിക്കുന്നവരല്ലേ ക്രിസ്ത്യാനികളെല്ലാം? ആ കഥ വിശ്വസിക്കുന്ന പോലെതന്നെയാണു് പതിനാറായിരത്തെട്ടു ഭാര്യമാരുടെ കഥയും വിശ്വസിക്കേണ്ടതു്.''

''ബുദ്ധിയും വിവേകവുമുള്ള ക്രിസ്ത്യാനികളാരും ആ കഥ വിശ്വസിക്കുന്നില്ല.''

''ബുദ്ധിയും വിവേകവുമുള്ള ഹിന്ദുക്കൾ കൃഷ്ണൻെറ ആ കഥയ്ക്കുള്ള അന്യാപദേശം (allegory) മനസ്സിലാക്കുന്നവരാണു്. ഹിന്ദുതത്ത്വശാസ്ത്രവും മതഗ്രന്ഥങ്ങളും നിറയെ ഇമ്മാതിരി പല അന്യാപദേശകഥകളുണ്ടു്. അതു മനസ്സിലാക്കാതെയാണു് ഹിന്ദുക്കളെക്കുറിച്ചു് പല അപവാദങ്ങളും തെററിദ്ധാരണകളും അറിവില്ലാത്തവർ പ്രചരിപ്പിക്കുന്നതു്.''

''എനിക്കു തെററിദ്ധാരണകൾ മാററാൻ വലിയ ആഗ്രഹമുണ്ടു്. അതെൻെറ ആവശ്യവുമാണു്. നിങ്ങളുടെ പ്രധാനമായ ദൈവവിശ്വാസം എങ്ങനെ?''

''ശ്രദ്ധിച്ചു കേൾക്കൂ. അതിപ്രാചീനമായ വിശ്വമതങ്ങളിൽ ഒന്നാണു് ഹിന്ദുമതം. അനേകനൂററാണ്ടുകളായി പല പരിണാമങ്ങളും വ്യതിയാനങ്ങളും അതിലുണ്ടായിട്ടുണ്ടു്. പല സംസ്കാര നിലവാരമുള്ള ജനസമൂഹങ്ങളും ഇന്നു് അതിലുണ്ടു്.''

''നിങ്ങളുടെ സംസ്കാരനിലവാരത്തെക്കുറിച്ചല്ല, ദൈവ വിശ്വാസത്തിൻെറ സ്വഭാവത്തെക്കുറിച്ചാണു് അറിയാൻ ആഗ്രഹിക്കുന്നതു്.''

''അതു വ്യക്തമാക്കാനാണു് എൻെറ ശ്രമം. ഉയർന്നതരം ദൈവ വിശ്വാസംമുതൽ താണതരം പിശാചുവിശ്വാസംവരെ വച്ചുപുലർത്തുന്നവർ ഹിന്ദുക്കളിലുണ്ടു്.''

''ഉയർന്നതരം ആദ്യം പറഞ്ഞുതരൂ.''

''ഒരേ ഒരു പരമാശക്തി (One Supreme Lord) സകല പ്രപഞ്ചങ്ങളെയും അമേയമായ ഒരു മഹാപദ്ധതിയനുസരിച്ചു് സൃഷ്ടിച്ചു സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. ബ്രഹ്മം എന്നാണു് അതിനെ വിളിക്കുന്നതു്.''

''അവൻെറ സ്വർഗ്ഗം എവിടെ? അവൻെറ രൂപം എങ്ങനെ?''

''നിങ്ങൾക്കു് ഏററവും കൂടുതൽ ചേതോഹരമായ ഒരു രൂപത്തെ, ഒരു വസ്തുവിനെ, ഒരു ആശയത്തെ നിങ്ങൾ സങ്കല്പിക്കൂ. അതിനെ അതിശയിക്കുന്ന ആത്യന്തികമായ ചേതോഹരതയാണു് ഈ ബ്രഹ്മം. പ്രകൃതിയോ പ്രകൃതിയെ ജയിച്ചെന്നു് അഭിമാനിക്കുന്ന മനുഷ്യനോ പ്രകടിപ്പിക്കാൻ കഴിയുന്ന മഹാശക്തികളെക്കുറിച്ചു നിങ്ങൾ സങ്കല്പിക്കൂ.''

''ഉദാഹരണമായി, ആററംബോമ്പിൻെറ ശക്തി, അല്ലെങ്കിൽ ഒരു ഭീകരഭൂകമ്പത്തിൻെറ ശക്തി.''

അവളുടെ പ്രതികരണം എനിക്കിഷ്ടപ്പെട്ടു.

''ശരി. അമ്മാതിരി ശക്തികളുടെ കോടിമടങ്ങു ശക്തിയുള്ള സർവ്വാതിശായിയായ ശക്തിയാണു് ഈ പ്രപഞ്ചത്തെ മുഴുവൻ സ്വാധീനതയിൽ വച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മം. നിങ്ങൾക്കു് എത്രയും ആനന്ദപ്രദമായി തോന്നുന്ന ഒരു പരമസുഖത്തെക്കുറിച്ചു നിങ്ങൾ സങ്കല്പിക്കൂ.''

''ഉദാഹരണമായി, ലൈംഗികസുഖത്തിൻെറ മൂർച്ഛ!'' അവൾ സാഹ്ലാദം പറഞ്ഞു.

''കേവലം നൈമിഷികമായ ആ സുഖമൂർച്ഛയെ നിഷ്പ്രഭമാക്കുന്ന നിരന്തരമായ പരമോൽകൃഷ്ടസുഖമാണു് പരബ്രഹ്മം!''

''നിങ്ങൾ എന്നെ കൊതിയാക്കാൻ പറയുന്നതാണോ? നിരന്തരമായ ഒരു പരമസുഖം കിട്ടുമെന്നാണോ?''

''മഹാജ്ഞാനികളും പണ്ഡിതന്മാരും കലാകോവിദന്മാരും ശാസ്ത്രജ്ഞന്മാരുമായ എത്രയെത്രയോ ഹിന്ദുമതാനുയായികൾ പര

ബ്രഹ്മസുഖത്തിന്റെ ഒരു കണിക കണികണ്ടാലുടൻ സകലതും ത്യജിച്ചിട്ട് അതിന്റെ പിന്നാലെ പാഞ്ഞുപോകുന്നതു് അനാദികാലം മുതൽ കണ്ടുവരുന്ന ഒരു സത്യമാണു്.''

''അങ്ങനെയാണെങ്കിൽ ചുരുക്കിപ്പറഞ്ഞുതരൂ, പരമസുഖപ്രദനായ ആ ദൈവത്തെ ആരാധിക്കാനും ആ സുഖം ലഭിക്കാനുമുള്ള മാർഗ്ഗമെന്താണു്?''

''പലവിധം ധ്യാനമനനമാർഗ്ഗങ്ങൾ ഋഷീശ്വരന്മാർ നിർദ്ദേശിക്കുന്നുണ്ട്. പക്ഷേ, മനുഷ്യനു സങ്കല്പിക്കാൻ പ്രയാസമുള്ള രൂപത്തോടുകൂടിയ പരബ്രഹ്മത്തെ ധ്യാനിക്കുകയും ആരാധിച്ചു സ്വാധീനപ്പെടുത്തുകയും വളരെ ക്ലേശകരമാണ്.''

''അപ്പോൾപ്പിന്നെ എന്തെടുക്കാനാ?''

''പ്രയാസമേറിയ ആ ഉയർന്ന മാർഗ്ഗം പററാത്തവർക്കുവേണ്ടിയാണു് രാമൻ, കൃഷ്ണൻ, ശിവൻ, ലക്ഷ്മി, പാർവ്വതി തുടങ്ങിയ ദേവന്മാരുടെയും ദേവികളുടെയും രൂപവർണ്ണനകളുള്ള കഥകൾ രചിച്ചിട്ടുള്ളതു്. രണ്ടുമൂവായിരം കൊല്ലങ്ങൾക്കുമുമ്പ് ഇങ്ങനെ മഹർഷിമാർ നിർമ്മിച്ച മഹാപുരാണങ്ങളിലെയും ഇതിഹാസങ്ങളിലെയും നായികാനായകന്മാരാണു് രണ്ടാംതരക്കാരായ ഹിന്ദുമതാനുയായികളുടെ ആരാധനാപാത്രങ്ങൾ.''

''അപ്പോൾ അവർ കഥാനായകന്മാരെയാണോ ദൈവമായി പൂജിക്കുന്നതു്?''

''രാമായണം, ഭാരതം, ഭാഗവതം എന്നീ കൃതികൾപോലെ മഹോന്നതമായ കാല്പനികഗ്രന്ഥങ്ങൾ വിശ്വസാഹിത്യത്തിൽ അപൂർവ്വമാണ്. എത്രയും തന്മയത്വത്തോടെ സൃഷ്ടിച്ചിട്ടുള്ള കഥാപാത്രങ്ങളാണു് രാമനും കൃഷ്ണനും മററും. അനേകായിരം വർഷങ്ങളായി കോടിക്കോടി മനുഷ്യഹൃദയങ്ങളെ സ്വാധീനപ്പെടുത്തി ആരാധനാവിധേയമാക്കാൻ സാധിച്ചിട്ടുള്ള അവയുടെ മഹത്വം ആലോചിച്ചു നോക്കു. അത്യുന്നതമായ ശാസ്ത്രീയാഭിവൃദ്ധിയുണ്ടായിട്ടുള്ള അമേരിക്കയിൽപ്പോലും ആയിരക്കണക്കിനു സ്ത്രീപുരുഷന്മാരെ വശീകരിച്ച് 'ഹരേ രാമ ഹരേ കൃഷ്ണ' വിളിപ്പിക്കാൻ ആ കഥാപുരുഷന്മാർ കെല്പുള്ളവരായിത്തീർന്നിട്ടുണ്ട്. പക്ഷേ, ഇവരുടെ ആരാധകന്മാരെ ഹിന്ദുമതമഹാപണ്ഡിതന്മാർ താണതരത്തിൽപ്പെട്ടവരായി മാത്രമേ കരുതുന്നുള്ളു.''

''അതിലും താണവരുടെ കാര്യം എങ്ങനെ? അങ്ങനെയും ചിലരുണ്ടെന്നു നിങ്ങൾ പറഞ്ഞല്ലോ?'' അവളുടെ ജിജ്ഞാസ എന്നെ വളരെ സന്തോഷിപ്പിച്ചു.

''പല പ്രകൃതിശക്തികളെയും അവയുടെ മൂർത്തികളായി കല്പിക്കപ്പെടുന്ന ദേവതകളെയും പൂജിക്കുന്നവരാണു് ഇക്കൂട്ടർ. സദ്ദേവതകളും ദുർദ്ദേവതകളും ഇക്കൂട്ടത്തിലുണ്ട്. ഈ ദേവതകളെ പ്രീണിപ്പിക്കാൻവേണ്ടി പലവിധം ഉപാസനകളും മന്ത്രവാദങ്ങളും അവരുടെ

സഹായത്തോടെ പലമാതിരി ആഭിചാരങ്ങളും ഇക്കൂട്ടർ ആചരിക്കുന്നു. മന്ത്രശക്തികൊണ്ടും മററും പല അത്ഭുതസിദ്ധികൾ നേടിയിട്ടുള്ളവർ ഇവരുടെയിടയിലുണ്ട്.''

''നിങ്ങൾക്കു മന്ത്രവാദം അറിയാമോ?''

''മന്ത്രശാസ്ത്രം ഞാൻ ശ്രദ്ധിച്ചുപഠിച്ചിട്ടുണ്ട്.''

''അതു സോർസറി (ക്ഷുദ്രപ്രയോഗം) ആണോ?''

''ദുർമ്മന്ത്രവാദം സോർസറിതന്നെ. എതിരാളികളെ ഭയങ്കരമായി പീഡിപ്പിക്കാനും വേണമെങ്കിൽ ദുർമ്മരണത്തിന്ന് ഇരയാക്കുവാൻപോലും ദുർമ്മന്ത്രവാദികൾക്കു സാധിക്കും.''

''ഒരുദാഹരണം പറയൂ.''

''ബാരയുടെനേക്ക് എനിക്കു വിരോധമുണ്ടായീന്നിരിക്കട്ടെ. ഒരു ദുർമന്ത്രം ജപിച്ച് എൻെറ സ്വാധീനതയിലുള്ള ദുർദ്ദേവതയെ പ്രീണിപ്പിച്ചുകൊണ്ടു ഞാൻ ഒരു കമ്പെട്ടുത്തു് ഒടിച്ചാൽ മതി, ബാരയുടെ ഏതംഗം ഒടിയണമെന്നു ഞാൻ വിചാരിക്കുന്നുവോ ആ അംഗം ഉടൻ ഒടിഞ്ഞുപോകും. ഇതിന്നു് ഒടിവിദ്യ എന്നാണു പേരു്.'' ഞാൻ അഭിനയപൂർവ്വം പറഞ്ഞു.

''തീർച്ചയായും സംഭവിക്കുമോ?''

''വളരെ തീർച്ചയായും എത്രയോ മനുഷ്യർ ഇതിന്നു വിധേയരായി അവശതപ്പെട്ടു ജീവിക്കുന്നുണ്ട്!''

അവളുടെ മുഖത്തു ഭയഭാവം. ''എനിക്കു യഥാർത്ഥത്തിൽ ഭയം തോന്നുന്നുണ്ട്.'' എൻെറ കണ്ണുകളിൽ അവൾ ഏങ്കോണിച്ചു നോക്കിയിരുന്നു. ''നിങ്ങൾ എപ്പോഴെങ്കിലും ഈ ഒടിവിദ്യ പ്രയോഗിച്ചിട്ടുണ്ടോ?''

''ഇന്നോളമില്ല.''

"നിങ്ങൾ ഏതിനത്തിൽപ്പെട്ട ദൈവവിശ്വാസക്കാരനാണ്?" ഒരു പരിശോധനാഭാവം.

''ഞാൻ സർവ്വശക്തനായ ഒരു ഏകദൈവത്തിൽ വിശ്വസിക്കുന്നവനാണ്.''

''അവൻെറ സ്ഥാനം എവിടെയെന്നു നിങ്ങൾ പറഞ്ഞില്ലല്ലോ.''

''അവൻ എങ്ങും നിറഞ്ഞിരിക്കുന്നവനാണ്. എല്ലാററിൻെറയും ഉള്ളിലും പുറത്തും അവനുണ്ട്.''

പണ്ട് ആലപ്പുഴവെച്ച് തിയോസഫിക്ലാസ്സിനുവേണ്ടി ഏദിസ്ഥമാക്കിയിരുന്ന ഗീതയിലെ 'സർവ്വതഃ പാണിപാദം തൽ, സർവ്വതോക്ഷി ശിരോമുഖം' എന്നു തുടങ്ങുന്ന ശ്ലോകങ്ങൾ ഉദ്ധരിച്ചിട്ട് ആനി ബസൻറിൻെറ പരിഭാഷയും വ്യാഖ്യാനവും വിവരിച്ചു കേൾപ്പിച്ചു. ശ്ലോകങ്ങൾ ചൊല്ലിയപ്പോൾ എന്തോ മന്ത്രോച്ചാരണമാണെന്ന മട്ടിൽ ഭയഭാവമാണ് അവളുടെ മുഖത്തുണ്ടായതു്. അർത്ഥവിവരണം കേട്ടപ്പോൾ സമാധാനമായി. താൽപര്യമുണർന്നു.

''നിങ്ങളുടെ ആരാധനാക്രമംകൂടി പറഞ്ഞുതരു.''

''ഈ സർവ്വശക്തനെ ആരാധിക്കാൻ പല മാർഗ്ഗങ്ങളുമുണ്ട്. ഏറ്റവും എളുപ്പമായതു് പ്രതിഫലേച്ഛകൂടാതെ പരോപകാരപ്രദമായ സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയാണ്. ലോകത്തുള്ള യാതൊരു ജീവിക്കും വേദനയോ ഉപദ്രവമോ ഉണ്ടാകാത്ത അത്യന്തശുദ്ധമായ ഒരു ജീവിതം നയിക്കുന്ന ഈ ലോകോപകാരിക്കു് എളുപ്പത്തിൽ ഈശ്വരസാക്ഷാൽക്കാരമുണ്ടാകും.''

''ധ്യാനവും യോഗവും മററുംകൊണ്ടു് ആരാധിക്കാൻ സാധിക്കുമെന്നല്ലേ നിങ്ങൾ പറഞ്ഞതു്?''

''അതു മറെറാരു മാർഗ്ഗം. യോഗാഭ്യാസംകൊണ്ടു ശരീരവും മനസ്സും ശുദ്ധമാക്കി ഈശ്വരധ്യാനത്തിൽ മുഴുകിയിരുന്നു് മോക്ഷം ഇച്ഛിക്കുന്നവർ നേടുന്നു. ഇതിലും എളുപ്പമായ മറെറാരു മാർഗ്ഗമുണ്ടു്; എല്ലാം ധർമ്മങ്ങളും പരിത്യജിച്ചിട്ടു് 'നീയേ ശരണം സർവ്വശക്താ' എന്നുള്ള തീവ്രമായ ഭക്തിയോടുകൂടി അത്യന്തകാരുണികനായ ആ മഹാശക്തിയെ അടിപണിയുക. അങ്ങനെ ശരണാഗതനാകുന്ന ദൈവഭക്തൻ ചെയ്തുപോയിട്ടുള്ള പാപങ്ങളിൽനിന്നെല്ലാം മുക്തനായി ഈശ്വരസാക്ഷാൽക്കാരം പ്രാപിക്കുന്നു.''

''ജ്ഞാനികളും പണ്ഡിതന്മാരും കലാകാരന്മാരും മററും പരബ്രഹ്മസുഖം കണ്ടെത്താറുണ്ടെന്നും നിങ്ങൾ പറഞ്ഞല്ലോ.''

''തീർച്ചയായും ജ്ഞാനികളുടെ ലക്ഷ്യവും അറിഞ്ഞോ അറിയാതെയോ ഈശ്വരസാക്ഷാൽക്കാരമാണ്. ഏററവും വലിയ ജ്ഞാനം ആദ്ധ്യാത്മികജ്ഞാനം—ഈശ്വരജ്ഞാനം—ആണെന്നാണ് ഹിന്ദുമതം പഠിപ്പിക്കുന്നതു്. ചിന്തകളുടെ പരമകാഷ്ഠ ഈശ്വരനിലാണു സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു് മഹാചിന്തകന്മാരായ മനുഷ്യരുടെ മാർഗ്ഗവും ലക്ഷ്യവും ഈശ്വരസാക്ഷാൽക്കാരംതന്നെയാണ്.''

''നിങ്ങൾ ഹിന്ദുക്കൾ അസാധാരണമനുഷ്യർതന്നെ! നിങ്ങളെ വേണ്ടപോലെ മനസ്സിലാക്കാതെ പല തെററിദ്ധാരണകളും ഞങ്ങൾക്കുണ്ടായിട്ടുണ്ടു്. എൻെറ ഒട്ടനവധി സംശയങ്ങൾ ഇപ്പോൾ മാറിക്കിട്ടി. നിങ്ങളോടുള്ള കൃതജ്ഞത എങ്ങനെ അറിയിക്കണമെന്നു് ഞാനറിയുന്നില്ല.''

''എനിക്കു നിങ്ങളോടുള്ള കൃതജ്ഞത എങ്ങനെയുള്ളതെന്നു് ആലോചിച്ചുനോക്കു. രോഗിയായിക്കിടക്കുന്ന ഭർത്താവിൻെറ സാമീപ്യംപോലും അവഗണിച്ചിട്ടാണ് നിങ്ങൾ എന്നെ കൊണ്ടുനടന്നു് അമേരിക്കൻജീവിതം കാണിച്ചുതരാൻ ഇറങ്ങിയിരിക്കുന്നതു്. നിങ്ങളുടെ സ്നേഹാതിശയത്തിനുമുമ്പിൽ കൈകൂപ്പുവാനേ എനിക്കു സാധിക്കുന്നുള്ളു. ഒരു മോഡൽ അമേരിക്കൻവനിതയായി ഞാൻ നിങ്ങളെ കരുതുന്നു.''

സ്തംഭനകാരണം: അരമണിക്കൂറായിരിക്കുന്നു ഞങ്ങൾ നിശ്ചലരാക്കപ്പെട്ടിട്ടു്. ഹോൺ മുഴക്കുവാൻ ഒരു കാറും ഒരുങ്ങിയില്ലെന്നുള്ളതു് അത്ഭുതമാണു്. ഒരു അപശബ്ദവും ആരിൽനിന്നും പുറപ്പെടുന്നില്ല. പെട്ടെന്നു് വിഘ്നം തീൎന്നു് കാറുകളും ലോറികളും മററും നീങ്ങിത്തുടങ്ങി. ഒരു മൈൽ മുമ്പോട്ടു പോയപ്പോൾ സ്തംഭനകാരണം കാണാൻ കഴിഞ്ഞു. ഓടിക്കൊണ്ടിരുന്ന ഒരു വലിയ ട്രക്കിൽ കുത്തനെ കയററിനിറുത്തിയിരുന്ന ഭീമാകാരമായ ഒരു ക്രെയിൻ, ബന്ധിച്ചിരുന്ന ചങ്ങല എങ്ങനെയോ ഊൎന്നുപോയതുകൊണ്ടു് റോഡിന്റെ രണ്ടുവശങ്ങളിലുമായി വിലങ്ങനെ മറിഞ്ഞുവീണു. മറുവശത്തു് ഓടിയിരുന്ന മൂന്നു കാറുകളെയും ആറാളുകളെയും അതു തകൎത്തു. മാരകമുറിവുകളോടെ നാലുപേരെ ആസ്പത്രിക്കു കൊണ്ടുപോയിരിക്കയാണു്. കാറുകളുടെ അവശിഷ്ടങ്ങൾ റോഡിറമ്പിലേക്കു തള്ളിനീക്കി ഒതുക്കിയിട്ടിരിക്കുന്നു. ഒരു സ്ക്വാഡ് ഫയർബ്രിഗേഡും ഒരു കൂട്ടം പോലീസും ഒരു വശത്തു് ഒതുങ്ങി അണിനിരന്നു് പല ജോലികളിൽ വ്യാപൃതരായിരിക്കയാണു്. റോഡിൽ തളംകെട്ടിക്കിടക്കുന്ന കട്ടച്ചോര ഒന്നു നോക്കുകമാത്രം ചെയ്തിട്ടു് യാത്രക്കാർ ശീഘ്രഗതിയിൽ പായുന്നു.

അന്നത്തെ പ്രോഗ്രാം: ''ഇന്നു് എന്റെ സിസ്റ്റർ ഇൻ ലായുടെ വീട്ടിലാണു് നമുക്കു ലഞ്ച്. വിരോധമില്ലല്ലോ?''

''ഇല്ല.''

''അതിനുമുമ്പു് നിങ്ങളെ ഏററവും വഷളായ ഞങ്ങളുടെ ചില കാൎയ്യങ്ങൾ കൊണ്ടു കാണിക്കണമെന്നാണു് ഞാനാഗ്രഹിക്കുന്നതു്.''

''എന്താണതു്?''

''കാണാൻപോകുന്ന കാൎയ്യം എന്തിനു കേൾക്കുന്നു? അതൊക്കെ കണ്ടിട്ടു് നിങ്ങളുടെ അഭിപ്രായങ്ങൾ തുറന്നുപറയണം; എന്റെ റിസർച്ച് വിഷയത്തിനു സഹായമാകത്തക്കവിധം. ചിലപ്പോൾ നിങ്ങൾക്കു കോപം തോന്നിയേക്കാം, ഞാനതൊക്കെ കൊണ്ടു കാട്ടുമ്പോൾ.''

''ഹേ ഹേ! എന്തു വേണമോ എന്നെ കാണിക്കയോ കേൾപ്പിക്കയോ എന്നോടു പ്രവൎത്തിക്കയോ ചെയ്തുകൊള്ളൂ. കോപം എന്നൊന്നു് എന്നിൽനിന്നുണ്ടാകുമെന്നു വിചാരിക്കയേ വേണ്ട.'' ഞാൻ ശാന്തഭാവത്തിൽ പറഞ്ഞു.

ബ്രോഡ്‌വെയ്യൂടത്തുകൂടി സഞ്ചരിക്കയായിരുന്നു. 43-ാം തെരുവിൽ.

''ഇതാണു് ന്യൂയോൎക്കു് ടൈംസ് സ്ഥാപനം. അടുത്ത തെരുവിലാണു് നിങ്ങളെ കാട്ടാൻപോകുന്ന സാധനസാമഗ്രികൾ.''

ന്യൂയോൎക്കു് ടൈംസ് സ്ഥാപനം! ''ടൈംസ് സ്ഥാപനം ഒന്നു കാണാൻ പററുമോ? ഒന്നോടിച്ചുനോക്കിയാൽ കൊള്ളാമെന്നുണ്ടു്.''

''തീർച്ചയായും. എന്റെ ഒന്നുരണ്ടു ബന്ധുക്കൾതന്നെ ഇതിന്ന കത്തു ജോലിക്കാരുണ്ട്.''

''എന്നാൽ നമുക്കൊന്നിറങ്ങിനോക്കാം.''

ടൂറിസ്റ്റ് ഓഫീസിൽ പത്തിരുപതുപേർ കൂടീട്ടുണ്ട്. പല രാജ്യക്കാരാണെന്നു തോന്നി, വേഷം കണ്ടിട്ട്. ''ഗൈഡഡ് ടൂർ വളരെ താമസിക്കും. നമുക്ക മറെറാരു എളുപ്പമാർഗ്ഗത്തിൽ കാര്യം നേടാം.''

ബാര അകത്തുള്ള അവളുടെ ബന്ധുവിനു ഫോൺചെയ്തു. അഞ്ചുമിനിട്ടു കാത്തിരുന്നപ്പോൾ സുമുഖനായ ഒരു മദ്ധ്യവയസ്കൻ—മിസ്റ്റർ നാർമൻ—വന്ന് എനിക്കു കൈതരുകയും ബാരയ്ക്ക് ഒരു ചുംബനംകൊടുത്ത് സ്വീകരിക്കയും ചെയ്തു. ഉടനേ ഞങ്ങളെ അയാൾ അകത്തേക്കു കയററിക്കൊണ്ടുപോയി.

അതിവിപുലവും ഗംഭീരവുമായ ഒരു സ്ഥാപനം. അതിന്റെ സവിശേഷതകൾ ഒരു ലഘുവിവരണംകൊണ്ട് മിസ്റ്റർ നാർമൻ മനസ്സിലാക്കിത്തന്നു.

''മൂന്നു ഷിഫ്ററായി പ്രവർത്തിക്കുന്ന ആറായിരം ജോലിക്കാരുണ്ട്. പ്രതിദിനം മൂന്നു പതിപ്പ്, രാത്രി 8.30 മുതൽ വെളുപ്പിന്ന് 6 വരെ. സാധാരണ ദിവസങ്ങളിൽ 60 മുതൽ 100 വരെ പേജുണ്ടായിരിക്കും. ഞായറാഴ്ച, 360 മുതൽ 420 വരെയും. സാധാരണദിവസങ്ങളിൽ 8 ലക്ഷം കോപ്പികളാണടിക്കുന്നതു്. ഞായറാഴ്ച അതിന്റെ ഇരട്ടിയും.''

''ഇന്നത്തെ പേപ്പർക്ഷാമം നിങ്ങളെ ബാധിച്ചിട്ടില്ലേ?'' ബാരയുടെ അന്വേഷണം.

''തീർച്ചയായും ഉണ്ട്. പത്തുമുതൽ 20 വരെ പേജുകൾ ദിവസംപ്രതി കുറയ്ക്കാൻ ഞങ്ങൾ നിർബ്ബന്ധരായിരിക്കുന്നു. പ്രതിദിനം ശരാശരി ആയിരം ടൺ കടലാസ്സും 10 ടൺ മഷിയുമാണ് ഞങ്ങളുടെ പഴയ കണക്ക്. ഇപ്പോളതു് എണ്ണൂറും എട്ടുമായി കുറയ്ക്കേണ്ടി വരുന്നു.''

അയാൾ ഞങ്ങളെ ഓരോ ബ്ലോക്കുകളിലേക്കു നയിച്ചു. പ്രധാനികളെ പരിചയപ്പെടുത്തിത്തന്നു.

''ഞങ്ങൾ രണ്ടു മെയിൻ സെക്ഷനായിട്ടാണു പ്രവർത്തിക്കുന്നതു്—ന്യൂസ് സെക്ഷനും, ലീഡേഴ്സ് സെക്ഷനും. ന്യൂസ് എഡിററർമാരും ലീഡർ എഡിററർമാരും തമ്മിൽ സംസാരിച്ചു തീരുമാനങ്ങളെടുക്കുന്ന സമ്പ്രദായം ഇവിടെയില്ല. വാർത്തയും വീക്ഷണവും കഴിവതും സത്യസന്ധവും നീതിനിഷ്ഠവുമായിരിക്കണമെന്നുള്ളതാണ് ലക്ഷ്യം.''

റേഡിയോപ്രക്ഷേപണകേന്ദ്രത്തിലേക്കു ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. ടൈംസിന്റെ സ്വന്തമായ ഈ പ്രക്ഷേപണകേന്ദ്രം സ്വതന്ത്രമായി പ്രവർത്തിക്കുന്നു. നൂറിൽപ്പരം ജോലിക്കാർ അവിടെ പല

പ്രത്യേക മുറികളിലായി ഓരോ ജോലികളിൽവ്യാപൃതരായിരിക്കു ന്നു. സന്ദർശകർ ചെന്നതുകൊണ്ടു് ശ്രദ്ധമാററാതെ അവർ താന്താങ്ങ ളുടെ ജോലികളിൽ മുഴുകിക്കഴിയുന്നു. തലപൊക്കി ഒന്നു നോക്കാൻ പോലും അവർ മെനക്കെടുന്നില്ല.

''ഞങ്ങൾക്കു് ഒരു ന്യൂസ് സർവ്വീസുണ്ടു്. ന്യൂയോർക്കിനു ചുററി നുമായി ഞങ്ങൾക്കു് ഇരുന്നൂറിൽപ്പരം റിപ്പോർട്ടർമാരുണ്ടു്. എല്ലാ പ്രധാന നഗരങ്ങളിലും ന്യൂസ് ബ്യൂറോകളുമുണ്ടു്. ടെലിപ്രിൻററർ, ടെലിഫോൺ, ടെലഗ്രാഫ്, ടി. വി. തുടങ്ങിയ എല്ലാ വാർത്താ സ്വീകരണപ്രക്ഷേപണസമ്പ്രദായങ്ങളും ഞങ്ങൾ ഉപയോഗിക്കുന്നു. വരി സ്വീകരിച്ചുകൊണ്ടു് മുഖ്യവാർത്തകളെല്ലാം മററു പത്രങ്ങൾക്കു ഞങ്ങൾ വിട്ടുകൊടുക്കുന്നു. ഇങ്ങനെ ഞങ്ങളുടെ ന്യൂസുകൾ ലഭിക്കു ന്നവരായി യു. എസ്. എ. യിലും പുറനാടുകളിലുമായി 120 പത്ര വരിക്കാരുണ്ടു്.''

അവരുടെ ടെലിപ്രിൻററർ, ടെലഗ്രാഫ് തുടങ്ങിയ പ്രവർത്തന ങ്ങൾ ഞങ്ങളെ ഒന്നോടിച്ചു കൊണ്ടുനടന്നു കാണിച്ചു.

സൺഡേ ടൈംസിൻെറ ഒരു പ്രതി എനിക്കു് അയാൾ പാരി തോഷികമായി തന്നു.

"122 കൊല്ലമായി ന്യൂയോർക്ക് ടൈംസ് ആരംഭിച്ചിട്ടു്. 1851 സെപ്റ്റംബർ 18-നു്. ഈ മാസം 18-ാംതീയതിയാണു് 122-ാം ആട്ടപ്പിറന്നാൾ.''

വലിയ ഗറേഷ്കളും സ്റ്റോറുകളും യന്ത്രങ്ങളുടെ പ്രവർത്തനങ്ങ ളും കണ്ടുകൊണ്ടു് വിസ്മയചകിതനായി നടന്നിരുന്ന എനിക്കു് ഒന്നും സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും ''നിങ്ങളെ കണ്ടു മുട്ടിയതിലും നിങ്ങളുമായി ആശയവിനിമയം ചെയ്യാനിടയായതി ലും വളരെ സന്തോഷം. നന്ദി!'' എന്നാണു് മിസ്റ്റർ നാർമൻ യാത്ര പറഞ്ഞതു്.

''ഇനി നമുക്കു നിങ്ങളെ കോപിപ്പിക്കുന്ന മററേ സാധനങ്ങൾ ചെന്നു കാണാം,'' കാറിൽ കയറവേ ബാര പറഞ്ഞു.

എന്തായിരിക്കുമോ മററേ സാധനങ്ങൾ?

മററേ സാധനങ്ങൾ: ഒരു വലിയ ഷോപ്പിലെ കട്ടിക്കണ്ണാടി വാതിൽ തള്ളിത്തുറന്നു് സുഖശീതളമായ ഉള്ളിലേക്കു ഞങ്ങൾ കടന്നു.

ചുറുക്കേറിയ ഒരു കച്ചവടകേന്ദ്രം. നൂററുക്കണക്കിനു് ആണും പെണ്ണും. തുറന്ന ഷെൽഫുകളും കണ്ണാടിഅലമാരകളും വരിവരിയാ യി. നിറയെ പുസ്തകങ്ങളും മാസികകളും വാരികകളും അട്ടിയട്ടി യായി. ഒററനോട്ടത്തിൽ മനസ്സിലായി—വർണ്ണശബളമായ മേനി ക്കടലാസ്സിൽ ഒന്നാംതരം ബയൻഡിങ്ങോടുകൂടിയ—രതിവികൃതി കൾ ചിത്രീകൃതമായിട്ടുള്ള കൃതികളാണു് അവയെല്ലാം. യുവതീ യുവാക്കന്മാരുടെ മനോഹരമാർവ്വിടങ്ങളും രോമപൂരിതമായ മന്മഥാല

യങ്ങളും പലവിധം വികൃതമാരകേളികളും പ്രദർശിപ്പിക്കുന്ന ഗ്രന്ഥങ്ങളുടെ വില്പനസ്ഥലമാണവിടം. Play boy, Knave, Sex Experiments, Ovi, Anor advisor, Paradise in Paris, Confidential—ഇങ്ങനെ പത്തുനൂറെണ്ണമുണ്ട്. ഇഷ്ടപ്പെട്ടവ നോക്കി തെരഞ്ഞുപിടിച്ചെടുക്കാൻ പല പ്രായത്തിലുള്ള സ്ത്രീപുരുഷന്മാരുടെ വെമ്പലാണവിടെ.

മൂന്നാലെണ്ണം കൂട്ടത്തിൽനിന്നു തപ്പിയെടുത്ത് ബാര എന്റെ കൈയിൽ നോക്കാൻ തന്നു. ഏററവും വഷളായവ.

''എങ്ങനെ തോന്നുന്നു?''

''ഇന്നലെ കണ്ടതൊക്കെ കൂടുതൽ സജീവങ്ങളല്ലേ? അവയെക്കാറം സജീവങ്ങളുണ്ടെന്നല്ലേ ബാര പറഞ്ഞത്?''

''അകത്തു മറെറാരു ഡിപ്പാർട്ടുമെൻറിലേക്കു കടക്കാം.'' അവളെന്നെ തള്ളിക്കൊണ്ടു നടന്നു, മറെറാരു മുറിയിലേക്ക്.

'അവിവാഹിതരോ വിരഹതിരോ ആയ മാന്യ ശ്രീമാന്മാർക്കും ശ്രീമതികറംക്കും പ്രത്യേകം' എന്ന ലേബലൊട്ടിച്ച ഒരു വലിയ അലമാര. പല തട്ടുകളിലായി പ്ലാസ്റ്റിക് കവറുകളിലടച്ച വലിയ റബ്ബർ സഞ്ചികറം. ഓരോന്നിലും പൊക്കം, വണ്ണം, തരം തുടങ്ങിയ കണക്കുകറം കുറിച്ച ലേബലുകറം നാടകളിൽ തൂക്കിയിട്ടുണ്ട്.

''ഇവയെന്താണ്?''

അതിന്നുത്തരം പ്രവൃത്തികൊണ്ടായിരുന്നു.

തൊട്ടടുത്ത് മറെറാരലമാര. ഒരു ബട്ടൺ അമർത്തിയപ്പോറം തുറന്നു. ജീവനുണ്ടെന്നു തോന്നുന്ന ഒരു യുവതിയുടെയും യുവാവിന്റെയും സജീവപ്രതിമകളാണ് അതിന്നുള്ളിൽ. ഒററനോട്ടത്തിൽ പ്രതിമകളാണെന്നു തോന്നുകില്ല. അതിലോലമായ നൈററ് ഡ്രസ്സ് അണിഞ്ഞവർ. രോമശമായ ബാഹുമൂലങ്ങളും ആരോഗസംപുഷ്ടമായ അവയവങ്ങളും സ്പർശിക്കണമെന്നു കൊതിതോന്നിക്കത്തക്ക സൗകുമാര്യം തികഞ്ഞവ. അവയുടെ ബാക്കിൽ ഓരോ ചെറിയ സ്വിച്ചുണ്ട്; അകത്തുള്ള ബാററികളുമായി ഘടിപ്പിച്ചിട്ടുള്ളവ. സ്വിച്ച് ഓൺ ചെയ്താലുടൻ അവ പ്രവത്തനക്ഷമമാകും, ഒരു പ്രത്യേകതരം ലിംഗലായനി പ്രസ്രവിപ്പിച്ചുകൊണ്ട്. ലായനികറം ആരോഗ്യസംവദ്ധകമായ ഔഷധവീര്യമുള്ളവയാണ്. ഓരോ പ്രാവശ്യത്തേക്കും ആവശ്യമുള്ളവ പ്രത്യേക ഡപ്പികളിൽ പാസ്സുചെയ്തു വച്ചിട്ടുണ്ട്. വികാരമൂർച്ഛയെത്തുമ്പോറം ബാക്കിലെ സ്വിച്ച് ഓഫ് ചെയ്തുകൊള്ളാം. ജീവനുള്ള തലയണപോലെ തഴുകിക്കൊണ്ട്, ഇഷ്ടംപോലെ ചൂടോ തണുപ്പോ വരുത്തിക്കൊണ്ട്, അവയവങ്ങറംക്കു അണിമാഗരിമാത്വം യഥേഷ്ടം നല്കിക്കൊണ്ട് പുല്കിരസിക്കാവുന്ന ഈ ഉപകരണത്തിനു വില 49.99 ഡോളറെ ഉള്ളൂ. അര ഡോളർ മുടക്കൂ. അവ പ്രവത്തിപ്പിച്ചു കാണിച്ചുതരും. എന്തിനാ

വേശ്യകൾക്കും പിമ്പുകൾക്കും മദാമുകൾക്കും നിങ്ങളുടെ പണം വാരി വിതറുന്നു? അക്കൂട്ടർ വിതരണംചെയ്യുന്ന രോഗങ്ങൾ വലിച്ചുവെയ്ക്കുന്നു? നിങ്ങളുടെ യാത്രാവേളകളിൽ പെട്ടിക്കകത്തു് ഒതുക്കി മടക്കിവെച്ചുകൊണ്ടു് എവിടെ വേണമെങ്കിലും കൊണ്ടുപോകാവുന്ന ഈ നല്ല കൂട്ടുകാരെ മേടിക്കുക, അലമാരയ്ക്കുള്ളിലൊട്ടിച്ചിട്ടുള്ള നോട്ടീസുകളാണു്.

''എന്താ, മാന്യശ്രീമാനു് ഒന്നു മേടിക്കരുതേ? ഇനിയും രണ്ടു മാസം ഇവിടെ കഴിച്ചുകൂട്ടേണ്ടതല്ലേ ബെർണാഡ്ഷായെപ്പോലെ വിരാഗനായി.'' ബാരയുടെ ശിപാശിയാണു്, ചിരിച്ചുകൊണ്ടു്.

''ബാര ഒന്നു മേടിച്ചേ തീരൂ എന്നാണു് എൻെറ ശിപാർശി. നിൻെറ ഹബ്ബിയെ ഡോക്ടർ വിലക്കിയിട്ടുള്ളതറിയാമല്ലോ. ഇത്ര സൗന്ദര്യവും ശരീരപുഷ്ടിയും തികഞ്ഞ ഒരു പുരുഷരൂപം ഞാൻ കണ്ടിട്ടില്ല. ഒന്നു മേടിക്കൂ.''

''ഞാൻ എത്ര കൊല്ലമായിട്ടറിയാമോ ഒരു പുരുഷനെ സ്പർശിച്ചിട്ടു്! ഒരു പ്രത്യേകവ്രതമാണു്. സെക്സ്‌വിചാരം തീരെ പാടില്ല. വളരെ അടുത്ത സ്നേഹിതന്മാർതന്നെ പരീക്ഷിച്ചു തോററുകഴിഞ്ഞിരിക്കയാണു്. നിങ്ങൾ ചിരിക്കണ്ട. പരീക്ഷിച്ചുനോക്കിക്കൊള്ളൂ അപ്പോളറിയാം, ഇതെന്തു മെററലാണെന്നു്!''

''വലിയ അത്ഭുതമാണു്, നാം തമ്മിൽ സുഹൃത്തുക്കളായതു്!''

''അതെന്താ?''

''നാം ഒരേതരം തൂവലുകളുള്ള പക്ഷികളാണു്.''

''അതെങ്ങനെ?''

''ഞാനും ഒരു വ്രതത്തിലാണു്! എൻെറ വ്രതം കുറേക്കൂടി ഉഗ്രമാണെന്നേയുള്ളു.'' ഞാൻ ഉഗ്രമായി തുറിച്ചുനോക്കി.

''എന്താ വ്രതം? എങ്ങനെ ഉഗ്രം?'' അവൾ എൻെറ കണ്ണുകളിലേക്കാണു് നോട്ടം, സംശയത്തോടെ.

''ഇനി മരണംവരെ സ്ത്രീസ്പർശം ചെയ്യുകയില്ലെന്നു്. 'സന്ന്യാസം' എന്നാണതിൻെറ പേരു്.''

''ഞാനതു കേട്ടിട്ടുണ്ടു്; 'സന്ന്യാസിൻ!'''

''ഒരു സ്ത്രീ എന്നെ വ്യാമോഹിപ്പിക്കാൻ ശ്രമിച്ചാൽ ഞാൻ ഒരു മന്ത്രജപത്തോടെ ഉഗ്രമായ ഒരു ശാപം (curse) ഉച്ചരിക്കും. അതിനോടൊത്തു് ഒരില—അതു പെട്ടെന്നു കിട്ടിയില്ലെങ്കിൽ ഒരു കടലാസുകഷണം മതി—കീർർർ എന്നു വലിച്ചുകീറുകയും ചെയ്യും...''

''അപ്പോൾ?...''

''ആ സ്ത്രീയുടെ അവയവവും അതുപോലെ കീറിപ്പോകും! കീർവിദ്യ എന്നാണതിൻെറ പേരു്!''

''സത്യമാണോ?'' ഭയഭാവം. ''നിങ്ങൾക്കു സത്യത്തിൽ സോർസറി അറിയാമോ? മറച്ചുവയ്ക്കാതെ പറയൂ.''

''എൻെറ നാട്ട്—കേരളം—പണ്ടുപണ്ടേ സോർസറിയുടെ നാടാണ്. ആഢ്യന്മാരായ നമ്പൂതിരിബ്രാഹ്മണർ തുടങ്ങി ഹീനരായി കരുതപ്പെടുന്ന പറയന്മാർവരെ സോർസറി നടത്താൻ കഴിവുള്ളവരാണ്.''

''സത്യം പറയൂ. നിങ്ങൾ ഏതെങ്കിലും സ്ത്രീയിൽ നിങ്ങളുടെ കീർർ സോർസറി പ്രയോഗിച്ചിട്ടുണ്ടോ?''

പാവം! അവളുടെ മുഖത്ത് വിളർച്ചയുണ്ടായിരുന്നു.

"സത്യത്തിൽ എന്നെ ഒരു സ്ത്രീക്ക് വ്യാമോഹിപ്പാനുള്ള അവസരം ഇന്നോളമുണ്ടായിട്ടില്ല.''

''സത്യമേ പറയാവൂ. നിങ്ങളുടെ കൂട്ടുകാരിയുമായി നിങ്ങൾക്ക സമ്പക്മുണ്ടായിട്ടില്ലേ?"

''ബാരേ, ആ പാവത്തെ നീ സംശയിക്കരുത്. അവൾ ഒരു അബ്നോമ്മൽ—അല്ല സബ്നോമ്മൽ—വ്യക്തിയാണ്. എന്തോ ഒരു അബ്സെഷന വഴിപ്പെട്ട് അതുമിതും കാട്ടുന്നു എന്നേയുള്ളു.''

''എന്നേക്കാളും നിങ്ങൾക്കവളെ അറിയാമെന്നുമാത്രം വിചാരിക്കേണ്ട.''

''ബാരേ, ഇക്കാണുന്നതൊക്കെ എന്താണെന്നു പറഞ്ഞുതരൂ.'' ഞാൻ ആ വിഷയം മാററാൻ ശ്രമിച്ചു.

''ഇതു് ഒരിനം ട്യൂബ്ഫിലിമാണ്. 25 സെൻറ് ഈ ദ്വാരത്തിലിട്ടാൽ മതി. ഏതു നാട്ടിലുള്ള—ഏതിനത്തിലുള്ള—ഇൻറർകോഴ്സ് നിങ്ങൾക്ക കാണണമെങ്കിലും 10 മിനിട്ടു നേരത്തേക്ക കാണാം. സൗത്ത് ഇന്ത്യൻ സമ്പ്രദായം ഞാനൊരിക്കൽ നോക്കി. അതു ശരിയാണോ എന്നു നിങ്ങൾ ഒരു വെരിഫിക്കേഷൻ നടത്തി എന്നോടു പറഞ്ഞേതീരൂ.''

അവൾ 25 സെൻെറടുത്തു ദ്വാരത്തിലിട്ട് എന്നെ പിടിച്ചുതള്ളി ഫിലിമിൻെറ കണ്ണാടിക്കുഴലിന്നു മുമ്പിൽ കൊണ്ടുനിറുത്തിയിട്ട്, എൻെറ മുതുകിൽ ചേർന്നു നിലയായി, അവൾക്കുംകൂടി ഒളിഞ്ഞു കാണാനെന്നമട്ടിൽ.

ഏതോ കേരളീയൻെറ നിർദ്ദേശപ്രകാരം ഒരു അമേരിക്കൻയുവാവും യുവതിയുംകൂടി നഗ്നമായി ഉപരിസുരതം നടത്തുന്ന ഒരു കള്ളർഫിലിമാണ്. ഡയറക്ടർ ഒരു നമ്പിയാർ, തെന്നിന്ത്യാക്കാരൻ.

പുല്ലിക്കൊണ്ടാളുറക്കെപ്പുനരപി മണിവാ നൽകിനാൾ മെല്ലെ മെല്ലെ...ഇത്യാദി പഴയ നമ്പൂതിരിയുടെ ചിത്രീകരണം, പുതിയ വേഷത്തിൽ പാശ്ചാത്യനവീകരണത്തോടെ സജീവമായി കാണാൻ കഴിഞ്ഞു.

''എങ്ങനെയിരിക്കുന്നു?''

''തരക്കേടില്ല.''

''ശരിയാണോ?''

''പതിനാറായിരത്തെട്ടിൽ ഒന്നു മാത്രം.''

''എന്നുവെച്ചാൽ?...''

''രതിശാസ്ത്രങ്ങളിൽ ഭാരതീയർ ചിത്രീകരിച്ചിട്ടുള്ള ആയിരക്കണക്കിനു ലീലകളുണ്ട്.''

''നിങ്ങളതൊക്കെ വായിച്ചിട്ടുണ്ടോ? പരീക്ഷിച്ചുനോക്കിയിട്ടുമുണ്ടോ?''

''എല്ലാം അറിഞ്ഞിരിക്കണ്ടേ? ഇക്കാണുന്നതൊക്കെ എന്താണ്?''

''ഇവ ബാറററികൊണ്ടു വികാരങ്ങളെ ഇളക്കാനും വളർത്താനും നിയന്ത്രിക്കാനും മൂർച്ഛിപ്പിക്കാനും കഴിവുള്ള ഉപകരണങ്ങളും, ചില യിനം ലായനികളും ലേപനങ്ങളും ഡ്രഗ്ഗുകളുമാണ്. ഇന്നലെ നാം ഫിലിമിൽ കണ്ട സ്ത്രീപുരുഷന്മാരെല്ലാം ഇതൊക്കെ ഉപയോഗിക്കുന്നവരാണ്. അവരുടെ വീഴ്ച നിങ്ങൾ കണ്ടതല്ലേ? ഇതേ നോക്കു, ഓരോ മനുഷ്യർ ഇവയൊക്കെ മേടിച്ച ബാഗുകൾ നിറയ്ക്കുന്നത്. അമേരിക്കരുടെ ആനന്ദലാലസത ഇവയിൽനിന്നൊക്കെയാണ നിങ്ങൾ മനസ്സിലാക്കേണ്ടത്. നിങ്ങൾക്കുവേണ്ടി നിങ്ങൾക്കു പററുന്ന ഒന്നുരണ്ടെണ്ണം ഞാൻ തെരഞ്ഞെടുക്കട്ടേ?''

''എത്രയും അസഭ്യങ്ങളായ ഇവയെക്കുറിച്ചുള്ള അഭിപ്രായം അനുഭവിച്ചറിയാതെതന്നെ എനിക്കൂഹിക്കാൻ കഴിയുന്നു. ബാരസ്സ് എൻെറ തുറന്ന അഭിപ്രായങ്ങൾ അറിഞ്ഞാൽ പോരേ? ഇങ്ങനെ ഒരു ഷോപ്പ് നടത്താൻ നിങ്ങളുടെ ഗവണ്മെൻറ് അനുവദിക്കുന്നതിലാണ വാസ്തവത്തിൽ എനിക്കു് അത്ഭുതവും സങ്കടവും. ഇന്ത്യയിലാണെങ്കിൽ തീർച്ചയായും ജീവപര്യന്തം കഠിനതടവിനുതന്നെ ഇതു കാരണമാകും.''

അവൾ മുഴങ്ങിച്ചിരിച്ചു.

''എന്താ?''

''നിങ്ങളുടെ ഇന്ത്യയിൽ ബെർത്ത് കൺട്രോൾ ഊർജ്ജിതമായി നടക്കുകയല്ലേ? കാമസംതൃപ്തിക്കുവേണ്ടി ഏററവും ഉന്നതരായ സ്ത്രീപുരുഷന്മാർപോലും റബ്ബർകുഴലുകൾ നിരന്തരമായി ഉപയോഗിക്കുന്നവരല്ലേ? നിങ്ങളുടെ ഗവണ്മെൻറുതന്നെ ഫാക്ടറികൾ സ്ഥാപിച്ച്, പരസ്യങ്ങൾ നടത്തി, ഉപകരണങ്ങൾ വിലപാറാതെപോലും വിതരണംചെയ്ത് പ്രകൃതിവിരുദ്ധമായ കാമോപാസനയ്ക്കു വിദ്യാർത്ഥികൾക്കുപോലും കൂട്ടുനില്ക്കുന്നില്ലേ? നിങ്ങൾ വീമ്പുപറയുന്നതിനു തീരെ അർത്ഥമില്ലെന്നാണ് എനിക്കു പറയാനുള്ളതു്. ഞങ്ങൾ ശാസ്ത്രീയമായിട്ട് വളരെ ഉയർന്നിട്ടുള്ളവരാകയാൽ സൈൻറിഫിക്കായിട്ടുള്ള അത്യാധുനികഉപകരണങ്ങൾ പ്രയോഗിച്ചു ഗർഭനിയന്ത്രണവും കാമശമനവും നടത്തുന്നു. നാം തമ്മിലുള്ള വ്യത്യാസം കാട്ടുകിഴങ്ങുകൾ പച്ചയോടെ നടന്നു തിന്നുന്നതും അവകൊണ്ടു നല്ല സലാഡ് ഉണ്ടാക്കി പാകമായ ചൂടോടെ മേശപ്പുറത്തിരുന്നു

ഫോക്കും സ്പൂണും ഉപയോഗിച്ച് ഭക്ഷിക്കുന്നതും തമ്മിലുള്ള വ്യത്യാസമാണ്. നിങ്ങളുടെ മുഖത്തു കഠിനമായ ദേഷ്യമാണ് എനിക്കു കാണാൻ കഴിയുന്നത്. പക്ഷേ, ഞാൻ സത്യമാണു പറയുന്നതെന്നു വിചാരിച്ചു നിങ്ങൾ എൻെറ തുറന്ന അഭിപ്രായങ്ങൾ ക്ഷമിക്കണം.''

''ബാരയുടെ അഭിപ്രായങ്ങളുടെനേർക്കു സത്യത്തിൽ എനിക്കു വലിയ ബഹുമാനമാണ്. ഒളിവും വളവുമൊന്നുമില്ലാത്ത ഒരു ശുദ്ധബുദ്ധിയാണു നിങ്ങളെന്നുള്ളത് എൻെറ സ്നേഹാദരങ്ങളെ അടിക്കടി വദ്ധിപ്പിച്ചുകൊണ്ടിരിക്കയാണ്. ഇതു സത്യം മാത്രം.''

''അപ്പോൾ ഏതെങ്കിലും തെററ് എനിക്കു പററിപ്പോയാൽ നിങ്ങൾ എൻെറനേർക്കു സോർസറി പ്രവത്തിക്കുകയില്ലെന്ന് എനിക്കു പൂണ്ണമായും വിശ്വസിക്കാമല്ലോ?'' എൻെറ കരിങ്കണ്ണുകളിലാണ് അവളുടെ നോട്ടം.

"സോർസറി പ്രയോഗിക്കുന്നതു് ഏററവും വലിയ പാതകമാണെന്നാണ് എന്റെ ദൃഢവിശ്വാസം. മെസ്മറിസം, ഹിപ്നോട്ടിസം തുടങ്ങിയ മയക്കുവിദ്യകളുടെ പ്രയോഗംപോലും പരോപകാരത്തിനുവേണ്ടിയല്ലെങ്കിൽ — അന്യോപദ്രവത്തിനുവേണ്ടിയാണെങ്കിൽ—മഹാപാപഹേതുകമാണെന്നു ഞാൻ ആത്മാത്ഥമായി വിശ്വസിക്കുന്നു. എന്നിൽനിന്നു് അങ്ങനെയൊന്നുണ്ടാകുമെന്നു നിങ്ങൾ ഭയപ്പെടുകയേ വേണ്ട. ഞാൻ വെറും നേരംപോക്കിനുവേണ്ടിയാണു കീർർവിദ്യയെക്കുറിച്ചു പറഞ്ഞതു്.''

''സത്യമാണല്ലോ?''

''പരമസത്യം.''

''എന്നാൽ എൻെറ സ്നേഹമുദ്ര ഞാൻ നിങ്ങളിൽ പതിപ്പിക്കും. നിങ്ങൾ സത്യസന്ധനാണോ എന്നു പരിശോധിക്കാൻകൂടിയാണ്.''

ചുററിനും അകൃപണമായ പ്രേമചാപല്യപ്രകടനങ്ങൾ തെരുതെരെ നടക്കുന്ന ഒരു കൂത്തമ്പലവേദിയിൽ നിസ്സാരമായ ഒരു സ്നേഹമുദ്രാപ്രകടനത്തിൽ അസ്വാഭാവികതയോ അനൗചിത്യമോ കാണാൻ ആരു മെനക്കെടുന്നു? അവളുടെ ഭയം മാററത്തക്കവണ്ണമുള്ള എൻെറ നിലപാട് അവളെ സമ്പ്രീതയാക്കിയെന്നു തോന്നുന്നു.

''ഇനി നമുക്കു ഹാർലമിലേക്കു നീങ്ങാം. ഒരു തമാശ നോക്കിക്കൊള്ളൂ. ആ കറുമ്പിപ്പെണ്ണുങ്ങളുടെ മുമ്പിൽ നിങ്ങളെ ഒരു ഇന്ത്യൻ രാജാവെന്നാണ് ഞാൻ പരിചയപ്പെടുത്താൻപോകുന്നതു്.''

''വികൃതിത്തരമൊന്നും കാട്ടരുതേ.''

''അല്ലാതുള്ള നിങ്ങളുടെ ആന്തരമഹത്വം മനസ്സിലാക്കാൻ അവററയ്ക്കു ത്രാണിയില്ല.''

അരമണിക്കൂർ വേണ്ടിവന്നു സെൻട്രൽ പാക്കിലെത്താൻ.

സെൻട്രൽ പാക്ക്: പ്രസിദ്ധമായ സെൻട്രൽ പാക്കിൻെറ ഒരു മൂലമാത്രമേ മുമ്പു കണ്ടിരുന്നുള്ളു. 840 ഏക്കർ വിസ്തൃതമായ അതിന്റെ പല ഭാഗങ്ങളിലേക്കും അവളെന്നെ നയിച്ചു, അവിടെ നടക്കുന്ന വിശേഷപ്രവൎത്തനങ്ങളെല്ലാം വിവരിച്ചു പറഞ്ഞുതന്നുകൊണ്ടു്. നട്ടുച്ചയ്ക്കുപോലും സൂര്യപ്രകാശമെത്താത്ത തരുലതാനിബിഡമായ പ്രേമവിഹാരകേന്ദ്രങ്ങൾ—അവ അപ്പോഴും സജീവങ്ങളായിരുന്നു—പല ഭയങ്കര കൊലപാതകങ്ങൾക്കും സാക്ഷിയാകാറുള്ള പാറക്കെട്ടുകളോടുകൂടിയ ഒളിമൂലകൾ, വിശാലമായ കളിസ്ഥലങ്ങൾ, പരിഷ്കൃതമായ തീറ്റയറകൾ, ബോട്ടുകളിൽ വിനോദയാത്രനടത്താൻ ഹഡ്സൺനദിയിൽനിന്നു തിരിച്ചുവിട്ടിട്ടുള്ള വിസ്തൃതതടാകങ്ങൾ,—ഇങ്ങനെ എന്തിനും പറ്റിയ ഒരു ഉല്ലാസകേന്ദ്രം ന്യൂയോക്ക് സിററിയുടെ മദ്ധ്യത്തു്! മണി പതിനൊന്നരയായിരുന്നു. വെയിലിന്നു ഭയങ്കര ചൂടു്. അതു വകവയ്ക്കാതെ മുപ്പതോളം യുവതീയുവാക്കന്മാർ—കൂടുതലും കറുമ്പർ—സ്കേറ്റിങ് ഗ്രൗണ്ടിൽ ഉരുളുന്ന മെതിയടികളിൽ അതിശീഘ്രഗതിയിൽ അങ്ങോട്ടുമിങ്ങോട്ടും പായുന്ന കാഴ്ച കണ്ടാനന്ദിക്കാൻ ഒരുപററം വീക്ഷകർ കൂടീട്ടുണ്ടു്. കാറിൽനിന്നിറങ്ങി അഞ്ചുമിനിററു് അതു കണ്ടു നിന്നു. അപ്പുറത്തു മറെറാരാൾക്കൂട്ടം കാണുന്നുണ്ടു്. നാളെ നേവാക്കിൽ (Newark) വെച്ചു നടക്കുന്ന ബേസ്ബാൾ (baseball) ടൂർണമെൻറിൽ പങ്കെടുക്കുന്ന കളിക്കാരുടെ സംഘങ്ങൾ പരിശീലനം നടത്തുകയാണു്. ബേസ്ബാൾ അമേരിക്കാക്കാരുടെ നാഷണൽ ഗെയിം ആണു്. സ്കോറിങ് സമ്പ്രദായം എനിക്കറിഞ്ഞുകൂടെന്നു പറഞ്ഞിട്ടും വകവയ്ക്കാതെ അവൾ വീക്ഷകരുടെ കൂട്ടത്തിലിറങ്ങിനിന്നു വിസ്തരിച്ചു പറഞ്ഞുതരാൻ തുടങ്ങി.

ബേസ്ബാൾ: വൃത്താകാരത്തിൽ വിസ്തൃതമായ ഒരു പ്ലേഗ്രൗണ്ടു്. മദ്ധ്യത്തു് 90 അടി ചതുരമായ ഒരു ഡയമണ്ഡ് മാക്കുചെയ്തിരിക്കുന്നു. അതിൻെറ മൂന്നു മൂലയ്ക്കും (കിഴക്കും തെക്കും പടിഞ്ഞാറും) മൂന്നു ബേസുകൾ (സ്റ്റൂളുകൾ) സ്ഥാപിച്ചിട്ടുണ്ടു്. നാലാം മൂലയിൽ ബാററും അയാളുടെ പിന്നിൽ ക്യാച്ചറും നില്ക്കുന്നു. ഡയമണ്ഡിന്റെ മദ്ധ്യത്തു് പിച്ചർ (പന്തെറിയുന്ന ആൾ) നില്ക്കുന്നു. പന്തു് തോലുകൊണ്ടു പൊതിഞ്ഞ 9 ഇഞ്ചു് പരിധിയുള്ള മരക്കട്ടയാണു്. ബാറ്റു് ഉരുളൻതടികൊണ്ടു നിൎമ്മിച്ചതു്. 42 ഇഞ്ചു് നീളവും 3 ഇഞ്ചു് വ്യാസവുമുണ്ടെന്നു ബാര പറഞ്ഞുതന്നു. ഓരോ വശത്തും ഒമ്പതു കളിക്കാർവീതമുണ്ടു്. ഒക്കെ തടിമുട്ടന്മാർ. ഒരു വിശേഷവിധി കണ്ടതു് കറുമ്പരും വെളുമ്പരും ഇടകലൎന്നുനിന്നു കളിക്കുന്നു എന്നുള്ളതാണു്. ഭീമാകാരനായ ഒരു കറുമ്പൻയുവാവു് മദ്ധ്യത്തുനിന്നു തലയ്ക്കുമുകളിൽ കൈരണ്ടും പൊക്കി കൈയ്ക്കുള്ളിലുള്ള പന്തു് ക്യാച്ചറുടെ നേക്കു വലിച്ചെറിയുന്നു. ക്യാച്ചർ അതു പിടിക്കുന്നതിന്നുമുമ്പു് ബാററർ ശക്തിയോടെ അതടിച്ചു് മറുവശത്തേക്കു പായിക്കുന്നു.

അവിടെ ഡയമൺഡിനു വെളിയിൽ ഫീൽഡിനകത്തുതന്നെ മൂന്നു ഫീൽഡർമാർ, വലത്തും ഇടത്തും മദ്ധ്യത്തുമായി നിലയുറപ്പിച്ചിട്ടുണ്ട്. പന്തു തറയിൽ വീഴുന്നതിനു മുമ്പ് പിടിച്ചെടുക്കുകയോ അല്ലെങ്കിൽ തടയുകയെങ്കിലുമോ ചെയ്യാൻ അവർ ബദ്ധശ്രദ്ധരാണ്. അതിന്നിടയ്ക്കു ബാററർ ഒന്നും രണ്ടും മൂന്നും ബേസുകളിലേക്ക് ഓടി തിരിച്ചു സ്വസ്ഥാനത്തെത്തി, റൺ സ്കോർചെയ്യാനുള്ള ശ്രമമാണ്. ഒരു റൺ കിട്ടിക്കഴിഞ്ഞപ്പോൾ വീക്ഷകരുടെ മദ്ധ്യത്തുനിന്നു വലിയ ആർപ്പുവിളി മുഴങ്ങി.

പത്തു മിന്നിട്ടോളം അവിടെ നിന്നു. വളരെ രസകരമായ ഒരു കളിതന്നെ. സ്കോർനിയമങ്ങളും കളിക്കാരെപ്പററിയുള്ള വിവരങ്ങളും നല്ലപോലെ അറിഞ്ഞുകൂടാത്തതുകൊണ്ടു വേണ്ടവണ്ണം ആസ്വദിക്കാൻ കഴിഞ്ഞില്ല. മുഖംമൂടിയും ശരീരരക്ഷയ്ക്കാവശ്യമുള്ള കട്ടി റബ്ബർ കവചവും കൈയുറകളും മററും ധരിച്ച് ക്യാച്ചറും ഫീൽഡർമാരും പന്തു പിടിക്കാൻ ശ്രമിക്കുന്നതു കണ്ടപ്പോൾ ധാരാളം അപകടസാദ്ധ്യതയുള്ള ഒരു കളിയാണെന്നു തോന്നി.

പി. ആർ. സി. എ എ.: ഇന്നലെ യോഗാഭ്യാസം നടന്നിരുന്ന സ്ഥലത്തു് ഇന്നൊരു പാട്ടുകച്ചേരി നടക്കുകയാണ്. ''ഇതു് 'പാക്ക്സ് റിക്രിയേഷൻ ആൻഡ് കൾച്ചറൽ അഫയേർസ് അഡ്മിനിസ്ട്രേഷൻ' നടത്തുന്ന ക്ലാസുകളാണ്. ഇന്നലെ യോഗിക് കൾച്ചർ ക്ലാസ്നടത്തിയിരുന്നതും ഇവർതന്നെ.'' ബാര പറഞ്ഞു.

ഫിഡിലുകളും ബ്യൂംബ്യൂളുകളും മീട്ടി ഈണത്തിൽ താൽപര്യത്തോടെ പാടുന്ന യുവതീയുവാക്കന്മാരുടെനേർക്കു ഞാൻ നോക്കി.

''എല്ലാം ററീൻ ഏജേർസ് (19 കഴിയാത്തവർ). നമ്മുടെ ആരും ഇക്കൂട്ടത്തിലും ഉണ്ടാവില്ല!''

''ഇവർക്കു ഫീസ് വല്ലതും കൊടുക്കേണ്ടതുണ്ടോ?''

''ഇല്ല. വഷളായ മാർഗ്ഗങ്ങളിലേക്കു കുട്ടികളുടെ ശ്രദ്ധ തിരിയാതിരിക്കാൻ സംഗീതാദികലകളിലേക്ക് അവരെ തിരിച്ചുവിടാനുള്ള ശ്രമങ്ങളിൽ ഒന്നുമാത്രമാണിതു്. പി. ആർ. സി. എ എ.ക്കു സംഭാവനാരൂപത്തിലും സബ്സിഡി രൂപത്തിലും ബോട്ട്ക്ലബ് മുതലായവയിൽനിന്നുള്ള വരവിനത്തിലും ലഭിക്കുന്ന ആദായം അവർ നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കുകയാണ്. അതേ നോക്കൂ, വൃത്താകാരത്തിൽ കാണുന്ന ആ എടുപ്പ് ന്യൂയോക്കിലെ ഷേക്സ്പീയർ നാടകവേദിയാണ്. എല്ലാ വഷ്വും ഇവിടെ ഒരാഴ്ചയെങ്കിലും ഷേക്സ്പീയർ നാടകങ്ങൾ അഭിനയിക്കാറുണ്ട്. ഞങ്ങൾ പുതുമയെയെന്നപോലെ പഴമയെയും സവ്വാത്മനാ ആദരിക്കുന്നു ''

ബോട്ട് ക്ലബ്ബിന്റെ മുൻവശത്തു് വലിയ തിരക്കുണ്ട്. ഉല്ലാസയാത്രയ്ക്കു സന്നദ്ധരായി എത്തിയിട്ടുള്ളവർ ടിക്കററെടുക്കാൻ ക്യൂ നില്ക്കുന്നു. തടാകത്തിൽ പലയിനം ബോട്ടുകളും ചെറുതരം വഞ്ചികളും

യന്ത്രം ഘടിപ്പിച്ചിട്ടുള്ള കെട്ടുമരങ്ങളും ഉത്സാഹഭരിതരായ യുവതീ യുവാക്കന്മാർ സോല്ലാസം നിയന്ത്രിക്കുന്നതു് ദൂരെനിന്നു കാണുന്നതു തന്നെ കൗതുകകരമാണു്.

''നമുക്കിനി ഹാർലമിലേക്കു തിരിക്കാം. എനിക്കു വിശക്കാൻ ആരംഭിച്ചു.'' ബാര പറഞ്ഞു.

ഹാർലം: ഏകദേശം 45 തെരുവുകളാണു് ഹാർലമിലുള്ളതു്, 110 മുതൽ 155 വരെ. മുപ്പതോളം തെരുവുകളിൽ നീഗ്രോകൾ മാത്രം. ഇടിഞ്ഞു പൊളിഞ്ഞു പോയിട്ടുള്ള പഴയ അപ്പാർട്ടുമെൻറ് മന്ദിരങ്ങൾ മാററിപ്പണിയാനുള്ള ശ്രമങ്ങൾ പലടത്തും നടക്കുന്നതു കാണാമായിരുന്നു. നമ്മുടെ വൻനഗരങ്ങളിലെ ചാളകളോളം വൃത്തികെട്ടവയല്ലെങ്കിലും കീറനിക്കറുകൾ അണിഞ്ഞും മൂക്കളെ ഒഴുക്കിയും തമ്മിൽ തല്ലിയും നില്ക്കുന്ന നീഗ്രോപിള്ളാരെ പലടത്തും വീടിറമ്പുകളിൽ റോഡരികത്തു കാണാനുണ്ടായിരുന്നു.

''വെള്ളക്കാർ ഒന്നോ രണ്ടോ കുട്ടികളിൽ കൂടുതലുണ്ടാകാതിരിക്കാൻ സ്വയം ശ്രമിക്കുന്നവരാണു്. എട്ടും പത്തും ഉണ്ടായാലും ഇവക്കു് അലംഭാവമില്ല.''—കുട്ടികളുടെ പെരുപ്പം കണ്ടു് തുറിച്ചുനോക്കുന്ന എന്നോടു് അവൾ അഭിപ്രായപ്പെട്ടു.

മൂന്നാലു പോലീസ് വാനുകൾ ബദ്ധപ്പെട്ടു നീങ്ങുന്നുണ്ടായിരുന്നു, സൈറൺ മുഴക്കി വാഹനങ്ങളെ അതിക്രമിച്ചുകൊണ്ടു്.

''അത്യാഹിതം വല്ലതും ഉണ്ടായിരിക്കുമോ?''

''ഈ തെരുവുകളിൽ എപ്പോഴും—രാത്രിയും പകലും—പോലീസ് വണ്ടികൾ നീങ്ങുന്നുണ്ടാവും, എല്ലാ സജ്ജീകരണങ്ങളോടും കൂടി.''

''കാരണം?''

''നട്ടുച്ചയ്ക്കുപോലും ധാരാളം കൊള്ളകളും കൊലകളും ഇവിടെ നടക്കാറുണ്ടു്. സുശക്തമായ പോലീസ് സേനയാണു് ന്യൂയോക്കിലുള്ളതു്. അവരുടെ അംഗസംഖ്യ 26,000. പക്ഷേ, അവരെയൊക്കെ വെട്ടിച്ചിട്ടു് അക്രമങ്ങൾ ചെയ്യാൻ കെല്പുള്ള കൊള്ളക്കാരുടെ സംഘടനകൾ മുക്കിലും മൂലയിലും പല പേരുകളിൽ നടമാടുന്നുണ്ടു്. ആണും പെണ്ണുമടങ്ങിയ മുന്നൂറും നാനൂറും അംഗങ്ങളുള്ള ഇരുനൂറിൽപ്പരം ബർഗ്ഗറിസംഘടനകൾ ന്യൂയോക്കിലുണ്ടെന്നു ഞാൻ പറഞ്ഞില്ലേ? അതിൽ അതിക്രൂരന്മാരായ കൊള്ളക്കാരുടെ സംഘടനകളാണു് ഹാർലമിലുള്ളതു്. ഞങ്ങളോടു്,—പ്യൂർട്ടോ റിക്കോക്കാരോടു്—ഈ നീഗ്രോകൾക്കു കടിപ്പകൂടിയുണ്ടെന്നു പറയാം—''

''മാത്തയെ കണ്ടപ്പോൾ ബാര വലിയ സ്നേഹം കാണിച്ചല്ലോ!''

''അതു ഞാൻ പറഞ്ഞില്ല, വളരെ നല്ലകൂട്ടർ അവരിൽ ഒട്ടനവധിയുണ്ടു്. വളരെ ദൈവവിശ്വാസമുള്ളവരും പരോപകാരതൽപരരുമായ അനേകായിരം നീഗ്രോകൾ വെള്ളക്കാരേക്കാൾ നല്ലവരായുണ്ടു്. ഇതേ നോക്കൂ, അക്കാണുന്ന പള്ളിയിൽനിന്നു് ഉച്ചയ്ക്കുള്ള

സെർവ്വീസ് കഴിഞ്ഞു മടങ്ങുന്നവരാണിവരെല്ലാം. ഇതുപോലെ നൂററിക്കണക്കിനു പള്ളികളം ഹാർലമിലുണ്ട്. ന്യൂയോക്കിലെ വലിയ പള്ളികളിലൊന്നാണ് ഇവിടത്തെ ആബിസ്സിനിയൻ ബാപ്ററിസ്റ്റ് ചർച്ച്. കാണേണ്ട ഒരു സ്ഥാപനമാണതു്. അതിൽ ഇരുപതിനായിരം അംഗങ്ങളാണുള്ളതു്. ഇതേ, ഈ മനുഷ്യരെ നോക്കു. തടിമിടുക്കപോലെതന്നെ മനക്കരുത്തുമുള്ള കൂട്ടർ ''

ഫുട്പാത്തുകളിൽക്കൂടി ഞെരുങ്ങിനടന്നും വീതികുറഞ്ഞ റോഡുകളിൽക്കൂടി കാറുകളിൽ തിങ്ങിസ്സഞ്ചരിച്ചും ഞങ്ങൾക്കെതിരെ വന്നിരുന്ന ആയിരക്കണക്കിനു കറുമ്പരെ ഞാൻ ആശ്ചര്യത്തോടെ നോക്കി. ഒത്ത വണ്ണവും പൊക്കവുമുള്ള സുസംപുഷ്ടഗാത്രരാണ് ഭൂരിഭാഗവും. വട്ടമുഖവും തടിച്ച ചുണ്ടുകളും പരന്ന മൂക്കും മോതിര വലയങ്ങളടുക്കിയപോലെ കറുകറുത്ത കബരീഭാരങ്ങളുമുള്ള ഇത്രയേറെ നീഗ്രോകളെ ഇതിന്നുമുമ്പ് ഒരുമിച്ചു കണ്ടിട്ടില്ല. ഒക്കെ പള്ളിയിൽനിന്നു വരുന്ന വേഷങ്ങളാം. പുരുഷന്മാർ ഷർട്ടുകളും പാൻറുകളും. സ്ത്രീകൾ വൃത്തിയുള്ള സ്കേർട്ടുകൾ. വിലകൂടിയ പാപ്പാസുകൾ എല്ലാപേരും ധരിച്ചിരിക്കുന്നു. എല്ലാപേക്കും പ്രാത്ഥനാപ്പുസ്തകങ്ങളുണ്ട്.

''ഇവരിൽ ഭൂരിഭാഗവും ഇടത്തരക്കാരാണ്. ജോലിയില്ലാത്തവർ ചുരുങ്ങും. ഇതേ നോക്കു, ഈ ബ്ലോക്ക് മുഴക്കേ ഇടിച്ചിട്ടിരിക്കുന്നതു കണ്ടോ? ഇവക്കു പുതിയ കെട്ടിടങ്ങൾ നിമ്മിച്ചുകൊടുക്കാനുള്ള സമുദ്യമമാണ്.''

''ഗവണ്മെൻറുതന്നെയാണോ?''

''കൂടുതലും ഗവണ്മെൻറുതന്നെ. പിന്നെ പല സംഘടനകളും ഇവരുടെയിടയിൽത്തന്നെയുണ്ടു്. ഹാർ യു (Har you) 'ഹാർലം യൂത്ത് ഓപ്പർച്യൂണിററീസ് അൺലിമിററഡ്' ഹാർലം നിവാസികളുടെ ദാരിദ്ര്യം ഉച്ചാടനം ചെയ്യാനുള്ള യുവാക്കളുടെ ഒരു സംഘടനയാണ്. വിപ്ലവകാരികളുടെ മറെറാരു സംഘടനയാണ് കരിമ്പുലിപ്രസ്ഥാനം. ഹ്യൂയി ന്യൂട്ടൻ എന്ന യുവവിപ്ലവകാരിയാണ് അതിൻെറ നേതാവു്. ബ്ലാക്ക് മുസ്ലിം സംഘടനയും ശക്തിപ്രാപിച്ചുവരുന്ന ഒരു നീഗ്രോപ്രസ്ഥാനമാണ്—''

''അതൊക്കെ വിശദമായി പഠിക്കണമെന്ന് എനിക്കാഗ്രഹമുണ്ട്.''

''പക്ഷേ, ഇവരുടെ രഹസ്യങ്ങളം വല്ലതും ചോർത്തിയെടുക്കാനാണ് നിങ്ങളുടെ ശ്രമമെന്നു മനസ്സിലായാൽ നിങ്ങൾക്കു പിന്നെ മടങ്ങിപ്പോകാനൊക്കുകയില്ല.''

''ഇതു് 125-ാം തെരുവ്. പ്രധാന ഷോപ്പിങ് സെൻറർ.'' ചുറുചുറുക്കുള്ള കച്ചവടകേന്ദ്രം. കുറച്ചു നീങ്ങിയപ്പോൾ വലിയൊരു തിയേററർ. ''എത്രയോ നീഗ്രോതാരങ്ങളെ ലോകത്തിനു കാഴ്ച വച്ചിട്ടുള്ള 'അപ്പോളോ തിയേററർ!' ഇവിടെ നിത്യവും നടക്കുന്ന

പാട്ടുകച്ചേരികളും നാടകങ്ങളും അനേകമനേകം കലാപ്രേമികളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.'' ബാര തുടർന്നു: ''ആദ്യം തെരുവുകളും മാർക്കറ്റുകളും ഒന്നോടിച്ചുനോക്കാം. പിന്നെ മൂന്നാലു നീഗ്രോ ഗൃഹങ്ങളിലേക്കു നിങ്ങളെ ഞാൻ കൊണ്ടുപോകാം.''

''ആ മാത്തയുടെ വീട്ടിലും നമുക്കൊന്നു പോണം.''

അവളുടെ കൊച്ചുമുഖകമലം പുഞ്ചിരിപൂണ്ടു വിടർന്നു. ''അവളെ നിങ്ങൾക്കു് ഇഷ്ടപ്പെട്ടു, അല്ലേ?'' കഴുത്തു കുഴഞ്ഞു ചിരിച്ചുകൊണ്ടു തുടർന്നു: ''പക്ഷേ, അവൾക്കു നിങ്ങളെ ഇഷ്ടപ്പെടുകയില്ല! എന്താന്നറിയണ്ടേ? അവൾ ഇവിടുള്ള യുവതികളുടെ എച്ച്. എസ്. എസ്സിന്റെ സെക്രട്ടറിയാണു്.''

''അതേയോ? ബാരയും അതിലെ അംഗമാണോ?''

''അനുഭാവം മാത്രം. എല്ലാവിധ സുഖാന്വേഷകരോടും എനിക്കു് അനുഭാവമാണു്.''

''അവൾ അവിവാഹിതയാണോ?''

''വിവാഹം അവൾക്കു നിഷിദ്ധമാണു്. കറുമ്പരും വെളുമ്പരുമായ പല കൂട്ടുകാരികൾ അവൾക്കുണ്ടു്. സേക്രഡ് സെവൻറി (Sacred Seventy) എന്നാണു് അവരുടെ സംഘടനയുടെ പേരു്. കലാരസികരായ പാട്ടുകാർ, കൂത്തുകാർ, ഫിലിംസ്റ്റാറുകൾ, എഴുത്തുകാർ,—ഒക്കെ അതിലെ അംഗങ്ങളായുണ്ടു്. ചെറിയൊരു തുക മുടക്കിയാൽ എന്റെ ശുപാർശ സ്വീകരിച്ചു് അവരുടെ എല്ലാ കലകളും നിങ്ങൾക്കുവേണ്ടി അവർ പ്രകടിപ്പിച്ചുതരും.''

മാത്തയുടെ മുഖഭാവവും ചിരിയും ബാരയെ അവൾ ചുംബിച്ച രീതിയും ഞാനോർത്തു.

വീതികുറഞ്ഞ—ഇരുവശവും അപ്പാർട്ടുമെൻറു് വീടുകൾ നിറഞ്ഞ—ശുചിത്വം കുറഞ്ഞ ഒരു തെരുവിൽക്കൂടി ഞങ്ങൾ സഞ്ചരിക്കയായിരുന്നു. പെട്ടെന്നു സൈറൺ മുഴക്കിക്കൊണ്ടു് ഒരു വലിയ പോലീസ്‌വാൻ വീണ്ടും ഞങ്ങളെ അതിക്രമിച്ചു മുന്നോറിപ്പാഞ്ഞു.

''എന്തായിരിക്കുമോ സംഗതി?''

അടുത്ത ജങ്ഷനിൽ റോഡ് ബ്ലോക്കുചെയ്തിരിക്കുന്നു. നാലു പോലീസുകാർ റോഡുമദ്ധ്യത്തു നിന്നു് വാഹനങ്ങളെല്ലാം തിരിച്ചുവിടുകയാണു്.

''ഇതിലെ പോകാൻ പററുകില്ല. അതിലേ, അതിലേ.'' എന്നു മാത്രമേ അവർ പറയുന്നുള്ളു.

''എന്റെ സിസ്റ്റർ ഇൻ ലായുടെ വീടു് ഈ തെരുവിലാണു്. എനിക്കു് ഇതിലേ പോയേ പററുകയുള്ളു!'' ബാര വിനയഭാവത്തിൽ പറഞ്ഞു.

''ഒക്കത്തില്ല. അവിടെ ഒരു വലിയ ബഹളം നടക്കുന്നു. അനവധി കൊലകൾ നടന്നുകഴിഞ്ഞു. അങ്ങോട്ടു പോകാൻ പററില്ല!''

''അപ്പോൾപ്പിന്നെ?—''

''പ്രോഗ്രാം മാററൂ. ഞങ്ങൾക്കു് അനുജ്ഞയില്ല. ഇതിലെ പോകു.''

മറെറാരു തെരുവിലേക്കു ഞങ്ങൾ കാർ തിരിച്ചുവിട്ടു. അടുത്ത പോസ്റ്റാഫീസിൽ ബാര ഇറങ്ങി, അവളുടെ സിസ്റ്റർ ഇൻ ലായെ ഫോണിൽ വിളിച്ചു. അവക്കു് ഒന്നും പററിയിട്ടില്ല. പത്തു വീട്ടിനപ്പുറമാണു് കലാപരംഗം. നീഗ്രോകളും പ്യൂർട്ടോ റിക്കോക്കാരും തമ്മിൽ. കുട്ടികളുടെ വഴക്കിൽ തുടങ്ങി. പത്തുപന്ത്രണ്ടു പേക്കെങ്കിലും വെടിയേററുകഴിഞ്ഞിട്ടുണ്ടു്. പോലീസ് നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ബഹളം പടന്നേക്കാമെന്നു ഭയന്നു് അവർ അടച്ചുപൂട്ടിക്കഴിയുകയാണു്. ഇന്നത്തെ പ്രോഗ്രാം മാററുകയാണു നന്നു്.

''വലിയ കഷ്ടമായല്ലോ! നമുക്കിനി എങ്ങോട്ടു പോകാം? എനിക്കു ലഞ്ചു കഴിച്ചേ പററൂ. ഒരു നല്ല ഹോട്ടലിൽ കയറാം. ഒരു നീഗ്രോഹോട്ടലിലായാലെന്താ?''

''വൃത്തിയുണ്ടെങ്കിൽ എവിടെയായാലും എനിക്കു സന്തോഷമേ ഉള്ളു.''

125-ാം തെരുവിലെ ഒരു വലിയ നീഗ്രോഹോട്ടലിൽ ഞങ്ങൾ കയറി.

അടുക്കും വൃത്തിയുമുള്ള നല്ലൊരു സ്ഥാപനം. മത്സ്യമാംസാദിദുർഗ്ഗന്ധമില്ല. പ്രത്യേക മുറികളുടെ സൗകര്യമുണ്ടു്. വെളുത്ത സുന്ദരിയായ ഒരു അർദ്ധനീഗ്രോപ്പെണ്ണു് വിഭവവിവരപ്പത്രിക കൊണ്ടു തന്നു. ഞാൻ എത്ര നിർബ്ബന്ധിച്ചിട്ടും ബാര മാംസാഹാരം സ്വീകരിച്ചില്ല. ഒരു കപ്പി ബീയർ—ഒരു ഡോളർ വില—മുഴുക്കെ അവൾ കുടിച്ചു. പുളിക്കാത്ത ഒരുപാക്കററു് തൈരു്—20 സെന്റു്—കൊണ്ടു് ഞാൻ തൃപ്തനായി.

''ഇത്രയും ബീയർ തലയ്ക്കുപിടിക്കുകയില്ലേ?''

''ഇതു ലഹരിയുള്ളതല്ല.''

''പിന്നെന്തിനാ?''

''വയററിനും ദേഹത്തിനും സുഖം നൽകുന്ന ഒരു ടോണിക് മാത്രം. ഒരു കപ്പു് ആസ്വദിച്ചുനോക്കൂ.''

''നന്ദി! വേണ്ട.''

എല്ലാററിനുംകൂടി 8.50 ഡോളറേ ആയുള്ളു. കുറഞ്ഞ റേറ്റായ 5 ശതമാനം ടിപ്പിങ്ങുംകൂടി ചേർത്തു്.

''എനിക്കു നിങ്ങളെ രണ്ടുമൂന്നു പ്രധാന കേന്ദ്രങ്ങളിൽ കൊണ്ടുപോണമെന്നുണ്ടായിരുന്നു. പക്ഷേ, ഇന്നെല്ലാം തടസ്സങ്ങളാണു്. എനിക്കു വലിയ ക്ഷീണവുമുണ്ടു്. നമുക്കു മടങ്ങാം, എന്താ? ബാക്കി നാളെയാകട്ടേ ''

''ബഡ്ഗ്ഗൻപൈൻസ് ഹോസ്പിററൽവഴിയെ പോകാം. നിങ്ങളുടെ ഭർത്താവിനെ ഒന്നന്വേഷിക്കാൻ ഞാനാഗ്രഹിക്കുന്നു.''

''അതിലേക്കു മെനക്കെടേണ്ടതെന്നില്ല. അയാൾക്കു നല്ല സുഖം തന്നെ.''

''എന്നാലും മര്യാദയുടെപേരിൽ പോകാം.''

ഒരു പ്രത്യേക മുറിയിലാണ് ബാരയുടെ ഭർത്താവു കിടക്കുന്നതു്. അയാൾ കുറച്ചുകൂടി വീർത്തു തടിച്ചിട്ടുണ്ട്. ബട്ടണിടാത്ത ഷർട്ടിനിടയിൽക്കൂടി വെളുത്ത കുമ്പ പുറത്തു കാണാം. അടുത്തൊരു കസേരയിൽ യുവസുന്ദരിയായ ഒരു നേഴ്സ് ചിരിച്ചുകഴഞ്ഞു് സംസാരിച്ചുകൊണ്ടിരിക്കുന്നു. ബാരയെ കണ്ടമാത്രയിൽ അവൾ എണീററുപോയി, ഭയഭാവത്തോടെ.

''ഇതാണോ നിങ്ങളുടെ പണി? ഡോക്ടർ ആജ്ഞാപിച്ചിട്ടില്ലേ പെണ്ണുങ്ങളുമായി നിങ്ങൾ ഇടപെടരുതെന്നു്. നിങ്ങൾ കുടിച്ചിട്ടുമുണ്ട്.'' ബാര ശബ്ദം നിശിതതരമാക്കി. ''ഞാനിപ്പോൾത്തന്നെ അവളെ ഡിസ്മിസ് ചെയ്യിപ്പിക്കും. വേശ്യ! നിങ്ങളുടെ പേഴ്സ് അവൾ ശൂന്യമാക്കിയിരിക്കും.''

''ഗ്രോസറിയിലെ ജോലിക്കാർക്കു നീ ശമ്പളം കൊടുത്തിട്ടില്ല. ഇന്നു തീയതി രണ്ടായില്ലേ? മാനേജർ ഇവിടെ വന്നിരുന്നു. പണ്ടേ അവർക്കു പരാതികളാണ്. അപ്പോൾ ശമ്പളവും സമയത്തിനു കൊടുത്തില്ലെന്നുവച്ചാൽ? എന്തു തോന്ന്യാസമാണു നീ കാട്ടുന്നതു്?''

''ഇന്നു ഞായറാഴ്ചയാണെന്നു നിങ്ങൾക്കറിഞ്ഞുകൂടെ?''

''മാസാവസാനമാണു ശമ്പളദിവസമെന്നു് നിനക്കറിഞ്ഞുകൂടെ? നാളെ അവർ സ്ട്രൈക്കാണ്. നീ നിന്റെ കാമുകരുമൊത്തു രസിച്ചു നടക്ക്. എല്ലാം നശിക്കട്ടെ!'' അയാൾ എന്നെ കോപനീരസങ്ങളോടെ നോക്കുകയാണ്.

''നിങ്ങൾ കുടിച്ചുകൊണ്ട് വേശ്യയുമായി രസിച്ചതു ഞാൻ കണ്ടുപിടിച്ചതിനു ബദലാണ് മാന്യന്മാരെ അപമാനിച്ച് ഇപ്പറയുന്നതൊക്കെ, അല്ലാതൊന്നുമല്ല.''

''ഇത്രനേരവും നീ എവിടെയായിരുന്നു എന്നും എന്തൊക്കെ ചെയ്തു എന്നും എനിക്കറിയാം. നിനക്കു മാറി മാറി ഓരോരുത്തന്മാരെ വേണം! ബ്ലഡി റോഗ്!'' എന്നെയും അവളെയും അയാൾ മാറി മാറി നീരസത്തോടെ നോക്കുകയാണ്.

''ഞാൻ പ്രധാന ഡോക്ടറെ കണ്ടു ചോദിക്കട്ടെ, ഇതൊരു വേശ്യാലയമാണോ എന്ന്. നിങ്ങൾക്ക് ആരാണ് ലിക്വർ തന്നതെന്നെനിക്കറിയണം. ചാകാൻ കാപ്പുകെട്ടിയ മനുഷ്യൻ!'' ഒച്ച വളരെ പൊങ്ങിയിരിക്കയാണ്.

ഡോക്ടർ രാമചന്ദ്രൻനായർ അവിടെ ഓടിവന്നു.

''അടുത്ത മുറിയിൽ ഒരു രോഗി മരിക്കാൻ കിടക്കുന്നു. നിങ്ങൾ ഒച്ചയുണ്ടാക്കരുതു്. സൈലൻസ് പ്ലീസ്!'' എന്നെ കണ്ടു

കൊണ്ട്, "സാറോ! എന്തങ്ങനെ കഴിയുന്നു? ഇവിടെങ്ങനെ ഇപ്പോഴം വന്നുപററി?''

''നിങ്ങൾക്ക സുഖമാണല്ലൊ?''

''വളരെ. കൃഷ്ണൻനായരുടെ ഭാര്യയും എൻെറ ഭാര്യയും വിസാ മേടിച്ചുകഴിഞ്ഞു. അടുത്തയാഴ്ച രണ്ടുപേരും എത്തും. എ കെ. ബി. യുമൊത്തു വരണമെന്നു വിചാരിച്ചതു പററിയില്ല.''

''വളരെ സന്തോഷം. ഇവർ രാധയുടെ സുഹൃത്തുക്കളാണ്.''

''എനിക്കറിയാമല്ലോ.''

''എനിക്ക ഡോക്ടറോട്ട് പ്രത്യേകം സംസാരിക്കാനുണ്ട്.'' ബാര ഡോക്ടറോട്ട പറഞ്ഞു. "വരൂ, നമുക്ക പുറത്തേക്ക നീങ്ങാം."

ബാരയുടെ ഭർത്താവ് എൻെറനേക്ക നോക്കുകപോലുംചെയ്തില്ല. അവളുടെ കാമുകസ്ഥാനത്തു് എന്നെ കല്പിച്ചതു് എനിക്ക വലിയ കുണ്ഠിതത്തിനും മനസ്താപത്തിനും ഇടയായി. നേർസിൻെറ കാര്യം ഡോക്ടറോട്ട ബാര വളരെ വളരെ കശ്നമായി സംസാരിച്ചിട്ടു പിരിഞ്ഞു. അന്നത്തെ സംഭവങ്ങളെല്ലാം ഞാൻ രാധയോട്ട വിവരിച്ചു പറഞ്ഞു.

''ഇതൊക്കെ ഇവിടെ സർവ്വസാധാരണം. അച്ഛൻ അതിലൊന്നും കുണ്ഠിതപ്പെടേണ്ട. കൂടുതൽ അടുക്കാനും ഇടപെടാനും അവസരം കൊടുക്കാതെ നമ്മുടെ കാര്യങ്ങൾ സൂത്രത്തിൽ നേടിക്കൊണ്ടാൽ മതി. പണവും ജനസ്വാധീനവും ഇവർക്ക ധാരാളമുണ്ട്. നല്ല സാമർത്ഥ്യവും. ഡിഗ്രി നേടി പ്രൊഫസ്സറാകണമെന്നുള്ള തൃഷ്ണയാണ് അവളെ അച്ഛനോടടുപ്പിക്കുന്നതു്. ഇന്ത്യയിൽ അച്ഛനുമൊത്തു പോരാമെന്നും അവർ പ്രതീക്ഷിക്കുന്നു. ഒരുകണക്കിന് അച്ഛനതു ഗുണകരമായിരിക്കും.''

മന്ദഹാസസമന്വിതമെങ്കിലും മകളുടെ ഉപദേശം എനിക്കല്പം ആശ്വാസം നല്കി. എങ്കിലും മനസ്സാക്ഷി വല്ലാണ്ട് അലട്ടിക്കൊണ്ടിരുന്നു.

## 1973 സെപ്റ്റംബർ 3, തിങ്കളാഴ്ച

ലേബർ ഡേ: ലേബർ ഡേ, സെപ്റ്റംബർ ആദ്യത്തെ തിങ്കളാഴ്ച, യു എസ്. എ. യിലെ ഒരു നാഷണൽ ഹോളിഡേയാണ്. ലേബർ ഓർഗനൈസേഷൻെറ പ്രേരണയും സമ്മർദ്ദവുംകാരണം എല്ലാ സ്റ്റേററ് ഗവണ്മെൻറുകളും 1928 മുതൽ അംഗീകരിച്ചിട്ടുള്ളതാണ്. രാധയ്ക്കു് ഇന്ന് ഓഫീസിൽ പോകേണ്ട.

രാവിലെ ന്യൂയോക്ക് എയർപോർട്ടിൽ ഫോൺചെയ്തു. എയർ ഇന്ത്യാ പ്ലെയിൻ ആറു മണിക്കൂർ ലേററാണ്. വൈകുന്നേരം മൂന്നിനേ എത്തുകയുള്ള എ കെ. ബി. യെ എയർപോർട്ടിൽ ചെന്നു കൂട്ടിക്കൊണ്ടുപോരാമെന്നുതന്നെ തീരുമാനിച്ചു.

ബാരയെ വിളിച്ച് അന്നത്തെ പ്രോഗ്രാം ക്യാൻസൽചെയ്യേണ്ടിവന്നതിലുള്ള ഖേദം അറിയിച്ചു. അവരും അന്നു ഗ്രോസറി ഷോപ്പിൽ കുറച്ചു പണിയുണ്ട്. അവിടെ അവളുടെ ഭർത്താവിന്റെ ദുർഭരണംകൊണ്ട് മിക്കവാറും ഇന്നുതന്നെ സ്ട്രൈക്ക് ആരംഭിക്കുമെന്നുള്ള പരിതോവസ്ഥകരം ഉണ്ടായിരിക്കയാണ്. മാനേജരെയും മററും കണ്ടു സംസാരിച്ച് എല്ലാം ഒതുക്കണമെന്നു തീരുമാനിച്ചിരിക്കുന്നു.

രാധയും കുഞ്ഞുങ്ങളുമൊത്തു് വീടും പരിസരങ്ങളും വൃത്തിയാക്കി. വാരം പെയിൻറിങ് മിക്കവാറും ഞാൻ തീർത്തിരുന്നു. മിനുക്കുപണികളെല്ലാം ചെയ്തുതീർത്തു റോഡിൽനിന്നു പെറുക്കിയെടുത്തിരുന്ന കുഷൻകവേറുകളിൽ കുറച്ചു പണി ബാക്കിയുണ്ടായിരുന്നതു് എല്ലാപേരുംകൂടി താൽപര്യത്തോടെ ചെയ്തു കുഷനിൽ വെച്ചു പിടിപ്പിച്ചിരുന്ന സാററിൻതുണിക്കു പുററും വെള്ളിപോലെ തിളങ്ങുന്ന ബട്ടൺസ് വെച്ചു തയ്ച്ചു ആകെക്കൂടി അഞ്ചൂറു ഡോളർ വിലകല്പിക്കാമെന്നു തോന്നി. ലിവിങ് റൂമിൽ അവ കൊണ്ടിട്ടപ്പോരം വലിയ അലങ്കാരമായിത്തീൻ.

മുത്താഴം കഴിഞ്ഞ് എല്ലാപേരുംകൂടി എയർപോർട്ടിലേക്കു തിരിച്ചു. മണി പന്ത്രണ്ടു മുപ്പതു് ആയിരുന്നതേയുള്ളു. ധാരാളം സമയമുള്ളതുകൊണ്ട് ബാരയുടെ ഗ്രോസറി ഷോപ്പിൽ ഒന്നിറങ്ങി സ്ട്രൈക്കും മററും എങ്ങനെയിരിക്കുന്നു എന്ന് അന്വേഷിച്ചിട്ടു പോകാമെന്നുവെച്ചു.

'ബാരാസ്': ഇത്ര വലിയൊരു സ്ഥാപനമാണ് 'ബാരാസ്' എന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ചുററിനും വിശാലമായ പാർക്കിങ് ഗ്രൗണ്ടുള്ള വലിയൊരു എടുപ്പ്. അകം ശീതോഷ്ണനിയന്ത്രിതം. എല്ലാ വ്യഞ്ജനങ്ങളും പായ്ക്കുചെയ്ത് വൻ ഫ്രിഡ്ജുകളിൽ സൂക്ഷിച്ചിട്ടുള്ള സകലവിധ മത്സ്യമാംസാദികളും പച്ചക്കറികളും പഴങ്ങളും മിഠായികളും എണ്ണകളും സുഗന്ധദ്രവ്യങ്ങളും സോപ്പുകളും പ്ലേററ്, കപ്പ്, ഗ്ലാസ്, സ്പൂൺ, ഫോർക്ക് തുടങ്ങിയ തീൻമേശക്കോപ്പുകളും—എന്നുവേണ്ട, ഒരു സമ്പൂർണ്ണഗൃഹത്തിൽ സുഖജീവിതത്തിനു് ആവശ്യമായ സകല സാധനസാമഗ്രികളും ലഭിക്കുന്ന ഇത്ര വലിയ ഒരു ഗ്രോസറിഷോപ്പ് ചുററിനും വേറെ ഉണ്ടെന്നു തോന്നുന്നില്ല. പുറത്തെ വരാന്തയിൽ അടുക്കിയിട്ടിരിക്കുന്ന ത്രീവീലർ സ്റ്റീൽ ഉന്തുവണ്ടികരം നൂറിൽ കുറയുകയില്ല

ഏഴു മണിക്കൂർവീതം രണ്ടു ഷിഫ്ററായി പ്രവർത്തിക്കുന്ന അറുപതു ജോലിക്കാരുണ്ട്. രാവിലെ ഏഴുമുതൽ ഉച്ചയ്ക്കു രണ്ടുവരെയും രണ്ടുമുതൽ രാത്രി ഒമ്പതുവരെയുമാണ് പ്രവർത്തനസമയം. ചിരിച്ചുകൊണ്ടു ഞങ്ങളെ സ്വീകരിച്ച ബാരയോട്, ''ഇത്ര വമ്പിച്ച സ്ഥാപനമാണോ ബാരാസ്? ഒരു മില്യണയറിസ്സിനോടാണ് ഞാൻ

ഇടപെട്ടിരുന്നതെന്നു് അറിഞ്ഞിരുന്നില്ലല്ലോ!'' എന്നു ഞാൻ പറഞ്ഞു.

''പക്ഷെ, എൻെറ ഫീൽഡ് ഇതല്ല. ശാസ്ത്രവും സാഹിത്യവും ഞാൻ വിടുന്നതു് കടൽമീനിനെ പിടിച്ചു കരയ്ക്കിടുന്നപോലിരിക്കും. നേരേ വിരുദ്ധമാണു് നമ്മുടെ മനുഷ്യൻ! 'ഈസ്റ്റ് ഓഫ് ഏദനി'ൽ സ്റ്റീൻബക്ക് പറഞ്ഞപോലെ നിർഭാഗ്യകരമായ ജീവിതത്തിലെ പൊരുത്തക്കേട്!''

''സ്ട്രൈക്ക് തുടങ്ങിയോ?'' രാധ ആരാഞ്ഞു.

''കണ്ടില്ലേ അതിഥികളെ ബഹുമാനിക്കാൻ മാർച്ച്പാസ്റ്റ് നടത്തുന്നതു്!''

സമരം: ഇൻക്വിലാബ്‌വിളിയില്ലാത്ത ഒരുതരം പുതിയ സമരമാണു് അവിടെ നടക്കുന്നതു്. മുൻവരാന്തയിൽ ജോലിക്കാർ അറുപതുപേരും കറുത്ത മഷികൊണ്ടു വലിയ ടൈപ്പിൽ 'Baras on Strike' എന്നെഴുതിയിട്ടുള്ള ഓരോ വലിയ പ്ലാക്കാർഡ് നെഞ്ചത്തു പൊക്കിപ്പിടിച്ചുകൊണ്ടു് നിശ്ശബ്ദരായി മെല്ലെമെല്ലെ വരിയായി നടക്കുകയാണു്. വരാന്തയുടെ ഒരററം എത്തുമ്പോഠം അവർ തിരിഞ്ഞു നടക്കുന്നു. പല പ്രായത്തിലുള്ള സ്ത്രീപുരുഷന്മാർ—എല്ലാം വെള്ളക്കാരേയുള്ള—ഇങ്ങനെ അച്ചടക്കബോധത്തോടെ നടന്നു നടത്തുന്ന സമരസമ്പ്രദായം കൗതുകകരമായി തോന്നി. കൂട്ടത്തിൽ നന്നേ തടിച്ചു ഹ്രസ്വഗാത്രിയായ ഒരു വല്യമ്മ വേച്ചുവേച്ചു നടക്കുന്നതു ഞങ്ങളെ ചിരിപ്പിക്കാൻ പററിയ ഒരു കാഴ്ചയായിരുന്നു.

''ഞാനിത്രനേരവും മാനേജരുമായി സംസാരിക്കുകയായിരുന്നു. രാധയുടെ അച്ഛനു് ഒരു മീഡിയേറ്ററാകാമോ? അവരുടെ ഡിമാൻഡുകഠം നോക്കു്.''

ഡിമാൻഡുകഠം അന്യായമായൊന്നും തോന്നിയില്ല. ജോലിസമയം ആറു മണിക്കൂറാക്കണം. അരമണിക്കൂർ ഇടവേള വേണം. ഓവർടൈം വർക്കിനു് ഇരട്ടിക്കൂലി കൊടുക്കണം. ഇതൊക്കെ എഫ്. എൽ. എസ്. എ. (Fair Labour Standards Act) പ്രകാരം ഗവണ്മെൻറുതന്നെ അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകളാണു്. സ്ഥിരജോലിക്കാർക്കു് ആണ്ടിൽ മുപ്പതു ദിവസം ശമ്പളത്തോടെ അവധി കൊടുക്കണം. സ്ഥിരപ്പെട്ടിട്ടില്ലാത്തവർക്കു മാസം രണ്ടു ദിവസവും. ലാഭവീതബോണസ്സ് പതിനഞ്ചു ശതമാനമാക്കണം. ഡിപ്പോസിററ് മണിയുടെ പലിശ പന്ത്രണ്ടു ശതമാനമായി ഉയർത്തണം. ഉയർന്ന ജീവിതത്തോതു പരിഗണിച്ച് പ്രതിദിനശമ്പളം ഇരുപത്തിനാലു ഡോളറിൽനിന്നു മുപ്പത്തിരണ്ടായി ഉയർത്തണം. കുററങ്ങളും കുറവുകളും മാനേജർ പ്രൊപ്രൈററർക്കു റിപ്പോർട്ടുചെയ്യുകയല്ലാതെ നേരിട്ടു താക്കീതുചെയ്യാനോ കുററപ്പെടുത്താനോ പാടില്ല.

''ഇവയിൽ അനുവദിക്കാൻ വിഷമമുള്ളതായി ബാരസ്സ് ഏതെങ്കിലും തോന്നുന്നുണ്ടോ?''

''മററു ഷോപ്പുടമകരം ഞങ്ങളുടെനേക്കു തട്ടിക്കയറും.''

''ഗ്രോസറിഷോപ്പിൻെറ കാര്യം മററു ഷോപ്പുകളുടേതുപോലെ ല്ല. സാധനങ്ങരം ചീഞ്ഞുപോയാൽ നിങ്ങരം വിഷമിക്കും. ഡൈറ്റ്യ പൂർവ്വം ബാര ഡിമാൻഡുകരം അതേപടി അനുവദിച്ചുകൊടുത്തു് ഒരു റിക്കാർഡു് സ്ഥാപിക്കണമെന്നാണു് എൻെറ അഭിപ്രായം.''

രണ്ടുമൂന്നു മിനിററ് അവരം ആലോചിച്ചു: ''എൻെറ ഭർത്താവു് വലിയ ബഹളംകൂട്ടും. എന്നാലും നിങ്ങളുടെ അഭിപ്രായം സ്വീകരിക്കാൻ ഞാൻ തീരുമാനിച്ചു, നിങ്ങളോടുള്ള ബഹുമാനം കാരണം.''

അവരം മാനേജരെ വിളിച്ചു സംസാരിച്ചു. എല്ലാ ജോലിക്കാരും ഷോപ്പ്ഹാളിനകത്തു വന്നുകൂടി. മനോഹരശബ്ദമാണു് ബാരയുടേതു്. ഭംഗിയായി സംസാരിക്കാനറിയാം. അവരം ഗൗരവസ്വരത്തിൽ ജോലിക്കാരെ അഭിസംബോധനചെയ്തു.

എന്നെ ആദ്യം പരിചയപ്പെടുത്തി.

ഇൻഡ്യയിൽ കേരളത്തിലെ പ്രമുഖനായ ഒരു ധനകാര്യവിദഗ്ദ്ധൻ! സാഹിത്യശാസ്ത്രഗവേഷകൻ! പ്രൊഫസ്സർമക്കാലേപിള്ളേ! അദ്ദേഹത്തിൻെറ വിദഗ്ദ്ധാഭിപ്രായം നിങ്ങളുടെ ഡിമാൻഡുകരം എല്ലാം അതേപടി സ്വീകരിക്കണമെന്നാണു്. അദ്ദേഹത്തോടുള്ള ബഹുമാനംകാരണം ഞാൻ വിലയേറിയ ആ അഭിപ്രായം അതേപടി സ്വീകരിച്ചിരിക്കുന്നു! എൻെറ സ്വന്തം നിലയിലും എൻെറ ഭർത്താവിനുവേണ്ടിയും നിങ്ങളുടെ എല്ലാ ഡിമാൻഡുകളും ഒന്നൊഴിയാതെ ഞാൻ അംഗീകരിച്ചിരിക്കയാണു്. കണക്കു നോക്കിയതിൽ പ്രതിവഷം 85,600 ഡോളർ കൂടുതൽ ചെലവാകുമെന്നു കാണുന്നു; അതോമ്മയിരിക്കട്ടെ. ഈ സ്ഥാപനം നിങ്ങളെല്ലാപേരുടേയുമാണു്...ഈ ക്രമത്തിൽ അഞ്ചു മിനിട്ടു് സംസാരിച്ചു. ആ സമരം അങ്ങനെ അവസാനിച്ചു. ഞങ്ങരംക്കു കൂരംഡ്രിങ്കും ഫ്രൂട്ട് സലാഡും കുട്ടികരംക്കു മിഠായികളും അവർ നൽകി. രണ്ടുമണിക്കു ഞങ്ങരം അവിടെനിന്നു തിരിച്ചു. പത്രങ്ങരംക്കു കൊടുക്കാൻ എൻെറ ഒന്നു രണ്ടു സ്നാപ്പുകരം ബാര എടുക്കുകയുണ്ടായി.

കെന്നഡി എയർപോർട്ടിൽ: റോഡുകളിലെന്നപോലെതന്നെ എയർപോർട്ടിലെ പാക്കിങ്ങ് ഗ്രൗണ്ടിലും അതിഭയങ്കരതിരക്കാണു്. വളരെ പാടുപെട്ടു് കാർ പാക്ക്ചെയ്തു. പ്ലെയിൻ വന്നുകഴിഞ്ഞാലുടൻ യാത്രക്കാക്കു കിട്ടത്തക്കവണ്ണം മെസേജ് എത്തിക്കാൻ ഒരു ഏപ്പാടുണ്ടു്. ഞങ്ങരം വന്നുചേന്ന വിവരം എ. കെ. ബി.യെ അറിയിച്ചിട്ടു് ഞങ്ങരം അല്പനേരം ചുററിക്കറങ്ങി.

ലോകത്തെ ഏററവും വലിയ വിമാനത്താവളങ്ങളിലൊന്നാണു് കെന്നഡി എയർപോർട്ടു്. എല്ലാ പ്രധാന എയർ സർവീസുകരംക്കും പ്രത്യേകമായ താവളങ്ങളും കൗണ്ടർകളും ഓഫീസുകളും അവിടെയുണ്ടു്. അനുനിമിഷം താണിറങ്ങുകയും പൊങ്ങിയുയരുകയും

ചെയ്തുകൊണ്ടിരിക്കുന്ന പല നിറത്തിലും തരത്തിലുമുള്ള വിമാനങ്ങൾകൊണ്ടു് വിയന്മണ്ഡലം സദാ നിബിഡമാണു്. അവ പരസ്പരം തട്ടിത്തകരാതിരിക്കാൻ സന്തതജാഗ്രതയോടെ സന്ദേശങ്ങൾ നൽകിയും സ്വീകരിച്ചുംകഴിയുന്ന ഉദ്യോഗസ്ഥന്മാരുടെ സാമർത്ഥ്യം അസദൃശംതന്നെ ഞാനവിടെ വന്നിറങ്ങിയപ്പോൾ അർദ്ധരാത്രിയായിരുന്നതുകൊണ്ടു് ഈ കോലാഹലങ്ങളൊന്നും കാണാൻ കഴിഞ്ഞിരുന്നില്ല ജനക്കൂട്ടത്തിനിടയിൽ കുറേ ചുററിക്കറങ്ങി നോക്കിയിട്ടു് രാധയും പാമുംകൂടി എന്നെ കാത്തുനിന്നിരുന്ന ഗേററിങ്കൽ ഞങ്ങൾ മടങ്ങിച്ചെന്നു നിലയായി.

പിന്നോട്ടു കുതിക്കുന്ന വിമാനം: സംഭവബഹുലമായ അറുപതു ദിവസങ്ങൾ പിന്നോട്ടു താണ്ടി അന്തരംഗവിമാനം 'ആദ്യം കണ്ട അമേരിക്കൻ ലേഡി' എന്നു വിശേഷിപ്പിച്ച പാമും സാരിധാരിണിയായ രാധയുംകൂടി അർദ്ധരാത്രി വന്നു കാത്തുനിന്നിരുന്ന ആരംഗത്തു കുതിച്ചെത്തി. തുടർന്നുണ്ടായ സംഭവപരമ്പരകൾ, വീട്ടിലെ കോലാഹലങ്ങൾ,—മസാച്ചുസെററ്സ് യാത്ര,—സ്വിമ്മിങ് പൂളുകൾ,—ഫിലിം ദർശനങ്ങൾ, —വിനോദയാത്രകൾ, —സ്വകാര്യസംഭാഷണങ്ങൾ, —മറെറാരു വിലാസിനിയുടെ ആവിർഭാവം, പ്രൊഫസ്സർ എഫ്. എം. ആർ.—, എക്സ്" ഫിലി ദർശനം, —ഹാർലം യാത്ര, —അന്നത്തെ സമരരംഗം, —എല്ലാം നിമിഷത്തിനുള്ളിൽ മനോമുകുരത്തിൽ പ്രതിഫലിച്ചുകണ്ടു.

''എന്തു വേഗം രണ്ടു മാസം കഴിഞ്ഞു രാധേ!"

''അച്ഛൻ വന്നതു് ഇന്നലെയെന്നു തോന്നുന്നു!''

എ. കെ. ബി. എത്തുന്നു: 3.30 ആയപ്പോൾ ഒരു ഹാൻഡ് ബാഗും തൂക്കിക്കൊണ്ടു് എ. കെ. ബി. പ്രത്യക്ഷപ്പെട്ടു. കുട്ടികൾ അച്ഛനെ കെട്ടിപ്പിണഞ്ഞു. അമേരിക്കൻ ഫാഷനിൽ എ. കെ. ബി. രാധയെയും. നാലഞ്ചു വലിയ പെട്ടികൾ ഒരു ഉന്തുവണ്ടിയിൽ തള്ളിനീക്കിക്കൊണ്ടു് പിന്നാലെ പോർട്ടർ വന്നു പാർക്കിങ് ഗ്രൗണ്ടിൽനിന്നു രാധ കാർ കൊണ്ടുവന്നപ്പോൾ അയാൾ അതൊക്കെ കാറിനുള്ളിലാക്കി. അഞ്ചു ഡോളർ കൂലി.

നാട്ടിലെ വർത്തമാനങ്ങൾ കേട്ടുകൊണ്ടിരുന്നു് ഞങ്ങൾ മണിക്കുപരാമസ്സിലെത്തി. തമ്പിമോന്റെ കല്യാണഫോട്ടോയും കത്തുകളും കണ്ടു സന്തോഷിച്ചു. എ. കെ. ബി. യുടെ മേൽനോട്ടത്തിൽ എടുത്ത കല്യാണത്തിന്റെ കളർഫിലിം കൊണ്ടുവന്നിട്ടുണ്ടു്. എതിരേല്പു തുടങ്ങി വധൂവരന്മാർ മണിയറയിൽ കടക്കുന്നതുവരെയുള്ളതു്. പ്രൊജക്ടർ വീട്ടിൽ കൊണ്ടുവരാൻ ഏർപ്പാടുചെയ്തു.

വീട്ടിനുള്ളിൽ കടന്ന ഉടനെ എ. കെ. ബി.യുടെ ശ്രദ്ധയെ ആകർഷിച്ചതു് പുതിയ സെററികളായിരുന്നു.

''ഇതെപ്പോൾ മേടിച്ചു? വില എന്തായി?''

''ലാഭത്തിനു കിട്ടി.''

‘‘പണത്തിനു ഞെരുക്കമുള്ള ഈ ഘട്ടത്തിൽ മേടിക്കണ്ടായിരുന്നു.’’

‘‘449 99-നു കിട്ടി.’’

‘‘വില ലാഭംതന്നെ. എങ്കിലും—’’

‘‘അച്ഛാ, റോഡിൽനിന്നു് അപ്പൂപ്പനും ഞങ്ങളുംകൂടി പറക്കിയെടുത്തതാ. അപ്പൂപ്പൻ ഒക്കെ പെയിൻറുചെയ്തു് കവറുമിട്ടു.’’ പ്രീത സത്യം വിളിച്ചുപറഞ്ഞു.

‘‘പതുക്കെ, പതുക്കെ! ഈ വേല ചെയ്തല്ലോ! എന്തു മോശം! ആരും അറിഞ്ഞില്ലേ? ഒരുത്തരും അറിഞ്ഞുപോകരുതു്!’’ എ. കെ. ബി. താക്കീതു നൽകി.

മംഗളം: പ്രൊജക്ടർ വന്നുചേർന്നു. ഇരുട്ടാക്കിയ ബേസ്മെൻറ് ഹാളിൽ ആകാംക്ഷാഭരിതരായി ഫിലിം കാണാൻ ഞങ്ങൾ കൂടി. അമേരിക്കൻ വിദ്യാർത്ഥികളുടെ മുമ്പിൽ ഒരു കേരളീയവിവാഹത്തിൻെറ ചടങ്ങുകൾ വിശദമായി പ്രദർശിപ്പിച്ചുകൊടുക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി എ. കെ. ബി. തന്നെ സമർത്ഥമായി സംവിധാനംചെയ്തിട്ടുള്ള ഫിലിം എത്രയും വിജയകരമായിട്ടുണ്ടു്. ഞങ്ങൾക്കു് അത്യാനന്ദപ്രദവും. തിരുവനന്തപുരം തെക്കേത്തെരുവിലെ പ്രിയദർശിനി കല്യാണമന്ദിരം. ബന്ധുക്കളും സ്നേഹിതരും മററു മാന്യാതിഥികളും എതിരേൽപ്പിനു സന്നിഹിതരായിരിക്കുന്നു. അച്ഛനെ അന്വേഷിക്കുന്നവരോടെല്ലാം അമേരിക്കൻ പര്യടനത്തെക്കുറിച്ചു പറയുന്നു. അഷ്ടമംഗല്യത്തോടും വാദ്യമേളങ്ങളോടുംകൂടി വരനെ ഹാരവും ബൊക്കെയും കൊടുത്തു് എതിരേല്ക്കുന്നു. നാഗസ്വരക്കച്ചേരി. അമ്മയെയും മാതുലാദിബന്ധുക്കളെയും വരനും വധുവും അഭിവാദനംചെയ്യുന്നു. മണ്ഡപത്തിൽ അവരുടെ ഇരിപ്പു്. ഹാരാർപ്പണം. താലികെട്ടു്. മംഗലവാദ്യധ്വനി നവവധുവിനെയും കൂട്ടിക്കൊണ്ടു് വരൻെറ മണ്ഡപപ്രദക്ഷിണം. മണവറയാത്ര. കാപ്പിസല്ക്കാരം. ഇവിടെ ഇരുന്നുകൊണ്ടു് എല്ലാം കണ്ടു. മംഗളംതന്നെ പ്രിയപ്പെട്ട നാടും വീടും ബന്ധുക്കളും സ്നേഹിതരും ചുററിനും നില്ക്കുംപോലെ തോന്നി. അവരുമൊത്തു മംഗളം നേർന്നു.

എല്ലാം ഭഗവൽകൃപകൊണ്ടു മംഗളം.

വലിയ മനസ്സമാധാനത്തോടെ കിടന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM

★

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. M910 PAR-A Acc. No. 142260

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 28 AUG 2014 | | |
| 08 OCT 2014 | | |
| 26 OCT 2014 | | |
| 7 DEC 2014 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

KOTTAYAM PUBLIC LIBRARY

M910
PAR-A

142260

പരമേശ്വരൻപിള്ള, മേനങ്കാഴ
അമേരിക്കൻ പര്യടനഡയറി

# അമേരിക്കൻ
# പര്യടനഡയറി


SAHITYA PRAVARTHAKA C S LTD. KOTTAYAM

മേക്കൊല്ല പരമേശ്വരൻപിള്ള

പ്രശസ്തസാഹിത്യകാരനും ഗവേഷണപ്രിയനുമായ മേക്കൊല്ലയുടെ ഏററവും പുതിയ കൃതിയാണ് 'അമേരിക്കൻ പര്യടനഡയറി'. യു. എസ്. എ.യിലെ ന്യൂ ജെർസി സ്റ്റേററിലുള്ള പരാമസ് ടൗണിൽ നാലുമാസക്കാലം താമസിക്കുകയും സമീപപ്രദേശങ്ങളിൽ പര്യടനംനടത്തുകയും ചെയ്ത ഗ്രന്ഥകാരൻ തനിക്കുണ്ടായ പുതുമയേറിയ അനുഭവങ്ങളേയും താൻ ദർശിച്ച ജീവിതത്തേയും പശ്ചാത്തലമാക്കി രചിച്ച ഈ യാത്രാവിവരണഗ്രന്ഥം അത്യന്തം രസകരവും അതീവശ്രദ്ധാർഹവുമാണ്. വെളിച്ചം പ്രസരിക്കുന്ന മുഖങ്ങൾ നോക്കിക്കാണുക മാത്രമല്ല; അമേരിക്കയുടെ അധോലോകത്തിലേക്കുകൂടി ഗ്രന്ഥകാരൻ ഇറങ്ങിച്ചെല്ലുന്നു. രാജ്യത്തിന്റെ സമ്പദ്പ്രൗഢി, ജനതയുടെ പ്രയത്നശീലം, അനുകരണീയമായ ജീവിതരീതി, ഒപ്പം ആയിരക്കണക്കിനുള്ള വേശ്യാലയങ്ങൾ, ഹോമോസെക്ഷ്വൽ സൊസൈററികൾ, കുത്സിതങ്ങളായ രതിചേഷ്ടാകേന്ദ്രങ്ങൾ... ചുരുക്കത്തിൽ ഇന്നത്തെ അമേരിക്കയുടെ വ്യക്തമായ ചിത്രം നമുക്ക് ഈ ഗ്രന്ഥത്തിൽനിന്നു കിട്ടുന്നു.

വില 9·50

നാഷനൽ ബുക്ക്സ്റ്റാൾ



# അമേരിക്കൻ പര്യടനഡയറി

മേക്കൊല്ല പരമേശ്വരൻപിള്ള

Indic Digital Archive Foundation
gpura.org